

# കുട്ടിയമ്മു സാഹിബ്

# സ്മരണിക

മുസ്ലീം അസോസിയേഷൻ തിരുവനന്തപുരം

# KUTTIAMMU SAHIB SMARANIKA


**MUSLIM ASSOCIATION TRIVANDRUM**

**I. C. C. Buildings, Nandavanam**

**TRIVANDRUM – 695 033**


# KUTTIAMMU SAHIB SMARANIKA

| | | |
|---|---|---|
| *Patrons* | — | **Jb. T. K. Hamza**<br>Hon. Minister for Public Works, Kerala |
| | | **Jb. K. Moideenkutty Haji**<br>M. L. A., Ex-Speaker, Kerala Legislative Assembly |
| *Chairman* | — | **Haji. K. Mohammedkutty**<br>President, Muslim Association, Trivandrum |
| *Chief Editor* | — | **Haji. T. M. Savankutty**<br>Ex-Chairman, Kerala Public Service Commission |
| *Editors* | — | **Dr. A. N. P. Ummerkutty**<br>Director, State Institute of Languages, Kerala |
| | | **Jb. A. Shahul Hameed**<br>Exe. Committee Member, Muslim Association |
| *Convener* | — | **Jb. P. Abdul Hasseese**<br>General Secretary, Muslim Association |
| *Members* | — | **Dr. Faizee Ibrahim**<br>Member Exe. Committee Muslim Association |
| | | **Jb. K. I. Hussainar**<br>Secretary, State Transport Authority &<br>Member Exe. Committee, Muslim Association |
| | | **Jb. M. P. Sahib**<br>Secretary, Muslim Association |
| | | **Jb. A. Abdul Azeez**<br>Retd. Chief Engineer P. W. D. &<br>Secretary, Muslim Association |




# OFFICE BEARERS OF MUSLIM ASSOCIATION TRIVANDRUM

*PRESIDENT*




Haji K. MOHAMMED KUTTY B. E.
Retd. Chief Engineer

*GENERAL SECRETARY*




P. ABDUL HASSEESE BSc. (Eng.)
Retd. Supt. Engineer P. W. D.

*VICE-PRESIDENTS*




Haji P. K. ABDULLA I.A.S.
Retd. Secretary to
Govt. Trivandrum




Jb. M. ABDUSSALAM I.A.S
Retd. Member Board of
Revenue-Trivandrum



Jb. S. CHAND BASHA I.F.S.
Chief Conservator of Forests



Haji M. MOHAMMED IBRAHIM
Advocate and Tax consultant




Haji K. B. A. HAMEED I.A.S
(Retd.)

*SECRETARY*




Jb. A. ABDUL AZEEZ
Chief Engineer P. W. D.


## *SECRETARIES*




Jb. P. MOHAMMED
Under Secretary




Jb. M. ABDURAHMANKUTTY
Retd. Chief Engineer




Jb. M. P. SAHIB
Project Officer
D.R.D.A. Alleppey



Jb. P. H. KUNJU MOHAMMED
Under Secreatry



Jb. M. A. HAMEED M. A.
Industrialist, Tvm.




Jb. M. K. KAMARUDDEEN
SIDCO, Trivandrum


## *TREASURER*

Jb. B. F. H. R. BIJILI
Exe. Engineer,
Kerala Water Authority

## *COMMITTEE MEMBERS*




Jb. ABDUL AZEEZ
Dy. Supdt. of Police




Jb. P. M. KASSIM
Trivandrum


## *COMMITTEE MEMBERS*




Haji. S. ABDUL RAHIM
Retd. Chief Engineer P. W. D.




R. ABDUL RAHIM
Retd. Director of Handloom




Jb. M. JAMALUDEEN
Asst. Engineer P.H.E.D.




Jb. K. K. MOHAMMED
Timber Marchant




Jb. M. M. SADIQ
Trivandrum



Jb. A. SHAHUL HAMEED
Trivandrum




Haji. T. P. C. MAYAN ALI
Retd. Addl Director of Training



Haji. K. J. HANEEFA
Trivandrum

Jb. M. IBRHIM KUTTY
I. F. S
Law College Jn.
Trivandrum


## COMMITTEE MEMBERS




Haji S. M. MALUK MOHAMMED
Controller, Kerala Univ.




Dr. FAIZEE IBRAHIM
Nilamel




Dr. AHAMMED PILLAI
Medical College, Tvm.




Jb. A. J. MOHAMMED SALI
Advocate, Tvm.




Haji. S. SYED KHAN
Retd. M. D., K. T. D. C.



Jb. M. ABDUSSAMAD
Principal
J. E. College of Pharmacy, Tvm.



Jb. P. AHAMMED KUTTY
Padiyath, Regional Manager
Union Bank, Tvm.



Jb. K. I. HUSSAINAR
Secretary, Kerala State Transport Authority



Jb. K. P. AMANULLA
Chartered Accountant
Tvm.

# സ്മരണികയെപ്പററി

കേരളപ്പിറവിയോടെ കേരളത്തിലെ സ്പെഷ്യൽ ചീഫ് എഞ്ചിനീയറായി തിരുവനന്തപുരത്തുവന്ന ടി. പി. കുട്ടിയമ്മു സാഹിബ്', തന്റെ ജീവിതത്തിലെ സുപ്രധാനമായ ഒരു കാലഘട്ടത്തിനു തുടക്കം കുറിക്കുകയായിരുന്നു—കേരളത്തിലെ നദീതടപദ്ധതികളെക്കുറിച്ച് സമഗ്രമായി പഠനം നടത്തി, ഇറിഗേഷൻ രംഗത്തു ചരിത്രം സൃഷ്ടിക്കുന്നതോടൊപ്പം തന്നെ, തിരുവനന്തപുരം മുസ്ലിം അസോസിയേഷന്റെ സ്ഥാപനവും, ഇവിടുത്തെ വിദ്യാഭ്യാസ-സാംസ്കാരിക-സാമൂഹിക രംഗങ്ങളിൽ സജീവ ഭാഗഭാഗിത്വവും, ഇൻഡോ-സാരസൻ വാസ്തുശില്പ വിദ്യയുടെ സമഞ്ജസമായ സമന്വയത്തിലൂടെ പാളയം പള്ളിയുടെ പുനർ നിർമ്മാണവും ഈ കാലഘട്ടത്തിന്റെ മുഖമുദ്രകളായി കാണാം. പതിനഞ്ചു വർഷക്കാലത്തെ തിരുവനന്തപുരത്തെ താമസം കൊണ്ട് ഈ പ്രദേശത്തിന്റെ സാംസ്കാരിക മണ്ഡലത്തിൽ വിലപ്പെട്ട സേവനങ്ങൾ അർപ്പിക്കുകയായിരുന്നു അദ്ദേഹം. അതോടൊപ്പം മുസ്ലിം അസോസിയേഷന്റെ സർവതോമുഖമായ പുരോഗതിക്കു തുടക്കം കുറിക്കുകയുമായിരുന്നു.

നമ്മെ വിട്ടുപിരിഞ്ഞ അദ്ദേഹത്തിന്റെ സ്മരണ നിലനിർത്താനായി അദ്ദേഹത്തിന്റെ ഇഷ്ടവിഷയമായ ശാസ്ത്രപഠനം ലക്ഷ്യമാക്കി ''കുട്ടിയമ്മു സയന്റിഫിക്ക് സെന്റർ'' ആരംഭിക്കാനും, മുസ്ലിം അസോസിയേഷൻ കൾച്ചറൽ സെന്ററിന്റെ അടുത്ത നില കെട്ടി അവിടെ ആസ്ഥാപനം നടത്താനും മുസ്ലിം അസോസിയേഷൻ തീരുമാനിച്ചത് എന്തുകൊണ്ടും ഉചിതമായി. അദ്ദേഹത്തിന് സ്മരണാഞ്ജലി അർപ്പിക്കുന്നതോടൊപ്പം 'കുട്ടിയമ്മു സയന്റിഫിക് സെന്ററി'ന്റെ ധനശേഖരണവും ഈ സ്മരണിക പ്രകാശിപ്പിക്കുന്നതിലൂടെ അസോസിയേഷൻ ഭാരവാഹികൾ ലക്ഷ്യമാക്കുന്നുണ്ട്.

ആദ്യന്തം അഭിമുഖീകരിക്കേണ്ടിവന്ന പലവിധ പരിമിതികൾ കാരണം ഈ സ്മരണികയ്ക്ക് ഉദ്ദേശിച്ചത്ര മാററു കൂട്ടുവാനോ, ഇതിലൂടെ ലക്ഷ്യമിട്ടിടത്തോളം സാമ്പത്തികനേട്ടമുണ്ടാക്കാനോ കഴിഞ്ഞിട്ടില്ല. എങ്കിലും ലഭിച്ചിടത്തോളം സഹായസഹകരണങ്ങൾക്കു വേണ്ടി എല്ലാവരോടും ഹൃദയംഗമമായ നന്ദി പ്രകാശിപ്പിച്ചു കൊള്ളുന്നു. സമയത്ത് ലേഖനങ്ങൾ തന്നും, സ്മരണക്കുറിപ്പുകൾ അയച്ചുതന്നും പരസ്യങ്ങൾ തന്നും ഈ സംരംഭത്തെ സഹായിച്ചിട്ടുള്ളവരോട് 'സ്മരണിക'യുടെയും അസോസിയേഷന്റെയും പ്രവർത്തകർക്കുള്ള അകമഴിഞ്ഞ നന്ദി ഇവിടെ രേഖപ്പെടുത്തിക്കൊള്ളട്ടെ!

കുററങ്ങളും കുറവുകളും ഉണ്ട്. എങ്കിലും മുസ്ലിം അസോസിയേഷന്റെ സ്ഥാപകനേതാക്കളിൽ പ്രമുഖനും ഈ നാടിന്റെ സാംസ്കാരിക നവോത്ഥാനത്തിനു ഗണ്യമായ സംഭാവന നൽകിയിട്ടുള്ള മഹാനുഭാവനുമായ കുട്ടിയമ്മു സാഹിബിന്റെ സ്മരണ രേഖപ്പെടുത്തുവാൻ ഇത്രയുമെങ്കിലും ചെയ്യാൻ കഴിഞ്ഞതിൽ അല്ലാഹുവിനോട് നന്ദി പ്രകാശിപ്പിച്ചുകൊണ്ട് നിങ്ങളുടെയെല്ലാം ഉദാരമായ സ്വീകരണം പ്രതീക്ഷിച്ചുകൊണ്ട് ഈ സ്മരണിക നിങ്ങളുടെ കൈകളിൽ എത്തിക്കുകയാണ്.

സ്മരണികാപ്രവർത്തകർക്കും മുസ്ലിം അസോസിയേഷനും വേണ്ടി,

**ടി. എം. സാവാൻ കുട്ടി**
ചീഫ് എഡിററർ

TRIVANDRUM

June 22, 1989.

E. K. NAYANAR
CHIEF MINISTER, KERALA


# MESSAGE

I am very glad to know that a souvenir is being published in memory of late Chief Engineer Haji T. P. Kuttiammu Sahib.

I wish the venture all success.

Sd./-
(Chief Minister)

Shri P. Abdul Hasseese, B. Sc Engg.,
General Secretary,
Muslim Association,
Trivandrum - 33.



T. K. HAMZA
MINISTER (WORKS)

Phone { Office : 67295
Res : 61151
68144

TRIVANDRUM
13-6-1989

Sir,

I am glad to note that you are bringing out a Souvenir in memory of late Shri. T. P. Kuttiammu, formerly Chief Engineer of Kerala, on the 26th of this month.

I send my best wishes on the occasion.


Yours faithfully,

Sd/-
(T. K. Hamza)

To

The President,
Muslim Association,
Nandavanam,
Trivandrum-659 003.

**K. MOIDEENKUTTY HAJEE**
(TIRUR)
MEMBER
KERALA LEGISTATIVE ASSEMBLY
'DARUSSALAM' EZHOOR
TIRUR-676 101
MALAPPURAM DISTRICT



PHONE : 2367, TIR
68970/311—TVM

CAMP : TRIVANDRUM

DATE : 12-5-1989

# സന്ദേശം

മർഹൂം ടി. പി. കുട്ടിയമ്മു സാഹിബിന്റെ നാമധേയത്തിൽ ഒരു സ്മരണിക പ്രസിദ്ധീകരിക്കാനുള്ള തിരുവനന്തപുരം മുസ്ലിം അസോസിയേഷന്റെ സംരംഭം തികച്ചും അവസരോചിതമായിട്ടുണ്ട്. കുട്ടിയമ്മു സാഹിബിനെപ്പററി മനസ്സിലാക്കുവാൻ നമ്മിൽ പലർക്കുംകഴിഞ്ഞിട്ടില്ല. പ്രത്യേകിച്ച്, ഇന്നത്തെ ചെറുപ്പക്കാരിൽപലർക്കും അദ്ദേഹത്തെപ്പററി അറിയുകപോലുമില്ല. അറിയുന്നവർക്കു തന്നെ അദ്ദേഹം കേരളത്തിലെ ചീഫ് എഞ്ചിനീയർമാരിൽ ഒരാളായിരുന്നു എന്നേപറയാനാവൂ.

മദിരാശി സംസ്ഥാനത്തിൽ എഞ്ചിനീയർ ആയിരുന്നപ്പോഴാണ് നിരവധി ജലസേചന പദ്ധതികൾക്ക് ഊടും പാവും ഇട്ടുകൊടുത്തത്. അവിടെയും ഇന്നത്തെ ആന്ധ്രാ സംസ്ഥാനത്തും ഇന്നു കാണുന്ന പല വൻപദ്ധതികളുടെ ജനയിതാവായിരുന്നു അദ്ദേഹം. അതു വഴി ആ പ്രദേശങ്ങളിൽ കാർഷിക രംഗത്ത് വമ്പിച്ചഹരിതവിപ്ലവം സൃഷ്ടിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. കേരളപ്പിറവിക്കു ശേഷം ഇവിടത്തെ ചീഫ്എഞ്ചിനീയറായി വന്നതു തൊട്ട് തന്റെ മികവുററകഴിവുകൾ ഇവിടെയും പ്രകടിപ്പിക്കുവാൻ തുടങ്ങി. കേരളത്തിൽ കാണുന്ന ഇന്നത്തെ നിരവധി ജലസേചനപദ്ധതികളും അദ്ദേഹം ആരംഭം കുറിച്ചതാണ്.

കേരളത്തിൽ അങ്ങോളമിങ്ങോളം കാണുന്ന നിരവധി മുസ്ലിം പള്ളികളുടെ നിർമ്മാണ രംഗത്ത് തന്റെ സേവനം വിലപ്പെട്ടതായിരുന്നു. പാളയം ജുമാ മസ്ജിദിന്റെ നിർമ്മാണരംഗത്തും ആദ്യവസാനം താൻ ഉണ്ടായിരുന്നു.

അദ്ദേഹം ഒരു തികഞ്ഞ മതവിശ്വാസിയും ദീനീരംഗത്ത് ഒരു കർമ്മഭടനുമായിരുന്നു. ദീനീവിജ്ഞാനത്തിന്റെ ഒരു നിറകുടമായിരുന്നു അദ്ദേഹം. ആത്മാർത്ഥത, സത്യസന്ധത, ആരുടെ മുമ്പിലും സത്യംതുറന്നുപറയുവാനുള്ള മനക്കരുത്ത്, വിനയം, സൽസ്വഭാവം ഇവയെല്ലാം ഒത്തിണങ്ങിയ ഒരു മഹൽ വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു കുട്ടിയമ്മു സാഹിബ്. ഇത്തരം കാര്യങ്ങൾ ഭാവി തലമുറയ്ക്ക് മനസ്സിലാക്കിക്കൊടുക്കാനുള്ള ഒരു ഉപകരണമായിത്തീരട്ടെ ''സ്മരണിക'' എന്നു പ്രാർത്ഥിക്കുന്നു. ഈ സംരംഭത്തിനുസർവ വിജയങ്ങളും നേർന്നുകൊള്ളുന്നു.

(ഒപ്പ്)
**കെ. മൊയ്തീൻകുട്ടി ഹാജി**

**K. M. Mathew**
Chief Editor
Malayala Manorama
Kottayam

14-9-1988

ജ: ടി. എം. സാവാൻകുട്ടി സാഹിബ്
ചെയർമാൻ (റിട്ടയാർഡ്)
കേരള പബ്ലിക് സർവീസ്കമ്മീഷൻ
തിരുവനന്തപുരം

മാന്യരേ,

കുട്ടിയമ്മു സാഹിബ് സ്മരണിക ഇറക്കാൻ തീരുമാനിച്ചതായറിയിച്ചു കൊണ്ടുള്ള താങ്കളുടെ കത്ത് കിട്ടി. നന്ദി.

കേരള സംസ്ഥാന രൂപവൽക്കരണത്തോടെ മദ്രാസിൽ നിന്നു സർവീസിലേയ്ക്കു വന്ന കുട്ടിയമ്മു സാഹിബ് ചുരുങ്ങിയ കാലംകൊണ്ടു തന്നെ ഈ പ്രശ്ന സംസ്ഥാനത്തിന്റെ വികസന പ്രക്രിയയിൽ കനത്ത സംഭാവനകളർപ്പിച്ച ഒരാളാണ്.

ശാസ്ത്ര സാങ്കേതിക രംഗത്തെ അഗാധമായ തന്റെ അറിവ് ആ മേഖലയിൽ മാത്രം ഒതുങ്ങി നില്ക്കുന്നതല്ലെന്ന് അദ്ദേഹം തെളിയിച്ചു. സാമൂഹ്യ-വിദ്യാഭ്യാസ-സാംസ്കാരിക രംഗത്തും കർമ്മനിരതമായ നേതൃത്വം നൽകിവന്ന അദ്ദേഹം ഏതാനും കാലം 'ചന്ദ്രിക'യുമായി ബന്ധപ്പെട്ട് പത്രപ്രവർത്തനരംഗത്തും ചെലവഴിക്കുകയുണ്ടായി.

തമിഴ്നാട് ഗവൺമെന്റ് അദ്ദേഹം ചെയ്ത സേവനങ്ങളെ അനുസ്മരിച്ച് ഒരു ഗവേഷണ കേന്ദ്രത്തിനു തന്നെ കുട്ടിയമ്മുവിന്റെ പേരിട്ടിരിക്കുന്നു. അദ്ദേഹം കൂടുതൽ ശുഷ്കാന്തിയോടെ പ്രവർത്തിച്ച സ്വന്തം സംസ്ഥാനത്ത് ഒരു സ്മരണിക മാത്രം കൊണ്ട് സംഗതികരം അവസാനിക്കരുതെന്നു മാത്രമേ എനിക്കു അഭ്യർത്ഥിക്കാനായുള്ളു.

ഈ സ്മരണിക അതിലേയ്ക്കുള്ള ഒരു തുടക്കമാകട്ടെ.

ആശംസകളോടെ,

വിധേയൻ

(ഒപ്പ്)

കെ. എം. മാത്യൂ

C. K. P. Cheriya Mammoo Keyi
THEN EEM

Phone : Office : 20072
Resi : 20271

Moulana Mohamedali Road
TELLICHERRY 1-9-1989

# സന്ദേശം

കേരളത്തിലെ സാമൂഹ്യ-സാംസ്കാരിക-വിദ്യാഭ്യാസ മേഖലകളിൽ ഒരു കാലഘട്ടത്തിൽ നിറഞ്ഞുനിന്ന ജനാബ് ടി. പി. കുട്ടിയമ്മു സാഹിബിന്റെ സ്മരണയ്ക്കായി തിരുവനന്തപുരം മുസ്ലിം അസോസിയേഷൻ ഒരുപഹാരം പുറത്തിറക്കുന്നുവെന്നറിഞ്ഞതിൽ സന്തോഷിക്കുന്നു. മുസ്ലിം അഭ്യസ്ഥവിദ്യരിലും ഉദ്യോഗസ്ഥൻമാരിലും ബുദ്ധിജീവികൾക്കിടയിലും ഇസ്ലാമികമായ ഉണർവും ഉത്തേജനവുമുണർത്തിയ ദാർശനികനായ ചിന്തകൻ കൂടിയായിരുന്നു കുട്ടിയമ്മു സാഹിബ്. അദ്ദേഹത്തിന്റെ മതഭക്തിയുടെയും സൗന്ദര്യബോധത്തിന്റെയും ശില്പചാതുര്യത്തിന്റെയും ഉത്തമ ദൃഷ്ടാന്തമാണ് കേരളത്തിലിന്ന് തലയുയർത്തിനിൽക്കുന്ന നിരവധി മതസ്ഥാപനങ്ങൾ. സർവ്വശക്തനായ റബ്ബ് ആ മഹദ്വ്യക്തിയുടെ പാരത്രിക ജീവിതം സന്തോഷപൂർണ്ണമാക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. അദ്ദേഹത്തിന്റെ ധന്യസ്മരണകൾക്ക് മുമ്പിൽ നിങ്ങൾ സമർപ്പിക്കുന്ന സ്മരണികയ്ക്ക് സർവ്വവിധ ആശംസകളും നേരുന്നു.

എന്ന്,

വിനീതൻ

(ഒപ്പ്)

സി. കെ. പി. ചെറിയ മമ്മുക്കേയി

# ഉള്ളടക്കം

പേജ്


1. സ്മരണികയെപ്പററി
2. സന്ദേശങ്ങൾ
3. കുട്ടിയമ്മു സാഹിബ്: പ്രൊഫ. വി. മുഹമ്മദ് 1
4. ടി. പി. കുട്ടിയമ്മു സാഹിബ്-ഒരനുസ്മരണം: പ്രൊഫ. സയ്യദ് മൊഹിദീൻ ഷാ 8
5. ടി. പി. കുട്ടിയമ്മു സാഹിബ് : പ്രൊഫ. സി. എ. അബ്ദുൽ സലാം 10
6. കുട്ടിയമ്മു സാഹിബ്-ചില സ്മരണകൾ : കെ എം. അലി 12
7. ബാല്യകാലസ്മരണകൾ : പള്ളക്കൻ മമ്മു 14
8. നല്ല തങ്കം പിടിച്ച മനുഷ്യൻ : എ. പി. ഉദയഭാനു 17
9. മർഹൂം കുട്ടിയമ്മു സാഹിബ്—സേവനം കൈമുതലാക്കിയ മഹാൻ : എം. അബ്ദുസ്സലാം ഐ. എ. എസ്. (റിട്ട.) 18
10. ജ: കുട്ടിയമ്മു സാഹിബ്—എൻെറ ഓർമ്മയിൽ : ഡോ : കെ. മൊയ്തു 21
11. സരളമായ പ്രവർത്തന ശൈലിയുടെ ഉടമ : സി. ടി. ബഷീർ 22
12. എൻെറ പിതാവ് : എം. പി. മഹമൂദ് 25
13. ''എൻെറ വെല്ലിപ്പാവ'' : മിസ്സിസ് സഫൂറ അഷ്റഫ് 26
14. സേവനത്തിന്നൊരു മാതൃക : പ്രൊഫ. എ. പി. സുബൈർ 27
15. കുട്ടിയമ്മു സാഹിബ്—അനുകരണീയ വ്യക്തിത്വം : ഹാജി. കെ. മുഹമ്മദ് കുട്ടി റിട്ട: ചീഫ് എഞ്ചിനീയർ 30
16. മറക്കാത്ത ഓർമ്മകൾ : കെ. പി. മുഹമ്മദ് ബിൻ അഹമ്മദ് 34
17. കുട്ടിയമ്മു എന്ന പ്രസ്ഥാനം : കരുവള്ളി മുഹമ്മദ് മൗലവി 36
18. എൻെറ ഓർമ്മയിൽ : ഇ. അഹമ്മദ് 38
19. മായാത്ത ഓർമ്മകൾ : എസ്. അബ്ദുൽ റഹിം 42
20. ശാസ്ത്രം, ശാസ്ത്രീയത : ഡോ. എ. എൻ. പി. ഉമ്മർകുട്ടി 43
21. മുസ്ലിംകൾ കേരളക്കരയിൽ : പ്രൊഫ. കെ. വി. അബ്ദുർ റഹ്മാൻ 48
22. അനൗപചാരിക വിദ്യാഭ്യാസത്തിൻെറ ആവശ്യകത : ഡോ. കെ. ശിവദാസൻ പിള്ള 53
23. പുതിയ ദേശീയവിദ്യാഭ്യാസനയവും ന്യൂനപക്ഷങ്ങളും : ഡോ. എൻ. എ. കരീം 55
24. വികസനോൻമുഖമായ ഭരണസംവിധാനം : ഡോ. പി. കെ. ഗോപാലകൃഷ്ണൻ 58

25. കേരളത്തിലെ ഭരണരംഗം : പി. ഡി. കരുവിള
ഐ. എ. എസ്. (റിട്ട.) 64
26. ജമാഅത്ത് പുനഃസംഘടനയ്ക്ക്
ഒരു മാർഗ്ഗരേഖ : ററി. പി. കുട്ടിയമ്മു 69
27. മർഹൂം കുട്ടിയമ്മു സാഹിബ്—
ഒരനുഭവക്കുറിപ്പ് : അഹമ്മദ് കുട്ടി മഞ്ചറ 76
28. സുബുലുസ്സലാം—ഒരു കൈയെഴുത്തു
മാസികയുടെ കഥ : ടി. പി. കുട്ടിയമ്മു 78
29. മഊനത്തുൽ ഇസ്ലാം സഭ—ശതാബ്ദിയോട
ടുക്കുന്ന ഒരു മഹൽപ്രസ്ഥാനം :
ടി. വി. അബ്ദുറഹിമാൻകുട്ടി 81
30. ഇന്ത്യാ ഓഫീസ് ലൈബ്രറി:
എം. പി. സാഹിബ് 83
31. എനിക്ക് മറക്കാൻ കഴിയാത്ത ഒരു മഹാൻ
എം. കുട്ടി ഹസൻ 85
32. മുസ്ലിം അസോസിയേഷൻ, തിരുവനന്തപുരം
—ഒരു സംക്ഷിപ്ത ചരിത്രം 86
33. Obstacles to Entrepreneurship in Kerala :
T. Ramaswamy 94
34. Reminiscence of a Colleague :
K. Bharathan 96
35. Reflections of a Son :
Dr. M. P. Abubacker 97
36. Mr. T. P. Kuttiammu :
V. R. Krishna Iyer 98
37. തെററിദ്ധരിക്കപ്പെട്ട ശരീഅത്ത് :
തട്ടാമല അബ്ദുൽ അസീസ് 99
38. സ്ഥിതിവിവരക്കണക്കുകൾ : 110

# കുട്ടിയമ്മു സാഹിബ്

(20-7 - 1911—12-7-1987)

പ്രൊഫസർ വി. മുഹമ്മദ്
റിട്ട. പ്രിൻസിപ്പൽ
ഫാറൂക്ക് കോളേജ്

**ഖാൻ** ബഹദൂർ പി. എ. അമ്മു സാഹിബിൻെറയും അദ്ദേഹത്തിൻെറ മൂന്നാം ഭാര്യ കദീജ എന്നവരുടെയും പുത്രനാണ് ടി. പി. കുട്ടിയമ്മു സാഹിബ്. ആദ്യഭാര്യയിൽ അബൂബക്കർ എന്ന ഒരു പുത്രനുണ്ടായി. അവൻ മരണപ്പെട്ടപ്പോഠം രണ്ടാമതൊരു വിവാഹവും അവരും മരണപ്പെട്ടപ്പോഠം മൂന്നാമത്തെ വിവാഹവും കഴിച്ച അമ്മു സാഹിബിനു മൂന്നാം ഭാര്യയിൽ ഒമ്പതു മക്കളുണ്ടായി. കുട്ടിയമ്മു, ഉസ്മാൻ, കുഞ്ഞിമൊയ്തു, അബൂബക്കർ, അഹമ്മദ് എന്നീ അഞ്ചു ആൺമക്കളും കുഞ്ഞലു, നഫീസ, കുഞ്ഞിപാത്തു, കുഞ്ഞാഞ്ഞു എന്നീ നാലു പെൺമക്കളും. ഇവരിൽ അബൂബക്കർ, അഹമ്മദ്, കുഞ്ഞലു, കുഞ്ഞിപാത്തു എന്നിവർ മാത്രമാണ് ജീവിച്ചിരിപ്പുള്ളത്. അവസാനം മരിച്ചത് കുട്ടിയമ്മു സാഹിബാണ്.

കുട്ടിയമ്മു സാഹിബിൻെറ ജീവിതം മൂന്ന് ഘട്ടങ്ങളാക്കാം. 1911 മുതൽ 1935 വരെയുള്ള വിദ്യാഭ്യാസകാലം; 1935 മുതൽ 1967 വരെയുള്ള ഉദ്യോഗകാലം; 1968 മുതൽ 1987 വരെയുള്ള കാലം.

## ബാല്യവും വിദ്യാഭ്യാസവും (1911—1935)

പിതാവ് ഖാൻ ബഹദൂർ പി. എ. അമ്മു സാഹിബ് (പൂവത്താംകണ്ടി അച്ചാരത്ത്) മലബാറിലെ ഡെപ്യൂട്ടി കലക്ടരായിരുന്നു. കോഴിക്കോട് ഹജൂർ ആഫീസായിരുന്നു ആസ്ഥാനം. അതുകൊണ്ട് കോഴിക്കോട് കിളിയനാട് സ്കൂളിലാണ് മകനെ ചേർത്തത്. ഒന്നാം ക്ലാസ് മുതൽ മൂന്നാം ക്ലാസ്വരെ അവിടെ പഠിച്ചു. 1921-ലെ മാപ്പിള ലഹളയിലെ വേഗൺ ട്രാജഡി ഉണ്ടായതോടെ മാപ്പിളമാർ അത്യധികം രോഷാകുലരാവുകയും. 'സായിപ്പൻമാരുടെ കൂടെ നടക്കുന്ന' അമ്മുസാഹിബിൻെറ തല കൊയ്യുമെന്ന് ഭീഷണി ഉയരുകയും ചെയ്തു. അപ്പോഠം അദ്ദേഹം ഭാര്യയെയും മക്കളെയും തലശേരിയിൽ കൊണ്ടുവന്നു താമസിപ്പിക്കുകയും മകനെ ബ്രണ്ണൻ കോളേജിനോടു ചേർന്ന ബ്രണ്ണൻ ഹൈസ്കൂളിൽ ചേർക്കുകയും ചെയ്തു. കോഴിക്കോട്ടേക്ക് മടങ്ങിപ്പോകുമ്പോഠം ഭാര്യയും മററാരും കേഠക്കാതെ മകൻ കുട്ടിയമ്മു സഹഹിബിൻെറ ചെവിയിൽ എന്തോ രഹസ്യം പറഞ്ഞു. ഒരാഴ്ച കഴിപ്പോഠം ''Ammoo Sahib shot dead'' (അമ്മു സാഹിബ് വെടിയേററ് മരിച്ചു) എന്ന ഒരു കമ്പി സന്ദേശം വീട്ടിൽ കിട്ടി. എല്ലാവരും കൂട്ടനിലവിളിയായി. ബ്രണ്ണൻ സ്കൂളിൽ നിന്ന് മകനും ഓടി എത്തി. മകൻ കമ്പി വായിച്ചു യാതൊരു ഭാവഭേദവുമില്ലാതെ, അതു കള്ള വാർത്തയാണെന്നു പറഞ്ഞു എല്ലാവരേയും സമാധാനിപ്പിച്ചു. വല്ല കമ്പിസന്ദേശവും വന്നാൽ, അതിൽ ഒരു പ്രത്യേക കോഡ് ചേർത്തിട്ടില്ലെങ്കിൽ അതു വ്യാജസന്ദേശമായിരിക്കും എന്ന് പിതാവു തന്നോട് റെയിൽവേ സ്റേറഷനിൽ വച്ചു രഹസ്യമായി പറഞ്ഞിരുന്നുവെന്നു പറഞ്ഞു. അതായിരുന്നു പ്ലാററ്ഫോമിലെ സ്വകാര്യം! ''എന്നിട്ടും കോഴിക്കോട് പോയി ബാപ്പ സുഖമായിരിക്കുന്നുവെന്ന് അറിഞ്ഞുവരുന്നതുവരെ. അതിബുദ്ധിമാനും 'ആയിരം പുത്തി' എന്ന പേരിൽ അറിയപ്പെട്ടിരുന്ന ആളുമായ വലിയ കാരണവർ വരെ ആദ്യകമ്പി അവിശ്വസിക്കാൻ കൂട്ടാക്കിയില്ല'' എന്ന് കുട്ടിയമ്മുസാഹിബിൻെറ ജീവിച്ചിരിപ്പുള്ള സഹോദരൻമാരിൽ ഒരാളായ അബൂബക്കർ സാഹിബ് പറയുന്നു.

തലശ്ശേരി ബ്രണ്ണൻ സ്ക്കൂളിൽ നിന്നാണ് 1929-ൽ എസ്. എസ്. എൽ. സി. പരീക്ഷ എഴുതിയത്. എസ്. എസ്. എൽ. സി. ബുക്കിലെ മൂന്നുകൊല്ലത്തെറിക്കാർഡ് അദ്ദേഹത്തിൻെറ ഭാവി ജീവിതം പ്രവചിക്കാൻ പോന്നതാണ്. മാത്തമാററിക്സായിരുന്നു അദ്ദേഹത്തിന്നു ഏററവും കൂടുതൽ പ്രതിപത്തിയുള്ള വിഷയം. എട്ടു, ഒമ്പതു, പത്തു ക്ലാസ്സുകളിൽ അരക്കൊല്ലപ്പരീക്ഷയിലും കൊല്ലപ്പരീക്ഷയിമാത്തമാററിക്സിൽ കിട്ടിയമാർക്കുകഠം ഇങ്ങനെയായിരുന്നു—ബ്രാക്കററിലുള്ളത് ക്ലാസ്സിലെ

# കുട്ടിയമ്മു സാഹിബ്

(20-7 - 1911—12-7-1987)

പ്രൊഫസർ വി. മുഹമ്മദ്
റിട്ട. പ്രിൻസിപ്പൽ
ഫാറൂക്ക് കോളേജ്

**ഖാൻ** ബഹദൂർ പി. എ. അമ്മു സാഹിബി ന്റെയും അദ്ദേഹത്തിന്റെ മൂന്നാം ഭാര്യ കദീജ എന്നവരുടെയും പുത്രനാണ് ടി. പി. കുട്ടിയമ്മു സാഹിബ്. ആദ്യഭാര്യയിൽ അബൂബക്കർ എന്ന ഒരു പുത്രനുണ്ടായി. അവൻ മരണപ്പെട്ടപ്പോൾ രണ്ടാമതൊരു വിവാഹവും അവരും മരണപ്പെട്ടപ്പോൾ മൂന്നാമത്തെ വിവാഹവും കഴിച്ച അമ്മു സാഹിബിനു മൂന്നാം ഭാര്യയിൽ ഒമ്പതു മക്കളുണ്ടായി. കുട്ടിയമ്മു, ഉസ്മാൻ, കുഞ്ഞിമൊയ്തു, അബൂബക്കർ, അഹമ്മദ് എന്നീ അഞ്ചു ആൺമക്കളും കുഞ്ഞലു, നഫീസ, കുഞ്ഞിപാത്തു, കുഞ്ഞാഞ്ഞു എന്നീ നാലു പെൺമക്കളും. ഇവരിൽ അബൂബക്കർ, അഹമ്മദ്, കുഞ്ഞലു, കുഞ്ഞിപാത്തു എന്നിവർ മാത്രമാണ് ജീവിച്ചിരിപ്പുള്ളത്. അവസാനം മരിച്ചത് കുട്ടിയമ്മു സാഹിബാണ്.

കുട്ടിയമ്മു സാഹിബിന്റെ ജീവിതം മൂന്ന് ഘട്ടങ്ങളാക്കാം. 1911 മുതൽ 1935 വരെയുള്ള വിദ്യാഭ്യാസകാലം; 1935 മുതൽ 1967 വരെയുള്ള ഉദ്യോഗകാലം; 1968 മുതൽ 1987 വരെയുള്ള കാലം.

## ബാല്യവും വിദ്യാഭ്യാസവും (1911—1935)

പിതാവ് ഖാൻ ബഹദൂർ പി. എ. അമ്മു സാഹിബ് (പൂവത്താംകണ്ടി അച്ചാരത്ത്) മലബാറിലെ ഡെപ്യൂട്ടി കലക്ടരായിരുന്നു. കോഴിക്കോട് ഹജൂർ ആഫീസായിരുന്നു ആസ്ഥാനം. അതുകൊണ്ട് കോഴിക്കോട് കിളിയനാട് സ്കൂളിലാണ് മകനെ ചേർത്തത്. ഒന്നാം ക്ലാസ് മുതൽ മൂന്നാം ക്ലാസ്‌വരെ അവിടെ പഠിച്ചു. 1921-ലെ മാപ്പിള ലഹളയിലെ വേഗൺ ട്രാജഡി ഉണ്ടായതോടെ മാപ്പിളമാർ അത്യധികം രോഷാകുലരാവുകയും, 'സായിപ്പൻമാരുടെ കൂടെ നടക്കുന്ന' അമ്മുസാഹിബിന്റെ തല കൊയ്യുമെന്ന് ഭീഷണി ഉയരുകയും ചെയ്തു. അപ്പോൾ അദ്ദേഹം ഭാര്യയെയും മക്കളെയും തലശേരിയിൽ കൊണ്ടുവന്നു താമസിപ്പിക്കുകയും മകനെ ബ്രണ്ണൻ കോളേജിനോടു ചേർന്ന ബ്രണ്ണൻ ഹൈസ്കൂളിൽ ചേർക്കുകയും ചെയ്തു. കോഴിക്കോട്ടേക്ക് മടങ്ങിപ്പോകുമ്പോൾ ഭാര്യയും മററാരും കേൾക്കാതെ മകൻ കുട്ടിയമ്മു സഹിബിന്റെ ചെവിയിൽ എന്തോ രഹസ്യം പറഞ്ഞു. ഒരാഴ്ച കഴിഞ്ഞപ്പോൾ "Ammoo Sahib shot dead" (അമ്മു സാഹിബ് വെടിയേററ് മരിച്ചു) എന്ന ഒരു കമ്പി സന്ദേശം വീട്ടിൽ കിട്ടി. എല്ലാവരും കൂട്ടനിലവിളിയായി. ബ്രണ്ണൻ സ്കൂളിൽ നിന്ന് മകനും ഓടി എത്തി. മകൻ കമ്പി വായിച്ചു യാതൊരു ഭാവഭേദവുമില്ലാതെ, അതു കള്ള വാർത്തയാണെന്നു പറഞ്ഞു എല്ലാവരേയും സമാധാനിപ്പിച്ചു. വല്ല കമ്പിസന്ദേശവും വന്നാൽ, അതിൽ ഒരു പ്രത്യേക കോഡ് ചേർത്തിട്ടില്ലെങ്കിൽ അതു വ്യാജസന്ദേശമായിരിക്കും എന്ന് പിതാവു തന്നോട് റെയിൽവേ സ്റേറഷനിൽ വച്ചു രഹസ്യമായി പറഞ്ഞിരുന്നുവെന്നു പറഞ്ഞു. അതായിരുന്നു പ്ലാററ്ഫോമിലെ സ്വകാര്യം! "എന്നിട്ടും കോഴിക്കോട് പോയി ബാപ്പ സുഖമായിരിക്കുന്നുവെന്ന് അറിഞ്ഞുവരുന്നതുവരെ. അതിബുദ്ധിമാനും 'ആയിരം പുത്തി' എന്ന പേരിൽ അറിയപ്പെട്ടിരുന്ന ആളുമായ വലിയ കാരണവർ വരെ ആദ്യകമ്പി അവിശ്വസിക്കാൻ കൂട്ടാക്കിയില്ല" എന്ന് കുട്ടിയമ്മുസാഹിബിന്റെ ജീവിച്ചിരിപ്പുള്ള സഹോദരൻമാരിൽ ഒരാളായ അബൂബക്കർ സാഹിബ് പറയുന്നു.

തലശ്ശേരി ബ്രണ്ണൻ സ്കൂളിൽ നിന്നാണ് 1929-ൽ എസ്. എസ്. എൽ. സി. പരീക്ഷ എഴുതിയത്. എസ്. എസ്. എൽ. സി. ബുക്കിലെ മൂന്നുകൊല്ലത്തെറിക്കാർഡ് അദ്ദേഹത്തിന്റെ ഭാവി ജീവിതം പ്രവചിക്കാൻ പോന്നതാണ്. മാത്തമാററിക്സായിരുന്നു അദ്ദേഹത്തിന്നു ഏററവും കൂടുതൽ പ്രതിപത്തിയുള്ള വിഷയം. എട്ടു, ഒമ്പതു, പത്തു ക്ലാസ്സുകളിൽ അരക്കൊല്ലപ്പരീക്ഷയിലും കൊല്ലപ്പരീക്ഷയിൽ മാത്തമാററിക്സിൽ കിട്ടിയമാർക്കുകൾ ഇങ്ങനെയായിരുന്നു — ബ്രാക്കററിലുള്ളത് ക്ലാസ്സിലെ

ശരാശരീമാർക്കാണ്. vii-56 (55); 80 (46). ix-68 (32); 78(46); X-88 (49); 55 (39); 72 (44) S. S. L. C. 92 (43). ക്ലാസ്സിലെ ഹാജർ ഈ മൂന്നു കൊല്ലങ്ങളിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. ബ്രാക്കററിലുള്ളത് ആകെ പ്രവൃത്തിദിവസങ്ങൾ viii-107 (109½); 71 (71). ix-103 (113); 63(67); X-113 (113); 66 (69).

സ്ഥിരോൽസാഹവും കൃത്യനിഷ്ഠയുമുള്ള ഒരു ബുദ്ധിശാലിയായ വിദ്യാർത്ഥിയെയാണ് ഈ രേഖകൾ കാഴ്ചവെക്കുന്നത്.

സ്ക്കൂൾ പഠനത്തോടൊപ്പം മതപഠനവും പാഠ്യേതരപ്രവർത്തനങ്ങളും നല്ല നിലയിൽ തന്നെ നടന്നിരുന്നു. തലശ്ശേരിയിലെ തിരുവങ്ങാട് കാന്തിപാട് പള്ളിയിൽ കിത്താബോതി പഠിച്ചിരുന്നു. മദ്രസത്തുൽ ഇസ്ലാമിയായിലും ചേർന്നു പഠിച്ചിരുന്നു. ഈ പഠനമെല്ലാം രാത്രിയായിരുന്നു. ഇതിനുപുറമെ, ജമാഅത്തുസ്സിബ്യാൻ' എന്ന ഒരു ബാലസംഘം സ്ഥാപിച്ചു പല പ്രവർത്തനങ്ങളും നടത്തിവന്നു. ഇതിന്റെ ആഭിമുഖ്യത്തിൽ പ്രസംഗപരിശീലനവും സമുദായസേവനങ്ങളിലുള്ള പരിശീലനവും നേടാൻ ഏർപ്പാടുകൾ ഉണ്ടാക്കി. തീപ്പൊരി പ്രസംഗക്കാരും ഇതിൽ വാർത്തെടുക്കപ്പെട്ടു. ഇവരുടെ സംഘടനയിൽപെട്ട പി. ഒ. അമ്മു എന്ന ആൾ ഒരു പേരു കേട്ട പ്രാസംഗികനായിത്തീർന്നു. അന്ന് ഒരു ചെട്ടിയാരുടെ തുണിഷാപ്പിനു മുന്നിൽ ചെന്ന് കോൺഗ്രസ് കൊടിയും പിടിച്ചു നിന്നു ''വിലാത്തിവസ്ത്രം ബഹിഷ്ക്കരിക്കുക'' എന്നു മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്ന ഇദ്ദേഹത്തെ അവരുടെകൂട്ടത്തിൽ സീനിയറായിരുന്ന കുട്ടിയമ്മു സാഹിബ് ചെന്ന് അഭിനന്ദിക്കുകയുണ്ടായിട്ടുണ്ട്. സേവനങ്ങളുടെ കൂട്ടത്തിൽ കുട്ടിയമ്മു സാഹിബ് തന്റെ കൂട്ടരോട് രഹസ്യമായി പറയാറുള്ള ഒരു കാര്യമാണ് ലഹളത്തടവുകാരെ പോലീസ് തന്റെ പിതാവിന്റെ സന്നിധിയിൽ ഹാജരാക്കുമ്പോൾ ചെയ്തുകൊടുത്തിരുന്നത്—തടവുകാരുടെ കൈകൾ കെട്ടിവരിഞ്ഞത് മുറുകിപ്പോയി വിഷമം കാണിക്കുമ്പോൾ, പോലീസുകാർ കാണാതെ കുട്ടിയമ്മു സാഹിബ് ചെന്ന് കഴിയുന്നത്ര അഴവാക്കിക്കൊടുക്കാറുണ്ടായിരുന്നു.

കൂട്ടുകാരൊന്നിച്ചു പുലർച്ചെ ദിക്റ് ജാഥയായി എല്ലാ വീടുകളിലും കയറി ആളുകളെ നമസ്കാരത്തിനു വിളിക്കാറ് പതിവായിരുന്നു. ജമാഅത്തുസ്സിബ്യാൻ സഭ, ഖിസാനത്തൂൽ ഉലൂം വായനശാല, അജ്മൽ ക്രിക്കററ് ക്ലബ്, 'സുബുലുസ്സലാം' കൈയെഴുത്തു മാസിക എന്നിവയും ഇവരുടെ പ്രവർത്തനങ്ങളിൽപെട്ടവയായിരുന്നു. ഇവർക്ക് ഇതിനെല്ലാം പ്രചോദനം നൽകിയിരുന്ന മദ്രസ്സാ ഉസ്താദ് 'അലിസീതി' എന്ന ആളെ കുട്ടിയമ്മു സാഹിബും സുഹൃത്തുക്കളും എപ്പോഴും സ്നേഹബഹുമാനങ്ങളോടെ സ്മരിക്കാറും അദ്ദേഹത്തിനുവേണ്ടി പ്രാർത്ഥിക്കാറുമുണ്ട്. ഉറുദുപണ്ഡിതൻ കൂടിയായിരുന്ന അദ്ദേഹത്തിൽ നിന്നു കുട്ടിയമ്മു സാഹിബു ഉറുദുവും ഇഖ്ബാൽകവിതകളും പഠിച്ചു. അദ്ദേഹം ശിഷ്യനിൽ നിന്നും ഇംഗ്ലീഷ് പഠിക്കുകയും ചെയ്തിരുന്നു. അക്കാലത്തെപ്പററി കുട്ടിയമ്മു സാഹിബ് ഒരിക്കൽ ഓർമ്മിച്ചത് ഇങ്ങനെയാണ്: ''എല്ലാം ശ്രദ്ധിച്ച് അതിന്റെ കണക്കു പോലെ നിയന്ത്രിച്ചുപോന്ന പിതാവ്, സ്നേഹനിധിയായ മാതാവ്, അച്ചടക്കപാലകനായ കാരണവർ, സ്നേഹവും ബഹുമാനവും നേടിയെടുത്ത ഉസ്താദ്, നിഷ്കളങ്കരായ, താൽപര്യമെടുത്തു പഠിപ്പിച്ച ഗുരുനാഥൻമാർ, സുകൃതങ്ങളിൽ പങ്ക് ചേർന്ന സഹപാഠികളും സ്നേഹിതൻമാരും—ഇതൊക്കെയായിരുന്നു എന്നെ സംബന്ധിച്ചിടത്തോളം ആ നിർണ്ണായകഘട്ടത്തിലെ ശിക്ഷണശിൽപികൾ'' (സുബുലുസ്സലാം എന്ന ലേഖനത്തിൽ പറഞ്ഞത്). സുബുലുസ്സലാം മാസികയെപ്പററി അദ്ദേഹം എഴുതിയ ലേഖനത്തിൽ പറഞ്ഞ കാര്യങ്ങൾ വായിക്കുമ്പോൾ അദ്ദേഹത്തിന്റെ ജീവിതം അന്നേ രൂപം പൂണ്ടു കഴിഞ്ഞിരിക്കുന്നുവെന്നു ബോദ്ധ്യം വരുന്നു. വിശാലമായ വീക്ഷണവും ദൈവഭക്തിയിൽ നിന്നു ഒട്ടും വ്യതിചലിക്കാത്ത ഉറച്ചനിലപാടും ഒത്തുചേർന്നു കൊണ്ടു നാനാവിധപ്രവർത്തനങ്ങൾ നടത്തുകയും യാഥാസ്ഥിതികരായ കാരണവൻമാർ ഇഷ്ടപ്പെടാത്ത പ്രവർത്തനങ്ങൾ തന്റെ നിർദ്ദേശപ്രകാരം നടത്തപ്പെടുമ്പോൾ അവർക്കതിൽ വെറുപ്പുതോന്നാതിരിക്കുകയും ചെയ്തിരുന്നതായി കാണാം. അദ്ദേഹത്തിന്റെ കറപുരളാത്ത ദൈവഭക്തിയിൽ കാരണവൻമാർക്കുണ്ടായിരുന്ന വിശ്വാസമാണത് തെളിയിക്കുന്നത്. 'മുളയിലറിയാം വിളവ്' എന്ന ആപ്തവാക്യം അദ്ദേഹത്തിന്റെ ജീവിതത്തിൽ തികച്ചും അന്വർത്ഥമായിരിക്കുന്നു.

ഇൻറർമീഡിയററ് പരീക്ഷ പാസ്സായപ്പോൾ മകനെ ബി. എൽ. കോഴ്സിന്

ചേർത്ത് ഒരഭിഭാഷകനാക്കണമെന്നാണ് പിതാവ് അമ്മു സാഹിബ് ആഗ്രഹിച്ചത്. എന്നാൽ മകനത് ഇഷ്ടമല്ലായിരുന്നു. മനസ്സാക്ഷിക്കും സത്യത്തിനും എതിരായി ചിലപ്പോഴെങ്കിലും വാദിക്കേണ്ടിവരുമെന്നും ആ തെററ് ചെയ്യുന്നതിനും കക്ഷികളിൽ നിന്ന് പ്രതിഫലം പററേണ്ടിവരുമെന്നും ഉള്ള ഭയമായിരുന്നു കാരണം. കൂടാതെ, നിർമ്മാണപ്രവർത്തനങ്ങൾക്ക് സഹായകമായ ഒരു വിദ്യാഭ്യാസം നേടണമെന്ന ആഗ്രഹവുമുണ്ടായിരുന്നു. തൻെറ അനിഷ്ടവും ഇഷ്ടവും ബഹുമാനത്തോടെ പിതാവിനെ ധരിപ്പിക്കുകയും അങ്ങനെ മദിരാശിയിലെ ഗിണ്ടി എഞ്ചിനീയറിംഗ് കോളേജിൽ ചേരുകയും ചെയ്തു. 1935 ൽ എഞ്ചിനീയറിംഗ് ബിരുദം പ്രശസ്തമായ നിലയിൽ തന്നെ നേടുകയും ചെയ്തു.

## സഫലമായ ഔദ്യോഗിക ജീവിതം (1935—1967)

ഔദ്യോഗികജീവിതം ആരംഭിച്ചത് കൂത്തുപറമ്പിൽ 10 ക. ശമ്പളമുള്ള ഒരു ഓവർസിയരായിട്ടാണ്. മദിരാശിയിലെ ചീഫ് എഞ്ചിനീയർക്ക് തൻെറ സ്വന്തം സ്ററാഫിൽ കുറച്ചു എഞ്ചിനീയർമാരെ ആവശ്യമുള്ളത് മനസ്സിലാക്കി അദ്ദേഹത്തെ സമീപിച്ചപ്പോൾ, വിദ്യാഭ്യാസത്തിൽ മുൻപന്തിയിലുള്ള ബ്രാഹ്മണസമുദായത്തിൽപ്പെട്ട ചീഫ് എഞ്ചിനീയർക്ക് പിന്നോക്കസമുദായത്തിൽപ്പെട്ടതും മലബാർ മാപ്പിളയുമായ അപേക്ഷകനെപ്പററി തീരെ മതിപ്പുണ്ടായില്ല. തൻെറ സ്ററാഫിൽ എടുത്തില്ലെങ്കിലും കൂത്തുപറമ്പിൽ നിയമിക്കുക എന്ന ഔദാര്യം കാണിച്ചു. കൂത്തുപറമ്പിൽ ജോലി ചെയ്തു കൊണ്ടിരിക്കുമ്പോൾ അസിസ്ററൻറ് എഞ്ചിനീയർമാരെ നേരിട്ടുതെരഞ്ഞെടുക്കാനുള്ള ഒരു പരീക്ഷ എഴുതി. അതിൻെറ ഫലമറിഞ്ഞപ്പോൾ ഒന്നാം റാങ്ക് കുട്ടിയമ്മുസാഹിബിന്നായിരുന്നു. പരീക്ഷയിലെ ആദ്യത്തെ കുറച്ചുറാങ്കുകാരെ തൻെറ സ്ററാഫായിതന്നെ നിയമിക്കണമെന്ന് ചീഫ് എഞ്ചിനീയർ ഉത്തരവിട്ടു. നിയമനം കഴിഞ്ഞുനോക്കുമ്പോൾ താൻമതിപ്പില്ലാതെ മലബാറിലേക്ക് വിട്ട മാപ്പിളയാണ് ഒന്നാം റാങ്കുകാരൻ! തൻെറ ആദ്യത്തെ വിലയിരുത്തൽ തികച്ചും തെററായിരുന്നുവെന്നു പിന്നീട് അദ്ദേഹത്തിന്നു ബോധ്യമായി. എപ്പോഴും തൻെറ കൂടെ കുട്ടിയമ്മു സാഹിബ് വേണമെന്നദ്ദേഹത്തിന്നു നിർബന്ധമായി. മദിരാശിയിലെ ''സേവനനിയമങ്ങളിൽ'' (Service Rules) നടന്ന പരീക്ഷയിലും അദ്ദേഹം ഒന്നാം റാങ്ക് നേടി. മദിരാശി സർവ്വീസിൽ സുസമ്മതനായ ഒരു ഉദ്യോഗസ്ഥനായിത്തീർന്ന അദ്ദേഹം പല വലിയ കാര്യങ്ങളും ചെയ്തുതീർക്കുകയോ തുടങ്ങി വെക്കുകയോ ഉണ്ടായിട്ടുണ്ട്. ജലസേചനമായിരുന്നു അദ്ദേഹത്തിൻെറ പ്രത്യേക വകുപ്പ്.

പൂണ്ടിയിലെ പ്രസിദ്ധപ്പെട്ട Irrigation Research Station (ജലസേചന ഗവേഷണകേന്ദ്രം) സ്ഥാപിച്ചതും അതു അന്താരാഷ്ട്രനിലവാരത്തിലേക്കെത്തിച്ചതും അദ്ദേഹമായിരുന്നു. ആ സ്ഥലത്തിന്നു ''കുട്ടിയമ്മുനഗർ എന്നും അവിടത്തെ വലിയ പരീക്ഷണശാലയ്ക്ക് ''കുട്ടിയമ്മു ആലയം'' എന്നുമാണ് അവർ പേർ വിളിച്ചത്.

കൃഷ്ണാ-പെരിയാർ നദികൾ സംയോജിപ്പിച്ചു ഒരു അണക്കെട്ടുണ്ടാക്കിക്കൊണ്ട് മദിരായിലും ആന്ധ്രയിലും ജലസേചനത്തിന്നുള്ള ഒരു പദ്ധതി അദ്ദേഹം ഉണ്ടാക്കി.

അമരാവതി പദ്ധതിയുടെ അണക്കെട്ടിൻെറ ചാർജ്ജ് അദ്ദേഹത്തിന്നായിരുന്നു. ആന്ധ്രയിലെ നാഗാർജുനസാഗർ ഡാമിൻെറ കനാൽ അദ്ദേഹമാണ് പ്ലാൻ ചെയ്തത്. Kuttiamu alignment എന്നാണതിന്നു പറയുന്നത്.

ജപ്പാനിലേക്ക് പോയ ഇന്ത്യൻ ടീമിൽ അദ്ദേഹം ഒരു പ്രമുഖ അംഗമായിരുന്നു. ഡോക്ടർ കെ. എൽ. റാവുവിന്നു അദ്ദേഹത്തെ സംബന്ധിച്ചുള്ള മതിപ്പാണ് ടീമിൽ അദ്ദേഹം ഉൾപ്പെടാനുള്ള കാരണം.

## കേരളത്തിലെ സ്പെഷൽ ചീഫ് എഞ്ചിനീയർ

കേരളം നിലവിൽ വന്നശേഷം ശ്രീ. പി. എസ്. റാവു അഡ്വൈസറായിരിക്കുന്ന കാലത്ത് മദിരാശിയും കേരളവും തമ്മിൽ ജലവിഭവം പങ്കിടുന്നതിനെക്കുറിച്ചു രണ്ടു സംസ്ഥാനങ്ങൾ തമ്മിലുള്ള ഒരു ചർച്ച നടക്കുകയുണ്ടായി. അതിൽ മദിരാശിയുടെ വാദമുഖങ്ങൾ അവതരിപ്പിച്ചത് കുട്ടിയമ്മു സാഹിബായിരുന്നു. ആ അവതരണം ശ്രീ റാവുവിൽ വലിയ മതിപ്പുളവാക്കി. അദ്ദേഹം കുട്ടിയമ്മു സാഹിബിനെ കേരളത്തിലേക്ക് കിട്ടാൻ ശ്രമം തുടങ്ങി. അവസാനം കുട്ടിയമ്മു സാഹിബ് കൊടുത്ത മറുപടി ചീഫ്

എഞ്ചിനീയറുടേതിൽ കുറഞ്ഞ ഒരു തസ്തികയിലേക്കും താൻ കേരളത്തിൽ വരുന്നതല്ല എന്നായിരുന്നു. അങ്ങനെ നിയമിക്കുന്നതിൽ ശ്രീ. റാവുവിന് ഒരു വൈമനസ്യവുമില്ലായിരുന്നു. പക്ഷേ, അന്ന് കേരളത്തിൽ ചീഫ് എഞ്ചിനീയർ തസ്തികയിൽ ആളുണ്ടായിരുന്നതുകൊണ്ട് നിവൃത്തിയില്ലാതായി. അപ്പോൾ 'സ്പെഷൽ ചീഫ് എഞ്ചിനീയർ' എന്ന ഒരു തസ്തിക ഉണ്ടാക്കുകയും കുട്ടിയമ്മു സാഹിബിനെ അതിൽ നിയമിക്കുകയും ചെയ്തു. കേരളത്തിൽ ചീഫ് എഞ്ചിനീയറായി അദ്ദേഹം ചെയ്ത വലിയ ഒരു കാര്യം ഇവിടെയുള്ള എല്ലാ പുഴകളും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു മാസ്ററർ പ്ലാൻ (Master Plan for utilising the water resources of Kerala) ഉണ്ടാക്കിയതാണ്. ഇത് എല്ലാവരാലും ശ്ലാഘിക്കപ്പെട്ട ഒരു മാസ്ററർ പ്ലാനാണ്. ഈ പ്ലാനിന്റെ അടിസ്ഥാനത്തിൽ പല പദ്ധതികളും അദ്ദേഹം തന്നെ ആരംഭിക്കുകയും ചിലതെല്ലാം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. പഴശ്ശി, കുററ്യാടി, കാഞ്ഞിരപ്പുഴ, പെരിയാർവാലി, പമ്പ, കല്ലട എന്നിവ ഈ പ്ലാൻ പ്രകാരം ഉണ്ടാക്കിയതാണ്. 1967-ൽ റിട്ടയർ ചെയ്യുന്നതിനു മുമ്പായി അദ്ദേഹത്തിന് കേരള സർവീസ് കമ്മീഷനിൽ അംഗത്വം നൽകാൻ ആലോചനയുണ്ടായി. പക്ഷേ അദ്ദേഹം അത് സ്വീകരിച്ചില്ല. റിട്ടയർ ചെയ്തു കഴിഞ്ഞപ്പോൾ പ്ലാനിംഗ് ബോർഡിൽ മെമ്പറായെടുത്തു. അതിൽ 1971 വരെ തുടർന്നു.

### മാതൃകാപരമായ ഔദ്യോഗിക ജീവിതം

അദ്ദേഹത്തിന്റെ ഔദ്യോഗിക ജീവിതം മാതൃകാപരമാണ്. 'ഉദ്യോഗസ്ഥന്മാരെല്ലാവരും മാതൃകയായി സ്വീകരിക്കേണ്ടത്' എന്ന അർത്ഥത്തിൽ തന്നെയാണീ പദം ഉപയോഗിക്കുന്നത്. അതിന്റെ സവിശേഷതകൾ ചിലതെങ്കിലും മനസിലാക്കിയിരിക്കുന്നത് നല്ലതാണ്. തന്റെ ഔദ്യോഗിക പ്രവർത്തനങ്ങൾ ഒന്നും തന്നെ നേട്ടമെന്ന നിലയിൽ കാണുകയോ അതിൽ അഭിമാനിക്കുകയോ അദ്ദേഹം ചെയ്തിട്ടില്ല; മറിച്ച് അതെല്ലാം തന്റെ കർത്തവ്യനിർവഹണം ആയി മാത്രമേ അദ്ദേഹം കണ്ടിട്ടുള്ളു. ഔദ്യോഗിക ചുമതലകളായറിയപ്പെടുന്നവയ്ക്ക് പുറമെ, തനിക്ക് ചെയ്യാൻ കഴിയുന്ന മററു കാര്യങ്ങളും കൂടി അദ്ദേഹം ഈ കർത്തവ്യമണ്ഡലത്തിൽപ്പെടുത്തിയിരുന്നു. വ്യക്തികൾക്കോ, സമൂഹത്തിനോ, നാട്ടിനോ, താൻ ചെയ്തുകൊടുക്കുന്ന ഒരു 'സേവനവും' തന്റെ ഔദാര്യം ഉൾക്കൊള്ളുന്നതായി അദ്ദേഹം കണ്ടിരുന്നില്ല, മറിച്ച് അവയെല്ലാം തനിക്ക് നല്ല പ്രവർത്തനങ്ങൾ നടത്താനുള്ള സുവർണ്ണാവസരങ്ങളായിട്ടാണ് അദ്ദേഹം കണ്ടത്.

ഉദ്യോഗത്തിൽ ഉയർച്ചയുണ്ടാകുമ്പോൾ ജനങ്ങൾക്ക് തന്നോടുള്ള ആദരവും ബഹുമാനവും വർദ്ധിക്കണമെന്ന വിചാരം തന്റെ മനസിലൂടെ കടന്നുപോവുക പോലും ഉണ്ടായിട്ടില്ല. ആളുകൾ ആദരിക്കുന്നതിനും ബഹുമാനിക്കുന്നതിനും ആനുപാതികമായി അദ്ദേഹത്തിൽ വിനയവും ഉത്തരവാദിത്തബോധവും സേവനതൃഷ്ണയും വർദ്ധിക്കുകയാണ് ചെയ്തത്.

തന്റെ കൃത്യനിർവഹണത്തിൽ അഥവാ, സേവനങ്ങളിൽ അവയുടെ ഫലം അനുഭവിക്കേണ്ടവരെ സംബന്ധിച്ച തന്റെ ഇഷ്ടാനിഷ്ടങ്ങൾ ഒരു സ്വാധീനവും ചെലുത്തുകയുണ്ടായിട്ടില്ല. താൻ മുറുകെപ്പിടിക്കുന്ന ആശയങ്ങൾക്ക് കടകവിരുദ്ധമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവർക്കും തന്റെ സേവനം ലഭ്യമായിരുന്നു.

വലിയ പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്ന ഉന്നതഉദ്യോഗസ്ഥനായിരുന്നിട്ടും വ്യക്തികളുടെ ആവശ്യങ്ങൾ നിറവേററിക്കൊടുക്കുന്നതിൽ ശുഷ്കാന്തി കാണിക്കുന്ന സ്വഭാവമായിരുന്നു അദ്ദേഹത്തിന്റേത്. ഉദ്യോഗം നൽകുകയോ ഉദ്യോഗത്തിനു വഴിയൊരുക്കിക്കൊടുക്കുകയോ ചെയ്തുകൊണ്ട് അദ്ദേഹം സഹായം ചെയ്തിട്ടുള്ളവർ ആയിരക്കണക്കിനുണ്ടായിരിക്കുമെന്നാണ് എന്റെ വിശ്വാസം. ഇതിൽ 'ആധുനികർക്ക്' അത്ഭുതകരമായി തോന്നാവുന്ന ഒരു വിശേഷതയുള്ളത്, ഈ സഹായം ലഭിച്ചവരിൽ അദ്ദേഹത്തിനറിഞ്ഞുകൂടാത്തവരും അദ്ദേഹമാണതിന്റെ ദായകനെന്നറിഞ്ഞുകൂടാത്തവരും ധാരാളമുണ്ട് എന്നതാണ്.

ഉദ്യോഗത്തിലിരിക്കുന്ന കാലത്ത് നിയമാനുസൃതമായി തനിക്ക് ലഭിച്ചുകൊണ്ടിരുന്ന ശമ്പളവും അലവൻസുകളും മററുമല്ലാതെ മറെറാരു വരുമാനവും അദ്ദേഹത്തിനുണ്ടായിട്ടില്ല. അങ്ങനെ കൈപററാൻ തന്റെ കീഴിലുള്ള ആരെയും അനുവദിച്ചിട്ടുമില്ല. വല്ല അഴിമതിയും കീഴിലുള്ളവർ നടത്തിയതായറിഞ്ഞാൽ കർശന

മായി നടപടി എടുക്കുമായിരുന്നു. മദിരാശി യിൽ താമസിക്കുന്ന കാലത്ത് ഒരു ദിവസം വീട്ടിൽ പത്രം വായിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ കാണാൻ ഒരാൾ വരുന്നതു അദ്ദേഹം വാതിൽ വിരിയുടെ ഇടയിലൂടെ കണ്ടു. വാതിലിന്റെ പുറത്തു ശിപായി ഇരിപ്പുണ്ടായിരുന്നു. കുറച്ചു കഴിഞ്ഞപ്പോൾ ആ ആൾ തന്റെ അടുത്തു പ്രവേശിക്കാതെ മടങ്ങിപോകുന്നതും അദ്ദേഹം വിരിയുടെ ഇടയിലൂടെ കണ്ടു. ആ ശിപായി അറിയപ്പെട്ട ഒരു 'അഴിമതി വീരൻ' ആയിരുന്നു. അന്വേഷിച്ചപ്പോൾ മടങ്ങിയതിന്റെ പശ്ചാത്തലം മനസ്സിലാവുകയും ഉടനെ ശിപായിയെ സസ്പെൻറു ചെയ്യുകയും ചെയ്തു. 32 കൊല്ലത്തെ ഉദ്യോഗത്തിൽ ചീഫ് എഞ്ചിനീയറായി റിട്ടയർ ചെയ്തിട്ടും അദ്ദേഹത്തിനു കോഴിക്കോട്ടെ 'നഫീസത്ത്' എന്ന ആ വലുതല്ലാത്ത വീടുണ്ടാക്കാൻ തന്റെ വകയായുണ്ടായിരുന്ന രണ്ടു മൂന്ന് ചെറിയ സ്ഥലങ്ങൾ വിൽക്കേണ്ടി വന്നുവെന്നതു തന്നെ അദ്ദേഹത്തിന്റെ സംശുദ്ധതയ്ക്കൊരു തെളിവാണ്.

## ഉദ്യോഗനന്തരഘട്ടം (1968—1987)

ഉദ്യോഗത്തിൽ നിന്നും പിരിഞ്ഞശേഷമുള്ള അദ്ദേഹത്തിന്റെ ജീവിതം 'വിശ്രമജീവിത'മായിരുന്നില്ല. പള്ളി നിർമ്മാണത്തിൽ അദ്ദേഹം വലിയ ശ്രദ്ധ ചെലുത്തിയിരുന്നു. തിരുവനന്തപുരത്തെ പാളയം പള്ളി അദ്ദേഹത്തിന്റെ വൈദഗ്ദ്ധ്യത്തിന്റെ സാക്ഷിയാണ്. അതിന്റെ നീണ്ട സ്തംഭങ്ങളിലെ ഖുർആൻ ലിപികൾ എഞ്ചിനീയറിംഗ് — എഴുത്തു കലാവൈദഗ്ദ്ധ്യത്തിന്റെ തെളിവാണ്. ജനോപകാരപ്രദമായ ഏതു പ്രവർത്തനത്തിലും സഹകരിക്കുന്ന സ്വഭാവമുള്ളതുകൊണ്ട് അദ്ദേഹത്തിൽ നിന്നു ആളുകൾ പ്രതീക്ഷിക്കുന്നതു മുഴുവൻ ചെയ്തുകൊടുക്കാൻ സമയം കിട്ടാതെ വിഷമിക്കുകയാണുണ്ടായത്. ചെറുപ്പത്തിൽ പഠിച്ചു തുടങ്ങിയ മതവിജ്ഞാനവും ജംഇയത്തുസ്സിബ്യാന്റെ ആഭിമുഖ്യത്തിൽ പരിശീലിച്ച മതാധിഷ്ഠിത സേവനങ്ങളും നാൾക്കുനാൾ അദ്ദേഹത്തിൽ വളർന്നു വികസിച്ചു വന്നു. ഉദ്യോഗത്തിൽ നിന്നും വിരമിച്ചശേഷവും പുതിയ സംരംഭങ്ങളിൽ പ്രവേശിക്കുകയും ചെയ്തു. ദൈവവിജ്ഞാനമായ ശാസ്ത്രത്തെ ദൈവനിഷേധത്തിനു ആയുധമാക്കി ദുരുപയോഗപ്പെടുത്തുന്നുവെന്നത് അദ്ദേഹത്തെ ഒരു പുതിയ സംരംഭത്തിലേക്ക് നീക്കി. ദൈവവിശ്വാസത്തിനു ഒരു കോട്ടവും വരുത്താത്ത അതു ശക്തിപ്പെടുത്തുന്ന വിധത്തിൽതന്നെ ശാസ്ത്ര വിജ്ഞാനം നേടാമെന്നത് ജനങ്ങൾക്ക് ബോധ്യം വരുത്തുന്ന വിധത്തിലുള്ള ഒരു ശാസ്ത്രമാസിക പ്രസിദ്ധീകരിക്കണമെന്നുറച്ചു. അതിനെപ്പററി ആലോചിക്കാനായി ഞങ്ങൾ കുറച്ചാളുകൾ യോഗം ചേർന്നു. മാസികയുടെ പേർ 'ശാസ്ത്രവിചാരം' എന്ന് അദ്ദേഹം നിർദ്ദേശിച്ചതു എല്ലാവർക്കും ഇഷ്ടമായി. അതിന്റെ നടത്തിപ്പിനും മററുമായി ശാസ്ത്രവിചാരം ട്രസ്ററ് രൂപീകരിക്കാനും തീരുമാനിച്ചു. അതിന്റെ മുതലായി അദ്ദേഹം തന്നെ ഒരു സംഖ്യ നൽകുകയും ചെയ്തു. മാസികയുടെ മാനേജർ പദവി അദ്ദേഹം സ്വീകരിച്ചു. ശാസ്ത്രവിചാര വേദി എന്ന ഒരു സംഘടനയും രൂപീകരിക്കപ്പെട്ടു. അതിന്റെ അദ്ധ്യക്ഷസ്ഥാനം സ്വീകരിക്കാൻ അദ്ദേഹം സമ്മതിക്കുകയും ചെയ്തു. ആഫീസോ ശമ്പളക്കാരോ ഒന്നുമില്ലാതെ ചെലവു കുറച്ചു നടത്തിയ 'ശാസ്ത്രവിചാരം' മാസികയുടെ എല്ലാ പ്രവർത്തനങ്ങളും മാനേജരുടെ വീട്ടിൽ വെച്ചു അദ്ദേഹവും മററു ചില ഭാരവാഹികളുടെ വീടുകളിൽവെച്ചു അവരും മാത്രമാണ് നടത്തിയിരുന്നത്. ദീർഘനേരം തുടർച്ചയായി ഇരുന്ന് എഴുതിക്കൊണ്ടിരുന്നത് കുട്ടിയമ്മു സാഹിബിന്റെ ആരോഗ്യത്തെ സാരമായിത്തന്നെ ബാധിക്കുകയുണ്ടായി. അദ്ഹേത്തിന്റെ ഭാര്യ ഒരിക്കൽ തമാശയായി പറയുകയുണ്ടായി, ''ഇപ്പോൾ ഒരു വിചാരം മാത്രമേ ഉള്ളു—ശാസ്ത്രവിചാരം'' എന്ന്. അപ്പറഞ്ഞത് അദ്ദേഹത്തെ സംബന്ധിച്ചു എത്രമാത്രം യഥാർത്ഥമായിരുന്നു എന്ന് ഏതാണ്ട് മൂന്നു കൊല്ലത്തിനു ശേഷം 1987 ജൂലൈ 10-ാംതീയതി വെള്ളിയാഴ്ച വൈകിട്ട് എന്റെ ഹൃദയത്തിലേക്ക് വികാരാഭിഷിക്തമായി ആഞ്ഞിറങ്ങാനിടവരികയുണ്ടായി. അദ്ദേഹത്തിനു ക്ഷീണമുണ്ടെന്നറിഞ്ഞതുകൊണ്ട് കുറച്ചു ദിവസമായി ഞാൻ അദ്ദേഹവുമായുള്ള പതിവു ഫോൺ സംസാരം നിർത്തിവെച്ചിരിക്കുകയായിരുന്നു. അന്നു ഉച്ചയോടടുത്താണ് അദ്ദേഹത്തിന്റെ ബന്ധുവും എന്റെ സുഹൃത്തുമായ എഞ്ചിനീയർ സാഹിർ സാഹിബിൽ നിന്നു രോഗം മൂർഛിച്ചിരിക്കുന്നുവെന്നും രാമനാട്ടുകരയിലുള്ള മകൻ ഡോ. അബൂബക്കർ സാഹിബിന്റെ വീട്ടിൽ ആരോടും സംസാരിക്കാൻ പോലും വയ്യാത്ത നിലയിൽ കിടക്കുകയാണെന്നും അറിഞ്ഞത്. അവിടെയുള്ള

സുഹൃത്തുക്കളോട് ഞാൻ വിവരം പറയുകയും ഞങ്ങറം അദ്ദേഹത്തിൻെറ രോഗശമനത്തിനായി പ്രാർത്ഥിക്കുകയും ചെയ്തു. ജുമുഅക്കുശേഷം നേരെ രാമനാട്ടുകരയിൽ വന്നു. അദ്ദേഹം കിടക്കുന്നിടത്ത് ചെന്നുനിന്നപ്പോറം മക്കറം വിളിച്ചു ഞാൻ വന്നിരിക്കുന്നുവെന്നു പറഞ്ഞു. ഉടനെ കണ്ണുമിഴിച്ച് സലാം ചൊല്ലി കൈനീട്ടി. ഞാൻ കൈപിടിച്ചു. അപ്പോറം, ''ഇപ്പോറം എങ്ങനെയൊക്കെയുണ്ട് സ്ഥിതി?'' എന്നു ചോദിച്ചു. എന്തിനെപ്പററിയാണെന്ന് വ്യക്തമാക്കാത്തതുകൊണ്ട് ''ശാസ്ത്രവിചാരത്തെപ്പററിയാണോ?'' എന്നു മക്കളിലൊരാറം ചോദിച്ചതിനു, ''അതെ പിന്നെ പൊതുവിൽ മററു കാര്യങ്ങളും'' എന്നു മറുപടി പറഞ്ഞു. പിന്നെ അധികമൊന്നും സംസാരിക്കാനുള്ള കഴിവ് അദ്ദേഹത്തിനില്ലായിരുന്നു. മക്കളോട് ഒന്നു രണ്ടു വാചകങ്ങറം പറഞ്ഞു. അതിൽ എന്നെ പരാമർശിക്കുകയും ചെയ്തു. രണ്ടാം ദിവസമാണ് അന്ത്യശ്വാസം വലിച്ചത്. അവശമായ ആ നിലയിലും പൊതുതാൽപര്യമുള്ള കാര്യങ്ങളും അക്കൂട്ടത്തിൽ ശാസ്ത്രവിചാരവുമാണ് മനസിലുണ്ടായിരുന്നത് എന്ന് അദ്ദേഹം നടത്തിയ അന്വേഷണത്തിൽ നിന്ന് മനസ്സിലായപ്പോഴാണ് അദ്ദേഹത്തിനു ശാസ്ത്രവിചാരം എന്ന വിചാരം മാത്രമേ ഉള്ളു എന്ന് മൂന്നു കൊല്ലം മുമ്പു കേട്ട തമാശ തമാശയല്ല എന്ന് തോന്നിയത്.

സാമൂഹ്യപ്രവർത്തനങ്ങറം മതാനുഷ്ഠാനത്തിൻെറ ഭാഗമായി ചെറുപ്പത്തിൽ പഠിക്കുകയും ശീലിക്കുകയും ചെയ്ത കുട്ടിയമ്മു സാഹിബ് കാലം ചെല്ലുന്തോറും ആ പ്രവർത്തനങ്ങറക്ക് വ്യാപ്തിയും ആഴവും വർദ്ധിപ്പിച്ചുകൊണ്ടിരുന്നു. അദ്ദേഹം കുറച്ചു കാലം തുടർച്ചയായി താമസിക്കാൻ ഇടവന്നിട്ടുള്ള സ്ഥലങ്ങളിലെല്ലാം തൻെറ പ്രവർത്തനങ്ങറം നടത്തിയിട്ടുണ്ട്. മദിരാശിയിൽ മലബാർ മുസ്ലിം അസോസിയേഷനിൽ (ഇപ്പോഴത്തെ 'കേരള മുസ്ലിം അസോസിയേഷനി'ൽ) അദ്ദേഹം താൽപര്യമെടുത്തു പ്രവർത്തിച്ചു. തിരുവനന്തപുരം മുസ്ലിം അസോസിയേഷനും പാളയം പള്ളിയും അദ്ദേഹത്തിൻെറ സ്മാരകങ്ങളായി വർത്തിക്കും. കോഴിക്കോട്ട് താമസമാക്കിയപ്പോറം വളർത്തിയതാണ് സിവിൽ സ്റേറഷനു തൊട്ടുള്ള ഇസ്ലാമിക് സെൻററും പള്ളിയും അതിലെ നല്ല ലൈബ്രറിയും.

മനുഷ്യവർഗ്ഗത്തിൻെറ ഏകീകരണത്തിന് ഐക്യത്തിലൂടെയും സാഹോദര്യത്തിലൂടെയും മാതൃകകാട്ടിക്കൊടുക്കാൻ ബാദ്ധ്യസ്ഥരായ മുസ്ലിംകളുടെ സമൂഹം പലതിൻെറയും പേരിൽ ഭിന്നിച്ച് വർത്തിക്കുന്നത് അദ്ദേഹത്തെ വളരെയധികം വേദനിപ്പിച്ചിരുന്നു. അഭിപ്രായവ്യത്യാസങ്ങറം നിലനിർത്തിക്കൊണ്ടു തന്നെ ഐക്യവും സാഹോദര്യവും പുലർത്താമെന്നാണ് അദ്ദേഹത്തിൻെറ ബലമായ അഭിപ്രായം. എന്നാൽ അതു പറഞ്ഞാൽഒരു കക്ഷിയും സ്വീകരിക്കുന്നതല്ല എന്ന് അദ്ദേഹത്തിന് ബോദ്ധ്യവുമുണ്ടായിരുന്നു. അതുകൊണ്ട് എല്ലാ കക്ഷികളുമായും ഒരു പോലെ സഹകരിക്കുകയും ഒരു കക്ഷിയെയും വർജ്ജിക്കാതിരിക്കുകയും ചെയ്യുക എന്ന നയം സ്വീകരിക്കലാണ് അദ്ദേഹം അവലംബിച്ച മാർഗ്ഗം.

തൻെറ ആരോഗ്യത്തെ, അഥവാ രോഗത്തെപ്പററി ബോധവാനായതുകൊണ്ടാവണം അദ്ദേഹം മരിക്കുന്നതിൻെറ കുറെ മാസങ്ങറക്കുമുമ്പു തന്നെ എല്ലാ ബാദ്ധ്യതകളിൽ നിന്നും, ശാസ്ത്രവിചാരം മാനേജർ സ്ഥാനത്തു നിന്നും നിർബന്ധപൂർവ്വം ഒഴിവായി. അതോടൊപ്പം പ്രവർത്തനങ്ങറം പഴയപോലെ തുടർന്നുകൊണ്ടിരിക്കയും ചെയ്തു.

## വിശ്രമം നിഷിദ്ധം

തൻെറ അറിവും ചിന്തയും സമൂഹത്തിൻെറ നന്മയ്ക്കുവേണ്ടി വിട്ടേച്ചുപോകാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചു. അങ്ങനെ, ആയിരത്തോളം ഷീററുകളിലായി തൻെറ ലേഖനങ്ങറം എഴുതി ചിലരെക്കൊണ്ടെല്ലാം പരിശോധിപ്പിച്ചു രണ്ടു വാള്യങ്ങളായി ബൈൻറ് ചെയ്തു വെച്ചു. അച്ചടിച്ചു പ്രസിദ്ധീകരിക്കണമെന്നാഗ്രഹിച്ചെങ്കിലും മരണത്തിനു മുമ്പ് അത് സാദ്ധ്യമായില്ല. മരണശേഷം അതിൻെറ അച്ചടി സമൂഹം തന്നെ ഏറെറടുത്തുവെന്നതും അതു നടന്നുവരുന്നുണ്ടെന്നതും സന്തോഷകരമാണ്.

കുട്ടിയമ്മു സാഹിബിൻെറ വൈശിഷ്ട്യങ്ങളിൽ രണ്ടെണ്ണം കൂടി പറയട്ടെ. എപ്പോഴും ജോലി ചെയ്തുകൊണ്ടിരിക്കുക, വിശ്രമത്തിനുവേണ്ടി വിശ്രമിക്കാതിരിക്കുക എന്നത് അദ്ദേഹത്തിൻെറ സ്വഭാവമായിരുന്നു. അദ്ഹേം ചാരുകസേര ഉപയോഗിക്കാറില്ല. ഒരിക്കലും ചാരുകസേരയിൽ (ഈസിചെയറിൽ) ഇരിക്കുന്നത്

കണ്ടിട്ടില്ലെന്നാണ് മക്കളും അടുത്തു ബന്ധപ്പെട്ടുജീവിച്ചിട്ടുള്ളവരും പറയുന്നത്. 'ഈസിചെയറി' ലിരിക്കുക 'ഈസി' ആയി ജീവിക്കുന്നവർ മാത്രമാണ്. എപ്പോഴും ജോലിചെയ്തു കൊണ്ടിരിക്കുന്നവർ 'ഈസിചെയറു'മായി പൊരുത്തപ്പെടുകയില്ല. മററുള്ളവരെക്കൊണ്ട് തനിക്കുവേണ്ടി എന്തെങ്കിലും ചെയ്യിക്കുന്നത് അദ്ദേഹത്തിന് ഇഷ്ടമല്ലായിരുന്നു, എന്നാൽ മററുള്ളവർക്കു വേണ്ടി എന്തുചെയ്യുന്നതും തനിക്കിഷ്ടവുമായിരുന്നു. അദ്ദേഹത്തിന്റെ വീട്ടിൽ വെച്ചു കൂടാറുള്ള ഞങ്ങളുടെ ചില കാര്യാലോചനായോഗങ്ങൾ അവസാനകാലത്ത് അവിടെ വെച്ചു കൂടുന്നത് അദ്ദേഹം നിരുത്സാഹപ്പെടുത്തുകയുണ്ടായി. അതിഥികളെ പരിചരിക്കാൻ തന്റെ ആരോഗ്യസ്ഥിതി അനുവദിച്ചിരുന്നില്ല എന്നതാണ് കാരണം.

മറെറാന്ന്, അദ്ദേഹത്തിന്റെ ജീവിതനിലവാരമാണ്. തനിക്ക് കിട്ടുന്ന ന്യായമായ വരുമാനം കൊണ്ടുള്ള ലളിത ജീവിതം നയിക്കുക, അതുകൊണ്ട് തൃപ്തിയടയുക എന്നത് അദ്ദേഹത്തിന് നിർബന്ധമായിരുന്നു. പൊങ്ങച്ചം, ആർഭാടം, അത്യാഗ്രഹം തുടങ്ങിയ ദുർഗുണങ്ങളിലൊന്നിനും അദ്ദേഹത്തിൽ സ്ഥാനം പിടിക്കാൻ പററിയിട്ടില്ല. ജീവിത നിലവാരം മെച്ചപ്പെടുത്താനും സമ്പാദിക്കാനും ഉൽസാഹിക്കാത്തതിൽ കുടുംബക്കാരിൽ പലർക്കും അദ്ദേഹത്തെപ്പററി പരാതിയുണ്ടായിരുന്നതായി കുടുംബക്കാരിൽ നിന്നു തന്നെ അറിയാൻ കഴിഞ്ഞിട്ടുണ്ട്.

കുട്ടിയമ്മുസാഹിബിന്റെ ഔദ്യോഗിക ജീവിതം നിരൂപണബുദ്ധ്യാ വിലയിരുത്തുമ്പോൾ, അദ്ദേഹം ''നിർഭാഗ്യവാൻ'' ആണെന്ന നിഗമനത്തിലെത്തുന്നവരുണ്ടായിരിക്കും. മുപ്പത്തിമൂന്നു കൊല്ലത്തോളം എഞ്ചിനീയറായി ഉദ്യോഗത്തിലിരുന്ന് ചീഫ് എഞ്ചിനീയറായി റിട്ടയർ ചെയ്തിട്ടും ''വേണ്ടത്ര'' സമ്പാദിക്കാനുള്ള ''കഴിവോ, വൈഭവമോ, പ്രായോഗികബുദ്ധിയോ'' അദ്ദേഹത്തിനുണ്ടായിരുന്നില്ല എന്നതാണ് അവർ കാണുന്ന ''നിർഭാഗ്യം''. എന്നാൽ അദ്ദേഹം മഹാഭാഗ്യവാനാണ് എന്ന നിഗമനത്തിലെത്തുന്നവരുമുണ്ട്. അദ്ദേഹം സത്യസന്ധവും ആത്മാർത്ഥവുമായി ജോലി ചെയ്തു; തന്റെ ഒരു പ്രവർത്തനത്തിനും ഐഹികമായ നേട്ടങ്ങൾ ലക്ഷ്യം വെക്കാതെ, എല്ലാററിനും ''മരണാനന്തരബഹുമതി'', അഥവാ, പാരത്രികപ്രതിഫലം ലക്ഷ്യമാക്കി; സ്വന്തം ശരീരത്തിനു ചുററും നൂൽ കൊണ്ട് ഭവനമുണ്ടാക്കാൻ ജീവിതം മുഴുവൻ അവിശ്രമം പരിശ്രമിച്ച പട്ടുനൂൽപുഴു അവസാനം അതിൽ നിന്നു രക്ഷപ്പെടാൻ കഴിയാത്തതുകൊണ്ട് തിളച്ച വെള്ളത്തിൽ കിടക്കുമ്പോൾ താൻ അദ്ധ്വാനിച്ചു സമ്പാദിച്ച ഭവനത്തെപ്പററി ഖേദിക്കുന്നതു പോലെ, ഉദ്യോഗകാലത്ത് സമ്പാദിച്ചതിന്റെ മദ്ധ്യത്തിൽ കിടന്നു മരണസമയത്ത് ഖേദിക്കേണ്ട ഗതികേട് അദ്ദേഹത്തിനുണ്ടായില്ല; തനിക്കും മററാർക്കും ഒരു ബാദ്ധ്യതയും ബാക്കിവെക്കാതെ, സ്വതന്ത്രനും സംശുദ്ധനും പൂർണ്ണമായും സംതൃപ്തനുമായിതന്നെപ്പററി സംതൃപ്തനായ സ്രഷ്ടാവിങ്കലേക്ക്, സ്രഷ്ടാവിന്റെ അവർണ്ണനീയങ്ങളായ അനുഗ്രഹങ്ങളിലേക്ക് അന്ത്യയാത്ര ചെയ്യാൻ സാദ്ധ്യമാക്കുന്നവിധത്തിൽ ഔദ്യോഗികകൃത്യങ്ങൾ നിർവ്വഹിച്ചു ജീവിച്ച മഹാഭാഗ്യവാൻ ആയിരുന്നു അദ്ദേഹം. ഈ ലേഖകൻ ഈ നിഗമനത്തോടുപൂർണ്ണമായി യോജിക്കുകയും, അതേവിധത്തിൽ ദൈവത്തിന്റെ അനുഗ്രഹങ്ങളിലേക്ക് സംതൃപ്തിയോടും പ്രതീക്ഷകളോടും കൂടി അന്ത്യയാത്രചെയ്യാൻ നമുക്കെല്ലാം സാധിക്കുമാറാകട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു.

---

നബി (സ) തന്റെ ദിവ്യ സന്ദേശത്തിലൂടെ അല്ലാഹുവിൽ വിശ്വസിക്കുകയും അവന്റെ ശിക്ഷയെ ഭയപ്പെടുകയും ചെയ്യുന്ന വ്യക്തിയെ സമൂഹത്തിന് കാഴ്ചവെച്ചു. അവൻ ഭക്തനും വിശ്വസ്തനും ഐഹിക ജീവിതത്തേക്കാൾ പരലോകജീവിതത്തിന് പ്രാധാന്യം നൽകുന്നവനുമായിരുന്നു. ദുൻയാവ് മുഴുവനും അവനുവേണ്ടി സൃഷ്ടിക്കപ്പെട്ടതും അവൻ പരലോകമോക്ഷത്തിന് വേണ്ടി സൃഷ്ടിക്കപ്പെട്ടതുമാണെന്ന് വിശ്വസിക്കുന്നവനായിരുന്നു. അവൻ ഒരു വ്യവസായത്തിലൂടെ ഉപജീവനം കഴിക്കുന്നവനാണെങ്കിൽ അതിൽ സത്യസന്ധനും വിശ്വസ്തനുമായിരുന്നു. അവനൊരു ദരിദ്രനാണെങ്കിൽ മാന്യനും ആഭിജാത്യമുള്ളവനുമായിരുന്നു. അവനൊരു തൊഴിലാളിയാണെങ്കിൽ കഠിനാദ്ധ്വാനിയും ഗുണകാംക്ഷിയുമായിരുന്നു. അവനൊരു ധനികനാണെങ്കിൽ ഉദാരമതിയും സമത്വചിന്താഗതിക്കാരനുമായിരുന്നു. അവനൊരു ജഡ്ജിയാണെങ്കിൽ നീതിമാനും ശുദ്ധനുമായിരുന്നു. അവനൊരു നേതാവാണെങ്കിൽ വിനീതനും കരുണാനിധിയും നിഷ്കളങ്കനുമായിരുന്നു. അവനൊരു കൂലിക്കാരനോ ഭൃത്യനോ ആണെങ്കിൽ ശക്തനും വിശ്വസ്തനുമായിരുന്നു. അവനൊരു പൊതു സ്വത്തിന്റെ സൂക്ഷിപ്പുകാരനാണെങ്കിൽ എല്ലാം അറിയുന്ന സത്യസന്ധനായിരുന്നു. ഇങ്ങനെയുള്ള ബലിഷ്ഠമായ ഇഷ്ടികകളിലാണ് മുസ്ലിം സമാജം നിലവിൽവന്നത്.

—അബുൽഹസൻ അലി നദ്‌വി

# ടി. പി. കുട്ടിയമ്മു സാഹിബ്

## ഒരനുസ്മരണം

പ്രൊ. സയ്യദ് മൊഹിദീൻഷാ

''സൌഹൃദം വലയം ചെയ്യുവാൻ തക്കവണ്ണം ലോകം ഗോളാകൃതിയിലാക്കപ്പെട്ടിരിക്കുന്നു'' വെന്നു പണ്ടൊരുചിന്തകൻ പറഞ്ഞിട്ടുള്ളതായോർക്കുന്നു. സ്നേഹബന്ധങ്ങളില്ലെങ്കിൽ ഈ ലോകം എന്നേ ശൂന്യവുംജീവന്റെ ചലനങ്ങളില്ലാത്ത ഒരു മരുഭൂവുമായിത്തീർന്നേനെ !

ജീവിതത്തിൽ മറക്കാൻ കഴിയാത്ത പല സുഹൃത്തുക്കളേയും ഞാനോർക്കുന്നു. പക്ഷെ, മനോദൃഷ്ടിയിൽ നിന്നൊരിക്കലും മാഞ്ഞുപോകാത്ത ജനാബ് കുട്ടിയമ്മുസാഹിബിന്റെ രൂപവും, സുഹൃദ് ബന്ധങ്ങളും ഒരു ചലച്ചിത്രത്തിലെന്ന പോലെ എന്റെ മനസിൽ എന്നും സ്മരണകളുണർത്തുന്നു.

1929 മുതൽ മദ്രാസ് സെയ്ദാപ്പേട്ടിൽ ടീച്ചേർസ് കോളേജിൽ ഞാൻ അദ്ധ്യയനം ചെയ്തുകൊണ്ടിരുന്ന കാലത്ത് മദ്രാസ് എഞ്ചിനീയറിങ്ങ് കോളേജിൽ കുട്ടിയമ്മു സാഹിബ് വിദ്യാർത്ഥിയായിരുന്നു. കൂടെക്കൂടെയുണ്ടായിക്കൊണ്ടിരുന്ന ഞങ്ങളുടെ പരസ്പര സമ്പർക്കം പിന്നീട് സുദൃഢമായിത്തീർന്ന സ്നേഹബന്ധങ്ങാംക്ക് അടിത്തറയിട്ടു. യുവസഹജമായ പ്രസരിപ്പും, പ്രസന്നതയും കൈവിടാതെ തന്നെ ഏതു വിഷയത്തെക്കുറിച്ചും ചിന്താർഹങ്ങളായ അഭിപ്രായപ്രകടനങ്ങാം നടത്താൻ അദ്ദേഹത്തിനന്നും പ്രാഭവമുണ്ടായിരുന്നുവെന്നു ഞാനോർക്കുന്നു. ദീനിയായും, സാമൂഹ്യമായും രാഷ്ട്രീയമായും അദ്ദേഹത്തിന് അന്നും സ്വന്തമായ ചില ആദർശവിശ്വാസങ്ങളുണ്ടായിരുന്നു. മതവിദ്യാഭ്യാസത്തോടൊപ്പം സാമാന്യവിദ്യാഭ്യാസം നേടുന്നതിന്റെ ആവശ്യകതയെക്കുറിച്ചു സമുദായം കൂടുതൽ ഉൽബുദ്ധമാകണമെന്നു ആത്മാർത്ഥമായി അഭിലഷിച്ചിരുന്ന അദ്ദേഹം, മലബാർ മുസ്ലിം അസോസ്യേഷന്റെയും മുസ്ലിം വിദ്യാഭ്യാസസംരംഭങ്ങളുടെയും അനുഭാവിയും, സേവകനുമായി സാധ്യമായവിധം സേവനങ്ങളർപ്പിച്ചിട്ടുണ്ട്. ദീനിന്റെ അടിസ്ഥാനതത്വങ്ങളിലുറച്ചുനിന്നുകൊണ്ട് അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും അദ്ദേഹം എതിർത്തു.

### കേരളത്തിലെ ചീഫ് എഞ്ചിനീയർ

പിന്നീട് മദ്രാസ് പൊതുമരാമത്തുവകുപ്പിൽ എഞ്ചിനീയറായിരിക്കെ 1956 നവമ്പർ 1-ന് കേരളാ സ്റേററ് രൂപം കൊണ്ടപ്പോാം പി.എസ്. റാവുവിന്റെ അഡ്വൈസർ ഭരണകാലത്ത് അദ്ദേഹം കേരളത്തിൽ സ്പെഷ്യൽ ചീഫ് എഞ്ചിനീയറായി നിയമിക്കപ്പെട്ടു. ഇത് സമുദായത്തിന്റെ ഭാഗധേയമായി അദ്ദേഹത്തെ അറിയാവുന്നവർ പരിഗണിച്ചത് വൃഥാവിലല്ലെന്നു പിന്നീടു ബോദ്ധ്യപ്പെട്ട വസ്തുതയാണല്ലൊ. ജാതി-മതഭേദമെന്യേ ജനസാമാന്യത്തിന്റേയും ഭരണകൂടത്തിന്റേയും ആകമാനം ബഹുമാനാദരങ്ങാം പിടിച്ചു പററാൻ അദ്ദേഹത്തിനു സാധിച്ചു. 1963 മുതൽ 69 വരെ 'കേരള ഇസ്ലാമിക് സെമിനാർ' പ്രവർത്തിച്ചിരുന്ന കാലങ്ങളിൽ ഞങ്ങാംക്ക് അടുത്ത സമ്പർക്കങ്ങാം പുലർത്താൻ സന്ദർഭങ്ങളുണ്ടായി. സെമിനാറിന്റെ പ്രവർത്തനങ്ങളിൽ അദ്ദേഹം നിസ്സീമമായ സേവനങ്ങളാണർപ്പിച്ചിട്ടുള്ളത്.

### സ്ഥായിയായ സാമൂഹ്യസേവനങ്ങൾ

തൃശൂർ മുസ്ലിം എഡ്യുക്കേഷനൽ അസോസിയേഷന്റെ സ്ഥാപനത്തിനും വളർച്ചയ്ക്കും അദ്ദേഹം സഹായസഹകരണങ്ങളർപ്പിച്ചിട്ടുണ്ട്, തൃശൂർ എഞ്ചിനീയറിംഗ് കോളേജിലെ മുസ്ലിം വിദ്യാർത്ഥികാംക്കുവേണ്ടി പള്ളി, ഹോസ്ററൽ എന്നിവ സ്ഥാപിക്കുവാൻ അദ്ദേഹം വളരെയധികം യത്നിച്ചിട്ടുണ്ട്. പരേതനായ ചാവക്കാട്ടെ അബ്ദുൽ ഖാദർ ഹാജി, സിദ്ധീഖുസേട്ടു, ഈസാ ഇസ്മെയിൽസേട്ടു മുതലായ വ്യവസായ വാണിജ്യ പ്രമുഖൻമാരെ സംഘടിപ്പിച്ചു 50 സെൻറ് സ്ഥലത്ത് അസോസിയേഷനുവേണ്ടി പള്ളി നിർമ്മിക്കാൻ കുട്ടിയമ്മു സാഹിബ് ചെയ്തിട്ടുള്ള സേവനങ്ങാംക്ക് ആ പള്ളിക്കെട്ടിടം തന്നെ ചിരസ്മാരകമായി നിലകൊള്ളുന്നു.

1963 ൽ ഞാൻ റിട്ടയർ ചെയ്തു. പിന്നീട് യൂണിവേഴ്സിററിയിൽ ഗവേഷണവൃത്തിയിലേർപ്പെട്ടു കൊണ്ടിരുന്നപ്പോഴം, കുട്ടിയമ്മുസാഹിബ് പ്രസിഡൻറും ഹസ്സൻ മരയ്ക്കാർ സെക്രട്ടറിയും കെ. സി. കെ. എം. മേത്തർ ഖജാൻജിയുമായി തിരുവനന്തപുരത്ത് പാളയം പള്ളി പുനർനിർമ്മാണത്തിനു കമ്മിററി രൂപീകരിക്കപ്പെട്ടു. ഫണ്ടു ശേഖരണത്തിനും കെട്ടിട നിർമ്മാണത്തിനും വേണ്ടി അദ്ദേഹമർപ്പിച്ച അവിശ്രാന്തസേവനങ്ങാക്ക് ഇന്നത്തെ പാളയം പള്ളിക്കെട്ടിടം ഒരു സ്വയംസ്മാരകമായി നിലകൊള്ളുന്നു.

## ഇസ്ലാമിക് സെമിനാറുകളുടെ നെടുംതൂൺ

കേരള ഇസ്ലാമിക് സെമിനാറിൻെറ പ്രവർത്തനങ്ങാ തിരുവനന്തപുരം, ആലപ്പുഴ എറണാകുളം, ആലുവ, കോഴിക്കോട്, കണ്ണൂർ, പാലക്കാട് എന്നിങ്ങനെ വിവിധ കേന്ദ്രങ്ങളിൽ വ്യാപിപ്പിക്കുന്ന കാര്യത്തിൽ സെമിനാറിൻെറ അദ്ധ്യക്ഷനായിരുന്ന എനിക്ക് കുട്ടിയമ്മു സാഹിബ് നല്കിയിട്ടുള്ള ഉപദേശനിർദ്ദേശങ്ങാ വിലപ്പെട്ടവയായിരുന്നുവെന്നു ഞാൻ നന്ദിപൂർവ്വം സ്മരിക്കുകയാണ്. അദ്ദേഹം ആദ്യന്തം അതിൻെറ അഡ്വൈസറായിരുന്നു. സെമിനാറിൻെറ വിജയകരമായ പ്രവർത്തനങ്ങാക്കു വേണ്ടി സഹായിച്ചിട്ടുണ്ട്. അദ്ദേഹത്തിൻെറ പ്രേരണാശക്തികൊണ്ടു തന്നെയാണ് കോഴിക്കോട് മുസ്ലിംഎഡ്യൂക്കേഷനൽ സൊസൈററി രൂപം കൊണ്ടത്. സാംസ്ക്കാരിക വിദ്യാഭ്യാസ രംഗങ്ങളിൽ ഒരു നവോത്ഥാനത്തിനു നാന്ദി കുറിക്കാൻ ഈ സംരംഭങ്ങാ സഹായിച്ചിട്ടുണ്ടെന്നുള്ളത് അനുഭവവേദ്യമാണ്. പാലക്കാട്ടും, കണ്ണൂരും, തലശ്ശേരിയിലും മററും അതിൻെറ സ്ഫുലിംഗങ്ങാ ദർശിക്കപ്പെട്ടിട്ടുണ്ട്.

## ''ഇസ്ലാമികദർശന''ത്തിൻെറ പ്രസിദ്ധീകരണം

സാമൂഹ്യരംഗത്ത് സഹപ്രവർത്തകൻമാരായി സഹകരിച്ചു പ്രവർത്തിക്കാൻ ഞങ്ങാക്കു ലഭിച്ച സാഹചര്യങ്ങളിൽ ചിലതാണ് ഉപര്യുക്തങ്ങളായ സന്ദർഭങ്ങാ. ഈ സഹകരണബോധവും സേവനസന്നദ്ധതയും വളർന്നു വികസിച്ചു സുമധുരമനോഹരമായ ഒരു പുഷ്പമഞ്ജരിയായി സമുദായത്തിനുസമർപ്പിക്കുവാൻ സാധിതമായിത്തീർന്ത ഒരസുലഭസംരംഭമായിരുന്നു 1983-ൽ കേരളഭാഷാഇൻസ്ററിററ്യൂട്ട് പ്രസിദ്ധീകരിച്ച ''ഇസ്ലാമികദർശന'' മെന്ന മഹദ്ഗ്രന്ഥം. 1975-ൽ ഇൻസ്ററിററൂട്ടിൻെറ ഡയറക്ടറായിരുന്ന ശ്രീ. എൻ.വി. കൃഷ്ണവാരിയർ എനിക്ക് നൽകിയ ചില സൂചനകാ കൈക്കൊണ്ട് കുട്ടിയമ്മുസാഹിബ്, പ്രൊ. വി. മുഹമ്മദ്സാഹിബ്, സി. പി. അബൂബക്കർ മൌലവി (റൌസത്തുൽഉലൂം) മുതലായ പണ്ഡിത സാഹൃത്തുക്കളോടാലോചിച്ചു രൂപം നൽകപ്പെട്ട പദ്ധതിയനുസരിച്ച് ഒരു നിർവ്വാഹകസമിതിയും എൻെറ അദ്ധ്യക്ഷതയിൽ കുട്ടിയമ്മു സാഹിബ്, പ്രൊ. വി. മുഹമ്മദ്സാഹിബ്, എന്നിവരുംക്കൊണ്ട ഒരു എഡിറേറാറിയൽ ബോർഡും രൂപം പ്രാപിച്ചു. ഏഴുവർഷങ്ങളിലേറെ നീണ്ടു നിന്ന ഈ ദർശനയജ്ഞം വിജയസമാപ്തിയിലെത്തിക്കുവാൻ സഹായിച്ച ജ്ഞാന-കർമ്മയോഗികാ പലരാണ്. ഈ കർമ്മപരിപാടിയിൽ അതിൻെറ ഭാരവാഹിത്വം പലപ്പോഴും നേരിടേണ്ടിവന്നിട്ടുള്ള സന്ദിഗ്ദ്ധ ഘട്ടങ്ങാ നിരവധിയാണ്. കുട്ടിയമ്മു സാഹിബിൻെറ കർമ്മകുശലതയും, പ്രായോഗികബുദ്ധിയും, പ്രൊ. മുഹമ്മദുസാഹിബിൻെറ ധിഷണാ വൈഭവവും ഞാൻ ഈ സന്ദർഭത്തിൽ നന്ദിപൂർവ്വം ഓർത്തുപോവുകയാണ്. ''ഇസ്ലാമികദർശന''ത്തിൻെറ പ്രകാശനം ഞങ്ങളുടെ സൗഹൃദബന്ധങ്ങളുടെ രജതരേഖയായി നിലകൊള്ളുന്നു.

## കുട്ടിയമ്മുസാഹിബിൻെറ മുഖമുദ്ര

ജനാബ് കുട്ടിയമ്മുസാഹിബിൻെറ നേട്ടങ്ങളുടേയും അറിയപ്പെടുന്നവയും അറിയപ്പെടാത്തവയുമായ സേവനങ്ങളുടേയും സമഗ്രമായ വർണ്ണശബളമായ—ചിത്രതരംഗങ്ങളിൽ എനിക്ക് വ്യക്തിപരമായി പങ്ക് കൊള്ളുവാൻ ലഭിച്ചിട്ടുള്ള ചില സന്ദർഭങ്ങാക്ക് സൂചന നൽകുക മാത്രമാണ് ഇവിടെ ഉദ്ദേശ്യം. കനത്ത ഹൃദയ വ്യഥയോടു കൂടിയല്ലാതെ അദ്ദേഹത്തിൻെറ വിയോഗത്തെക്കുറിച്ച് ചിന്തിക്കുവാൻ എനിക്ക് സാദ്ധ്യമല്ല. ''ഇന്നാലില്ലാഹി വ ഇന്നാഇലൈഹി റാജി ഊൻ.'' നിഷ്കപടമായ ആ ഹൃദയ നൈർമ്മല്യവും, നിസ്വാർത്ഥമായ സേവനോത്സുകതയും, സർവ്വതോൻമുഖമായ സാമൂഹ്യബോധവും, മനുഷ്യസ്നേഹവും സമഭാവനയും എല്ലാററിനുമുപരി സർവ്വജഗന്നിയന്താവായ അല്ലാഹുവിനോടുള്ള ഭയഭക്തിയും അർപ്പണബോധവും അദ്ദേഹത്തിൻെറ മുഖമുദ്രകളാകുന്നു. ഈ മുഖമുദ്രകാ വളരുന്ന നമ്മുടെ യുവതലമുറയ്ക്ക് പ്രചോദനം നല്കട്ടെയെന്നു നമുക്കാശിക്കാം.

അല്ലാഹു സുബുഹാനഹുത്തആലാ അദ്ദേഹത്തിൻെറ ആത്മാവിനു മഅ്ഫിറത്തു നല്കട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട് ഈ സ്മരണോപഹാരം ഞാൻ സമുദായസമക്ഷം സമർപ്പിച്ചു കൊള്ളുന്നു. □

# ററി. പി. കുട്ടിയമ്മു സാഹിബ്

**പ്രൊഫ. സി. എ. അബ്ദുൽസലാം**
പ്രൊ വൈസ് ചാൻസലർ
കൊച്ചിൻ യൂണിവേഴ്സിററി

---

**വി**ദ്യാഭ്യാസരംഗത്ത് കേരള മുസ്ലിംകൾ ഇതരസമുദായങ്ങളെ അപേക്ഷിച്ചു ഇന്നും പിന്നോക്കമാണെങ്കിലും, കഴിഞ്ഞ ഇരുപതോ ഇരുപത്തഞ്ചോ വർഷങ്ങൾക്കുള്ളിൽ ഈ സമുദായം ''മുന്നോട്ടുള്ള ഒരു വലിയ കുതിച്ചു ചാട്ടം'' (a great leap forward) നടത്തിയിട്ടുണ്ടെന്നുള്ള കാര്യവും വിസ്മരിക്കാനാവില്ല. 1967 ൽ മുസ്ലിം സമുദായത്തിന് 5 ആർട്ട്സ് സയൻസ് കോളേജുകൾ മാത്രം ഉണ്ടായിരുന്ന സ്ഥാനത്ത് ഇന്ന് 15 കോളേജുകൾ ഉണ്ട്—വളർച്ചയുടെ സൂചിക 300 അഥവാ മൂന്നിരട്ടിയാണ്. കോളേജുകളിൽ പഠിച്ചിരുന്ന മുസ്ലിം വിദ്യാർത്ഥികളുടെ എണ്ണം 1967 ൽ 3987 മാത്രം ആയിരുന്നുവെങ്കിൽ 1983ൽ അത് 25214 ആയി ഉയർന്നു. ഇക്കാര്യത്തിൽ ഉണ്ടായ വളർച്ച ആറിരട്ടിയിൽ അധികമാണ്—സൂചിക 632.4. ഡിഗ്രി ക്ലാസുകളിൽ പഠിച്ചിരുന്ന മുസ്ലിം വിദ്യാർത്ഥികളുടെ എണ്ണം 1968ൽ 1329 ആയിരുന്നുവെങ്കിൽ 1983 ൽ ഇത് 8825 ആയി ഉയർന്നു. ഇവിടെ വളർച്ചയുടെ സൂചിക 664 അഥവാ ഏഴിരട്ടിയോട് അടുത്ത് വരുന്നു. ഹൈസ്കൂളുകളിൽ പത്താം ക്ലാസിൽ പഠിച്ചിരുന്ന മുസ്ലിംകൾ 1968 ൽ 15109 മാത്രമായിരുന്നു. എന്നാൽ 1982 ൽ ഇത് 44291 ആയി ഉയർന്നു. വളർച്ചയുടെ സൂചിക 293.1 ആകുന്നു—അതായത് മൂന്നിരട്ടി വർദ്ധനവ് ഉണ്ടായതായി കാണുന്നു.

മുസ്ലിംകളിൽ മൂന്നിൽ രണ്ടു ഭാഗവും താമസിക്കുന്ന മലബാർ മേഖലയിലെ വിദ്യാഭ്യാസ പുരോഗതിയുടെ കണക്കുകൾ എടുത്ത് പരിശോധിച്ചാലും അഭിമാനാർഹങ്ങളായ നേട്ടങ്ങൾ ഉണ്ടായതായി കാണാൻ സാധിക്കും. 1964ൽ മൊത്തത്തിൽ 21ആർട്ട്സ് സയൻസ് കോളേജുകൾ മാത്രമുണ്ടായിരുന്ന മലബാർ മേഖലയിൽ 1983 ൽ 51 കോളേജുകൾ ഉള്ളതായി കാണാം—വളർച്ചയുടെ സൂചിക 242.8. കോളേജു വിദ്യാർത്ഥികളുടെഎണ്ണത്തിൻെറ കാര്യത്തിലാണ് ഏററവും വലിയ പുരോഗതി ഉണ്ടായത്.1964 ൽ 9,869 വിദ്യാർത്ഥികൾ മാത്രമാണ് മലബാറിലെ കോളേജുകളിൽ ഉണ്ടായിരുന്നത്. 1983 ൽ ഇത് 71,657 ആയി ഉയർന്നു. ഏഴിരട്ടിയായിത്തീർന്നു—വളർച്ചയുടെ സൂചിക 726. ഹൈസ്കൂൾ വിദ്യാർത്ഥികൾ 1964 ൽ 1,25,083 ആയിരുന്നത് 1983 ൽ 4,48,203 ആയി ഉയർന്നു—സൂചിക 358.3. അതുപോലെ പത്താം ക്ലാസിലെ മാത്രം കുട്ടികളുടെ എണ്ണം 1964-ൽ 27,163 മാത്രം ആയിരുന്നപ്പോൾ 1983 ൽ അത് നാലിരട്ടിയായി ഉയർന്നതായി കാണാം. 1983 ൽ 1,06,851 കുട്ടികളാണ് മലബാറിലെ ഹൈസ്കൂളുകളിൽ പത്താം ക്ലാസിൽ പഠിച്ചിരുന്നത്—സൂചിക 393.4

### കുട്ടിയമ്മു സാഹിബ് — എല്ലാവരുടേയും എല്ലാ സ്ഥലങ്ങളിലേയും പ്രചോദകൻ

മുസ്ലിം സമുദായവും മലബാർ മേഖലയും കൈവരിച്ച അഭിമാനാർഹങ്ങളായ ഈ നേട്ടങ്ങൾക്കു പിന്നിൽ കെ. എം. സീതി സാഹിബ്, സി. എച്ച്. മുഹമ്മദ് കോയാ സാഹിബ്, ഡോ. പി. കെ. അബ്ദുൽ ഗഫൂർ സാഹിബ് മുതലായ നേതാക്കന്മാരുടെ ദീർഘ വീക്ഷണവും ത്യാഗസന്നദ്ധതയും കഠിനാദ്ധ്വാനവും അർപ്പണ മനോഭാവവും പ്രവർത്തിച്ചിരുന്നതായി ചരിത്രാന്വേഷികൾക്ക് കണ്ടെത്തുവാൻ കഴിയും. എന്നാൽ ഓരോ പ്രദേശത്തും ഇത്തരം നേട്ടങ്ങൾ ഉണ്ടാക്കാൻ അതാതു സ്ഥലങ്ങളിലെ പ്രവർത്തകർക്ക് പ്രചോദനം നൽകുകയും അവരെ കർമ്മോന്മുഖരാക്കുകയും അവരുടെ പ്രവർത്തനങ്ങൾക്ക് താങ്ങും തണലുമായി നില്ക്കുകയും അവർ അഭിമുഖീകരിച്ച പ്രശ്നങ്ങൾക്കും പ്രയാസങ്ങൾക്കും പരിഹാരമുണ്ടാക്കുവാൻ അവരെ സഹായിക്കുകയും ചെയ്തിട്ടുള്ള വ്യക്തി അല്ല, സ്ഥാപനമാണ് ജ. ടി. പി. കുട്ടിയമ്മു സാഹിബ്.

### ആദ്യകൂടിക്കാഴ്ച

ഞാൻ കുട്ടിയമ്മു സാഹിബുമായി ആദ്യമായി പരിചയപ്പെടുന്നത് 1959-ൽതലശ്ശേരി ബ്രണ്ണൻ കോളേജിൽ വെച്ചായിരുന്നു. ഞാൻ ആദ്യമായി

ജോലിയിൽ പ്രവേശിച്ചത് അവിടെ ഗണിതശാസ്ത്രാദ്ധ്യാപകനായിട്ടായിരുന്നു. അന്ന് മാത്തമാററിക്സ് അസോസ്യേഷന്റെ ആഭിമുഖ്യത്തിൽ ചേർന്ന യോഗത്തിൽ കേരളത്തിലെ ജലസേചനാവശ്യങ്ങളെക്കുറിച്ചും പുതിയ ജലസേചനപദ്ധതികളുടെ സാദ്ധ്യതയെക്കുറിച്ചും ഭൂപടവും ചാർട്ടുകളും ഉപയോഗിച്ച് ചീഫ് എഞ്ചിനീയർ കുട്ടിയമ്മു സാഹിബ് ചെയ്ത പ്രസംഗം ഇന്നും ഓർമ്മയിൽ തങ്ങി നിൽക്കുന്നു. യോഗത്തിനു ശേഷം ചായ കഴിച്ചുകൊണ്ടിരിയ്ക്കുമ്പോഴാണ് ഞാൻ പരിചയപ്പെടുന്നത്. അന്നു ഗവൺമെന്റു കോളേജുകളിൽ സേവനമനുഷ്ഠിക്കുന്ന മുസ്ലിം അദ്ധ്യാപകരുടെ എണ്ണം പതിനൊന്നോ പന്ത്രണ്ടോ മാത്രമായിരുന്നു. കൂടെയുണ്ടായിരുന്നവരിൽ ഞാനും അദ്ദേഹത്തിന്റെ കുടുംബാംഗമായ എഞ്ചിനീയർ സി. ററി. അലിസാഹിബും ഒഴികെയുള്ളവർ അമുസ്ലിംകൾ ആയിരുന്നുവെങ്കിലും, യാതൊരു പ്രയാസവും കൂടാതെ അദ്ദേഹം സംഭാഷണം മുസ്ലിംകളുടെ വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥയിലേക്ക് തിരിച്ചുവിട്ടു. ഉന്നതവിദ്യാഭ്യാസം ലഭിക്കുവാൻ ഭാഗ്യം സിദ്ധിച്ച ചുരുക്കം ആളുകൾ തന്നെ മുൻ കൈ എടുത്ത് കൂടുതൽ പേരെ വിദ്യാസമ്പന്നരാക്കണമെന്നും സമുദായത്തിന് കൂടുതൽ കോളേജുകൾ (അന്നു ഫാറൂക്ക് കോളേജ് മാത്രമേ ഉണ്ടായിരുന്നുള്ളു) വേണമെന്നും അതിനു വേണ്ടി പ്രവർത്തിക്കണമെന്നും അദ്ദേഹം പറഞ്ഞു. ഈ ആദ്യകൂടിക്കാഴ്ചയ്ക്കു ശേഷം ഞാൻ ചുരുങ്ങിയത് അമ്പത് പ്രാവശ്യമെങ്കിലും കുട്ടിയമ്മു സാഹിബിനെ കണ്ടിട്ടുണ്ടാകും. ഈ അവസരങ്ങളിലെല്ലാം തന്നെ അദ്ദേഹത്തിന്റെ സംഭാഷണവിഷയം ഇതു തന്നെയായിരുന്നു. പലപ്പോഴും പലയിടത്തും നടന്നുവരുന്ന പ്രവർത്തനങ്ങളുടെ പുരോഗതിയെക്കുറിച്ചായിരിക്കും അദ്ദേഹം പറയുക. പലരുടെയും വ്യക്തിപരമായ ആവശ്യങ്ങൾക്കു വേണ്ടി ഞാൻ അദ്ദേഹത്തെ സമീപിച്ചിട്ടുണ്ട്. ആവശ്യം ന്യായമാണെന്നു തോന്നുകയാണെങ്കിൽ ഉടനെ അദ്ദേഹം ബന്ധപ്പെട്ട ആളെ ഫോണിൽ വിളിച്ച് സംസാരിക്കുകയോ ഒരു കത്തു തരികയോ ചെയ്യും. എന്നാൽ അത്തരം ഫോൺ സംഭാഷണങ്ങളിലും കത്തുകളിലും മററാരു വിഷയം കൂടി ഉൾപ്പെടുത്തുക അദ്ദേഹത്തിന്റെ പതിവായിരുന്നു—ആ നാട്ടിൽ ഒരു മുസ്ലിം അസോസിയേഷൻ രൂപീകരിക്കുന്ന കാര്യത്തിൽ എത്രമാത്രം മുന്നോട്ട് പോയി, പള്ളി പണി എവിടം വരെയെത്തി, കോളേജിന് അപേക്ഷ കൊടുത്തോ. വഴക്കും വക്കാണവും ഉടനെ അവസാനിപ്പിച്ച് ഒത്തൊരുമിച്ച് പ്രവർത്തിക്കണം, ഒരു സെമിനാർ സംഘടിപ്പിച്ച് നമ്മുടെ ആളുകളെ ബോധവാന്മാരാക്കണം—അങ്ങനെ എത്രയെത്ര ചോദ്യങ്ങൾ, എന്തെല്ലാം നിർദ്ദേശങ്ങൾ.

## പൊന്നാനി കോളേജിന്റെ ധന്യനിമിഷം

1968 ൽ പൊന്നാനി കോളേജിന്റെ പ്രഥമ പ്രിൻസിപ്പലായി ചാർജ്ജെടുത്ത ശേഷം, അന്നു പ്ലാനിംഗ് ബോർഡ് മെമ്പറായിരുന്ന കുട്ടിയമ്മു സാഹിബിനെ തിരുവനന്തപുരത്തെ പ്ലാനിംഗ് ബോർഡ് ഓഫീസിൽ ചെന്നുകണ്ട രംഗം ഞാൻ ഒരിക്കലും മറക്കില്ല. കോളേജിനു വേണ്ടി ലോക്കൽ കമ്മററി ശേഖരിച്ച ഒരു ലക്ഷം കയും എം. ഇ. എസ്. തന്ന ഒരു ലക്ഷം കയും കല്ലും കോൺക്രീററുമായി മാറിക്കഴിഞ്ഞു. ഉപകരണങ്ങൾ വാങ്ങിയതിന്റെ പണം പലർക്ക് കൊടുത്ത് തീർക്കാനുണ്ട്; അടുത്ത കൊല്ലത്തേക്ക് വേണ്ട ക്ലാസ്സുമുറികളും ലാബററ്ററികളും പണിയേണ്ടതുണ്ട്; എന്തിന്, അടുത്ത മാസത്തെ ശമ്പളം (അന്ന് ഡയറക്ട് പേയ്മെൻറ് നടപ്പായിരുന്നില്ല) കൊടുക്കാൻപോലും കാശില്ല. ഇത്രയും കാര്യങ്ങൾ ഞാൻ പറഞ്ഞുതീരുന്നതിനുമുമ്പായി അദ്ഹേം സ്ററെനോവിനെ വിളിച്ചു കഴിഞ്ഞു. നാലഞ്ചു വാചകങ്ങൾ അടങ്ങിയ ഒരു കത്ത് ഡിക്റേററ് ചെയ്തു; കൂടാതെ കേരളത്തിലെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 20 മുസ്ലിം പ്രമാണിമാരുടെ ഒരു ലിസ്ററും—ഈ 20 കത്തുകളും ഒരു മണിക്കൂറിനുള്ളിൽ റെഡിയാക്കണം എന്നായിരുന്നു സ്ററെനോവിനുള്ള നിർദേശം. ഈ കത്തുകൾ പൊന്നാനി കോളേജിന്റെ ബാലാരിഷ്ടതകൾ തരണം ചെയ്യാൻ എത്രമാത്രം പ്രയോജനപ്രദമായിരുന്നു എന്നു ഞാൻ വിവരിക്കേണ്ടതില്ലല്ലോ. കേരളത്തിലെ ഓരോ മുക്കിലും മൂലയിലും ഉള്ള ചെറുതും വലുതുമായ മുസ്ലിം സ്ഥാപനങ്ങൾക്ക് കുട്ടിയമ്മു സാഹിബിനെക്കുറിച്ച് ഇതുപോലെ നൂറു നൂറു കഥകൾ പറയുവാനുണ്ടാകും. ഏതെങ്കിലും ഒരു സംഘടനയിലോ സ്ഥാപനത്തിലോ പ്രദേശത്തോ ഒതുക്കിനിർത്തിക്കൊണ്ടല്ല അദ്ദേഹം പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയിരുന്നത്. ഒരു പക്ഷെ അദ്ദേഹത്തിന്റെ നേട്ടങ്ങൾക്ക് അർഹമായ പ്രസിദ്ധീകരണം ലഭിക്കാതെ വരുവാൻ ഇതു ഒരു കാരണമായിരിയ്ക്കാം. എന്നാൽ കേരള മുസ്ലിം സമൂഹത്തിന് മൊത്തത്തിൽ ഇത്ര വൻപിച്ച നേട്ടം കുട്ടിയമ്മു സാഹിബ് മുഖേന ഉണ്ടാക്കുവാൻ കഴിഞ്ഞതും അദ്ദേഹത്തിന്റെ ഈ പ്രത്യേക പ്രവർത്തനശൈലികൊണ്ടായിരിക്കാം. □

# കുട്ടിയമ്മു സാഹിബ്
## ചില സ്മരണകൾ

കെ. എം. അലി
റിട്ട : ജോ. ഡയറക്ടർ, ഇൻഡസ്ട്രീസ്.

എഞ്ചിനീയറിംഗ് കോളേജിലെ വിദ്യാർത്ഥി ജീവിതം തൊട്ടു ഞങ്ങളുടെ മൈത്രീബന്ധം ആരംഭിച്ചു. അക്കാലത്ത് എറണാകുളത്തുനിന്ന് സീതി സാഹിബിൻെറ ആസ്ഥാനം തലശ്ശേരിയിലേക്ക് മാറിയിരുന്നു. കേരള മുസ്ലിം സമുദായത്തിൻെറ സംഘടനാപരമായും വിദ്യാഭ്യാസപരമായും ഉണ്ടായ ഉയർച്ചയുടെ ഒരു നാഴികക്കല്ലായിരുന്നു ആ മാററം. മദിരാശി എഞ്ചിനീയറിംഗ് കോളേജ് മുപ്പതുകളുടെ കാലത്ത് തെക്കെ ഇന്ത്യയിലെ ഏക കോളേജ് ആയിരുന്നുവെന്നു പറയാം. കൂടാതെ മൈസൂർ സംസ്ഥാനത്തിലെ ബാംഗ്ലൂർ ഇൻസ്ററിട്യൂട്ട് ഓഫ് സയൻസ് എന്ന സ്ഥാപനത്തിലും എഞ്ചിനീയറിംഗ് കോഴ്സുകൾ പാഠ്യവിഷയങ്ങളായിരുന്നു. എൻെറ മൂത്ത ജേഷ്ഠനായ സീതി സാഹിബുമൊത്തു മദ്ധ്യവേനൽ ഒഴിവുകാലം ഞാൻ ചിലവഴിക്കാറുള്ളപ്പോൾ കുട്ടിയമ്മു സാഹിബിനെ പരിചയപ്പെട്ടു. തലശ്ശേരിയിലെ തിരുവങ്ങാട്ട് പ്രവർത്തിച്ചിരുന്ന വായനശാലയിൽ ഞങ്ങളൊത്തുകൂടാറുണ്ടായിരുന്നു. അദ്ദേഹത്തിൻെറ വായനാശീലം അന്നു മുതൽക്കേ ഞാൻ ശ്രദ്ധിച്ചു. വായനശാലയോടനുബന്ധിച്ച് ഒരു ലൈബ്രറിയും പ്രവർത്തിച്ചിരുന്നു. അതിലേക്ക് പുസ്തകങ്ങൾ ശേഖരിക്കാൻ മുൻകൈയെടുത്തതു അദ്ദേഹമാണ്. ലൈബ്രറിയിൽ വിശുദ്ധ ഖുർആൻ പരിഭാഷകളും വ്യാഖ്യാനസഹിതമുള്ള പരിഭാഷകളും ഉൾപ്പെടെ പല നല്ല പുസ്തകങ്ങൾ ഉണ്ടായിരുന്നു.

### അനുകരണീയമായ വിദ്യാർത്ഥി ജീവിതം

അക്കാലത്ത് തലശ്ശേരി ബീച്ചിൽ പ്രവർത്തിച്ചിരുന്ന മുസ്ലിം ക്ലബിൽ സായാഹ്നവേളകളിൽ നേതാക്കളായ സീതി സാഹിബ്, സത്താർ സേട്ട്, മമ്മുകേയി തുടങ്ങി ഒരുപാട് മാന്യന്മാർ ഒത്തുകൂടും. പൊതുക്കാര്യങ്ങൾ മുതൽ സമുദായപുരോഗതി ലക്ഷ്യം വച്ച് പല വിഷയങ്ങളും അവിടെ ചർച്ചയ്ക്കു വരുമായിരുന്നു. സമുദായത്തിൽ നടമാടിയിരുന്ന അന്ധവിശ്വാസങ്ങളും, അനാചാരങ്ങളും നിരൂപണം ചെയ്യപ്പെട്ടു. ചില അവസരങ്ങളിൽ ഞങ്ങളും അത്തരം ചർച്ചകൾ ശ്രദ്ധിക്കുകയും പല പുതി അറിവുകൾ സമ്പാദിക്കുകയും ഉണ്ടായി.

എഞ്ചിനീയറിങ്ങ് കോളേജിലും ഹോസ്ററലിലും ചിലവഴിച്ച നാളുകളിലെ അനുഭവങ്ങൾ വിസ്തരിക്കുന്ന പക്ഷം ഒരു ദീർഘമായ ലേഖനം വേണ്ടിവരും. ഓർമ്മക്കുറിപ്പുകളിൽ ഒതുങ്ങുകയില്ല. പഠനത്തിൽ അദ്ദേഹത്തിൻെറ ഏകാഗ്രതയും വിദ്യാർത്ഥിജീവിതത്തിലെ ചിട്ടയും അനുകരണീയങ്ങളായിരുന്നു. വലിയ ബദ്ധപ്പാടുകൾക്കിടയിലും നമസ്കാരം മുടങ്ങാതെ ശ്രദ്ധിക്കുമായിരുന്നു. ജും ആക്ക് രണ്ടു മൈലുകൾ ദൂരെയാണെങ്കിലും സൈദാ പേട്ട പള്ളിയിൽ ഞങ്ങൾ മററു സ്നേഹിതന്മാരൊന്നിച്ചു സംബന്ധിച്ചിരുന്നു.

എഞ്ചിനീയറിംഗ് കോളേജിൽ അക്കാലത്ത് പ്രൊഫസർമാരായി രണ്ട് ബ്രിട്ടീഷുകാർ ഉണ്ടായിരുന്നു. അതിൽ പ്രൊഫ. വെയിൽസ് തികച്ചും ഭരണമേധാവിത്വമനഃസ്ഥിതി കാരണം ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൻെറ ബദ്ധശത്രുവുമായിരുന്നു. മോട്ടിലാൽ നെഹ്റുവിൻെറ നിര്യാണത്തിൽ ദുഃഖസൂചകമായിപകുതി ദിവസം പഠിപ്പുമുടക്കിയ വിദ്യാർത്ഥികളുടെ പേരിൽ അച്ചടക്കനടപടി എടുക്കുവാൻ പ്രിൻസിപ്പാൾ ശ്രീ. നാഗരത്നം അയ്യരെ പ്രൊഫസർ വെയിൽസ് നിർബന്ധിച്ചു. കോളേജിലെ ആദ്യത്തെ ഇന്ത്യക്കാരനായ പ്രിൻസിപ്പാൾ ശ്രീ. അയ്യർ തൻെറ തന്ത്രജ്ഞത ഈ സന്ദർഭത്തിൽ പ്രകടിപ്പിക്കുകയുണ്ടായി. പ്രശ്നം സങ്കീർണ്ണമാക്കാൻ ഇട കൊടുക്കാതെ അദ്ദേഹം രമ്യമായി പരിഹരിച്ചു. വിദ്യാർത്ഥികളുടെ ഭാഗത്ത് നിന്നു ഒത്തുതീർപ്പിനു പരിശ്രമിച്ചവരുടെ മുൻപന്തിയിൽ കുട്ടിയമ്മു സാഹിബുമുണ്ടായിരുന്നു. അച്ചടക്ക നടപടി ഒഴിവാക്കി കിട്ടുകയും ചെയ്തു. ഇതു

പോലെ ദേശീയതയുടെ പേരിൽ നടന്ന തീർത്തും അക്രമരഹിതമായ ഒരു സമരമായിരുന്നു "ഗാന്ധിത്തൊപ്പി സമരം". ഗാന്ധിത്തൊപ്പി ധരിച്ചുകൊണ്ട് പ്രൊഫ. വെയിൽസിന്റെ ക്ലാസിൽ ഇരുന്ന ആന്ധ്രയിൽ നിന്നുള്ള ഒരു വിദ്യാർത്ഥിയെ അദ്ദേഹം ക്ലാസിൽ നിന്നിറക്കിവിട്ടു. വിദ്യാർത്ഥികൾ ഇതിനോട് പ്രതിഷേധിച്ചത് ആ ക്ലാസിലെ വിദ്യാർത്ഥികൾ എല്ലാവരും പ്രൊഫ. വെയിൽസിന്റെ ക്ലാസിൽ ഗാന്ധിത്തൊപ്പി ധരിച്ചുകൊണ്ടാണ്. മദിരാശി നഗരത്തിൽ നിന്നു സാമാന്യം അകലെ സ്ഥിതി ചെയ്തിരുന്ന എഞ്ചിനീയറിംഗ് കോളേജിൽ സ്വാതന്ത്ര്യസമരങ്ങളുടെ ജ്വാലകൾ മററു കോളേജുകളിലെ പോലെ അത്ര രൂക്ഷമായിരുന്നില്ല. ഗാന്ധിത്തൊപ്പി സമരവും രമ്യതയിൽ കലാശിപ്പിക്കാൻ ഉത്സാഹിച്ചവരിൽ കുട്ടിയമ്മു സാഹിബും ഉണ്ടായിരുന്നു. നയചാതുരിക്കും വിശാലമായ സമീപനത്തിനും തന്റെ പിൽക്കാലത്തെ ജീവിതം എങ്ങിനെ പ്രശോഭിച്ചുവെന്നു, ഇത്തരം അനുഭവങ്ങളിൽ നിന്നു കാണാവുന്നതാണ്.

## എഞ്ചിനീയറിംഗ് രംഗത്തെ നേട്ടങ്ങൾ

കോളേജിൽനിന്നു പിരിഞ്ഞതിനുശേഷം മദിരാശി സംസ്ഥാനത്തെ ജലസേചനവകുപ്പിൽ ഉഡുമൽ പേട്ടയിൽ ഡാം നിർമ്മാണ പ്രവർത്തനത്തിൽ അദ്ദേഹം ഏർപ്പെട്ടിരിക്കെയാണ്, ഞങ്ങളൊരുമിച്ചു ഏതാനും ദിവസങ്ങൾ ചിലവഴിച്ചത്. കീഴുദ്യോഗസ്ഥൻമാർക്കും എഞ്ചിനീയർമാർക്കും നിർദ്ദേശങ്ങൾ കൊടുത്തു അവരോടൊപ്പം നിന്നു തൊഴിലാളികളെകൊണ്ടു പണി എടുപ്പിച്ചും പദ്ധതി പുരോഗമിച്ചു. തൊഴിലാളികൾക്ക് അദ്ദേഹം പ്രിയംകരനായിരുന്നു.

കേരളസംസ്ഥാന രൂപീകരണത്തോടെയാണല്ലോ കുട്ടിയമ്മു സാഹിബ് സ്പെഷ്യൽ ചീഫ് എഞ്ചിനീയർ ആയി കേരളത്തിലേക്ക് വന്നത്. മദിരാശിയിലെ കൃഷ്ണ-പെണ്ണാർ പദ്ധതിയിലെയും മററു പല ജലസേചനപദ്ധതികളിലെയും അനുഭവങ്ങളും നേട്ടങ്ങളും കണ്ടുകൊണ്ടാണ് കേരള ഗവൺമെൻറ് അദ്ദേഹത്തിന്റെ സേവനം ആവശ്യപ്പെട്ടത്. താൻ കൈകാര്യം ചെയ്യുന്ന സാങ്കേതികവിഷയങ്ങൾ നിസ്തുലമായ ശ്രദ്ധയോടെ പഠിച്ചിട്ടേ അദ്ദേഹം മുന്നോട്ട് പോകാറുള്ളു. തമിഴ്നാട്ടിലെ ഔദ്യോഗിക അന്തരീക്ഷത്തിൽ നിന്നു വിഭിന്നമായിരുന്നിട്ടും താമസം വിനാ ഇവിടെ അദ്ദേഹം ഇണങ്ങി ചേർന്നു. ജലസേചനവകുപ്പിൽ നിരവധി പദ്ധതികൾ (നദീതടപദ്ധതികൾ) പഠിച്ചു അവയെക്കുറിച്ചുള്ള രൂപരേഖ പ്രസിദ്ധം ചെയ്തു. മുൻ മദ്ധ്യതിരുവിതാംകൂറിലെ നെല്ലറയെന്നു പ്രസിദ്ധമായ കുട്ടനാടൻ വയലേലകളുടെ നിലനില്പിനും അഭിവൃദ്ധിക്കും വേണ്ടി തണ്ണീർമുക്കം ബണ്ട് നിർമ്മിച്ചു. കായലിൽ നിന്നു ഉപ്പു കലർന്ന വെള്ളം ക്രമീകരിക്കുന്നതിനാണ് ബണ്ടിന്റെ ആവശ്യം. വർഷകാലത്തെ മഴവെള്ളം സാധാരണനിരപ്പിനു മീതെ ഉയരുമ്പോൾ സമുദ്രത്തിലേക്ക് ഒഴുക്കി കളയാൻ തോട്ടപ്പള്ളിയിൽ സ്പിൽവേ നിർമ്മാണം പൂർത്തിയാക്കി. തൃശൂരിലെ പീച്ചിഡാമിന്നരികിൽ ഇന്നു പ്രവർത്തിക്കുന്ന Irrigation Research Laboratory അദ്ദേഹമാണ് സ്ഥാപിച്ചത്. ആ മേഖലകളിലെ പ്രവർത്തനങ്ങളിലേക്ക് കൂടുതൽ കടക്കുന്നില്ല. അവ അനുഭവസ്ഥർക്കും സാങ്കേതികജ്ഞാനികൾക്കും വേണ്ടി വിടുകയാണു ഞാൻ.

## മഹത്തായ സാമൂഹികപ്രവർത്തനങ്ങൾ

ഔദ്യോഗികജോലികൾക്കിടയിലും സാമൂഹ്യപ്രവർത്തനങ്ങൾക്ക് സമയം കണ്ടെത്താനുള്ള കഴിവ് അദ്ദേഹത്തിന്റെ പ്രത്യേകതയായിരുന്നു. തിരുവനന്തപുരം പാളയത്ത് ഇന്നു കാണുന്ന മുസ്ലിം പള്ളിയുടെ രൂപകൽപനയുടെയും നിർമ്മാണത്തിന്റെയും ചുമതല അദ്ദേഹത്തിനായിരുന്നെന്നു ആർക്കാണറിഞ്ഞുകൂടാത്തത്. തിരുവനന്തപുരം മുസ്ലിം അസോസിയേഷന്റെ സ്ഥാപകനേതാക്കളിൽ പ്രമുഖൻ അദ്ദേഹം തന്നെ. ആരംഭദശയിൽ നേരിടേണ്ടിവന്ന പല പ്രയാസങ്ങളെയും തരണം ചെയ്യുന്നതിൽ മററു പ്രവർത്തകർക്ക് അദ്ദേഹം ആത്മധൈര്യം പകർന്നു കൊടുത്തു. തിരുവനന്തപുരത്ത് തൈക്കാട്ട് അസോസിയേഷന്റെ പേരിൽ കെട്ടിടം വാങ്ങാൻ, ഫണ്ടുണ്ടാക്കിയത് മുഹമ്മദ് റാഫിയും സംഘവും വന്നു നടത്തിയ ഗാനമേളയുടെ ടിക്കററ് വിററിട്ടാണ്. തൈക്കാട് കെട്ടിടം സീതി സാഹിബിന്റെ സ്മരണക്കായി സി. എച്ച്. മുഹമ്മദ് കോയാ സാഹിബ് സമർപ്പിക്കുകയും അതിൽ ഒരു ഇസ്ലാമിക് പ്രാഥമികവിദ്യാലയം ആരംഭിക്കുയും ചെയ്തു. കുട്ടിയമ്മു സാഹിബിന്റെ ശയമായിരുന്നു ഇതിന്റെയും പിന്നിൽ. പാളയത്ത് ഇന്നു നിലവിലുള്ള ഇസ്ലാമിക് കൾച്ചറൽ സെൻറർ അദ്ദേഹം നേരത്തെ വിഭാവനം ചെയ്തിരുന്നു.

# ബാല്യകാല സ്മരണകൾ

**പള്ളക്കൻ മമ്മു**

വർഷങ്ങൾക്കുമുമ്പ് നാടും വീടും വിട്ടു നാടൻഭാഷ മറന്ന നിലയിലായ ഞാൻ മലയാളത്തിൽ എഴുതാനൊരുങ്ങിയത് ഒരു സാഹസപ്രവൃത്തിയായി എനിക്ക് തോന്നാതെയല്ല. ഭാഷാവൈകല്യം ഈ ലേഖനത്തിൽ കാണുന്നുണ്ടെങ്കിൽ എന്റെ വൈഷമ്യമോർത്തു വായനക്കാർ ക്ഷമിക്കുമെന്നു വിശ്വസിക്കുന്നു.

പരേതനായ കുട്ടിയമ്മുസാഹിബിന്റെ പിതാവു സർവ്വീസിൽ നിന്നു 'പെൻഷനായ' ശേഷമാണ് തലശ്ശേരിയിൽ മടങ്ങി വന്ന് കുടുംബസമ്മേതം താമസമാക്കിയത്. കേരളത്തിലൊട്ടാകെ പ്രശസ്തനായ ''പി. ഏ. (പൂവത്താങ്കണ്ടി അച്ചാറത്തു) അമ്മു'' സാഹിബായിരുന്നു കുട്ടിയമ്മു സാഹിബിന്റെ പിതാവ്. ഡെപ്യൂട്ടികലക്ടരുടെ തലത്തിൽ പ്രവർത്തിച്ചിരുന്ന അദ്ദേഹത്തിനു ബ്രിട്ടീഷുകാർ ''ഖാൻ ബഹദൂർ'' എന്ന ബഹുമാന്യപദവി നൽകി ആദരിച്ചിരുന്നു. ചുരുക്കത്തിൽ നാടൊട്ടുക്കു അറിയപ്പെട്ടിരുന്ന ''അമ്മു കലക്ടരാ''യിരുന്നു കഥാനായകന്റെ (കുട്ടിയമ്മു സാഹിബിന്റെ) പിതാവ്. 1922-1923 കാലത്താണെന്നു തോന്നുന്നു അമ്മുസാഹിബ് പെൻഷൻ പററിയത്.

മലബാർ ലഹള കഴിഞ്ഞു കുറച്ചു സമയമേ ആയിട്ടുള്ളു. ജീവിതത്തിന്റെ സർവ്വതുറകളിലും ലഹളയുടെ ദുർഘടങ്ങൾ നിഴലിച്ചു കാണാമായിരുന്നു.

തലശ്ശേരിയിൽ താമസമാക്കിയശേഷം കുട്ടിയമ്മു സാഹിബ് ഗവൺമെൻറ് ബ്രണ്ണൻ കോളേജിനോട് അനുബന്ധിച്ചുള്ള ഹൈസ്കൂളിൽ ചേർന്നു. അക്കാലത്തു മതപഠനത്തിനു നിശാപാഠശാലയുമുണ്ടായിരുന്നു. കുട്ടിയമ്മു സാഹിബ് മതപരമായ പഠനത്തിനു രാത്രി ക്ലാസ്സുകളിലും മദ്രസ്സയിലും ചേർന്നു.

സ്കൂളിൽ കുട്ടിയമ്മു സാഹിബ് എന്നേക്കാൾ മൂന്നാലു കൊല്ലം സീനിയറായിരുന്നു. എന്നാൽ മതപഠനങ്ങളിൽ, അതായത്, അറബി ഭാഷയുടെ വ്യാകരണത്തിലും (സർഫ്, നെഹ്വ്), തസവ്വുഫിന്റെ വിഷയത്തിലും, ഫിക്ഹിലെ ഉപരിയായ 'കിതാബു'കളിലുമെല്ലാം ഞാൻ സീനിയറായിരുന്നു.

ക്ലാസിലെ ഇംഗ്ലീഷ് പഠനത്തിൽ ഞാൻ കുട്ടിയമ്മു സാഹിബിന്റെ ഉപദേശം സ്വീകരിച്ചിരുന്നു. കിതാബ് പഠനത്തിലും, നഹ്വ്സർഫിലും അദ്ദേഹം എന്റെ മാർഗദർശനം സ്വീകരിച്ചിരുന്നു.

എനിക്ക് ഇംഗ്ലീഷ്സാഹിത്യത്തിൽ വലിയ ആസക്തിയുണ്ടായിരുന്നതുകൊണ്ട് ഇംഗ്ലീഷു സാഹിത്യം പഠനവിഷയമായി എടുക്കുവാൻ ഉപദേശിച്ചിരുന്നു. എന്നാൽ കുട്ടിയമ്മു സാഹിബിന്റെ ഉപദേശപ്രകാരമാണ് ഞാൻ കണക്ക് എടുത്തത്. എന്നെക്കാൾ വയസു അദ്ദേഹത്തിനുള്ളതുകൊണ്ട് ഞാൻ മൂത്തവരുടെ വാക്ക് സ്വീകരിച്ചു. ''കണക്കിനാണ് ഇന്നത്തെ ശാസ്ത്രലോകത്ത്'' കൂടുതൽ ആവശ്യമുണ്ടാവുക എന്ന് അദ്ദേഹം എന്നെ ഉപദേശിച്ചു. അക്കാലത്തു ഞങ്ങൾ പഠിച്ചിരുന്ന നിശാമദ്റസ്സ ധാരാളം പ്രത്യേകതകൾ ഉള്ളതായിരുന്നു. ഞങ്ങളുടെ ഉസ്താദിനു അറബി, ഉർദു, പാർസി എന്നീ ഭാഷകൾക്കു പുറമെ ഇംഗ്ലീഷി

---

തിരുവനന്തപുരം വിട്ട് കോഴിക്കോട്ടേക്ക് താമസം മാററിയിട്ടും വലിയ വിശ്രമം അറിയാതെ അദ്ദേഹം പ്രവർത്തനങ്ങൾ തുടർന്നു. മുസ്ലിം അസോസിയേഷൻ കാര്യങ്ങളിൽ മാത്രമല്ല സാമുദായികമായ ഏതു കാര്യങ്ങളിലും മരണം വരെ അദ്ദേഹം താല്പര്യമെടുക്കുകയും തന്റെ അഭിപ്രായങ്ങൾ അറിയിക്കുകയും ചെയ്തുകൊണ്ടിരുന്നു.

എനിക്കൊരു ജ്യേഷ്ഠസഹോദരനും, നാട്ടിനും സമുദായത്തിനും മഹത്തായ ഒരു നേതാവുമാണ് നഷ്ടപ്പെട്ടത്. അല്ലാഹു പരേതാത്മാവിനു നിത്യശാന്തിനൽകട്ടെ. ആമീൻ! □

ലും വിവരമുണ്ടായിരുന്നു. അതുകൊണ്ട് ഈ ഭാഷകളെല്ലാം പഠിക്കുവാൻ പ്രോത്സാഹനം ഞങ്ങൾക്ക് അദ്ദേഹം തന്നിരുന്നു അന്നത്തെ പുരോഹിതവർഗ്ഗത്തെ അപേക്ഷിച്ചു ഇതു വലിയ ഒരു വ്യത്യാസമാണല്ലോ. ഇംഗ്ലീഷ് പഠിക്കുന്നതിൽ പുരോഹിതവർഗ്ഗം പൊതുവെ വിലക്കുവെച്ചിരുന്നു. കുട്ടിയമ്മുസാഹിബടക്കം ഞങ്ങൾ നാലഞ്ചുപേർ ചേർന്നു ഞങ്ങളുടെ വായനശാലയിൽ യുവാക്കളുടെ ഗുണത്തിനായി സൗജന്യ പഠനക്ലാസ്സുകൾ സംഘടിപ്പിച്ചിരുന്നു. സേവനത്തിന്റെ ഉൻമേഷം അദ്ദേഹത്തിൽ അക്കാലത്തുതന്നെ നിറഞ്ഞു കവിഞ്ഞിരുന്നു.

ഞങ്ങൾക്കുണ്ടായ ഭാഗ്യം ജീവിതത്തിലെ എല്ലാ തുറകളിലും ഞങ്ങളുടെ ''ഉസ്താദ് ' ഞങ്ങൾക്ക് ധാരാളം പ്രോത്സാഹനം നൽകിയിരുന്നു എന്നതായിരുന്നു. പരേതനായ അലി മൌലവിയായിരുന്നു ഞങ്ങൾ രണ്ടുപേരുടെയും ഉസ്താദ്. പരീക്ഷകളിൽ പാസ്സായാൽ മാത്രം അദ്ദേഹത്തിന്നു മതിയാവുകയില്ല. ഉന്നതസ്ഥാനങ്ങൾ നേടി പാസ്സാവണം എന്നാണ് എപ്പോഴും അദ്ദേഹം നിർദ്ദേശിക്കുക. ''നവ്വറള്ളാഹു മക്അദഹു''

അലി മൌലവിയുടെ ഉപദേശപ്രകാരമാണ് ഞങ്ങൾ 25-5-1925ൽ 'ജമാഅത്തുസ്സിബ്യാൻ സംഘം' സ്ഥാപിച്ചത്.

ഞങ്ങൾക്ക് സമുദായസേവനത്തിന്റെ പ്രാഥമിക പരിശീലനം ഈ സംഘത്തിൽ നിന്നാണ് ലഭിച്ചത്. ഇതിൽവെച്ചുതന്നെയായിരുന്നു ഞങ്ങളുടെ വിദ്യാർത്ഥികാല പ്രസംഗപരിശീലനവും മററും നടത്തിയത്. ഞങ്ങളുടെയെല്ലാം ഉററ സ്നേഹിതനായിരുന്ന പി. ഒ. അബൂബക്കർ സാഹിബ് തീപ്പൊരി പ്രസംഗങ്ങൾ നടത്തുവാൻ ശീലിച്ചത് ഈ സംഘത്തിന്റെ വേദിയിൽവെച്ചായിരുന്നു. യുവത്വത്തിന്റെ ചുറുചുറുക്കിൽ അബൂബക്കർ സാഹിബ് കോൺഗ്രസിൽ ചേർന്നു പ്രവർത്തിച്ചു. ഒരിക്കൽ കോൺഗ്രസ് പതാക പിടിച്ചുകൊണ്ട് ഒരു ചെട്ടിയാരുടെ തുണിഷാപ്പിന്റെ മുമ്പിൽപോയി കുത്തിയിരുന്നു ''ബിലാത്തി വസ്ത്രം ബഹിഷ്കരിക്കുക'' എന്ന മുദ്രാവാക്യം വിളിച്ചിരുന്നു. ഈ വിവരം അറിഞ്ഞപ്പോൾ, കുട്ടിയമ്മു സാഹിബ് ''സത്യാഗ്രഹികൾ ഞങ്ങളുടെ കൂട്ടത്തിലുമുണ്ട്'' എന്നു പറഞ്ഞ് അബൂബക്കർ സാഹിബിനെ അനുമോദിക്കുകയുണ്ടായി.

കുട്ടിയമ്മു സാഹിബ് ഞങ്ങളുടെ കൂട്ടത്തിൽ പ്രായമുളള ഒരാളായതുകൊണ്ട് ഞങ്ങൾക്ക് എല്ലാ വിഷയത്തിലും ഉപദേശം തന്നിരുന്നു എല്ലാവിധ വിനോദങ്ങളിലും അദ്ദേഹം പങ്കെടുത്തിരുന്നു. ജമാഅത്തുസ്സിബ്യാന്റെ ആഭിമുഖ്യത്തിൽ നടത്തിയ ഫാൻസി ഡ്രസ് മത്സരത്തിൽ ഒരു ഇനം ഉണ്ടായിരുന്നു, ''അന്നും ഇന്നും'' എന്ന പേരിൽ. ഇതിൽ 'അന്നത്തെ പഴമക്കാരന്റെ' വേഷം എടുക്കുവാൻ കുട്ടിയമ്മു സാഹിബിന്റെ മച്ചുനനെ ഞാൻ പ്രേരിപ്പിച്ചു തയ്യാറാക്കി. ഈ മത്സരത്തിൽ എല്ലാവർക്കും നന്നായി തോന്നിയത് അന്നത്തെ ''പഴമക്കാരന്റെ'' വേഷമായിരുന്നു. ''പുതിയ പരിഷ്കാരി''യുടെ വേഷമെടുത്ത ആളുടെ പ്രകടനവും നന്നായിരുന്നു. ഏതായാലും 'പഴമക്കാരൻ' സമ്മാനം നേടി, പഴയ ധനത്തിനാണ് കമ്പോളത്തിൽ വില മതിപ്പുളളത് എന്നു സ്ഥാപിച്ചു !

'പഴമക്കാര'ന്റെ കൗതുക പ്രകടനം അദ്ദേഹം വലിച്ചു പകുതിയാക്കിയ ചുരുട്ടിന്റെ കഷ്ണം ചെവിക്കുന്നിയിൽ വെച്ചതായിരുന്നു.

'പഴമക്കാര'നായി അഭിനയിച്ച മച്ചുനന്റെ അഭിനയപാടവത്തെക്കുറിച്ചു നഗരത്തിൽ സംസാരമായി. ഇംഗ്ലീഷ് ഭാഷയിൽ പറയുകയാണെങ്കിൽ "Talk of the Town" ആയി. 'പഴമക്കാര'ന്റെ വേഷം കെട്ടിയ ടി: പി. മമ്മുവിന്റെ കാരണവരും ഇതിനെക്കുറിച്ച് അറിഞ്ഞു. പഴമക്കാരന്റെ ''കോലം'' കെട്ടുവാൻ നമ്മുടെ മമ്മുവെ പ്രേരിപ്പിച്ചത് ആരായിരുന്നു എന്ന് കാരണവർക്ക് അറിയണം. പിന്നെ ചോദ്യവർഷമായി. കുട്ടിയമ്മു സാഹിബ് ഉടനെ മറുപടി പറഞ്ഞു: ''ഞങ്ങളെല്ലാവരും കൂടി പ്രേരിപ്പിച്ചതാണ്. കോലം കെട്ടുവാൻ അഭിപ്രായപ്പെട്ടത് പളളക്കനാണ്* ''കുട്ടിയമ്മു സാഹിബിന്റെ മറുപടി കേട്ട മാത്രയിൽ കാരണവരുടെ ദേഷ്യം അടങ്ങി. കാരണം കുട്ടിയമ്മുവിലും അദ്ദേഹത്തിന്റെ സഹചരൻമാരിലും കാരണവർക്ക് അത്ര വിശ്വാസമായിരുന്നു. കുട്ടിയമ്മു സാഹിബിന്റെ സമാധാനം വിനോദപരിപാടിയിൽ പങ്കെടുക്കൽ ന്യായീകരിച്ചുകൊണ്ടായിരുന്നു.

---

* ഈ ലേഖകൻ

ചെറുപ്പകാലം മുതൽ സമുദായസേവനത്തിനുള്ള ആസക്തി കുട്ടിയമ്മു സാഹിബിനുണ്ടായിരുന്നു. കോഴിക്കോട്ട് പിതാവ് സർവ്വീസിലുള്ള കാലം ലഹളത്തടവുകാരെ പോലീസ് അറസ്ററു ചെയ്തു കലക്ടരുടെ വീട്ടിൽ കൊണ്ടുവന്നാൽ, തടവുകാർ അവരുടെ കൈക്കു കെട്ടിയ ചങ്ങലയുടെ മുറുക്കം കുറയ്ക്കുവാനും മററും ആവശ്യപ്പെട്ടാൽ പോലീസ് കാണാതെ തടവുകാർക്കു വേണ്ടുന്ന സേവനം ചെയ്തിരുന്ന കഥ അദ്ദേഹം ഞങ്ങളോടു പറയാറുണ്ടായിരുന്നു. സമുദായ സേവനത്തിനുള്ള അവസരം ചെറുപ്പത്തിലേ അദ്ദേഹത്തിനു ലഭിച്ചിരുന്നു.

മദ്രാസ്സിലെ കേരള മുസ്ലിം അസോസിയേഷന്റെ പ്രസിഡന്റായും അദ്ദേഹം പ്രവർത്തിച്ചിരുന്നു. ഈ അസോസിയേഷന്റെ ആഭിമുഖ്യത്തിൽ നടത്തിപ്പോന്ന കേരള മുസ്ലിം വിദ്യാർത്ഥികൾക്കുള്ള ഹോസ്ററൽ 'ഷാദിമഹൽ' എന്നറിയപ്പെടുന്ന ഒരു കെട്ടിടത്തിൽ സ്ഥിതി ചെയ്തിരുന്നു.

ഈ ഹോസ്ററലിൽ ഡെപ്യൂട്ടി വാർഡനായി ഞാൻ പ്രവർത്തിച്ചിരുന്നു. വിദ്യാർത്ഥികളുടെ ക്ഷേമത്തിനു വേണ്ടിയുള്ള പല പദ്ധതികളിലും ഞങ്ങളുടെ കൂടെ സഹകരിച്ചു പ്രവർത്തിച്ചിട്ടുണ്ട് കുട്ടിയമ്മു സാഹിബ്.

കേരള സംസ്ഥാനം ഉടലെടുത്ത ശേഷം അദ്ദേഹം കേരള എഞ്ചിനീയറിംഗ് സർവ്വീസിലേക്ക് മാറുകയുണ്ടായി. ഈയവസരത്തിൽ ജലനിയന്ത്രണത്തിന്റെ ഒരു പഞ്ചവത്സരപദ്ധതിയുടെ ബ്ലൂ പ്രിൻറ് കുട്ടിയമ്മു സാഹിബ് തയ്യാറാക്കിയതിനു നല്ല പ്രശംസ കിട്ടി. പാർലമെന്റിലെ ഒരു അംഗം ഏതാണ്ട് ഇങ്ങനെയാണ് പറഞ്ഞത്: ''ഈ പദ്ധതി ഉണ്ടാക്കിയ ആളുടെ പേര് കുട്ടിയമ്മു എന്നാണെങ്കിലും അത് ഒരു വലിയ അമ്മുവിന്റെ പ്രവൃത്തിയാണ്.'' (പറഞ്ഞ യഥാർത്ഥ പദങ്ങൾ എനിക്ക് ഇപ്പോൾ ഓർമ്മതയില്ല. ഏതാണ്ട് ഓർമ്മയുള്ള പദങ്ങൾ എഴുതിയതാണ്.)

മദ്രാസ് എഞ്ചിനീയറിംഗ് സർവ്വീസിൽ ഉള്ളപ്പോഴും അദ്ദേഹത്തിനു സമുദായസേവനത്തിന് അവസരം കിട്ടിയിരുന്നു. രണ്ടാം ലോക മഹായുദ്ധകാലത്ത് അദ്ദേഹത്തെ A. R. P. കമാൻഡൻറായി മദിരാശിയിൽ നിയമിച്ചപ്പോൾ വലിയ സേവനം ചെയ്യുവാനുള്ള പല സന്ദർഭങ്ങളും അദ്ദേഹത്തിനു ലഭിക്കുകയുണ്ടായിരുന്നു. ഈ സന്ദർഭങ്ങളൊന്നും അദ്ദേഹം പാഴാക്കിയില്ല. വൈകുന്നേരങ്ങളിൽ നടക്കാൻ പോകുന്നതിന് അക്കാലത്ത് പച്ച മലയാളത്തിൽ പറഞ്ഞിരുന്നത് ''കാററുകൊള്ളാൻ പോവുക'' എന്നായിരുന്നു. ഈ കാററു കൊള്ളൽ ''ഞങ്ങൾ നാലഞ്ചു പേർ ചേർന്ന് കൂട്ടായിട്ടാണ് ചെയ്തു പോന്നത്. വൈകുന്നേരം തലശ്ശേരി റെയിൽവെ രണ്ടാം ഗേററിന്റെ സമീപമുണ്ടായിരുന്ന ഞങ്ങളുടെ വായനശാലയിൽ നിന്ന് ഇറങ്ങി ധർമ്മടം കോളേജ്‌വഴി പോകുന്ന റെയിൽവെ പാതയിൽ കൂടി ഒന്നൊന്നര മണിക്കൂറോളം നിത്യം നടക്കും. വഴിമദ്ധ്യേ പല തമാശകളും ഞങ്ങൾ പറയുക പതിവായിരുന്നു. കുട്ടിയമ്മു സാഹിബ് കൃത്യം നിത്യേന വൈകുന്നേരമുള്ള ഈ ടീമിൽ ഹാജർ തന്നിരുന്നു.

അന്യോന്യം പരിഹാസരീതിയിലും സംസാരിക്കാം. നിരുപദ്രവമായ പരിഹാസം മാത്രം. ചെട്ടിയാരുടെ തുണി പീടികയുടെ മുമ്പിൽ പി. ഒ. അബൂബക്കർ സാഹിബ് കോൺഗ്രസ് കൊടിയുമേന്തി ''വിലാത്തി വസ്ത്രം ബഹിഷ്കരിക്കുക'' എന്നു മുദ്രാവാക്യം വിളിച്ചതും ഫാൻസി ഡ്രസ് മത്സരത്തിൽ ''പഴമക്കാര''ന്റെ വേഷം ധരിച്ചതും ഇത്തരം മററു കഥകളും പറഞ്ഞ് ഞങ്ങളെല്ലാവരും ചിരിച്ചു രസിക്കാറുണ്ടായിരുന്നു.

ഊമയുടെ മാതിരി മൗനമവലംബിക്കുകയല്ല കൂട്ടുകൂടുമ്പോഴും സദസിൽ ചേരുമ്പോഴും കളിച്ചു ചിരിച്ചു ജീവിക്കുകയാണ് വേണ്ടതെന്നായിരുന്നു കുട്ടിയമ്മു സാഹിബ് കൈക്കൊണ്ട നയം. ഇതു വ്യക്തമാക്കുവാനാണ് രസകരമായ ചില സംഭവങ്ങളെക്കുറിച്ച് ആവർത്തിച്ചു പറയുന്നത്

മറെറാരു രസകരമായ സംഭവം നടന്നത് പി. ഒ. അബൂബക്കർ സാഹിബിന് കദിരൂർ സ്കൂളിൽ അഡ്മിഷൻ വാങ്ങിയതു സംബന്ധിച്ചാണ്, ഞാനും അബൂബക്കർ സാഹിബും അഡ്മിഷനു പോയപ്പോൾ ഹെഡ്മാസ്ററർ മുമ്പ് പഠിച്ച സ്കൂളിൽ നിന്ന് ട്രാൻസ്ഫർ സർട്ടിഫിക്കററുമായി വന്നാൽ പ്രവേശനം നല്കാമെന്നു ഞങ്ങളോട് വാഗ്ദത്തം ചെയ്തു.

ട്രാൻസ്ഫർ സർട്ടിഫിക്കററുമായി പിറെറ ദിവസം പോയപ്പോൾ ഹെഡ്മാസ്ററർ തന്റെ വാഗ്ദത്തം മറന്നു, സീററില്ല എന്നു പറഞ്ഞ് ഞങ്ങളെ മടക്കി.

*With Best Compliments from:*

# TIP TOP TROPICANA

## G. H. ROAD
## CALICUT

**PHONE : 62684 - 61759**

# 'നല്ല തങ്കം പിടിച്ച മനുഷ്യൻ'

ഏ. പി. ഉദയഭാനു

ഒരാാം നല്ല മനുഷ്യനാണെന്നു തോന്നിയാൽ നിഷ്കളങ്കരായ നാട്ടിൻ പുറത്തുകാർ പറയും 'നല്ല തങ്കം പിടിച്ച മനുഷ്യൻ' എന്ന്. ഹൃദയത്തിൽ നിന്നു വരുന്ന നിഷ്കളങ്കമായ ആ അഭിനന്ദനത്തിനു തങ്കത്തിന്റെ മാററുണ്ട്.

കുട്ടിയമ്മു സാഹിബിനെപ്പററി ഓർക്കുമ്പോാം നാട്ടുംപുറത്തുകാരനായ എന്റെ നാവിൽ ഉദിക്കുന്നത്. 'നല്ല തങ്കം പിടിച്ച മനുഷ്യൻ' എന്ന വാക്കുകളാണ്. കുട്ടിയമ്മു സാഹിബിനെ കാണുന്നതും പരിചയപ്പെടുന്നതും പബ്ലിക് സർവീസ് കമ്മീഷനിൽ ഞാൻ മെമ്പറായിരിക്കെയാണ്. ഉദ്യോഗസ്ഥൻമാർ 'ഉപദേഷ്ടാക്കളായി' വരും; ചർച്ചകാംക്കായി വരും; ചില കമ്മററികാംക്കായി വരും; അങ്ങിനെ വന്നവകയിലാണ് അദ്ദേഹവുമായി പരിചയപ്പെടുന്നത്. അങ്ങിനെയിരിക്കെ വായ്പയെടുത്ത് ഒരു വീടു ഞാൻ പണിയിച്ചു. അതിന് എത്രയും ലളിതമായും ചെലവുകുറഞ്ഞ രീതിയിലും പൈപ്പും കുളിമുറി - കക്കൂസുമുറികളും ഉണ്ടാക്കണം. അതിനുപററിയ കൃഷ്ണൻ നായർ എന്നൊരു മൂപ്പനെ കുട്ടിയമ്മു സാഹിബ് അയച്ചു തരുകയുണ്ടായി. കൃഷ്ണൻ നായർ കുട്ടിയമ്മു സാഹിബിനും പണികാം ചെയ്തു കൊടുക്കുന്ന ആാം ആയിരുന്നു. ഞങ്ങാം രണ്ടും ചേർന്ന് പരിഷ്കാരികാംക്ക് ചേരാത്തതും പണം പിടിച്ചു മാത്രം ചെലവാക്കാൻ കഴിയുന്നവർക്കു സ്വീകരിക്കേണ്ടതുമായ പല കിശുമത്തുകളും നടത്തി !

പൈപ്പിൽ നിന്നു വെള്ളം എടുക്കുമ്പോഴും കുടിക്കുമ്പോഴും കുട്ടിയമ്മു സാഹിബിനെ ഞാൻ ഓർക്കും; അദ്ദേഹം അയച്ചു തന്ന കൃഷ്ണൻ നായരെയും. ഇതെന്റെ കൊച്ചു കാര്യം. എന്നാൽ —? കുട്ടിയമ്മു സാഹിബ് പരക്കെ ആദരിക്കപ്പെടുന്നത് അദ്ദേഹത്തിന്റെ സത്യസന്ധതയ്ക്കും ആർജ്ജവത്തിനുമായിരുന്നു. കളങ്കമില്ലാത്ത മനുഷ്യൻ. മതഭക്തി അദ്ദേഹത്തിൽ നൻമയുടെ ഉറവുകാം തെളിച്ചു; മനുഷ്യസ്നേഹവും. □

---

വാഗ്ദത്തലംഘനം ചെയ്തതു കൊണ്ട് എനിക്ക് ദേഷ്യം വന്നു. ഹെഡ്മാസ്ററരോടു ഞാൻ പറഞ്ഞു: "നിങ്ങളുടെ വാഗ്ദത്തത്തെ ആശ്രയിച്ചു ഞങ്ങാം അബൂബക്കറുടെ ട്രാൻസ്ഫർ സർട്ടിഫിക്കററ് വാങ്ങി. ഇപ്പോാം നിങ്ങാം സീററ് ഇല്ല എന്നു പറഞ്ഞ സ്ഥിതിക്ക് എന്റെ കൂടെ വന്ന അബൂബക്കർക്ക് സീററു അവിടെയുമില്ലാ ഇവിടെയുമില്ലാ എന്ന അവസ്ഥ നിങ്ങാം സൃഷ്ടിച്ചിരിക്കുന്നു. ഇരിക്കട്ടെ! ഞാൻ നിങ്ങളെ തനിയേ തെരുവിൽ വെച്ചു കാണും."

ഇതു പറഞ്ഞു ഞാനും അബൂബക്കറും പുറത്തു വന്നു. ഞാൻ ഇംഗ്ലീഷിലായിരുന്നു സംസാരിച്ചത് ഞങ്ങളുടെ സംസാരം കേട്ടപ്പോാം വിദ്യാർത്ഥികാം തടിച്ചു കൂടി നിന്നിരുന്നു.

ഞങ്ങാം റോഡിൽ എത്തിയപ്പോാം അവിടെ കൂടിയിരുന്ന വിദ്യാർത്ഥികാം എല്ലാം ഞങ്ങളെ അനുമോദിച്ചു. കുട്ടികാം പറഞ്ഞു: "ഈ ഹെഡ്മാസ്ററർ പലരേയും അഡ്മിഷന്റെ കാര്യത്തിൽ ബുദ്ധിമുട്ടിക്കാറുണ്ട്. അദ്ദേഹം ഒരു പേടിക്കൊടലനാണ്. നിങ്ങാം രണ്ടാമതും അയാളെ ചെന്നുകാണുക." ഈ വിദ്യാർത്ഥികാം പറഞ്ഞതു മുഴുവനും ശരിയായിരുന്നു. ഞങ്ങാം രണ്ടാമതു ചെന്നപ്പോാം ഹെഡ്മാസ്ററരുടെനില ഒന്നുമാറിയിരിക്കുന്നു. എന്നെ കണ്ട ഉടനെ ഇംഗ്ലീഷിൽ "Hallo! My dear young man" എന്നു വിളിച്ചു പുറത്തു സ്നേഹപൂർവ്വം ഒന്നു തടവി മധുരമായി പറഞ്ഞു : 'നാളെ നിങ്ങളുടെ കുട്ടിയെ അയച്ചു കൊള്ളൂ! സീററു കൊടുക്കാം.' പിന്നെ പി.ഒ. അബൂബക്കർസാഹിബിനോടുപറഞ്ഞു: 'ഇദ്ദേഹത്തെ ബുദ്ധിമുട്ടിക്കേണ്ടാ.നാളെ നിങ്ങാം വന്നുകൊള്ളൂ. സീററു തരാം.' അവിടെ കൂടി നിന്നിരുന്ന വിദ്യാർത്ഥികാം തികച്ചും ഹെഡ്മാസ്ററരുടെ മനഃസ്ഥിതി പഠിച്ചിരുന്നു.

# മർഹും ടി. പി. കുട്ടിയമ്മു സാഹിബ്

### സേവനം കൈമുതലാക്കിയ മഹാൻ

എം. അബ്ദുസ്സലാം I A S (Retd.)

നമ്മുടെ ഇടയിൽ നിറഞ്ഞു നിന്നശേഷം കാലയവനികയ്ക്കു പിന്നിൽ മറഞ്ഞുപോയ ആ വലിയ വ്യക്തിയെപ്പററി എൻെറ മനസ്സിൽ തെളിഞ്ഞു തന്നെ നില്ക്കുന്ന പല ഓർമ്മകളുമുണ്ട്. അവയിൽ ഒന്നോ രണ്ടോ കാര്യങ്ങളം മാത്രം ഇവിടെ കുറിയ്ക്കുന്നു.

**മുസ്ലിം അസോസിയേഷൻെറ സ്ഥാപനം**

കുട്ടിയമ്മു സാഹിബുമായി അടുത്തു ഇടപഴകാൻ ഇടയാക്കിയത് തിരുവനന്തപുരം മുസ്ലിം അസോസിയേഷൻെറ സ്ഥാപനവും അതിൻെറ വികസനപ്രവർത്തനവുമാണ്. തമ്മിൽ പരിചയപ്പെട്ടതിനുശേഷം ഏതാണ്ടു രണ്ടു ദശകക്കാലത്തോളം കാലം അദ്ദേഹവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കാൻ ഇടയായിട്ടുണ്ട്. അദ്ദേഹം തിരുവനന്തപുരത്തു വന്നെത്തിയ കാലത്ത് മുസ്ലിംകളുടേത് എന്നു വിശേഷിപ്പിക്കാവുന്നതും സജീവമായി പ്രവർത്തിച്ചിരുന്നതുമായ ഒരു സംഘടനയുണ്ടായിരുന്നില്ല. 'മുസ്ലിം ക്ലബ്'' എന്ന പേരിൽ മർഹൂം പി. ഏ. കാസിം സാഹിബ് (റിട്ട. റവന്യൂബോർഡ് മെമ്പർ), മർഹൂം ഹസൻ മരിക്കാർ സാഹിബ് (മരിക്കാർ മോട്ടോഴ്സ് മാനേജിംഗ് ഡയറക്ടർ), മർഹൂം യൂനുസ് സേട്ടു മുതലായവരുടെ നേതൃത്വത്തിൽ നടന്നു വന്നിരുന്ന സംഘടനയുടെ പ്രവർത്തനം നിലച്ചിരുന്നു. കേരളപ്പിറവിയോടനുബന്ധിച്ചു മലബാർ ഭാഗത്തുനിന്നും അനവധി മുസ്ലിം ഉദ്യോഗസ്ഥൻമാർ തിരുവനന്തപുരത്ത് എത്തുകയും ചെയ്തു. ഇവർ കുട്ടിയമ്മു സാഹിബിനെ ഒരു കാരണവരായി ആദരിക്കുകയും സ്നേഹിക്കുകയും ചെയ്തിരുന്നു. പിന്നീടു വേണ്ടിയിരുന്നത് സ്ഥലവാസികളായവരുടെ സഹകരണം തേടുകയായിരുന്നു. സ്ഥലവാസികളിൽ പ്രധാനികളായി അറിയപ്പെട്ടിരുന്നവരിൽ അധികംപേരേയും പ്രത്യേകം പ്രത്യേകം സമീപിച്ചു സംഘടനക്കാര്യം ചർച്ച ചെയ്യുകയും അവരുടെ സഹകരണം നേടുകയും ചെയ്യാൻ കുട്ടിയമ്മു സാഹിബു നടത്തിയ ശ്രമം സഫലമായി. കൂടാതെ അഭ്യസ്തവിദ്യരായ മുസ്ലിം യുവാക്കളെ (അവരിൽ അധികംപേരും ഉദ്യോഗങ്ങളിൽ ഉള്ളവരായിരുന്നു) സ്വാധീനിക്കാൻ അദ്ദേഹത്തിനു വളരെ എളുപ്പം സാധിച്ചു. മുസ്ലിം അസോസിയേഷൻെറ സംസ്ഥാപനത്തിൽ മററു പലരും പങ്കുചേർന്നിരുന്നുവെന്നത് സത്യമാണ്.എന്നാൽ കുട്ടിയമ്മു സാഹിബിൻെറ സ്ഥിരോത്സാഹവും സംഘടനാസാമർത്ഥ്യവുമാണ് അതിൻെറ അടിസ്ഥാനഘടകം.

---

കുട്ടിയമ്മുസാഹിബ് രസം പറയുന്ന കൂട്ടത്തിൽ ചിലപ്പോരം ഈ പ്രവേശനസംഭവവും പറയുമായിരുന്നു. 'പ്രവേശനം സ്ക്കൂളിൽ കിട്ടിയില്ലെങ്കിൽ പള്ളക്കനും പി. ഒ. അബൂബക്കറും പേടിപ്പിച്ചു സീററു വാങ്ങിത്തരും' എന്ന്.

രസം പറഞ്ഞു ചിരിക്കുകയും ചിരിപ്പിക്കുകയും ചെയ്യുന്നതുതന്നെ ആരോഗ്യലക്ഷണമാണ്. എല്ലാവരും സുസ്മേരവദനരായിരിക്കണം. സ്വന്തം തന്നെ സുസ്മേരവദനനായിരിക്കണം. "If you smile another will smile; and then there will be miles and miles of smiles." ഈ സത്യം മനസ്സിലാക്കിക്കൊണ്ടാണ് കുട്ടിയമ്മു സാഹിബ് ചിരിക്കുവാനുള്ള സംഗതികരം കണ്ടാൽ അത് ആവർത്തിച്ചു പറയുന്നത്.

വിനയജീവിതമായിരുന്നു അദ്ദേഹം അവലംബിച്ചത്. "Simple Living and high thinking" എന്ന പ്രമാണമായിരുന്നു മുമ്പിൽ വെച്ചത്. എടുത്തു ചാട്ടത്തിൻെറ ഭ്രമം അദ്ദേഹത്തെ തീണ്ടുകപോലും ചെയ്തിട്ടില്ല.

ഏതു സംഗതിയും സമാധാനപൂർവ്വം ആലോചിച്ചായിരുന്നു ചെയ്തിരുന്നത്. ഓരോ ദിവസ്വും ചെയ്യേണ്ടുന്ന പ്രവൃത്തിക്ക് പരിപാടി തലേദിവസം തന്നെ തയ്യാറാക്കിയിരുന്നു.

ആത്മാർത്ഥമായി സ്നേഹിച്ച സ്നേഹിതനായിരുന്നു കുട്ടിയമ്മു സാഹിബ്. അല്ലാഹു അദ്ദേഹത്തിനു മഗ്ഫിറത്തു നല്കട്ടെ ! ആമീൻ ! □

## അസോസിയേഷൻ ഹോസ്റ്റൽ

മുസ്ലിം അസോസിയേഷൻ ബാലാരിഷ്ടതകൾ വളരെയൊന്നും അനുഭവിക്കാതെ വളർന്നു വരാൻ സാഹചര്യം ഉണ്ടാക്കിയ മറ്റൊരു തീരുമാനത്തിന്റെ പിറകിലും കുട്ടിയമ്മു സാഹിബിന്റെ പരിചയസമ്പത്താണ് വഴികാട്ടിയായിരുന്നത്. അസോസിയേഷന്റെ വകയായി ഒരു ഹോസ്റ്റൽ സ്ഥാപിക്കുക എന്നുള്ളതായിരുന്നു ആ തീരുമാനം. പ്രത്യക്ഷത്തിൽ വിദ്യാർത്ഥികൾക്കും താഴ്ന്നവരുമാനക്കാരായ ഉദ്യോഗസ്ഥൻമാർക്കും താമസിക്കാനുള്ള സൗകര്യം നൽകുകയാണ് ഹോസ്റ്റൽ കൊണ്ടുദ്ദേശിക്കുന്നത്. കുട്ടിയമ്മു സാഹിബ് ഇതും, കൂടെ മറ്റൊരു പ്രധാന കാര്യവും മുന്നിൽക്കണ്ടു —മുസ്ലിം അസോസിയേഷന് ഒരു ആസ്ഥാനവും. പിൽക്കാലത്തു തിരുവനന്തപുരത്തു രൂപം കൊണ്ട ചില മുസ്ലിം സംഘടനകൾക്കു വർഷങ്ങളായിട്ടും ഒരു ഇരിപ്പിടം കണ്ടെത്താനായിട്ടില്ല എന്നോർക്കുമ്പോഴാണ് കുട്ടിയമ്മു സാഹിബിന്റെ പ്രായോഗികജ്ഞാനത്തെക്കുറിച്ചു നാം ബോധവാൻമാരാകുന്നത്. ചുരുക്കിപ്പറഞ്ഞാൽ കുട്ടിയമ്മു സാഹിബ് തിരുവനന്തപുരം മുസ്ലിം അസോസിയേഷന്റെ സംയോജകനും പ്രചാരകനും പ്രധാന പ്രവർത്തകനുമായിരുന്നു. മററനേകം പേർ അദ്ദേഹത്തിന്റെ യത്നത്തിൽ പങ്കു ചേരുകയോ പിൻബലം നൽകുകയോ ചെയ്തിരുന്നുവെന്നുള്ളത് ഇവിടെ വിസ്മരിക്കുന്നില്ല. എങ്കിലും കുട്ടിയമ്മു സാഹിബിന്റെ പ്രാരംഭപ്രവർത്തനം ഇല്ലാതിരുന്നെങ്കിൽ ഇതൊന്നും നടക്കുമായിരുന്നില്ല യെന്ന സത്യം മറച്ചുവയ്ക്കത്തക്കതല്ല.

## പാളയം പള്ളി

മുസ്ലിം അസോസിയേഷന്റെ കാര്യത്തിലെന്നപോലെ തന്നെ തിരുവനന്തപുരം നഗരത്തിന്റെ മുഖഛായയ്ക്കു മികവേററിക്കൊണ്ടു ഉയർന്നുനിൽക്കുന്ന പാളയം മുസ്ലിം ജമാഅത്ത് പള്ളി ഇന്നു കാണുന്ന മനോഹരമായ രീതിയിൽ പുനർനിർമ്മാണം ചെയ്തതിനുവേണ്ടി കുട്ടിയമ്മു സാഹിബ് വഹിച്ച പങ്കു നിരുപമമായിരുന്നു. സമുദായസ്നേഹികളും സേവനതൽപരരും ഔദാര്യനിധികളുമായ അനേകം മഹദ്വ്യക്തികൾ ആ യത്നത്തിൽ പങ്കാളികളായിരുന്നുവെങ്കിലും അവർക്കെല്ലാം പ്രചോദനം നൽകി പ്രവർത്തനങ്ങൾ ആവുംവിധം വേഗത്തിൽ പുരോഗമിപ്പിക്കുന്നതിലും വിശിഷ്യ പുതുക്കിപ്പണിയുന്ന പള്ളിയുടെ രൂപരേഖ തയ്യാറാക്കുന്നതിലും അതിന്റെ വിശദാംശങ്ങൾ തീരുമാനിക്കുന്നതിലും കുട്ടിയമ്മു സാഹിബ് അതിപ്രധാനമായ പങ്കാണ് വഹിച്ചത്. ഇന്ത്യയിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള പ്രശസ്തങ്ങളായ പല പള്ളികളിൽ നിന്നും അനുകരണയോഗ്യമായിക്കണ്ടിരുന്ന വിശദാംശങ്ങൾ സംയോജിപ്പിച്ചു ഒരു പുതിയ മാതൃക രൂപപ്പെടുത്തിയെടുക്കുന്ന കാര്യത്തിൽ അനുഗ്രഹീതനായ ഒരു കലാകാരന്റെ കരവിരുത് കുട്ടിയമ്മു സാഹിബ് കാണിച്ചിരിക്കുന്നു.

'സാരസൻ' ശിൽപമാതൃക അടിസ്ഥാനഘടകമായി സ്വീകരിച്ചു പ്രാദേശികാഭിരുചിക്കു അനുസരണമായി ഭേദപ്പെടുത്തിയാണ് പാളയം പള്ളിയുടെ മാതൃകയ്ക്കു രൂപകൽപന നൽകിയത് എന്നു കുട്ടിയമ്മു സാഹിബ് രേഖപ്പെടുത്തിയിട്ടുണ്ട്. ഇന്ത്യയിൽ ചരിത്രപ്രസിദ്ധങ്ങളായി തീർന്നിട്ടുള്ള ആഗ്രാകോട്ടയിലെ കൊട്ടാരങ്ങൾ, ഡെൽഹിയിൽ ചുവപ്പുകോട്ടയ്ക്കുള്ളിലെ ദിവാനിഖാസ് 'ദിവാനേ ആം' എന്നിവയിൽ നിന്നും പല വിശദാംശങ്ങളും അദ്ദേഹം സ്വീകരിച്ചു. 16-ാം നൂററാണ്ടിൽ ബിജാപ്പൂർ സുൽത്താൻമാരുടെ നിർദ്ദേശപ്രകാരം നിർമ്മിക്കപ്പെട്ടിട്ടുള്ളവയും മനോഹാരിതയ്ക്കും ആകാരസന്തുലിതത്വത്തിനും പ്രതീകങ്ങളായി ഇപ്പോഴും നിലനിൽക്കുന്നവയുമായ കുംഭഗോപുരങ്ങളുടെ മാതൃകയാണ് കുട്ടിയമ്മു സാഹിബ് പാളയം ജമാഅത്തു പള്ളി പുനർനിർമ്മാണത്തിൽ സ്വീകരിച്ചത്. അങ്ങിനെ അതിസുന്ദരവും അതേ സമയം അത്യന്തം ലളിതവുമായി തിരുവനന്തപുരം പാളയം മുസ്ലിം ജമാഅത്ത് പള്ളി ഉയർന്നു. പള്ളിപ്പണി പൂർത്തിയായിക്കാണാൻ കഴിഞ്ഞതിൽ കുട്ടിയമ്മു സാഹിബ് ഏററവും സന്തുഷ്ടനായിരുന്നു.

കുട്ടിയമ്മു സാഹിബിന്റെ കൂടെപ്പിറപ്പാണെന്നു എനിക്കു തോന്നിയിട്ടുള്ള ശാന്തതയും പുഞ്ചിരിയും മാഞ്ഞുപോകുന്നതോ, അദ്ദേഹം കോപം കൊള്ളുന്നതോ ദുഃഖിക്കുന്നതോ നിരാശപ്പെടുന്നതോ ഞങ്ങളിൽ ആരും കണ്ടിരുന്നില്ല. പള്ളിയുടെ ഔപചാരികമായ ഉൽഘാടനത്തിനുശേഷം പള്ളി ചുററി നടന്നു കാണാൻ ആഗ്രഹിച്ച് ആളുകൾ തിങ്ങിക്കൂടി. പള്ളിയിലെ നമസ്കാരത്തിനു യാതൊരുവിധമായ തടസ്സവും വരുത്താതെ സന്ദർശകർക്കു പ്രവേശനം അനുവദിക്കണമെന്നു പൊതുവേ അഭിപ്രായം ഉണ്ടായി

പുറംപള്ളിയെന്നു വിശേഷിപ്പിക്കുന്ന ഭാഗം മാത്രം തുറന്നിട്ടുകൊണ്ടു ഒരു താൽക്കാലിക വേലി കുട്ടിയമ്മു സാഹിബിൻെറ നിർദ്ദേശപ്രകാരം നിർമ്മിച്ചു. എന്നാൽ ഇത് സന്ദർശകരിൽ ഒരു വലിയ വിഭാഗത്തിനു പരാതിക്കു കാരണമുണ്ടാക്കി. പള്ളിയുടെ മദ്ധ്യഭാഗത്തു നിർമ്മിക്കപ്പെട്ടിരുന്ന കുംഭഗോപുരം താഴത്തെ നിലയിൽ നിന്നും നോക്കിക്കാണാൻ അനുവദിക്കണമെന്ന അപേക്ഷ ജമാഅത്ത് ഭരണസമിതിയുടെ മുമ്പാകെ വരികയുണ്ടായി. സാധാരണ വക്തുകളിൽ മൂന്നോ നാലോ നിരയ്ക്കുള്ള ആളുകളേ നമസ്കാരത്തിനു കാണാറുള്ളുവെന്നും രണ്ടോ മൂന്നോ ദിവസത്തേയ്ക്കു സന്ദർശകർക്കു കൂടുതൽ സൗകര്യം നൽകണമെന്നുമുള്ള തീരുമാനമാണ് ഭരണസമിതി കൈക്കൊണ്ടത്. ഇതനുസരിച്ചു നേരത്തെ കെട്ടിയിരുന്ന വേലിയുടെ സ്ഥാനം മാററി സ്ഥാപിച്ചു കുംഭഗോപുരം താഴെ നിന്നും കാണത്തക്ക സൗകര്യമുണ്ടാക്കി പൊതു അഭിപ്രായം മാനിച്ചു. അപ്പോൾ ഭരണസമിതിയുടെ അദ്ധ്യക്ഷനായിരുന്ന ഞാനും ചേർന്നാണ് താൽക്കാലിക വേലിയുടെ സ്ഥാനം മാററിയത്. അപ്പോൾ പള്ളിയിൽ ഹാജരില്ലായിരുന്ന കുട്ടിയമ്മു സാഹിബ് കുറച്ചു സമയം കഴിഞ്ഞു പള്ളിയിലെത്തിയപ്പോൾ താൽക്കാലിക വേലിമാറിയിരിക്കുന്നതായിക്കണ്ടു. ഇത് അദ്ദേഹത്തെ അത്യന്തം ക്ഷുഭിതനാക്കി. ഒട്ടും താമസിച്ചില്ല. ആരാണ് ഇതു മാററി സ്ഥാപിച്ചത് എന്നു അന്വേഷിച്ചില്ല. എന്തുകാരണംകൊണ്ടു അങ്ങിനെ ചെയ്തുവെന്നു ആരാഞ്ഞതുമില്ല. താൽക്കാലിക വേലി അദ്ദേഹം ആദ്യം സ്ഥാപിച്ചിരുന്ന സ്ഥാനത്തേയ്ക്കു തന്നെ മാററി വച്ചു. അദ്ദേഹം ക്ഷുഭിതനായിരിക്കയാണെന്നു കണ്ട് ഭരണസമിതിയിലെ ചില അംഗങ്ങൾ അവിടെയുണ്ടായിരുന്നെങ്കിലും അവർ ആരുംതന്നെ ഒരു തടസ്സവും ഉണ്ടാക്കിയില്ല. കുറെ കഴിഞ്ഞു പള്ളിയിലെത്തിയ എനിക്കു നേരിടേണ്ടിവന്നത് ഭരണസമിതിയംഗങ്ങളുടെ ശക്തിയായ പ്രതിഷേധത്തെയാണ്. അദ്ദേഹം താൽക്കാലികവേലി പഴയസ്ഥാനത്തേയ്ക്കു മാററിയപ്പോൾ എന്തെങ്കിലും പറഞ്ഞിരുന്നുവോ എന്നു അന്വേഷിച്ചപ്പോൾ ''ഇതു പള്ളിയാണ്. അതിൻെറ പരിശുദ്ധി കാത്തുസൂക്ഷിക്കുകതന്നെ വേണം.അതിനെ ഒരു പ്രദർശനപ്പന്തലാക്കിമാററിക്കൂടാ'' എന്നു പറഞ്ഞുവെന്നു ചിലർ അറിയിച്ചു.ജമാഅത്ത് ഭരണസമിതിയുടെ തീരുമാനം അവഗണിച്ചു കുട്ടിയമ്മു സാഹിബ് പ്രവർത്തിച്ചത് തെററാണെന്നത് അംഗീകരിച്ചാൽ തന്നെയും പള്ളിയുടെ പുനർനിർമ്മാണത്തിനുവേണ്ടി അദ്ദേഹം നൽകിയിരുന്ന മഹത്തായ സേവനം കണക്കിലെടുത്തു ഈ വേലിത്തർക്കം അവസാനിപ്പിക്കണമെന്ന് ഞാൻ അഭ്യർത്ഥിച്ചതനുസരിച്ച് പ്രശ്നം അവസാനിക്കുകയും ചെയ്തു. കുട്ടിയമ്മു സാഹിബാകട്ടെ, താൻ ചെയ്യേണ്ടത് ചെയ്തുവെന്ന നിലപാടാണ് സ്വീകരിച്ചത്. ഭരണസമിതിയംഗങ്ങൾതന്നെ പിന്നീട് സമ്മതിച്ചു, താൻ തെററാണെന്നു വിശ്വസിക്കുന്നതിനെതിരെ വേണ്ടിവന്നാൽ പല്ലും നഖവുമുപയോഗിച്ചു എതിർക്കുന്ന നിശ്ചയദാർഢ്യം മാത്രമാണ് അദ്ദേഹം കാണിച്ചതെന്ന്.

## സഫലമാവാത്ത ആഗ്രഹം

കുട്ടിയമ്മു സാഹിബിനെ അത്യധികം നിരാശപ്പെടുത്തിയ ഒരു കാര്യം പള്ളി പുനർനിർമ്മാണത്തിലുണ്ടായി. അദ്ദേഹത്തിൻെറ ആഗ്രഹം ഒന്നാം നിലയിലെ ഒരു ഭാഗം സ്ത്രീകൾക്കു നമസ്കരിക്കാൻവേണ്ടി നീക്കി വയ്ക്കണമെന്നായിരുന്നു. പള്ളിക്കെട്ടിടത്തിൻെറ പടിഞ്ഞാറു വശത്തുള്ള വാതിലിൽകൂടി പ്രവേശിച്ചു സ്ത്രീകൾക്കായി പ്രത്യേകം നിർമ്മിക്കുന്ന വുസുഖാനയിൽ വച്ചു വുസു ചെയ്തു അവിടെനിന്നും ഒന്നാം നിലയിലേയ്ക്കു കോണിപ്പടി വഴി പ്രവേശിച്ചു നമസ്കരിക്കാനുള്ള സജ്ജീകരണങ്ങളാണ് അദ്ദേഹം വിഭാവനം ചെയ്തിരുന്നത്. അങ്ങിനെ വിഭാവനം ചെയ്ത കോണിപ്പടി ഒന്നാം നിലയിൽ എത്തുന്ന ഭാഗത്ത് ഒരു വാതിലും നിർമ്മിക്കുകയുണ്ടായി. ആ വാതിൽ ഇപ്പോഴും അടഞ്ഞു തന്നെ കിടക്കുന്നു. സ്ത്രീകൾക്കുവേണ്ടി നിർമ്മിക്കാനുദ്ദേശിച്ച പ്രത്യേക വുസുഖാനയും കോണിപ്പടിയും ഇപ്പോഴും ഒരു വിദൂരസ്വപ്നമായി അവശേഷിക്കുന്നു. ഭരണസമിതിയിലെ ഭൂരിപക്ഷം അംഗങ്ങളും ഇതിനെ അതിശക്തമായി എതിർത്തതിനാലാണ് ഈ പദ്ധതി നടപ്പിലാകാതെ വന്നത്. വ്യക്തിപരമായി പല അംഗങ്ങളും കുട്ടിയമ്മു സാഹിബിൻെറ അഭിപ്രായത്തോടു യോജിപ്പുള്ളവരായിരുന്നു. പക്ഷേ ആ അഭിപ്രായം ഒരു പൊതുവേദിയിൽ വച്ചു പ്രകടമാക്കാൻ ആരും തയ്യാറായിരുന്നില്ല. എന്നെങ്കിലും തയ്യാറാകുമോ എന്നു പറയാനും പ്രയാസമാണ്.

കുട്ടിയമ്മു സാഹിബുമായി ബന്ധപ്പെട്ട പല ഓർമ്മകളും എനിക്കുണ്ട്. സ്ഥലപരിമിതികൊണ്ട് അതിലേയ്ക്കു കടക്കുന്നില്ല. താനുൾപ്പെടുന്ന സമൂഹത്തിൻെറ സ്ഥിതി മെച്ചപ്പെടുത്താൻ അത്യന്തം ആഗ്രഹിച്ചു. പല വ്യക്തികളെയും സഹായിച്ചു. പല സംരംഭങ്ങളിലും പങ്കുചേർന്നു. പലതിനും നേതൃത്വം നൽകി. ആകെക്കൂടി നോക്കിയാൽ എൻെറ ഓർമ്മയിൽ തെളിഞ്ഞു നില്ക്കുന്നത് സേവനം കൈമുതലാക്കിയ ഒരു വലിയ മനുഷ്യനാണ്. □

കേരളാ മുസ്ലിംകളുടെ സാമൂഹ്യ-സാംസ്കാരിക-വിദ്യാഭ്യാസ പുരോഗതിക്കുവേണ്ടി ആയുഷ്കാലം മുഴുവനും പ്രവർത്തിച്ച ജ: ടി. പി. കുട്ടിയമ്മു സാഹിബിൻെറ വിയോഗം കേരളത്തിനു തീർത്താൽ തീരാത്ത നഷ്ടമാണ് വരുത്തിവെച്ചിട്ടുള്ളത്. കേരളാ മുസ്ലിംകളുടെ ഇടയിൽ നിന്ന് കേരളപ്പിറവിയുടെ ഏതാണ്ടു തുടക്കം മുതൽ തന്നെ ചീഫ് എഞ്ചിനീയറുടെ ഉന്നത തസ്തികയിൽ വളരെക്കാലം പ്രവർത്തിച്ച അദ്ദേഹം അഖിലേന്ത്യാ തലത്തിൽത്തന്നെ പ്രസിദ്ധനായ എഞ്ചിനീയർമാരിൽ ഒരാളായിരുന്നു. ഇന്നു മൂന്നും നാലും ചീഫ് എഞ്ചിനീയർമാർ കൈകാര്യം ചെയ്തുവരുന്ന ചുമതലകഠം തനിച്ച് ഏറെറടുത്തു നടത്തിപ്പോന്ന ആ ഘട്ടത്തിൽപോലും മററുള്ളവരുടെ ഉത്തമനത്തിനും ഉൽക്കർഷത്തിനും വേണ്ടിപ്രവർത്തിക്കുവാൻ അദ്ദേഹം സമയം കണ്ടെത്തി. സ്വയം ഉയർന്ന വിദ്യാഭ്യാസവും പദവിയും നേടിയെടുത്തതുകൊണ്ടുമാത്രം അദ്ദേഹം തൃപ്തിപ്പെട്ടില്ല. മിടുക്കൻമാരായ വിദ്യാർത്ഥികളെ തിരഞ്ഞു പിടിച്ച് അവരെയെല്ലാം അഭ്യസ്തശക്തിയും അദ്ദേഹമായിരുന്നു. കുട്ടിയമ്മു സാഹിബിൻെറ ആശീർവാദവും സഹകരണവും ഉപാനും ലഭിക്കാത്ത പള്ളികഠം വളരെ അപൂർവമായേ ആ കാലഘട്ടങ്ങളിൽ കേരളത്തിൽ നിർമ്മിക്കപ്പെട്ടിരുന്നുള്ളു.

### പുരോഗമനചിന്തയും സംസ്കാരവും

സ്വയം ഒരു പുരോഗമനചിന്താഗതിക്കാരനായിരുന്നെങ്കിലും മതപരമായ കാര്യങ്ങളിൽ അദ്ദേഹം ഒരിക്കലും ഒരു കടുംപിടുത്തക്കാരനായിരുന്നില്ല. മുസ്ലിം സമുദായത്തിൻെറ പൊതുവായ പുരോഗമനത്തിനുവേണ്ടി പ്രവർത്തിക്കുക എന്നതൊഴിച്ച് അതിൽ ഒരു പ്രത്യേക വിഭാഗത്തിൻെറ വക്താവാകാൻ അദ്ദേഹം ഇഷ്ടപ്പെട്ടില്ല. വാസ്തവത്തിൽ മുസ്ലിംകളുടെ ഇടയിലുള്ള കക്ഷി വഴക്കിൽ നിന്നൊക്കെ അദ്ദേഹം അതീതനായിരുന്നു. ഒരു മുജാഹിദ് ആശയക്കാരനായിരുന്നിട്ടും സുന്നി വിഭാഗത്തിൻെറയടക്കമുള്ള മററു വിഭാഗങ്ങഠക്കു അദ്ദേഹം ആദരണീയനും മാർഗദർശിയുമായി ജീവിച്ചു.

---

# "ജ: കുട്ടിയമ്മു സാഹിബ് എൻെറ ഓർമ്മയിൽ"

ഡോ. കെ. മൊയ്തു
പ്രസിഡൻറ്, M. E. S., കേരള

വിദ്യരും സമുദായത്തിൻെറ സേവകൻമാരുമായി മാററാൻ അദ്ദേഹം അനവരതം പ്രവർത്തിച്ചു. അനേകം യുവഎഞ്ചിനീയർമാരെ, പ്രത്യേകിച്ച് മുസ്ലിം എഞ്ചിനീയർമാരെ ഗവേഷണകുതുകികളും ഉന്നത ബിരുദധാരികളുമായി ആക്കി തീർക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. അദ്ദേഹത്തിൻെറ നിരന്തരമായ പ്രേരണയും വാത്സല്യപൂർണ്ണമായ നിർബന്ധവും കാരണമാണ് താൻ M.Sc യും Ph.d യും എല്ലാമുള്ള ഒരു എഞ്ചിനീയറായത് എന്ന് എൻെറ ഇളയച്ഛൻ ഡോ. എം. കെ. ബീരാൻകുട്ടി പറയാറുള്ളത് ഞാനോർക്കുകയാണ്.

കേരളത്തിൽ മുസ്ലിം സംസ്കാരവും ഇസ്ലാമിക ചൈതന്യവും ഊട്ടിയുറപ്പിക്കുക എന്നത് കുട്ടിയമ്മു സാഹിബിൻെറ ജീവിതോദ്ദേശമായിരുന്നു. കേരളത്തിൽ അങ്ങോളമിങ്ങോളം പള്ളികളും മദ്രസ്സകളും സാംസ്കാരികകേന്ദ്രങ്ങളും ഉടലെടുത്തതിൻെറ പിന്നിലുള്ള പ്രേരണയും

ഞാൻ ചെറുപ്പത്തിലേ കേട്ടറിയുകയും മനസാ ബഹുമാനിച്ചാദരിക്കുകയും ചെയ്ത അദ്ദേഹത്തെ നേരിൽ പരിചയപ്പെടാൻ സാധിച്ചത് ഞാൻ തലശ്ശേരി ബ്രണ്ണൻ കോളേജിൽ പഠിച്ചുകൊണ്ടിരുന്നപ്പോഴാണ്. 1964-ൽ എം. ഇ. എസ്സ്. രൂപം കൊണ്ടപ്പോഠം അദ്ദേഹം ഞങ്ങളുടെ മാർഗദർശിയായി എന്നുപറഞ്ഞാൽ അതിൽ അതിശയോക്തി ഇല്ലതന്നെ. എം. ഇ. എസ്സിൻെറ പ്രവർത്തനങ്ങളെ അദ്ദേഹം സന്തോഷത്തോടും ആത്മാർത്ഥമായും പ്രോത്സാഹിപ്പിച്ചും പ്രത്യക്ഷമായും പരോക്ഷമായും ഞങ്ങളെ സഹായിച്ചും പോന്നിരുന്നു. ദിവംഗതനായ ഡോ.ഗഫൂറും ഈയുള്ളവനും പലതവണ അദ്ദേഹത്തെ സന്ദർശിച്ച് ഉപദേശനിർദ്ദേശങ്ങഠം സ്വീകരിച്ചിരുന്നത് ഞാൻ ഓർക്കുകയാണ്.

### എം. ഇ. എസുമായുള്ള അകൽച്ചയും അടുപ്പവും

ഇടക്കാലത്ത് ഞങ്ങളെ വേദനിപ്പിച്ച ഒരു സംഭവം പരാമർശിക്കാതിരിക്കാൻ നിവൃത്തിയി

# സരളമായ പ്രവർത്തന ശൈലിയുടെ ഉടമ

സി. ടി. ബഷീർ

കൈപ്പട മാറിയിരുന്നു; എങ്കിലും ചിരപരിചിതമായ ശൈലി; ഒരന്ത്യശാസനത്തിന്റെ സ്വരമുള്ള ആ എഴുത്ത് അവഗണിക്കാനാവില്ലായിരുന്നു: ''ടി. എം. എ യുടെ ജനറൽ ബോഡി യോഗം ഉടനെ വിളിക്കാം. അഭിപ്രായവ്യത്യാസങ്ങളുള്ള കാര്യങ്ങൾ അജണ്ടയിൽ ഉൾപ്പെടുത്താതെ പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കുക. എങ്ങനെയെങ്കിലും പ്രവർത്തനങ്ങളുമായി മുന്നോട്ടു പോവുക. ഇത്ര നല്ല ഒരു ലൈബ്രറി അനാഥമായി ഇട്ടേക്കരുത്.'' കുട്ടിയമ്മു സാഹിബ് രോഗശയ്യയിൽ നിന്നെഴുതിയ ആ വരികൾ ഒരു വഴിത്തിരിവ് സൃഷ്ടിച്ചുകൊണ്ട്, പുനരുജ്ജീവന ശക്തി പ്രദാനം ചെയ്തുകൊണ്ട് തലശ്ശേരി മുസ്ലിം അസോസിയേഷനെ ഉയിർത്തെഴുന്നേല്പിച്ചുവെന്നു മാത്രം കുറിക്കട്ടെ! ഒരു വീഞ്ഞപ്പെട്ടിയും അദ്ദേഹം ദാനം ചെയ്ത ഏതാനും ഗ്രന്ഥങ്ങളുമായി ആരംഭിച്ച ഒരു സംഘടന ഇരുപതു വർഷങ്ങളിലെ പ്രവർത്തനഫലമായി കേരളത്തിലെ മികച്ച ഇസ്ലാമിക ലൈബ്രറികളിലൊന്നായി വളർന്ന ശേഷം പ്രവർത്തനങ്ങൾ മന്ദീഭവിച്ചു നില്ക്കുകയായിരുന്നു. ഗ്രന്ഥങ്ങൾ ചോർന്നുപോവുകയും ചിതലുപിടിച്ചു തുടങ്ങുകയും ചെയ്ത ഒരു ഘട്ടത്തിലാണ് ആ അന്ത്യശാസനം വന്നു ചേർന്നത്. ആ ആജ്ഞ ശിരസാവഹിച്ചുകൊണ്ട് അങ്ങുമിങ്ങും വഴിമാറിപ്പോയ പ്രവർത്തകരെല്ലാം വീണ്ടും സമ്മേളിച്ചു. ഒരു വലിയ പ്രതിസന്ധി തരണം ചെയ്യുക തന്നെ ചെയ്തു. ആ സന്തോഷവാർത്തയുമായി ഞങ്ങൾ കുറെ പേർ രാമനാട്ടുകരയിലേക്ക് എത്തുമ്പോഴേക്ക് ഞങ്ങളുടെ പ്രിയപ്പെട്ട രക്ഷാധികാരി പ്രജ്ഞയററു കിടക്കുകയായിരുന്നു. മണിക്കൂറുകളോളം കാത്തിരുന്ന ശേഷം വീണുകിട്ടിയ ഒരു നിമിഷത്തിന്റെ പകുതിയിൽ അദ്ദേഹം കണ്ണുതുറന്നു ഞങ്ങളെ നോക്കി: ''നിങ്ങളെല്ലാം വന്നോ?'' എന്നു മാത്രം ചോദിച്ചു. അദ്ദേഹം എന്നെന്നേക്കുമായി പോകുവാൻ ഒരുങ്ങുകയായിരുന്നു—ഞങ്ങളുടെ വരവിനായി മാത്രം കാത്തിരുന്നപോലെയായിരുന്നു ആ ചോദ്യവും ദീർഘമായ മൗനവും!

## കുട്ടിയമ്മു സെൻറർ—തലശ്ശേരിയിൽ പുതിയ ഒരു സാംസ്കാരിക കേന്ദ്രം

തൈത്തോടത്ത് പറമ്പത്ത് കണ്ടി (ടി. പി.) കുട്ടിയമ്മു സാഹിബിന്റെ വീട്ടിന്റെ ഒരു പരിസരചിത്രമിതാണ്: വീടിന്റെ വലത്തേയററത്ത് കാന്തലാട്ടു പള്ളിയും ഇർശാദുസ്സിബ്യാൻ മദ്രസയും. പിന്നിൽ മദ്രസത്തുൽ ഇസ്ലാമിയാ ഗേൾസ് സ്കൂൾ. ഇടത്ത് തലശ്ശേരി മുസ്ലിം അസോസിയേഷൻ ലൈബ്രറിയും, ദാറുസ്സലാം യതീംഖാനയും. ഒരു വിളിപ്പാടകലെ മുജാഹിദ് പള്ളി. കുട്ടിക്കാലത്ത് കളിച്ചും, പഠിച്ചും നടന്ന ആ വഴികളിലെല്ലാം സാമൂഹ്യസേവനത്തിന്റെ മുദ്രകളർപ്പിക്കാൻ അദ്ദേഹം വളരെയേറെ

---

ല്ല. ചില തെററായ ധാരണകൾമൂലം മുസ്ലിംലീഗും എം. ഇ. എസ്സും തമ്മിൽ ഇടയുകയും എം. ഇ. എസ്സിൽ നിന്നും രാജിവച്ചു പോകുവാൻ പരേതനായ ബാഫക്കിതങ്ങൾ ആഹ്വാനം നൽകുകയും ചെയ്തപ്പോൾ കുട്ടിയമ്മു സാഹിബ് രാജിവെച്ചുപോയത് ഞങ്ങളെ വളരെയധികം വേദനിപ്പിച്ചു. കാരണം മററാര് വിട്ടുപോയാലും കുട്ടിയമ്മു സാഹിബിനെപോലെയുള്ള ഒരു വ്യക്തിയ്ക്ക് അങ്ങനെ ചെയ്യേണ്ടിവന്നത് ഞങ്ങൾക്ക് ആലോചിക്കാൻ പോലും പററുമായിരുന്നില്ല. പിൽക്കാലത്ത് അദ്ദേഹം ഈ സംഭവത്തിൽ ദുഃഖിതനായിരുന്നു. എന്നാൽ ഒടുവിൽ വീണ്ടും അദ്ദേഹം ഞങ്ങളോട് സഹകരിച്ച് പ്രവർത്തിക്കുകയുണ്ടായി. മുസ്ലിംകൾക്ക് ഒരു പൊതുവേദി രൂപീകരിക്കുക എന്ന ഉദ്ദേശത്തോടുകൂടി എം. ഇ. എസ്സും നദുവത്തും മററും പ്രവർത്തിച്ചപ്പോൾ അതിനുള്ള പ്രചോദനം കുട്ടിയമ്മു സാഹിബായിരുന്നു.

മററു മതസ്ഥരുടെ സംസ്ക്കാരവും പാരമ്പര്യവും ബഹുമാനിക്കുന്നതോടൊപ്പം തന്നെ താൻ വിശ്വസിച്ച് ആദരിച്ച് വന്ന ഇസ്ലാമിക സംസ്കാരം ഏതു സദസിലും പ്രകടിപ്പിക്കുവാനും അദ്ദേഹം ബദ്ധശ്രദ്ധനായിരുന്നു.

കഷ്ടപ്പെട്ടിട്ടുണ്ട്. ഒരു തരത്തിലല്ലെങ്കിൽ മററൊരു തരത്തിൽ കുട്ടിയമ്മു സാഹിബിന്റെ നിഷ്കളങ്കമായ സേവനം വിളിച്ചോതുന്നതാണ് അദ്ദേഹത്തിന്റെ മാതൃഭവനത്തിനു ചുററുമുള്ള ഈ സ്ഥാപനങ്ങളെല്ലാം. കേരളം മുഴുവൻ നിറഞ്ഞു നില്ക്കുന്ന ഇത്തരം അനേകം സ്ഥാപനങ്ങളെ വിസ്മരിക്കുകയല്ല. ഈ പ്രദേശത്തിനു വളരെയകലെയല്ലാതെ ''കുട്ടിയമ്മു സെൻറർ'' എന്ന ഒരു സാംസ്കാരിക കേന്ദ്രം ഉയർന്നുവരികയാണെന്നു കൂടി സാന്ദർഭികമായി കുറിക്കട്ടെ. അദ്ദേഹത്തിന്റെ ചിരകാല സങ്കല്പങ്ങളുടെ ഒരു സാക്ഷാത്കാരമെന്ന നിലയിൽ 'കുട്ടിയമ്മു സെൻറർ' ശ്രദ്ധിക്കപ്പെടും.

## ലളിത സുന്ദരമായ പ്രവർത്തനശൈലി

മഹാനായ ആ നേതാവിനെ ഓർക്കുമ്പോൾ ലാളിത്യം തുളുമ്പുന്ന ആ രൂപവും ഭാവവുമാണ് മുന്നിൽ വരുന്നത്. നിസ്സാരനായ ഒരു സംഘടനാപ്രവർത്തകന്നു പോലും അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ താൻ ആ സംഘടനയുടെ ജീവനാഡിയാണെന്നു തോന്നിപ്പോകും. നാലഞ്ചുവാക്കുകൾ വിറച്ചു വിറച്ചു പറയുകയും എഴുതുകയും ചെയ്തവർ അദ്ദേഹത്തിൽ നിന്നു ലഭിച്ച പ്രചോദനത്തിലൂടെ ഒന്നാന്തരം പ്രാസംഗികരും, പ്രബന്ധകാരൻമാരുമായിത്തീർന്നതായറിയാം. ഇസ്ലാമിക് സെമിനാറുകൾ സംഘടിപ്പിക്കുന്ന ഗൌരവത്തോടെ തന്നെ ഒരു കൈയ്യെഴുത്തു മാസിക പുറത്തിറക്കാനും അദ്ദേഹം പരിശ്രമിക്കുകയും സഹകരിക്കുകയും ചെയ്യും. ഒന്നുമില്ലായ്മയിൽ നിന്നു ഒന്നാന്തരം പ്രതിഭകളെ വാർത്തെടുക്കാനുള്ള ആ പാടവം അസൂയാർഹമത്രെ. കുട്ടിയമ്മുസാഹിബിന്റെ പ്രവർത്തനശൈലി സരളസുന്ദരവും, അതിന്റെ അനന്തരഫലങ്ങൾ ദൂരവ്യാപകമായ ചലനങ്ങൾ സൃഷ്ടിക്കുന്നവയുമായിരുന്നു. ആശയങ്ങൾ നൽകി സംഘടിക്കാൻ ആഹ്വാനം ചെയ്യുക; കൈപിടിച്ചു കയററാവുന്ന സമയം വരെ തലപ്പത്തിരിക്കുക; പിന്നീട് മാറിനിന്നു ആ സംഘടനയുടെ പുരോഗതി വീക്ഷിക്കുക; തിരുത്തുക; ഉപദേശനിർദ്ദേശങ്ങൾ നൽകുക; നേതൃനിരകളോട് പുതിയ പ്രതിഭകളെ കണ്ടെത്തുവാൻ ശ്രമിക്കണമെന്നു നിരന്തരമായി ഓർമ്മിപ്പിക്കുക—ഇതായിരുന്നു ആ പ്രവർത്തന ശൈലിയുടെ പ്രത്യേകതകൾ. പത്താം ക്ലാസു തോററു ജോലി അന്വേഷിച്ചു പോയവർ സ്കോളർഷിപ്പുകിട്ടി എഞ്ചിനീയറും ഡോക്ടറുമായി അദ്ദേഹത്തിനു മുമ്പിൽ തിരിച്ചെത്തി നന്ദി പ്രകാശിപ്പിച്ചതായി കേട്ടിട്ടുണ്ട്. താൻ ഏതോ പീടിക മുറിയിലിരുന്നു ഹോബിയായി വിവർത്തനം ചെയ്ത ഖുർആൻ പരിഭാഷയുടെ മഹത്വം മനസ്സിലാക്കി അതു പ്രസിദ്ധീകരി

## വ്യക്തിപരമായ കടപ്പാട്

വ്യക്തിപരമായി ഞങ്ങൾ വളരെയധികം അടുത്ത് പെരുമാറുകയുണ്ടായി. ഞാൻ കോഴിക്കോട്ടെ വെസ്ററേൺ ഹോസ്പിററൽ 1968-ൽ സ്ഥാപിച്ചതിനുശേഷം അവിടെ ഇടയ്ക്കിടെ അദ്ദേഹം സന്ദർശിക്കുക പതിവായിരുന്നു. തന്റെയും തന്റെ പ്രിയപത്നിയുടെയും മാത്രമല്ല മററു ആശ്രിതരുടേയും ചികിത്സാപരമായ കാര്യം ഞങ്ങൾ ശ്രദ്ധിച്ചുകൊണ്ടിരുന്നു. ചിലപ്പോഴെല്ലാം ഡോക്ടർമാരേയും നേഴ്സുമാരേയും വീട്ടിലേക്ക് രോഗികളെ ശുശ്രൂഷിക്കുവാൻ വേണ്ടി അയച്ചുകൊടുക്കാറുണ്ടായിരുന്നു. പല സാധുക്കളായ വ്യക്തികളുടെയും ചികിത്സയിൽ അദ്ദേഹം അതീവ താൽപര്യം പ്രകടിപ്പിക്കുക പതിവായിരുന്നു.

മരിക്കുന്നതിന് കുറച്ച് മാസങ്ങൾക്കു മുമ്പ് പോലും എന്റെ വ്യക്തിപരമായ പ്രശ്നത്തിനു മാദ്ധ്യസ്ഥം വഹിച്ചുകൊണ്ട് അദ്ദേഹം വളരെയധികം യത്നിക്കുകയുണ്ടായി. ഇതിനു വേണ്ടി പല തവണ അദ്ദേഹം വീട്ടിൽ വരികയുണ്ടായി.

മരിക്കുന്നതിന്റെ 2 ദിവസം മുമ്പ് എന്റെ സുഹൃത്തായ അദ്ദേഹത്തിന്റെ പ്രിയപുത്രൻ അബൂബക്കറുടെ വീട്ടിൽ ചെന്ന് അവസാനമായി അദ്ദേഹത്തെ സന്ദർശിക്കുവാൻ എനിക്കു സാധിച്ചു. അബോധാവസ്ഥയിലിരിക്കുമ്പോഴും ഞങ്ങളെ തിരിച്ചറിയുവാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. മകൻ മെഹബൂബ എഞ്ചിനീയറുടെ കുടുംബവും എന്റെ ഭാര്യാകുടുംബവും തമ്മിൽ ഇടക്കാലത്തുണ്ടായ വൈവാഹിക ബന്ധവും ഞങ്ങൾ തമ്മിലുള്ള അടുപ്പം കൂടുതൽ ദൃഢപ്പെടുത്താൻ സഹായിച്ചിട്ടുണ്ട്.

കേരള മുസ്ലിംകളുടെ സാംസ്കാരിക നായകൻമാരിൽ ഒരാളായ മർഹൂം കുട്ടിയമ്മു സാഹിബിനു സർവ്വശക്തൻ മഗ്ഫിറത്ത് നൽകുമാറാകട്ടെ ! ആമീൻ! □

ക്കാൻ സർവ്വസഹായ സഹകരണങ്ങളും ചെയ്തു കൊടുത്തത് കുട്ടിയമ്മുസാഹിബാണെന്നു ജനാബ് മുട്ടാണിശ്ശേരിൽ കോയാകുട്ടി സാഹിബ് പ്രസ്താവിച്ചിട്ടുണ്ട്. എത്രയെത്ര ചെറിയ സംഘടനകൾ അദ്ദേഹത്തിന്റെ സംരക്ഷണത്തിൽ ഉൽകൃഷ്ടമായ സേവനങ്ങൾ അർപ്പിക്കുന്ന ഉത്തമ സംഘടനകളായി ഉയർന്നിട്ടുണ്ട്!

## ഉത്തേജനം നല്കുന്ന സാന്നിദ്ധ്യം

എത്രയോ കുന്നും മലയും ചവിട്ടിക്കയറിയ എഞ്ചിനീയർ, എവിടേക്കും കാൽനടയായി വരാൻ അദ്ദേഹം തയ്യാറാണ്. കുറഞ്ഞ ദൂരം സഞ്ചരിക്കാൻ പോലും കാർ നിർബന്ധമാണെന്നു ശഠിക്കുന്ന എഞ്ചിനീയർമാർ ഈ റിട്ടയർഡ് ചീഫ് എഞ്ചിനീയരുടെ യാത്രാസമ്പ്രദായങ്ങൾ കണ്ടാൽ ലജ്ജിക്കും. കണ്ണിനു കാഴ്ച കുറഞ്ഞ സന്ദർഭത്തിൽ പോലും ഇസ്ലാമിയാ സ്കൂളിന്റെ ഒരു പ്രവർത്തകസമിതിയിൽ പങ്കെടുക്കാൻ അദ്ദേഹം കോഴിക്കോട്ടു നിന്ന് തലശ്ശേരിയിലേക്കു വന്നത് ബസ്സിലായിരുന്നു. ഉച്ചവെയിലിൽ നടക്കാനുള്ള തയ്യാറെടുപ്പിൽ ഒരു കുടയും കരുതിയായിരുന്നു അവസാനയോഗത്തിൽ പങ്കെടുത്തത്. അന്ന് പല ആവശ്യങ്ങൾക്കുമായി വളരെ ദൂരം നടന്നു ക്ഷീണിതനായിട്ടായിരുന്നു ബസ്സിൽ തന്നെ കോഴിക്കോട്ടേക്ക് തിരിച്ചു പോയത്! പ്രസിഡന്റ് സ്ഥാനത്തേക്ക് ഇനി മറ്റൊരു വ്യക്തിയെ കണ്ടുപിടിക്കണമെന്ന് അന്ന് സാന്ദർഭികമായി പറയുകയും സി. ടി. ഉമ്മർകുട്ടി സാഹിബിന്റെ (തലശ്ശേരി മുനിസിപ്പൽ ചെയർമാൻ) പേർ നിർദ്ദേശിക്കുകയും ചെയ്തു. അല്ലാഹുവിന്റെ വിധിയും അതായി.

കുട്ടിയമ്മുസാഹിബ് പ്രഗൽഭനായ പ്രഭാഷകനായിരുന്നില്ല. കൊച്ചു കൊച്ചു വാക്യങ്ങളിൽ പറയാനുള്ള കാര്യങ്ങൾ സ്പഷ്ടമായി പറയുമെന്നു മാത്രം. എഴുത്തിലും ഈ ലാളിത്യം തന്നെ അവലംബിച്ചു. പ്രൌഢിയും പ്രതാപവും പ്രകടിപ്പിക്കാത്ത ഒരു വസ്ത്രധാരണവും ജീവിതരീതിയുമായിരുന്നു അദ്ദേഹത്തിന്നഭികാമ്യം. ഒരു കസേരയും മേശയുമായാൽ അദ്ദേഹത്തിന്റെ ശില്പശാല തയ്യാറായി. ഒരു ചായയും ഏതാനും ബേക്കറി സാധനങ്ങളും മാത്രമുണ്ടായാൽ പോലും അത് നല്ലൊരു പാർട്ടിയാണെന്നു അദ്ദേഹം സർട്ടിഫിക്കറ്റ് തരും. ഉന്നതമായ ചിന്തയും സംസ്കാരവും പ്രദാനം ചെയ്ത 'എളിമ'യായിരുന്നു ആ നേതാവിന്റെ നേട്ടത്തിനു നിദാനം.

മക്കളും, മരുമക്കളും, നിങ്ങളും ഞങ്ങളുമെല്ലാം അദ്ദേഹത്തിനു ചങ്ങാതികളെപോലെയാണ്. അതിരാവിലെ ആരംഭിക്കുന്ന കർമ്മാനുഷ്ഠാനങ്ങൾ വൈകും വരെ നീളുമ്പോഴേക്ക് അദ്ദേഹം ഒരുപാട് വായിച്ചു കഴിയും. ഒരുപാട് ചെയ്തു തീർത്തിട്ടുണ്ടാവും. കത്തുകളുടെ പ്രവാഹങ്ങൾ ആ മനോഹരമായ കൈയക്ഷരങ്ങളെ ക്ഷതമേൽപ്പിച്ചിരുന്നില്ല. വെട്ടും കുത്തുമില്ലാത്ത ചിന്തയുടെ ചിററോളങ്ങളിളകുന്ന അനേകം കത്തുകൾ അദ്ദേഹത്തിന്റെ കർമ്മനിരതമായ ജീവിതത്തിന്റെ സന്ദേശവാഹിനികളായി നാട്ടിന്റെ നാലു ഭാഗത്തും പലരും സൂക്ഷിക്കുന്നുണ്ടാവും. അത്തരം ഒരെഴുത്തിൽ നിന്നുള്ള ഏതാനും വരികളാണ് ഞാൻ ആദ്യഭാഗത്ത് ഉദ്ധരിച്ചത്. പൂത്തിരി കത്തിച്ച മുഖവുമായി സീതി സാഹിബിന്റെ അരുമയായ ഈ അനുയായി കേരളം മുഴുവൻ നിറഞ്ഞു നില്ക്കുകയായിരുന്നു. പള്ളിമിനാരങ്ങളുടെ നെറുകയിൽ കൈവെച്ചുകൊണ്ട്, സാമൂഹ്യസേവനങ്ങളിലെല്ലാം തന്റെ കരംത്തുടിപ്പുകൾ കേൾപ്പിച്ചുകൊണ്ട്, കൃതകൃത്യനായി ആ വലിയ ചെറിയ മനുഷ്യൻ യാത്രയായി. നമുക്കദ്ദേഹത്തെ ഒരിക്കൽകൂടി അനുസ്മരിക്കാം—ലളിതസുന്ദരമായ ഒരു ചാലകശക്തിയായി!

○

> ''പിതാവിനെപ്പററി ഓർക്കാനും അദ്ദേഹത്തിന്റെ പരലോകസൗഭാഗ്യങ്ങൾക്കായി പ്രവർത്തിക്കാനും കുടുംബാംഗങ്ങളോടൊപ്പം അദ്ദേഹത്തിന്റെ സുഹൃത്തുക്കളും സഹപ്രവർത്തകരും അനുയായികളുമായി ബഹുസഹസ്രം പേർ വേറെയുമുണ്ടെന്ന വസ്തുത ഞങ്ങൾക്ക് ആശ്വാസം പകരുന്നു''.
>
> കുട്ടിയമ്മു സാഹിബിന്റെ മകൻ എം. പി. മഹമൂദ്

# എൻെറ പിതാവ്

എം. പി. മഹമൂദ് *

എൻെറ പിതാവിനെപ്പററി എന്തെങ്കിലും എഴുതാൻ ഞാൻ അശക്തനാണ്; ആ വാത്സല്യ നിധിയെപ്പററിയുള്ള മങ്ങാത്ത ഓർമ്മകൾ എൻെറ മനസ്സിൽ നിറഞ്ഞു കവിയുന്നുണ്ടെങ്കിലും. അദ്ദേഹത്തിൻെറ സ്വഭാവഗുണങ്ങൾ എന്തൊക്കെയായിരുന്നു എന്ന് വിവരിക്കലല്ല, മറിച്ച് അവയൊക്കെയും ജീവിതത്തിൽ പകർത്താൻ ശ്രമിക്കലാണ് ഞങ്ങളുടെ ചുമതല എന്ന് ഞാൻ മനസ്സിലാക്കുന്നു. ഞങ്ങളുടെ വ്യക്തിത്വം രൂപപ്പെടുത്തുന്നതിൽ സഹായകമായിത്തീർന്ന നിരവധി സംഭവങ്ങൾ കൺമുമ്പിൽ തെളിയുന്നുണ്ടെങ്കിലും അവയിൽ രണ്ടെണ്ണം മാത്രം ഇവിടെ രേഖപ്പെടുത്തട്ടെ.

### അച്ചടക്കപ്രിയൻ

പിതാവ് മദ്രാസിൽ പൊതുമരാമത്ത് വകുപ്പ് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറായിരുന്ന കാലം. എനിക്കും അനുജനും ക്രിക്കററ് കളിയെന്നാൽ ജീവനായിരുന്നു. ടെസ്ററ് മാച്ചുകൾ കാണാൻ കിട്ടുന്ന ഒരു സന്ദർഭവും ഞങ്ങൾ പാഴാക്കിയിരുന്നില്ല. ഒരു കളിദിവസം പുലർച്ചെ ഞങ്ങൾ എഴുന്നേററ് കളിസ്ഥലത്തേക്കോടി ക്യൂ നിന്ന് ടിക്കററ് വാങ്ങി തുറന്ന ഗ്യാലറിയിൽ പകൽ മുഴുവൻ പൊള്ളുന്ന വെയിലിലിരുന്നു കളികണ്ട്*, ക്ഷീണിച്ചവശരായി വൈകുന്നേരം വീട്ടിൽ തിരിച്ചെത്തി. ഞങ്ങളുടെ വാടി തളർന്ന മുഖത്തേക്ക് മാറി മാറി നോക്കി ഇളം ചിരിയോടെ ബാപ്പ പറഞ്ഞു: ''രണ്ട് ഫസ്ററ് ക്ലാസ് കോംപ്ലിമെൻററി പാസ്സുകൾ ഇന്നലെത്തന്നെ എനിക്ക് കിട്ടിയിരുന്നു. മന:പൂർവ്വം നിങ്ങൾക്ക് തരാതിരുന്നതാണ്.'' കാരണം ചോദിച്ചപ്പോൾ ബാപ്പയുടെ മറുപടി: ''ചെറുപ്പത്തിലേ അങ്ങനെ സുഖിക്കാൻ പാടില്ല. കുറച്ചൊക്കെ കഷ്ടപ്പാട് അറിയുന്നത് നല്ലതാണ്. ഭൂരിഭാഗം ആളുകളിൽ നിന്നും വ്യത്യസ്തമായി സുഖിച്ചു ജീവിച്ചുകളയാൻ നോക്കരുത്.'' ഞങ്ങൾ സ്തംഭിച്ചു പോയി. മക്കൾ എങ്ങനെ വളരണമെന്നതിനെപ്പററി ബാപ്പക്ക് ചില നിശ്ചയങ്ങളൊക്കെയുണ്ടായിരുന്നു.

കേരളത്തിൽ ചീഫ് എഞ്ചിനീയറായിരുന്നപ്പോൾ ബാപ്പയുടെ മുറിയിൽ നടന്ന രസകരമായ ഒരു സംഭവം ഓർമ്മ വരുന്നു. തന്നെ കാണാൻ വരുന്നത് ആരായാലും, നിന്ന് സംസാരിക്കരുത്, ഇരിക്കണം എന്ന നിർബന്ധക്കാരനായിരുന്നു അദ്ദേഹം. ചീഫ് എഞ്ചിനീയറുടെ ഉന്നത പദവി ഓർത്തിട്ടാവും, എത്ര നിർബന്ധിച്ചാലും പലരും അദ്ദേഹത്തിൻെറ മുമ്പിൽ ഇരിക്കാൻ മടിച്ചിരുന്നു. ഭവ്യതയിൽ പതുങ്ങി നിൽക്കുന്നവരെ ദേഷ്യപ്പെട്ട് പിടിച്ചിരുത്തിയ സന്ദർഭങ്ങളും ഉണ്ടായിട്ടുണ്ട്. ഒരിക്കൽ ബാപ്പയുടെ നിർബന്ധത്തിന് വഴങ്ങി ഒരു ജൂനിയർ എഞ്ചിനീയർ അദ്ദേഹത്തിൻെറ മുമ്പിൽ ഇരുന്നു സംസാരിക്കുകയായിരുന്നു. പെട്ടെന്ന് ജൂനിയർ എഞ്ചിനീയർ ചാടി എണീററു. മുറിയിലേക്കൊരാൾ

> **''ചെറുപ്പത്തിലേ അങ്ങനെ സുഖിക്കാൻ പാടില്ല. കുറച്ചൊക്കെ കഷ്ടപ്പാട് അറിയുന്നത് നല്ലതാണ്. ഭൂരിഭാഗം ആളുകളിൽനിന്നും വ്യത്യസ്തമായി സുഖിച്ചു ജീവിച്ചുകളയാൻ നോക്കരുത്.''**
>
> —കുട്ട്യമ്മു സാഹിബ് മക്കളോട്

കടന്നു വന്നിരിക്കുന്നു. ആഗതൻ ഒരു അസിസ്ററൻറ് എഞ്ചിനീയറാണ്—ജൂനിയർ എഞ്ചിനീയറുടെ സുപ്പീരിയർ ഓഫീസർ. ചീഫ് എഞ്ചിനീയറുടെ മുമ്പിലിരുന്ന് സംസാരിച്ചു കൊണ്ടിരുന്ന ജൂനിയർ എഞ്ചിനീയർ അസിസ്ററൻറ് എഞ്ചിനീയറെ കണ്ടമാത്രയിൽ ചാടി എണീററ് മാറി നിന്ന കാഴ്ച അവിടെ ഉണ്ടായിരുന്നവരെ ചിരിപ്പിച്ചുവെന്നതിൽ അത്ഭുതമില്ലല്ലോ.

### ഇഷ്ട വിനോദം

ചതുരംഗമായിരുന്നു എൻെറ പിതാവിന് ഏറെ പ്രിയപ്പെട്ട കളി. അത് പരിശീലിക്കാൻ അദ്ദേഹം ഞങ്ങളെ എല്ലായ്പ്പോഴും പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്നു. പിതാവില്ലാത്ത സമയം നോക്കി ഒരിക്കൽ തമാശക്ക് ഞങ്ങൾ ഒന്ന് ശീട്ടുകളിച്ചു നോക്കി. പെട്ടെന്ന് അങ്ങോട്ട് കയറിവന്ന അദ്ദേഹം ഒന്നും പറഞ്ഞില്ല. പക്ഷേ, ശീട്ട് പെട്ടി വെച്ച സ്ഥലം മനസ്സിലാക്കിയ പിതാവ് ഞങ്ങൾ ഉറങ്ങിയപ്പോൾ അതൊക്കെയെടുത്ത് അടുപ്പിലിട്ട് നശിപ്പിക്കുകയാണ് ചെയ്തത്. പിറേറന്ന് കാലത്ത് ബാപ്പ ഞങ്ങളോട് പറഞ്ഞു: ''ഈ വീട്ടിൽ ശീട്ടുകളി പാടില്ല. ഇത് വീട്ടുടമയായ എൻെറ ഓർഡറാണ്.'' പൂച്ചകളെപ്പോലെ ഞങ്ങൾ ആ ഓർഡർ അനുസരിച്ചു. ഇന്നും ശീട്ടുകളിക്കാൻ എനിക്കോ അനുജനോ അറിയില്ല. ഈ അറിവില്ലായ്മ ഒരു ഭാഗ്യം

---

* ശ്രീ. മഹമൂദ് ഇപ്പോൾ കോഴിക്കോട്ട് എക്സിക്യൂട്ടീവ് എഞ്ചിനീയറാണ്.

# "എൻെറ വെല്ലിപ്പാവ"

മിസിസ്. സഫൂറ അഷ്റഫ്

എൻെറ എല്ലാമെല്ലാമായ 'വെല്ലിപ്പാ'യെക്കുറിച്ച് എഴുതാൻ എൻെറ ബാപ്പ എന്നോട് പറഞ്ഞപ്പോൾ എനിക്ക് വളരെയധികം പ്രയാസമുണ്ടായി. കാരണം, എൻെറ വെല്ലിപ്പാവയെപ്പററിയുളള വിവരണം വാക്കുകളിൽ ഒതുക്കിനിർത്തുക പ്രയാസമാണ്. കുഞ്ഞുന്നാളിൽ വെല്ലിപ്പാവ എനിക്ക് വാത്സല്യവും, ലാളനയും, മുതിർന്നപ്പോൾ സ്നേഹവും, ഉപദേശങ്ങളും, സ്നേഹമസൃണമായ ശാസനകളും തന്ന് നേരായ മാർഗ്ഗത്തിലേക്ക് മാത്രം നയിച്ചു. ഔദ്യോഗികമായും സാമൂഹ്യപ്രവർത്തനത്തിലും പരമോന്നത പദവിയിലെത്തിയിട്ടും ചെറിയ കുട്ടികളോട് അവരുടേതായുളള രീതിയിൽ പെരുമാറാനുളള വെല്ലിപ്പാവാൻെറ കഴിവ് എടുത്ത് പറയാതിരിക്കാൻ വയ്യ. പേരക്കിടാങ്ങളിൽ ഏററവും മൂത്തതായതുകൊണ്ട് ഏററവുമധികം സ്നേഹവും ലാളനയും വാത്സല്യവും ലഭിച്ച മഹാഭാഗ്യവതിയാണ് ഞാൻ. എൻെറ ഓർമ്മവെച്ച നാൾ മുതൽ എൻെറ വിദ്യാഭ്യാസം കഴിഞ്ഞു, കല്യാണം കഴിക്കുന്നതു വരെ എൻെറ വെല്ലിപ്പാൻേറയും ഉപ്പൂമാൻേറയും കൂടെയാണ് ഞാൻ വളർന്നത്. മക്കളെല്ലാം സ്വന്തമായി വീടുവെച്ച് വേറെ വേറെ താമസമായപ്പോൾ ഒററയ്ക്കായിപ്പോയ വെല്ലിപ്പാവാൻേറയും ഉപ്പൂമാൻേറയും കൂടെ ഞാൻ നിന്നു. പഠിക്കുമ്പോൾ ഓരോ സംശയങ്ങളുമായി ഞാൻ ചെല്ലുമ്പോൾ അവയെല്ലാം വ്യക്തമായി മനസ്സിലാക്കിത്തരും. മതപരമായിട്ടുളള അറിവുകളും വെല്ലിപ്പാവ എനിക്ക് പറഞ്ഞു തരാറുണ്ട്. ഒരു അനുഭവം ഞാനിന്നും ഓർക്കുന്നു. ഒരു ദിവസം രാത്രി—ഭയങ്കരമായ ഇടിയും മിന്നലും മഴയും—ഇതിനെപ്പററി വെല്ലിപ്പാവാനോട് ചോദിച്ചപ്പോൾ വെല്ലിപ്പാവ ഉടനെ പറയുകയാണ്, ഖുർആൻ എടുത്ത് ''ഇദാ സുൽസിലത്തിൽ അർളു സിൽസാലഹാ...... ..''എന്ന സൂറത്ത് വായിച്ച് അതിൻെറ തർജ്ജമ നോക്കുക എന്ന്. അന്നു രാത്രി ഖുർആൻെറ അമൂല്യതയെയും അമാനുഷികതയെയും പററി ഏറെ നേരം എനിക്ക് പറഞ്ഞുതന്നു. അങ്ങനെ വെല്ലിപ്പാവ ഞങ്ങൾക്ക് പഠിപ്പിച്ചുതന്ന അറിവുകളെപ്പററി വിവരിക്കാൻ തുനിഞ്ഞാൽ ആയിരമായിരം പേജുകൾപോലും മതിയാവില്ല.

സ്കൂളവധിക്കാലങ്ങളിൽ വെല്ലിപ്പാവാൻെറ എല്ലാ പേരക്കുട്ടികളുടെയും കളിപ്പുരയാണ് ''നഫീസത്ത്''. വീടെത്ര തന്നെ കളിച്ചു വൃത്തികേടാക്കിയാലും അത് കണ്ട് നിർവൃതിയടയുകയേ ഉളളൂ എൻെറ വെല്ലിപ്പാവ. കുട്ടികൾ വരുന്ന ദിവസം അവർക്കായി മിഠായി വാങ്ങിച്ചു വെക്കാൻ ഒററ ദിവസം പോലും വെല്ലിപ്പാവ മറന്നിട്ടില്ല. എന്നിട്ട് അവരുടെ താൽപര്യത്തിനനുസരിച്ചുളള കഥകളും മററും പറഞ്ഞ് അവരെ സന്തോഷിപ്പിക്കുവാൻ എത്ര സമയം വേണമെങ്കിലും വെല്ലിപ്പാവ ചെലവഴിക്കും.

മരണം എന്നത് ഏററവും വലിയ സത്യമായതുകൊണ്ട് വെല്ലിപ്പാവാൻെറ മരണം ആ നിലക്കെടുത്ത് സ്വയം സമാധാനിക്കാം. പക്ഷേ വിധി എന്നോട് ഏററവും ക്രൂരമായത്, വെല്ലിപ്പാവാൻെറ അന്ത്യനാളുകളിൽ മാത്രം എന്നെ വെല്ലിപ്പാവയിൽ നിന്നകററി ഒരല്പം ശുശ്രൂഷയെങ്കിലും വെല്ലിപ്പാവാക്കു വേണ്ടി ചെയ്യാനാവാത്ത അവസ്ഥ എനിക്കുണ്ടായപ്പോഴാണ്. എൻെറ ഭർത്താവിൻെറയും മക്കളുടേയും കൂടെ ഞാൻ ഖത്തറിലായപ്പോഴായിരുന്നു വെല്ലിപ്പാവാൻെറ അന്ത്യനാളുകൾ. ആ നഷ്ടബോധം എൻെറ അവസാനത്തിലേ അവസാനിക്കൂ! എന്തു ചെയ്യാം. വിധിയെ തടുക്കാൻ ആർക്കും സാദ്ധ്യമല്ലല്ലോ.

എൻെറ പൊന്ന് വെല്ലിപ്പാവാക്ക് പരലോകജീവിതത്തിൽ സർവ്വവിധ ഐശ്വര്യങ്ങളും അനുഗ്രഹങ്ങളും ഉണ്ടാവട്ടെ എന്ന് ഉളളുരുകി പ്രാർത്ഥിച്ചുകൊണ്ട് വിട! □

---

തന്നെയാണെന്നാണ് എൻെറ തോന്നൽ. ശീട്ടുകളികൊണ്ട് നശിച്ചു പോയ വ്യക്തികളെയും, തകർന്നു പോയ കുടുംബങ്ങളെയും കാണാനിടവരുമ്പോഴൊക്കെ ബാപ്പയുടെ ആ 'ഓർഡർ' ഓർത്തുപോകും.

പിതാവിനെപ്പററി ഓർക്കാനും, അദ്ദേഹത്തിൻെറ പരലോക സൗഭാഗ്യങ്ങൾക്കായി പ്രാർത്ഥിക്കാനും കുടുംബാംഗങ്ങളോടൊപ്പം, അദ്ദേഹത്തിൻെറ സുഹൃത്തുക്കളും സഹപ്രവർത്തകരും അനുയായികളുമായി ബഹുസഹസ്രം പേർ വേറെയുമുണ്ടെന്ന വസ്തുത ഞങ്ങൾക്ക് ആശ്വാസം പകരുന്നു. ആ ധന്യാത്മാവിനെ സർവ്വശക്തൻ അനുഗ്രഹിക്കുമാറാകട്ടെ. □

മഹത്വം ചിലരിൽ ഒരു തരം ആത്മീയഗുണമാണ്. താൻ ഇടപെടുന്നവരെ താനിഷ്ടപ്പെടുന്ന കാര്യങ്ങളിലേക്ക് ഉത്തേജിപ്പിച്ച് നയിക്കുവാൻ കഴിയുക എന്നതാണ് അവരുടെ മഹത്വം. ടി. പി. കുട്ടിയമ്മു സാഹിബിന്റെ മഹത്വം ഏറെക്കുറെ അത്തരത്തിലുള്ള ഒന്നായിരുന്നു. താനിടപെട്ടവരിലൊക്കെ, സ്നേഹവും, സേവനതൽപരതയും ഉദ്ദീപിപ്പിച്ച് അവരെ പ്രവർത്തനോത്സുകരാക്കാൻ കഴിഞ്ഞ ഒരു മഹാവ്യക്തിയായിരുന്നു അദ്ദേഹം. മഹാൻമാരുടെ പ്രവർത്തനങ്ങൾ ഒരിക്കലും വ്യർത്ഥമാവുന്നില്ല. അദ്ദേഹം മുൻകയ്യെടുത്ത് ആരംഭിച്ച സംഘടനകളും സ്ഥാപനങ്ങളും അദ്ദേഹത്തിന്റെ പ്രവർത്തനമണ്ഡലത്തിന്റെ വിപുലത തെളിയിക്കുന്നു; അവയുടെ വിജയം അദ്ദേഹത്തിന്റെ മഹത്വവും. തന്റെ കഴിവുകൾ രാഷ്ട്രത്തിന്റെ പുനർനിർമ്മാണത്തിനും, സമുദായോദ്ധാരണത്തിനുമായി അദ്ദേഹം അർപ്പിച്ചു.ആ ജീവിതത്തിലേക്കുള്ള ഒരെത്തിനോട്ടമാണ് ഈ ലേഖനം. ലോന്നിദ്ധ്യവും അദ്ദേഹം ചെറുപ്പത്തിലെ നേടിയെടുത്തിരുന്നു. ബ്രിട്ടീഷ് ഭരണകാലത്ത് മലബാർ ജില്ലയിലെ ഡെപ്യൂട്ടി കലക്ടറായിരുന്ന ഖാൻ ബഹദൂർ പി. എ. അമ്മു സാഹിബിന്റെ മകനായിരുന്നു കുട്ടിയമ്മു സാഹിബ്. അമ്മു സാഹിബ് ഡെപ്യൂട്ടി കലക്ടറായിരുന്നെങ്കിലും അദ്ദേഹത്തിന്റെ കുടുംബം (തലശ്ശേരിയിലെ പൂവത്താങ്കണ്ടി അച്ചാരത്ത്) ഒരു വ്യാപാരി - കുടുംബമായിരുന്നു. ജന്മികളുമായിരുന്നു. മെട്രിക്കുലേഷൻ പാസ്സായ അമ്മു സാഹിബ്, വ്യാപാരമിഷ്ടപ്പെടാതെ സർക്കാർ ഉദ്യോഗത്തിന് പോവുകയാണുണ്ടായത്. തന്റെ ഉദ്യോഗത്തിൽ കഴിവും, പ്രാപ്തിയും പ്രകടിപ്പിച്ച അമ്മു സാഹിബ് പടിപടിയായി ഉയർന്ന് ഡെപ്യൂട്ടി കലക്ടറാവുകയായിരുന്നു. മലബാർ കലാപ കാലത്ത് തന്റെ ഉദ്യോഗ നിർവഹണത്തിന്റെ ഫലമായി ലഹളക്കാരുടെ ശത്രുവായി തീരുകയും ചെയ്തിരുന്നു. അമ്മു സാഹിബിന്റെ മൂന്നാം വിവാഹത്തിലെ സന്താനങ്ങളിലൊരാളായിരുന്നു

# സേവനത്തിനൊരു മാതൃക

പ്രൊഫ. എ. പി. സുബൈർ

കചരിത്രം മഹത്തുക്കളുടെ ജീവചരിത്രമാണെന്ന് പറയാറുണ്ട്. കേരള സംസ്ഥാനത്തിന്റെ വികസന ചരിത്രവും, കേരളത്തിലെ മുസ്ലിം നവോത്ഥാനത്തിന്റെ ചരിത്രവും ടി. പി. കുട്ടിയമ്മു സാഹിബിനെ ഒഴിച്ചുനിർത്തിക്കൊണ്ട് എഴുതാനാവില്ലെന്ന് അസന്ദിഗ്ദ്ധമായി പറയാം.

ക്രാന്തബുദ്ധികൾ ചെറുപ്പത്തിലേ അനിതര സാധാരണമായ കഴിവുകൾ പ്രകടിപ്പിക്കുമെന്നതിന് ടി. പി. കുട്ടിയമ്മു സാഹിബിന്റെ ബാല്യകാലം തെളിവാണ്. പഠനകാര്യങ്ങളിൽ തികച്ചും ഏകാഗ്രത ചെലുത്തിയിരുന്ന വ്യക്തിയായിരുന്നു അദ്ദേഹം. ലക്ഷ്യബോധവും, തനിക്കൊരു ദൗത്യം നിർവഹിക്കേണ്ടിയിരിക്കുന്നുവെന്ന ബോധവും അദ്ദേഹത്തിന് ചെറുപ്പത്തിലേ ഉണ്ടായിരുന്നു. മിക്കവാറും വ്യാപാരികൾ മാത്രമായിരുന്ന ഒരു കുടുംബത്തിൽ പിറന്നു വളർന്ന ഒരു ബാലനിലായിരുന്നു ഈ ഗുണവിശേഷങ്ങളുണ്ടായിരുന്നതെന്നോർക്കണം. സമചിത്തതയും, പ്രലോഭനങ്ങളെ അതിജീവിക്കാനുള്ള മന:സാ

ടി.പി. കുട്ടിയമ്മു സാഹിബ്. മാതൃഗൃഹം, തലശ്ശേരിയിലെ പ്രസിദ്ധമായ തൈത്തോട്ടത്ത് പറമ്പത്ത് കണ്ടിയുമായിരുന്നു.

പിതാവിന്റെ ഔദ്യോഗിക കേന്ദ്രമായ കോഴിക്കോട്ടും, പിന്നീട് തലശ്ശേരിയിലുമായിരുന്നു, കുട്ടിയമ്മു സാഹിബിന്റെ ആദ്യകാല വിദ്യാഭ്യാസം. ഇക്കാലത്ത് അദ്ദേഹത്തിൽ പ്രഭാവം ചെലുത്തിയ ഒരദ്ധ്യാപകനുണ്ടായിരുന്നു. കുട്ടിയമ്മുവിന്റെ മതവിദ്യാഭ്യാസം, അന്ന് നടപ്പിലുണ്ടായിരുന്ന രാത്രി മദ്രസ്സയിലായിരുന്നു. മദ്രസ്സ അദ്ധ്യാപകനായിരുന്ന അലി സീതി ആയിരുന്നു കുട്ടിയമ്മു സാഹിബിനെ സ്വാധീനിച്ച ആ അദ്ധ്യാപകൻ. രൂഢമായ മതബോധം ഉൾക്കൊള്ളാൻ ആ അദ്ധ്യാപകൻ സഹായിച്ചു. അലി സീതി, അന്ന് ബ്രണ്ണൻ കോളേജിൽ ഉറുദു അദ്ധ്യാപകൻ കൂടി ആയിരുന്നു. അലി സീതിയിലൂടെ കുട്ടിയമ്മു ഉറുദു പഠിക്കുകയും, ഉറുദു സാഹിത്യത്തെക്കുറിച്ച് ഗഹനമായി അറിയുകയും ചെയ്തു. എന്നാൽ ശിഷ്യൻ തന്റെ അദ്ധ്യാപകന് ഗുരുവായ കഥ കൂടിയായിരുന്നു.

അവരുടെ ബന്ധം. അലി സീതിക്ക് ഇംഗ്ലീഷ് പഠിപ്പിച്ചു കൊടുത്തത് കുട്ടിയമ്മു ആയിരുന്നു. തന്റെ ഏകാന്തതയിൽ, ഇഖ്ബാലിന്റെ ഈരടികൾ ഈണമായി ചൊല്ലുമ്പോൾ ഒരു പക്ഷേ, കുട്ടിയമ്മു സാഹിബ് തന്റെ മൺമറഞ്ഞ അദ്ധ്യാപകന്റെ ഓർമ്മയ്ക്ക് ആദരാഞ്ജലികൾ അർപ്പിക്കുകയായിരുന്നിരിക്കണം.

മററുള്ളവർ സംഭ്രമിച്ചിരിക്കുമ്പോൾ ഉറച്ച മന:സാന്നിദ്ധ്യം പ്രകടിപ്പിച്ച ഒരു സംഭവം ഇത്തരുണത്തിൽ ഇവിടെ പരാമർശിക്കാം. മാപ്പിള ലഹളക്കാലത്ത് ഡെപ്യൂട്ടി കലക്ടറായിരുന്ന കുട്ടിയമ്മു സാഹിബിന്റെ പിതാവ് ലഹളക്കാരുടെ ശത്രുവായിരുന്നു എന്ന്നേരത്തെ പരാമർശിച്ചിരുന്നല്ലോ. ഖാൻ ബഹദൂർ അമ്മു സാഹിബിന്റെ തലക്കുവേണ്ടി ദാഹിച്ച കലാപകാരികളുണ്ടായിരുന്നു. ഏതുനേരവും അപകടം പ്രതീക്ഷിച്ചു കഴിയുകയായിരുന്നു അദ്ദേഹം. അങ്ങനെയിരിക്കുമ്പോഴാണ് തലശ്ശേരിയിലെ അദ്ദേഹത്തിന്റെ വസതിയിൽ ഒരു കമ്പി സന്ദേശം വന്നത്. അമ്മു സാഹിബ് വെടിവച്ചു കൊല്ലപ്പെട്ടു എന്നായിരുന്നു ഇംഗ്ലീഷിൽ വന്ന ആ കമ്പി സന്ദേശം. വിവരമറിഞ്ഞ ഉടനെ ബന്ധുക്കളെല്ലാവരും നെഞ്ചുപൊട്ടി വിലപിച്ചു. കുട്ടിയമ്മു സ്ക്കൂളിലായിരുന്നു, വിവരമറിഞ്ഞു ഓടിവന്ന അദ്ദേഹം കമ്പി വായിച്ചു. ചിരിക്കുകയാണുണ്ടായത്. ആ കമ്പി സന്ദേശം കള്ളമാണെന്ന് അദ്ദേഹത്തിന് ബോദ്ധ്യമായിരുന്നു. കാരണം പിതാവ് നേരത്തെ തന്നെ അത്തരം സന്ദേശങ്ങൾ വരാനുള്ള സാദ്ധ്യതകളെ സൂചിപ്പിച്ചിരുന്നു. ശരിയായ കമ്പി സന്ദേശത്തിൽ തന്നെക്കുറിക്കുന്ന ഒരു ''കോഡ്'' ഉണ്ടായിരിക്കുമെന്ന് അദ്ദേഹം മകനെ ഓർമ്മിപ്പിച്ചിരുന്നു. എല്ലാവരും സംഭ്രമാത്മകരായപ്പോൾ, കോഡ് നോക്കി, അതില്ലാത്തപ്പോൾ അത് കള്ളക്കമ്പിയാണെന്ന് മനസ്സിലാക്കാനുള്ള മനസ്സാന്നിദ്ധ്യം പ്രകടിപ്പിച്ചു, ബാലനായ കുട്ടിയമ്മു. അതിബുദ്ധിമാനാണെന്ന് പ്രസിദ്ധനായിരുന്ന തന്റെ അമ്മാവൻ പോലും, കോഴിക്കോട്ട് പോയി വാർത്ത സ്ഥിരീകരിക്കുന്നതു വരെ, കമ്പിസന്ദേശം വിശ്വസിച്ച് വിഭ്രാന്തി കാട്ടിയിരുന്ന ഒരവസരത്തിലായിരുന്നു കുട്ടിയമ്മുവിന്റെ ഈ മനസ്സാന്നിദ്ധ്യവും ധൈര്യവുമെന്നോർക്കുക.

1929-ൽ ഇൻറർമീഡിയററ് പാസ്സായ വർഷം കുട്ടിയമ്മു സാഹിബിന്റെ ജീവിതത്തിലെ ഒരു വഴിത്തിരിവായിരുന്നു. താൻ തുടർന്ന് എന്തു പഠിക്കണമെന്നതിനെക്കുറിച്ച് ലക്ഷ്യബോധമുണ്ടായിരുന്നു അദ്ദേഹത്തിന്. അതുകൊണ്ടുതന്നെ തന്റെ പിതാവിന്റെ ആഗ്രഹത്തിന് വിരുദ്ധമായി അദ്ദേഹം എഞ്ചിനീയറിംഗ് പഠനത്തിന് പോവുകയാണുണ്ടായത്. തന്റെ മകൻ ബി. എൽ. പാസ്സായി വക്കീലാവുകയും, പിന്നീട് മുൻസിഫ് ആവുകയും ചെയ്യണമെന്നായിരുന്നു പിതാവിന്റെ ആഗ്രഹം. സത്യത്തിനും മന:സാക്ഷിക്കുമെതിരെ പ്രവർത്തിക്കേണ്ടിവരുന്ന ഒരു ജോലിക്കു വേണ്ടി പഠിക്കാൻ കുട്ടിയമ്മു ഇഷ്ടപ്പെട്ടില്ല. തന്നെ സേവനത്തിനായി അർപ്പണം ചെയ്യണമെന്ന ബോധം അന്നേ അദ്ദേഹത്തിലുണ്ടായിരുന്നു. പിന്നീടുള്ള അര നൂററാണ്ടു കാലത്തെ അദ്ദേഹത്തിന്റെ ജീവിതം ആ ലക്ഷ്യബോധത്തിൽ ഉറച്ചു നിന്നുകൊണ്ടുള്ളതായിരുന്നു. ഇരുളടഞ്ഞ കോടതി മുറികളിൽ സത്യം മരിക്കുന്നതിന്, മാപ്പുസാക്ഷിയാവാൻ അദ്ദേഹത്തിന് കഴിയുമായിരുന്നില്ല. അതിനു പകരം രാഷ്ട്രപുരോഗതിയെ ത്വരിതപ്പെടുത്തുന്ന, ജലസേചന പദ്ധതികളുടെയും, അണക്കെട്ടുകളുടെയും, പാലങ്ങളുടെയും, റോഡുകളുടെയും, സമുദായത്തിനാവശ്യമായ സ്ഥാപനങ്ങളുടെയും പള്ളികളുടെയും നിർമ്മാണപ്രവർത്തനങ്ങൾക്ക് തന്റെ ജീവിതവും, പ്രവൃത്തിയും അർപ്പിക്കാനുതകുന്ന ഒരു പ്രവർത്തനമണ്ഡലമായിരുന്നു അദ്ദേഹം തെരഞ്ഞെടുത്തത്. ഒരു മഹാന്റെ മനസ്സ് ഇവിടെ തുറന്നുകാട്ടപ്പെടുകയായിരുന്നു. അങ്ങനെ ആയിരുന്നു 1930-ൽ മദിരാശിയിലെ ഗിണ്ടി എഞ്ചിനീയറിംഗ് കോളേജ് കാമ്പസിൽ അദ്ദേഹം എത്തിച്ചേർന്നത്.

1935 -ൽ മദിരാശി കോർപ്പറേഷനിൽ 60 രൂപ ശമ്പളത്തിൽ ഓവർസീയറായി ഔദ്യോഗിക ജീവിതം ആരംഭിച്ച് 1967-ൽ കേരളസംസ്ഥാനത്തിലെ പൊതുമരാമത്ത് ചീഫ് എഞ്ചിനീയറായി വിരമിക്കുന്നതു വരെയുള്ള ടി. പി. കുട്ടിയമ്മുസാഹിബിന്റെ ഔദ്യോഗിക ജീവിതം സംഭവബഹുലമായിരുന്നു. സ്വാതന്ത്ര്യലബ്ധിക്കു ശേഷം സ്വന്തം കാലിൽ പിച്ചവെച്ചു നടക്കുന്ന ഒരു രാഷ്ട്രത്തിനു അർപ്പണബോധമുള്ള എഞ്ചിനീയർമാരുടെ സേവനം അത്യന്താപേക്ഷിതമായിരുന്നു. കെ.എൽ. റാവുവിനെയും, ടി.പി. കുട്ടിയമ്മു സാഹിബിനെയും പോലുള്ള എഞ്ചിനീയർമാർ രാഷ്ട്രത്തെ സ്വയംപര്യാപ്തയുടെ പാതയിലേക്കു നയിക്കാനുള്ള പ്രക്രിയയിൽ തങ്ങളെ

തന്നെ അർപ്പണം ചെയ്യുകയായിരുന്നു. അവിഭക്തമദിരാശി സംസ്ഥാനത്തിലെയും, കേരള സംസ്ഥാനത്തിലെയും നിരവധി ജലസേചന പദ്ധതികളുടെ ആസൂത്രണത്തിൻെറ പിന്നിൽ ടി. പി. കുട്ടിയമ്മു സാഹിബുണ്ടായിരുന്നു. കേരള സംസ്ഥാനം പിറന്നപ്പോൾ പുതിയ സംസ്ഥാനത്തിൻെറ സർവ്വോൻമുഖമായ പുരോഗമനത്തിനും, നിർമ്മാണപ്രവർത്തനങ്ങൾക്കും യോഗ്യനായ ഒരാൾ പൊതുമരാമത്തിൻെറ ചുമതല വഹിക്കേണ്ടിയിരിക്കുന്നുവന്നെ് ബോധ്യമുള്ള അന്നത്തെ കേന്ദ്രമന്ത്രിയായിരുന്ന വി. കെ. ആർ. വി. റാവു ആണ് ടി. പി. കുട്ടിയമ്മുസാഹിബിനെ ഇവിടത്തെ ചീഫ് എഞ്ചിനീയറായി നിയമിക്കാൻ ഉപദേശിച്ചത്. അത് കേരളത്തിൻെറ നേട്ടങ്ങൾക്ക് കാരണമാവുകയും ചെയ്തു. കേരളത്തിലെ അദ്ദേഹത്തിൻെറ ഔദ്യോഗിക ജീവിതം, കേരളമുസ്ലിംകളെ ബോധവൽക്കരിക്കാനുള്ള ഒരവസരം കൂടിയാക്കി മാററി അദ്ദേഹം. വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന ഭാഗങ്ങളിൽ മുസ്ലിംകൾ വിദ്യാസമ്പന്നരാവേണ്ട ആവശ്യകത മുൻ നിർത്തി അതിനായി പ്രവർത്തിക്കുന്ന സംഘടനകൾ സ്ഥാപിക്കാനുള്ള പ്രേരണ നൽകി അദ്ദേഹം. വിദ്യയിലൂടെ മാത്രമെ സമുദായോന്നമനം സാദ്ധ്യമാവൂ എന്ന് ദ്ദേഹം വിശ്വസിച്ചിരുന്നു. കേരളത്തിൽ പലയിടങ്ങളിൽ നടന്ന ഇസ്ലാമിക് സെമിനാറുകളുടെ പിന്നിലും അദ്ദേഹത്തിൻെറ ഹസ്തങ്ങളുണ്ടായിരുന്നു. ബുദ്ധിപരമായ തലത്തിലുള്ള മുസ്ലിം നവോത്ഥാന പ്രസ്ഥാനമായിരുന്നു ഈ സെമിനാറുകൾ.

ചീഫ് എഞ്ചിനീയർ ഉദ്യോഗത്തിൽ നിന്നു വിരമിച്ച ശേഷം അദ്ദേഹം പ്ലാനിങ് ബോർഡ് മെമ്പറാവുകയുണ്ടായി. തദവസരത്തിലും മററവസരങ്ങളിലും അദ്ദേഹം ഭാരതം മുഴുവനും, മററു പല വിദേശരാജ്യങ്ങളും സന്ദർശിക്കുകയുണ്ടായി. ഈ സന്ദർശനങ്ങൾ അദ്ദേഹത്തിൻെറ വീക്ഷണങ്ങളെ വിശാലപ്പെടുത്തുകയുണ്ടായി.

സാഹിത്യരംഗത്തും അദ്ദേഹം തൻെറ വ്യക്തിമുദ്ര പതിപ്പിച്ചിരുന്നു. ഇസ്ലാമിക സാഹിത്യമായിരുന്നു അദ്ദേഹത്തിൻെറ ഇഷ്ടപ്പെട്ട രംഗം. വിദ്യാർത്ഥി ആയിരിക്കുമ്പോഴെ ''സുബ്ലുസ്സലാം'' എന്നൊരു കയ്യെഴുത്തു മാസിക നടത്തിയിര്യന്നു. ഉദ്യോഗത്തിൽ നിന്നു വിരമിച്ച ശേഷം കുറച്ചു കാലം 'ചന്ദ്രിക'യുടെ മാനേജിങ് എഡിററുമായിരുന്നിട്ടുണ്ട്. മർഹൂം ബാഫക്കി തങ്ങളുടെ നിർദ്ദേശപ്രകാരമായിരുന്ന അത്. രണ്ടു മൂന്നു ഗ്രന്ഥങ്ങൾ അദ്ദേഹത്തിൻേറതായുണ്ട്. ഇസ്ലാമിനെക്കുറിച്ചുള്ള ഒരു ബൃഹത്തായ ഗ്രന്ഥം അദ്ദേഹം മരണത്തിനുമുമ്പ് പൂർത്തിയാക്കിയിരുന്നു. അതുടനെ തന്നെ പ്രകാശനം ചെയ്യപ്പെടുമെന്ന് പ്രത്യാശിക്കാം. ശാസ്ത്രീയവിഷയങ്ങൾ ലളിതമായ രീതിയിൽ പ്രതിപാദിക്കുന്നതും, യുക്തിവാദികളുടെ വീക്ഷണത്തിൽ നിന്നു വിഭിന്നമായി ശാസ്ത്രസത്യങ്ങളെ വിലയിരുത്തുന്നതിനുമായി ആരംഭിച്ച ''ശാസ്ത്ര വിചാരം'' മാസികയുടെ പിന്നിലും അദ്ദേഹത്തിൻെറ കരങ്ങൾ പ്രവർത്തിച്ചിരുന്നു. എ. എസ്. എന്ന തൂലികാനാമത്തിൽ അദ്ദേഹം വിവിധ വിഷയങ്ങളെക്കുറിച്ച് ലേഖനങ്ങൾ എഴുതിയിരുന്നു. എ. എസ്. എന്ന തൂലികാനാമത്തിൻെറ പിറകിൽ രസകരമായൊരു കഥയുണ്ട്. എഞ്ചിനീയറിംഗ് കോളേജിൽ പഠിക്കുമ്പോൾ അദ്ദേഹത്തിൻെറ കുട്ടിയമ്മു എന്ന പേര്, സഹപാഠികൾക്ക് വിചിത്രമായി തോന്നി. അഹമ്മദ് എന്നതിൻെറ ഹ്യസ്വരൂപമാണ് കുട്ടി കുട്ടിയമ്മു എന്നു വിശദീകരിക്കുകയും, മുസ്ലിം കുട്ടികളോട് ''അഹമ്മദ് സഗീർ'' എന്നാണെന്ന് വിശദീകരിക്കുകയും ചെയ്തിരുന്നുവത്രേ. അങ്ങിനെ സഹപാഠികൾക്കിടയിൽ അദ്ദേഹം അഹമ്മദ് സഗീറും, എ. എസ്സുമായി. അതു തന്നെ പിന്നെ തൂലികാനാമവുമായി.

സ്വന്തജീവിതത്തിലും, ഔദ്യോഗിക ജീവിതത്തിലും ടി. പി. കുട്ടിയമ്മു സാഹിബ് സത്യസന്ധത പുലർത്തുന്നതിൽ ജാഗരൂകനായിരുന്നു. അഴിമതിക്ക് സാദ്ധ്യതയുള്ള ഒരു രംഗത്ത് അദ്ദേഹം അഴിമതി മുക്തനായി നിലകൊണ്ടു. അഴിമതിക്കു കൂട്ടു നിൽക്കുന്നവരെ തൻെറ പേഴ്സണൽ സ്ററാഫിൽ കൂടി ഇല്ലാതാക്കാൻ ശ്രദ്ധിച്ചിരുന്നു, അദ്ദേഹം. മദിരാശി, പൂണ്ടിയിലെ ഔദ്യോഗിക കാലത്ത് തൻെറ പേരിൽ കൈക്കൂലി വാങ്ങാൻ ശ്രമിച്ച ഒരു ശിപായിയുടെ പേരിൽ ദയാദാക്ഷിണ്യം കൂടാതെ നടപടിയെടുക്കുകയുണ്ടായി. തൻെറ ഔദ്യോഗികപദവി ചൂഷണം ചെയ്ത് സ്വജനപക്ഷപാതത്തിന് വഴിവെക്കുന്ന മാർഗ്ഗങ്ങളെല്ലാം അദ്ദേഹം ശ്രദ്ധാപൂർവ്വം ഒഴിവാക്കിയിരുന്നു. അതുകൊണ്ടു തന്നെ സ്വന്തം ബന്ധുക്കളുടെയും, സുഹൃത്തുക്കളുടെയും വിരോധവും ശത്രുതയും അദ്ദേഹത്തിനു സമ്പാദിക്കേണ്ടി വന്നിരുന്നു.

# കുട്ടിയമ്മു സാഹിബ്
# അനുകരണീയ വ്യക്തിത്വം

**കെ. മുഹമ്മദുകുട്ടി**
പ്രസിഡൻറ്, മുസ്ലീം അസോസിയേഷൻ

മർഹും കുട്ടിയമ്മുസാഹിബിനെ ഞാൻ കണ്ടത് ഏകദേശം 46 കൊല്ലങ്ങൾക്ക് മുമ്പ് ഗിണ്ടി എഞ്ചിനീയറിംഗ് കോളേജിൻെറ പൂമുഖത്തു വെച്ചാണ്. എഞ്ചിനീയറിംഗ് കോളേജ് പ്രവേശനത്തിനു വേണ്ടി ഞാൻ എൻെറ കാരണവരുടെ കൂടെ എത്തിയതായിരുന്നു. കുട്ടിയമ്മു സാഹിബ് തൻെറ ബന്ധുവും ഇപ്പോൾ തലശ്ശേരി മുനിസിപ്പൽ ചെയർമാനുമായ റിട്ടയേഡ് സൂപ്രണ്ടിംഗ് എഞ്ചിനീയർ ഉമ്മർ കുട്ടി സാഹിബുമായി ഇതേ ആവശ്യത്തിന്നു വന്നതായിരുന്നു. കുഗ്രാമത്തിൽ നിന്നു വന്ന എന്നെ പരിചയപ്പെടുത്തിയത് എൻെറ കാരണവരാണ്. ഇന്നും എൻെറ മനസ്സിൽ തങ്ങി നിൽക്കുന്നു, അന്നത്തെ സ്നേഹം നിറഞ്ഞ പുഞ്ചിരിയും സൌമ്യമായ വാക്കുകളും.

അതെ പുഞ്ചിരി തന്നെയാണ് അദ്ദേഹം രോഗശയ്യയിൽ കിടക്കുമ്പോൾ, മരിക്കുന്നതിനു ഒരാഴ്ച മുമ്പ് കണ്ടപ്പോഴും എന്നെ സ്വാഗതം ചെയ്തത്. അപ്പോൾ കാഴ്ച നഷ്ടപ്പെട്ടിരുന്നത് കൊണ്ടു എന്നെ പരിചയപ്പെടുത്തി കൊടുത്തത് അദ്ദേഹത്തിൻെറ രണ്ടാമത്തെ മകൻ ഡോ. അബൂബക്കർ സാഹിബാണ്. അത്യന്തം സന്ദിഗ്ദ്ധമായ ആ രോഗാവസ്ഥയിലും 'സുഖം തന്നെയല്ലേ' എന്ന അദ്ദേഹത്തിൻെറ സ്നേഹാന്വേഷണം എന്നെ വികാരാധീനനാക്കി. എൻെറ വിചാരങ്ങൾ സുദീർഘമായ കഴിഞ്ഞ കാലാനുഭവങ്ങളിൽ ആണ്ടു പോയി. നിമിഷങ്ങൾ കടന്നു പോയത് ഞാനറിഞ്ഞില്ല. എനിക്ക് സംസാരിക്കാൻ സാധിച്ചില്ല. ഒടുവിൽ അദ്ദേഹം തന്നെ ആ നിശ്ശബ്ദത ഭഞ്ജിച്ചു, 'പോയോ' എന്നു മക്കളോടു അന്വേഷിച്ചപ്പോൾ മാത്രമാണ് ഞാൻ ചിന്തയിൽ നിന്നും ഉണർന്നത്. നാലു ദിവസങ്ങൾക്ക് ശേഷം 5-7-1987-നു ജ. സാവാൻ കുട്ടി സാഹിബുമായി വന്നു കണ്ടു കൊള്ളാം എന്ന വാഗ്ദാനത്തോടു കൂടിയാണ് അന്നു ഞാൻ വിടവാങ്ങിയത്. നിർഭാഗ്യമെന്നു പറയട്ടെ, ജ. സാവാൻ കുട്ടി സാഹിബിനുണ്ടായ ചെറിയ ശരീരാസുഖം കാരണം അന്നു വരാൻ പററുകയില്ലെന്നറിഞ്ഞത് കൊണ്ട് ഞാനും പോയില്ല. രണ്ടു ദിവസങ്ങൾക്ക് ശേഷം അദ്ദേഹത്തിൻെറ മരണവാർത്തയാണ് അറിഞ്ഞത്.

കുട്ടിയമ്മു സാഹിബിനെ രണ്ടാമതായി കണ്ടത് രണ്ടു കൊല്ലങ്ങൾക്കുശേഷം പൂണ്ടി റിസേർച്ച് സ്റേറഷനിൽ എഞ്ചിനീയറിംഗ് സ്ററഡി ടൂറിനു പോയ അവസരത്തിലാണ്". ഞങ്ങളെ എല്ലാവരേയും ഹഠാദാകർഷിച്ചത്, ഓരോ പ്രശ്നത്തിനും പരിഹാരം കണ്ടെത്തുവാൻ അദ്ദേഹത്തിനുള്ള പാണ്ഡിത്യവും അതു വിശദീകരിക്കുവാനുള്ള കഴിവുമായിരുന്നു. ഈ മിടുക്കു കാരണമാണ് അദ്ദേഹം വളരെക്കാലം പൂണ്ടി

---

സ്വന്തക്കാർ വിദ്യാസമ്പന്നരായി ഉയർന്നുവരാൻ അദ്ദേഹം വളരെയധികം പ്രോത്സാഹിപ്പിച്ചിരുന്നു. അതിനുള്ള സാമ്പത്തിക സഹായത്തിനു കൂടി അദ്ദേഹം തയ്യാറായിരുന്നു. എന്നാൽ അവർക്കുവേണ്ടി പിൻവാതിലിലൂടെയുള്ള ശുപാർശക്ക് അദ്ദേഹം തയ്യാറായിരുന്നില്ല. ഉദ്യോഗത്തിൽ നിന്ന് വിരമിച്ചപ്പോൾ അദ്ദേഹത്തിന് വലിയ സമ്പാദ്യങ്ങളൊന്നുമുണ്ടായിരുന്നില്ല. തിരുവനന്തപുരത്തെ സ്വന്തവീടും, ഭാര്യക്കവകാശപ്പെട്ട ചില സ്വത്തുക്കളും വിററു മാറിയാണ് കോഴിക്കോട്ട് അദ്ദേഹം ഒരു വസതി നിർമ്മിച്ചത്.

തൻെറ ഔദ്യോഗിക കാലം ഏതാനും വർഷങ്ങൾ കൂടി നീട്ടി കിട്ടാനുള്ള ഒരവസരം അദ്ദേഹം വേണ്ടെന്നു വെക്കുകയുണ്ടായി. ചീഫ് എഞ്ചിനീയറായിരിക്കുമ്പോൾ തന്നെ പബ്ലിക് സർവ്വീസ് കമ്മീഷൻ മെമ്പർ സ്ഥാനം അദ്ദേഹത്തിന് ഓഫർ ചെയ്യപ്പെട്ടു. അത് സ്വീകരിക്കുകയാണെങ്കിൽ മൂന്നു വർഷം കൂടി ഉദ്യോഗത്തിലിരിക്കാമായിരുന്നു. തൻെറ ദൌത്യം പൂർത്തീകരിക്കണമെന്നല്ലാതെ ഉദ്യോഗത്തിൻെറ അപ്പക്കഷ്ണത്തിൽ തൂങ്ങിക്കിടക്കുന്ന വികൃതാഭ്യാസങ്ങൾക്ക് അദ്ദേഹം തയ്യാറായിരുന്നില്ല എന്നതിനുള്ള തെളിവാണിത്.

റിസേർച്ച്സ്റേഷൻെറ ഡയറക്ടർ ആയി പ്രവൃത്തിയെടുത്തത്. മദിരാശി സംസ്ഥാനത്തിലെ മിക്ക ജലസേചനപദ്ധതികൾക്കും വേണ്ടിയുള്ള വിവിധ ഗവേഷണങ്ങൾ നടത്താനും അതുവഴിവളരെ അധികം പ്രയോജനവും ലാഭവും സംസ്ഥാനത്തിന് ഉണ്ടാക്കുവാനും അദ്ദേഹത്തിനു സാധിച്ചു. അദ്ദേഹം മദിരാശി സർവ്വീസ് വിട്ടതിനുശേഷമാണ് അദ്ദേഹത്തിൻെറ വിലപ്പെട്ട സേവനങ്ങൾ മാനിച്ച് പൂണ്ടി റിസേർച്ച് സ്റേഷന് ''കുട്ടിയമ്മു നഗർ'' എന്നു പേരിട്ടത്.

കുട്ടിയമ്മു സാഹിബുമായി ഞാൻ പിന്നീട് ബന്ധം പുലർത്തിയത് 1948 ലാണ്. അന്നു ഞാൻ തലശ്ശേരിയിൽ ജൂനിയർ എഞ്ചിനീയറായി പ്രവർത്തിക്കുകയായിരുന്നു. അദ്ദേഹം ലീവിൽ വന്നപ്പോൾ അന്വേഷിച്ചറിഞ്ഞു വിളിപ്പിച്ചതായിരുന്നു.ഇത് ഒരു പരിപാടിയാണെന്ന് കാലക്രമത്തിൽ എനിക്കു മനസ്സിലായി. ഔദ്യോഗിക പ്രവൃത്തികളെപ്പററി വിശദമായി അന്വേഷിക്കുകയും വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ തരികയും ചെയ്തു. അടുത്ത കൊല്ലം ഏപ്രിൽ മേയ് മാസത്തിൽ വന്നപ്പോൾ പിന്നെയും വിളിപ്പിച്ചു. തലശ്ശേരിയിലുള്ള മൈതാനത്തെ പള്ളി പുതുക്കി പണിയാനുള്ള ആവശ്യത്തെ കണക്കിലെടുത്ത് അദ്ദേഹം പള്ളി സന്ദർശിക്കുകയും പള്ളിയുടെ 'സൈററ് പ്ലാൻ' ഉണ്ടാക്കി അയച്ചുകൊടുക്കാൻ എന്നോട് നിർദ്ദേശിക്കുകയും ചെയ്തു. പള്ളി നിർമ്മാണത്തിൽ എൻെറ ആദ്യത്തെ എളിയ സേവനം അതായിരുന്നു. കേരളത്തിലെ ഇന്തോ-സാരസൻ മാതൃകയിലുള്ള ആദ്യത്തെ പള്ളി നിർമ്മാണവും അതുതന്നെയായിരുന്നു എന്നാണ് എൻെറ അറിവ്. രണ്ടാമതായി നിർമ്മിച്ച പള്ളി കോഴിക്കോട്ടെ ഓവർബ്രിഡ്ജിനടുത്തുള്ള പുഴവക്കത്തെ പള്ളിയാണ്. അതിനു ശേഷം എത്രയോ പള്ളികൾ അദ്ദേഹത്തിൻെറ നേതൃത്വത്തിൽ നിർമ്മിച്ചു. ഇന്ന് അത് ഒരു പ്രസ്ഥാനമായി മാറിയിരിക്കയാണ്. തിരുവനന്തപുരം പാളയം പള്ളിയാണ് അദ്ദേഹത്തിൻെറ മനസ്സിന് ഇണങ്ങിയ പള്ളി. അതിൻെറ നിർമ്മാണത്തിൽ അദ്ദേഹം പരിപൂർണ്ണ പങ്കു വഹിച്ചിട്ടുണ്ട്. പാളയം പള്ളി അദ്ദേഹത്തിൻെറ സ്മാരകമായി

---

മതകാര്യങ്ങളിൽ വളരെയധികം നിഷ്ക്കർഷയും, സുക്ഷ്മതയും പാലിച്ചിരുന്നു അദ്ദേഹം. ഏകദൈവവിശ്വാസത്തിൽ അടിയുറച്ചു നിൽക്കുകയും, അനുഷ്ഠാന കർമ്മങ്ങളിൽനിന്ന് വ്യതിചലിക്കാതിരിക്കുകയും ചെയ്തു. മതനിഷിദ്ധ കാര്യങ്ങളിൽ യാതൊരു നീക്കുപോക്കിനും അദ്ദേഹം തയ്യാറായിരുന്നില്ല. തലശ്ശേരിയിലെ സ്വന്തം തറവാടിൻെറ മരാമത്താവശ്യാർത്ഥം അവർക്കവകാശപ്പെട്ട സ്വത്തു വിററു കിട്ടിയ സംഖ്യ ബാങ്കിലിട്ടു പലിശ ഉപയോഗിക്കാമെന്ന ബന്ധുക്കളുടെ നിർദ്ദേശം അദ്ദേഹം നഖശിഖാന്തം എതിർത്തു. നിഷിദ്ധമായ പലിശ അതിനായി ഉപയോഗിച്ചു കൂടാ എന്നതായിരുന്നു അദ്ദേഹത്തിൻെറ നിലപാട്.

വ്യക്തിപരമായി അദ്ദേഹം പല ദുഃഖങ്ങളും അനുഭവിച്ചിരുന്നു. അദ്ദേഹത്തിൻെറ മാതാപിതാക്കളുടെ മരണം, മൂത്ത മകളുടെ വിവാഹാലോചന എന്നിവയൊക്കെ അദ്ദേഹത്തെ അത്യന്തം ദുഃഖാകുലനാക്കിയ സംഭവങ്ങളായിരുന്നു. എന്നാൽ അതിലുപരി അദ്ദേഹത്തെ ദുഃഖിതനാക്കിയത് സമുദായത്തിലെ അന്ത:ഛിദ്രങ്ങളായിരുന്നു. വിയോജിപ്പിൻെറ മേഖലകൾ മാത്രം കണ്ടുപിടിച്ച് പോരാട്ടത്തിനു തയ്യാറാവുന്ന ഭിന്ന ശക്തികൾ സമുദായത്തിൻെറ ഐക്യവും ഭദ്രതയും നശിപ്പിക്കുന്നതു കണ്ട് അദ്ദേഹത്തിൻെറ മനസ്സ് നൊന്തിരുന്നു. ഈ ഭിന്നതകൾ അകററാനും, സമുദായത്തിൽ ഐക്യത്തിൻെറ കാഹളമുയർത്താനും അദ്ദേഹം പരിശ്രമിച്ചിരുന്നു. അതുകൊണ്ടു തന്നെ എല്ലാ മുസ്ലിം വേദികളിലും അദ്ദേഹത്തെ കാണാമായിരുന്നു; അവർക്ക് അദ്ദേഹം സ്വീകാര്യനുമായിരുന്നു. അവരവരുടെ വ്യത്യസ്ത മേഖലകളിൽ പ്രവർത്തിച്ചുകൊണ്ട് സമുദായത്തെ ശക്തമാക്കാൻ അവർക്ക് കഴിയണമെന്ന് അദ്ദേഹം ഹൃദയപൂർവ്വം ആശിച്ചിരുന്നു; അന്ത:ഛിദ്രത്തിൻെറ നാമ്പുകൾ നശിക്കണമെന്നും. ഈ ഉദ്ദേശ്യം മുൻനിർത്തി നാട്ടിൻെറ നാനാമൂലകളിലുള്ള മുസ്ലിം സംഘടനകളെ പ്രവർത്തനോത്സുകരാക്കാൻ അദ്ദേഹം ഉത്തേജനം നൽകുകയുണ്ടായി. തൻെറ പ്രവർത്തനങ്ങൾക്ക് അദ്ദേഹം വിളംബരം ഇഷ്ടപ്പെട്ടിരുന്നില്ല. അറിയപ്പെടാത്ത നിശ്ശബ്ദ സേവകനായിരിക്കാനാണ് അദ്ദേഹം ഇഷ്ടപ്പെട്ടത്. അദ്ദേഹത്തിൽ നിന്ന് ഉത്തേജനം ലഭിച്ചു വളർന്ന സംഘടനകളും, അവയുടെ പ്രവർത്തനങ്ങളും അദ്ദേഹത്തിൻെറ മഹത്വം വിളിച്ചോതിക്കൊണ്ട് നിലനിൽക്കുന്നു. □

നിലനില്ക്കുന്നു. മദിരാശി സംസ്ഥാനത്തിൽ പ്രവർത്തിക്കുന്ന കാലത്ത് അദ്ദേഹം ഏറെറടുത്ത സ്തുത്യർഹമായ വേറൊരു പ്രവൃത്തി കൃഷ്ണാ-പെന്നാർ പ്രൊജക്ട് ഇൻവെസ്ററിഗേഷൻ ആയിരുന്നു. അന്നത്തെ മദിരാശി സംസ്ഥാനത്തിലെ ഒരു വലിയ പദ്ധതിയായിരുന്നു അത്. ധാരാളം വെള്ളമുള്ള കൃഷ്ണാ നദിയിലെ വെള്ളം ആന്ധ്രാപ്രദേശിലും അടുത്തുള്ള ഇപ്പോഴത്തെ മദിരാശി സംസ്ഥാനത്തിലും കൃഷിക്ക് ഉപയോഗിക്കാനും അവസാനമായി മദിരാശി നഗരത്തിലെ കുടിവെള്ളത്തിനു ഉപയോഗിക്കാനുമായിരുന്നു ലക്ഷ്യമിട്ടത്. പക്ഷേ ആ പദ്ധതിക്ക് വിഘാതം സൃഷ്ടിച്ചത് ആന്ധ്രാക്കാരും ഭാഷാ സംസ്ഥാനരൂപീകരണവുമാണ്.

സൂപ്രണ്ടിങ്ങ് എഞ്ചിനീയറായി പ്രൊമോഷൻ കിട്ടിയതിനു ശേഷമാണ് അമരാവതി ജലസേചനപദ്ധതി ഏറെറടുത്ത് നടത്തിയത്. സ്തുത്യർഹമായ നിലയിൽ പ്രവൃത്തി നടന്നുകൊണ്ടിരിക്കുമ്പോഴാണ് അദ്ദേഹത്തെ കേരളത്തിലെ Special Chief Engineer ആയി നിയമിച്ചത്. മദിരാശിയിൽ ഉടൻ തന്നെ ചീഫ് എഞ്ചിനീയർ ആവാൻ പോകുന്ന അദ്ദേഹം ഈ കൊച്ചു സംസ്ഥാനത്തേക്ക് വരുമോ എന്ന് എല്ലാവർക്കും സംശയമുണ്ടായിരുന്നു.

സ്വാതന്ത്ര്യത്തിനു മുമ്പ് ഇന്ത്യാരാജ്യത്ത് പൊതുവെയും, കേരളത്തിൽ പ്രത്യേകിച്ചും, ജലസേചനപ്രവർത്തനങ്ങൾ നാമമാത്രമായിട്ടായിരുന്നു ഉണ്ടായിരുന്നത്. തന്റെ സ്വതസിദ്ധമായ ആത്മാർത്ഥത നിറഞ്ഞ നിരന്തര പ്രവർത്തനങ്ങൾ വഴി ഇന്നു ജലസേചനവകുപ്പ് ഒരു വലിയ ഡിപ്പാർട്ടുമെൻറായി തഴച്ചു വളർന്ന് ശോഭിക്കുകയാണ്. ഈ നില ആർജ്ജിക്കുന്നതിൽ കുട്ടിയമ്മു സാഹിബിനു വലിയ പങ്കുണ്ടെന്നുള്ളത് പരക്കെ അംഗീകരിക്കപ്പെടുന്ന വസ്തുതയാണ്. കേരളത്തിലെ ജലസമ്പത്തിനെ പററി വിശദമാക്കുന്നതും അതു വിനിയോഗിക്കാനുള്ള മാർഗനിർദേശങ്ങൾ ഉൾക്കൊള്ളുന്നതുമായ ഒരു പ്രാരംഭ റിപ്പോർട്ട് വളരെ ചുരുങ്ങിയ സമയത്തിനുള്ളിൽ ഉണ്ടാക്കി ഇന്ത്യാ ഗവൺമെൻറിനു സമർപ്പിക്കാൻ സാധിച്ചത് അദ്ദേഹത്തിനു ഈ വിഷയത്തിലുള്ള അറിവും നൈപുണ്യവുമാണ് കാണിക്കുന്നത്. ഈ കരടുരേഖ ആസ്പദമാക്കിയാണ് പിന്നീട് വിശദമായ അന്വേഷണ പഠനങ്ങൾ നടത്തിയത് (detailed investigations).

അതുപോലെ തന്നെ കേരളത്തിൽ റിസേർച്ച് സ്റേറഷൻ സ്ഥാപിക്കാൻ അദ്ദേഹം മുൻകൈയെടുത്തു. ജലസേചനപദ്ധതികൾക്കും എഞ്ചിനീയറിംഗ് ഗവേഷണങ്ങൾക്കും അത്തരം ഒരു സ്ഥാപനം അത്യാവശ്യമാണ് എന്ന് കാര്യകാരണസഹിതം ഗവൺമെൻറിനെ ധരിപ്പിക്കുവാനും അത് അവരെക്കൊണ്ട് അംഗീകരിപ്പിക്കുവാനും അദ്ദേഹത്തിനു നിഷ്പ്രയാസം സാധിച്ചു. പരിപൂർണ്ണമായ ഒരു റിസേർച്ചു സ്റേറഷൻ പീച്ചിയിൽ ഉടലെടുക്കാൻ വേണ്ട എല്ലാ നിർദ്ദേശങ്ങളും സമർപ്പിക്കുവാൻ തന്റെ വളരെക്കാലത്തെ പരിചയസമ്പത്തു വഴി അദ്ദേഹത്തിനു എളുപ്പമായിരുന്നു. മാത്രമല്ല, തന്റെ സേവനകാലത്ത് അത് നല്ലനിലയിൽ പ്രവർത്തിക്കാൻ തന്റെ വിലപ്പെട്ട സമയം ലോഭം കൂടാതെ വിനിയോഗിക്കുകയും ചെയ്തു. നിർഭാഗ്യമെന്നു പറയട്ടെ, അതു തുടരാൻ വേണ്ടത്ര പിന്തുടർച്ചക്കാരെ കിട്ടാനുള്ള ഭാഗ്യം പീച്ചിക്ക് ഇതുവരെ ലഭിച്ചിട്ടില്ല. കാലക്രമേണ ഈ കുറവ് പരിഹരിക്കപ്പെടുമെന്ന് ആശിക്കാം. പ്രാർത്ഥിക്കാം.

എഞ്ചിനീയറിങ്ങിൽ പൊതുവിലും ജലസേചനത്തിൽ പ്രത്യേകമായും അദ്ദേഹത്തിനുള്ള പാണ്ഡിത്യവും നൈപുണ്യവും പരിചയവും അപാരമായിരുന്നു. എല്ലാവരുടെയും സംശയങ്ങളും വിഷമങ്ങളും പരിഹരിക്കുവാൻ അദ്ദേഹത്തിനുള്ള കഴിവ് അദ്ദേഹത്തെ മറെറല്ലാവരെക്കാളും ഉന്നതനാക്കി. തന്റെ വിനയസ്വഭാവം കാരണം എല്ലാവരും പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ പ്രേരിതരായി. കാര്യങ്ങൾ ലളിതമായി വിശദീകരിക്കുവാനുള്ള അദ്ദേഹത്തിന്റെ കഴിവ് എല്ലാവരും ഹൃദ്യമായി ആസ്വദിച്ചു. ജലം പങ്കിടുന്നതിൽ കേരളത്തിന്റെ അവകാശങ്ങൾക്കു വേണ്ടി വിട്ടുവീഴ്ചയില്ലാതെ അദ്ദേഹം പൊരുതി. അങ്ങിനെ കേരളത്തിനു വിലപ്പെട്ട സംഭാവനകൾ ചീഫ് എഞ്ചിനീയർ എന്ന നിലയിൽ അദ്ദേഹം അർപ്പിച്ചു.

## സാമൂഹ്യപ്രവർത്തകൻ

വിദ്യാഭ്യാസപരമായും സാമൂഹ്യമായും മററു പലവിധ തുറകളിലും പിന്നോക്കം നിൽക്കുന്ന ഒരു സമുദായത്തിലെ അഭ്യസ്തവിദ്യനും

സംസ്ക്കാരസമ്പന്നനുമായ കുട്ടിയമ്മു സാഹിബിനെ എപ്പോഴും അലട്ടിയിരുന്ന ഒരു മുഖ്യ പ്രശ്നം ഈ സമുദായത്തെ എങ്ങിനെയെല്ലാം ഉദ്ധരിക്കാൻ കഴിയുമെന്ന ചിന്തയായിരുന്നു. യഥാർത്ഥ മതഭക്തനായ അദ്ദേഹം മതമൂല്യങ്ങൾ അഭ്യസ്തവിദ്യരിൽ നിലനിർത്താനും അതിനെ വികസിപ്പിക്കുവാനുമുള്ള എല്ലാ സംരംഭങ്ങളിലും, ഭാരവാഹികളുടെ വിഭാഗീയ നിലപാടോ, രാഷ്ട്രീയ ബന്ധമോ കണക്കിലെടുക്കാതെ, സഹകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു. മതപണ്ഡിതൻമാരേയും അഭ്യസ്തവിദ്യരേയും രാഷ്ട്രീയ സാംസ്ക്കാരിക പ്രവർത്തകരെയും ഒരേ വേദിയിൽ കൊണ്ടുവന്ന പദ്ധതിയായിരുന്നു ഇസ്ലാമിക് സെമിനാർ ഇതൊരു ചിന്താപ്രസ്ഥാനമാണെന്നു പറയാം. ഇതിൻെറ ഫലമായി ഉടലെടുത്ത സ്ഥാപനങ്ങളിൽ പ്രമുഖമായത് എം. ഇ. എസ്. തന്നെ. അദ്ദേഹത്തിൻെറ നിർല്ലോഭമായ പ്രവർത്തനസഹായം കൊണ്ട് സർവ്വീസിലിരിക്കുന്ന കാലത്തോളം ഇസ്ലാമിക് സെമിനാർ ഭംഗിയായി നടന്നു. പിന്നീട് അത് ഏറെറടുത്തു നടത്താൻ ആരും മുന്നോട്ടു വന്നില്ല. എന്നാൽ അടുത്തകാലത്ത് എം. എസ്. എസ്. അത് ഏറെറടുത്തു നടത്താൻ മുന്നോട്ടു വന്നിട്ടുണ്ട്. (അൽഹംദുലില്ലാഹി) അത് തുടർന്നുകൊണ്ട് പോകുവാൻ സമുദായക്ഷേമത്തിൽ താൽപര്യമുള്ളവരെല്ലാം ശ്രദ്ധിക്കേണ്ടതാണ്.

ഇതേ ഉദ്ദേശത്തോടു കൂടി തന്നെയാണ് അദ്ദേഹം സഹപ്രവർത്തകരായ പി. കെ. അബ്ദുല്ലാ സാഹിബ്, എം. അബ്ദുസ്സലാം സാഹിബ് ഉസ്മാൻ സാഹിബ്, കുഞ്ഞിപ്പക്കി സാഹിബ്, ഹസ്സൻ മരിക്കാർ സാഹിബ്, സെയ്തുമുഹമ്മ (സുൽത്താൻ പിള്ള) സാഹിബ് തുടങ്ങിയവരുടെ സഹകരണത്തോടെ തിരുവനന്തപുരം മുസ്ലിം അസോസിയേഷൻ സ്ഥാപിച്ചത്. ആദ്യം തന്നെ ഒരു വീട് വാടകക്കെടുത്ത് ഗവൺമെൻറ് ഉദ്യോഗസ്ഥൻമാർക്കും വിദ്യാർത്ഥികൾക്കും മററും താമസിക്കാൻ ഒരുഹോസ്ററൽ സ്ഥാപിച്ചു. പാളയം പള്ളിയുടെ വളരെ അടുത്തായതുകൊണ്ട് അന്തേവാസികൾക്ക് ജമാഅത്തിൽ പങ്കെടുക്കാൻ നിഷ്പ്രയാസം സാധിക്കുമായിരുന്നു. അതിനു സാധിക്കാത്തവർക്കുവേണ്ടി ഒരു നമസ്കാരമുറിയും ഹോസ്ററലിൽ പ്രത്യേകം ഉണ്ടായിരുന്നു. വാരാന്ത്യയോഗങ്ങളും, തൻെറ മേൽനോട്ടത്തിൽ തന്നെ ചെറുപ്പക്കാരായ വിദ്യാർത്ഥികളെയും ഉദ്യോഗസ്ഥൻമാരേയും ഭരമേൽപിച്ചു നടത്തി. വളരെ നല്ല നിലയിൽ തന്നെ മതചിട്ടയോടു കൂടി ഹോസ്ററൽ 1987 വരെ പ്രവർത്തിച്ചു. ഇപ്പോൾ സ്വന്തമായ സ്ഥലവും കെട്ടിടവും വാങ്ങി പഴയകെട്ടിടം ഉടമയ്ക്ക് തിരിച്ചുകൊടുത്തു. ഈ കെട്ടിടത്തിൽ തന്നെയായിരുന്നു അസോസിയേഷൻെറ ആഫീസും. അന്ന് അദ്ദേഹത്താൽ നിർദ്ദിഷ്ടമായ മാർഗ്ഗങ്ങൾ പിന്തുടർന്നതു കൊണ്ടാണ് ഇന്ന് അസോസിയേഷനു സ്വന്തമായ ഒരു ആഫീസ്, ഇരുനിലയിലുള്ള ആഡിറേറാറിയം, ലൈബ്രറി, നൂറു പേർക്ക് താമസിക്കാവുന്ന ഒരു വർക്കിംഗ് വിമൻസ് ഹോസ്ററൽ, 25 പേർക്ക് താമസിക്കാവുന്ന പുരുഷൻമാർക്കുള്ള ഹോസ്ററൽ, സീതിസാഹിബ് ബിൽഡിംഗ്, അതിൽ പ്രവർത്തിക്കുന്ന എൽ. പി. സ്ക്കൂൾ, തമ്പാനൂരിൽ 850 പേർക്ക് നമസ്കരിക്കുവാൻ സൗകര്യമുള്ള ജുമാമസ്ജിദ് എന്നിവയെല്ലാം കൈവരിക്കാൻ സാധിച്ചത്. തുടക്കത്തിൽ തന്നെ സാധുവിദ്യാർത്ഥികൾക്ക് കഴിവിനനുസരിച്ച് സ്ക്കോളർഷിപ്പ് കൊടുക്കാനുള്ള പരിപാടി നടപ്പിൽ വരുത്താൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അങ്ങനെ നാമെല്ലാവരും അദ്ദേഹത്തോട് കടമപ്പെട്ടിരിക്കുന്നു.

**ചെറുപ്പക്കാരായ ഉദ്യോഗസ്ഥൻമാരിലും വിദ്യാർത്ഥികളിലും ഒളിഞ്ഞുകിടക്കുന്ന നിർമ്മാണവൈഭവവും, നേതൃത്വശേഷിയും കണ്ടെത്തുവാനും അവരെ സൃഷ്ടിപരമായ പ്രവർത്തനങ്ങളിലേയ്ക്ക് തിരിച്ചുവിടുവാനും അവരുടെ വളർച്ചയെ നിരന്തരമായി നിരീക്ഷിച്ച് മാർഗ നിർദ്ദേശങ്ങൾ നൽകുവാനും കുട്ടിയമ്മു സാഹിബിനുള്ള കഴിവും താൽപര്യവും മററാരിലും കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല.**

അദ്ദേഹത്തിൻെറ നിരന്തരമായ പ്രവർത്തനം വഴി, ചെറുപ്പക്കാരായ അഭ്യസ്തവിദ്യരും ദീനീപണ്ഡിതൻമാരും ഒത്തൊരുമിച്ചും അല്ലാതെയും, പല പ്രസ്ഥാനങ്ങളും കേരളത്തിൻെറ നാനാഭാഗങ്ങളിലും ഉടലെടുത്തു. വളരെ അധികം യുവാക്കൾ, സമുദായോദ്ധാരണത്തിന്നായി മുന്നിട്ടിറങ്ങി പ്രവർത്തിച്ചു. ചെറുപ്പക്കാരായ ഉദ്യോഗസ്ഥൻമാരിലും, വിദ്യാർത്ഥികളിലും ഒളിഞ്ഞുകിടക്കുന്ന നിർമ്മാണവൈഭവവും, നേതൃത്വശേഷിയും കണ്ടെത്തുവാനും അവരെ

# മറക്കാത്ത ഓർമ്മകൾ

**കെ. പി. മുഹമ്മദ് ബിൻ അഹ്മദ്**
സെക്രട്ടറി, കേരള നദ്‌വത്തുൽ മുജാഹിദീൻ

എന്റെ മനസ്സിൽ ആദരണീയ സ്ഥാനം കരസ്ഥമാക്കിയ മർഹൂം കുട്ടിയമ്മു സാഹിബിന്റെ മഹനീയവും ആകർഷകവുമായ സ്വരൂപവും വ്യക്തിത്വവും സ്മൃതിയിൽ മായാത്ത മുദ്രണം ചെയ്തപോലെ പതിഞ്ഞിരിക്കുകയാണ്. പുരോഗമനപരമായ വല്ല കാര്യങ്ങളും ചിന്തിക്കുമ്പോൾ വിശേഷിച്ചും അദ്ദേഹം ഓർമ്മയിൽ വരുന്നു. പേരോ പെരുമയോ വല്ല ഭൗതിക താൽപര്യങ്ങളോ കാംക്ഷിക്കാതെ കേരളമുസ്ലിംകളുടെ പൊതുവായ ഉന്നമനത്തിനുവേണ്ടി അദ്ദേഹമർപ്പിച്ചുകൊണ്ടിരുന്ന മഹത്തായ സേവനങ്ങളായിരിക്കാം അതിനു കാരണം. സമുദായത്തിലെ ഇന്നുള്ള കക്ഷി വ്യത്യാസമോ, ചേരിപിരിവോ പരിഗണിക്കാതെ ഏത് വിഭാഗത്തിനും അദ്ദേഹത്തിന്റെ ഉപദേശനിർദ്ദേശങ്ങളും സേവനങ്ങളും ലഭ്യമായിരുന്നു. അദ്ദേഹത്തെ സമീപിക്കുന്നവർ ആരായിരുന്നാലും അവരുടെ ഉയർച്ചയും താഴ്ചയും നോക്കാതെ സമഭാവത്തിലുള്ള സ്നേഹമധുരമായ സംഭാഷണവും കൂടെയുള്ള പുഞ്ചിരിയും ഒരിക്കൽ ദർശിച്ച ആരും ജീവിതത്തിൽ മറക്കുമെന്ന് തോന്നുന്നില്ല

സമുദായത്തിലെ ഭിന്നതകൾ അവഗണിച്ചുകൊണ്ട് സമുദായത്തെ ഒന്നായിക്കാണുകയും ഒററക്കെട്ടായി വളർത്തിയെടുക്കുവാൻ ശ്രമിക്കുകയും ചെയ്തിരുന്ന പ്രഗൽഭവ്യക്തികളിൽ കുട്ടിയമ്മു സാഹിബിനെപ്പോലെ വിശാലമനസ്കത പുലർത്തിയിരുന്ന മറെറാരാളെ ചൂണ്ടിക്കാണിക്കുവാൻ പ്രയാസമാണ്.

മതപരവും രാഷ്ട്രീയവും സാമൂഹികവുമായി അദ്ദേഹത്തിനു വ്യക്തവും സുദൃഢവുമായ കാഴ്ചപ്പാടുകളുണ്ടായിരുന്നു. അത് വിയോജിപ്പുള്ള മററു വിഭാഗക്കാരെ സഹായിക്കുന്നതിൽനിന്ന് അദ്ദേഹത്തിനെ ഒട്ടും തടഞ്ഞിരുന്നില്ല.

അറബി ഭാഷാപഠനം മുസ്ലിം സമുദായത്തിന് ഒഴിച്ചു കൂടാത്ത ഒരത്യാവശ്യകാര്യമാണെന്നും അറബി ഭാഷയിലൂടെ തന്നെ ഇസ്ലാമിന്റെ മൂലപ്രമാണങ്ങളായ അല്ലാഹുവിന്റെ ഖുർആനും നബി കരീമിന്റെ സുന്നത്തും ആധികാരിക ഗ്രന്ഥങ്ങളും ഗ്രഹിക്കേണ്ടതുണ്ടെന്നും അതിന് അറബി കൂടാതെ കഴിയുകയില്ലെന്നും അദ്ദേഹത്തിന് ഉറച്ച അഭിപ്രായമുണ്ടായിരുന്നു. കേരളത്തിൽ ഒന്നാം സ്ററാൻേറർഡ് മുതൽ ഡോക്ടറേററ് വരെയുള്ള അറബി ഭാഷാപഠന-ഗവേഷണ കാര്യങ്ങളിൽ അദ്ദേഹം ശ്രദ്ധ ചെലുത്തിയി

---

സൃഷ്ടിപരമായ പ്രവർത്തനങ്ങളിലേയ്ക്ക് തിരിച്ചുവിടുവാനും അവരുടെ വളർച്ചയെ നിരന്തരമായി നിരീക്ഷിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുവാനും കുട്ടിയമ്മു സാഹിബിനുള്ള കഴിവും താൽപര്യവും മററാരിലും കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല. സൃഷ്ടിപരമായ പ്രവർത്തനങ്ങൾക്കു വേണ്ടി സ്ഥാപനങ്ങളോടൊപ്പം അർപ്പണബുദ്ധിയുള്ള നേതൃനിരയേയും വാർത്തെടുക്കുവാൻ അദ്ദേഹം ശ്രദ്ധിച്ചിട്ടുണ്ട്. അങ്ങനെ സാമൂഹ്യപ്രവർത്തന രംഗത്ത്ഒരു നല്ല ചലനം സൃഷ്ടിക്കുവാൻ അദ്ദേഹത്തിനു സാധിച്ചു.

അദ്ദേഹത്തിന്റെ വിനയസ്വഭാവവും ജാതിമതഭേദമെന്യേ സഹായിക്കുവാനുള്ള സന്നദ്ധതയും അദ്ദേഹത്തെ ഒരു മഹദ്‌വ്യക്തിയാക്കിത്തീർത്തു. അദ്ദേഹത്തിന്റെ സഹനശക്തി മാതൃകാപരമായിരുന്നു. ഇത്രയും നീണ്ട പരിചയത്തിനുള്ളിൽ അദ്ദേഹത്തിനു ദേഷ്യം വന്ന ഒരനുഭവവും എനിക്കില്ല. പറഞ്ഞുകേട്ടിട്ടുമില്ല. ഒരു യഥാർത്ഥ മാതൃകാ മുസ്ലിമായി ജീവിച്ചു മരണമടഞ്ഞ അദ്ദേഹത്തിനു മഗ്ഫിറത്തും മർഹമത്തും കരുണാനിധിയായ അല്ലാഹു നൽകട്ടെ എന്നു നമുക്ക് പ്രാർത്ഥിക്കാം. □

രുന്നു. ഗവൺമെൻറ് തലത്തിലും മററും അദ്ദേഹം സന്ദർഭോചിതം ബന്ധപ്പെടുകയും വേണ്ടത് ചെയ്യുകയും ചെയ്തിരുന്നുവെന്ന വസ്തുത ഒരു പക്ഷെ പലരും അറിഞ്ഞുകാണുകയില്ല. ആരെങ്കിലും അറിയണമെന്നദ്ദേഹം ആഗ്രഹിച്ചതുമില്ല. കാര്യങ്ങൾ ഭംഗിയായി നടക്കണമെന്നു മാത്രമെ അദ്ദേഹമാഗ്രഹിച്ചുള്ളു. ഏതാണ്ട് നാൽപത് വർഷക്കാലത്തെ സുദീർഘമായ ബന്ധത്തിനിടക്ക് ഈ ലേഖകന് അതെല്ലാം അദ്ദേഹത്തിൽ നിന്നും മനസ്സിലാക്കാൻ സാധിച്ചു. ആർട്ട്സ് കോളേജുകളിലൂടെ അറബി എം. എ. അറബി ബി. എ. ഡിഗ്രികളെടുത്ത് അറബിഭാഷയിൽ ഗവേഷണം നടത്തിക്കൊണ്ടിരിക്കുന്ന ധാരാളം യുവപണ്ഡിതൻമാരെ വാർത്തെടുക്കേണ്ടതുണ്ട്. അതുപോലെ അറബി കോളേജുകളിൽനിന്നു പോസ്ററ് അഫ്സലുൽ ഉലമയും നേടിയശേഷം ഗവേഷണം നടത്തി ധാരാളം പണ്ഡിതർ പുറത്തു വരേണ്ടതുണ്ട്. ഇങ്ങനെ അറബി ഭാഷാപഠനത്തിൽ രണ്ടു സമാന്തര വഴികൾ തുറന്നു വെക്കണം. ആർട്സ് കോളേജുകളിലൂടെ മോഡേൺ അറബിയും അറബി കോളേജുകളിലുടെ ക്ലാസിക്കൽ അറബിയും വളർത്തുകയും വികസിപ്പിക്കുകയും ചെയ്യണം.

അറബി ഭാഷാസാഹിത്യത്തിൽ മോഡേൺ, ക്ലാസ്സിക്കൽ എന്നീ വിഭജനത്തിന് വലിയ പ്രസക്തിയില്ലെങ്കിലും രണ്ടു വിഭാഗം സാഹിത്യങ്ങളും ഈ രണ്ടിനം കോളേജുകൾ കൈകാര്യം ചെയ്യേണ്ടതാണ്. ക്ലാസ്സിക്കൽ അറബിയിലൂടെ മാത്രമെ വിശുദ്ധ ഖുർആനും തിരുസുന്നത്തും പൂർവ്വിക അറബി സാഹിത്യങ്ങളും ഗ്രഹിക്കുവാൻ സാധിക്കുകയുള്ളു. അതുകൊണ്ട് അറബി കോളേജുകൾ നിലനിറുത്തണം. അതിലൂടെ അഫ്സലുൽ ഉലമാ പാസ്സായി വരുന്നവർക്ക് ഉപരിപഠനത്തിന് പോസ്ററ് അഫ്സലുൽ ഉലമാ കോഴ്സ് അനിവാര്യമാണ്. ശേഷം ഗവേഷണവും. ഇതെല്ലാം കുട്ടിയമ്മു സാഹിബിൻെറ അറബി ഭാഷയുടെ വികസന കാര്യത്തിലുള്ള ആഗ്രഹാഭിലാഷങ്ങളായിരുന്നു. അറബി കേരളമുസ്ലിംകളുടെ പൊതു ഭാഷയായി ഉയർത്തണമെന്നു വരെ അദ്ദേഹത്തിനു മോഹമുണ്ടായിരുന്നു. മൗലവി അഹമ്മദലി മദനിയുടെ നേതൃത്വത്തിൽ വളർന്നു പന്തലിച്ചു നിൽക്കുന്ന അറബി അധ്യാപക സംഘടനയുടെ ആരംഭകാലത്ത് കുട്ടിയമ്മു സാഹിബിൻെറ നിർല്ലോഭമായ ഉപദേശ നിർദ്ദേശങ്ങളും സഹായസഹകരണങ്ങളും മൗലവിക്കും സഹപ്രവർത്തകർക്കും ലഭിച്ചിരുന്നുവെന്നതും പ്രസ്താവ്യമാണ്. അതുപോലെ തന്നെ ലേഖകനുമായി ബന്ധപ്പെട്ട എല്ലാ സ്ഥാപനങ്ങളുടെയും വളർച്ചയിലും ഉയർച്ചയിലും അദ്ദേഹത്തിൻെറ ഉപദേശങ്ങളും സഹായങ്ങളും ലഭിച്ചിട്ടുണ്ടെന്ന കാര്യം ഇവിടെ നന്ദിയോടെ സ്മരിക്കുന്നു. സുല്ലമുസ്സലാം അറബി ക്കോളേജ്, വളവന്നൂർ, കേരള നദ്‌വത്തുൽ മുജാഹിദീൻ, കോഴിക്കോട്, കേരള ഹിലാൽ കമ്മിററി, കോഴിക്കോട്, ജാമിഅ നദ്‌വിയ്യ, എടവണ്ണ, മദീനത്തുൽ ഉലൂം അറബിക്കോളേജ്, പുളിക്കൽ മുതലായവ ഈയിനത്തിൽ പ്രഥമസ്ഥാനമർഹിക്കുന്നു. മർഹൂം കുട്ടിയമ്മു സാഹിബ് തിരുവനന്തപുരത്ത് താമസിച്ചിരുന്ന കാലത്ത് കോഴിക്കോട്ട് വന്നാൽ, ഇമ്പീരിയൽ ഹോട്ടലിൽ ആയിരുന്നു അദ്ദേഹം ക്യാമ്പ് ചെയ്തിരുന്നത്. അൻസാർ അറബി കോളേജിൻെറയും മററും പ്രശ്നങ്ങൾ ചർച്ച ചെയ്യുവാൻ വേണ്ടി ലേഖകൻ ഈ ഹോട്ടലിൻെറ ഒന്നാം നില കയറിയിറങ്ങിയതിന് എണ്ണം ഓർമ്മയില്ല.

എന്നാൽ ഈയുള്ളവൻെറ വ്യക്തിപരമായ കാര്യങ്ങളിൽ പോലും അദ്ദേഹം ശ്രദ്ധിച്ചിരുന്നു. അൻസാർ കോളേജിന് അംഗീകാരം ലഭിച്ച ശേഷം 'അരീക്കോട്ട് നിന്നും അൻസാർ അറബി കോളേജിലേക്ക് സേവനം മാററിക്കൂടെ?, വളവന്നൂരിൽ നിന്നും അരീക്കോട്ടേക്കുള്ള യാത്രാ വിഷമം ഒഴിവാക്കാമല്ലൊ' എന്നൊക്കെ അദ്ദേഹം ഉണർത്തുകയുണ്ടായി. സുല്ലമുസ്സലാം അറബി കോളേജിനും അൻസാർ അറബി കോളേജിനും എൻെറ ആ മാററം ഗുണകരമല്ലെന്ന് ഞാനദ്ദേഹത്തെ ധരിപ്പിച്ചപ്പോൾ സസന്തോഷം അതംഗീകരിച്ചുവെന്ന കാര്യം ഇവിടെ സ്മരിക്കട്ടെ. അൽമനാർ മാസികക്കും മുജാഹിദ് പ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ട ഒരുപാട് സോവനീറുകൾക്കും മററും അദ്ദേഹം വിലപ്പെട്ട ലേഖനങ്ങൾ തന്ന് സഹായിച്ചിട്ടുണ്ട്. യോഗങ്ങളിലും ചർച്ചകളിലും പഠനക്ലാസ്സുകളിലും സംബന്ധിച്ച് മുജാഹിദ് പ്രസ്ഥാനത്തിന് അദ്ദേഹം മഹത്തായ കനപ്പെട്ട ഉപദേശങ്ങൾ നൽകിയിട്ടുണ്ട്.

അവസാനമായി പുളിക്കൽ സലഫിഗ്രാമത്തിൽ ഇന്ന് വളർന്നുവരുന്ന സലഫി യൂണിവേർസിററിയുടെ രൂപവും ഭാവവും നിർണ്ണയിക്കുന്നതിൽ അദ്ദേഹത്തിൻെറ മഹത്തായ സേവനം

# കുട്ടിയമ്മു എന്ന പ്രസ്ഥാനം

**കരുവള്ളി മുഹമ്മദ് മൗലവി**

കുട്ടിയമ്മുസാഹിബിനെക്കുറിച്ച് എന്തെങ്കിലും കുറിക്കുവാൻ തുടങ്ങുമ്പോൾ എവിടെ നിന്നു ആരംഭിക്കണമെന്നറിയുന്നില്ല. എവിടെ നിന്നു തുടങ്ങിയാലും ഏതു വിഷയമെടുത്താലും അവിടെയെല്ലാം കുട്ടിയമ്മുസാഹിബിനെ കാണാം. സാമൂഹ്യ - സാംസ്ക്കാരിക-സാമ്പത്തിക-വിദ്യാഭ്യാസമണ്ഡലങ്ങളിലെല്ലാം അദ്ദേഹത്തിൻെറ പ്രവർത്തനങ്ങൾ തെളിഞ്ഞു കാണാവുന്നതാണ്. കേരളത്തിലെ കലാഭംഗിയുള്ള പല പള്ളികളും കുട്ടിയമ്മുസാഹിബിൻെറ നിത്യസ്മാരകങ്ങളാണ്. കുട്ടിയമ്മുസാഹിബ് ഒരു വ്യക്തിയായിരുന്നില്ല ഒരു പ്രസ്ഥാനമായിരുന്നു. സർക്കാർ ഉദ്യോഗസ്ഥർ, വിശിഷ്യ, ഉന്നത ഉദ്യോഗസ്ഥർ സമുദായസേവനരംഗത്ത് പ്രത്യക്ഷപെടുന്നത് സർക്കാരിൻെറ ദൃഷ്ടിയിൽ അനുവദനീയമായിരുന്നില്ലെന്നു മാത്രമല്ല അപകടകരവുമായിരുന്നു. ഉദ്യോഗസ്ഥൻമാരും സമുദായസേവനം അനഭിലഷണീയമായി ഗണിച്ചിരുന്നു. ഈ ധാരണമാററി എഴുതി മാതൃക കാണിച്ചവരിൽ മുമ്പൻ കുട്ടിയമ്മുസാഹിബാണ്. പിന്നോക്കസമുദായത്തിൻെറ ഉന്നതിക്കായി പരിശ്രമിക്കുന്നത് രാജ്യസ്നേഹമാണെന്നു മററുള്ളവരെ ബോദ്ധ്യപ്പെടുത്തുവാൻ അദ്ദേഹത്തിൻെറ പ്രവർത്തനങ്ങൾ ഫലപ്പെട്ടു. ഒരു ചങ്ങലയുടെ ദുർബലകണ്ണിയാണ് ആ ചങ്ങലയുടെ ബലം എന്ന ആംഗല പഴമൊഴി അന്വർത്ഥമാക്കുമാറ് പിന്നോക്ക സമുദായമായ മുസ്ലിംകളുടെ പുരോഗതി രാജ്യപുരോഗതിയാണെന്നു അദ്ദേഹം ഉറക്കെ ഉൽഘോഷിച്ചു.

കുട്ടിയമ്മുസാഹിബ് മദിരാശിയിലായിരുന്നപ്പോൾ അദ്ദേഹവുമായി എനിക്ക് അകന്ന ബന്ധമേ ഉണ്ടായിരുന്നുള്ളു. ആ ബന്ധം അവിടത്തെ മുസ്ലിം അസോസിയേഷൻ മുഖേനയുള്ളതായിരുന്നു. ഐക്യകേരളത്തെ തുടർന്നു അദ്ദേഹം തിരുവനന്തപുരത്തു വന്നതോടെ ആ ബന്ധം വളരെ അടുപ്പത്തിലായി. ഔദ്യോഗിക ആവശ്യാർത്ഥം എനിക്ക് മിക്ക മാസങ്ങളിലും രണ്ടും മൂന്നും പ്രാവശ്യത്തെ തിരുവനന്തപുരം തീർത്ഥാടനം ഉണ്ടാകാറുണ്ടായിരുന്നു. അപ്പോഴെല്ലാം അദ്ദേഹത്തെയും കുഞ്ഞിപ്പക്കി സാഹിബിനെയും സന്ദർശിക്കുക എന്നത് എൻെറ നിത്യപതിവായിരുന്നു. ഇവരുമായി കുറച്ചു നേരം സംസാരിച്ചു പുറത്തിറങ്ങുമ്പോൾ ഓരോ ഘട്ടത്തിലും പുതിയ ഒരറിവു നേടിയ പ്രതീതി ഉണ്ടാകാറുണ്ടായിരുന്നു.

കുട്ടിയമ്മുസാഹിബിൻെറ കൂടെ പലപ്പോഴും യാത്ര ചെയ്യുവാനുള്ള സന്ദർഭം ലഭിച്ചി

---

എടുത്തുപറയത്തക്കതാണ്. സലഫി ഗ്രാമം സ്ഥിതി ചെയ്യുന്ന പുളിക്കലെ വെട്ടിക്കുത്ത് മലയിൽ 25 ഏക്കർ വിസ്താരമുള്ള പ്രദേശം ചുററിനടന്ന് ക്ഷീണിച്ചശേഷം പുൽത്തകിടിയിൽ വിയർത്തൊലിച്ച് ഇരുന്നു അദ്ദേഹത്തിൻെറ ചുററും കൂടെയുണ്ടായിരുന്ന ഞങ്ങളുമിരുന്നു വിശ്രമിച്ചു. ഈ ഇരുന്ന കാഴ്ച ഒരിക്കലും മറക്കാവതല്ല. അടുത്തവീട്ടുകാരനായ മുജാഹിദ് പ്രവർത്തകൻ റശീദ് തങ്ങൾ കൊണ്ടുവന്ന പഴവും ചായയും കഴിച്ച് ക്ഷീണം തീർത്തു. സ്വീകരണമോ ഭക്ഷണമോ ഒന്നും തന്നെ അവിടെ വേറെയുണ്ടായിരുന്നില്ല. തുടർന്ന് അദ്ദേഹം നിർദ്ദേശിച്ച പ്രകാരം തിരൂർ സീതി സാഹിബ് മെമ്മോറിയൽ പോളിടെക്നിക് മുഖേന സലഫി യൂണിവേർസിററി ക്യാമ്പസിൻെറ കോണ്ടൂർ സർവ്വെ നടത്തുകയും അദ്ദേഹം സലഫി യൂണിവേർസിററിക്ക് വേണ്ട ഒരു മാസ്ററർ പ്ലാനും പ്രൊജക്ററ് റിപ്പോർട്ടും തയ്യാറാക്കിത്തരികയും ചെയ്തു. ആ മാസ്ററർ പ്ലാനനുസരിച്ചാണ് ഇപ്പോൾ അവിടെ ഹോസ്ററലും പള്ളിയും കോളേജ് ബിൽഡിങ്ങും മററും നിർമ്മിച്ചുവരുന്നത്. ഈ മഹൽസ്ഥാപനം അദ്ദേഹത്തിൻെറ ആഗ്രഹത്തിനൊത്തു വളരുവാൻ അല്ലാഹു സഹായിക്കട്ടെ. ആമീൻ!

ചുരുക്കത്തിൽ കുട്ടിയമ്മു സാഹിബ് ചെയ്തു തന്ന എണ്ണമററ സഹായസഹകരണങ്ങൾക്കും സേവനങ്ങൾക്കും തക്കതായ പ്രതിഫലം അല്ലാഹു അദ്ദേഹത്തിന് പരലോകത്തു നൽകട്ടെ. അദ്ദേഹത്തെയും നമ്മെയും പരലോകത്ത് സ്വർഗ്ഗത്തിൽ ഒരുമിച്ചു കൂട്ടിത്തരട്ടെ! □

ട്ടുണ്ട്. ഒരിക്കൽ ആലപ്പുഴക്കടുത്ത കാക്കാഴത്തു വെച്ച് എന്റെ ഒരു സുഹൃത്ത് എന്നെ കണ്ട പ്പോൾ സ്നേഹം പ്രകടപ്പിക്കുന്നത് കുട്ടിയ മ്മുസാഹിബ് കണ്ടു. ഉടനെ ഡ്രൈവറോട് കാറ് നിറുത്തുവാൻ പറഞ്ഞു. ഞാൻ ഇറങ്ങി ചെന്നു സുഹൃത്തിനോട് കുശലം പറഞ്ഞു. കാറിൽ കു ട്ടിയമ്മുസാഹിബാണെന്നു അറിഞ്ഞപ്പോൾ അദ്ദേഹം അടുത്തു വന്നു സന്തോഷം പ്രകടിപ്പിച്ചു. ഞങ്ങൾ യാത്ര തുടർന്നു. കോഴിക്കോട്ട് ഉള്ള ഒരാൾ കാക്കാഴത്തുള്ള ഒരു പരിചയക്കാരനെ യാദൃ ചികമായി കാണുമ്പോൾ എന്തെങ്കിലും കുശലം പറയാതെ പോകുന്നത് ശരിയല്ലല്ലൊ എന്നു കു ട്ടിയമ്മുസാഹിബ് എന്നോട് പറഞ്ഞു. മാത്രമല്ല സഹാബത്ത് അവരുടെ പിതാവിന്റെ പരിചയ ക്കാരെ കണ്ടാൽ പോലും സ്നേഹം പ്രകടിപ്പി ച്ച ചരിത്രസംഭവങ്ങൾ എടുത്തു പറയുകയും ചെയ്തു. വാസ്തവത്തിൽ എന്റെ സുഹൃത്ത് ശ്രീമാൻ പണിക്കരോട് എന്തെങ്കിലും സംസാരി ക്കണമെന്നു എനിക്ക് മനസ്സിലുണ്ടായിരുന്നു. പക്ഷെ കുട്ടിയമ്മുസാഹിബിന്റെ കൂടെ പോ കുമ്പോൾ അദ്ദേഹത്തിന്റെ വിലപ്പെട്ട സമയം പാഴാക്കരുതെന്നോർത്താണ് ഞാൻ മിണ്ടാതിരു ന്നത്. എന്റെ ഈ മനോഗതം മനസ്സിലാക്കിയി ട്ടാണ് അദ്ദേഹം വണ്ടി നിറുത്താൻ പറഞ്ഞ ത്. മററുള്ളവരുടെ കാര്യത്തിൽ അത്രയും ശ്ര ദ്ധാലുവായിരുന്നു ആ വലിയ മനുഷ്യൻ.

ഒരിക്കൽ അദ്ദേഹത്തിന്റെ അടുക്കൽ ഒരു യുവാവ് വന്ന് ഏതോ ഒരു ഐ. ററി. ഐയിൽ ഇൻസ്ട്രക്ടറുടെ ജോലിക്ക് ഒരു ശുപാർ ശക്കത്ത് ആവശ്യപ്പെട്ടു. അദ്ദേഹം യുവാവി നെ അടുക്കൽ വിളിച്ച് വലത്തെ ഉള്ളൻ കൈ നിവർത്തി കാണിക്കുവാൻ പറഞ്ഞു. ഈ കൈ നോട്ടം കണ്ട് ഞാൻ അൽഭുതപ്പെട്ടു. യുവാവിന്റെ ഉള്ളൻ കൈയിൽ തടവിനോക്കിയിട്ട് കുട്ടിയമ്മു സാഹിബ് പറഞ്ഞു: നിങ്ങൾക്ക് ഐ. ററി. ഐ. യിൽ ജോലി എടുക്കാനുള്ള ശരിയായ യോഗ്യത ആയിട്ടില്ല. അവിടെ തഴമ്പിച്ച കൈകളാണ് വേ ണ്ടത്. ഇങ്ങനെ പറഞ്ഞെങ്കിലും അയാൾക്ക് ശു പാർശക്കത്ത് കൊടുക്കയുണ്ടായി. ഈ ചെറിയ സംഭവത്തിലൂടെ എത്ര വലിയ പാഠമാണ് അ ദ്ദേഹം നൽകിയതെന്നു ഞാൻ ഓർമ്മിക്കുക യാണ്.

മൈസൂറിൽ ഒരു സ്പോക്കൺ അറബിക് ഇൻ സ്ററിററ്യൂട്ട് (Spoken Arabic Institute)തുടങ്ങു ന്നതിനെപ്പററി ആലോചിക്കുവാനായി നെഹ്റു വിന്റെ നിർദ്ദേശപ്രകാരം ഒരു നാലംഗ കമ്മററി തിരുവനന്തപുരത്ത് വരികയുണ്ടായി. മുൻ വി ദ്യാഭ്യാസമന്ത്രിയും മൈസൂർ യൂണിവേഴ്സിററി വി. സിയുമായ ശ്രീമാലി, മുൻ അംബാസിഡറും (ഈജിപ്ത്) കാശ്മീർ യൂണിവേഴ്സിററി വി. സി. യുമായിരുന്ന പ്രൊഫസർ ഫൈസി, മുൻ അംബാസിഡറും (ബൽജിയം) ഐ. സി. എസ്സ്. കാരനുമായ ഹുമയൂൺ മിർസാ, മൈസൂർ യൂ ണിവേഴ്സിററി രജിസ്ട്രാർ ശ്രീ. രാമചന്ദ്രൻ എന്നിവരായിരുന്നു കമ്മററി അംഗങ്ങൾ. അവരു മായി ഒരു ചർച്ചക്കായി കേരള ഗവൺമെൻറ് ചി ലരെ ക്ഷണിക്കയുണ്ടായി. കുട്ടിയമ്മു സാഹി ബ്, കുഞ്ഞിപ്പക്കി സാഹിബ്, പ്രൊഫസർ ഷാ സാഹിബ്, എഞ്ചിനീയർ ആലി കുഞ്ഞി സാഹി ബ് എന്നിവർക്ക് പുറമെ ഈ ലേഖകനും. ചർച്ച വിദ്യാഭ്യാസമന്ത്രി സി. എച്ചിന്റെ സാന്നിദ്ധ്യ ത്തിൽ അദ്ദേഹത്തിന്റെ ബംഗ്ലാവിൽ വെച്ചാ യിരുന്നു. മുസ്ലിം വിദ്യാഭ്യാസത്തെയും അറബി പഠനത്തെയും സംബന്ധിച്ച കുട്ടിയമ്മു സാഹി ബിന്റെ വിവരണം ഹുമയൂൺ മിർസാ സാഹി ബിന് വളരെ ഹൃദ്യമായി. അദ്ദേഹവുമായി കൂടുതൽ സംസാരിക്കാനായി പിറെറ ദിവസം താമസസ്ഥലത്ത് ചെല്ലുവാനായി മിർസാ സാ ഹിബ് കുട്ടിയമ്മുസാഹിബിനെയും എന്നെയും ക്ഷണിക്കയുണ്ടായി. പിറെറന്ന് കാലത്ത് റസ്ററ് ഹൗസിൽ ചെല്ലുമ്പോൾ മിർസാ സാഹിബും ശ്രീമാലിയും ഞങ്ങളുമായി മുസ്ലിംകളെ, വിശി ഷ്യമലബാർ മുസ്ലിംകളെ സംബന്ധിച്ചു പലതും അന്വേഷിക്കുകയുണ്ടായി. മലബാറിലെ മുസ്ലിം പ്രവർത്തകരെയും സ്ഥാപനങ്ങളെയും നേരിൽ കാണുവാൻ കുട്ടിയമ്മു സാഹിബ് മിർസാ സാ ഹിബിനെ ക്ഷണിച്ചു. ആരോഗ്യപരമായ കാര ണങ്ങളാൽ വിമാനത്തിലല്ലാതെ ദീർഘയാത്ര വി ഷമമാണെന്നും വിമാനത്താവളം വന്നാൽ വരാമെ ന്നും മിർസാ സാഹിബ് ഏൽക്കുകയുണ്ടായി. വി മാനത്താവളം ഇപ്പോൾ യാഥാർത്ഥ്യമായി. പക് ഷെ ക്ഷണിച്ച കുട്ടിയമ്മു സാഹിബ് ഇന്ന് നമ്മെ വിട്ടു പിരിഞ്ഞിരിക്കയാണ്. മിർസാ സാ ഹിബ് ജീവിച്ചിരിപ്പുണ്ടോ എന്നറിയുന്നുമില്ല.

മതകാര്യങ്ങളിൽ നമ്മുടെ പല നേതാക്കൾ ക്കും പ്രസംഗത്തോടൊപ്പം പ്രവർത്തനം നില നിർത്തുവാൻ കഴിയാറില്ല. എന്നാൽ കുട്ടിയമ്മു സാഹിബ് അതിൽ നിന്ന് തികച്ചും ഭിന്നനാ യിരുന്നു—മതാനുഷ്ഠാനത്തിൽ അദ്ദേഹം പുറ ത്തെന്നപോലെ വീട്ടിലും ഒരു മാതൃകയായിരു ന്നു. തിരുവനന്തപുരത്ത് വീട്ടിനുള്ളിൽ ഒരു നമസ്കാരമുറിയുണ്ടായിരുന്നു. അവിടെ ജമാ

# എന്റെ ഓർമ്മയിൽ

**ഇ. അഹമ്മദ്**
**M L A**

കേരളത്തിലെ മുസ്ലിം നവോത്ഥാനത്തിന്റെ ശില്പിയായിരുന്ന മർഹൂം കെ. എം. സീതി സാഹിബിന് മൂന്നു മുസ്ലിം സർക്കാരുദ്യോഗസ്ഥൻമാരോട് വലിയ ബഹുമാനമായിരുന്നു. ഔദ്യോഗിക പദവി ദുരുപയോഗപ്പെടുത്താതെ, മററാരോടും അനീതി ചെയ്യാതെ പിറന്ന സമുദായത്തിന് എന്തെങ്കിലും സേവനം ചെയ്യുന്ന ഒരു സർക്കാരുദ്യോഗസ്ഥനെ സീതി സാഹിബ് എന്നും ഇഷ്ടപ്പെട്ടിരുന്നു; ആദരിച്ചിരുന്നു; പ്രോത്സാഹിപ്പിച്ചിരുന്നു. അങ്ങനെയുള്ള കേരളത്തിലെ മൂന്ന് ഉദ്യോഗസ്ഥൻമാരെപ്പററി—അവരിൽ രണ്ടുപേർ നമ്മെ വിട്ടുപോയി: ഒരാൾ മാത്രം ജീവിച്ചിരിപ്പുണ്ട് — മുസ്ലിം സമുദായത്തിന് എന്നും നന്ദിപൂർവ്വം അനുസ്മരിക്കാം. ഒന്ന്, മർഹൂം സി. ഒ. ററി കുഞ്ഞിപ്പക്കി സാഹിബ്. രണ്ടാമത്തെയാൾ മർഹൂം ടി. പി, കുട്ടിയമ്മു സാഹിബ്. (ജീവിച്ചിരിക്കുന്ന മൂന്നാമൻ ജ: പി. കെ. അബ്ദുല്ലാ സാഹിബ്).

കുഞ്ഞിപ്പക്കിസാഹിബിൽ സീതി സാഹിബിനെ ആകർഷിച്ച സമുദായസ്നേഹം അദ്ദേഹം മലപ്പുറം മുസ്ലിം ഹൈസ്ക്കൂകളിൽ ഹെഡ്മാസ്ററായിരുന്നു കൊണ്ടു ചെയ്ത സേവനമായിരുന്നു. ബ്രിട്ടീഷ് ഭരണത്തിന്റെ ചവിട്ടടിയിൽ ''വെള്ളം കോരികളും വിറകു വെട്ടികളു''മായ ഒരുസമുദായത്തിന്റെ മക്കളെ സ്ക്കൂൾ ഫൈനൽ വരെയെങ്കിലും പഠിക്കാൻ ഇടം നൽകിയത് അന്നത്തെ ഏറനാട്ടിന്റെ അഭിമാനസ്തംഭമായിരുന്ന മലപ്പുറം ഹൈസ്ക്കൂളായിരുന്നു. അർപ്പണബോധത്തോടെ കുഞ്ഞിപ്പക്കി സാഹിബ് അന്നു ചെയ്ത സേവനങ്ങൾ സീതി സാഹിബ് മരിക്കുന്നതു വരെ അനുസ്മരിക്കാറുണ്ടായിരുന്നു. മററൊന്നു കുട്ടിയമ്മു സാഹിബായിരുന്നു. സീതി സാഹിബ് മരിക്കുന്നതു വരെ കുട്ടിയമ്മു സാഹിബുമായി നിരന്തരബന്ധമായിരുന്നു. എന്തിനേറെ—സീതിസാഹിബിന്റെ മയ്യത്ത് കഫൻ ചെയ്യാനും അതിനെ തിരുവനന്തപുരം മുതൽ കൊടുങ്ങല്ലൂർ വരെ നൂറുകണക്കിനു കറുത്ത കൊടിവെച്ച വാഹനങ്ങളുടെ അകമ്പടിയോടുകൂടി ഘോഷയാത്രയായി എത്തിച്ചു കബറടക്കം ചെയ്യുന്നതുവരെ ഒന്നിച്ചുണ്ടായിരുന്ന ഒരാൾ കുട്ടിയമ്മു സാഹിബായിരുന്നു......

കുട്ടിയമ്മു സാഹിബ് എനിക്കൊരു ജേഷ്ഠ സഹോദരനെപ്പോലെയായിരുന്നു. വിദ്യാർത്ഥി ജീവിതകാലത്ത് സാമൂഹ്യസേവനരംഗത്തെ ഒരു പ്രവർത്തകനെന്ന നിലയ്ക്ക് എന്നെപ്പോലുള്ളവർക്ക് കുട്ടിയമ്മു സാഹിബ് നൽകിയ പ്രോത്സാഹനം ഒരിക്കലും മറക്കാനാവാത്തതായിരുന്നു. ഞാനദ്ദേഹത്തെ ആദ്യം കണ്ടത് 1957-ൽ ആയിരുന്നു. ഞാനന്ന് തലശ്ശേരി ബ്രണ്ണൻ

---

അത്തായിട്ടാണ് വീട്ടുകാർ നമസ്കരിച്ചിരുന്നത്. ഒരിക്കൽ നോമ്പുകാലത്ത് ഞാൻ തിരുവനന്തപുരത്ത് ചെന്നപ്പോൾ എന്തോ ആവശ്യത്തിന് രാത്രി കുട്ടിയമ്മു സാഹിബിന് ഫോൺ ചെയ്തു. ബെല്ലടിക്കുന്നതല്ലാതെ ആരും ഫോൺ എടുക്കുകയുണ്ടായില്ല. കുറച്ചു കഴിഞ്ഞു പിന്നെയും ശ്രമിച്ചു. പഴയപോലെ ബെല്ലടിമാത്രം. പിന്നെ പിറേറന്ന് കണ്ടപ്പോഴാണ് വീട്ടുകാർ എല്ലാവരും തറാവീഹ് നമസ്കാരത്തിലായിരുന്നു എന്ന് മനസ്സിലായത്. ജമാഅത്ത് നമസ്കാരത്തിന്റെ കൂലിയെ പററി പ്രസംഗിക്കുന്നവരിൽ എത്രപേർക്ക് സ്വന്തം വീട്ടിൽ അത് അനുഷ്ഠാനത്തിൽ കൊണ്ടുവരുവാൻ സാധിച്ചിട്ടുണ്ടെന്ന് ചിന്തിച്ചുനോക്കുക.

മദ്രാസിൽ നിന്ന് കണ്ണ് ഓപ്പറേഷൻ കഴിഞ്ഞു വന്ന് മകൻ ഡോ. അബൂബക്കർ ഹാജിയുടെ രാമനാട്ടുകരയിലുള്ള വസതിയിൽ വിശ്രമിക്കുമ്പോൾ സൂപ്രണ്ടിംഗ് എഞ്ചിനീയർ കുട്ടിഹസ്സനും ഞാനും അദ്ദേഹത്തെ ചെന്നുകാണുകയുണ്ടായി. കാഴ്ചയ്ക്കും കേൾവിക്കും ചെറിയ മാന്ദ്യം ഉണ്ടായിരുന്നെങ്കിലും മററു വലിയ ക്ഷീണമൊന്നും അന്ന് അനുഭവപ്പെട്ടതായി കണ്ടില്ല. അറബി, ഉർദു പഠനകാര്യങ്ങളും മററു സാമുദായിക കാര്യങ്ങളും അപ്പോഴും അദ്ദേഹം അന്വേഷിക്കയുണ്ടായി.

അവസാനമായി അദ്ദേഹത്തെ കാണുന്നത് നിര്യാതനാവുന്നതിന്റെ ഒരു ദിവസം മു

കോളേജിലെ വിദ്യാർത്ഥിയായിരുന്നു അന്നത്തെ കമ്മ്യൂണിസ്റ്റ് ഗവ: ലെ പൊതുമരാമത്തു മന്ത്രി ടി. എ. മജീദ് കണ്ണൂർ സിററിയിൽ കടലാക്രമണം നേരിട്ടു കാണാൻ വന്നു. അന്ന് പാലമാടം എന്നറിയപ്പെട്ടിരുന്ന മർഹൂം എ. എസ്. കോയകുഞ്ഞി സാഹിബ് (കോയിക്ക) നടത്തിയിരുന്നതും ജസ്ററിസ്സ് വി. ഖാലിദ് സാഹിബും ഞാനുമെല്ലാം പഠിച്ചിരുന്നതുമായ മദ്രസ്സ മഅദിനുൽ ഉലൂം യു. പി. സ്കൂളിന് കടലാക്രമണം മൂലം തകർച്ച പററിയതിനെ സംബന്ധിച്ച് കണ്ണൂർ മുസ്ലിം വിദ്യാർത്ഥി ഫെഡറേഷൻെറ ഒരു നിവേദനവുമായി, വലിയ ഒരാൾക്കൂട്ടത്തിനിടയിൽ കടന്നുപോയതായിരുന്നു, ഞാൻ. മന്ത്രിയോടൊപ്പമുണ്ടായിരുന്ന തടിച്ചുകുറിയ പാൻറിട്ട ഒരു ഉദ്യോഗസ്ഥൻ ''കോയിക്കാൻെറ സ്കൂൾ എന്ന് അറിയപ്പെടുന്ന വളരെ പുരാതനമായ പ്രശസ്ത സ്ഥാപനമാണിത്'' — ഇത്രയും മന്ത്രിയോടു പറയുന്നത് കേട്ടപ്പോൾ എനിക്കത്ഭുതം തോന്നി. ''ഓ കുഴപ്പമില്ല—ശരിയാക്കാം''—മന്ത്രി മജീദ് പറഞ്ഞു. ''മദ്രസ്സ കെട്ടിടത്തിന് തൊട്ടുപുറകിൽ കരിങ്കല്ലിട്ട് കെട്ടും''—ആ ഉദ്യോഗസ്ഥൻ ഒന്നുകൂടി വിശദമാക്കി. വളരെ സന്തോഷത്തോടെ ഞങ്ങളെല്ലാം പിരിഞ്ഞു. പിന്നീടാണ് അന്ന് വിദ്യാർത്ഥികളായിരുന്ന ഞങ്ങളുടെയെല്ലാം സ്നേഹബഹുമാനം പിടിച്ചുപററിയ തടിച്ചുകുറിയ ആ മനുഷ്യൻ എഞ്ചിനീയർ കുട്ടിയമ്മു സാഹിബായിരുന്നുവെന്ന് ഞങ്ങളറിഞ്ഞത്.

രണ്ടാമത് കുട്ടിയമ്മുസാഹിബിനെ അടുത്തറിഞ്ഞത് അതിനടുത്ത വർഷമായിരുന്നു 1958-ൽ തിരുവനന്തപുരത്തിൻെറ ചരിത്രത്തിലാദ്യമായി എന്നു പറയാം മുസ്ലിംലീഗിൻെറ ഒരു മഹാസമ്മേളനം നടന്നു. ആ സമ്മേളനമൊന്നു കാണാനും എഞ്ചിനീയറിംഗ് കോളേജ് പ്രവേശനത്തിനു മുസ്ലിം വിദ്യാർത്ഥികളനുഭവിക്കുന്ന പ്രയാസങ്ങൾ അധികൃതരെ അറിയിക്കാനുമുള്ള ഉദ്ദേശ്യത്തോടെ സംസ്ഥാന എം. എസ്. എഫ്. സെക്രട്ടറിയെന്ന നിലക്ക് ഞാനും പ്രസിഡൻറായിരുന്ന കുഞ്ഞിമായനും (റിട്ടയർഡ് അസി: പബ്ലിക്ക് പ്രോസിക്യൂട്ടർ എ. എം. കുഞ്ഞിമായൻ) വൈസ് പ്രസിഡൻറായിരുന്ന കുഞ്ഞിമൊയ്തീൻകുട്ടിയും (ഇപ്പോൾ പോലീസ് സൂപ്രണ്ടായ കുഞ്ഞിമൊയ്തീൻകുട്ടി) തിരുവനന്തപുരത്തേക്ക് പോയി, സമ്മേളനം കഴിഞ്ഞു പിറേറന്നു എഞ്ചിനീയറിംഗ് കോളേജ് പ്രശ്നത്തെ സംബന്ധിച്ച് സംസാരിക്കാൻ മർഹൂം ജ: സി. എച്ച്. മുഹമ്മദ് കോയ സാഹിബ് കുട്ടിയമ്മുസാഹിബിനെ കാണാനയച്ചു. ഹസ്സൻ മരക്കാർ സാഹിബിൻെറ ഓഫീസ്സിൽ വെച്ചു (ഹസ്സൻ മരിക്കാർ, കുഞ്ഞിപ്പക്കി സാഹിബ്, കുട്ടിയമ്മു സാഹിബ് എന്നിവർ തിരുവനന്തപുരം മുസ്ലിം അസോസിയേഷൻ സംഘടിപ്പിക്കുന്ന കാര്യം ആലോചിക്കുന്നതിനിടയിൽ) അദ്ദേഹം അകത്ത് വിളിച്ചിരുത്തി മുസ്ലിം വിദ്യാർത്ഥികളുടെ പ്രശ്നം സംബന്ധിച്ച് സംസാരിച്ചു, പക്ഷെ എന്നെ ആകർഷിച്ചത് മറൊന്നായിരുന്നു. രണ്ടാമത് പ്രാവശ്യം കണ്ട ഉടനെ അദ്ദേഹം ചോദിച്ചു: ''കോയിക്കാൻെറ മദ്രസ്സയുടെ കാര്യം ശരിയായില്ലേ?''

കുട്ടിയമ്മു സാഹിബുമായി പിൽക്കാലത്ത് എനിക്കുണ്ടായ സുദൃഢബന്ധത്തിൻെറ തുടക്കമായിരുന്നു ആ കൂടിക്കാഴ്ച.

---

മ്പായിരുന്നു. അദ്ദേഹത്തെ ചികിത്സിക്കുന്ന എൻെറ സുഹൃത്ത് ഡോ. ബീരാൻ കുട്ടിയോടൊപ്പം രാമനാട്ടുകര മകൻെറ വീട്ടിൽ വെച്ചായിരുന്നു. വേദന കടിച്ചിറക്കി ഏതാണ്ട് ഒരബോധാവസ്ഥയിലുള്ള ആ കിടപ്പ് ഞാനിന്നും ഓർക്കുകയാണ്. ഞങ്ങളുടെ പേർ പറഞ്ഞപ്പോൾ അദ്ദേഹത്തിന് മനസ്സിലായി. ഡോക്ടർ വേദനയുണ്ടോ എന്നന്വേഷിച്ചതിന് ഇല്ലെന്ന് ആംഗ്യം കാണിച്ച് പിതാവിൻെറ അന്ത്യം ആസന്നമാണെന്നറിഞ്ഞിട്ടും ഒട്ടും പതറാതെ ക്ഷമാലുക്കളായ അദ്ദേഹത്തിൻെറ സന്തതികളുടെ ഈ ഈമാനും സബൂറും അധികംപേർക്കും ലഭിക്കാത്ത സവിശേഷ ഗുണങ്ങളാണ്. മരണാനന്തരം മനുഷ്യന് നൻമ ലഭിക്കുന്ന മൂന്നു കാര്യങ്ങളിൽ ഒന്ന് തനിക്കുവേണ്ടി പ്രാർത്ഥിക്കുന്ന സദ്വൃത്തരായ സന്തതികളാണെന്ന നബി വചനം ഓർക്കുമ്പോൾ കുട്ടിയമ്മു സാഹിബ് ധന്യനാണെന്നു പറയാം. അല്ലാഹു അദ്ദേഹത്തെയും നമ്മെയും പരലോകവിജയികളാക്കട്ടെ. ആമീൻ! □

തിരുവനന്തപുരം ശാസ്തമംഗലത്തെ കുട്ടിയമ്മു സാഹിബിൻെറ ഭവനം ഞങ്ങൾക്കെല്ലാം ഏതാണ്ടൊരു സ്വഭവനം പോലെയായിരുന്നു. അദ്ദേഹത്തിൻെറ മക്കൾ മഹമൂദും അബൂബക്കറും എനിക്ക് ആ കാലത്ത് രണ്ട് അനുജൻമാരായിരുന്നു. വളർന്നുവരുന്ന മുസ്ലിം വിദ്യാർത്ഥി യുവജനങ്ങളിലുള്ള സാഹിത്യകലാവാസന പ്രോത്സാഹിപ്പിക്കുന്നതിൽ കുട്ടിയമ്മു സാഹിബ് എന്തെന്നില്ലാത്ത താല്പര്യം കാണിച്ചു. കയ്യെഴുത്തു മാസികക്കാർ സുവനീറുകൾ അച്ചടിച്ചിറക്കുമ്പോൾ അവർക്ക് ഇസ്ലാമികസാംസ്കാരിക സവിശേഷതകൾ ഉൾക്കൊള്ളുന്ന കനപ്പെട്ട ലേഖനങ്ങൾ നല്കിയിരുന്ന ഒരു മുസ്ലിം ബുദ്ധിജീവി അന്നദ്ദേഹമായിരുന്നു.

കേരള സ്റേററ് മുസ്ലിം വിദ്യാർത്ഥി ഫെഡറേഷൻെറ സെക്രട്ടറിയെന്ന നിലയ്ക്ക് (1958-1962 കാലഘട്ടം) കുട്ടിയമ്മു സാഹിബുമായി എനിക്കുണ്ടായിരുന്ന അനുസ്യൂതവും അഭേദ്യവുമായ ബന്ധത്തിൽ നിന്ന് മൂന്നു കാര്യങ്ങൾ എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു.

അന്ന് മുസ്ലിം വിദ്യാർത്ഥികളെന്ന നിലയ്ക്ക് സംഘടിക്കുന്നതിനോടു വിയോജിപ്പും എതിർപ്പും പ്രകടിപ്പിക്കുന്നവരായിരുന്നു, സമുദായത്തിലെ വലിയൊരു വിഭാഗം. വിദ്യാസമ്പന്നർ. പോക്കർ സാഹിബ്, സീതി സാഹിബ്, സി. എച്ച്. മുഹമ്മദ് കോയ എന്നിങ്ങനെയുള്ള അപൂർവ്വം വിദ്യാസമ്പന്നരായ നേതാക്കൾ മാത്രമാണ്. മുസ്ലിം വിദ്യാർത്ഥി ഫെഡറേഷന് താങ്ങും തണലുമായിരുന്ന വിദ്യാസമ്പന്നർ. അതിനും ''രാഷ്ട്രീയോദ്ദേശ്യ' മാണ് കണ്ടത്. വിദ്യാർത്ഥികൾ സജീവരാഷ്ട്രീയത്തിൽ പങ്കെടുക്കുന്നതിനെ സീതി സാഹിബ് അനുകൂലിച്ചിരുന്നില്ല. എന്നാൽ അവർ സമുദായത്തിൻെറ ശോഭനമായ ഭാവിക്കു വേണ്ടി സംഘടിച്ചേ തീരൂ എന്ന ഉറച്ച അഭിപ്രായവും അദ്ദേഹത്തിനുണ്ടായിരുന്നു. അന്നത്തെ ഉദ്യോഗസ്ഥ പ്രമുഖൻമാരാൽ മുസ്ലിം സമുദായത്തിൽ എം. എസ്. എഫിനെ അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തത് കുട്ടിയമ്മു സാഹിബ് മാത്രമായിരുന്നു.

അദ്ദേഹം എഞ്ചിനീയറിംഗ് ഇൻെറർവ്യൂ കമ്മിററിയുടെ ചെയർമനായിരിക്കും. എല്ലാവരോടും അദ്ദേഹം നിഷ്കൃഷ്ടമായി നീതിപുലർത്തി. അതോടൊപ്പം തൻെറ സ്വന്തം സമുദായത്തിന് നിയമപരമായി ലഭിക്കേണ്ട വിഹിതം നിഷ്കൃഷ്ടമായി ലഭിക്കാനും അദ്ദേഹം ശ്രദ്ധവെച്ചിരുന്നു. ''ഇൻെറർവ്യൂ'' ദിവസം തൃശൂരിലും തിരുവനന്തപുരത്തും അപേക്ഷകരായ മുസ്ലിം വിദ്യാർത്ഥികളെകൊണ്ടെത്തിക്കുന്ന കാര്യം കുട്ടിയമ്മു സാഹിബ് നേരത്തെതന്നെ, എം. എസ്. എഫ്. സെക്രട്ടറിയെന്ന നിലക്ക് എനിക്കു വിവരം നൽകും. എം. എസ്. എഫ്. യൂണിററുകൾ അതാതിടങ്ങളിലുള്ള മുസ്ലിം വിദ്യാർത്ഥി അപേക്ഷകർ അലസൻമാരാവാതിരിക്കാൻ പ്രത്യേകം ശ്രദ്ധ വെച്ചിരുന്നത് ഇങ്ങനെ മുൻകൂട്ടി ലഭിച്ചത് കൊണ്ടായിരുന്നു.

എം. എസ്. എഫിനെക്കൊണ്ട് സാംസ്കാരിക യോഗങ്ങൾ നടക്കാൻ കുട്ടിയമ്മു സാഹിബിനുള്ള അതീവ താൽപര്യം എത്ര അനുഗ്രഹമായിരുന്നുവെന്ന് പിന്നീടാണ് ഞങ്ങൾ ഗ്രഹിച്ചത്. എം. എസ്. എഫിൻെറ ചടങ്ങിൽ ആദ്യമായി സംബന്ധിച്ച ഏററവും പ്രമുഖ്യനായ ഒരുദ്യോഗസ്ഥനായിരുന്നു കുട്ടിയമ്മു സാഹിബ്. പല കോളേജ് ലക്ചറർമാരായ മുസ്ലിം അന്നത്തെ മുസ്ലിം ''ഉന്നതൻമാർ'' മടിച്ചു നിന്നേടത്ത് കുട്ടിയമ്മു സാഹിബായിരുന്നു പ്രോത്സാഹനത്തിൻെറ സൗഹൃദഹസ്തം നീട്ടിക്കാണിച്ചത്.

മുസ്ലിം ലീഗിൻെറ സമ്മേളനങ്ങൾക്ക് തൊട്ടുമുമ്പ് സാംസ്കാരിക സമ്മേളനങ്ങൾ സംഘടിപ്പിക്കാറുണ്ടായിരുന്നു. സി. എച്ചും കുട്ടിയമ്മുസാഹിബും കൂടി സംയുക്തമായി നെയ്തെടുത്ത ഒരാശയമായിരുന്നു ഇത്. മുസ്ലിം സമുദായത്തിൽ സാംസ്കാരികവും ബുദ്ധിപരവുമായ വീക്ഷണവും അതിന് സംഭാവന ചെയ്യാൻ മുസ്ലിം സമുദായസ്നേഹികളായ ബുദ്ധിജീവികളെ പ്രോത്സാഹിപ്പിക്കാനും ഈ സാംസ്കാരിക സമ്മേളനങ്ങൾ സഹായിച്ചു. മുസ്ലിം ബുദ്ധിജീവികൾക്ക് സമുദായത്തിൻെറ സംഘടിതപ്രസ്ഥാനത്തോട് ആഭിമുഖ്യമുണ്ടാക്കാനും അതുപകരിച്ചു.

മഹാനായ സീതി സാഹിബിൻെറ കൂടെ നിന്നുകൊണ്ട് കുട്ടിയമ്മു സാഹിബ് അറുപതുകളിൽ മുസ്ലിംകൾക്ക് ചെയ്ത മഹത്തായ ഒരു സേവനത്തിൻെറ അനുഭവകഥ പറഞ്ഞുകൊണ്ട് ഞാനീ ലേഖനം ഉപസംഹരിച്ചേക്കാം.

എറണാകുളം ലാ കോളേജിൽ വിദ്യാർത്ഥിയായിരുന്ന എന്നെ, സീതിസാഹിബ് സ്പീക്കറായി തിരുവനന്തപുരത്തു വന്നപ്പോൾ, തിരുവനന്തപുരത്തേക്ക് മാറിവരാൻ സീതിസാഹിബിനെക്കൊണ്ടു പറയിപ്പിച്ചതിന്റെ പിറകിൽ കുട്ടിയമ്മു സാഹിബിന്റെ പ്രേരണയായിരുന്നു. എം. എസ്. എഫിന്റെ സെക്രട്ടറിയെന്ന നിലയ്ക്ക് അതു കൂടുതൽ ഉപയോഗപ്രദമാക്കാമെന്നായിരുന്നു കുട്ടിയമ്മു സാഹിബിന്റെ പക്ഷം. 1960- അവസാനത്തിൽ എം. എൽ. എ. ക്വാർട്ടേഴ്സിൽ ഞാൻ താമസിച്ചിരുന്ന സി. എച്ചിന്റെ മുറിയിൽ രാത്രി എനിക്ക് ഒരു ഫോൺ സന്ദേശം കിട്ടി—സ്പീക്കർ സീതിസാഹിബിനെ ചെന്ന് കാണാൻ. അന്ന് സീതിസാഹിബ് ശാസ്തമംഗലത്തെ വാടകവീട്ടിലാണ് താമസിച്ചിരുന്നത്. ഞാനവിടെ ചെന്നപ്പോൾ സീതിസാഹിബിനോടൊപ്പം കുട്ടിയമ്മു സാഹിബും പി. കെ. അബ്ദുല്ലാ സാഹിബും ഉണ്ടായിരുന്നു.

അന്ന് പട്ടം താണുപിള്ളയുടെ മന്ത്രിസഭക്ക് ഏററവും വിഷമം പിടിച്ച ഒരു പ്രശ്നമായിരുന്നു പിന്നോക്കസമുദായക്കാർക്ക് വിദ്യാലയങ്ങളിലെ സംവരണ വ്യവസ്ഥ. അന്നത്തെ വിദ്യാഭ്യാസ നിയമത്തിലെ 11-ാം വകുപ്പ് ഭേദഗതിയിൽ മുസ്ലിം സമുദായത്തിന്റെ പ്രാധിനിധ്യമായിരുന്നു ഒരു പ്രശ്നം. മുസ്ലിം വിദ്യാർത്ഥി ഫെഡറേഷന്റെ പേരിൽ അന്ന് മുഖ്യമന്ത്രിക്ക് ഒരു നിവേദനം സമർപ്പിക്കുക; അന്ന് വൈകുന്നേരം ചേരാൻ നിശ്ചയിച്ച മന്ത്രിസഭായോഗത്തിൽ നിവേദനത്തിൽ ഉന്നയിച്ച കാര്യങ്ങൾ ക്യാബിനററിൽ ഒരു പ്രത്യേക കുറിപ്പായി വിദ്യാഭ്യാസ സെക്രട്ടറിക്ക് ചേർക്കാൻ മുഖ്യമന്ത്രിയുടെ അനുമതി വേണം. എം. എസ്. എഫ്. ഒരു നിവേദനം നൽകിയാൽ മുഖ്യമന്ത്രി അത് വിദ്യാഭ്യാസ സെക്രട്ടറിയെത്തന്നെ ഏൽപിക്കും. അങ്ങനെ ക്യാബിനററ് യോഗത്തിൽ 11-ാം വകുപ്പിനെക്കുറിച്ചൊരു തീരുമാനമെടുക്കുമ്പോൾ മുസ്ലിംകളുടെ ആവശ്യവും ഗവ: പരിഗണിക്കാൻ നിർബന്ധിതമാവും. പട്ടം താണുപിള്ളയോട് സീതിസാഹിബ് പ്രത്യേകം പറയുന്നതുമായിരിക്കും.

അങ്ങനെ സീതി സാഹിബ് തന്നെ നിവേദനം ഇംഗ്ലീഷിൽ പറഞ്ഞു തന്നു. ഞാനെഴുതി പിറേറന്ന് മുഖ്യമന്ത്രിയെ ചെന്ന് കണ്ടു. അദ്ദേഹം വിദ്യാഭ്യാസ സെക്രട്ടറി അബ്ദുല്ലാ സാഹിബിനെ വിളിച്ചു വരുത്തി. മുസ്ലിം സമുദായത്തിന്റെ പ്രശ്നങ്ങളിൽ തന്റെ അനുഭാവം താണുപിള്ള സർ, പ്രത്യേകം എടുത്തു പറഞ്ഞു. പിന്നീടദ്ദേഹം വിദ്യാഭ്യാസസെക്രട്ടറിക്ക് (പി. കെ. അബ്ദുല്ലാ സാഹിബിന്) നിർദ്ദേശങ്ങൾ നൽകി.

അങ്ങനെ മുസ്ലിം സമുദായത്തിന്റെ ഏററവും സുപ്രധാനമായ ഒരാവശ്യം തന്ത്രപൂർവ്വം നേടിയെടുക്കാൻ സീതി സാഹിബിനെയും പി. കെ. അബ്ദുല്ലാസാഹിബിനെയും എം. എസ്. എഫിനെയും കൂട്ടിച്ചേർത്ത് ഈ കാര്യം നേടിയെടുക്കാൻ പ്ലാനിട്ടത് കുട്ടിയമ്മു സാഹിബായിരുന്നു. അന്ന് കുട്ടിയമ്മു സാഹിബ് ഇത്രയുംകൂടി കൂട്ടിച്ചേർത്തു. ''പാലക്കാട്ട് കലക്ടറായിരുന്ന അബ്ദുല്ല സാഹിബിനെ വിളിച്ചുവരുത്തി വിദ്യാഭ്യാസ സെക്രട്ടറിയാക്കിയത്, മന്ത്രിമാർ തമ്മിൽ ചേരിപിരിഞ്ഞ 11-ാം വകുപ്പിന് ഭേദഗതി ഉണ്ടാക്കാനാണ്. അക്കൂട്ടത്തിൽ മുസ്ലിം സമുദായത്തിന്റെ പരാതി കൂടി പരിഹരിക്കണമല്ലൊ.''

എന്തുമാത്രം ദൂരക്കാഴ്ചയാണ് കുട്ടിയമ്മു സാഹിബ് ഈക്കാര്യത്തിൽ കാണിച്ചത്.

കുട്ടിയമ്മു സാഹിബിന് തിരുവനന്തപുരത്ത് ഒരു സ്മാരകം അദ്ദേഹത്തിന്റെ ജീവിതകാലം തന്നെ ഉണ്ടായിരുന്നത് ഇപ്പോഴും നിലനില്ക്കുന്നു—പാളയം ജുമാ മസ്ജിദ്. അതിനദ്ദേഹം പെട്ടപാട് (ഒരു കേസ്സിൽ പ്രതിപോലും ആയിരുന്നു) അടുത്തു നിന്ന് കണ്ട ഒരാളായിരുന്നു ഞാൻ. അതുപോലെ കുട്ടിയമ്മു സാഹിബിന്റെ സ്മാരകം കേരളമാകെ സാരസകലാമൂല്യങ്ങളിലധിഷ്ഠിതമായി, കുട്ടിയമ്മു സാഹിബ് വരച്ചെടുത്ത പ്ലാനുകൾക്ക് കല്ലും മണ്ണും കൂട്ടിച്ചേർത്തുണ്ടാക്കി ഉയർന്നു നില്ക്കുന്നു ഒട്ടനേകം മസ്ജിദുകൾ—അല്ലാഹുവിന്റെ ഭവനങ്ങളിൽ നമസ്കരിക്കുന്ന സത്യവിശ്വാസിയുടെ പ്രാർത്ഥനകളിൽ ആ സമുദായസ്നേഹിക്ക് അല്ലാഹു പ്രതിഫലം നൽകട്ടെ—ആമീൻ !

□

# മായാത്ത ഓർമ്മകൾ

**എസ്. അബ്ദുൽ റഹിം**
റിട്ടയർഡ് ചീഫ് എഞ്ചിനീയർ

**1956-ൽ** കരുനാഗപ്പള്ളി പഞ്ചായത്ത് സെക്ഷൻ ആഫീസർ ആയിരിക്കുമ്പോഴാണ് ഞാൻ ആദ്യമായി കുട്ടിയമ്മു സാഹിബിന്റെ പേർ കേൾക്കുന്നത്. കേരളം രൂപം കൊള്ളുമ്പോൾ ഒരു പുതിയ ചീഫ് എഞ്ചിനീയർ മദ്രാസിൽനിന്നും വരുന്നുണ്ടെന്നും കുട്ടിയമ്മു എന്നൊരു സ്ത്രീയാണവരെന്നും അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും അറിയാനാണിടയായത്. പിന്നീടാണ് കുട്ടിയമ്മു അല്ലെന്നും കുട്ടി അഹമ്മദ് എന്ന കുട്ടിയമ്മു സാഹിബ് ആണെന്നും മനസ്സിലായത്. 1958 സെപ്റ്റംബറിലാണ് ഞാൻ അദ്ദേഹത്തെ ആദ്യമായി നേരിൽ കണ്ടത്. മദ്രാസിൽനിന്നും എഞ്ചിനീയറിംഗിൽ ബിരുദാനന്തര പഠനം കഴിഞ്ഞു മടങ്ങിവന്ന എനിക്ക് തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിൽ ലക്ച്ചററായി നിയമനം വാങ്ങുന്നതിനാണ് ഞാൻ അദ്ദേഹത്തിനെ കാണാൻ പോയത്. പ്രഥമ സന്ദർശനത്തിൽ തന്നെ അദ്ദേഹത്തിന്റെ സൻമനോഭാവം എന്നെ ആകർഷിച്ചു. നിയമനത്തിനുള്ള ഉത്തരവ് താമസം വിനാ ലഭിക്കുകയും ചെയ്തു. വീണ്ടും, അദ്ദേഹത്തിനെ കാണുന്നത് 1962 - ജൂലൈ മാസത്തിലായിരുന്നു. തങ്ങൾ കുഞ്ഞുമുസലിയാർ എഞ്ചിനീയറിംഗ് കോളേജിൽ നിന്നും ഡപ്യൂട്ടേഷൻ കഴിഞ്ഞ് മടങ്ങിവന്നപ്പോൾ. ആദ്യം കണ്ണൂരിലും പിന്നെ തിരുവനന്തപുരത്ത് ചീഫ് എഞ്ചിനീയർ ആഫീസ്സിലും നിയമനം ലഭിച്ചതു മുതലാണ് അദ്ദേഹവുമായി കൂടുതൽ സമ്പർക്കത്തിലായത്.

പാളയം മുസ്ലിം പള്ളിയുടെ പുനർ നിർമ്മാണ പ്രവർത്തനത്തിൽ പങ്കുകൊള്ളുവാൻ എന്നെയും പ്രേരിപ്പിച്ചത് അദ്ദേഹത്തിൽ നിന്നും ലഭിച്ച പ്രചോദനമായിരുന്നു. സമുദായോല്ക്കർഷത്തിനുവേണ്ടി പ്രവർത്തിക്കുന്നതിന്റെ ഒരു മഹനീയ മാതൃക അദ്ദേഹം, അതിനുവേണ്ടി പ്രവർത്തിക്കാൻ കാത്തിരുന്ന ഉദ്യോഗസ്ഥൻമാർക്ക്, സ്വന്തം പ്രവൃത്തിയിലൂടെ നല്കി. മുസ്ലിം ഉദ്യോഗസ്ഥൻമാർക്ക് അദ്ദേഹം നല്കിയിരുന്ന ഉപദേശം ശ്രദ്ധേയമാണ്. ഔദ്യോഗിക ചുമതലകൾ കാര്യക്ഷമമായും പൂർണമായും നിർവഹിച്ചതിനുശേഷമായിരിക്കണം സമുദായത്തിന് കഴിവനുസരിച്ച് സേവനമർപ്പിക്കുവാൻ എന്നായിരുന്നു അദ്ദേഹത്തിന്റെ ഉപദേശം. സമുദായ സേവനത്തിന്റെ പേരിൽ ഔദ്യോഗിക കാര്യങ്ങളിൽ വീഴ്ച വരുത്തുന്നതിനെ അദ്ദേഹം ഒരിക്കലും പ്രോത്സാഹിപ്പിച്ചിരുന്നില്ല. നേരെ മറിച്ച് മുസ്ലിം ഉദ്യോഗസ്ഥൻമാരിൽ നിന്നും ഔദ്യോഗക ജീവിതത്തിലും മാതൃകാപരമായ സേവനമാണ് അദ്ദേഹം കാംക്ഷിച്ചിരുന്നത്.

നെയ്യാർ ഡാമിലും പിന്നീട് തിരുവനന്തപുരം ഇറിഗേഷൻ നോർത്ത് സബ്ഡിവിഷനിലും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ ആയിരുന്നപ്പോൾ അദ്ദേഹവുമായി എനിക്ക് കൂടുതൽ സമ്പർക്കം പുലർത്തേണ്ടി വന്നു. തിരുവനന്തപുരം മുസ്ലിം അസോസിയേഷന്റെ പ്രവർത്തനങ്ങളിൽ ഭാഗഭാക്കാകുവാൻ ഈ കാലഘട്ടത്തിൽ എനിക്ക് കഴിഞ്ഞു. അദ്ദേഹത്തിന്റെ പ്രേരണയാൽ അസോസിയേഷന്റെ ആഭിമുഖ്യത്തിൽ നടത്തികൊണ്ടിരുന്ന മാസന്തോറുമുള്ള മത പ്രഭാഷണങ്ങളിൽ ചില വിഷയങ്ങളെ കുറിച്ച് പ്രസംഗിക്കുവാൻ ഞാനും നിർബന്ധിതനായി. മണക്കാട്ട് അസോസിയേഷൻ തുടങ്ങിയ ഹെൽത്ത് സെൻററിനു പിന്നിൽ പ്രവർത്തിച്ചിരുന്ന മുഖ്യ പ്രേരകശക്തി അദ്ദേഹമായിരുന്നു. കീഴുദ്യോഗസ്ഥൻമാരുടെ വ്യക്തിപരമായുള്ള കാര്യങ്ങളിലും അദ്ദേഹം ക്ഷേമാന്വേഷണങ്ങൾ നടത്തിയിരുന്നു. ഞാൻ ഒരു ശസ്ത്രക്രിയയ്ക്ക് വിധേയനായി ജനറൽ ഹോസ്പിററലിൽ കഴിയുമ്പോൾ ആശുപത്രിയിൽ വന്ന് എന്നെ കാണുന്നതിന് അദ്ദേഹം സമയം കണ്ടെത്തിയിരുന്നു.

കേരളത്തിലെ പൊതുമരാമത്തു വകുപ്പിൽ കൂടുതൽ കാലം ചീഫ് എഞ്ചിനീയർ എന്ന നിലയിൽ സേവനം നടത്താനുള്ള സന്ദർഭം കുട്ടിയമ്മു സാഹിബിനാണ് ലഭിച്ചിട്ടുള്ളത്. എന്നാൽ അദ്ദേഹം സർവീസിൽ നിന്നും വിരമിക്കുമ്പോൾ സാധാരണ നടത്താറുള്ള ഒരു യാത്ര അയപ്പ് അദ്ദേഹത്തിനും നല്കുവാൻ പൊതുമരാമത്തു വകുപ്പ് എഞ്ചിനീയേഴ്സ് അസോസിയേഷന്റെ അന്നത്തെ ഭാരവാഹികൾ വിമുഖത കാണിച്ചതിന്റെ ചേതോവികാരം മനസ്സിലായില്ല. വളരെ നീണ്ടകാലം അദ്ദേഹം ചീഫ് എഞ്ചിനീയർ ആയിരുന്നതിലുള്ള അമർഷമായിരിക്കാം

# ശാസ്ത്രം, ശാസ്ത്രീയത

**ഡോ. എ. എൻ. പി. ഉമ്മർകുട്ടി**

വിചാരം, വികാരം എന്നിവ മനുഷ്യമനസ്സിന്റെ അടിസ്ഥാന ഭാവങ്ങളാണ്. ഏററവും വിശാലമായ അർത്ഥത്തിൽ മനുഷ്യന്റെ സർവ്വ മാനസികവൃത്തികളെയും ഈ രണ്ടു മേഖലകളിൽ ഒതുക്കാവുന്നതാണ്. നമ്മുടെയെല്ലാം അന്തരംഗത്തെ ഏറിയകൂറും സ്വാധീനിക്കുന്നത് വികാരമാണ്. ആഗ്രഹം, സ്നേഹം, വെറുപ്പ്, സന്തോഷം, ദുഃഖം, അസൂയ തുടങ്ങിയവ മാത്രമല്ല, ഭക്തി, കലാ-സാഹിത്യ-സംഗീതവാസനകൾ എന്നിവയും മുഖ്യമായി വികാരബദ്ധമാണ്. മറിച്ചു, മനുഷ്യന്റെ ബാഹ്യബന്ധങ്ങളെ ഏറിയകൂറും നിർണയിക്കുന്നതും സ്വാധീനിക്കുന്നതും വിചാരമാണ്. സമൂഹവുമായും ചുററുപാടുമായുള്ള സർവ്വ ബന്ധങ്ങളും ഇതിൽപ്പെടുന്നു. വ്യക്തികൾ അനുഭവിക്കുന്ന തീവ്രതയിൽ വികാരങ്ങളെ സമൂഹത്തിന്റെ മുമ്പാകെ അവതരിപ്പിക്കുവാനൊക്കുകയില്ല. പരവ്യക്തികൾക്കും ഇതേ തീവ്രതയിൽ വൈകാരികാനുഭവങ്ങൾ ഉണ്ടാകുവാൻ ഇടയുള്ളതിനാൽ അതു സംഘർഷങ്ങൾക്കും സംഘട്ടനങ്ങൾക്കും വഴിതെളിയിച്ചേക്കാം. അപ്പോൾ സാമൂഹികജീവിതം പ്രയാസകരവും അസഹനീയവുമായിത്തീരും. ഇവിടെയാണ് വിചാരശീലം സഹായത്തിനെത്തുന്നത്. നമ്മുടെ ആന്തരിക ജീവിതത്തെ ചുററുപാടുമായി ബന്ധപ്പെടുത്തുകയും സമന്വയിപ്പിക്കുകയുമാണ് വിചാരം ചെയ്യുന്നത്. വികാരങ്ങൾക്കു മയവും സാമൂഹികമായ അർത്ഥവും നൽകുന്നതു വിചാരമാണെന്നർത്ഥം. ഈയർത്ഥത്തിൽ നാഗരികതകളുടെ നിർമ്മിതിയിൽ വിചാരഘടകത്തിനു സുപ്രധാനമായ സ്ഥാനമാണുള്ളത്. കാരണം നാഗരികത ഒരു സമൂഹസൃഷ്ടിയാണ്. കോടനുകോടി ജനങ്ങളുടെ ശതാബ്ദങ്ങളിലൂടെയുള്ള ശ്രമങ്ങളുടെ മഹത്തായ പരിണതഫലമാണല്ലോ നാഗരികത. അതേ സമയം, അത്തരം നാഗരികതകളിലെ **മഹാൻമാരായ വ്യക്തികളുടെ ഒററപ്പെട്ട സംഭാവനകൾ പരിശോധിച്ചാൽ അവയുടെയെല്ലാം ഉത്തേജനവും പ്രേരകശക്തിയും പ്രതിഭാധനൻമാരായ വ്യക്തികളുടെ വൈകാരികോർജ്ജമായിരുന്നു വെന്നു കാണാം.** ഉദാത്തമായ സാഹിത്യകൃതികൾ, വാസ്തു ശിൽപങ്ങൾ, ചിത്രങ്ങൾ, സംഗീതരചനകൾ, മതഗ്രന്ഥങ്ങൾ, ദർശനസംഹിതകൾ തുടങ്ങിയവ ഏകാന്തപഥിക

> **നമ്മുടെ ആന്തരിക ജീവിതത്തെ ചുററുപാടുമായി ബന്ധപ്പെടുത്തുകയും സമന്വയിപ്പിക്കുകയുമാണ് വിചാരം ചെയ്യുന്നത്. വികാരങ്ങൾക്കു മയവും സാമൂഹികമായ അർത്ഥവും നൽകുന്നതു വിചാരമാണെന്നർത്ഥം. ഈയർത്ഥത്തിൽ നാഗരികതകളുടെ നിർമ്മിതിയിൽ വിചാരഘടകത്തിനു സുപ്രധാനമായ സ്ഥാനമാണുള്ളത്.**

---

അതിനുള്ള കാരണം. അദ്ദേഹം സർവ്വീസിൽനിന്നും വിരമിച്ചപ്പോൾ ഗവൺമെൻറിന്റെ കൺസൽട്ടിംഗ് എഞ്ചിനീയറായി നിയമിക്കപ്പെട്ടതിനാൽ, തിരുവനന്തപുരത്തുതന്നെ കുറെക്കാലം കുടിതാമസിച്ചിരിന്നതുകൊണ്ട് അദ്ദേഹവുമായിട്ടുള്ള സമ്പർക്കം എനിക്ക് നഷ്ടപ്പെട്ടിരുന്നില്ല.

കോഴിക്കോട്ടേയ്ക്ക് താമസം മാററിയ ശേഷവും റൂറൽ ഡവലപ്പ്മെൻറ് ബോർഡ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്ന നിലയിൽ ഞാൻ അവിടം സന്ദർശിക്കുന്ന അവസരങ്ങളിൽ ചിലപ്പോൾ അദ്ദേഹത്തെ കണ്ടിരുന്നു. ഒരവസരത്തിൽ കോഴിക്കോട് സിവിൽ സ്റേറഷന്റെ അടുത്ത് അദ്ദേഹം മുൻകൈ എടുത്ത് ഉണ്ടാക്കിയ അനേകം അസുലഭ ഗ്രന്ഥങ്ങൾ ഉൾക്കൊള്ളുന്ന ഇസ്ലാമിക് ലൈബ്രറിയെക്കുറിച്ച് സംസാരിച്ചപ്പോൾ തിരുവനന്തപുരത്തും അപ്രകാരമൊന്ന് സർവീസിൽ നിന്നും വിരമിച്ചശേഷം ഉണ്ടാക്കുവാനുള്ള എന്റെ അഭിലാഷം പ്രകടിപ്പിച്ചപ്പോൾ അദ്ദേഹം പറഞ്ഞു ''എന്തെങ്കിലും പ്രവർത്തിക്കുവാൻ ഉദ്ദേശിക്കുന്നു എങ്കിൽ ഇപ്പോൾ തന്നെ തുടങ്ങണം. സർവീസിൽ നിന്നും വിരമിച്ചശേഷം തുടങ്ങാമെന്ന് വിചാരിച്ചാൽ അതു മിക്കവാറും നടക്കുകയില്ല''. അദ്ദേഹത്തിന്റെ ദീർഘവീക്ഷണം ഈ കാര്യത്തിൽ ഒരു യാഥാർത്ഥ്യമായി ഇന്നും അവശേഷിക്കുന്നു.

രായ ജീനിയസുകളുടെ വികാരനിർഭരമായ സാധനകളും സിദ്ധികളുമാണ്. ഇത്തരം മഹാൻമാരിൽ പലരുടെയും സാമൂഹ്യജീവിതം യാതനാപൂർണമോ, തകർന്നതോ, ഒററപ്പെട്ടതെങ്കിലുമോ ആയിരുന്നുവെന്നു ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്. വിചാരമല്ല. വികാരമായിരുന്നു ഇവരുടെ മുഖ്യമനോധാരയെന്നു ഇതു വ്യക്തമാക്കുന്നു.

മനുഷ്യന്റെ വികാരവും വിചാരവും തമ്മിലുള്ള താരതമ്യസ്ഥാനത്തെക്കുറിച്ചുള്ള ഈ മൗലികധാരണ ശാസ്ത്രത്തെയും ശാസ്ത്രീയതയെയും മനസ്സിലാക്കുവാൻ ആവശ്യമാണ്. ശാസ്ത്രജ്ഞൻമാർ എന്ന ഒരു വിഭാഗം മനുഷ്യർ മാത്രം കൈകാര്യം ചെയ്യുന്ന, സാധാരണ മനുഷ്യരിൽ നിന്നു വളരെ അകന്ന എന്തോ നിഗൂഢമായ വലിയ കാര്യങ്ങളാണ് എന്നാണ് ശാസ്ത്രത്തെ (സയൻസിനെ) ക്കുറിച്ചു പലരും ധരിച്ചു വച്ചിട്ടുള്ളത്. ഇത്തരം തെററായ ധാരണകൾ വെച്ചു പുലർത്തുന്നതുകൊണ്ടാണ് ശാസ്ത്രത്തിൽ നിന്നു പലരും മാറിനിൽക്കുന്നത്. ശാസ്ത്രത്തിന്റെ ഗുണഫലങ്ങൾ അവർക്കു വേണ്ടപോലെ ലഭിക്കാതെ പോകുന്നതും. സാധാരണക്കാർക്കുമാത്രമല്ല, ശാസ്ത്ര വിദ്യാർത്ഥികൾ, ശാസ്ത്രാദ്ധ്യാപകർ തുടങ്ങിയവർക്കുപോലും ഈ അബദ്ധം പിണയുന്നുണ്ടു എന്നതാണ് സത്യം. വിദ്യാർത്ഥികളിൽ പലരും ശാസ്ത്രം പഠിക്കുന്നതു പരീക്ഷകളിൽ നല്ല മാർക്കു ലഭിക്കുവാൻ വേണ്ടിമാത്രമാണ്. പരീക്ഷ കഴിഞ്ഞാൽ, പഠിച്ച ശാസ്ത്രവിവരങ്ങളും ശാസ്ത്രതത്വങ്ങളും ജീവിതത്തിൽ മററുവിധത്തിൽ പ്രയോജനപ്പെടുമായിരുന്ന ശാസ്ത്രീയസമീപനവും അവർ മറക്കുകയോ അവഗണിക്കുകയോ ചെയ്യുന്നു. അനേകം ശാസ്ത്രാദ്ധ്യാപകരുടെ കഥയും വേറൊന്നല്ല. പഠിപ്പിക്കുവാൻ ബാദ്ധ്യതയുള്ളതുകൊണ്ടു അവർ ശാസ്ത്രം പഠിപ്പിക്കുന്നു. ശാസ്ത്രസത്തയെ സ്വജീവിതത്തിന്റെ അവിഭാജ്യഘടകമാക്കി മാററിയ ശാസ്ത്രാദ്ധ്യാപകർ വളരെക്കുറച്ചേയുള്ളു. തയ്യൽക്കാരൻ തയ്യൽവേലയേയും പാചകക്കാരൻ ആഹാരപാചകത്തേയും തങ്ങളുടെ ജീവിതത്തിലെ നിർണായകഘടകങ്ങളാക്കുന്നതുപോലെ ശാസ്ത്രാദ്ധ്യാപകരിൽ പലരും ശാസ്ത്രത്തെ സ്വജീവിതത്തിലെ പ്രമുഖ സ്വാധീനമാക്കി മാററുന്നില്ല എന്നതാണ് വാസ്തവം.

സയൻസിനെ ശരിയായ കാഴ്ചപ്പാടിൽ ഒന്നു മനസ്സിലാക്കുവാൻ നമുക്കു ശ്രമിക്കാം. മനുഷ്യന്റെ വിചാരശീലത്തിന്റെ പരമമായ നേട്ടമാണ് സയൻസ് അഥവാ ശാസ്ത്രമെന്നു ചുരുക്കിപ്പറയാം. മററു മനുഷ്യരിലേക്കാൾ വിചാരശീലം വികസിതമാവുന്നതു ശാസ്ത്രജ്ഞൻമാരിലാണ്. വിചാരശീലം ശാസ്ത്രജ്ഞൻമാരുടെ ജൻമനായുള്ള പ്രത്യേകതയൊന്നുമല്ല. വികാരവും വിചാരവും സർവ മനുഷ്യരുടെയും മൗലികഭാവങ്ങളാണെന്നു വ്യക്തമാക്കിയല്ലോ. ഇതിൽ വിചാരശീലമാണ് ശാസ്ത്രജീവിതം കൈവരിച്ചവരിൽ കൂടുതൽ വികസിതമാവുന്നതു എന്നുമാത്രം. അത്തരത്തിലുള്ള ഒരു പരിശീലനമാണ് ശാസ്ത്രപഠനത്തിലൂടെ അവർക്കു ലഭിക്കുന്നത്. ക്രമത്തിൽ അവർ വിചാരപന്ഥാവിന്റെ വക്താക്കളും പ്രചാരകൻമാരുമായിത്തീരുന്നു.

---

അവസാനമായി ഞാൻ അദ്ദേഹത്തെ കണ്ടത് തലശ്ശേരിയിൽ വച്ച് ഒരു ജുംഅ: നമസ്കാരം കഴിഞ്ഞ് പുറത്തു വരുമ്പോൾ ആയിരുന്നു. അപ്പോൾ അദ്ദേഹത്തിനു നല്ല കാഴ്ചശക്തി ഇല്ലായിരുന്നു. സംഭാഷണ മദ്ധ്യേ, ഒഴിവുസമയം എന്തിന് വിനിയോഗിക്കുന്നു എന്ന് അദ്ദേഹം ചോദിച്ചപ്പോൾ, ഗസ്സാലി ഇമാമിന്റെ ''ഇഹ്‌യാ ഉലൂമുദ്ദീൻ'' പോലെയുള്ള ഗ്രന്ഥങ്ങൾ പഠിച്ചുകൊണ്ടിരിക്കുകയാണെന്ന് ഞാൻ മറുപടി പറഞ്ഞു. അതൊക്കെ നേരത്തേ പഠിക്കേണ്ടതായിരുന്നില്ലേ''. എന്നായിരുന്നു അദ്ദേഹം പ്രതിവചിച്ചത്: മതവിഷയങ്ങളിലും അദ്ദേഹം അപാര പാണ്ഡിത്യം നേടിയിരുന്നു എന്ന് ചന്ദ്രിക ആഴ്ചപതിപ്പിൽ പ്രസിദ്ധീകരിച്ച അദ്ദേഹത്തിന്റെ ഒരു ലേഖനപരമ്പരയിൽ നിന്നുമാണ് ഞാൻ മനസ്സിലാക്കിയത്.

കേരളജനതയ്ക്കും മുസ്ലിം സമുദായത്തിനും അദ്ദേഹം നൽകിയ സേവനത്തെ കുറിച്ച് വിശദമായി വിവരിക്കുവാൻ ഞാൻ ഒരുമ്പെടുന്നില്ല. അത് അന്യത്ര ഈ സ്മരണികയിൽ വിവിധ ലേഖനങ്ങളിൽകൂടി പ്രകടിപ്പിക്കപ്പെടുമെന്നുള്ളതിനാൽ. അദ്ദേഹത്തെ കുറിച്ച് എന്റെ ഓർമ്മകളിൽ മറയാതെ നില്ക്കുന്ന ചില കാര്യങ്ങൾ ഇവിടെ പ്രകാശിപ്പിക്കുക മാത്രമെ ഞാൻ ചെയ്യുന്നുള്ളു. ഔദ്യോഗിക ജീവിതത്തിലും സമുദായസേവനത്തിലും അദ്ദേഹം കാഴ്ചവച്ച മഹനീയമാതൃക വരുംതലമുറയിലേയ്ക്ക് പകർന്നു കൊടുക്കുവാൻ ഈ സ്മരണിക പ്രയോജനപ്പെടുമെന്നുള്ളതിലും ഇത് അദ്ദേഹത്തിന് ഒരു സ്മാരകമായിരിക്കുമെന്നുള്ളതിലും ഞാൻ വളരെ ഏറെ സന്തോഷിക്കുന്നു. □

വിചാര പ്രാബല്യം അനുപാതികമായി വികാര മേഖലയെ അപ്രബലമാക്കുന്നു എന്നു പറയേണ്ടതില്ലല്ലോ. ശാസ്ത്രജ്ഞൻമാർ താരതമ്യേന വികാരരഹിതരോ വികാരശൂന്യരോ ആയി കാണപ്പെടുന്നതു ഇക്കാരണത്താലാണ്. വാസ്തവത്തിൽ, അവർ വികാരമില്ലാത്തവരല്ല. വികാര ക്ഷോഭങ്ങളും, വികാരമൂർഛകളും അതിരൂക്ഷമായി അനുഭവിക്കുന്നവർ തന്നെയാണ്. എന്നാൽ, പ്രകൃതിയെയും ജീവജാലങ്ങളെയും കാലാവസ്ഥാമാററങ്ങളെയും സാമൂഹ്യപ്രശ്നങ്ങളെയും രോഗാവസ്ഥകളെയും മററും കുറിച്ചു പഠിക്കുന്ന ശാസ്ത്രജ്ഞൻമാർ വികാരത്തെ വിചാരത്തിൻെറ ദാസൻമാരാക്കി ബാഹ്യോൻമുഖരാകുന്നു.

ശാസ്ത്രീയതയുടെ സവിശേഷതകൾ എന്തൊക്കെയാണ്? മററു മാനവവ്യവഹാരങ്ങളിൽ നിന്നു വ്യത്യസ്തമായി ശാസ്ത്രത്തിനും ശാസ്ത്രീയതക്കും പല സവിശേഷതകളുമുണ്ട്. ഹ്രസ്വമായി അവയെ പരിശോധിക്കാം.

കാര്യകാരണ രീതിയാണ് സയൻസിൻെറ പ്രഥമ പ്രധാനലക്ഷണം. സർവ്വ വസ്തുതകളെയും വസ്തുക്കളെയും പ്രതിഭാസങ്ങളെയും നിരീക്ഷണ- പരീക്ഷണ-വിചിന്തനകളിലൂടെ ശാസ്ത്രജ്ഞൻ സമീപിക്കുന്നു. ശാസ്ത്രത്തിനു ഒന്നിനെക്കുറിച്ചും മുൻവിധിയുണ്ടാവുകയില്ല. സർവ്വകാര്യങ്ങളെയും ഇന്ദ്രിയഗോചരത്തിന്നും ചിന്തനത്തിന്നും വിധേയമാക്കുന്നു. അന്വേഷണമാരംഭിക്കുന്നതിനുമുമ്പു ചില നിലപാടുകൾ ശാസ്ത്രജ്ഞനും ആവശ്യമാണ്. എന്നാൽ, അതുവരെ അംഗീകൃതമായ വസ്തുതകളുടെ വെളിച്ചത്തിലുള്ള പരികൽപനകൾ മാത്രമായിരിക്കും അവ. പരികൽപനങ്ങൾ നിഗമനങ്ങളോ തീരുമാനങ്ങളോ അല്ല, വെറും പ്രാരംഭപ്രസ്താവനകളാണ്. നിരീക്ഷണ പരീക്ഷണങ്ങളിലൂടെയും വീണ്ടുവിചാരങ്ങളിലൂടെയും ആവർത്തനങ്ങളിലൂടെയും പരികൽപനങ്ങളിൽനിന്നു സർവ്വാംഗീകൃതമായ ശാസ്ത്രതത്വങ്ങളിലും നിഗമനങ്ങളിലും ശാസ്ത്രജ്ഞൻമാർ എത്തിച്ചേരുന്നു. ഒരിക്കൽ ആഗോളാംഗീകാരം ലഭിച്ച തത്വങ്ങൾ, നിഗമനം എന്നിവപോലും പിൽക്കാലത്ത് ചോദ്യം ചെയ്യപ്പെട്ടേക്കാം. പുതിയ അറിവുകളുടെയും പുതിയ സങ്കേതങ്ങളുടെയും ഫലമായാണ് ഇങ്ങനെ സംഭവിക്കുക. എന്നാൽ, അന്വേഷണത്തിൻെറ കവാടങ്ങൾ ശാസ്ത്രത്തിൽ സദാ തുറന്നിരിക്കും എന്നു മാത്രമേ ഇതിനർത്ഥമുള്ളു.

നിഗമനങ്ങളും തത്വങ്ങളും സഞ്ചായക സ്വഭാവമുള്ളവയാണ് എന്നതാണ് ശാസ്ത്രത്തിൻെറ രണ്ടാമത്തെ സവിശേഷത. ശാസ്ത്രത്തിൽ തത്വങ്ങളും നിഗമനങ്ങളും ചിതൽപ്പുററുപോലെയാണ് വളരുന്നത് എന്നു പറഞ്ഞാൽ തെററില്ല. ആദികാലതത്വങ്ങളും നിഗമനങ്ങളും ചട്ടക്കൂടുകൾപോലെ വർത്തിക്കുന്നു. ന്യൂട്ടൻെറ ഗുരുത്വാകർഷണസിദ്ധാന്തവും മററും ചട്ടക്കൂട് സ്വഭാവമുള്ള ശാസ്ത്രതത്വങ്ങളാണ്. ഇവയുടെ അടിസ്ഥാനപ്രമാണങ്ങളിലാണ് തുടർന്നുള്ള ശാസ്ത്രജ്ഞൻമാർ തങ്ങളുടെ സിദ്ധാന്തങ്ങളും നിഗമനങ്ങളും കെട്ടിപ്പടുക്കുന്നത്. ന്യൂട്ടൻെറ സിദ്ധാന്തങ്ങൾ പഠിക്കാതെയോ അവയെ കണക്കിലെടുക്കാതെയോ പതിനേഴാം നൂററാണ്ടിനു ശേഷം വേറെ ഒരു ശാസ്ത്രജ്ഞനും പ്രവർത്തിക്കുവാൻ സാധിക്കുമായിരുന്നില്ല. ന്യൂട്ടൻെറ സിദ്ധാന്തങ്ങൾ ആധുനിക ശാസ്ത്രത്തിൻെറ അടിസ്ഥാന ശിലകളിൽ ചിലതാണ്. മാക്സ് പ്ലാങ്കിൻെറയും ഐൻസ്റൈറൻെറയുമുൾപ്പെടെയുള്ള പില്ക്കാലത്തെ അനേകം ശാസ്ത്രസിദ്ധാന്തങ്ങൾ ഈ അടിസ്ഥാന ശിലകളിൽ കെട്ടിപ്പടുത്ത ഉപരിഘടകങ്ങളാണ്. ശാസ്ത്രം ഇന്നൊരു മഹാസൗധമായിത്തീർന്നിട്ടുണ്ടെങ്കിൽ, അത് സാധിച്ചിട്ടുള്ളത് അനവധി നൂററാണ്ടുകളിലൂടെയുള്ള അനേകായിരം വ്യക്തിശാസ്ത്രജ്ഞൻമാരുടെ ശ്രമകരമായ പ്രവർത്തനങ്ങളുടെ ഫലമായാണ്. അവരുടെ തീവ്രചിന്തകളും തത്വാവിഷ്ക്കരണവ്യഗ്രതകളും ഈ ശാസ്ത്ര മഹാസൗധത്തിൻെറ നിർമ്മിതിക്കു അനിവാര്യമായിരുന്നു. അതായത്, ആധുനികശാസ്ത്രം സാർവ്വലൗകിക പ്രസക്തിയും പ്രാധാന്യവും ആർജ്ജിച്ചതു അതിൻെറ സഞ്ചായക സ്വഭാവത്തിലൂടെയായിരുന്നു.

മാനവപൈതൃകം ഒരു തലമുറയിൽ നിന്നു അടുത്തതിലേക്കു വിനിമയം ചെയ്യപ്പെടുകയെന്നതു സർവ്വ മനുഷ്യവ്യവഹാരങ്ങളിലും സാധാരണമാണെങ്കിലും ഒന്നിൻെറ മേൽ മറെറാന്നു കെട്ടിപ്പടുക്കുകയെന്ന നേരിട്ടുള്ള രീതി ശാസ്ത്രത്തിലെപ്പോലെ മറെറവിടെയും കാണുകയില്ല. ഉദാത്തമായ സാഹിത്യകൃതികളും ചിത്രരചനകളും വാസ്തുശിൽപങ്ങളും പിൻഗാമികൾക്കു പ്രേരകമാവാം. പക്ഷെ, പുതിയ സൃഷ്ടികൾ പഴയവയുടെ തുടർച്ചയോ നേരിട്ടുള്ള ഫലങ്ങളോ ആവുകയില്ല. ഒറിജിനാലിററിയും നിരാശ്രയത്വവും വ്യക്തിനിഷ്ഠതയുമാണ് കലാസൃഷ്ടികളുടെ മുഖമുദ്ര. എന്നാൽ, ശാസ്ത്രഗ്രന്ഥ

ങ്ങരം പരസ്പരം ആശ്രയിക്കുകയും വസ്തുനിഷ്ഠതയിൽ ഊന്നി നില്ക്കുകയും ചെയ്യുന്നു. രചയിതാക്കളെ വേർപെടുത്തിക്കൊണ്ട് കലാസൃഷ്ടികളെ വിലയിരുത്താനും മനസ്സിലാക്കാനും പ്രയാസമാണ്. എന്നാൽ, ശാസ്ത്രത്തിൽ തത്വങ്ങളും പ്രമാണങ്ങളും മനസ്സിലാക്കുവാൻ അവയുടെ ആവിഷ്ക്കാരകൻമാരെ പരാമർശിക്കുകയേ വേണ്ട. എന്നല്ല, പരാമർശിക്കാതിരിക്കുകയാണ് അഭികാമ്യം. കലാ-സാഹിത്യസൃഷ്ടികളിൽ സ്രഷ്ടാക്കളുടെ വ്യക്തിത്വം എന്നും മുഴച്ചു നില്ക്കുമ്പോരം ശാസ്ത്രത്തിൽ ശാസ്ത്രജ്ഞൻമാരുടെ താത്വികസംഭാവനകരം മാത്രം കൈകോർത്തു പിടിച്ചു ഒരു മഹാശൃംഖലയായി നിലകൊള്ളുന്നു.

ശാസ്ത്രത്തിൻെറ സംഭാവനകളിൽ മാത്രമല്ല, ശാസ്ത്രജ്ഞൻമാരുടെ പ്രവർത്തനശൈലിയിലും സമീപകാലത്തു ഈ സഞ്ചായകരീതി പ്രകടമായിക്കാണാവുന്നതാണ്. മുൻകാലങ്ങളിൽ അങ്ങിങ്ങായി ഒററപ്പെട്ട രീതിയിലാണ് ശാസ്ത്രജ്ഞൻമാർ തങ്ങളുടെ സത്യാന്വേഷണ വൃത്തികളിൽ ഏർപ്പെട്ടിരുന്നത്. ഇപ്പോഴും അത്തരം ഏകാന്തപഥികർ ഇല്ലാതെയല്ല. എന്നാൽ, കൂട്ടായ പ്രവർത്തനങ്ങളിലാണ് ഇന്നത്തെ ഊന്നൽ. പ്രമുഖ ലാബറട്ടറികളിലും ഇൻസ്ററിററ്യൂട്ടുകളിലും സംഘങ്ങളായാണ് ശാസ്ത്രജ്ഞൻമാർ ഗവേഷണം നടത്തുന്നത്. ഉപകരണങ്ങരം, ഗവേഷണരീതികരം, കൈകാര്യം ചെയ്യുന്ന വിഷയങ്ങരം എന്നിവയിൽ വന്നുചേർന്നിരിക്കുന്ന സങ്കീർണ്ണതയും ആവശ്യമായിരിക്കുന്ന സൂക്ഷ്മതയും ഈ കൂട്ടായ്മയ്ക്ക് നിദാനമായിരിക്കാം. എന്നാൽ ശാസ്ത്രത്തിൻെറ സഞ്ചായകഭാവത്തെ അതു ശക്തിപ്പെടുത്തുന്നേയുള്ളൂ.

ആവിഷ്കരിക്കപ്പെടുന്ന തത്വങ്ങളുടെയും പ്രമാണങ്ങളുടെയും പ്രായോഗികതയാണ് ശാസ്ത്രത്തിൻെറ മറെറാരു സവിശേഷത. ശാസ്ത്രമെന്നതു വെറും വിജ്ഞാനമോ വെറും ആത്മീയാനുഭൂതിയോ അല്ല. ഇന്നു കണ്ടെത്തിയ വിജ്ഞാനം നാളെ ജീവിതത്തിൽ പ്രായോഗികമാക്കുവാൻ സാധിക്കുന്നുവെന്നത് ശാസ്ത്രത്തിൻെറ മാത്രം പ്രത്യേകതയാണ്. ഇത്രയേറെ സാർവ്വലൗകിക പ്രായോഗികത മറെറാരു ബുദ്ധിവ്യവഹാരവും നേടിയിട്ടില്ല. ശാസ്ത്രം അവസാനം സാങ്കേതിക വിദ്യയിൽ അഥവാ ടെക്നോളജിയിൽ എത്തിച്ചേരുന്നു. ഭൂമുഖത്തിൻെറ മുഖഛായ മാസ്മരികവിദ്യയിലെന്ന പോലെ മാററിമറിക്കുവാൻ സയൻസിനു സാധിച്ചിരിക്കുന്നത് അതിൻെറ കളിത്തോഴനായ ടെക്നോളജിയിലൂടെയാണ്. വികസിതരാജ്യങ്ങരം മാത്രമല്ല അവികസിതരാജ്യങ്ങളും വൻതോതിൽ ശാസ്ത്രസാങ്കേതിക വിദ്യകളെ സ്വീകരിച്ചിരിക്കുന്നത് ഇക്കാരണത്താലാണ്. ദാരിദ്ര്യവും പട്ടിണിയും നിരക്ഷരതയും മററനവധി പിന്നോക്കാവസ്ഥകളെയും നിർമ്മാർജ്ജനം ചെയ്യുവാനും അവശതയിൽക്കഴിയുന്ന എണ്ണമില്ലാത്ത ജനകോടികരംക്ക് മോചനത്തിൻെറയല്ലെങ്കിൽ സാന്ത്വനത്തിൻെറയും പ്രതീക്ഷയുടെയുമെങ്കിലും വാതിലുകരം തുറന്നുകൊടുക്കുവാനും ശാസ്ത്രസാങ്കേതിക വിദ്യകരം ലോകത്തെമ്പാടും സ്വാഗതം ചെയ്യപ്പെടുന്നു. പിന്നോക്കരാജ്യങ്ങളിൽ ശാസ്ത്രമെത്തുന്നില്ല, സാങ്കേതികവിദ്യകരം മാത്രമേയെത്തുന്നുള്ളുവെന്നു ചൂണ്ടിക്കാണിച്ചേക്കാം. എന്നാൽ, ശാസ്ത്രം സാങ്കേതികവിദ്യയ്ക്കു ജന്മം നല്കുന്നതുപോലെ സാങ്കേതികവിദ്യയുടെ സാന്നിദ്ധ്യം ശാസ്ത്രത്തെ ക്ഷണിച്ചു വരുത്തും. ശാസ്ത്രത്തിൻെറ അനിവാര്യമായ പ്രായോഗിക പരിണിതിയെ ഇതു വിളിച്ചോതുന്നു.

ശാസ്ത്രത്തിൻെറ പ്രകടവും പരസ്യവുമായ ചില ലക്ഷണങ്ങളാണ് മേൽഖണ്ഡികകളിൽ വിവരിച്ചത്. അത്ര തന്നെ പ്രകടമോ പരസ്യമോ അല്ലാത്ത പല മൂല്യങ്ങളും ശാസ്ത്രീയതയിൽ അന്തർലീനമായിട്ടുണ്ട്. ശാസ്ത്രത്തെയും ശാസ്ത്രീയതയെയും കുറിച്ചു ശരിയായ ധാരണ കൈവരണമെങ്കിൽ, മാനവജീവിതത്തിൽ അവയ്ക്കുള്ള പ്രത്യക്ഷസ്വാധീനങ്ങരംക്കു പുറമെ, മനുഷ്യമനസ്സിനെ പരോക്ഷമായി അതു എങ്ങനെയൊക്കെ സ്വാധീനിക്കുന്നുവെന്നു കൂടി ഗ്രഹിക്കേണ്ടതുണ്ട്. നിരന്തരമായ അന്വേഷണശീലത്തിലൂടെ കൈവരുന്ന തുറന്ന മനസ്സ്, സഹശാസ്ത്രജ്ഞൻമാരോടൊത്തു സദാ പ്രവർത്തിക്കുന്നതിലൂടെ മനസ്സിൽ ഊറിക്കൂടുന്ന സഹകരണഭാവം, ഇന്നല്ലെങ്കിൽ നാളെ പഠിച്ചതു മുഴുവൻ ജീവിതപഥത്തിൽ പകർത്തുവാനുള്ള പ്രായോഗിക മനസ്ഥിതി എന്നിവ സൂചിപ്പിച്ചു കഴിഞ്ഞു. ശാസ്ത്രത്തെ യഥാർഥത്തിൽ നുകർന്നെടുക്കുന്നവർ ഈ ഗുണങ്ങരം സ്വായത്തമാക്കിയിരിക്കും. എന്നാൽ, ഇവയ്ക്കു പുറമെ കൂടുതൽ ബൃഹത്തായ ചില മാനസഭാവങ്ങരംക്കൂടി ശാസ്ത്രം അതിൻെറ ഉപാസകരിൽ വളർത്തുന്നുണ്ട്. സത്യസന്ധത, മുൻവിധിയില്ലായ്മ, ധൈര്യം, സമയബോധം, കൃത്യനിഷ്ഠ,

സമഭാവന, സഹാനുഭൂതി തുടങ്ങിയ അടിസ്ഥാന മനോഗുണങ്ങൾ മനുഷ്യമനസ്സിൽ ഊട്ടിയുറപ്പിക്കുവാൻ സയൻസിനു സാധിച്ചിട്ടുണ്ട്. സത്യസന്ധത സയൻസിന്റെ കൂടെപ്പിറപ്പിയാണ്. ''കണ്ടതു പറഞ്ഞാൽ കഞ്ഞിയില്ല'' എന്നതല്ല, ''കണ്ടതു പറഞ്ഞാലേ കഞ്ഞിയുള്ളൂ'' എന്നതാണ് ശാസ്ത്രത്തിലെ പഴഞ്ചൊല്ല്. കണ്ടത് അഥവാ അറിഞ്ഞതു പറഞ്ഞാൽ മാത്രമേ മററുള്ളവർക്കും ബോധ്യപ്പെടുവാനൊക്കുകയുള്ളു. കണ്ടതു പറഞ്ഞില്ലെങ്കിൽ, അഥവാ പറയുന്നതു കണ്ടതല്ലെങ്കിൽ സഹശാസ്ത്രജ്ഞൻമാർ അതു സ്വീകരിക്കുകയില്ല. അതുപോലെ, നിരന്തരമായ ശാസ്ത്രപ്രവർത്തനം നടത്തുമ്പോൾ കൈവരുന്ന ഒരു അമൂല്യഗുണമാണ് ധൈര്യം. പ്രകൃതിരഹസ്യങ്ങൾ സ്വയം കണ്ടെത്താമെന്നു സ്വാനുഭവത്തിലൂടെ മനസ്സിലാവുമ്പോൾ ഏതു ചഞ്ചലമനസ്സിലും ധൈര്യം തനിയേ ഊറിക്കൂടും. സ്വന്തം പ്രവൃത്തികളിലൂടെ, സ്വന്തം ജീവിതയാത്രയിലൂടെ സ്വമനസ്സിൽ ഉരുത്തിരിയുകയും സഹശാസ്ത്രജ്ഞൻമാർ അംഗീകരിക്കുകയും ചെയ്യുന്ന തത്വങ്ങളും നിഗമനങ്ങളും ശാസ്ത്രജ്ഞന്റെ വ്യക്തിത്വത്തെ ശക്തിപ്പെടുത്തുന്നു, ഭദ്രമാക്കുന്നു. സത്യസന്ധനായ ശാസ്ത്രജ്ഞൻ ധീരനുമാകാതെ നിവൃത്തിയില്ല.

സമയബോധം ശാസ്ത്രജ്ഞന്റെ പര്യായമാണെന്നു തന്നെ പറയാം. കാലവും സ്ഥലവും ഒരേ യാഥാർത്ഥ്യത്തിന്റെ വ്യത്യസ്തമാനസ്യമാണെന്ന ഉന്നതാശയത്തെക്കുറിച്ചല്ല, അതിലേറെ ഭൗമികമായ സമയനിഷ്ഠയെക്കുറിച്ചു തന്നെയാണ് പറയുന്നത്. അവന്റെ സർവ്വപരീക്ഷണങ്ങളും മിനിട്ടുകളിലും സെക്കൻറുകളിലും അളക്കേണ്ടവയാണ്. ഒരുപക്ഷേ, മറേറതു ജനവിഭാഗങ്ങളിലുമുള്ളതിലേറെ സമയബോധവും കൃത്യനിഷ്ഠയും ശാസ്ത്രജ്ഞൻമാരിൽ കാണാവുന്നതാണ്. സമഭാവന, സഹാനുഭൂതി എന്നിവയും യഥാർത്ഥശാസ്ത്രജ്ഞന്മാരിൽ അനിവാര്യമായി വന്നുചേരുന്ന ഗുണങ്ങളാണ്. സത്യാന്വേഷണവും സത്യം കണ്ടെത്തലും സ്വന്തം കുത്തകയായി ഒരു ശാസ്ത്രജ്ഞനും കരുതുകയില്ല. കാര്യകാരണചിന്ത, നിരീക്ഷണ പരീക്ഷണ പാടവം, വസ്തുനിഷ്ഠസമീപനം തുടങ്ങിയ വിചാരമാർഗ്ഗങ്ങളിലൂടെ സഞ്ചരിക്കുന്ന ആർക്കും ശാസ്ത്രസത്യം കണ്ടെത്തുവാൻ സാധിക്കുമെന്ന് ഓരോ ശാസ്ത്രജ്ഞനുമറിയാം. സമഭാവനയുടെയും സഹാനുഭൂതിയുടെയും അടിസ്ഥാനം ഈ അറിവാണ്.

നമ്മുടെ സ്കൂളുകളിലും കോളേജുകളിലും നിരവധി വർഷങ്ങളായി ശാസ്ത്രം ഒരു പഠന വിഷയമാണ്. ഓരോ വർഷവും അനേകായിരം ശാസ്ത്രബിരുദധാരികൾ സർവ്വകലാശാലകളിൽ നിന്നു പുറത്തു വരുന്നുമുണ്ട്. എന്നാൽ, ഇവരിൽ എത്രപേർക്ക് മേൽ വിവരിച്ചതുപോലുള്ള ശാസ്ത്രീയാവബോധം കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്? ശാസ്ത്രവും ശാസ്ത്രീയതയും വശപ്പെടുത്തുവാൻ ആദ്യം വേണ്ടത് വിചാരശീലം വളർത്തുകയാണ്. നമ്മുടെ ചെറുപ്പക്കാരിൽ (അതിലേറെ മുതിർന്നവരിലും) തീരെ വികസിതമാകാത്തതും പ്രോത്സാഹിപ്പിക്കപ്പെടാത്തതും ഇതാണെന്നു തോന്നുന്നു. ശാസ്ത്രത്തിന്റെ വിശാലവും മൗലികവുമായ ഈ വശം വിപുലമായി ചർച്ചാവിധേയമാക്കേണ്ടിയിരിക്കുന്നു. ബഹുജന മാധ്യമങ്ങളിലും സ്കൂൾ-കോളേജ് പാഠ്യപദ്ധതികളിലും യൂനിവേഴ്സിററികളുടെ അക്കാദമിക ചർച്ചകളിലും സർക്കാരിന്റെ നയാവിഷ്കരണതലങ്ങളിൽ പോലും ചെറുപ്പക്കാരിൽ (അതിലേറെ ചെറുപ്പക്കാരല്ലാത്തവരിലും) വിചാരശീലം വളർത്തുവാനാവശ്യമായ കർമ്മപരിപാടികൾക്ക് അവയർഹിക്കുന്ന പ്രാമുഖ്യം ലഭിക്കേണ്ടിയിരിക്കുന്നു. ഒരു സ്വതന്ത്രജനതയുടെ ബഹുമുഖപുരോഗതിക്ക് ഇത്തരം കർമ്മപരിപാടികൾ ഒഴിച്ചുകൂടാൻ പററാത്തതാണ്. □

**''നമ്മുടെ ജീവിതത്തിൽ രണ്ടു സത്യങ്ങളുണ്ട്. ഒന്ന്, നാം കുഴിമടിയൻമാരാണെന്നത്. രണ്ട്, ആത്മാർത്ഥതയും ഉത്തരവാദിത്തബോധവും നമ്മെ വിട്ടകന്നിരിക്കുന്നുവെന്നത്. ബുദ്ധിശൂന്യമായ ഈ രണ്ട് നിലപാടുകളും തിരുത്തേണ്ട കാലം വൈകിക്കഴിഞ്ഞിരിക്കുന്നു. കർമ്മശേഷി ഫലപ്രദമായി ഉപയോഗിക്കാത്തവർക്ക് ജീവിക്കാൻ അർഹതയില്ലാതാവുന്നു. ഏൽപിക്കപ്പെട്ട ഉത്തരവാദിത്തങ്ങൾ ചുമലിൽ ഏററി ഉത്തരവാദിത്തത്തോടുകൂടിത്തന്നെ അവ നിർവഹിക്കാൻ ശ്രമിക്കാം.''**

***—മുഹമ്മദുൽ ഗസാലി***

# മുസ്ലിംകൾ കേരളക്കരയിൽ

പ്രൊഫ. കെ. വി. അബ്ദുർ റഹ്മാൻ

ഇന്ത്യയിലെ വിവിധ മുസ്ലിം ജനവിഭാഗങ്ങളിൽ അദ്വിതീയമായൊരു സ്ഥാനമാണ് കേരളത്തിലെ മുസ്ലിംകൾക്ക് ഉള്ളത്. കേരളത്തിലെ രണ്ടരകോടിയിലേറെയുള്ള (1981-ൽ 2.545 കോടി) മൊത്തം ജനസംഖ്യയിൽ അഞ്ചിലൊരുഭാഗം (1981-ൽ 50 84 ലക്ഷം) വരുന്ന ഇവർ സംസ്ഥാനത്തിന്റെയും രാഷ്ട്രത്തിന്റെയും പുരോഗതിയിൽ നിർണ്ണായകമായൊരുപങ്ക് വഹിച്ചുകൊണ്ടിരിക്കുന്നു. ബഹുഭൂരിപക്ഷവും സുന്നി വിഭാഗത്തിൽപ്പെട്ട ശാഫിമദ്ഹബുകാരായ കേരള മുസ്ലിംകൾ സാമൂഹ്യമായും സാംസ്കാരികമായും ഇന്ത്യയിലെ മററു മുസ്ലിം വിഭാഗങ്ങളെ അപേക്ഷിച്ചു പല പ്രത്യേകതകളും പ്രകടിപ്പിക്കുന്നവരാണ്.

**മാപ്പിളമാർ** :—കേരളത്തിലെ മുസ്ലിം ജനസംഖ്യയിൽ മുക്കാൽ ഭാഗത്തോളവും ഉത്തരകേരളത്തിൽ അധിവസിക്കുന്നു. ഇവരിൽ തന്നെ ബഹുഭൂരിപക്ഷവും കേരള സംസ്ഥാന രൂപീകരണത്തിന് മുമ്പുണ്ടായിരുന്ന മലബാർ ജില്ലയിൽ ഉൾപ്പെട്ടിരുന്ന ഇന്നത്തെ കാസർക്കോട്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം, പാലക്കാട് എന്നീ ജില്ലകളിലാണുള്ളത്. പ്രധാനമായും ഇവരെയാണ് 'മാപ്പിളമാർ' എന്ന സംജ്ഞകൊണ്ടുദ്ദേശിക്കുന്നതെങ്കിലും കേരളത്തിലെ നാട്ടുകാരായ മുസ്ലിംകൾക്ക് പൊതുവെയും ഈ പേർ ഉപയോഗിച്ചു വരുന്നുണ്ട്. മൈസൂർ ആധിപത്യ (ഹൈദരലി, ടിപ്പു) കാലത്ത് ഡെക്കാനിൽ നിന്നു വന്ന്കേരളത്തിൽ അധിവാസമുറപ്പിച്ചവരുടെ പരമ്പരയിൽപ്പെട്ടവരും ഹിന്ദുസ്ഥാനി മാതൃഭാഷയായിട്ടുള്ളവരുമായ ''പഠാണി''കളും തമിഴ്നാട്ടിൽ നിന്നു വന്നവരായ ലബ്ബമാരും റാവുത്തർമാരും കേരളത്തിലെ മുസ്ലിം ജനസംഖ്യയിൽ ഉൾപ്പെടുന്നു.

'മാപ്പിള' എന്ന പേരിന്റെ ഉത്ഭവത്തെക്കുറിച്ച് തീക്ഷ്ണമായ വാഗ്വാദം നടന്നിട്ടുണ്ട്. ഭർത്താവ് എന്ന അർത്ഥത്തിൽ തമിഴിൽ ഉപയോഗിക്കുന്ന ഈ വാക്ക് (തമിഴിൽ നിന്നാണല്ലോ മലയാളം ഉടലെടുത്തത്) ആദ്യകാലങ്ങളിൽ ഇവിടെ വന്ന് നാട്ടുകാരായ സ്ത്രീകളുമായി വിവാഹബന്ധത്തിൽ ഏർപ്പെട്ടിരുന്ന അറബികളെ ഉദ്ദേശിച്ചു ഉപയോഗിച്ചു വന്നതായിരിക്കാമെന്നു ചിലർ അഭിപ്രായപ്പെടുമ്പോൾ 'മഹാപിള്ള' എന്ന് ബഹുമാനസൂചകമായി വിദേശത്ത് നിന്ന് വന്നവരെ അഭിസംബോധന ചെയ്തതായിരിക്കാമെന്നു മററു ചിലർ കരുതുന്നു. മുസ്ലിംകളെ 'ജോനക മാപ്പിളമാർ' എന്നും ക്രിസ്ത്യാനികളെ 'നസ്രാണി മാപ്പിളമാർ' എന്നും വിളിച്ചുവന്നു. പൊതുവിൽ വിദേശികൾ എന്ന അർത്ഥത്തിൽ വിശിഷ്യ ഗ്രീക്കുകാർ, റോമക്കാർ, പേർഷ്യക്കാർ, അറബികൾ എന്നിവരെ ഉദ്ദേശിച്ച് ഉപയോഗിച്ചുവന്ന ''യവനർ'' (യഥാർത്ഥത്തിൽ അയോണിയക്കാർ അഥവാ ഗ്രീക്കുകാർ) എന്ന വാക്കാണ് ''ജോനകർ'' ആയത്. 'മഹ്ഫിൽ' എന്ന അറബി പദത്തിൽ നിന്നായിരിക്കാം. 'മാപ്പിള' എന്ന പേർ ഉത്ഭവിച്ചതെന്നും പറയപ്പെടുന്നു. ''സമ്മേളനസ്ഥലം'' എന്ന അർത്ഥമുള്ള ഈ അറബി വാക്ക് ആദ്യകാലങ്ങളിൽ കേരളത്തിൽ താമസമാക്കിയ അറബികൾ അവർ തമ്മിൽ ഉപയോഗിച്ചിരിക്കാം. ഏതായാലും മലബാർ മുസ്ലിംകളെ ഉദ്ദേശിച്ചുകൊണ്ട് ''മാപ്പിള'' എന്ന പേർ വളരെക്കാലം മുമ്പുതന്നെ ഉപയോഗിച്ചിരുന്നുവെന്നത് വ്യക്തമാണ്. ക്രി: 16-ാം നൂററാണ്ടിന്റെ ആരംഭത്തിൽ ദ്വാർത്തെ ബർബോസ എന്ന പോർത്തുഗീസ് ഗ്രന്ഥകാരൻ തന്റെ കൃതിയിൽ ഈ പേർ ഉപയോഗിച്ചിട്ടുണ്ട്.

**കേരളത്തിൽ ഇസ്ലാമിന്റെ ആവിർഭാവം:—** ഇസ്ലാം ഇന്ത്യയിൽ ആദ്യമായി എത്തിയത് കേരളത്തിലാണെന്നത് മിക്കവാറും സംശയരഹിതമായ കാര്യമാണ്; മാപ്പിളമാർ ആദ്യത്തെ ഇന്ത്യൻ മുസ്ലിംകളുടെ പിന്തുടർച്ചക്കാരുമാണ്. ഖലീഫാ ഉമറിന്റെ കാലത്ത് ക്രി: 8-ാം നൂററാണ്ടിന്റെ ആരംഭത്തിൽ ബസ്റയിലെ ഭരണാധികാരിയായിരുന്ന ഹജ്ജാജ് ഇബ്നു യൂസുഫിന്റെ നിർദ്ദേശാനുസരണം മുഹമ്മദ് ഇബ്നു ഖാസിം സിന്ധ് ആക്രമിച്ച് പിടിച്ചടക്കുന്ന

തിനു മുമ്പു തന്നെ ദക്ഷിണേന്ത്യയിൽ മുസ്ലിം കോളനികൾ (കുടിപാർപ്പ് കേന്ദ്രങ്ങൾ) ഉണ്ടായിരുന്നുവെന്നത് ഒരു അംഗീകരിക്കപ്പെട്ട വസ്തുതയാണെന്ന് സയ്യിദ് സുലൈമാൻ നദ്‌വി 1934ൽ ''ഇസ്ലാമിക് കൾച്ചർ'' എന്ന പ്രസിദ്ധീകരണത്തിൽ എഴുതിയ ഒരു ലേഖനത്തിൽ (വാള്യം VIII. ഭാഗം 478) വ്യക്തമാക്കുന്നു. അതായത് മംഗോളിയൻ വംശജരും, തുർക്കികളും, അഫ്ഘാൻകാരും മററുമായ മുസ്ലിംകൾ ജേതാക്കളെന്ന നിലയിൽ ഉത്തരേന്ത്യയിൽ വരുന്നതിന് എത്രയോ മുമ്പു തന്നെ അറബികൾ സഞ്ചാരികളെന്ന നിലയിൽ കേരളതീരത്തെത്തി നാട്ടുകാരുമായി വാണിജ്യബന്ധം പുലർത്തുകയും ഇടപഴകുകയും ചെയ്തിരുന്നുവെന്നതിന് സംശയമില്ല. ക്രിസ്തുവിന് ഒരായിരം കൊല്ലം മുമ്പ് സോളമൻ (സുലൈമാൻ) ചക്രവർത്തിയുടെ കാലത്തു തന്നെ സ്വർണ്ണം, ആനക്കൊമ്പ്, ചന്ദനം, മയിൽ, കുരങ്ങ്, എന്നിവ ഓഫീറിൽ നിന്ന് അദ്ദേഹത്തിന്റെ രാജധാനിയിലേക്ക് കയററിക്കൊണ്ടുപോയിരുന്നുവത്രെ. ''ഓഫീർ'' എന്ന സ്ഥലം ബേപ്പൂരായിരിക്കാമെന്നാണ് ചില പണ്ഡിതൻമാർ അഭിപ്രായപ്പെടുന്നത്. ഈ നിലയിൽ മുഹമ്മദ് നബിയുടെ കാലത്തുതന്നെ ഇസ്ലാം കേരളത്തിൽ എത്തിയിട്ടുണ്ടായിരിക്കാമെന്ന് ന്യായമായും അനുമാനിക്കാം. ക്രിസ്താബ്ദം ഒമ്പതാംനൂററാണ്ടിന്റെ മദ്ധ്യത്തിൽ സുലൈമാൻ എന്ന ഒരു അറബിയുടെ പേരിൽ എഴുതപ്പെട്ട ''സിൽസിലത്തുത്തവാരീഖ്'' എന്ന യാത്രാവിവരണ ഗ്രന്ഥത്തിൽ ഇന്ത്യയിലും ചൈനയിലും ഒരു മുസ്ലിമിനെയോ, അറബി ഭാഷ സംസാരിക്കുന്ന ഒരാളെയോ താൻ കണ്ടിട്ടില്ലെന്ന് പറഞ്ഞിരിക്കുന്നത് വിശ്വാസയോഗ്യമായ ഒരു പ്രസ്താവനയായി പരിഗണിച്ചുകൂടാ. സുലൈമാന്റെ പേരിൽ പല കാലങ്ങളിലുമായി പലരും എഴുതിച്ചേർത്തതാണ് പ്രസ്തുത ഗ്രന്ഥമെന്ന് മുഹമ്മദ് ഹുസൈൻ നയ്നാർ അറബി ഭൂമിശാസ്ത്രജ്ഞൻമാരെ സംബന്ധിച്ച് എഴുതിയ ഗ്രന്ഥത്തിൽ അഭിപ്രായപ്പെട്ടതു ഇത്തരുണത്തിൽ പ്രസ്താവ്യമാണ്.

കേരളത്തിലെ മുസ്ലിം സമുദായത്തിന്റെ ഉൽഭവം ചേരമാൻ പെരുമാളുടെ മതപരിവർത്തനവുമായി ബന്ധപ്പെട്ടതായി പലരും കരുതുന്നു. ഒടുവിലത്തെ കേരളചക്രവർത്തിയായികൊടുങ്ങല്ലൂർ ആസ്ഥാനമായി നാടു ഭരിച്ചിരുന്ന ചേരമൻ പെരുമാൾ താജുദ്ദീൻ എന്ന പേരോടെ ഇസ്ലാംമതം സ്വീകരിച്ചു അറേബ്യയിലേക്ക് പോയെന്നും അവിടെ വച്ച് അദ്ദേഹം മരണപ്പെടുന്നതിന് മുമ്പ് കേരളത്തിൽ ഇസ്ലാംമതം പ്രചരിപ്പിക്കാനായി മാലിക് ഇബ്നു ദീനാർ, മാലിക് ഇബ്നു ഹബീബ്, ശറഫ് ഇബ്നു മാലിക് എന്നിവരും മററും അടങ്ങിയ ഒരു സംഘത്തെ നിയോഗിച്ചുവെന്നുമാണ് പറയപ്പെടുന്നത്. അല്പാല്പം വ്യത്യാസങ്ങളോടെ ഈ കഥ പല രൂപത്തിലും പ്രചരിച്ചിട്ടുണ്ട്. നബിയുടെ കാലത്തു തന്നെയാണ് ഈ സംഭവം നടന്നതെന്ന് ചിലർ ദൃഢമായി വിശ്വസിക്കുന്നുണ്ടെങ്കിലും ശൈഖ് സൈനുദ്ദീൻ (ക്രി: 16-ാം നൂററാണ്ട്) തന്റെ വിഖ്യാതമായ ''തുഹ്ഫത്തുൽ മുജാഹിദീൻ'' എന്ന ഗ്രന്ഥത്തിൽ അഭിപ്രായപ്പെടുന്നത് പ്രസ്തുത സംഭവം ഹിജ്റ രണ്ടാം നൂററാണ്ടിന് ശേഷമാണെന്നാണ് ബലമായ പക്ഷം എന്നാണ്.

മാലിക് ഇബ്നു ദീനാറും സംഘവും കേരളക്കരയിൽ പത്തു സ്ഥലങ്ങളിൽ പള്ളികൾ നിർമ്മിച്ചു. ആദ്യമായി അവർ കപ്പലിറങ്ങിയ കൊടുങ്ങല്ലൂരിലാണ് ആദ്യത്തെ പള്ളി പണിയിക്കപ്പെട്ടത്. പിന്നീടാണ് കൊല്ലം, മാടായി, പാക്കനൂർ (ബർകൂർ), മംഗലപുരം, കാസർക്കോട്, ശ്രീകണ്ഠപുരം, ധർമ്മടം, പന്തലായിനി, ചാലിയം എന്നിവിടങ്ങളിൽ പള്ളികൾ നിർമ്മിക്കപ്പെട്ടത്.

കേരളത്തിലെ പുരാതന മുസ്ലിം കേന്ദ്രങ്ങളിൽ കൊടുങ്ങല്ലൂർ, ചാലിയം, കൊല്ലം എന്നിവ പ്രത്യേകം പ്രാധാന്യം അർഹിക്കുന്നു. ചേരമാൻ പെരുമാളിന്റെ തലസ്ഥാനമായിരുന്ന കൊടുങ്ങല്ലൂരിൽ നിന്നാണ് അദ്ദേഹം അറേബ്യയിലേക്ക് യാത്രപുറപ്പെട്ടത്. പിന്നീട് മാലിക് ഇബ്നു ദീനാറും സംഘവും കേരളക്കരയിൽ ആദ്യമായി കാൽകുത്തിയതും അവിടെത്തന്നെ. അവിടെത്തന്നെയാണ് കേരളത്തിലെ ആദ്യത്തെ മുസ്ലിം പള്ളി സ്ഥാപിക്കപ്പെട്ടതും. അറബികൾ കൊടുങ്ങല്ലൂരിനെ 'മുസിരിസ്' എന്നാണ് വിളിച്ചിരുന്നത്.

ചേരമാൻ പെരുമാളുടെ മന്ത്രിയായിരുന്ന കൃഷ്ണമുൻജാദ് എന്ന ഹുസൈൻ ഖാജയുടെ ചാലിയത്തുകാരായ നാലു ബന്ധുക്കൾ ഇസ്ലാംമതം സ്വീകരിച്ചു മക്കത്തേക്കുള്ള യാത്രയിൽ പെരുമാളെ അനുഗമിക്കാനായി കൊടുങ്ങല്ലൂരിൽ ചെന്നതായി ''റിഹ്ലത്തുൽ മുലൂക്കി''ൽ പറയുന്നു. ആ പ്രദേശത്ത് ആദ്യമായി ഇസ്ലാംമതം സ്വീകരിച്ചതും അവർ തന്നെ.

ദക്ഷിണ കേരളത്തിലെ ഏററവും പുരാതനമായ മുസ്ലിം കേന്ദ്രമായിരുന്നു കൊല്ലം. ''കൗലം'' എന്നു അറബികൾ വിളിച്ചിരുന്ന ഈ നഗരം അക്കാലത്ത് ദക്ഷിണേന്ത്യയിലെ ഏററവും വലിയ തുറമുഖമായിരുന്നുവെന്നു ക്രി:ഒമ്പതാം നൂററാണ്ടിൽ എഴുതപ്പെട്ട ''സിൽ സിലത്തുത്തവാരീഖി''ൽ പറയുന്നു. പേർഷ്യയിൽ നിന്നു നാട്ടിലേക്ക് മടങ്ങിയിരുന്ന കൂററൻ ചൈനീസ് കപ്പലുകൾ കരക്കടുപ്പിച്ചിരുന്ന ഇന്ത്യയിലെ ഏകതുറമുഖം അതായിരുന്നുവത്രെ.

**കേരളത്തിലെ മുസ്ലിം രാജവംശം:—** മാഹി ചോമ്പാലിലെ കുഞ്ഞിപ്പള്ളിയിൽ അന്ത്യവിശ്രമം കൊള്ളുന്ന ഉമർ ഇബ്നു മുഹമ്മദ് സുഹ്റവർദി എഴുതിയ ''റിഹ്ലത്തുൽ മുലൂക്ക്'' എന്ന ലഘുഗ്രന്ഥത്തിൽ കേരളത്തിലെ ഏകമുസ്ലിം രാജവംശമായ അറക്കൽ ആദിരാജാക്കൻമാരുടെ ഉൽഭവം ചേരമാൻ പെരുമാളുടെ മതപരിവർത്തനവുമായി ബന്ധപ്പെടുത്തിയിരിക്കുന്നു. ഈ രാജകുടുംബത്തിന്റെ സ്ഥാപകൻ ചേരമാൻ പെരുമാളൊന്നിച്ച് അറേബ്യയിലേക്ക് പോയ അദ്ദേഹത്തിന്റെ മരുമകനായ കോഹിനൂർ രാജകുമാരനാണ്. ചിറക്കൽ രാജവംശത്തിലെ ഒരു രാജകുമാരിയെ വിവാഹം കഴിച്ചിരുന്ന ഇദ്ദേഹം ഇസ്ലാംമതം സ്വീകരിച്ചശേഷം സൈഫദ്ദീൻ മുഹമ്മദലി എന്ന പേർ സ്വീകരിച്ചു. മലബാറിൽ ആദ്യമായി ഇസ്ലാംമതം ആശ്ലേഷിച്ചവരിൽ ചാലിയത്തെ നാലു നമ്പൂതിരി ഇല്ലങ്ങളും എട്ടു നായർ വീട്ടുകാരും ഉൾപ്പെടുമെന്നു സുഹ്റവർദി പറയുന്നു. (മമ്മത്തറായൻ ഇല്ലം, എറമസറായൻ ഇല്ലം, പോക്കാക്ക ഇല്ലം, പുഴക്കരെ ഇല്ലം എന്നീ നാല് ഇല്ലങ്ങളുടെ പേർ പരമ്പരയായി പറയപ്പെട്ടുവരുന്നുണ്ട്. അടുത്തകാലം വരെ മാപ്പിള തറവാട്ടുകാരിൽ പലരും തങ്ങളുടെ തറവാട് ഈ നാലിൽ ഏതെങ്കിലും, ഒരു ഇല്ലത്തിൽ നിന്ന് ഉത്ഭവിച്ചതാണെന്ന് അവകാശപ്പെടുകയും പ്രമാണങ്ങളിൽ ആ പേർ ചേർക്കുകയും ചെയ്തു പോന്നിരുന്നു. (ഉദാഹരണം:—ചാലിയത്ത് മമ്മത്തറായൻ ഇല്ലത്തെ മുസ്സിയാരകത്ത് കമ്മാലി കുഞ്ഞാത്തുമ്മ.)

അറക്കൽ രാജകുടുംബത്തിന്റെ ഉത്ഭവത്തെ സംബന്ധിച്ച മററു ഐതിഹ്യങ്ങളും നിലവിലുണ്ട്. കോലത്തിരിയുടെ പ്രധാനമന്ത്രിയായിരുന്ന അരയൻകുളങ്ങര നായർ ഇസ്ലാംമതം സ്വീകരിച്ചു രാജകുടുംബത്തിലെ ഒരു സ്ത്രീയെ വിവാഹം ചെയ്തതിലുണ്ടായ വംശമാണ് അറക്കൽ രാജകുടുംബം എന്നതാണ് ഒരു ഐതിഹ്യം.

**ആചാരങ്ങൾ :—** അറബികളുമായി ഇടപഴകുവാൻ കൂടുതൽ അവസരമുണ്ടായിരുന്ന കടൽക്കര പ്രദേശങ്ങളിലെ മാപ്പിളമാരുടെ സിരകളിൽ അറബി രക്തത്തിന്റെ അനുപാതം തുലോം കൂടുതലാവുകയെന്നത് സ്വാഭാവികം മാത്രമാണ്. പ്രത്യേകിച്ചു സാമൂതിരിയുടെ കൊട്ടാരത്തിൽ ഏറെക്കാലം വലിയ സ്വാധീനം ചെലുത്തിയ അനേകം അറബി വർത്തകരുണ്ടായിരുന്നു കോഴിക്കോട് പ്രദേശത്ത്. എന്നാൽ തദ്ദേശവാസികളായ നായൻമാരുടെ ആചാരങ്ങൾക്ക് ഇപ്രദേശങ്ങളിലെ മാപ്പിളമാരിൽ കൂടുതൽ സ്വാധീനം ചെലുത്താൻ സാധിച്ചുവെന്നതാണ് വാസ്തവം. മരുമക്കത്തായ സമ്പ്രദായത്തോട് സാദൃശ്യമുള്ള കുടുംബസംവിധാനവും സ്വത്തുദായക്രമം പോലും വടക്കെ മലബാറിലെയും തെക്കെ മലബാറിലെ തീരദേശനഗരങ്ങളായ കോഴിക്കോട്, പൊന്നാനി എന്നിവിടങ്ങളിലെയും മാപ്പിളമാർ സ്വീകരിച്ചു വന്നു. പൊന്നാനിയിലെ വലിയ ജുമുഅത്ത് പള്ളിയുടെയും അതോടനുബന്ധിച്ച ദർസിന്റെയും രക്ഷാകർത്താക്കളായ മഖ്ദൂം കുടുംബം പോലും മരുമക്കത്തായത്തോട് സാമ്യമുള്ള പിന്തുടർച്ചാ സമ്പ്രദായമാണ് സ്വീകരിച്ചുവന്നത്. എന്നാൽ സ്വത്തുദായക്രമത്തിന്റെ കാര്യത്തിൽ തെക്കേ മലബാറിലെ തീരപ്രദേശങ്ങളിലെ മാപ്പിളമാർ ഇസ്ലാമിക സമ്പ്രദായം തന്നെയാണ് തുടർന്നുവന്നത്. ആദ്യകാലത്തെ അറബി കുടിയേററക്കാർ മരുമക്കത്തായം ആചരിച്ചിരുന്ന ഹൈന്ദവ കുടുംബങ്ങളുമായി വിവാഹബന്ധത്തിലേർപ്പെട്ടപ്പോൾ തങ്ങളുടെ സംസ്കാരത്തിന്റെ ചില ഘടകങ്ങൾ പകർന്നു കൊടുത്തതുപോലെ തന്നെ അവരുടെ ആചാരങ്ങളിൽ ചിലവ സ്വീകരിക്കുകയും ചെയ്തു. കൂടാതെ കുടുംബങ്ങൾ ഒന്നിച്ച് മതപരിവർത്തനം ചെയ്തപ്പോൾ ഇത്തരം സമ്പ്രദായങ്ങൾ തുടർന്നുവന്നതിൽ ആശ്ചര്യവുമില്ല.

**സ്വഭാവവും സംസ്കാരവും:—**ധീരത, അദ്ധ്വാനശീലം, മതനിഷ്ഠ, വിശ്വസ്തത എന്നീ ഗുണങ്ങൾ മാപ്പിളമാരുടെ കൂടപ്പിറപ്പാണെന്നു പറയുന്നതിൽ അതിശയോക്തിയില്ല. ബ്രിട്ടീഷ് ഭരണകാലത്ത് ഒട്ടേറെ പ്രതിബന്ധങ്ങൾ തരണം ചെയ്തുകൊണ്ട് ബർമ്മ, മലയ, സിലോൺ എന്നീ രാജ്യങ്ങളിൽ ജോലി ചെയ്യാൻ

പോയവരിൽ വലിയൊരു ഭാഗം കേരളീയരായ മുസ്ലിംകളായിരുന്നു. അടുത്തകാലത്തായി അറബി രാജ്യങ്ങളിൽ ജോലി ചെയ്യാനായി എത്തിച്ചേർന്ന ഇന്ത്യക്കാരിൽ ഗണ്യമായൊരു വിഭാഗവും കേരളീയരായ മുസ്ലിംകൾ തന്നെ.

പ്രധാനമായും വ്യാപാരം, കൃഷി, മത്സ്യബന്ധനം, കൂലിവേല എന്നിവയിൽ ഏർപ്പെട്ട മാപ്പിളമാർ എല്ലാ രംഗങ്ങളിലും അവരുടെ അദ്ധ്വാനശീലം പ്രദർശിപ്പിക്കുന്നുണ്ട്.

മാപ്പിളമലയാളം, അറബിമലയാളം. മാപ്പിളപാട്ടുകൾ എന്നിവ മാപ്പിളമാരുടെ വ്യക്തിത്വം വിളിച്ചോതുന്നവയാണ്. മലയാളവാക്കുകൾ തന്നെ വ്യത്യസ്തമായി ഉച്ചരിക്കുകയും അറബി പദങ്ങൾ ധാരാളമായി ഉപയോഗിക്കുകയും ചെയ്തുകൊണ്ടാണ് 'മാപ്പിള മലയാളം' ഉണ്ടായി വന്നത്. മലയാളമുസ്ലിംകൾക്ക് ഇസ്ലാമികവിജ്ഞാനം അനായാസേന നൽകുകയായിരുന്നു മലയാളം അറബിലിബിയിൽ എഴുതുന്നതുകൊണ്ടുദ്ദേശിച്ചത്. അറബി പദങ്ങൾ അവയുടെ തനതായ സ്വരത്തിൽ പകർത്തുവാൻ ഇതുപകരിക്കുന്നു. ചെറുതും വലുതുമായ നിരവധി ഗ്രന്ഥങ്ങൾ അറബി മലയാള ലിപിയിൽ പ്രസിദ്ധീകൃതമായിട്ടുണ്ട്. മാപ്പിളപ്പാട്ടുകൾ മററു സമുദായക്കാരും ആസ്വദിക്കാൻ തുടങ്ങിയിട്ട് കാകാലം കുറച്ചായി.

മതപരവും സാംസ്കാരികവുമായ രംഗങ്ങളിൽ ഇസ്ലാം കേരളത്തിനു നൽകിയ സംഭാവനകൾ കുറച്ചൊന്നുമല്ല. ഒരു കാര്യം മാത്രം ഇവിടെ സൂചിപ്പിക്കാം. ഇസ്ലാമിൻെറ വിട്ടുവീഴ്ചയില്ലാത്ത ഏക ദൈവസിദ്ധാന്തം ശങ്കരാചാര്യരെയും ശ്രീനാരായണഗുരുവിനെയും. പോലുള്ള ഹൈന്ദവ ചിന്തകൻമാരുടെ വീക്ഷണത്തെ ഗണ്യമായി സ്വാധീനിച്ചിട്ടുണ്ടായിരിക്കുമെന്നതിൽ സംശയമില്ല.

**വെള്ളക്കാരുടെ ആഗമനത്തിൻെറ പ്രത്യാഘാതം** :— ക്രി: 15-ാം നൂററാണ്ടിൻെറ അന്ത്യത്തിൽ പോർത്തുഗീസുകാർ ഇന്ത്യയിൽ എത്തിച്ചേർന്നത് അന്നു വരെ ദക്ഷിണേന്ത്യയുടെ പശ്ചിമതീരത്തെ വിദേശവ്യാപാരം നിയന്ത്രിച്ചിരുന്ന അറബികൾക്കും അവരുമായി ബന്ധപ്പെട്ട കേരള മുസ്ലിംകൾക്കും വലിയൊരു ഭീഷണിയായി ഭവിച്ചു. എങ്കിലും കോഴിക്കോട്ടെ സാമൂതിരി രാജാവിൻെറ താങ്ങും തണലുമായിരുന്ന മുസ്ലിം പ്രജകളുമായുള്ള ബന്ധത്തിന് ഊനം തട്ടുവാൻ അദ്ദേഹം അനുവദിച്ചില്ല. തൻെറ നാവികപ്പട നടത്തിക്കൊണ്ടു വരികയും തൻെറ ആധിപത്യവിപുലീകരണ പരിപാടികൾക്ക് ശക്തമായ പിൻതുണ നൽകിക്കൊണ്ടുവരികയും ചെയ്തിരുന്ന മുസ്ലിംകളെ കയ്യൊഴിക്കാൻ സാമൂതിരി കൂട്ടാക്കാതിരുന്നത് സ്വാഭാവികം മാത്രമാണ്. സാമൂതിരിയുടെ നാവികപ്പടയുടെ സാരഥ്യം വഹിച്ചു കൊണ്ട് 17-ാം നൂററാണ്ടിൽ പോർത്തുഗീസുകാരെ ശക്തിയുക്തം നേരിട്ട കോട്ടക്കൽ കുഞ്ഞാലിമരക്കാർമാരുടെ വീരപരാക്രമങ്ങളെക്കുറിച്ചുള്ള പ്രശസ്തി മറുനാടുകളിൽ പോലും മാറെറാലിക്കൊണ്ടു. കുരിശുയുദ്ധകാലത്തെ സ്മരണകളുയർത്തുന്ന തീക്ഷ്ണമായ മുസ്ലിംവിരോധത്തിനു വശംവദരായി അവർക്കെതിരെ അത്യന്തം ജുഗുപ്സാവഹവും മനുഷ്യത്വരഹിതവുമായ ചെയ്തികളിൽ വ്യാപൃതരായിരുന്ന പോർത്തുഗീസുകാരുമായി യുദ്ധം ചെയ്യുക എന്നത് തങ്ങളുടെ മതപരമായൊരു കർത്തവ്യമായിട്ടാണ് മുസ്ലിംകൾ കരുതിയത്. എങ്കിലും പോർത്തുഗീസുകാരുമായി ഒരു നൂററാണ്ടുകാലം ഇടതടവില്ലാതെ നടന്ന ഉഗ്രയുദ്ധം മുസ്ലിംകളെ ഒട്ടേറെ ക്ഷീണിപ്പിച്ചു. പോർത്തുഗീസുകാരുടെ ഏഷണിമൂലം സാമൂതിരിയും കുഞ്ഞാലിമരക്കാരുമായുണ്ടായ ഇടർച്ചയും അതിനെ തുടർന്ന് സാമൂതിരിയുടെ സഹായത്തോടെ അവർ കോട്ടക്കലെ മരക്കാർകോട്ട നശിപ്പിച്ചതും കുഞ്ഞാലിമരക്കാരെ പിടിച്ചുകൊണ്ടു പോയി ക്രി: 1600-ൽ ഗോവയിൽവച്ചു ശിരഛേദം ചെയ്തതും മാപ്പിളമാരെ സംബന്ധിച്ചിടത്തോളം തങ്ങൾക്ക് ലഭിച്ച അത്യന്തം കഠിനമായ പ്രഹരങ്ങളായിരുന്നു.

പോർത്തുഗീസുകാരുടെ അധഃപതനത്തിനു ശേഷം മലയാളക്കരയിലും മററും തങ്ങളുടെ ആധിപത്യം ഉറപ്പിക്കുവാൻ 17-ഉം 18-ഉം നൂററാണ്ടുകളിൽ ശ്രമം നടത്തിയ മറെറാരു യൂറോപ്യൻ രാഷ്ട്രമായിരുന്നു ഡച്ചുകാർ. മാപ്പിളമാരെ സംബന്ധിച്ചിടത്തോളം ഇതൊരു നിർജ്ജീവ കാലഘട്ടമായിരുന്നുവെന്നു പറയാം. എന്നാൽ മൈസൂർ ഭരണാധികാരികളായ ഹൈദരാലിയും ടിപ്പു സുൽത്താനും കേരളത്തിൽ വന്നകാലത്ത് മാപ്പിളമാർ ഒരിക്കൽകൂടി ഉണർന്നുവശായി. ഇസ്ലാംമതപ്രചരണത്തിനും മതപരിവർത്തനത്തിനും പ്രചോദനം ലഭിച്ചു. ഇക്കാലത്ത് മലബാറിൽ കടന്നുകൂടിയിരുന്ന ഇംഗ്ലീഷുകാർ എപ്പോഴും മാപ്പിളമാരെ മൈസൂർ പക്ഷക്കാരെന്ന

നിലക്ക് സംശയദൃഷ്ട്യാ വീക്ഷിച്ചു പോന്നു. 1792-ൽ മലബാർ ഇംഗ്ലീഷാധിപത്യത്തിൽ അമർന്നപ്പോഴും ഈ നില തന്നെ തുടർന്നു. 19-ാം നൂററാണ്ടിൽ തെക്കെ മലബാറിൽ കൂടെക്കൂടെ ഉണ്ടായിക്കൊണ്ടിരുന്ന 'മാപ്പിളലഹളകൾ' ബ്രിട്ടീഷ് ഭരണാധികാരികൾക്ക് വലിയൊരു തലവേദനയായി ഭവിച്ചു. 1921-ൽ വിപുലമായ തോതിൽ നടന്ന അത്തരത്തിലുള്ള അവസാനത്തെ 'മാപ്പിള ലഹള' (മലബാർ കലാപം) ഈ ലഹളകൾക്ക് പിന്നിലുള്ള ജൻമി കുടിയാൻ പ്രശ്നത്തിന്റെ ഗൗരവസ്വഭാവം വിളിച്ചോതുന്ന തരത്തിലുള്ളതായിരുന്നു. കൂടാതെ ഖിലാഫത്ത് പ്രസ്ഥാനത്തോട് ബന്ധപ്പെട്ട ഈ കലാപത്തിന് ഒരു സ്വാതന്ത്ര്യസമരത്തിന്റെ ഛായയുമുണ്ടായിരുന്നു. ലഹള അമർച്ച ചെയ്യാനായി ഭരണാധികാരികൾ മാപ്പിളമാർക്കെതിരെ നിർദ്ദയമായ മർദ്ദനമുറകളാണ് അഴിച്ചുവിട്ടത്.

ഏതായാലും കുറച്ചു നൂററാണ്ടുകൾക്കകം മുസ്ലിം ജനസംഖ്യ ഗണ്യമായി വർദ്ധിച്ചുവെന്നത് അവിതർക്കിതമാണ്. മററു പല സ്ഥിതിവിശേഷങ്ങൾക്ക് പുറമെ സാമൂതിരി രാജാക്കൻമാരുടെ മുസ്ലിംകളോടുള്ള അനുകൂലമായ നിലപാട് ഇതിനെ ഒട്ടേറെ സഹായിക്കുകയുണ്ടായി.

മുസ്ലിംകളെ സഹായിക്കാനായി സാമൂതിരി കൈക്കൊണ്ട സജീവ നടപടികൾ നിരവധിയാണ്. കോഴിക്കോട്ട് കുററിച്ചിറയിലെ നമ്പൂതിരിമാർ അധിവസിച്ചിരുന്ന പ്രദേശം മുസ്ലിംകൾക്കായി ഒഴിപ്പിച്ചു കൊടുത്തു. പിന്നീട് ''കോഴിക്കോട്ട് കോയ'' എന്ന് വിളിക്കപ്പെട്ട ശാബന്തർ കോയ (സാമന്തക്കോയ)ക്ക് തുറമുഖത്തിന്റെ മേൽനോട്ടമായിരുന്നു പ്രധാന ജോലിയെങ്കിലും നാട്ടുകാര്യങ്ങളിൽ ഒരു ഉന്നത പദവിയാണ് അദ്ദേഹത്തിന് നല്കിയത്. ആചാരപ്രകാരമുള്ള ഘോഷയാത്രകളിലും മററും മുസ്ലിംകൾക്ക് പ്രധാനമായൊരു പങ്ക് കല്പിച്ചു കൊടുത്തു. ഓരോ മുക്കുവകുടുംബത്തിലെയും ചിലരെ, പ്രത്യേകിച്ച് വെള്ളിയാഴ്ച ജനിക്കുന്ന പുരുഷപ്രജകളെ, മുസ്ലിംകളായി വളർത്താൻ പ്രേരിപ്പിച്ചു. ഇത്തരം അനുകൂലമായ പരിതസ്ഥിതിയിൽ മാപ്പിളസമുദായം കുറച്ചു നൂററാണ്ടുകൾക്കകം നാട്ടിലെ ഗണ്യമായൊരു ശക്തിയായി വളർന്നതിൽ ആശ്ചര്യപ്പെടാനില്ല.

> **1956-ൽ മലബാറും കൊച്ചിയും തിരുവിതാംകൂറും ഉൾപ്പെടുത്തിക്കൊണ്ടു രൂപീകൃതമായ കേരള സംസ്ഥാനത്തിൽ ബഹുഭൂരിപക്ഷം മുസ്ലിംകളും ഉത്തരജില്ലകളിൽ അധിവസിക്കുന്നു. മുസ്ലിംകൾ ഇന്ത്യയിലെ ജനസംഖ്യയിൽ പതിനൊന്നു ശതമാനമാണെങ്കിൽ അവർ കേരളത്തിൽ ഇരുപതു ശതമാനമാണ്. ജനസംഖ്യയിൽ മുസ്ലിംകളുടെ അനുപാതം ഏററവും കൂടുതലുള്ള സംസ്ഥാനങ്ങളിൽ കാഷ്മീർ, ആസാം, ബങ്കാൾ എന്നിവ ഒഴിച്ചാൽ നാലാമത്തെ സ്ഥാനം കേരളത്തിനാണ്. മുസ്ലിംകളുടെ എണ്ണത്തിൽ അഞ്ചാമത്തെ സ്ഥാനമാണ് കേരളത്തിന്—ഉത്തരപ്രദേശ്, ബംഗാൾ, ബീഹാർ, മഹാരാഷ്ട്ര എന്നിവക്കു പിന്നിൽ.**

**ജനസംഖ്യാവർദ്ധനവ്:—** ക്രി: 10-ാം നൂററാണ്ടിലെ അറബി ഗ്രന്ഥകാരനായ മസ്ഊദി മലബാറിൽ പതിനായിരത്തോളം അറബികൾ ഉണ്ടായിരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ നാട്ടുകാരായ മുസ്ലിംകളും സങ്കരവർഗ്ഗക്കാരും ഉൾപ്പെടുമോ എന്ന് വ്യക്തമല്ല. 14-ാം നൂററാണ്ടിലെ സുപ്രസിദ്ധ ആഫ്രിക്കൻ സഞ്ചാരിയായ ഇബ്നു ബത്തൂത്തയും 16-ാം നൂററാണ്ടിന്റെ ആദ്യത്തിൽ ഇന്ത്യ സന്ദർശിച്ച പോർത്തുഗീസുകാരനായ ബർബോസയും മലബാറിലെ ജനങ്ങളിൽ അഞ്ചിലൊരു ഭാഗം മുസ്ലിംകളാണെന്നു പറഞ്ഞിട്ടുണ്ട്. എന്നാൽ 16-ാം നൂററാണ്ടിന്റെ ഒടുവിൽ എഴുതപ്പെട്ട തുഹ്ഫത്തുൽ മുജാഹിദീന്റെ കർത്താവായ ശൈഖ് സൈനുദ്ദീൻമുസ്ലിംകൾ മലബാറിലെ ജനസംഖ്യയിൽ പത്തിലൊരുഭാഗം വരുമെന്നാണ് കണക്കാക്കിയത്.

ബ്രിട്ടീഷ് ഭരണകാലത്ത് മദിരാശി സംസ്ഥാനത്തിന്റെ ഒരു ഭാഗമായിരുന്ന മലബാർ ജില്ലയിൽ 1807-ൽ ഏകദേശം 1,72,600 മുസ്ലിംകൾ ഉള്ളതായി കാണക്കാക്കപ്പെട്ടു. എന്നാൽ 1871-ലെ ആദ്യത്തെ കാനേഷുമാരിയനുസരിച്ച് മലബാറിലെ ജനസംഖ്യയിൽ 27 ശതമാനം ഉണ്ടായിരുന്ന മുസ്ലിംകളുടെ എണ്ണം ആറുലക്ഷത്തോളം

# അനൗപചാരിക വിദ്യാഭ്യാസത്തിൻെറ ആവശ്യകത

ഡോ. കെ. ശിവദാസൻ പിള്ള
കേരളായൂണിവേഴ്സിററി

അനൗപചാരിക വിദ്യാഭ്യാസം കാലഘട്ടത്തിൻെറ ആവശ്യമാണ്. ഒരു പരിധിവരെ അത് ഔപചാരികത്തിനു സമാന്തരമാണെങ്കിലും ഇവ രണ്ടും പരസ്പരപൂരകങ്ങളാണ്. വിജ്ഞാന വിസ്ഫോടനത്തിൻേറതായ ഇക്കാലത്ത് എത്രയേറെ പഠിച്ചവർക്കും വീണ്ടും പഠിക്കാനുണ്ട്; അറിയാനുണ്ട്; ഉൾക്കൊള്ളാനുണ്ട്. ഈ യുഗം സ്പെഷ്യലൈസേഷൻേറതുമാണ്. താന്താങ്ങളുടെ വിഷയങ്ങൾക്കും മേഖലകൾക്കും അപ്പുറം ഒന്നും അറിഞ്ഞിട്ടില്ലാത്തവരും അറിയാൻ ശ്രമിച്ചിട്ടില്ലാത്തവരും ആണധികവും. ജീവിതവുമായും ചുററുപാടുമായും ബന്ധപ്പെട്ട കാര്യങ്ങൾ ഇവർക്ക് അറിയാൻ കഴിയുക ആനുഷംഗികവിദ്യാഭ്യാസം (informal education), അനൗപചാരിക വിദ്യാഭ്യാസം (non - formal education) എന്നിവയിലൂടെയാണ്. ജീവിതകാലം മുഴുവനും അനുസ്യൂതം നടക്കുന്ന, നടക്കേണ്ട ഒരു പ്രക്രിയയാണ് വിദ്യാഭ്യാസം. അത് ഘട്ടം ഘട്ടമായി തിരിച്ചിരിക്കുന്നതു പോലെ തന്നെ മററ് വിഭജനക്രമങ്ങളുമുണ്ട്. പേരിലല്ല പ്രസക്തി; മറിച്ചു സമീപനത്തിലും പ്രവർത്തനശൈലിയിലുമാണ്.

ദൈനംദിന ജീവിതവുമായി അഭേദ്യമായ ബന്ധമുള്ളതും വ്യക്തിയുടെ ആഗ്രഹങ്ങൾക്കും കഴിവിനും അനുസൃതമായതും വിശ്രമവേളകൾ പരമാവധി പ്രയോജനപ്പെടുത്താൻ ഉതകുന്നതുമാണ് അനൗപചാരിക വിദ്യാഭ്യാസം. പഠിക്കണമെന്നും അറിയണമെന്നും സംശയനിവൃത്തി വരുത്തണമെന്നും ആഗ്രഹിക്കുന്ന കാര്യങ്ങൾ വേണ്ടത്ര ആഴത്തിലും പരപ്പിലും പഠിക്കാൻ ഈ സമ്പ്രദായത്തിൽ സാധിക്കുന്നു. വ്യക്തിനിഷ്ഠമാണത്. ജീവിത കേന്ദ്രിതമാണെങ്കിൽ കൂടിയും അത് പരമാവധി അയവുള്ള ഒരു സംവിധാനമാണ്.

അനൗപചാരിക വിദ്യാഭ്യാസം പല തരത്തിലാകാം. പഠിക്കാൻ അവസരം നിഷേധിക്കപ്പെട്ടവരും ഉണ്ടായിരുന്ന അവസരം പ്രയോജനപ്പെടുത്താതിരുന്നവരുമായ മുതിർന്ന നിരക്ഷരർക്ക് സാക്ഷരത്വം നേടാൻ കഴിയുന്നത് അനൗപചാരിക സമ്പ്രദായത്തിലൂടെ മാത്രമാണ്. എന്നുവച്ച് വയോജന വിദ്യാഭ്യാസം (adult education) മാത്രമല്ല, അനൗപചാരിക വിദ്യാഭ്യാസം. അത് ഒരിനമേ ആകുന്നുള്ളു. പക്ഷേ ഇന്ത്യയിലെ ഇന്നത്തെ സാഹചര്യത്തിൽ ഇതിന് മുൻഗണന ലഭിക്കുന്നെന്നേയുള്ളൂ. സ്വാതന്ത്ര്യപ്രാപ്തിക്കു ശേഷം 40 വർഷം പിന്നിട്ടിട്ടും

> **സ്വാതന്ത്ര്യം ലഭിച്ചകാലത്തുണ്ടായിരുന്നതിനെക്കാൾ കൂടുതൽ നിരക്ഷരർ ഇന്നുണ്ട്; പോരെങ്കിൽ ലോകത്താകെയുള്ള നിരക്ഷരരുടെ പകുതിയിലധികവും ഇന്ത്യയിൽ തന്നെ.**

---

വരുമെന്ന് വ്യക്തമായി. 1901-ൽ ഇത് എട്ടുലക്ഷമായി ഉയർന്നു—ജനസംഖ്യയിൽ മുപ്പത് ശതമാനം. 1891 മുതൽ 1941 വരെയുള്ള കാലഘട്ടത്തിൽ, മലബാർ മദ്രാസ് സംസ്ഥാനത്തിൻെറ ഒരു ഭാഗമായിരുന്നപ്പോൾ മാപ്പിളമാരുടെ എണ്ണം 89 % വർദ്ധിക്കുകയുണ്ടായി.

1956-ൽ മലബാറും കൊച്ചിയും തിരുവിതാംകൂറും ഉൾപ്പെടുത്തിക്കൊണ്ട് രൂപീകൃതമായ കേരള സംസ്ഥാനത്തിൽ ബഹുഭൂരിപക്ഷം മുസ്ലിംകളും ഉത്തരജില്ലകളിൽ അധിവസിക്കുന്നു. മുസ്ലിംകൾ ഇന്ത്യയിലെ ജനസംഖ്യയിൽ പതിനൊന്ന് ശതമാനമാണെങ്കിൽ അവർ കേരളത്തിൽ ഇരുപത് ശതമാനമാണ്. ജനസംഖ്യയിൽ

ഇന്ത്യയിലെ നിരക്ഷരത രൂക്ഷമാണ്; ഏതാണ്ട് മൂന്നിൽ രണ്ട് ഭാഗത്തോളം ഇന്നും നിരക്ഷരരാണ്. സ്വാതന്ത്ര്യം ലഭിച്ച കാലത്തുണ്ടായിരുന്നതിനെക്കാൾ കൂടുതൽ നിരക്ഷരർ ഇന്നുണ്ട്; പോരെങ്കിൽ ലോകത്താകെയുള്ള നിരക്ഷരരുടെ പകുതിയിലധികവും ഇന്ത്യയിൽ തന്നെ. ഈ സ്ഥിതി കുറെയെങ്കിലും പരിഹൃതമാകുന്നതുവരെ അനൗപചാരിക വിദ്യാഭ്യാസത്തിലെ മുഖ്യഘടകം ഇതു തന്നെയായിരിക്കും.

പ്രൈമറി ഘട്ടത്തിൽ നിന്ന് കൊഴിഞ്ഞു പോയി നിരക്ഷരതയിലേക്ക് വഴുതിവീണു കൊണ്ടിരിക്കുന്നവരും അല്ലാത്തവരുമായ മുതിർന്നവർക്കും കുട്ടികൾക്കും വേണ്ടിയുള്ള അനൗപചാരിക വിദ്യാഭ്യാസമാണ് രണ്ടാമത്തെയിനം. സ്കൂൾ സമയത്തിനു ശേഷം സ്കൂളിലോ പുറത്തെവിടെയെങ്കിലുമോ വച്ച് ഇതാകാം. സൗകര്യപ്രദമായ സ്ഥലവും സമയവും നിശ്ചയിക്കണമെന്നേയുള്ളു. പങ്കാളികളുടെ അഭിപ്രായത്തിനാകണം മുൻതൂക്കം.

കുറെ പഠിക്കുകയും തുടർന്ന് പഠിക്കാനാള്ള ആഗ്രഹം നിലനില്ക്കെത്തന്നെ ജീവിതായോധനത്തിനായി ഏതെങ്കിലും തൊഴിലിൽ ഏർപ്പെടേണ്ടി വരുകയും ചെയ്യുന്നചെറുപ്പക്കാർ അനവധിയാണ്. തൊഴിലിനോടൊപ്പം പഠിക്കാൻ ഇവരിൽ കുറെപ്പേർക്കെങ്കിലും ആഗ്രഹമുണ്ടാകും. അത്തരക്കാരുടെ അത്താണിയും അനൗപചാരിക വിദ്യാഭ്യാസമല്ലാതെ മററൊന്നല്ല. വിശ്രമവേളകളും ഒഴിവു ദിവസങ്ങളും പരമാവധി ഇവർ പ്രയോജനപ്പെടുത്തും. ശരിക്കും പ്രചോദിതരായ ഇവർ കൂടുതൽ നേട്ടങ്ങൾ കൈവരിക്കാനും സാദ്ധ്യതയുണ്ട്. ഏഴ്, എട്ട് സ്ററാൻേറർഡുകളിൽ പഠിക്കെ ഡ്രൈവർമാരായി മാറുന്നവർ ഏറെയാണ്. പത്താം സ്ററാൻേറർഡുവരെ പഠിച്ച് നിർത്തുന്നവർക്കും തുടർപഠന സൗകര്യം പലപ്പോഴും അനൗപചാരികമായാവും കിട്ടുക.

റഗുലർ കോളേജുകളിൽ ചേർന്നു പഠിക്കാൻ കഴിയാത്തവർ പാരലൽ കോളേജുകളെയോ കറസ്പോണ്ടൻസ് കോഴ്സുകളെയോ ഓപ്പൺ യൂണിവേഴ്സിററികളെത്തന്നെയോ അഭയം പ്രാപിക്കാറുണ്ട്. ഇവയൊക്കെ ഒരു പരിധിവരെ അനൗപചാരികവും അധികമായി ഔപചാരികവുമാണ് എന്നു പറയാം. അക്കാദമിക് വിദ്യാഭ്യാസം മാത്രമേ അനൗപചാരികമായി നേടാവൂ എന്നിതിനർത്ഥമില്ല.

തൊഴിൽ പരിചയം നേടുന്നതും കലകളിൽ പ്രാവീണ്യം നേടുന്നതും കൈത്തൊഴിലുകൾ അഭ്യസിക്കുന്നതും ഒക്കെ മിക്കപ്പോഴും അനൗപചാരികമായിട്ടാണ് നടക്കുക. ഗൾഫ് നാടുകളിൽ പോകും മുമ്പേ ഭാഷ പഠിക്കുന്നതും ഉപതൊഴിലുകൾ അഭ്യസിക്കുന്നതും ഇക്കൂട്ടത്തിൽ പെടുത്താം.

---

മുസ്ലിംകളുടെ അനുപാതം ഏററവും കൂടുതലുള്ള സംസ്ഥാനങ്ങളിൽ കാശ്മീർ, ആസ്സാം, ബങ്കാൾ എന്നിവ ഒഴിച്ചാൽ നാലാമത്തെ സ്ഥാനം കേരളത്തിനാണ്. മുസ്ലിംകളുടെ എണ്ണത്തിൽ അഞ്ചാമത്തെ സ്ഥാനമാണ് കേരളത്തിന്—ഉത്തർപ്രദേശ്, ബങ്കാൾ, ബീഹാർ, മഹാരാഷ്ട്ര എന്നിവയ്ക്ക് പിന്നിൽ.

**മലപ്പുറം ജില്ല**:—പ്രധാനമായും മുസ്ലിംലീഗിന്റെ നേതൃത്വത്തിൽ ഉന്നയിക്കപ്പെട്ട ആവശ്യത്തെ തുടർന്ന് കോഴിക്കോട്, പാലക്കാട് ജില്ലകളിലെ പിന്നോക്കപ്രദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടും അവയുടെ ഉന്നതി ലക്ഷ്യംവെച്ചുകൊണ്ടും 1969 ജൂൺ മാസത്തിൽ രൂപീകൃതമായ മലപ്പുറം ജില്ലയാണ് കേരളത്തിലെ ഏക മുസ്ലിം ഭൂരിപക്ഷ ജില്ല. ഇവിടെ മൊത്തം ജനസംഖ്യയിൽ 66% മുസ്ലിംകളാണ്. 11.7 ലക്ഷം പുരുഷന്മാരും 12.3 ലക്ഷം സ്ത്രീകളും അടക്കം 24 ലക്ഷം മൊത്തം ജനസംഖ്യയുള്ള ഈ ജില്ലയിൽ തലസ്ഥാനമായ മലപ്പുറത്തിന് പുറമെ മഞ്ചേരി, പൊന്നാനി, തിരൂർ എന്നീ മുനിസിപ്പൽ നഗരങ്ങളുമുണ്ട്. 70 കിലോ മീററർ കടലോരമുള്ള ഒരു പിന്നോക്ക ജില്ലയായ ഇവിടെ സാക്ഷരത, കേരളത്തിലെ മൊത്തം സാക്ഷരതാ ശതമാനമായ 70-നെക്കാളും കുറവാണ്—കേവലം60 ശതമാനം മാത്രം.

മലബാർ പോലെ മുസ്ലിംകൾ കേന്ദ്രീകരിച്ചിരിക്കുന്ന ഇത്രയും വിസ്തൃതമായ മററൊരു പ്രദേശം ദക്ഷിണേന്ത്യയിൽ വേറെയില്ല എന്ന വസ്തുത ഇവിടെ പ്രത്യേകം പ്രസ്താവ്യമാണ്. □

# പുതിയ ദേശീയ വിദ്യാഭ്യാസനയവും ന്യൂനപക്ഷങ്ങളും.

**ഡോ: എൻ. എ. കരീം**
മുൻ പ്രൊ. വൈസ് ചാൻസലർ
കേരള സർവകലാശാല

**നാളിതു വരെയുള്ള വിദ്യാഭ്യാസവികസനത്തിലെ അപകടകരമായ അസന്തുലിതാവസ്ഥ പരിഹരിക്കുന്നതിനും, സാമൂഹ്യനീതി അതിന്റെ ശരിയായ അർത്ഥത്തിൽ ഉറപ്പുവരുത്തുന്നതിനും ന്യൂനപക്ഷ സമുദായങ്ങൾക്ക് പ്രത്യേക പരിപാടികളും പരിരക്ഷകളും ആവശ്യമാണെന്ന നയരേഖയിലെയും 'നിർവ്വഹണ പരിപാടി'യിലേയും പ്രഖ്യാപനം പ്രാവർത്തികമാക്കാനുള്ള ഇച്ഛാശക്തി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ കാണിക്കണം.**

സ്വതന്ത്ര ഇന്ത്യയുടെ വിദ്യാഭ്യാസ വികസന ചരിത്രത്തിലെ ഒരു നിർണ്ണായകഘട്ടത്തിലൂടെയാണ് നാമിന്നു കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. 1947-ൽ രാഷ്ട്രീയസ്വാതന്ത്ര്യം കൈവന്നതോടു കൂടി ഇന്ത്യയിലെ വിദ്യാഭ്യാസ വളർച്ചയ്ക്ക് വളരെയധികം വേഗത കൂടി. കഴിഞ്ഞ നാലു പതിററാണ്ടു കാലത്തു നമ്മുടെ നാട്ടിന്റെ എല്ലാ വിദ്യാഭ്യാസ മേഖലകളിലുമുണ്ടായ വികസനം അഭൂതപൂർവ്വമായിരുന്നു. രാഷ്ട്രീയ സ്വാതന്ത്ര്യം ലഭിക്കുകയും അതുവരെ നിയന്ത്രിക്കപ്പെട്ടിരുന്ന ജനങ്ങളുടെ വിദ്യാഭ്യാസാഭിനിവേശങ്ങൾ അണപൊട്ടി ഒഴുകുകയും ചെയ്തതോടുകൂടി വിദ്യാഭ്യാസത്തിന്റെ എല്ലാ തലങ്ങളിലും സ്ഥാപനങ്ങളുടെയും, അദ്ധ്യാപകൻമാരുടേയും, വിദ്യാർത്ഥികളുടെയും എണ്ണം വളരെയധികം വർദ്ധിച്ചു. സ്വാഭാവികമായി വിദ്യാഭ്യാസത്തിനുവേണ്ടി കേന്ദ്ര - സംസ്ഥാന സർക്കാരുകൾ ചെലവു ചെയ്യുന്ന പണത്തിന്റെ തോതും വളരെ ഏറിയിരിക്കുന്നു. ഇന്നിപ്പോൾ രാജ്യരക്ഷ കഴിഞ്ഞാൽ നാം ഏററവും കൂടുതൽ പണം ബജററിൽ (കേന്ദ്ര) നീക്കിവെക്കുന്നത് വിദ്യാഭ്യാസത്തിനാണ്.

### അസ്വസ്ഥജനകമായ അസന്തുലിതാവസ്ഥ

എന്നാൽ സ്വതന്ത്ര ഇന്ത്യയിലെ വിദ്യാഭ്യാസ വളർച്ചയുടെ ചരിത്രം പരിശോധിച്ചാൽ ഒരു കാര്യം പ്രകടമായി കാണാം. വളർച്ചയുടെ നിരക്ക് മൊത്തത്തിൽ ഉയർന്നതാണെങ്കിലും അതിലെ അസന്തുലിതാവസ്ഥ അസ്വസ്ഥ ജനകമാണ്. പട്ടണപ്രദേശങ്ങളും ഗ്രാമങ്ങളും തമ്മിലും, സ്ത്രീകളും പുരുഷൻമാരും തമ്മിലും, പട്ടികജാതി-പട്ടികവർഗ്ഗക്കാരും അല്ലാത്തവരും തമ്മിലും, ഭൂരിപക്ഷസമുദായവും ന്യൂനപക്ഷ സമുദായങ്ങളും തമ്മിലും, മുന്നോക്ക-പിന്നോക്ക ജനവിഭാഗങ്ങളും ഭൂപ്രദേശങ്ങളും തമ്മിലും വളർച്ചയിലുണ്ടായിട്ടുള്ള അന്തരം അപകടകരമാം വിധം വളരെ വലുതാണ്. ഈ സത്യം സർക്കാ

---

ലൈബ്രറി സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി തുടർപഠനം നടത്തുന്നതും ഔപചാരികേതര വിദ്യാഭ്യാസ സമ്പ്രദായത്തിൽ ഉൾപ്പെടും. റേഡിയോ, ടെലിവിഷൻ, സിനിമ, പത്രമാസികകൾ, വീഡിയോ തുടങ്ങി ബഹുജനമാധ്യമങ്ങളും നടൻ കലാരൂപങ്ങളും അനൗപചാരിക വിദ്യാഭ്യാസ മാധ്യമമാകാം. പാവകളിയും ഈ രംഗത്ത് ആധിപത്യം സ്ഥാപിച്ചു വരുന്നുണ്ട്.

മനുഷ്യന്റെ കടമകളെയും അവകാശങ്ങളെയും കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കാനും ചുററുപാടിനെക്കുറിച്ച് മനസ്സിലാക്കാനും അനൗപചാരിക വിദ്യാഭ്യാസമേ ശരണമായുള്ളൂ. അതുകൊണ്ടുതന്നെ അതിന്റെ പ്രസക്തി ഏറുന്നു. ഏത് പ്രായക്കാർക്കും, പ്രദേശക്കാർക്കും എന്നും വേണ്ട ഒന്നായി മാറിയിരിക്കുകയാണ് അത്. മേലിൽ അതിന്റെ പ്രസക്തി വർദ്ധിക്കാനുള്ള സാധ്യതകളാണ് കാണുന്നത്. □

രിന്റെ പ്രത്യേക ശ്രദ്ധയ്ക്ക് വിഷയീഭവിച്ചിട്ടുണ്ട് എന്നു കാണുന്നത് ചാരിതാർത്ഥ്യജനകവുമാണ്. എന്തുകൊണ്ടെന്നാൽ പഴയ കൊളോണിയൽ ഭരണത്തിന്റെ ഒരവശിഷ്ടമാണ് ഈ അസന്തുലിതാവസ്ഥയെങ്കിലും സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ അത് കുറയുന്നതിനുപകരം കൂടുകയാണ് ചെയ്തതെന്നുള്ളതാണ് ഏറെ അസ്വസ്ഥജനകമായിട്ടുള്ളത്. ഇന്ത്യയുടെ ദേശീയൈക്യത്തിനു തന്നെ വെല്ലുവിളിയായിത്തീർന്നേക്കാവുന്ന ഇത്തരം ഘടകങ്ങൾ നീക്കേണ്ടത് വളരെയധികം അടിയന്തരസ്വഭാവമുള്ള കാര്യമാണ്.

## പുതിയ ദേശീയവിദ്യാഭ്യാസനയം

അതുകൊണ്ടാണ് പുതിയ ദേശീയവിദ്യാഭ്യാസനയം എഴുതിയുണ്ടാക്കിയപ്പോൾ ഈ വസ്തുത കണക്കിലെടുത്തുകൊണ്ട് വികസനത്തോടൊപ്പം തന്നെ ഈ അസന്തുലിതാവസ്ഥ തുടച്ചുനീക്കുകയെന്നുള്ളതു കൂടി പുതിയ നയത്തിന്റെ മുഖ്യലക്ഷ്യമായി പ്രഖ്യാപിച്ചത്. ഈ ലക്ഷ്യത്തിനനുസരണമായിട്ടാണ് നയരേഖയുടെ അനുബന്ധമായ 'നിർവ്വഹണ പരിപാടി' (Programme of Action) തയ്യാറാക്കിയപ്പോൾ ശ്രദ്ധാപൂർവ്വം നാലദ്ധ്യായങ്ങൾ തന്നെ പട്ടികജാതി - പട്ടികവർഗ്ഗ - പിന്നോക്കവിഭാഗങ്ങൾ, സ്ത്രീകൾ, ന്യൂനപക്ഷങ്ങൾ, വികലാംഗർ എന്നിവരുടെ പ്രത്യേക പ്രശ്നങ്ങൾക്കു വേണ്ടി എഴുതിച്ചേർത്തത്. അത്രയും നല്ലതു തന്നെ. എന്നാൽ ഏട്ടിലെ ഈ കാര്യങ്ങൾ പ്രായോഗികമാക്കുവാൻ എത്രമാത്രം ഇച്ഛാശക്തി സർക്കാർ കാണിക്കുമെന്നുള്ളതിനെ ആശ്രയിച്ചാണ് ഇന്ത്യയുടെ വിദ്യാഭ്യാസ പുരോഗതിയുടെ ഭാവി നിലകൊള്ളുന്നത്.

## ന്യൂനപക്ഷ വിദ്യാഭ്യാസത്തിനു പരിഗണന

മുമ്പു സൂചിപ്പിച്ച നാലദ്ധ്യായങ്ങളിൽ ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസത്തെ പററി പറയുന്ന പതിനാലാം അദ്ധ്യായം പ്രത്യേകം ശ്രദ്ധേയമാണ്. ഇന്ത്യൻ ഭരണഘടന ന്യൂനപക്ഷങ്ങൾക്കു നൽകിയിട്ടുള്ള പ്രത്യേകാവകാശങ്ങളും പരിരക്ഷകളും അനുസ്മരിച്ചുകൊണ്ടാണ് അദ്ധ്യായം തുടങ്ങുന്നത് എന്നാൽ ഭരണഘടനയിലെ 29, 30, 350 ഏ. എന്നീ വകുപ്പുകൾ ഉറപ്പുനൽക്കുന്ന പരിരക്ഷകൾ നടപ്പിലാക്കുന്ന കാര്യത്തിൽ വേണ്ടത്ര കാര്യക്ഷമതയുണ്ടായിട്ടില്ലെന്നു 'പരിപാടി' ഏററുപറയുന്നു. 1981-ലെ കാനേഷുമാരി കണക്കനുസരിച്ച് ജനസംഖ്യയുടെ 17.4 ശതമാനം ന്യൂനപക്ഷസമൂഹങ്ങളാണ്. ഇവയിൽ 11.4 ശതമാനം വരുന്ന മുസ്ലിംകളാണ് ഏററവും വലിയ ന്യൂനപക്ഷം. കൃസ്ത്യാനികൾ 2.4 ശതമാനവും സിക്കുകാർ 2 ശതമാനവും ബുദ്ധമതക്കാർ 0.7 ശതമാനവും ജൈനൻമാർ 0.5 ശതമാനവും വരും. ഇവരിൽ മുസ്ലിംകളെയും നവീനബുദ്ധമതക്കാരേയും ദേശീയാടിസ്ഥാനത്തിൽ വിദ്യാഭ്യാസപരമായി പിന്നോക്കമാണെന്നു കേന്ദ്ര ആഭ്യന്തര മന്ത്ര കാര്യാലയം അംഗീകരിച്ചിട്ടുണ്ട്. ദേശീയ ജീവിതത്തിലും വികസന പ്രവർത്തനങ്ങളിലും തുല്യപങ്കാളികളാകാൻ പോരുന്ന വിധത്തിൽ വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന ഈ വിഭാഗങ്ങളെ പ്രത്യേക പരിഗണനകൾ നൽകി മുന്നോട്ടുകൊണ്ടുവരേണ്ടതാണെന്നും 'നിർവ്വഹണ പരിപാടി' വ്യക്തമായി പറയുന്നുണ്ട്. 1986-ലെ ദേശീയ വിദ്യാഭ്യാസ നയരേഖ അതിന്റെ നാലാം ഭാഗത്തിലെ ന്യൂനപക്ഷങ്ങളെ സംബന്ധിച്ച എട്ടാം ഖണ്ഡികയിൽ ഇക്കാര്യം കുറെക്കൂടി അസന്ദിഗ്ധമായി പറഞ്ഞിരിക്കുന്നു.

എന്നാൽ ഏതൊരു നയപ്രഖ്യാനത്തിനും മൂർത്തമായ രൂപം കൈവരുന്നത് അത് പ്രവൃത്തിപഥത്തിൽ കൊണ്ടുവരുമ്പോൾ മാത്രമാണ്. ഏട്ടിലെ പശു പുല്ലുതിന്നുകയില്ലല്ലോ.

## മുസ്ലിം പ്രമുഖ ജില്ലകൾ

ഉത്തർപ്രദേശ്, പശ്ചിമബംഗാൾ, കേരളം, ബീഹാർ, കർണ്ണാടക, മഹാരാഷ്ട്ര, ആന്ധ്രപ്രദേശ്, ഹര്യാന, മദ്ധ്യപ്രദേശ്, രാജസ്ഥാൻ, ഗുജറാത്ത് എന്നീ പതിനൊന്നു സ്റേററുകളിലെ നാല്പതു ജില്ലകൾ മുസ്ലിം പ്രമുഖ ജില്ലകളായി കണക്കാക്കി നിർവ്വഹണപരിപാടിയിൽ കൊടുത്തിട്ടുണ്ട്. ഇതിൽ കേരളത്തിലെ മലപ്പുറം, കോഴിക്കോട്, കണ്ണൂർ, പാലക്കാട്, വയനാടു ജില്ലകളാണുള്ളത്. പരിപാടി തയ്യാറാക്കുമ്പോൾ കാസർഗോഡ് ജില്ല നിലവിൽ വന്നിട്ടില്ലാത്തതുകൊണ്ടായിരിക്കണം അതുൾപ്പെടുത്തിയിട്ടില്ല. കാസർഗോഡ് ജില്ല കൂടി കൂട്ടിയാൽ കേരളത്തിലെ ആറു ജില്ലകൾ മുസ്ലിം പ്രാമുഖ്യമുള്ളതായി ഈ നയവിധാതാക്കൾ കാണുന്നു. ഈ ജില്ലകളെ കേന്ദ്രീകരിച്ചു മുസ്ലിംകളുടെ

വിദ്യാഭ്യാസവളർച്ചക്കാവശ്യമായ പ്രത്യേക പരിപാടികൾ നടപ്പാക്കുന്നതിനുവേണ്ടിയാണ് ഈ പട്ടിക തയ്യാറാക്കിയിട്ടുള്ളത്.

എന്താണ് ഈ പ്രത്യേക പരിപാടികൾ എന്നു നോക്കാം. ഇതിൽ 1986-87 വർഷത്തെ പരിപാടികൾ അക്കമിട്ടുകൊടുത്തിട്ടുണ്ട്.

1. ന്യൂനപക്ഷ പ്രാമുഖ്യമുള്ള പ്രദേശങ്ങളിൽ സ്ഥാപിക്കുന്ന പത്ത് കമ്യൂണിററി പോളിടെക്നിക്കുകളിലൂടെ സാങ്കേതിക വിദ്യ വളർത്തുക.

2. ദേശീയോദ്ഗ്രഥനത്തിന്റെ കാഴ്ചപ്പാടിലൂടെ നിലവിലുള്ള പാഠപുസ്തകങ്ങൾ വിലയിരുത്തുവാനുള്ള NCERT (വിദ്യാഭ്യാസ ഗവേഷണത്തിനും പരിശീലനത്തിനുമുള്ള ദേശീയ കൗൺസിൽ) പരിപാടി തുടരുക.

3. ന്യൂനപക്ഷ വിദ്യാഭ്യാസസ്ഥാപനങ്ങളിലെ പ്രിൻസിപ്പൾമാർക്കും മാനേജർമാർക്കും, അദ്ധ്യാപകൻമാർക്കും ഘട്ടം ഘട്ടമായി പ്രത്യേക പരിശീലനം നല്കുവാനുള്ള ജോലി NCERT തുടങ്ങുന്നതാണ്.

4. വിദ്യാഭ്യാസപരമായി പിന്നോക്കം നില്ക്കുന്ന സമുദായങ്ങളിലെ കുട്ടികൾക്കു പ്രത്യേക കോച്ചിംഗ് ക്ലാസ്സുകൾ നടത്തുന്നതിനു കോളേജുകൾക്കും, സർവ്വകലാശാലകൾക്കും യൂണിവേഴ്സിററി ഗ്രാൻഡ് കമ്മിഷൻ നല്കുന്ന സഹായം തുടരും.

## അവഗണന തുടരുന്നു

മുസ്ലിംകളുടെ വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥയുടെ പരിതാപകരമായ നിലനോക്കുമ്പോൾ മേല്പറഞ്ഞ പരിപാടികൾ കേവലം നാമമാത്രമാണെന്നു കാണാവുന്നതാണ്. ഏഴാം പഞ്ചവൽസരപദ്ധതിയുടെ അവസാന വർഷമായ 1990 വരെയുള്ള കാലയളവിൽ നടപ്പാക്കാനുദ്ദേശിക്കുന്ന കാര്യങ്ങളും 'പരിപാടി'യിൽ എണ്ണിയെണ്ണി പറഞ്ഞിട്ടുണ്ട്. അവയിൽ ഭൂരിഭാഗവും സ്റേററ് ഗവൺമെൻറുകൾ നടപ്പാക്കേണ്ടവയാണ്. ഇക്കാര്യത്തിൽ പല സംസ്ഥാനഗവൺമെൻറുകളും മുൻകാലങ്ങളിൽ അനുവർത്തിച്ച അവഗണനയുടെ ഫലമായിട്ടു കൂടിയാണ് മുസ്ലിംകൾ വിദ്യാഭ്യാസപരമായി ഇത്രയും പിൻതള്ളപ്പെട്ടു പോയതെന്ന സത്യം വിസ്മരിച്ചു കൂടാ. എങ്കിലും പുതിയ ദേശീയ നയവും അതിന്റെ 'നിർവ്വഹണപരിപാടി'യും വിഭാവനം ചെയ്യുകയും വാഗ്ദാനം ചെയ്യുകയും ചെയ്യുന്ന കാര്യങ്ങളെങ്കിലും നടപ്പിലാക്കുവാൻ കേന്ദ്ര-സംസ്ഥാനസർക്കാരുകൾ തയ്യാറാകേണ്ടിയിരിക്കുന്നു. ഇക്കാര്യത്തിൽ സമുദായ നേതൃത്വത്തിന്റെ ഉണർവും, ജാഗ്രതയും, സഹകരണവും ഗവൺമെൻറിന്റെ ഇച്ഛാശക്തിയോടൊപ്പം പ്രാധാന്യമുള്ളതാണ്.

കഴിഞ്ഞ കാലങ്ങളിൽ രാജ്യത്തിന്റെ വിദ്യാഭ്യാസ വികസനത്തിന്റെ നിർണ്ണായക ഘട്ടങ്ങളിൽ ക്രിയാത്മകമായി പ്രതികരിക്കുവാൻ മുസ്ലിം സമുദായം സന്നദ്ധമാകാതിരുന്നത് മാത്രമാണ് അതിന്റെ ഇന്നത്തെ ദുസ്ഥിതിയ്ക്കു കാരണം. ഈസ്ററിന്ത്യാ കമ്പനിയുടെ വിദ്യാഭ്യാ പ്രവർത്തനം ആരംഭിച്ച കാലം തൊട്ടു നിഷേധാത്മകമായ ഒരു നയമാണ് എല്ലാ സുപ്രധാന ഘട്ടങ്ങളിലും സമുദായം സ്വീകരിച്ചതെന്നു കാണാവുന്നതാണ്. ഇതിൽ നമ്മുടെ രാഷ്ട്രീയനേതൃത്വവും മതനേതൃത്വവും വളരെ കുററകരമായ നിലപാടാണ് നിരന്തരമായി അനുവർത്തിച്ചു പോന്നിട്ടുള്ളതെന്ന കാര്യത്തിൽ സംശയമില്ല. സർ സെയ്യിദ് അഹമ്മദ് ഖാനെപ്പോലെയുള്ള ക്രാന്തദർശികളായ നവോത്ഥാന നായകൻമാർക്കുണ്ടായ അനുഭവങ്ങളുടെ കഥ സുവിദിതമാണല്ലോ. ഇനി ഈ അലംഭാവം തുടർന്നാൽ സമുദായത്തിന്റെ ഭാവി ദുരന്തപൂർണ്ണമായിരിക്കും.

## നിതാന്തജാഗ്രത അനിവാര്യം

ഇന്നു സമുദായം അനുഭവിക്കുന്ന ചില വിദ്യാഭ്യാസാനുകൂല്യങ്ങൾപോലും നഷ്ടപ്പെട്ടു പോകാതിരിക്കണമെങ്കിൽ നിതാന്തജാഗ്രത കൂടിയേ കഴിയൂ. ഉദാഹരണമായി സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നോക്കം നില്ക്കുന്ന ഒരു ജനവിഭാഗമെന്ന നിലയ്ക്ക് കേരളത്തിലെ മുസ്ലിംകൾക്കു മെഡിക്കൽ, എഞ്ചിനീയറിംഗ് തുടങ്ങിയ പ്രൊഫഷണൽ കോളേജുകളിൽ ഇന്നുള്ള സംവരണം അതേപടി തുടരണമോ എന്നും മററുമുള്ള സുപ്രധാനങ്ങളായ കാര്യങ്ങൾ ഇന്നിപ്പോൾ ഒരു കമ്മിഷന്റെ വിചിന്തനത്തിനു വിധേയമാക്കിയിരിക്കുകയാണ്. അവരുടെ നിഗമനങ്ങൾ സമുദായത്തിന്റെ ഭാവിയെ സംബന്ധിച്ചു വളരെയധികം നിർണ്ണായകമായിരിക്കും. തന്മൂലം ഇക്കാര്യത്തിൽ സമുദായനേതൃത്വം പ്രത്യേകശ്രദ്ധ പുലർത്തേണ്ടിയിരിക്കുന്നു.

(ശേഷം 59-ാം പേജിൽ)

# വികസനോൻമുഖമായ ഭരണ സംവിധാനം*

**ഡോ. പി. കെ. ഗോപാലകൃഷ്ണൻ**

മുൻ മെമ്പർ സെക്രട്ടറി, കേരളാ സ്റേററ് പ്ലാനിംഗ് ബോർഡ്

രാജ്യത്ത് ഇന്ന് നിലവിലിരിക്കുന്ന സാമൂഹ്യ രാഷ്ട്രീയ വൈവിധ്യത്തിന്റെ ചുററുപാടിൽ എല്ലാ ജനങ്ങളേയും സമന്മാരായിക്കാണാൻ മതത്തിന്റെയും ഭാഷയുടെയും ജാതിയുടേയും വിവേചനമില്ലാത്ത ''ഒററ രാഷ്ട്രം'' എന്ന കാഴ്ചപ്പാട് നമ്മുടെ ഭരണാധികാരികൾ വളർത്തിയെടുക്കണം. നമ്മുടെ ഭരണതലത്തിലെ ഓരോ അംഗത്തിനും സമത്വസുന്ദരവും ജനാധിപത്യാധിഷ്ഠിതവുമായ ഒരു സാമൂഹ്യ വ്യവസ്ഥിതി കെട്ടിപ്പടുക്കുന്നതിലൂടെ മാത്രമേ നമ്മുടെ ജനതയുടെ കാലപ്പഴക്കമേറിയ ദാരിദ്ര്യത്തിന് അറുതിവരുത്താൻ കഴിയുകയുള്ളു. എന്ന ബോധമുണ്ടാകണം. ഭരണ സംവിധാനരീതി രാജ്യത്തെ രാഷ്ട്രീയാവസ്ഥയെ ആശ്രയിച്ചിരിക്കുന്നു. നമുക്കുള്ളത് തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെ ഒരു ഭരണക്രമമാണ്. നിയമങ്ങളും അവയോടനുബന്ധിച്ചുള്ള വ്യവസ്ഥകളും ചട്ടങ്ങളും ഒരിക്കൽ നിർമ്മിച്ചുകഴിഞ്ഞാൽ അവ ലക്ഷ്യബോധത്തോടും മുൻകൂട്ടി നിശ്ചയിച്ച രീതിയിലും നടപ്പാക്കണം. ഏതെങ്കിലുമൊരു പൗരന് നിയമനിർവ്വഹണത്തിൽ മൗലികാവകാശ ലംഘനം മൂലമോ സ്വേച്ഛാപരമോ നീതിരഹിതമോ ആയ നടത്തിപ്പുമൂലം പരാതിയ്ക്കിട വന്നാൽ അയാൾക്ക് ഭരണക്രമത്തിൽ നിന്നും സ്വതന്ത്രമായി നിൽക്കുന്ന നീതിപീഠത്തിന്റെ സഹായം തേടാം. നീതിന്യായ ഭരണം, ലക്ഷ്യബോധം, ദീർഘവീക്ഷണം, ഉത്തരവാദിത്തം എന്നിവ നമ്മുടെ ജനാധിപത്യസംവിധാനത്തിന്റെ നാല് കൽത്തൂണുകളാണ്. ഭരണക്രമത്തിലും വികസനപ്രക്രിയയിലും ഉടലെടുത്തിട്ടുള്ള രണ്ട് പ്രധാന ദൗർബല്യങ്ങൾ അധികാര വികേന്ദ്രീകരണത്തിന്റെ അഭാവവും അനൗപചാരിക വ്യവസ്ഥിതിയുടെ വളർച്ചയുമാണ്.

> വ്യത്യസ്ത കാലങ്ങളിൽ വ്യത്യസ്ത രാഷ്ട്രീയകക്ഷികൾക്ക് കടന്നുവരാൻകഴിയുന്ന ഒരു വ്യവസ്ഥിതിയിൽ നിഷ്പക്ഷവും സ്ഥിരവുമായ ഒരു ഉദ്യോഗസ്ഥവൃന്ദം കെട്ടുറപ്പിന്റേയും ലക്ഷ്യബോധത്തിന്റെയും താലപര്യത്തിനും നീതിന്യായ ഭരണം ഉറപ്പുവരുത്തുന്നതിനും അത്യന്താപേക്ഷിതമാണ്. ആരും നിയമത്തിനതീതരല്ലായെന്നും നീതിന്യായഭരണം പരമപ്രധാനമാണെന്നുമുള്ളതാണ് ഒരു ജനാധിപത്യ വ്യവസ്ഥിതിയുടെ അടിസ്ഥാനതത്വം.

## അധികാരവികേന്ദ്രീകരണത്തിന്റെ അഭാവം

അധികാര വികേന്ദ്രീകരണിന്റെ പ്രശ്നം രണ്ടു തലങ്ങളിലായി പഠിക്കാൻ കഴിയും. കേന്ദ്ര-സംസ്ഥാന തലത്തിലും സംസ്ഥാന-തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തലത്തിലും. നമ്മുടെ ഭരണഘടന പ്രകാരം ഇന്ത്യ സംസ്ഥാനങ്ങളുടെ ഒരു സംയുക്ത രാഷ്ട്രമാണ്. ഭരണഘടനാനിർമ്മാണ സഭ ആദ്യകാലത്ത് രൂപം നൽകിയ സമിതികളിൽ ഒരെണ്ണം ജവഹർലാൽ നെഹ്റു അദ്ധ്യക്ഷനായുള്ള കേന്ദ്രഅധികാരസമിതിയായിരുന്നു. ശക്തമായ ഒരു കേന്ദ്രമുള്ളതും അവശിഷ്ടാധികാരങ്ങൾ കേന്ദ്രത്തിൽ നിക്ഷിപ്തമായതുമായ ഒരു ചട്ടക്കൂടാണ് നമ്മുടെ ഭരണഘടനയ്ക്ക് ഏററവും അനുയോജ്യമെന്ന് ഈ സമിതി ശുപാർശചെയ്തു

* കേരളത്തിന്റെ ആസൂത്രിത വികസനത്തിന് ഒരു ദശവൽസര പദ്ധതി അവതരിപ്പിക്കുവാൻ ശ്രമിക്കുന്ന ബൃഹത്തും സുദീർഘവുമായ ഒരു പ്രബന്ധത്തിന്റെ ഭാഗമാണിത്. സ്ഥലപരിമിതിമൂലം പ്രബന്ധം പൂർണ്ണമായ രൂപത്തിൽ കൊടുക്കുവാൻ നിർവാഹമില്ലാതെ പോയതിൽ ഖേദിക്കുന്നു.

—ചീഫ് എഡിററർ

കയും ഈ തത്വം അംഗീകരിക്കപ്പെടുകയും ചെയ്തു. ഭരണത്തിന്റെ ചുക്കാൻ ഏറെറടുത്ത ജവഹർലാൽ നെഹ്റു രാജ്യത്തിന്റെ ദ്രുതഗതിയിലുള്ള വികസനം ആസൂത്രണ പ്രക്രിയയിലൂടെ മാത്രമേ കൈവരിക്കാൻ കഴിയൂവെന്ന് അടിയുറച്ചു വിശ്വസിച്ചു. എല്ലാ മേഖലകൾക്കും ലക്ഷ്യങ്ങൾ നിശ്ചയിക്കുകയും ആഭ്യന്തര ഘടകങ്ങൾക്കും അടിസ്ഥാന വ്യവസായങ്ങൾക്കും വേണ്ട കേന്ദ്ര മുതൽമുടക്കു നടത്തുകയും രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളെയും ചുരുങ്ങിയ ഒരു വികസനനിലവാരത്തിലെങ്കിലും എത്തിക്കുന്നതിനാവശ്യമായ ദേശീയ പദ്ധതികൾ നിർദ്ദേശിക്കുകയും ചെയ്യുക എന്നീ പ്രക്രിയകൾ ഈ ആശയത്തിൽ അന്തർഭവിച്ചിരുന്നു. എന്നാൽ എല്ലാ വികസന മേഖലകളെയും ഉൾപ്പെടുത്തിക്കൊണ്ട് ഒരു ദേശീയ പദ്ധതിക്ക് രൂപം നൽകുന്നതും, സംസ്ഥാന പദ്ധതികൾക്ക് ആസൂത്രണ കമ്മീഷനിൽ നിന്നും കേന്ദ്ര മന്ത്രികാര്യാലയങ്ങളിൽ നിന്നും ലഭിക്കേണ്ട അനുമതി, വർഷം തോറുമുള്ള കേന്ദ്ര സഹായത്തിന്റെ അളവും സംസ്ഥാന പദ്ധതികളുടെ വലിപ്പവും നിശ്ചയിക്കൽ, കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടപ്പാക്കൽ, ജലസേചനം, വൈദ്യുതി, വ്യവസായം തുടങ്ങിയവയുമായി ബന്ധപ്പെട്ട പദ്ധതികൾ അംഗീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഇവയെല്ലാം തന്നെ ഭരണപരവും ധനപരവുമായ അധികാരകേന്ദ്രീകരണത്തിന് വഴി തെളിച്ചു. ദേശസാൽകൃത ബാങ്കുകളുടെയും കേന്ദ്രധനകാര്യസ്ഥാപനങ്ങളുടെയും അധിക വരുമാന കേന്ദ്രീകരണം ഇതിന് ആക്കം കൂട്ടി. ധനപരവും വികസനപരവുമായ പ്രശ്നങ്ങളാണ് കേന്ദ്ര-സംസ്ഥാന ബന്ധങ്ങളുടെ പശ്ചാത്തലത്തിൽ ചർച്ച ചെയ്യപ്പെടേണ്ടത്. ദേശീയ വികസനത്തിനു വേണ്ടിയുള്ള ആവശ്യങ്ങളും,തദ്ദേശവികസന ശേഷി, തദ്ദേശപങ്കാളിത്തം എന്നിവയുടെ ആവശ്യങ്ങളും തമ്മിൽ എങ്ങനെ പൊരുത്തപ്പെടുത്തി മുന്നോട്ടുകൊണ്ടു പോകാമെന്നതാണ് നമ്മുടെ ദേശീയ ഐക്യം ഇന്നു നേരിടുന്ന വെല്ലുവിളി. ഇത്തരം പ്രശ്നങ്ങളെല്ലാം തന്നെ സർക്കാരിയാ കമ്മീഷന്റെ മുമ്പാകെ പരിഗണനയ്ക്കായി വന്നിട്ടുണ്ടെന്നും കമ്മിഷന്റെ

---

(57-ാം പേജിന്റെ തുടർച്ച)

അതുപോലെ തന്നെ മുസ്ലിംകൾ ദേശീയതലത്തിലും കേരളത്തിലും വിദ്യാഭ്യാസപരമായി പിന്നോക്കമാണെന്നുള്ള വസ്തുത അംഗീകരിച്ചിട്ടുണ്ടെങ്കിലും പുതിയ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഒരു പ്രധാന പുത്തൻ പരിപാടിയായ നവോദയ വിദ്യാലയങ്ങളിലേക്കുള്ള പ്രവേശനത്തിൽ മുസ്ലിം കുട്ടികൾക്ക് പ്രത്യേകമായ യാതൊരു പരിഗണനയും നല്കിയിട്ടില്ലെന്ന കാര്യം വളരെ അർത്ഥവത്താണ്. മററു അവഗണിക്കപ്പെട്ട വിഭാഗങ്ങളായ ഗ്രാമീണർ, സ്ത്രീകൾ. പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കെല്ലാം നിശ്ചിതമായ തോതിൽ സീററു സംവരണം ചെയ്തിട്ടുണ്ട്. അവരെപ്പോലെ തന്നെ അവഗണിക്കപ്പെട്ടുപോയവരെന്നു ദേശീയ വിദ്യാഭ്യാസനയരേഖയും അതിന്റെ നിർവ്വഹണ പരിപാടിയും ഒരു പോലെ അംഗീകരിക്കുന്ന മുസ്ലിം കുട്ടികൾക്കു ജനസംഖ്യാനുപാതികമായി സീററുകൾ സംവരണം ചെയ്യേണ്ടത് സാമൂഹ്യനീതി അതിന്റെ ശരിയായ അർത്ഥത്തിൽ ഉറപ്പുവരുത്തുന്നതിന് അനിവാര്യമാണ്.

## 'നവോദയ' വിദ്യാലയങ്ങളിലും അവഗണന

കഴിഞ്ഞകാലങ്ങളിലെ വിദ്യാഭ്യാസ മുന്നേററത്തിനു വേണ്ടിയുള്ള ഓട്ടത്തിൽ വ്യക്തമായ കാരണങ്ങളാൽ പിൻതള്ളപ്പെട്ടു പോയവരെന്നു പരക്കെ അംഗീകരിക്കപ്പെടുന്ന ജനവിഭാഗങ്ങളിലെ മിടുക്കന്മാരായ കുട്ടികൾക്ക് പൂർണ്ണമായും സൗജന്യമായ ഉന്നതനിലവാരമുള്ള സെക്കൻററി വിദ്യാഭ്യാസം നല്കുന്നതിനു വേണ്ടിയുള്ള നമ്മുടെ പ്രധാനമന്ത്രിയുടെ പ്രിയംകരമായ ഒരു പരിപാടിയാണ് നവോദയവിദ്യാലയങ്ങൾ. ഓരോ ജില്ലയിലും ഓരോ വിദ്യാലയമാണുണ്ടാകുക. കേന്ദ്രഗവൺമെൻറിന്റെ പട്ടികയനുസരിച്ചു തന്നെ മുസ്ലിം പ്രാമുഖ്യമുള്ള നാല്പത്തൊന്നു ജില്ലകൾ ഇന്ത്യയിലുണ്ട്. എല്ലാ ജില്ലയിലെയും നവോദയ വിദ്യാലയങ്ങളിലേക്കുള്ള പ്രവേശനത്തിൽ മുസ്ലിംകൾക്കു സീററുകൾ സംവരണം ചെയ്യേണ്ടതാണെങ്കിലും ആദ്യപടിയെന്നുള്ള നിലയിൽ ഈ നാല്പത്തൊന്നു ജില്ലകളിലെ നവോദയ വിദ്യാലയങ്ങളിലെങ്കിലും സംവരണം നടപ്പിലാക്കിയേ പററൂ. ഇതിന്റെ പ്രാധാന്യം മനസ്സിലാക്കി മുസ്ലിംകളേയും മററുള്ളവരോടൊപ്പം ദേശീയ വിദ്യാഭ്യാസത്തിന്റെ മുഖ്യധാരയിൽ പങ്കാളികളാക്കുവാൻ ഗവൺമെൻറും സമുദായത്തിന്റെ സാംസ്കാരിക നേതൃത്വവും പരിശ്രമിക്കേണ്ടിയിരിക്കുന്നു. □

ശ്രമഫലമായി കേന്ദ്രസംസ്ഥാന ബന്ധങ്ങൾ ആരോഗ്യകരവും പുരോഗമനപരവുമായ രാജ്യത്തിന്റെ ഐക്യത്തെയും ഭദ്രതയെയും സംരക്ഷിക്കുന്നതിനും എല്ലാ പ്രദേശങ്ങളുടെയും ദ്രുതഗതിയിലും സന്തുലിതാവസ്ഥയിലുമുള്ള വികസനത്തെ പരിപോഷിപ്പിക്കേണ്ടതിനു വേണ്ട ഒരവസ്ഥയിൽ എത്തിക്കുമെന്നും പ്രത്യാശിക്കുന്നു.

സംസ്ഥാന ഗവൺമെന്റുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധങ്ങളിൽ ഉടലെടുത്തിരിക്കുന്ന ദൗർബല്യം വളരെ വലുതാണ്. ഭരണഘടനയുടെ അടിസ്ഥാനത്തിൽ പഞ്ചായത്തുകൾ രൂപീകരിക്കുന്നതിനും സ്വയംഭരണസ്ഥാപനങ്ങളെപ്പോലെ പ്രവർത്തിക്കുന്നതിനാവശ്യമായ പ്രവർത്തനാധികാരങ്ങളും അധികാരശക്തിയും അവയ്ക്കു നൽകുന്നതിനും സംസ്ഥാനങ്ങൾക്ക് നിർദ്ദേശം നല്കി. സംസ്ഥാനങ്ങളുടെ അധികാരപരിധിക്കുള്ളിൽ വരുന്ന വിഷയങ്ങളുടെ പട്ടികയിൽ പ്രാദേശിക ഭരണ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശക്തമായ ഒരു വ്യവസ്ഥിതിയുടെ ആവശ്യകതയ്ക്ക് കാലാകാലങ്ങളിൽ ഊന്നൽ നല്കുകയും വികസന പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യാൻ വേണ്ടി മുമ്പുണ്ടായിരുന്ന ഗ്രാമീണ - നഗരസഭകൾക്കുപരിയായി ജില്ലാ - ബ്ലോക്ക്തലങ്ങളിൽ വികേന്ദ്രീകൃത സ്ഥാപനങ്ങൾക്ക് രൂപം നൽകുന്നതിനും നിർദേശിക്കപ്പെട്ടിരുന്നു. 1960-കളിലെ ബസവന്ത്റായ് മേത്താ കമ്മിററി മുതൽ 1985-ലെ ജി. വി. കെ. റാവു കമ്മിററിവരെയുള്ള അനേകം കമ്മിററികളും കമ്മിഷനുകളും ഈ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുകയുണ്ടായി. നിരവധി സംസ്ഥാനങ്ങളിൽ ജില്ലാ ഉപജില്ലാ തലങ്ങളിൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ സ്ഥാപിക്കുകയുണ്ടായി. ഇന്നു നമ്മുടെ രാജ്യത്തു നിലനിൽക്കുന്ന ചുററുപാടുകളിൽ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളാണ് വികസനപ്രക്രിയയ്ക്ക് ആക്കം വർദ്ധിപ്പിക്കേണ്ടതെന്ന് പലരും വിശ്വസിക്കുന്നു. ഇതിന്റെയെല്ലാം ഫലമായി നേരത്തെയുണ്ടായിരുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങൾ ക്ഷയിക്കുകയും പുതിയ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ വേരുറയ്ക്കാതേയും വന്നു. പല സംസ്ഥാനങ്ങളിലും തദ്ദേശ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പുകൾ വർഷങ്ങളോളം നടന്നില്ല. നമ്മുടെ വ്യവസ്ഥിതിയുടെ മൂലക്കല്ലുകളിലൊന്നായ ജനപങ്കാളിത്തം ഇക്കാരണത്താൽ പ്രാദേശികതലത്തിൽ ഒരിടത്തും കാര്യക്ഷമമായി നടക്കുന്നില്ല. ഇന്നത്തെ അവസ്ഥയിൽ നമ്മുടെ വ്യവസ്ഥിതിയിൽ പ്രാദേശിക ഗവൺമെന്റുകളുടെ ആവശ്യത്തിനും അവ യുടെ പങ്കാളിത്തത്തിനും വേണ്ടിയുള്ള അടിസ്ഥാനപരമായ ചിന്ത ആവശ്യമാക്കിതീർത്തിരിക്കുന്നു.

നമ്മുടെ ചരിത്രപരമായ നടപടികൾ -19-ാം നൂററാണ്ടിലെ ബ്രിട്ടീഷ് മാതൃക - നമ്മെ വളരെയേറെ സ്വാധീനിച്ചിരുന്നു. പ്രാദേശിക വികസനത്തിനു വേണ്ടി വികേന്ദ്രീകൃത സ്ഥാപനങ്ങൾ സ്ഥാപിക്കുന്ന കാര്യം പരിഗണിച്ചപ്പോൾ പരമ്പരാഗതമായ പൗരാവകാശങ്ങൾ പോലും നിറവേററുന്നതിൽ പരാജയപ്പെടുകയും മിക്ക രാജ്യങ്ങളും ഉപേക്ഷിക്കുകയും ചെയ്ത ഈ മാതൃകയാണ് നാം പിന്തുടർന്നത്. ജനാധിപത്യ ചട്ടക്കൂടിനുള്ളിൽ നിന്നു കൊണ്ടുള്ള ദേശീയ ആസൂത്രണം നടപ്പിലാക്കുന്നതു കാരണം ദേശീയ സർക്കാരിനും പ്രാദേശിക സ്ഥാപനങ്ങൾക്കും യാതൊരധികാരവും പൂർണ്ണമായി നല്കാതെയും എന്നാൽ പരസ്പരം ആശ്രയിച്ചു കഴിയുന്ന പങ്കാളികളെപ്പോലെ പ്രവർത്തിക്കുകയും ആവശ്യങ്ങൾ നേടിയെടുക്കാനുള്ള ഐക്യം പങ്കിടുകയും ചെയ്യുന്ന ഫ്രഞ്ചു തദ്ദേശ ഗവൺമെന്റുകളുടേതു പോലുള്ള ഒരു പങ്കാളിത്ത വ്യവസ്ഥിതിയാണ് നമുക്ക് ഏററവും അനുയോജ്യം. ഇന്ത്യയിൽ കേന്ദ്രവും സംസ്ഥാന സർക്കാരുകളും തമ്മിലുള്ള ബന്ധത്തിൽ ഒരുപരിധി വരെ പങ്കാളിത്ത വ്യവസ്ഥിതി സ്ഥാപിച്ചിട്ടുണ്ട്. ഇത് സംസ്ഥാന സർക്കാരുകളും തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളും തമ്മിലുള്ള ബന്ധത്തിലേയ്ക്കും വ്യാപിപ്പിക്കണം. വികേന്ദ്രീകരണം ആവശ്യപ്പെട്ടപ്പോഴെല്ലാം തന്നെ സ്കൂൾ വിദ്യാഭ്യാസം, ആരോഗ്യ സേവനങ്ങൾ, കൃഷിയും ബന്ധപ്പെട്ട വിഷയങ്ങളും എന്നിവ തദ്ദേശ സ്ഥാപനങ്ങൾക്കുവേണ്ടി നീക്കിവയ്ക്കണമെന്നു നിർദ്ദേശിക്കുകയുണ്ടായി. ഈ വിഷയങ്ങളിൽ ഒന്നും തന്നെ വികേന്ദ്രീകരിക്കാൻ കഴിയുകയില്ലാ എന്നാണ് അനുഭവം തെളിയിക്കുന്നതു. ഓരോ മേഖലയുടേയും കീഴിലുള്ള ചുരുക്കം ചില വിഷയങ്ങൾ മാത്രമേ വികേന്ദ്രീകരിക്കാൻ കഴിയുകയുള്ളു എന്ന കാര്യം വളരെ വ്യക്തമാണ്.

ദേശീയ വികസനത്തിനു വേണ്ടിയുള്ള ആസൂത്രണത്തിൽ സംസ്ഥാന -പ്രാദേശിക തലങ്ങളിൽ ആസൂത്രണത്തിനു ചെലുത്താവുന്ന സ്വാധീനത്തിന്റെ വ്യാപ്തി പരിമിതമാണ്. ചർച്ചകളിലും ലക്ഷ്യങ്ങളുടേയും നയങ്ങളുടേയും പ്രഖ്യാപനങ്ങളിലും ജില്ലാ പ്രാദേശിക തലങ്ങളിലേയ്ക്കുള്ള സമഗ്രവികേന്ദ്രീകരണത്തിനു വേണ്ടി വാദിക്കുമെങ്കിലും പ്രയോഗത്തിൽ വികേന്ദ്രീകരണം നടക്കുന്നില്ല. ഗ്രാമീണ വികസനം പോലുള്ള ഒരു രംഗത്ത് പോലും മൃഗസംരക്ഷണം പോലുള്ള ഒരു പ്രത്യേക പ്രവൃത്തിക്കുവേണ്ടി ഒന്നിലേറെ വകുപ്പുകൾ പ്രവർത്തിക്കുന്നു. കന്നുകാലി വിതരണം പോലുള്ള ഒരു പദ്ധതി നടപ്പാക്കാനായി വിവിധ പദ്ധതികളോടെ ഒട്ടേറെ ഏജൻസികൾ പ്രവർത്തിക്കുന്നു. ഇത് ഗണ്യമായ ധൂർത്തിനും ആശയക്കുഴപ്പത്തിനും അഴിമതിക്കും ഇട നല്കുന്നു. അതു കൊണ്ട് തെരഞ്ഞെടുക്കപ്പെട്ട വകുപ്പുകളിലെങ്കിലും-ജില്ലാ പ്രാദേശിക തലങ്ങളിൽ സമാന്തരസമീകരണവും വികേന്ദ്രീകരണവും കൈവരിക്കുന്നതിനുതകുന്ന ഒരു സംവിധാനം ഏർപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. സർക്കാർ ഏജൻസികൾക്കും വകുപ്പുകൾക്കും വികസനത്തിന്റെ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കാണാൻ കഴിയുമെന്നും ജനങ്ങൾ വികസനത്തിലെ 'ഏററുവാങ്ങൽ' ഭാഗത്തുമാത്രമായിരിക്കണമെന്നുമാണ് ധാരണ. പലപല പദ്ധതികളും ലക്ഷ്യം കൈവരിക്കുന്ന കാര്യത്തിലും ലക്ഷ്യമാക്കപ്പെട്ട ജനവിഭാഗത്തിനു ഗുണങ്ങൾ ഉറപ്പുവരുത്തുന്നതിലും പരാജയപ്പെടുന്നതിനുള്ള മുഖ്യകാരണം വികസനത്തോടുള്ള ഈ സമീപനമാണ്. നിലവിലുള്ള സ്ഥാപനങ്ങളുടെ നിലവാരവും കഴിവുകളും വിലയിരുത്തുന്നതും കൂടുതൽ ഉത്തരവാദിത്തം നല്കിക്കൊണ്ട് അവയുടെ കഴിവ് മെച്ചപ്പെടുത്തുന്നതിനു വേണ്ടി പ്രയത്നിക്കുന്നതും പ്രധാന ലക്ഷ്യങ്ങളിലൊന്നായിട്ടുള്ള ഒരു പ്രക്രിയയാണ് വികസനം. മേൽപറഞ്ഞ പരിഗണനകളുടെ വെളിച്ചത്തിലും പൂർവ്വകാല പഠനങ്ങളുടെ അടിസ്ഥാനത്തിലും വികേന്ദ്രീകരണത്തിനു താഴെ പറയും പ്രകാരമുള്ള ഒരു പദ്ധതി നിർദ്ദേശിക്കുന്നു.

(i) ഭരണഘടനയിൽ തദ്ദേശ ഭരണസ്ഥാപനങ്ങളെ സംബന്ധിച്ചും അവയിലേക്ക് അഞ്ചുവർഷത്തിലൊരിക്കൽ തെരഞ്ഞെടുപ്പ് നടത്തേണ്ടതിനെ സംബന്ധിച്ചും സ്ഥിരവും വ്യക്തവുമായ നിബന്ധനകളുണ്ടായിരിക്കണം.@ പരമ്പരാഗതമായ നഗര-പഞ്ചായത്ത് തല തദ്ദേശഭരണസ്ഥാപനങ്ങൾ ശക്തമാക്കണം. കൂടാതെ പ്രാദേശിക വികസനത്തിനായി സംസ്ഥാനതലത്തിനു താഴെയായി വികേന്ദ്രീകൃത സ്ഥാപനങ്ങൾ ഉണ്ടാകണം.

(ii) വികേന്ദ്രീകൃത ആസൂത്രണവും നടപ്പാക്കലും സാധ്യമാകുന്ന സംസ്ഥാനതലത്തിനു താഴെയുള്ള തലങ്ങളെക്കുറിച്ച് വ്യക്തമായ ഒരു ധാരണയുണ്ടായിരിക്കണം. ആസൂത്രണത്തിനും വികസനത്തിനുമായുള്ള ജില്ലയ്ക്ക് താഴെയുള്ള യൂണിററായി ബ്ലോക്കിനെ അംഗീകരിക്കണം.

(iii) സമഗ്രമായ ആസൂത്രണ പ്രക്രിയ ജില്ലയിലോ അതിനു താഴെയുള്ള തലങ്ങളിലോ സാധ്യമല്ല. ഈ തലങ്ങളിലുള്ള ആസൂത്രണത്തിന്റെ പരിധികൾ മനസ്സിലാക്കിയിരിക്കണം. ഇവ ഗ്രാമാസൂത്രണത്തിനെയും വികസനത്തിനെയും മാത്രം സംബന്ധിക്കുന്നവയായിരിക്കണം.

(iv) ഗ്രാമീണാസൂത്രണത്തിന്റെയും വികസനത്തിന്റെയും കീഴിൽ നാലു തരത്തിലുള്ള പരിപാടികൾ അംഗീകരിക്കാവുന്നതാണ്

എ. പ്രാദേശികാധിഷ്ഠിതവും ഗൃഹാധിഷ്ഠിതവുമായ സാമ്പത്തിക വികസനപദ്ധതികൾ.

ബി. പ്രാദേശിക ബാഹ്യഘടക വികസന പദ്ധതികൾ (ഭൂവികസനം, ചെറുകിട ജലസേചനം, ഗ്രാമീണറോഡുകൾ, ഗ്രാമവൈദ്യുതീകരണം തുടങ്ങിയവ)

സി. സ്ഥാപനങ്ങളുടെ ഏർപ്പെടുത്തലുകളുൾപ്പെടെയുള്ള (വിദ്യാഭ്യാസം, ആരോഗ്യം മുതലായ) സാമൂഹ്യസേവനം.

ഡി. സാമൂഹ്യക്ഷേമവും സാമൂഹ്യസുരക്ഷിതത്വവും സംബന്ധിച്ച പദ്ധതികൾ.

@ ഈ ലേഖനം ഇപ്പോഴത്തെ പഞ്ചായത്ത് രാജ് ബിൽ ലോക്സഭയിൽ അവതരിപ്പിക്കുന്നതിനും വളരെ മുമ്പേ പ്രസിദ്ധീകരണത്തിനു ലഭിച്ചതാണ് —ചീഫ് എഡിററർ

ഇവയിൽ ആദ്യത്തെയും രണ്ടാമത്തെയും പദ്ധതികളുടെ ആസൂത്രണത്തിനും നടത്തിപ്പിനുമുള്ള ഉത്തരവാദിത്തത്തിന്റെ നല്ലൊരുഭാഗം ജില്ലാ - ബ്ലോക്ക് തലങ്ങളിൽ ചെന്നുചേരും. മൂന്നാമത്തെയും നാലാമത്തെയും പദ്ധതികളുടെ കാര്യത്തിൽ മുഖ്യമായും ഉപദേശവും നടത്തിപ്പിന്റെ സമീകരണവുമായിരിക്കും ഇവയുടെ ചുമതല.

(v) ഗ്രാമീണ ആസൂത്രണവും വികസനവും സമീകൃതപ്രാദേശികവികസനാധിഷ്ഠിതവും ഗുണയോക്തൃപ്രധാനവുമായ പദ്ധതികളുടെയും പരിപാടികളുടെയും തയ്യാറാക്കലും നടപ്പാക്കലുമായിരിക്കും ലക്ഷ്യമാക്കുന്നത്. അവിടത്തെ ഭൂവിനിയോഗാസൂത്രണം, ഭൂവികസനം, മൃഗസംരക്ഷണം, ക്ഷീരവികസനം, കോഴി വളർത്തൽ, മത്സ്യബന്ധനം എന്നിവയുൾപ്പെടെയുള്ള കാർഷിക പ്രവർത്തനങ്ങൾ ഗ്രാമീണബാഹ്യഘടകങ്ങൾ എന്നിവയ്ക്കായുള്ള പദ്ധതികളുൾപ്പെടും.

(vi) മുകളിൽ മൂന്നാമത് പ്രതിപാദിച്ച പ്രവൃത്തികൾ നടപ്പാക്കുന്നതിന് വികസന ഉദ്യോഗസ്ഥൻമാരുടെ കഴിവുള്ള ഒരു സംഘം ബ്ലോക്കുതലത്തിലുണ്ടാകണം. ആവശ്യമായ പരിശീലനവും പ്രവൃത്തി പരിചയവും ഇവർക്കു നല്കണം.

(vii) ബ്ലോക്കുതലത്തിലും താഴെയുള്ള തലത്തിലും സമാന്തരവകുപ്പുദ്യോഗസ്ഥൻമാരുണ്ടാകാൻ പാടില്ല. ബ്ലോക്കുതലത്തിലുള്ള ഉദ്യോഗസ്ഥൻമാർ വേണം ഇത്തരം പദ്ധതികൾ നടപ്പാക്കാൻ.

(viii) ഗ്രാമവികസന പദ്ധതികൾ നടപ്പാക്കുന്നതിനു മുമ്പ് അവയ്ക്ക് അംഗീകാരം നൽകാൻ കേന്ദ്ര-സംസ്ഥാന സർക്കാർ തലങ്ങളിൽ ഉന്നതതല സമന്വയസമിതികളുണ്ടാകണം. വ്യത്യസ്ത മന്ത്രി കാര്യാലയങ്ങൾ ഒരേ തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കാതിരിക്കാൻ വേണ്ടിയാണിത്.

(ix) വികേന്ദ്രീകരണത്തിന്റെ ആദ്യഘട്ടത്തിൽ സർക്കാർ സംഘടനകളുടെ ഘടനയിലും ധനസംബന്ധമായ നടപടിക്രമങ്ങളുൾപ്പെടെയുള്ള പ്രവർത്തനരീതിയിലും മാററങ്ങൾ വരുത്തണം. ആസൂത്രണവും സമീകരണവും നടക്കുന്ന ഈ ഘട്ടത്തിൽ അനൗദ്യോഗിക പങ്കാളിത്തം പദ്ധതികൾ അനുവദിക്കുന്നതിലും സ്ഥലങ്ങൾ നിർണ്ണയിക്കുന്നതിലും പുരോഗതി വിലയിരുത്തുന്നതിലുമുള്ള ഉപദേശ രൂപത്തിലായിരിക്കും.

(x) രണ്ടാമത്തെ ഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ട സംഘടനകളുടെ രൂപീകരണമാണ്. ഓരോ പ്രദേശത്തെയും ചുററുപാടുകളുടെ അടിസ്ഥാനത്തിൽ ജില്ലാ തലത്തിലും ബ്ലോക്ക് തലത്തിലും അല്ലെങ്കിൽ ഇവയിലേതെങ്കിലും ഒരു തലത്തിൽ മാത്രം തെരഞ്ഞെടുക്കപ്പെട്ട സംഘങ്ങൾ രൂപീകരിക്കേണ്ടതുണ്ടോ എന്ന കാര്യം പരിഗണിക്കണം. ഭരണപരമായ സമീകരണത്തിനാവശ്യമായ ഘടനാപരമായ മാററങ്ങൾ കൂടാതെ തെരഞ്ഞെടുക്കപ്പെട്ട സംഘങ്ങൾ രൂപീകരിക്കുന്നത് സമാന്തരസംഘടനകളുടെ പ്രവർത്തനത്തിലേയ്ക്കും ഒടുവിൽ വികേന്ദ്രീകൃത സ്ഥാപനങ്ങളുടെ ബലഹീനതയിലേയ്ക്കും വഴി തെളിക്കും.

## അനൗപചാരിക വ്യവസ്ഥിതിയുടെ വളർച്ച

സ്വാതന്ത്ര്യ പ്രാപ്തിയോടെ നമ്മുടെ ചുററുപാടുകളിൽ വലിയ മാററം സംഭവിച്ചു. നാം ബോധപൂർവ്വം സ്വീകരിച്ച ജനാധിപത്യ വ്യവസ്ഥിതിയെ സംബന്ധിച്ച് നേരത്തെ പരാമർശിച്ചിട്ടുണ്ട്. രാഷ്ട്രീയ മാററങ്ങൾക്കൊപ്പം സർക്കാരിന്റെ പ്രവർത്തന മേഖലയിലും കാര്യമായ വ്യത്യാസങ്ങൾ വന്നിട്ടുണ്ട്. ആദ്യകാലത്തുണ്ടായിരുന്ന പരിമിതമായ കർത്തവ്യങ്ങൾക്കുപരിയായി തങ്ങളിലർപ്പിച്ച പുത്തൻ, വിശ്വാസങ്ങളോട് ഉദ്യോഗസ്ഥവൃന്ദം അനുകൂലമായി പ്രതികരിച്ചു. പ്രവർത്തന മേഖലയുടെ സ്വഭാവ വൈവിധ്യം പെട്ടെന്നു വർദ്ധിക്കുകയും ഗുണനിലവാരം താഴുകയും ചെയ്തു. പുതിയ പ്രവർത്തനരംഗങ്ങളിൽ ആവശ്യമായ പരിശീലനം നേടുന്നതിനുള്ള സമയവും ലഭിച്ചില്ല. പഴയ രീതിയിലുള്ള പ്രവർത്തനരീതികളിൽ പലതും തുടരുകയും അവയെ പുതിയ ചുററുപാടുകളുമായും വികസനത്തിന്റെ ഫലമായുണ്ടായ മാററങ്ങളുമായും വികസനത്തിന്റെ ഫലമായുണ്ടായ മാററങ്ങളുമായും ഇണക്കിചേർത്തില്ല. ഭരണഘടന ഉറപ്പുനൽകുന്ന അവകാശങ്ങൾ പരിഷ്കാരത്തിനും പുനഃസംഘടനയ്ക്കും വേണ്ടിയുള്ള ഉദ്യോഗസ്ഥന്മാരുടെ ശ്രമങ്ങളെ കോടതികളിലും മററും ചോദ്യം ചെയ്തുകൊണ്ട് തടസ്സപ്പെടുത്തി. വ്യവസ്ഥിതിയുടെ ദൃഢതയും

ചെറിയ സംഘങ്ങളുടെയും വ്യക്തികളുടെയും താൽപര്യങ്ങളും നേരിയ പരിഷ്കാരങ്ങൾക്കു പോലും തടസ്സമായി നിന്നു. നാം സ്വീകരിച്ച ഔപചാരിക ഭരണക്രമം അങ്ങനെ വ്യാപ്തിയിലും പ്രവർത്തനങ്ങളിലുമുണ്ടായ ദ്രുതഗതിയിലുള്ള വളർച്ചയുടെയും ഗുണനിലവാരത്തകർച്ചയുടെയും പരിഷ്കാരമില്ലായ്മയുടെയും ദൂഷ്യഫലങ്ങൾ അനുഭവിച്ചു.

ഒരു അനൗപചാരിക വ്യവസ്ഥിതിയുടെ വളർച്ചയാണ് ഭരണത്തെ ഗൗരവമായി ബാധിച്ച മററൊരു സമാന്തര സംഭവവികാസം. പൊതുവെയുള്ള ഭരണത്തിൽ, നികുതിയുടെ ഭരണത്തിൽ, നിയന്ത്രണസംവിധാനങ്ങളിലും നയങ്ങളുടെ നടപ്പാക്കലിൽപോലും അനൗപചാരിക വ്യവസ്ഥിതി അതിൻെറ സാന്നിദ്ധ്യം തെളിയിച്ചിട്ടുണ്ട്. കുടിശിഖ പിരിക്കുന്നതിന് കർശന നടപടികളെടുക്കണമോ വേണ്ടയോ, ലൈസൻസ് നൽകുമ്പോൾ പ്രവൃത്തിപരവും സാങ്കേതികവും സുരക്ഷിതത്വവും സംബന്ധിച്ച നിലവാരങ്ങളിൽ നിന്നും ഒഴിവാക്കണമോ വേണ്ടയോ തുടങ്ങിയ രംഗങ്ങളിലാണ് ഇതിൻെറ നിയന്ത്രണത്തിലായത്. ചില സംസ്ഥാനങ്ങളിൽ ഇത് ക്രമസമാധാന പരിപാലനം,കുററാന്വേഷണവും വിചാരണയും തുടങ്ങിയ രംഗങ്ങളിലേയ്ക്ക് വ്യാപിച്ചിട്ടുണ്ട്. വികസന മേഖലയുടെ ഭരണത്തിലും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിലും ലൈസൻസുകൾ, സർക്കാർ സഹായം, സഹായധനം എന്നിവ നൽകുന്നതിലും, സർക്കാരും പൊതുമേഖലാ സംരംഭങ്ങളും തമ്മിലുള്ള ബന്ധത്തിലും ഇതിൻെറ സാന്നിദ്ധ്യം തെളിയിച്ചിട്ടുണ്ട്. നിയമവിരുദ്ധവും സർക്കാരിൻെറ പ്രഖ്യാപിത നയങ്ങൾക്കും പരിപാടികൾക്കുമെതിരുമായ നിർദ്ദേശങ്ങൾ നൽകുകയാണ് ഇക്കാര്യത്തിൽ ഇത് ചെയ്തുവരുന്നത്. ഇത്തരത്തിലുള്ള വ്യവസ്ഥിതി ഏകകക്ഷിമേധാവിത്വ വ്യവസ്ഥിതിയുടെ 'കക്ഷി സങ്കേത' ഭരണത്തിൽ നിന്നും വളരെ വ്യത്യസ്തമല്ല. അനൗപചാരിക വ്യവസ്ഥിതിയുടെ വളർച്ചയുടെ ദുഷ്ഫലങ്ങൾ നമുക്കുചുററും നിലകൊള്ളുന്നു. സമ്മർദ്ദത്തിനു വഴങ്ങി തീരുമാനങ്ങളെടുക്കുമ്പോൾ വിവേചനം ഏറുകയും ജനാധിപത്യഭരണത്തിൻെറ അന്തഃസത്തയായ ലക്ഷ്യബോധവും ദീർഘവീക്ഷണവും നഷ്ടമാവുകയും ചെയ്യുന്നു. ഉദ്യോഗസ്ഥൻമാർക്കിടയിൽ ഉത്തരവാദിത്തബോധവും ബാദ്ധ്യതയും കുറഞ്ഞിട്ടുണ്ട്. സേവനങ്ങൾ ശരിയായ വിധത്തിൽ നടത്തുന്നതിന് ആരേയും ചുമതലയേൽപിക്കാൻ കഴിയാത്തതിനാൽ കാര്യക്ഷമത കുറയുന്നു. അഴിമതി, ഭരണത്തിൻെറ എല്ലാ തട്ടുകളിലേയ്ക്കും വ്യാപിച്ചുകൊണ്ടിരിക്കുന്നു. ആരോടെങ്കിലും ശുപാർശ ചെയ്തില്ലെങ്കിൽ, പ്രത്യേക പരിഗണന നല്കിയില്ലെങ്കിൽ ഒരു കാര്യവും നടത്തിയെടുക്കാൻ കഴിയുകയില്ലാ എന്ന് ജനങ്ങൾ കരുതുന്നതിൽ അതിശയിക്കാനില്ല.

ഏതൊരു ഭരണക്രമത്തിൻേറയും വിജയകരമായ പ്രവർത്തനത്തിനു, പ്രത്യേകിച്ച് വികസനത്തിൻെറ ഭരണസംവിധാനത്തിൽ, ഒഴിച്ചു കൂടാൻ പാടില്ലാത്ത അംഗങ്ങളുടെ മനോവീര്യവും പ്രചോദനവും വളരെ കുറവാണ്. ഇതിനു കാരണം ഭരണത്തിൻമേലുള്ള ഔപചാരിക വ്യവസ്ഥിതിയുടേയും അനൗപചാരികവ്യവസ്ഥിതിയുടേയും പരസ്പര വിരുദ്ധമായ സമ്മർദ്ദങ്ങളാണ്. അംഗീകൃത വ്യവസ്ഥിതിയുടെ പരിഷ്കൃതവും നിർബന്ധിതവുമായ ആവശ്യങ്ങളുടെ അടിസ്ഥാനത്തിലാണ് പൊതുജനങ്ങളും പത്രങ്ങളും നിയമസഭകളും പാർലമെൻറും അവയുടെ സമിതികളും ഭരണക്രമത്തെ വിലയിരുത്തുന്നതും. അതേ സമയം അതിൻെറ ദൈനംദിനപ്രവർത്തനങ്ങളിൽ നേരെ വിപരീതമായി പ്രവർത്തിക്കാൻവേണ്ടിയുള്ള അനൗപചാരിക വ്യവസ്ഥിതിയുടെ നിരന്തര സമ്മർദ്ദത്തിലും, സാധാരണയായി സ്ഥലം മാററത്തിൻെറ ഭാവത്തിലും, നിർവ്വണത്തിലുള്ള സാങ്കേതിക വീഴ്ചകൾക്കെതിരെയുള്ള ഔപചാരിക വ്യവസ്ഥിതിയുടെ ശിക്ഷണ നടപടികളുടെ രൂപത്തിൽ പ്രകടമാകുന്ന സമ്മർദ്ദത്തിൻ കീഴിലും പ്രവർത്തിക്കേണ്ടി വരുന്നു. ഉദ്യോഗസ്ഥ വൃന്ദത്തിൻെറ വിവിധ വിഭാഗങ്ങൾ ഈ സാഹചര്യത്തോട് വ്യത്യസ്തരൂപത്തിലാണ് പ്രതികരിച്ചത്. അവരിൽ സത്യസന്ധൻമാരും തുറന്ന മനസ്ഥിതിക്കാരുമായവർ നിഷ്ക്രിയരായി ഒതുങ്ങിക്കഴിയുന്നു. ചിലർ തങ്ങൾക്കുണ്ടായ തിക്താനുഭവങ്ങളാൽ നിന്ദാശീലരായിത്തീർന്നു. മററൊരു കൂട്ടർ രാഷ്ട്രീയവും വർഗീയവും ജാതീയവുമായ സംഘങ്ങളുമായി കൂട്ടുചേരുകയും തങ്ങളുടെ വീഴ്ചകൾക്കും കുററങ്ങൾക്കും അവയുടെ സംരക്ഷണം തേടുകയും നേടിയെടുക്കുകയും ചെയ്യുന്നു. സത്യസന്ധരും ഉത്സുകരും കഴിവുള്ളവരും അർപ്പണബോധമുള്ളവരുമായ ഉദ്യോഗസ്ഥൻമാരുടെ എണ്ണം ചുരുങ്ങി വരുന്നു. ഇത്തരക്കാരുടെ എണ്ണം എങ്ങനെ വർദ്ധിപ്പിക്കാമെന്നതാണ് നാം ഇന്നു നേരിടുന്ന വെല്ലുവിളി.

# കേരളത്തിലെ ഭരണ രംഗം

പി. ഡി. കുരുവിള I A S (Retd.)

''ഏററവും മികച്ചതായിക്കൊള്ളട്ടെ അതിന്റെ പ്രവർത്തനം, എന്നാലും ഗവൺമെൻറ് എന്ന സ്ഥാപനം മനുഷ്യർക്ക് ഒരു തികഞ്ഞ മാരണം തന്നെ, പ്രവർത്തനം പിഴച്ചതാണെങ്കിലോ അത് (മാരണം) പൊറുക്കാൻ വയ്യാത്തതും.''

പരസ്പരം ഭർത്സിക്കുമ്പോൾ നല്ല കൂർത്ത ശൈലികൾ പ്രയോഗിക്കുവാൻ കഴിവുള്ളവരുണ്ടല്ലോ, നമ്മുടെ രാഷ്ട്രീയക്കാരിൽ. അവരിൽ ആരെങ്കിലും രൂപം നൽകിയതാണ്, ഇവിടെ ഉദ്ധരിച്ച ശൈലി എന്നു ധരിയ്ക്കരുത്. രണ്ടു നൂററാണ്ടുകളായി ആദരിയ്ക്കപ്പെടുന്ന ഒരു രാഷ്ട്രമീമാംസകന്റെ സൂക്തങ്ങൾ ആണിവ.

സ്ഥലകാല വ്യത്യാസം കൂടാതെ ഗവൺമെൻറുകളെ ഒന്നടങ്കം സ്പർശിയ്ക്കുന്ന ഇത്തരം അഭിപ്രായങ്ങൾ, ഏതെങ്കിലും ഒരു ഗവൺമെൻറിന്റെ മാത്രം പ്രവർത്തനങ്ങളെ ആസ്പദമാക്കി രൂപം പ്രാപിക്കുകയില്ലല്ലൊ. 18-ാം നൂററാണ്ടിന്റെ അവസാനത്തിൽ വൈവിധ്യത്തിന്റെ കൂമ്പാരമായിരുന്നു, പാശ്ചാത്യ രാജ്യങ്ങളിലെ ഭരണലക്ഷ്യങ്ങളും സമ്പ്രദായങ്ങളും. എട്ട് നൂററാണ്ടുകളിലെ തകിടം മറിച്ചിലുകൾ അതിജീവിച്ച്, പുതു പ്രസ്ഥാനങ്ങളോട് ഒടുവിൽ ഒരു തരം വിരസതയിൽ എത്തിയിരുന്ന ഇംഗ്ലണ്ടും, എല്ലാ തലങ്ങളിലും നവോത്ഥാനത്തിന്റെ ആവേശം അലയടിച്ചിരുന്ന അമേരിക്കയും, പഴയതെല്ലാം തകർത്തുവെങ്കിലും പുതിയ പന്ഥാവ് എന്ത്, എന്ന പ്രജ്ഞയില്ലാതെ ഇരുട്ടിൽ തപ്പിക്കൊണ്ടിരുന്ന ഫ്രാൻസും, ഇവയിലെ മുൻപന്തി രാജ്യങ്ങളായിരുന്നു. ഈ മൂന്നു രാജ്യങ്ങളിൽ ഓരോന്നിന്റെയും ഭരണക്രമങ്ങളെ അക്കാലത്ത് തൊട്ടടുത്തു നിന്നു പഠിക്കുവാൻ മാത്രമല്ല, ഒരളവുവരെ അവയിൽ സജീവബന്ധം നേടുന്നതിന് തന്നെ അവസരം ലഭിച്ച ഒരു അതുല്യ പ്രഭാവനായിരുന്നു, തോമസ് പെയിൻ, നമ്മൾ ഉദ്ധരിച്ച സൂക്തങ്ങളുടെ കർത്താവ്. എത്രയ്ക്ക് പരിണതപ്രജ്ഞവും അതിഷേധ്യവും ആയിരിക്കണം അങ്ങിനെ രൂപം കൊണ്ട സൂക്തങ്ങൾ? അതെ, ആവർത്തനം ക്ഷമിക്കണം, ഭരണം ഒരു മാരണം തന്നെ മനുഷ്യർക്ക്, പാകം തെററിയാൽ ശാപവും.

ഈ ഉദ്ധരണി ഇവിടെ തെരഞ്ഞെടുത്തതിന് ഒരു പ്രത്യേക പ്രേരണയുണ്ട്. മുകളിൽ പറഞ്ഞ മൂന്നു പാശ്ചാത്യ രാജ്യങ്ങളിൽ 18-ാം നൂററാണ്ടിന്റെ അവസാനം ദൃശ്യമായിരുന്ന ആശയ വൈരുദ്ധ്യങ്ങളുടെ ഒരു ആകെത്തുകയല്ലേ, ഇന്നു നമ്മുടെ രാജ്യത്തു ദൃശ്യമാകുന്നത്?

---

അനൗപചാരിക വ്യവസ്ഥിതിയുടെ സ്വാധീനം കർശനമായും നിയന്ത്രിക്കേണ്ടതുണ്ട്. ഭരണസാരഥികളും രാഷ്ട്രീയനേതാക്കളും പാടത്തെ തൊഴിലാളികളും നമ്മുടെ ഭരണക്രമത്തിന്റെ ഇന്നത്തെ സ്ഥിതിയെക്കുറിച്ച് ഗൗരവമായി ചിന്തിക്കണം. ഭരണക്രമത്തെ രാഷ്ട്രീയവിമുക്തമാക്കുക എന്ന പ്രയോഗം ചിലപ്പോൾ ഈ പശ്ചാത്തലത്തിലാണ് ഉപയോഗിക്കുന്നത്. നിരവധി രാഷ്ട്രീയ പ്രവർത്തകരുടേയും നേതാക്കളുടേയും മനസ്സിൽ ഈ പദത്തിനു അവരുടെ മേധാവിത്വം കുറയുമെന്നും ഉദ്യോഗസ്ഥ വൃന്ദം കൂടുതൽ ശക്തമാകുമെന്നുമുള്ള മറെറാരർത്ഥം കൂടിയുണ്ട്. അത് ശരിയല്ല. ഭരണസംവിധാനത്തിന്റെ ദൈനംദിനപ്രവർത്തനങ്ങളിൽ രാഷ്ട്രീയ നിർവ്വാഹകരും നേതാക്കളും സമ്മർദ്ദങ്ങളിലൂടെയും സർക്കാരിന്റെ പ്രഖ്യാപിത നയങ്ങൾക്കും ലക്ഷ്യങ്ങൾക്കും വിരുദ്ധമായിട്ടുള്ള നിർദ്ദേശങ്ങളും അനുവാദങ്ങളും നല്കിക്കൊണ്ടും ഇടപെടരുതെന്നും അതിനുപകരം അവ കാര്യക്ഷമതയോടും സത്യസന്ധതയോടും കൂടി നടപ്പാക്കുന്നതിനുവേണ്ടി നിർബന്ധിക്കുകയാണ് വേണ്ടതെന്നുമാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. നിയമത്തെ അട്ടിമറിച്ചുകൊണ്ട് അന്യായമായ നേട്ടങ്ങൾ കൈവരിക്കുകയെന്ന ലക്ഷ്യം മാത്രമുള്ള തല്പരകക്ഷികളുടേയും വ്യക്തികളുടേയും സംഘങ്ങളുമായി കൂട്ടുചേരുന്നതിനുപകരം നാം സ്വീകരിച്ചിരിക്കുന്ന വ്യവസ്ഥിതി ശക്തമാക്കുന്നതിനു വേണ്ടി പ്രവർത്തിക്കണം.

# കേരളത്തിലെ ഭരണ രംഗം

പി. ഡി. കുരുവിള I A S (Retd.)

''ഏററവും മികച്ചതായിക്കൊള്ളട്ടെ അതിന്റെ പ്രവർത്തനം, എന്നാലും ഗവൺമെൻറ് എന്ന സ്ഥാപനം മനുഷ്യർക്ക് ഒരു തികഞ്ഞ മാരണം തന്നെ, പ്രവർത്തനം പിഴച്ചതാണെങ്കിലോ അത് (മാരണം) പൊറുക്കാൻ വയ്യാത്തതും.''

പരസ്പരം ഭർത്സിക്കുമ്പോൾ നല്ല കൂർത്ത ശൈലികൾ പ്രയോഗിക്കുവാൻ കഴിവുള്ളവരുണ്ടല്ലോ, നമ്മുടെ രാഷ്ട്രീയക്കാരിൽ. അവരിൽ ആരെങ്കിലും രൂപം നൽകിയതാണ്, ഇവിടെ ഉദ്ധരിച്ച ശൈലി എന്നു ധരിയ്ക്കരുത്. രണ്ടു നൂററാണ്ടുകളായി ആദരിയ്ക്കപ്പെടുന്ന ഒരു രാഷ്ട്രമീമാംസകന്റെ സൂക്തങ്ങൾ ആണിവ.

സ്ഥലകാല വ്യത്യാസം കൂടാതെ ഗവൺമെൻറുകളെ ഒന്നടങ്കം സ്പർശിയ്ക്കുന്ന ഇത്തരം അഭിപ്രായങ്ങൾ, ഏതെങ്കിലും ഒരു ഗവൺമെൻറിന്റെ മാത്രം പ്രവർത്തനങ്ങളെ ആസ്പദമാക്കി രൂപം പ്രാപിക്കുകയില്ലല്ലൊ. 18-ാം നൂററാണ്ടിന്റെ അവസാനത്തിൽ വൈവിധ്യത്തിന്റെ കൂമ്പാരമായിരുന്നു, പാശ്ചാത്യ രാജ്യങ്ങളിലെ ഭരണലക്ഷ്യങ്ങളും സമ്പ്രദായങ്ങളും. എട്ട് നൂററാണ്ടുകളിലെ തകിടം മറിച്ചിലുകൾ അതിജീവിച്ച്, പുതു പ്രസ്ഥാനങ്ങളോട് ഒടുവിൽ ഒരു തരം വിരസതയിൽ എത്തിയിരുന്ന ഇംഗ്ലണ്ടും, എല്ലാ തലങ്ങളിലും നവോത്ഥാനത്തിന്റെ ആവേശം അലയടിച്ചിരുന്ന അമേരിക്കയും, പഴയതെല്ലാം തകർത്തുവെങ്കിലും പുതിയ പന്ഥാവ് എന്ത്, എന്ന പ്രജ്ഞയില്ലാതെ ഇരുട്ടിൽ തപ്പിക്കൊണ്ടിരുന്ന ഫ്രാൻസും, ഇവയിലെ മുൻപന്തി രാജ്യങ്ങളായിരുന്നു. ഈ മൂന്നു രാജ്യങ്ങളിൽ ഓരോന്നിന്റെയും ഭരണക്രമങ്ങളെ അക്കാലത്ത് തൊട്ടടുത്തു നിന്നു പഠിക്കുവാൻ മാത്രമല്ല, ഒരളവുവരെ അവയിൽ സജീവബന്ധം നേടുന്നതിന് തന്നെ അവസരം ലഭിച്ച ഒരു അതുല്യ പ്രഭാവനായിരുന്നു, തോമസ് പെയിൻ, നമ്മൾ ഉദ്ധരിച്ച സൂക്തങ്ങളുടെ കർത്താവ്. എത്രയ്ക്ക് പരിണതപ്രജ്ഞവും അതിഷേധ്യവും ആയിരിക്കണം അങ്ങിനെ രൂപം കൊണ്ട സൂക്തങ്ങൾ? അതെ, ആവർത്തനം ക്ഷമിക്കണം, ഭരണം ഒരു മാരണം തന്നെ മനുഷ്യർക്ക്, പാകം തെററിയാൽ ശാപവും.

ഈ ഉദ്ധരണി ഇവിടെ തെരഞ്ഞെടുത്തതിന് ഒരു പ്രത്യേക പ്രേരണയുണ്ട്. മുകളിൽ പറഞ്ഞ മൂന്നു പാശ്ചാത്യ രാജ്യങ്ങളിൽ 18-ാം നൂററാണ്ടിന്റെ അവസാനം ദൃശ്യമായിരുന്ന ആശയ വൈരുദ്ധ്യങ്ങളുടെ ഒരു ആകെത്തുകയല്ലേ, ഇന്നു നമ്മുടെ രാജ്യത്തു ദൃശ്യമാകുന്നത്?

---

അനൗപചാരിക വ്യവസ്ഥിതിയുടെ സ്വാധീനം കർശനമായും നിയന്ത്രിക്കേണ്ടതുണ്ട്. ഭരണസാരഥികളും രാഷ്ട്രീയനേതാക്കളും പാടത്തെ തൊഴിലാളികളും നമ്മുടെ ഭരണക്രമത്തിന്റെ ഇന്നത്തെ സ്ഥിതിയെക്കുറിച്ച് ഗൗരവമായി ചിന്തിക്കണം. ഭരണക്രമത്തെ രാഷ്ട്രീയവിമുക്തമാക്കുക എന്ന പ്രയോഗം ചിലപ്പോൾ ഈ പശ്ചാത്തലത്തിലാണ് ഉപയോഗിക്കുന്നത്. നിരവധി രാഷ്ട്രീയ പ്രവർത്തകരുടേയും നേതാക്കളുടേയും മനസ്സിൽ ഈ പദത്തിനു അവരുടെ മേധാവിത്വം കുറയുമെന്നും ഉദ്യോഗസ്ഥ വൃന്ദം കൂടുതൽ ശക്തമാകുമെന്നുമുള്ള മറെറാരർത്ഥം കൂടിയുണ്ട്. അത് ശരിയല്ല. ഭരണസംവിധാനത്തിന്റെ ദൈനം ദിനപ്രവർത്തനങ്ങളിൽ രാഷ്ട്രീയ നിർവ്വാഹകരും നേതാക്കളും സമ്മർദ്ദങ്ങളിലൂടെയും സർക്കാരിന്റെ പ്രഖ്യാപിത നയങ്ങൾക്കും ലക്ഷ്യങ്ങൾക്കും വിരുദ്ധമായിട്ടുള്ള നിർദ്ദേശങ്ങളും അനുവാദങ്ങളും നല്കിക്കൊണ്ടും ഇടപെടരുതെന്നും അതിനുപകരം അവ കാര്യക്ഷമതയോടും സത്യസന്ധതയോടും കൂടി നടപ്പാക്കുന്നതിനുവേണ്ടി നിർബന്ധിക്കുകയാണ് വേണ്ടതെന്നുമാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. നിയമത്തെ അട്ടിമറിച്ചുകൊണ്ട് അന്യായമായ നേട്ടങ്ങൾ കൈവരിക്കുകയെന്ന ലക്ഷ്യം മാത്രമുള്ള തല്പരകക്ഷികളുടേയും വ്യക്തികളുടേയും സംഘങ്ങളുമായി കൂട്ടുചേരുന്നതിനുപകരം നാം സ്വീകരിച്ചിരിക്കുന്ന വ്യവസ്ഥിതി ശക്തമാക്കുന്നതിനു വേണ്ടി പ്രവർത്തിക്കണം.

അങ്ങനെ, തോമസ് പെയിനിന്റെ പഠനവും അഭിപ്രായങ്ങളും നമ്മുടെ ഗവൺമെന്റുകളെ സംബന്ധിച്ചും പ്രസക്തങ്ങളായിരിയ്ക്കുമല്ലോ, തികച്ചും.

നമ്മുടെ ഭരണമണ്ഡലത്തിൽ അടിഞ്ഞു കൂടുന്ന അനാശാസ്യതകൾ പല പതിപ്പുകളിലായിട്ടാണ് പ്രത്യക്ഷപ്പെടുന്നത്—ഒരു രാജ്യത്തിലെ വിവിധപ്രദേശങ്ങളുടെ പ്രത്യേകതകളനുസരിച്ച്. എങ്കിലും ഇവയ്ക്ക് സാരാംശത്തിൽ ഐകരൂപ്യം വളരെ ഉണ്ട്. ഈ ലേഖനത്തിൽ അവതരിപ്പിയ്ക്കുന്ന ചിന്തകൾ കൂടുതലും നമ്മുടെ കൺമുമ്പിലുള്ള 'കേരളപതിപ്പിനെ' ആസ്പദമാക്കിയുള്ളവയാണ്.

ഒരു വിശദീകരണം. കഴിഞ്ഞ ഒന്നോ രണ്ടോ കൊല്ലങ്ങളിലെ അല്ല, ദശവർഷങ്ങളിലെ അനുഭവങ്ങളാണ് നമ്മുടെ ശ്രദ്ധാവിഷയം.

മറെറാരു പ്രമാദവും പററരുതല്ലോ. ആദർശലോകത്തിലെ അളവു കോൽ കൊണ്ട് അളന്ന്, മററുവിധം പറഞ്ഞാൽ വിശുദ്ധഖുറാനിലേയും, അർത്ഥശാസ്ത്രത്തിലേയും, തോമസ് മൂറിന്റെ യുട്ടോപ്പിയായിലേയും മററും അനുശാസനങ്ങളെ മുൻനിറുത്തിയുള്ള ഒരു പഠനത്തിന്, ഇന്നു പ്രസക്തി ഇല്ല. 1947-ൽ നാം എത്തിയത്, ഇന്ത്യയുടെ ചരിത്രത്തിലെ ഒരു വലിയ വഴിത്തിരിവിലായിരുന്നു. ഇതിനു തൊട്ടുമുമ്പും പിൽക്കാലത്തും ദൃശ്യമായിട്ടുള്ള ഗതിവിഗതികളെ താരതമ്യപ്പെടുത്തുക എന്നതു മാത്രമാണ്, തല്ക്കാലം പ്രായോഗികമായിട്ടുള്ളത്.

1947-ന് മുമ്പ് തിരുവിതാംകൂർ കൊച്ചി പ്രദേശങ്ങളുടെ ഭരണം ഇൻഡ്യയ്ക്ക് പൊതുവിൽ, ഒരു മാതൃകയായിരുന്നു.

സമുദായ മൈത്രിയ്ക്ക് കല്പിച്ചിരുന്ന മഹത്വം, നീതിനിർവ്വഹണത്തിനും ക്രമസമാധാനപാലനത്തിനും ഉണ്ടായിരുന്ന പ്രാഥമികത്വം, വിദ്യാദാനത്തിന് അർപ്പിച്ചിരുന്ന തീവ്രയത്നം, ഈ യത്നത്തിന്റെ ഒരു അഭേദ്യഭാഗം എന്ന നിലയിൽ, ഈ രംഗത്ത് അർപ്പണബുദ്ധിയോടെ സമൂഹത്തെ സേവിയ്ക്കുവാൻ കച്ചകെട്ടി പുറപ്പെട്ടിരുന്ന സ്വകാര്യ ഏജൻസികൾക്ക്, സത്യസന്ധതയോടുകൂടി, മനം തെളിഞ്ഞ് നൽകിയിരുന്ന പ്രോത്സാഹനം, തൽഫലമായി വിദ്യാഭ്യാസ മേഖലയിലുണ്ടായ അന്യാദൃശവിജയം, ഈ വിജയം സാമൂഹ്യരംഗത്തു വരുത്തിയ ഉണർവും പ്രകാശവും, മററു തലങ്ങളിലും ജനക്ഷേമത്തിന് നൽകിയിരുന്ന പ്രാധാന്യം, സാമ്പത്തികശേഷി അതീവ ശുഷ്കമെങ്കിലും ഈദൃശ പ്രവർത്തനങ്ങൾക്കു അത് നിയോഗിക്കുന്നതി

---

അതേ സമയം അംഗീകൃത വ്യവസ്ഥിതിക്കുള്ളിൽ അടിസ്ഥാനപരമായ ചില പരിഷ്കാരങ്ങൾ വരുത്തേണ്ടതുണ്ട്. ഉദ്യോഗസ്ഥ സമൂഹത്തിൽ നിന്നും പരിഷ്കാരങ്ങൾക്കെതിരെ ഉയരുന്ന തടസ്സങ്ങളെ ശക്തമായി ചെറുക്കണം. സേവനരംഗം പ്രവൃത്യുന്മുഖവും അർപ്പണ മനോഭാവവും ജനസേവനതല്പരതയുമുള്ളതാക്കണം. സത്യസന്ധത നഷ്ടപ്പെട്ടവരും കാര്യക്ഷമതയില്ലാത്തവരുമായവരെ ശിക്ഷിക്കാനുള്ള നിയമങ്ങൾ ഉടച്ചുവാർക്കുകയും വ്യവസ്ഥാപിത നിയമങ്ങളും നടപടിക്രമങ്ങളും മാററുകയും വേണം. സത്യസന്ധരും കാര്യശേഷിയുള്ളവരുമായവർക്ക് പാരിതോഷികങ്ങൾ നൽകുകയും അനൗപചാരിക വ്യവസ്ഥിതിയുടെ ദൂഷിതഫലങ്ങളിൽ നിന്നും അവരെ സംരക്ഷിക്കുകയും വേണം. ഇതിനനുയോജ്യമായ നടപടിക്രമങ്ങൾക്ക് രൂപം നൽകണം. അംഗീകൃത വ്യവസ്ഥിതി മെച്ചപ്പെടുത്താനും അനൗപചാരിക വ്യവസ്ഥിതിയെ നിരുത്സാഹപ്പെടുത്താനുമുള്ള കൂട്ടായ ശ്രമം നമ്മുടെ ലക്ഷ്യങ്ങളുമായും വികസന പ്രക്രിയയുമായും ഇണങ്ങിച്ചേർന്ന ഒരു ഭരണക്രമത്തിനുവഴിതെളിക്കും.

സംസ്ഥാന സമ്പദ്ഘടനയുടെ അടുത്ത പത്തു കൊല്ലത്തെ ഗതി നമ്മുടെ നേതൃത്വം പ്രോത്സാഹിപ്പിക്കുന്ന പ്രവണതകളെയും പൂർത്തീകരണത്തിനായി പടപൊരുതേണ്ടി വരുന്നവയേയും ആശ്രയിച്ചിരിക്കുന്നു. നമ്മുടെ രാഷ്ട്രീയ നേതൃത്വത്തിന്റെ ഇന്നത്തെ തലമുറ അഭിമുഖീകരിക്കുന്ന വിഷമസ്ഥിതി എന്തെന്നാൽ, എല്ലാററിനുമുള്ള പരിഹാരമാർഗ്ഗങ്ങൾ അറിയാമെന്നും എന്നാൽ തങ്ങളുടെ നില ദുർബലമാണെന്നുള്ളതിനാൽ ശരിയായ തീരുമാനങ്ങൾ കൈക്കൊള്ളാൻ തങ്ങൾക്കു കഴിയുന്നില്ലെന്നും കരുതുന്നു എന്നതാണ്. ചരിത്രത്തിന്റെ മുന്നിൽ ഇത് നേതൃത്വത്തിനേററ പരാജയമാണെങ്കിലും ജനങ്ങൾക്ക് പരാജയപ്പെടാൻ കഴിയുകയില്ലല്ലോ. □

നുള്ള തീക്ഷ്ണത, രാജാക്കൻമാരും, ദിവാൻജിമാരും, സർക്കാർ സേവകരും, പൊതുഖജനാവിലെ ഓരോ പൈസയ്ക്കും നൽകിയിരുന്ന പാവനത, കണക്കുകളുടെ ഭദ്രത, അവയെക്കുറിച്ചുള്ള ഭയം, ഇവയല്ലേ തിരു:കൊച്ചി സംസ്ഥാനങ്ങളെ രാജ്യത്തിന്റെ മുൻപന്തിയിൽ എത്തിച്ച വസ്തുതകളിൽ പ്രമുഖം? ഒരുപടി മുന്നോട്ട് കടന്നു നമുക്കു പറയാം. ലോകത്തിൽ വേറെ അധികം പ്രദേശങ്ങൾക്കു അവകാശപ്പെടുവാൻ കഴിയുമായിരുന്നില്ല, ഇത്രയ്ക്കു മെച്ചപ്പെട്ട നിയമവാഴ്ചയും, ഉറച്ചഭരണവും, ജനങ്ങൾക്കിടയിലെ സാഹോദര്യവും.

ഒട്ടുവളരെ ബ്രിട്ടീഷുകാർ ശ്രമിച്ചിട്ടുണ്ട്, ഇന്ത്യാക്കാരെ നല്ല മനുഷ്യരാക്കുന്നതിനാണ് കടലിനക്കരയിൽ നിന്നും അവർ ഇന്ത്യയിൽ വന്നതെന്നു സ്ഥാപിക്കുവാൻ. ഉജ്ജ്വലമായ സാഹിത്യരചനയുടെയും വാചാലതയുടെയും ഉടമകളായിരുന്ന റഡ്യാർഡ് കിപ്ലിംഗും വിൻസ്ററൺ ചർച്ചിലും, ഇവരിലെ വമ്പൻമാരായിരുന്നു. ഇന്നു, ഇവരുടെയൊക്കെ ആത്മാക്കൾ അസ്വസ്ഥമാണ്. അവർ പറഞ്ഞതെല്ലാം പൊള്ളയായിരുന്നു എന്ന് ചരിത്രം തെളിയിച്ചതുകൊണ്ട്. ഇന്ത്യയുടെ വിഭവസമൃദ്ധി ചൂഷണം ചെയ്യുക എന്നതായിരുന്നു ബ്രിട്ടന്റെ പരമമായ ലക്ഷ്യം. പക്ഷേ, മററൊരു വസ്തുതയും ചരിത്രത്തിന് ഏററു പറയേണ്ടി വന്നിട്ടുണ്ട്. ലക്ഷ്യപ്രാപ്തിക്ക് അവർ അവലംബിച്ച തന്ത്രങ്ങളും ഭരണശൈലിയും, അവർ അത് അത്ര വളരെ ആഗ്രഹിച്ചില്ലെങ്കിലും, നിസ്സീമമായ നന്മ ഈ രാജ്യത്തിനു കൈവരുത്തി. രാജ്യത്തിന്റെ ഏകീകരണം, നിയമാധിഷ്ടിതവും കെട്ടുറപ്പുള്ളതുമായ ഭരണം, പൊതുവെ പറയുന്നുവെങ്കിൽ, അച്ചടക്കവും ഉത്തരവാദിത്വവും മാരകഭീതിയോടെ കണ്ടിരുന്ന പൊതുജനസേവകർ, ഭരണത്തിന് ആവശ്യമായ റിക്കാർഡുകളും വിവരണങ്ങളും അർഹിക്കുന്ന ശ്രദ്ധയോടു കൂടി തയ്യാറാക്കുന്നതിനും സൂക്ഷിക്കുന്നതിനും ഉള്ള ഏർപ്പാടുകൾ, ഡിപ്പാർട്ടുമെൻറുകളുടെ പ്രവർത്തനങ്ങളിലുള്ള ചിട്ടയും ക്രമവും, ഇവയ്ക്കെല്ലാം നേതൃത്വം നൽകുന്നതിന് വാർത്തെടുത്തതും വിശിഷ്ടമെന്നു ചരിത്രം അംഗീകരിച്ചതുമായ ഒരു കേന്ദ്രീകൃത സർവീസ് (ഐ. സി. എസ്) ഇവയാണ് ഈ കൂട്ടത്തിൽ പ്രധാനം.

ഇൻഡ്യയിലെ ബ്രിട്ടീഷ് ഭരണത്തിൽ പൊതുവെ ദൃശ്യമായിരുന്ന ഈ വൈരുദ്ധ്യവിശേഷം അപ്പാടെ പ്രകടമായിരുന്നു, മലബാറിലും.

ഇൻഡ്യയിൽ മലബാറിനോളം വർണ്ണശബളമായ ചരിത്രം അവകാശപ്പെടാവുന്ന പ്രദേശങ്ങൾ അധികമില്ല. പ്രാചീന കേരളത്തിന്റെ പൈതൃകമായ ആയോധനശക്തിയുടെയും സംസ്കാരത്തിന്റെയും സങ്കേതമായിരുന്ന ഏഴിമല ഉൾപ്പെട്ട നാട്, ഹിന്ദുവും, ബൌദ്ധനും മുസൽമാനും ക്രൃസ്ത്യാനിയും ഒരു സമൂഹത്തിലെ 'താവഴികൾ' എന്നവണ്ണം കഴിഞ്ഞിരുന്ന പ്രദേശം. വിഭിന്നം ആയിരുന്നു അവരുടെ താൽപര്യങ്ങൾ. അവരിൽ ചിലരുടേയെങ്കിലും മാർഗ്ഗങ്ങൾ സ്തുത്യർഹം ആയിരുന്നുമില്ലാ. എങ്കിലും അപൂർവ്വപ്രതിഭകളുടെ ഉടമകൾ എന്ന കീർത്തി പൊതുവായി പങ്കിട്ടെടുക്കുവാൻ കഴിഞ്ഞിരുന്ന സാമൂതിരിമാരും, പഴശ്ശിരാജാവും, മാലിക്ക് ദിനാറും കുഞ്ഞാലിമരയ്ക്കാറൻമാരും, ടിപ്പുവും, വാസ്കോഡിഗാമയും അൽബുക്കർക്കും, ഡ്യൂക്ക് ഓഫ് വെല്ലിംഗ്ടണും അവരുടെ രംഗപ്രവേശനവും നായകകമ്പവും കൊണ്ട് സംഭവബദ്ധബഹുലമാക്കിയ ദിക്ക്. ഇങ്ങനെ മനം കവരുന്നതാണ്, മലബാറിന്റെ മഹത്വപരമ്പര. ഇവയെല്ലാം പഴങ്കഥകളായി മാറി. ശിഥിലവും, ഒരുവിധം പറഞ്ഞാൽ, ഉടയനില്ലാത്തതുമായ മലബാറിലേയ്ക്കാണ് 18-ാംനൂററാണ്ടിന്റെ അവസാനം, ബ്രിട്ടീഷുകാർ കടന്നുവന്നത്. അന്ന്, ഒന്നേ അവിടെ ഉണ്ടായിരുന്നുള്ളൂ. നിറത്തിനും വീര്യത്തിനും മങ്ങലേൽക്കാതെ—കുരുമുളക്.

ഈ കറുത്ത സ്വർണ്ണവും അതിന്റെ കൂട്ടിനങ്ങളും ആണ് പ്രധാനമായും അവരെ അങ്ങോട്ട് ആകർഷിച്ചത്. അവയുടെ ഉൽപാദനം, ശേഖരണം, വിപണനം ഇവ സുഗമമാക്കുന്നതിന് ഒരുറച്ച ഭരണം വേണ്ടിയിരുന്നു. വ്യവസ്ഥാപിത ഭരണം വീണ്ടും മലബാറിൽ ഊർജ്ജം പ്രാപിക്കുവാൻ ഇതു കാരണമാക്കി. അങ്ങിനെ, 1947-ൽ, ഇൻഡ്യയിലെ ഇതരഭാഗങ്ങളിൽ എന്നതുപോലെ, മലബാറിലും പ്രാബല്യത്തിൽ ഉണ്ടായിരുന്നത്, നേരത്തെ വിവരിച്ച രൂപവും ഗുണവുമുള്ള ഭരണമായിരുന്നു - കെൽപ്പും ക്രമവും നിയമത്തിന് ഔന്നത്യവും ഉണ്ടായിരുന്ന ഭരണം. കൈക്കൂലി, അഴിമതി, പൊതുജന സേവകരുടെ അഴിഞ്ഞാട്ടം, ഇവയ്ക്കു പട്ടയം നൽകാൻ ധൈര്യപ്പെടാതിരുന്ന ഭരണം.

1947 എന്ന വഴിത്തിരിവു പിന്നിട്ട നമുക്കു മുമ്പോട്ടു നീങ്ങാം. പുതിയദൃശ്യങ്ങളിലേയ്ക്കും

പഴയവയിൽ ബാക്കി വല്ലതും അവശേഷിച്ചിട്ടുണ്ടെങ്കിൽ അവയിലേയ്ക്കും കണ്ണോടിച്ചുകൊണ്ട്, ജീവിത സൗകര്യങ്ങളിലും, നിലവാരത്തിലും, പൊതുവെ വീക്ഷിക്കുമ്പോൾ കാണുന്ന ഗണ്യമായ പുരോഗതി, സാക്ഷരത്വത്തിലും ഉന്നതവിദ്യാഭ്യാസത്തിലും ആരോഗ്യസംരക്ഷണത്തിലും മുമ്പേ കൈവരുത്തിയിരുന്ന നേട്ടങ്ങളിൽ തുടരെയുണ്ടായ വളർച്ച, യാത്ര, വാർത്താ വിനിമയം ഇവയ്ക്കുള്ള സംവിധാനങ്ങൾ, മാധ്യമങ്ങൾ മുതലായവയിൽ അനുഭവപ്പെടുന്ന വൻപിച്ച വികസനം, ഇവയ്ക്കെല്ലാം മുഖ്യ സാക്ഷികളായി നാലുചുററും കറൻസി നോട്ടുകൾ പറക്കുന്ന ഒരു സാമ്പത്തികരംഗം, ഇവയാണ് പുതിയ അരങ്ങിന്റേയും ഉയർച്ചയുടേയും അടയാളങ്ങളിൽ ശ്രദ്ധേയമായവ. ഇടയ്ക്ക് ഒരു വാക്ക്. ഈ പറഞ്ഞ ഉയർച്ചയോളംതന്നെ അഗാധമായ താഴ്ചകളും സമൂഹമദ്ധ്യത്തിൽ ഉണ്ട്. പക്ഷെ പൊക്കം പെട്ടന്നു കണ്ണിൽപെടുന്നു. താഴ്ചയും പ്രത്യേകിച്ചു അതിന്റെ ആഴവും, പലപ്പോഴും പെടാതെയും പോകുന്നു. സാമ്പത്തികരംഗത്തെ ഈ ദൗർബല്യങ്ങൾ നമ്മുടെ ഈ പഠനത്തിന്റെ സീമയിൽ നേരിട്ടു വരുന്നില്ല. അതിനാൽ ഇവയിൻമേലുള്ള ചർച്ച തുടരുന്നില്ല.

എല്ലാം ഇങ്ങിനെ നഷ്ടപ്പെട്ടു എന്നൊക്കെ പറയുമ്പോൾ കുറെ വിശദീകരണങ്ങൾ വേണ്ടിവരുന്നു. സമുദായ സൗഹാർദ്ദത്തിനും, ക്രമസമാധാനത്തിനും, വിദ്യാദാനത്തിനും നൽകിയിരുന്ന ശ്രദ്ധകഥാവശേഷമായി പോയി, കേരളത്തിൽ എന്നു പറഞ്ഞാൽ സത്യക്കേടു തന്നെ. അവയുടെ പിന്നിൽ വർത്തിച്ചിരുന്ന മൂല്യങ്ങൾ നഷ്ടപ്പെട്ടുപോയി എന്നേ നമ്മൾ പറയുന്നുള്ളൂ.

മനുഷ്യനും മനുഷ്യനും തമ്മിൽ ദൈവദത്തമായുള്ള സാഹോദര്യമാണ് മുമ്പ് ഇവിടെ പോഷിപ്പിച്ചത്, വിരാജിച്ചത് എങ്കിൽ, ഇന്നാകട്ടെ, കുറെ അവസരങ്ങളിലും, കുറെ സ്ഥലങ്ങളിലും എങ്കിലും തൽസ്ഥാനത്ത് പ്രവർത്തിയ്ക്കുന്നത് ചില കണക്കു കൂട്ടലുകളാണ്. സാഹോദര്യം, കലഹത്തിന് വഴിമാറികൊടുക്കുമ്പോൾ തൻമൂലം തങ്ങളുടെ ഗവൺമെൻറിന്റെ നിലനിൽപിന് ഉലച്ചിലുകൾ വല്ലതും വന്നുകൂടുമോ, വോട്ടുകാലത്ത് വോട്ടുബാങ്കുകൾക്ക് എത്ര വളരെ ഇളക്കം ഉണ്ടാകും, ഇങ്ങനെ പോകും ഈ കണക്കു കൂട്ടലുകൾ.

സമാധാന പാലനത്തിന് രാജ്യത്തിന്റെ നിയമങ്ങൾ വ്യക്തമായഭാഷയിൽ അധികാരികളേയും അവർ അനുസരിയ്ക്കേണ്ട നടപടി ക്രമങ്ങളേയും ചൂണ്ടികാണിച്ചിരിയ്ക്കേ അതാതു സ്ഥലത്തെ നേതാക്കൻമാരുടെ അഭിമതത്തിന്, ഒരളവുവരെയെങ്കിലും, ഇവയെല്ലാം വിധേയമാക്കുന്ന പ്രവണത അസാധാരണമല്ലാ ഇന്നു.

വെറും നാല്പതുകൊല്ലം കൊണ്ട് ഭരണമണ്ഡലത്തിന് ഇത്ര വളരെ തകർച്ച എങ്ങനെ വന്നു? ആരെല്ലാമാണ് ഇതിന്റെ മുഖ്യകാർമ്മികർ, മുഖ്യവീഴ്ചക്കാർ?

മറുപടി പൂർണ്ണതയുടെ അടുത്തെങ്ങാൻ എത്തണമെങ്കിൽ, ഒന്നിൽ കൂടുതൽ പുസ്തകങ്ങൾ തന്നെ രചിയ്ക്കേണ്ടിവരും.

ചുരുക്കിപറഞ്ഞു കളയാം. 1947-ലെ വഴിത്തിരിവിനെ തുടർന്ന് ഇവിടെ നമ്മൾ പടുത്തുയർത്തിയ പ്രജായത്ത ഭരണത്തിന് പാളിച്ചകൾ വന്നു, വളരെ. ഈ സമ്പ്രദായം വിജയിക്കുന്നതിന് അവശ്യം അനുസരിക്കേണ്ട പ്രമാണങ്ങൾ വിസ്മരിയ്ക്കപ്പെട്ടു. സമൂഹത്തിന്റെ താല്പര്യങ്ങൾ, വ്യക്തികളുടെ കടന്നാക്രമണങ്ങളിൽ നിന്നു സംരക്ഷിക്കുന്നതിന് എത്ര എത്ര വരമ്പുകളാണ്, തലമുറകളായി കെട്ടി ഉറപ്പിച്ചിരുന്നത്. സമാധാനപാലനത്തിനുള്ളതുപോലെയുള്ള ഒരായിരം നടപടി ക്രമങ്ങൾ, വ്യവസ്ഥകൾ. യോഗ്യതകൾ, കീഴ്വഴക്കങ്ങൾ, എന്നിങ്ങനെ പോകുന്നു ഈ വരമ്പുകളുടെ പട്ടിക. രാഷ്ട്രീയത്തിന്റെ അലയടിയിൽപെട്ട് ഇവ വളരെ അധികം ഉലഞ്ഞുപോയി. വരമ്പുകളുടെ കാവൽക്കാർ ചെവിയും കണ്ണുമില്ലാത്തവരായിത്തീർന്നു, പലപ്പോഴും.

പ്രജായത്തഭരണത്തിന്റെ കരുത്ത്, അത് ജനങ്ങൾക്കുവേണ്ടി, ജനങ്ങളാൽ നിർവഹിക്കപ്പെടുന്ന ഭരണം ആണെന്നുള്ളതാണ്. ഈ കരുത്തിന്റെ പിന്നിൽ തന്നെ ഒളിച്ചിരിപ്പുണ്ട്, അതിന്റെ ദൗർബല്യവും. ഭരണത്തിന് നിയോഗിക്കപ്പെട്ടവരിൽ നിന്നും, അവരെ നിയോഗിച്ചവർ കാംക്ഷിക്കുന്ന വിധേയത്വം.

പ്രത്യുപകാരം പ്രതീക്ഷിയ്ക്കുന്ന സാധാരണ സമ്മതിദായകർ, കൗശലവും പ്രയത്നവും കൊണ്ട് സമ്മതിയുടെ നേട്ടവും വിജയവും ആസൂത്രണം ചെയ്ത്, അവയുടെ വില വാങ്ങാൻ ആർത്തിയുള്ള സംഘാടകർ, തങ്ങൾ

അർഹിക്കുന്ന അംഗീകാരം എന്നും മോഹിക്കുന്ന സ്ഥിരം രാഷ്ട്രീയക്കാർ, ഇവരൊക്കെയാണ് രണ്ടാമതു പറഞ്ഞ കൂട്ടർ—വിധേയത്വം ആഗ്രഹിക്കുന്നവർ.

ഇത്തരം പ്രതീക്ഷയും ആർത്തിയും ഒക്കെ വെറും മാനുഷികം മാത്രമാണ്, സാധാരണമാണ്. തലമുറകൾക്ക് മുമ്പേ നമ്മുടെ ഇന്നത്തെ ഭരണസമ്പ്രദായം വരിച്ച രാജ്യങ്ങളാണ് ഇംഗ്ലണ്ടും ഫ്രാൻസും അമേരിക്കയും നമ്മുടെ രാജ്യത്തുള്ളതിനേക്കാൾ എത്രയോ മെച്ചപ്പെട്ട സാമ്പത്തികഭദ്രതയും അവസരങ്ങളുമാണ് ഈ രാജ്യങ്ങളിലെ ജനങ്ങൾക്കുള്ളത്. എങ്കിലും, ഒട്ടും കുറവല്ല അവിടേയും, രാഷ്ട്രീയബന്ധങ്ങളിൽനിന്നും ലാഭമുണ്ടാക്കുന്നതിനുള്ള പ്രവണത. ഒരു സാർവലൗകിക പ്രതിഭാസമാണ് നമ്മൾ ഇവിടെ നേരിടുന്നത് എന്നുവരെ പറയാം.

പക്ഷേ ഈ രാജ്യങ്ങൾ ഒന്ന് ചെയ്തു. ഈ പ്രതിഭാസത്തെ ആവും വിധം നിയന്ത്രിച്ചുനിറുത്തുന്നതിന് വേണ്ട ഒരു സംവിധാനത്തെ അവർ വളർത്തിയെടുത്തു. അവരുടെ സുശക്തമായ സിവിൽ സർവീസാണിത്. തൻമൂലം നമ്മുടെ രാജ്യത്ത് സംഭവിച്ചതുപോലെ ഭരണമണ്ഡലത്തിലെ വരമ്പുകൾക്ക് ഒന്നും അവിടെ ഉലച്ചിൽ സംഭവിച്ചില്ല. മറിച്ച്, വരമ്പുകൾ കൂടുതൽ പ്രബലമായി, കാവൽക്കാർ കൂടുതൽ ഊർജ്ജസ്വലരും.

1947-നു ശേഷം ഉദ്ദേശം അഞ്ചിരട്ടി ആയി വർദ്ധിച്ചിട്ടുണ്ട്, ഇവിടുത്തെ സർക്കാർ ജീവനക്കാരുടെ സംഖ്യ. സർക്കാർ ഭരണത്തിന്റെ കാര്യക്ഷമതയ്ക്ക് ഒരു കോട്ടവും വരികയില്ല, ഈ സംഖ്യ മൂന്നിൽ ഒന്നായി കുറയ്ക്കുന്നതിന് ആരെങ്കിലും ധൈര്യപ്പെട്ടാൽ. പക്ഷേ, പ്രശ്നം വളരെ സങ്കീർണ്ണമാണ്. അതിന്റെ ചർച്ച നമ്മുടെ ഈ ലേഖനത്തിൽ ഒതുക്കി നിറുത്തുവാൻ നമ്മൾ ശ്രമിയ്ക്കേണ്ട.

നമ്മുടെ ധനമന്ത്രിയായിരുന്ന ശ്രീ. കെ. എം. മാണി കുറെ മുമ്പു പ്രസ്താവിച്ചിരുന്നതായി ഓർക്കുന്നു, കേരളസർക്കാരിന്റെ ചിലവിൽ 65 ശതമാനത്തോളം ഉദ്യോഗസ്ഥമണ്ഡലത്തിന്റെ ശമ്പളവും അലവൻസും ആണെന്നും. ഈ കണക്കു തന്നെ അല്പം ലാഘവമാണ്. ഇവരുടെ സേവനം പൊതുജനങ്ങൾക്ക് എത്തിച്ചു കൊടുക്കുന്നതിന് വേറെയും ചിലവില്ലേ? ടെലഫോൺ, ടെലക്സ്, വാഹനങ്ങൾ, സ്റേറഷനറി മുതലായവയുടെ വകയിൽ. ഇതും കൂടി ചേർക്കുമ്പോൾ ശതമാനം പിന്നെയും ഉയരും—ഏതാണ്ട് 75 വരെ! ബാക്കിയുള്ള 25 ശതമാനം കൊണ്ടു വേണം, നാടു നന്നാക്കുവാൻ!

ഒരു കേരളീയന്റെ വാർഷികവരുമാനം 2,000 രൂപ തികയുകയില്ല. അതേ സമയം ശമ്പളവും അലവൻസുകളും കൂടി 6.000 രൂപയ്ക്കു മേൽ ഖജനാവിൽ നിന്നും പററുന്ന സേവകരുടെ എണ്ണം കുറെ ആയിരം വരും. ലക്ഷത്തിനു മേൽ പററുന്ന വരുടേത്, അനേകദശങ്ങളും.

പകുതിയിലധികം ആളുകൾ സാമ്പത്തികാരിഷ്ടതയിൽ കഴിയുന്ന ഈ സ്റേററിലെ ഈ ഭാഗ്യവാൻമാർക്കു ഇവിടത്തെ പൊതുജനങ്ങളോടു ചില ബാധ്യതകളില്ലേ? ഗവൺമെൻറിന്റെ ഏതെങ്കിലും ചെയ്തി പാടെ പാളം തെററി നീങ്ങുന്നതായി കാണുമ്പോൾ ഒക്കെ, ''അരുത്'' എന്നു പറയേണ്ടത്, ഇവരല്ലെ? ജനസേവകർക്കു യോജിച്ച ശൈലിയിലും സ്വരത്തിലും, എന്നാൽ ദാർഢ്യലോഭം കൂടാതെയും ഇതു പറയുന്നവരാണ്, പൊതുവിൽ ഇവിടത്തെ ഉദ്യോഗസ്ഥൻമാർ എങ്കിൽ നമ്മുടെ ഗവൺമെൻറുകളുടെ മാററ് എത്രയ്ക്കുയരും എന്ന് ചിന്തിയ്ക്കുക.

ഇവയിലും ഗൗരവമേറിയ ചോദ്യങ്ങളാണ് ഇവിടത്തെ ഭരണസാരഥികളും ജനനേതാക്കളും ബുദ്ധിജീവികളും സ്വയം ചോദിക്കുവാനുള്ളത്. ഭരണമണ്ഡലത്തിൽ അത്യന്താപേക്ഷിതമാണെന്നു നമ്മൾ ഇവിടെ ഉന്നയിച്ച വരമ്പുകളുടെ ഭദ്രതയും കാവലും, രാഷ്ട്രീയ സമ്മർദ്ദങ്ങളുടെ ഇടയ്ക്ക് ക്രമീകരണ സംവിധാനങ്ങളുടെ കർക്കശമായ പ്രവർത്തനവും, ഒന്നും കൂടാതെ സമൂഹത്തിലെ കാര്യങ്ങളും, ഭരണവും, ഒക്കെ ഏകയോഗക്ഷേമമായി അങ്ങ് പൊയ്ക്കൊള്ളും എന്നതുറപ്പാണെങ്കിൽ, ഇത്ര വമ്പിച്ച വേതനം പററുന്ന ഉദ്യോഗസ്ഥൻമാർ, ഇത്ര അധികം നമുക്കു വേണമോ? രാജ്യത്തിന്റെ വരുമാനത്തിൽ 75 ശതമാനംവരെ, ഇതിനായി ചിലവാക്കുന്നത് നീതിയാണോ? □

# ജമാഅത്ത് പുനഃസംഘടനയ്ക്ക് ഒരു മാർഗ്ഗരേഖ*

**ടി. പി. കുട്ടിയമ്മു**

പാളയം ജുമാ മസ്ജിദിന്റെ പുനർനിർമ്മാണം ഏതാണ്ട് പൂർത്തിയായി ഉദ്ഘാടനം കഴിഞ്ഞു. നമ്മുടെ മഹല്ലിലെ സാമൂഹ്യ സാംസ്കാരിക നവോത്ഥാനത്തിലെ ഒരു മൈൽകുററിയായി ഇതിനെ കണക്കാക്കേണ്ടതും പുരോഗമനത്തിനുള്ള പുതിയ പരിശ്രമങ്ങൾ ഇതോടൊപ്പം ആരംഭിക്കേണ്ടതുമാണ്. പള്ളിക്കെട്ടിടം ഒരു നിർജ്ജീവവസ്തുവാണ്. അതിനു ജീവൻ നൽകുന്നത് അതുമായി ബന്ധപ്പെട്ട സമൂഹത്തിന്റെ വളർച്ചയും വിജയവും മാത്രമാണ്. വലിയ പ്രതീക്ഷകളോടു കൂടിയായിരുന്നു ഈ പുനർനിർമ്മാണ പദ്ധതി നമ്മൾ ആരംഭിച്ചത്. കേരള സംസ്ഥാനത്തിന്റെ തലസ്ഥാനനഗരിയുടെ ഹൃദായന്തർഭാഗത്ത് താമസിക്കുന്ന മുസ്ലിംകളുടെ മതപരവും, സാമുദായികവും, സാംസ്കാരികവുമായ ഉന്നമനത്തിനു വേണ്ടുന്ന പരിശ്രമങ്ങൾ സംഘടിപ്പിക്കാമെന്നും, ഇത് കേരളത്തിന്റെ മററു ഭാഗങ്ങളിൽ താമസിക്കുന്നവർക്ക് മാതൃകയാകുമെന്നും നമ്മൾ പ്രതീക്ഷിച്ചു. ഓജസ്സോടു കൂടി മുന്നോട്ടു നീങ്ങുന്ന ഒരു സമുദായത്തിനു അനുയോജ്യമായ നിലയിൽ ഈ പള്ളിയെ കേന്ദ്രമാക്കിക്കൊണ്ട് പല വിധത്തിലുള്ള പ്രവർത്തനങ്ങൾ ഇവിടെ വളർന്നു വികസിക്കുമെന്ന് നമ്മൾ ആശിച്ചു. ആത്മവിശ്വാസത്തോടും ഐക്യത്തോടും കൂടി നാം കഠിനമായി അദ്ധ്വാനിക്കുന്ന പക്ഷം (ഇൻഷാ അല്ലാഹ്) ഇതെല്ലാം സാദ്ധ്യമാകുന്നതാണ്.

2. വിശ്വാസവും, യോജിപ്പും, കഠിനാദ്ധ്വാനവും (''ഈമാൻ, അഅ്മാലുസ്സാലിഹാത്ത്'' എന്നറിയപ്പെടുന്ന ഈ ഗുണങ്ങൾ) തന്നെയാണ് നമ്മുടെ മതത്തിന്റെയും, സംസ്കാരത്തിന്റെയും കാതലായ ഭാഗങ്ങൾ. അല്ലാഹുവിന്റെ ഏകത്വത്തിലും, മനുഷ്യസമുദായത്തിന്റെ സർവ്വസാഹോദര്യത്തിലും വിശ്വസിച്ചു സൽക്കർമ്മങ്ങൾ ചെയ്യുവാൻ നാം തയ്യാറാകണം. ഇതല്ലാതെ മറെറാരു വിചാരവും നമ്മിലുണ്ടാകരുത്. വ്യക്തിപരമായ മുൻവിധികളോ, സ്വാർത്ഥതാൽപര്യങ്ങളൊ, ഇസ്ലാമല്ലാത്ത എന്തിനോടെങ്കിലുമുള്ള അനുസരണമോ നമ്മെ തീണ്ടുവാൻ പോലും പാടില്ല. നല്ലപോലെ അന്വേഷിക്കുകയും ആലോചിക്കുകയും ചെയ്തശേഷം പഴയമാമൂലുകളും, സമ്പ്രദായങ്ങളും, കൈവെടിയേണ്ടി വന്നാൽ അങ്ങനെ ചെയ്യുന്നതിലോ പുതിയവ സ്വീകരിക്കുന്നതിലോ അലസത കാണിക്കരുത്. വീണ്ടുവിചാരം കൂടാതെ പഴയതെല്ലാം വലിച്ചെറിയുകയും, പുതിയതുകയറിപിടിക്കുകയും ചെയ്യുന്നതും ശരിയല്ല. ഏതഭിപ്രായം വന്നാലും അതാരാണ് പറഞ്ഞത് എന്ന് നോക്കാതെ അതിലെ ന്യായാന്യായങ്ങളെപ്പററി തുറന്ന മനസ്സോടുകൂടി ചിന്തിച്ച്, അതിന്റെ എല്ലാ വശങ്ങളെപ്പററിയും ശരിയായി അന്വേഷിച്ചും അത് ഇസ്ലാമിക വിധികളുമായി തികച്ചും പൊരുത്തപ്പെടുന്നതാണെന്ന് ഉറച്ചുകഴിഞ്ഞാൽ പ്രായോഗികമാർഗ്ഗത്തിൽ കൂടി അത് നടപ്പിൽ വരുത്തേണ്ടതാണ്. ഇങ്ങനെ ചെയ്താൽ നമ്മുടെ അടിസ്ഥാനത്തിൽ ഉറച്ചുകൊണ്ടും, നമ്മുടെ ഐക്യത്തെ നിലനിർത്തിക്കൊണ്ടും നമുക്കു മുന്നോട്ടു പോകാം. ഐക്യത്തിന്റെ പേരിൽ നിശ്ചലമായിരിക്കുന്നത് മരണതുല്യമാണ്. നേരെ മറിച്ച് ചലനത്തിന്റെ പേരിൽ ഐക്യം തകർക്കുന്ന എന്തെങ്കിലും ചെയ്യുന്നതും ശരിയല്ല.

3. നമുക്ക് അടുത്ത രണ്ടു മൂന്നു വർഷങ്ങൾക്കുള്ളിൽ ചെയ്യാവുന്ന ചില സംഗതികൾ ഞാൻ വിശദീകരിക്കാം. അതെല്ലാം പെട്ടെന്നു സ്വീകരിക്കുവാൻ നമുക്ക് പ്രയാസമുണ്ടായേക്കും. എന്നാൽ പെട്ടെന്നു തള്ളിക്കളയരുത് എന്ന അപേക്ഷയുണ്ട്. അല്ലാഹുവിന്റെ സഹായത്താൽ എനിക്കുണ്ടായിട്ടുള്ള സുദീർഘമായ പരിചയത്തി

* 1967 ഡിസംബർ 27-ാം തീയതി പാളയം മസ്ലീം ജമാഅത്ത് ഭാരവാഹികൾക്ക് എഴുതിയ കത്തിൽ നിന്ന്.

ന്റെ വെളിച്ചത്തിൽ ആലോചിച്ചു രൂപീകരിച്ചിട്ടുള്ളതാണ് ഞാൻ ഉന്നയിക്കുന്ന പദ്ധതികൾ. ഇതിനെപ്പററിയെല്ലാം വളരെ ആകാംക്ഷയോടു കൂടി ആഴമായി തന്നെ ഞാൻ ആലോചിച്ചിട്ടുണ്ട്. അതെല്ലാം ഈ മഹല്ലിലുള്ള ഓരോ വ്യക്തിക്കും പ്രത്യേകം പ്രത്യേകമായും സമുദായത്തിനു പൊതുവായും വളരെ ഗുണം ചെയ്യുമെന്നു. ഞാൻ നിഷ്കളങ്കമായി വിശ്വസിക്കുന്നു. എന്നാലും നിങ്ങളിൽ ചിലർക്കു എന്തെങ്കിലും ചില സംശയങ്ങൾ ഉണ്ടായേക്കും. അത്തരം സംശയങ്ങൾ തീർക്കുവാൻ സമയം വേണം. അത് ശരിയാണ്. അങ്ങനെ ചെയ്യുന്നത് നന്ന്. ഈ കുറിപ്പ് മഹല്ലിലെ അംഗങ്ങളുടേയും അവരുടെ ഗുണകാംക്ഷികളുടേയും മുമ്പിൽ വെച്ച്, അവരുടെ പൊതുവായ പ്രതികരണം അറിയുന്നത് ആവശ്യമാണെങ്കിൽ അങ്ങനെയും ചെയ്യാം. നല്ലപോലെ ആലോചിച്ചു വേണ്ടപ്പെട്ടവരോടെല്ലാം അന്വേഷിച്ചു തീരുമാനങ്ങൾ എടുത്താൽ മതി. പക്ഷെ നാമെടുക്കുന്ന തീരുമാനം സമുദായത്തിന്റെ ഗുണത്തെ മാത്രം ലാക്കാക്കിയുള്ളതായിരിക്കണം.

4. നമ്മുടെ ഖബറിസ്ഥാൻ അൽപമെങ്കിലും കുറഞ്ഞുപോവുമെന്നുള്ള ശങ്ക ആർക്കും ഉണ്ടാകേണ്ടതില്ലെന്ന് ആദ്യമേ ഉറപ്പു നൽകുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. പള്ളിയുടെ പടിഞ്ഞാറുവശത്തു ഇപ്പോൾ കെട്ടിയിട്ടുള്ള കട്ടിച്ചുമർ ഖബറിടത്തെ പ്രത്യേകം വേർതിരിച്ചു സ്ഥാപിച്ചിട്ടുണ്ട്. ഇപ്പോഴുള്ള വിസ്തീർണ്ണം കുറയുന്ന ഒരു പദ്ധതിയും ഞാൻ ഉന്നയിക്കുന്നില്ല. ഖബറിടത്തിൽ കിടക്കുന്നകല്ലും, തടിയും, മററു സാധനങ്ങളും നീക്കി, ആവശ്യമല്ലാത്ത മരങ്ങൾ വെട്ടി ഒഴിച്ചു കഴിഞ്ഞാൽ ഖബറിസ്ഥാൻ മുഴുവനും ഭംഗിയായിലവൽ ചെയ്തു. ഖബറുകൾ വേർതിരിച്ചു കാണിച്ചു ടർഫു ചെയ്തു വൃത്തിയാക്കിവെക്കാവുന്നതാണ്. അങ്ങനെ വെക്കേണ്ടതുമാണ്. കൃസ്ത്യാനികളുടെ ചർച്ച് വളപ്പിൽ ശവകുടീരങ്ങൾ ഭംഗിയായി വെച്ചത് നാം കാണുന്നുണ്ടല്ലോ ഖബറിസ്ഥാനെ വൃത്തിയായി സൂക്ഷിച്ചാൽ സിയാറത്തിന്നും മററും നല്ല സൗകര്യം ലഭിക്കും. ഖബറിസ്ഥാൻ വടക്ക് സ്റേറഡിയം റോഡിനെ അഭിമുഖീകരിച്ചു ഒരു വരിഷോപ്പുകൾ നിർമ്മിക്കുവാനുള്ള ഒരു പദ്ധതി ഞാൻ താഴെ 17-ാം ഖണ്ഡികയിൽ വിവരിക്കും. പക്ഷെ അത് കൊണ്ട് ഖബറിടത്തിന്റെ വിസ്തീർണ്ണം കുറയുകയില്ല.

5. അഹ്ലുസ്സുന്നത്തിവൽ ജമാഅത്തിലെ ഹനഫിമദ്ഹബനുസരിച്ചുള്ള പ്രാർത്ഥനാസമ്പ്രദായങ്ങളെ മാററിമറിക്കുമെന്ന് ചിലർ ഭയപ്പെടുന്നുണ്ട്. എന്നെ സംബന്ധിച്ചിടത്തോളം ഇങ്ങനെയുള്ള യാതൊരാലോചനയും ഇല്ലെന്ന് ഉറപ്പു പറയാം. ഈ പള്ളി എല്ലാ മുസ്ലിംകൾക്കും തുറന്നിടുകയും ഓരോ വ്യക്തിയും അവരവർക്കു ഇഷ്ടമുള്ള മദ്ഹബ് അനുസരിച്ചു പ്രാർത്ഥിക്കുന്നത് അനുവദിക്കുകയും ചെയ്തുകൊണ്ടു തന്നെ, നിശ്ചിതസമയങ്ങളിലുള്ള കൂട്ടപ്രാർത്ഥനയും, ഖുതുബയും ഹനഫീമദ്ഹബ് അനുസരിച്ചായിരിക്കണമെന്ന സമ്പ്രദായം നാം സ്വീകരിച്ചിട്ടുള്ളതാണ്. അത് നല്ലതുമാണ്. നമുക്ക് ഇതിൽ തന്നെ ഉറച്ചുനില്ക്കാം. നമ്മുടെ ചർച്ചകളിൽ വഹാബി, മൗദൂദി, ബാഖവി എന്നൊക്കെ വ്യക്തികളെ പരാമർശിച്ചു പറയാറുണ്ട്. ഇതനാവശ്യമാണ്. ജീവനുള്ള ഒരു സമൂഹമായതുകൊണ്ട് നമ്മുടെ ഇടയിലും പലവിധ അഭിപ്രായങ്ങളും, പാർട്ടികളുമുണ്ട്, അഭിപ്രായവ്യത്യാസങ്ങൾ അനുയോജ്യമായ ലവലുകളിൽ ചർച്ചച്ചെയ്തുകൊള്ളുന്നതാണ്. അതിലേയ്ക്കു നാം കടന്നുചെല്ലേണ്ടതില്ല. ഏതു പദ്ധതി വന്നാലും അതിന്റെ ന്യായാന്യായങ്ങളെയും ഗുണദോഷങ്ങളെയും പററി പരിശോധിച്ചു സ്വീകരിക്കുകയോ, തള്ളുകയോ മാത്രമാണ് നമുക്ക് ഭൂഷണം. ഉത്തമ വിശ്വാസത്തോടു കൂടി സമചിത്തതയോടു കൂടി ഇങ്ങനെ ഒരു സമീപനം സ്വീകരിച്ചാൽ നമ്മുടെ ഐക്യം നിലനിൽക്കും, നമുക്ക് ശക്തിയുണ്ടാകും, ചലനവുമുണ്ടാകും, ഇതു നാം മറക്കരുത്.

6. ഈ ജമാഅത്തിന്റെ നടത്തിപ്പിനെ പററിയാണ് ചിലപ്പോഴൊക്കെ അഭിപ്രായവ്യത്യാസം ഉയർന്നു വരാറുള്ളത്. പാളയം മഹല്ലിൽ താമസിക്കുന്ന എല്ലാ മുസ്ലിംകൾക്കും ഇതിലെ അംഗത്വം അനുവദിക്കപ്പെട്ടിട്ടുണ്ട്. അത് തികച്ചും ശരിയുമാണ്. എന്റെ സ്വന്തം അഭിപ്രായം ഇവിടെ സ്ഥിരമായോ, താൽക്കാലികമായോ താമസിക്കുന്ന എസ്സാ മുസ്ലിംകൾക്കും ഇതിൻെറ ജമാഅത്തിൽ ഫലപ്രദമായ പങ്ക് ഉണ്ടായിരിക്കേണമെന്നാണ്. ജമാഅത്ത് ഭരണം ആരുടേയും കുത്തകയായിതീരരുത്. കമ്മിററി മെമ്പർമാർ അവരുടെ അധികാരവും, പ്രതാപവും പ്രകടിപ്പിക്കുവാനല്ല, നേരെ മറിച്ച് സമുദായത്തിന് ഗുണകരമായ കാര്യങ്ങൾ ചെയ്യുവാൻ തയ്യാറുള്ള സേവകൻമാരായിത്തീരുവാനാണ് ശ്രമിക്കേണ്ടത്. പല കാര്യങ്ങളും ചെയ്യുവാനുള്ളതുകൊണ്ടും അതെല്ലാം കമ്മിററി അംഗങ്ങളാൽ ചെയ്തു

തീർക്കുവാൻ സാധിക്കാതെ പോയേക്കാവുന്നതു കൊണ്ടും ആവശ്യവും സന്ദർഭവും അനുസരിച്ചു പ്രത്യേകം, പ്രത്യേകം സബ് കമ്മിററികളെ ഏൽപിക്കുന്നത് നന്നായിരിക്കും. ശാസ്തമംഗലം, നന്തൻകോട്, പേരൂർക്കട മുതലായ ഓരോ പ്രദേശത്തും തക്യാവും മദ്രസയും ഏർപ്പെടുത്തി നടത്തുവാനും, മതവിദ്യാഭ്യാസം, സ്ററഡി ക്ലാസുകൾ, മതപ്രസംഗങ്ങൾ എന്നിവ സംഘടിപ്പിക്കുവാനും, തബ്ലീഗ്, ഫിത്തർ സക്കാത്ത്, ബൈത്തുൽമാൽ മുതലായവ സംഘടിപ്പിക്കുവാനും മററും പ്രത്യേക കമ്മിററികൾ ആകാവുന്നതാണ്. മഹല്ലിലെ തർക്കങ്ങൾ പറഞ്ഞു തീർക്കുവാൻ സാധുജനങ്ങളെ സഹായിക്കുവാൻ എന്നിങ്ങനെ പല കാര്യങ്ങൾക്കും കമ്മിററികൾ ആകാം. അപ്പോൾ ജമാഅത്ത് എക്സിക്യൂട്ടീവ് ഒരു ശരിയായ ഉന്നതാധികാരസമിതിയായി പരിലസിക്കും. വലിയ കാര്യങ്ങൾ ശ്രദ്ധിക്കുവാനും, വലിയ നിലവാരത്തിൽ കാര്യങ്ങൾ ആസൂത്രണം ചെയ്യുവാനും സാധിക്കും.

7. പള്ളിയിൽ സ്ത്രീകൾക്കുവേണ്ടി പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനെപററിയാണ് അനാവശ്യവും, നിർഭാഗ്യകരവുമായ തർക്കങ്ങൾ ഉയർന്നു വന്നത്. ഈ വിഷയത്തിൽ വളരെയധികം തെററിദ്ധാരണകൾ പ്രചരിച്ചിട്ടുള്ളതുകൊണ്ട് ഞാൻ അൽപം വിശദമായിതന്നെ ഇതിനെപ്പററി ചർച്ച ചെയ്യാം. തുറന്ന മനസ്സോടുകൂടി ശ്രദ്ധിക്കണമെന്നപേക്ഷ. ഇസ്ലാമിക സമൂഹത്തിൽ പുരുഷൻമാർക്കും, സ്ത്രീകൾക്കും പ്രത്യേകം പ്രത്യേകം ഉത്തരവാദിത്വങ്ങളും സ്ഥാനങ്ങളും നിശ്ചയിച്ചിട്ടുണ്ട്. അവർ യാതൊരു വ്യവസ്ഥയും കൂടാതെ ഒരുമിച്ചു കലർന്ന് പെരുമാറുന്നത് ഇസ്ലാം സമ്മതിക്കുന്നില്ല. കഴിയുന്നിടത്തോളം ഗൃഹഭരണത്തിലേർപ്പെട്ടു അടങ്ങി ഒതുങ്ങി കഴിയുന്നത് തന്നെയാണ് വനിതകൾക്ക് ഭൂഷണം. നമസ്കാരത്തിനുവേണ്ടി സ്ത്രീകൾ പള്ളികളിൽ ചെല്ലുവാൻ നിർബന്ധിക്കുകയോ, പ്രോത്സാഹിപ്പിക്കുകയോ ചെയ്യേണ്ടതില്ല. പക്ഷെ സന്ദർഭവശാൽ അവർ പള്ളികളിൽ പോകേണ്ടിവന്നാൽ അത് വിരോധിക്കരുത്. അതിനു വേണ്ടുന്ന സൗകര്യങ്ങൾ ചെയ്തു കൊടുക്കുകയും വേണം. ഇതാണ് ഇസ്ലാമിൻെറ വിധിയും ഇതിനെപ്പററിയുള്ള ശരീഅത്തു നിയമവും. അഹ്ലുസ്സുന്നത്തുവൽ ജമാഅത്തിലെ ഹനഫിമദ്ഹബും, മററെല്ലാ മദ്ഹബുകാരും സ്വീകരിച്ചിട്ടുള്ള തർക്കമററ വിധിയാണ് ഇത്.

8. റസൂൽകരീം (സ) തിരുമേനിയുടെ കാലം മുതൽ ഈ സമ്പ്രദായം നടപ്പിലുണ്ടായിരുന്നു. മദീനായിലെ മസ്ജിദുന്നബവിയിൽ വനിതാവിഭാഗം മിക്കപ്പോഴും പ്രാർത്ഥനക്ക് ചെന്നിരുന്നു. പലരും മറകെട്ടി ഇഅ്ത്തികാഫിനിരുന്നിട്ടുള്ള വിവരം ചരിത്രത്തിൽ രേഖപ്പെട്ടിട്ടുണ്ട്. കഅബത്തുശ്ശരീഫിലും മററും പുരുഷൻമാരും സ്ത്രീകളും വേറെവേറെ സ്വഫ്ഫുകളായി പ്രാർത്ഥനയിൽ ചേർന്നതു ഹജ്ജിനു പോയിട്ടുള്ള നമ്മുടെ സ്നേഹിതൻമാർ കണ്ടതാണല്ലോ. മലേഷ്യയിലും, മററും സ്ത്രീകൾ സാധാരണയായി എല്ലാ പള്ളികളിലും പ്രാർത്ഥനക്കു ചേരുന്നുണ്ട്. മുന്നൂറു വർഷങ്ങൾക്ക് മുമ്പ് ഷാജഹാൻ ചക്രവർത്തി നിർമ്മിച്ച ഡൽഹിയിലെ വിശ്വവിശ്രുതമായ ജുമാമസ്ജിദിൽ സുന്നി ഹനഫീ സമ്പ്രദായമാണ് നിലവിലുള്ളത്. പ്രാർത്ഥനയിൽ ഉച്ചഭാഷിണി ഉപയോഗിക്കുവാൻ പോലും വൈമനസ്യം കാണിക്കത്തക്കവണ്ണം അത്രയും യാഥാസ്ഥിതികരാണ് അവർ. പലപ്പോഴും ഞാൻ അവിടെ പ്രാർത്ഥനയിൽ പങ്കുചേർന്നിട്ടുണ്ട്. നൂറുകണിക്കിനു വനിതാസഹോദരികൾ അവിടെ പകൽ സമയങ്ങളിൽ പ്രാർത്ഥനയിൽ ചേരുന്നു. യാതൊരു ഒച്ചപ്പാടും കൂടാതെ അവർ വന്നു പ്രാർത്ഥനയിൽ ചേരുന്നു. പ്രാർത്ഥന കഴിഞ്ഞാൽ സാവധാനത്തിൽ പിരിഞ്ഞു പോകുന്നു. അസാധാരണമായി അവിടെ ഒന്നും കാണുന്നില്ല. ഇതിനേക്കാൾ പഴക്കമുള്ളതും ലോകപ്രസിദ്ധമായതുമായ ശ്രീനഗറിലെ ഹസ്രത്ത്ബാൽ മസ്ജിദിലും ഒരു ജുമാ നമസ്കാരത്തിന്നു കൂടുവാൻ എനിക്ക് ഭാഗ്യം സിദ്ധിച്ചു. അവിടെയും പുരാതനമായ സമ്പ്രദായങ്ങൾ അനുസരിച്ചു തന്നെയാണ് പ്രാർത്ഥന നിർവ്വഹിക്കുന്നത്. പ്രാർത്ഥനക്ക് മുമ്പ് അറബി, ഉർദു, കാശ്മീരി ഭാഷകളിൽ ദറൂദും പ്രസംഗങ്ങളുമെല്ലാം ഉണ്ടെങ്കിലും പ്രാർത്ഥന മുഴുവൻ അറബിഭാഷയിൽ ഉച്ചഭാഷിണിയില്ലാതെ നടത്തുന്നു. എന്നാൽ അവിടെയും സ്ത്രീകൾ പ്രാർത്ഥനയിൽ പങ്കു ചേരുന്നു. ഞാനുണ്ടായിരുന്ന ആ ദിവസം ഏതാണ്ട് 2500 ഭക്തൻമാർ പ്രാർത്ഥനയിൽ പക്കെടുത്തിരുന്നതിനാൽ 2500 ഓളം വനിതാസഹോദരികളായിരുന്നു. പിൻഭാഗം ഉയർത്തിയിരുന്ന തമ്പുകളിൽ അവർ കൂട്ടം കൂട്ടമായിവന്നു, പ്രാർത്ഥന നടത്തി പിരിഞ്ഞു പോയി. ഇതിലൊന്നും അസാധാരണമായി ഒന്നും കണ്ടില്ല.

9. എന്തിനു വെളിയിൽ പോകണം. നമ്മുടെ സ്റേററിൽ തന്നെ കോഴിക്കോട് മൂന്ന് പള്ളികളിൽ സ്ത്രീകൾക്കു പ്രവേശനമുണ്ട്. നാലു തട്ടുകളുള്ള പാളയം പള്ളിയിലെ രണ്ടാം തട്ട് മുഴുവൻ സ്ത്രീകൾക്ക് പ്രത്യേകമാണ്. കടപ്പുറത്തുള്ള ഒരു പള്ളിയിലും മാളിക മുറി സ്ത്രീകൾക്കുള്ളതാണ്. വലിയങ്ങാടിയുടെ പടിഞ്ഞാറെ അററത്തുള്ള പള്ളിയിൽ ഒരു സൈഡു മുറി അവർക്കായി നീക്കിവെച്ചിരിക്കുന്നു. പട്ടാള പള്ളിയിൽ വെളിയാത്രക്കാരായ മക്കനെ ധരിച്ച സ്ത്രീകൾ സംഘംചേർന്നു വന്ന് ഒരു മൂലയിൽ ചെന്നു പ്രാർത്ഥിച്ച സന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ട്. മൈതാനിയിൽ നടത്തുന്ന പെരുന്നാൾ നമസ്കാരങ്ങളിൽ സ്ത്രീകൾ കൂട്ടം കൂട്ടമായി പങ്കുചേരുന്നു. അരീക്കോട്, ഫറോക്ക്, തിരൂരങ്ങാടി, എറണാകുളം, കൊച്ചി മുതലായ പല സ്ഥലങ്ങളിലും എത്രയോ പള്ളികളിൽ സ്ത്രീകൾക്ക് പ്രത്യേകം സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അത്ഭുതകരമായ അച്ചടക്കത്തോടു കൂടി അവിടെയെല്ലാം നമ്മുടെ ഉമ്മമാരും, സഹോദരികളും നമസ്കാരത്തിൽ പങ്കുചേരുന്നു. പുളിക്കൽ എന്ന ഗ്രാമപ്രദേശത്ത് സ്ത്രീകൾ പള്ളിയുടെ തൊട്ടുള്ള മദ്രസ്സയിൽ വന്നിരുന്നു ഉച്ചഭാഷിണിയിലൂടെ ഖുതുബ കേൾക്കുന്നു. ജുംഅയിൽ പുരുഷന്മാർക്കു പിന്നിൽ ഒരു ക്യാൻവാസ് മറയുടെ പിന്നിലായി നിന്ന് പ്രാർത്ഥിക്കുന്നു. പ്രാർത്ഥനകഴിഞ്ഞാൽ സ്ത്രീകൾ വീണ്ടും മദ്രസ്സയിൽ കടന്നു ചെല്ലുന്നതു വരെ പുരുഷന്മാർ എല്ലാം അവരുടെ സ്ഥാനത്തു തന്നെ ഇരിക്കുന്നു. പിന്നീട് അവരും എണീററുപോകുന്നു. ഇവിടെ പ്രാർത്ഥനയിൽ ചേർന്ന എന്നെ ഈ അച്ചടക്കം സ്തബ്ധചിത്തനാക്കി. കടവത്തൂരിൽ പള്ളിയുടെ അടുത്തുള്ള മദ്രസ്സയിൽ വനിതകൾ ചേർന്ന് ഖുതുബ കേൾക്കുന്നു. പ്രാർത്ഥനാ സൗകര്യമില്ലാത്തതിനാൽ വീടുകളിലേക്കു മടങ്ങി ചെന്ന് സുഹ്ർ നമസ്കരിക്കുന്നു. ഈ പള്ളി പൊളിച്ചു പുതുക്കുകയാണ്. പുതിയ പള്ളിയിൽ സ്ത്രീകൾക്ക് എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തുന്നുണ്ട്. ആലുവ, ഒററപ്പാലം, ഒടുക്കൽ, ഒലവക്കോട് മുതലായ പല സ്ഥലങ്ങളിലും പുതുതായി കെട്ടിവരുന്ന പല പള്ളികളിൽ സ്ത്രീകൾക്ക് പ്രത്യേകം സൗകര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. വളവന്നൂരിലും, മററു ചില സ്ഥലങ്ങളിലും അടുത്തുള്ള സ്കൂളുകളിലും മററും പഠിക്കുന്ന പെൺകുട്ടികളുടെ സൗകര്യം ഓർത്ത് അവർക്ക് പ്രത്യേകം പള്ളികൾ നിർമ്മിക്കുകയാണ്. അതുകൊണ്ട് സ്ത്രീകൾക്ക് പ്രാർത്ഥനാ സൗകര്യം ഏർപ്പെടുത്തുന്നത് ഒരു പുതിയ സംരംഭമോ, അപ്രായോഗികമോ, ചില സ്നേഹികന്മാർ ഭയപ്പെടുന്നതുപോലെ അപകടകരമോ അല്ല.

10. എന്നാൽ തിരുവനന്തപുരത്ത് ഇത് ആവശ്യമാണോ? തുറന്ന മനസ്സോടു കൂടി അല്പം ചിന്തിക്കുന്നപക്ഷം വളരെ ആവശ്യമാണെന്ന് ഏത് സഹൃദയരും സമ്മതിക്കും. പാളയത്തിനു ചുററുമുള്ള വിദ്യാലയങ്ങളിലും, ആഫീസുകളിലും നൂറുകണക്കിനു മുസ്ലിം സ്ത്രീകൾ വരികയും ജോലി നോക്കുകയും ചെയ്യുന്നു. ഇത് ഒരു ഉറച്ചു കഴിഞ്ഞ സത്യമാണ്. അതിനെ തള്ളി പറഞ്ഞതുകൊണ്ട് പ്രയോജനമില്ല. ഈ സഹോദരികൾക്ക് ഉച്ചനേരം പ്രാർത്ഥനക്കു സൗകര്യമില്ല. അവരിൽ പലരും മുസൽമാൻമാരുടെയും, കൃത്യമായി നമസ്കരിക്കുന്ന സാധാരണക്കാരുടേയും കുട്ടികളാണ്. നമസ്കരിച്ചു ശീലമുള്ളവരാണ്. സൗകര്യമില്ലെന്നപേരിൽ അവർ സുഹ്ർ വിടുന്നു. പിന്നെ അസർ വിടുന്നു. പിന്നെ നമസ്കാരം തന്നെ വിടുന്നു. അങ്ങനെ നോമ്പും, ഇസ്ലാമികമായ സർവ്വതും വിട്ടു എത്തും പിടിയുമില്ലാതെ നട്ടം തിരിയേണ്ടി വരുന്നു. എല്ലാ ആഫീസുകളിലെ മുസ്ലിം ആഫീസർമാരും പള്ളിക്കൂടത്തിലെ മുസ്ലിം വിദ്യാർത്ഥികളും വെള്ളിയാഴ്ച ജുംആക്ക് പോകുമ്പോൾ ഈ സ്ത്രീകൾ എന്തു ചെയ്യണം? വി. ജെ. ടി. ഹാളിലോ, സെനററ് ഹൌസിലോ മീററിങ്ങുകൾ നടക്കുമ്പോൾ പ്രാർത്ഥനാ സമയമായാൽ മുസ്ലിംകൾ പള്ളിയിലേക്ക് വരുന്നു. ഈ യോഗത്തിൽ പങ്കെടുക്കുന്ന മുസ്ലിം സ്ത്രീകൾ എന്തു ചെയ്യണം ? വഅസ്സുകൾ കേൾക്കാനും, ധർമ്മക്കഞ്ഞി വാങ്ങുവാനും, മുസ്ലിം സ്ത്രീകൾ പള്ളി വളപ്പിൽ വരുന്നുണ്ട്. അകത്തേക്കു പ്രവേശിക്കുവാനും, നമസ്കാരത്തിൽ പങ്കുചേരാനും മാത്രം അവർക്കു പാടില്ലെന്നോ? ബീമാപള്ളിപോലെയുള്ള പലേടത്തും സ്ത്രീകൾ ധാരാളമായി സിയാറത്തിനു വരുന്നു. അവിടെയും കൂടി അവർക്കു നമസ്കരിച്ചുകൂടായെന്ന നിലപാടാണുള്ളത്!

11. വീടിനു വെളിയിൽ വിദ്യാഭ്യാസത്തിലും ഉദ്യോഗത്തിലും ഏർപ്പെടുന്ന നമ്മുടെ

സഹോദരികൾക്ക് നമസ്കാരത്തിനുള്ള സൗകര്യങ്ങൾ ചെയ്തു കൊടുക്കാതെയിരിക്കുന്നത് സമുദായത്തെ ശിഥിലീഭവിപ്പിക്കുകയാണ്. അഭ്യസ്തവിദ്യരായ മുസ്ലിം സ്ത്രീകൾക്ക് ഇസ്ലാം എന്താണെന്നു പഠിച്ചു മനസ്സിലാക്കുവാനും, അങ്ങനെ ഇസ്ലാമിക സംസ്കാരം വളർത്തുവാനും അവസരം ലഭിക്കാതെ പോകുന്നു. അവർ വഴി പിഴക്കുവാനിടവരുന്നു. പലരും വഴി പിഴച്ചു പോകുന്നു. കൂടാതെ വീടുകളിൽ ഈ സ്ത്രീകളുടെ ശിക്ഷണത്തിൽ വളർന്നു വരുന്ന കുഞ്ഞുങ്ങൾക്ക് ഇസ്ലാമിക ശിക്ഷണം ലഭിക്കുന്നില്ല. ഇതിന്റെ ഭവിഷ്യത്ത് എന്തായിരിക്കുമെന്ന് ദീർഘവീക്ഷണമുള്ളവരോട് പറയേണ്ടതില്ല. വളരെ അപകടകരമായ ഭവിഷ്യത്തുകൾ ഉണ്ടായ പല കുടുംബങ്ങളെപ്പററിയും നമ്മിൽ പലർക്കും അറിവുണ്ട്. സിനിമ കാണുവാൻ, നമ്മുടെ സ്ത്രീകളേയും കുഞ്ഞുങ്ങളെയും നാം സ്വതന്ത്രമായി വിടുന്നുണ്ടല്ലോ. ഇപ്പോഴത്തെ സിനിമകളിൽ മിക്കതും എന്തുതരം സംസ്ക്കാരമാണ് പഠിപ്പിക്കുന്നത് എന്നോർത്തു നോക്കുക. ഇതിന്റെ ദോഷഫലങ്ങളെ ഇല്ലാതാക്കുവാൻ ആഴ്ചതോറും സദുപദേശം കൊണ്ടും ദിനേനെ കൂട്ടുപ്രാർത്ഥന കൊണ്ടും എന്തു മാത്രം സാധിക്കും. വാസ്തവത്തിൽ സംസ്ക്കാരമൂല്യങ്ങളെ ധിക്കരിച്ചുകൊണ്ടുള്ള സിനിമപോലെയുള്ള ദുർവ്വാസനകളിൽ നിന്നു തന്നെ നമുക്കു രക്ഷനേടാൻ കൂട്ടുപ്രാർത്ഥനകൾ സഹായിക്കുന്നതാണ്. സഹോദര സമുദായത്തിലെ സ്ത്രീകൾക്കു അവരുടെ ദേവാലയങ്ങളിൽ പോകുവാനും, സാൻമാർഗികോപദേശങ്ങൾ ലഭിക്കുവാനും സാധിച്ചിട്ടുണ്ട്. നമ്മുടെ സഹോദരികൾക്കു ഇത്തരം സൗകര്യങ്ങൾ ചെയ്തു കൊടുക്കാതിരിക്കുന്നതിന്റെ ഉത്തരവാദിത്വം മുഴുവനായും പുരുഷൻമാരായ നമ്മുടേതു മാത്രമാണ്. ഇത് എത്രമാത്രം ഗൗരവമേറിയ സംഗതിയാണെന്ന് ആലോചിച്ചു നോക്കുക. നിസ്സാരമാണെന്ന് കരുതി തള്ളിക്കളയരുത്. നമ്മുടെ സ്ത്രീജനങ്ങൾ വീടുകൾക്കുള്ളിൽ അടങ്ങിയൊതുങ്ങിയിരിക്കണമെന്നും, ഉയർന്ന വിദ്യാഭ്യാസത്തിനോ, ഉദ്യോഗങ്ങൾക്കോ സിനിമപോലെയുള്ള വിനോദങ്ങൾക്കോ പോകുകയില്ലെന്നും കരുതുന്നത് വിഡ്ഢിത്തമാണ്. അത് നടക്കുവാൻ പോകുന്നില്ല. നടക്കേണ്ടതുമില്ല. ഇസ്ലാമികമായ മാനമര്യാദകൾ കൈകൊണ്ടിട്ടുതന്നെ ലൗകിക വ്യാപാരത്തിൽ നമ്മുടെ സ്ത്രീകൾ പ്രവേശിക്കുന്നത് അനുവദനീയവും, പലപ്പോഴും ആവശ്യവുമാണ്. അതുകൊണ്ട് അവർക്ക് പള്ളിയിൽ പ്രവേശിച്ചു പ്രാർത്ഥനയിൽ പങ്കുകൊള്ളുകയും, ഖുതുബയും, മററു മതപ്രസംഗങ്ങളും കേട്ടു പഠിക്കുകയും ചെയ്യുവാൻ സൗകര്യം ഏർപ്പെടുത്തി കൊടുന്നുന്നത് ഒഴിച്ചു കൂടാത്ത ഒരടിയന്തരാവശ്യമാണ്.

12. നാം ഇത് ചെയ്യുന്ന പക്ഷം സമുദായത്തിന്റെ സാംസ്ക്കാരിക പുരോഗതിയിലേക്ക് ഒരൊന്നാം തരം കാൽവെപ്പായിരിക്കും അത്. കോഴിക്കോട്ടും, മററു പല പ്രദേശങ്ങളിലും മുസ്ലിം സ്ത്രീകൾ ഖുതുബ കേൾക്കുകയും കൂട്ടപ്രാർത്ഥനയിൽ പങ്കു ചേരുകയും അന്യോന്യം ഇടകലർന്നു ശീലിക്കുകയും ചെയ്യുന്നതിന്റെ സൽഫലങ്ങൾ വളരെ തൃപ്തികരമാണ്. അവിടങ്ങളിലെ എത്രയോ മുസ്ലിം ഭവനങ്ങൾ ഇസ്ലാമിക സംസ്ക്കാരത്തിന്റെ കേന്ദ്രങ്ങളായി വളരുന്നു. പുരുഷൻമാരും, സ്ത്രീകളും, കുട്ടികളും ഇസ്ലാമിക സാഹിത്യം താൽപര്യപൂർവ്വം വായിക്കുന്നു. കുട്ടികളെ സ്നേഹിച്ചും, സൂക്ഷിച്ചും വളർത്തുന്നു. അവർക്ക് നല്ല ശീലങ്ങൾ പഠിപ്പിച്ചു കൊടുക്കുന്നു. കെട്ടുറപ്പുള്ള സ്വഭാവം അവരിൽ വളർത്തിയെടുക്കുന്നു. ഇതിന്റെയെല്ലാം ഫലമായി അവിടങ്ങളിൽ ചെന്നാൽ ധനികനായാലും, ദരിദ്രനായാലും, വിദ്വാനായാലും, പാമരനായാലും, വിശ്വാസം, ധൈര്യം, ഉൻമേഷം, സഹോദരസ്നേഹം, പരസ്പരസഹായം, സത്യസന്ധത, സ്വാഭിമാനം മുതലായ ഉത്തമ ഗുണങ്ങൾ അനുഭവപ്പെടുന്നു. ഇത് തിരുവനന്തപുരത്തും എല്ലായിടത്തും ഉണ്ടാകും. ഇപ്പോൾ പലേടത്തും ഉണ്ട്. ചിലേടത്ത് ഇല്ല. ഉള്ളിടത്ത് ഇനിയും വളർന്നു വരും. ഇവിടത്തെ മുസ്ലിം വനിതാ ഹോസ്ററൽ* അനുകമ്പാർഹമായ നിലയിൽ വളർച്ചയില്ലാതെ ഇരിക്കുന്നു. വനിതാസമാജം വളരുന്നില്ല. വിദ്യാർത്ഥിസമാജം എന്താണ് ചെയ്യേണ്ടതെന്നറിയാതെ നട്ടം തിരിയുന്നു. അനേകം ചെറുപൈതങ്ങൾ മദ്രസയിൽ ചെല്ലുന്നില്ല. ചെറുപ്പത്തിൽ പഠിക്കാത്തതുകൊണ്ട് പ്രായമുള്ള പലർക്കും നമസ്കാരം പോലും അറിഞ്ഞു കൂടാ. നമ്മുടെ സ്ത്രീകൾ ജുമുഅഃ നമസ്കാരത്തിൽ പങ്കു ചേരുകയും വിലമതിക്കാനാവാത്ത പ്രാർത്ഥനകൾ നൽകുന്ന ശിക്ഷണം സ്വീകരിക്കുകയും ചെയ്താൽ ഇതെല്ലാം മാറും, നിശ്ചയം.

* അന്നുണ്ടായിരുന്ന ഹോസ്ററൽ. ഇന്ന് നഗരത്തിലെ പ്രശസ്ത വനിതാഹോസ്ററലുകളിൽ ഒന്നാണ് അസോസിയേഷന്റേത്.

13. എന്നാൽ പുരുഷൻമാരും, സ്ത്രീകളും തികച്ചും വേറെ വേറെ ഇരിക്കണം. സ്ത്രീകൾക്ക് ഇസ്ലാമിക ഹിജാബ് അവലംബിച്ചുകൊണ്ട് പള്ളിയിൽ വരുവാനും പുരുഷൻമാരുമായി യാതൊരു ബന്ധവും കൂടാതെ പ്രാർത്ഥനയിൽ പങ്കുകൊണ്ടും, ഉപദേശങ്ങൾ ശ്രവിച്ചും സ്ത്രീകൾതമ്മിൽ കുശലപ്രശ്നങ്ങൾ ചർച്ചചെയ്തും മടങ്ങുവാനും സാധിക്കണം. ഈ ഉദ്ദേശം മനസ്സിൽ വച്ചുകൊണ്ടാണ് നമ്മുടെ പള്ളി ഡിസൈൻ ചെയ്തിട്ടുള്ളത്. മുകൾ തട്ടിൽ തെക്കു ഭാഗത്തെ ചുമരിന്റെ പടിഞ്ഞാറെ അററത്ത് വെളിയിലേക്ക് തുറക്കുന്ന ഒരു വാതിൽ കാണാം. ഇതിനെതിരെ 20 അടി നീളവും (കിഴക്ക് പടിഞ്ഞാറ്) 15 അടി വീതിയുമുള്ള ഒരു രണ്ടു നില കെട്ടിടം വരും, അതിന് സനാനാ ഖാന എന്നോ മറേറാ പറയാം. സ്റേറഡിയം റോഡിൽ പള്ളിക്കു പടിഞ്ഞാറായി നിർമ്മിച്ചിട്ടുള്ള ഗേററിൽ കൂടി ഈ സനാനാ ഖാനയിലേക്ക് പ്രവേശിക്കാം. ഈ കെട്ടിടത്തിന്റെ ജനലുകളും, മററും തികച്ചും മറവു നൽകുന്ന രീതിയിലായിരിക്കും. താഴെ തട്ടിൽ മൂത്രമുറി, കുളിമുറി, ചെരിപ്പുകൾ, കുടകൾ, മററു സാധനങ്ങൾ ഇവയെല്ലാം ഭദ്രമായി സൂക്ഷിക്കാവുന്ന അലമാരകൾ, — ഇതെല്ലാം ഉണ്ടാകും, കാലുകഴുകി മുകളിൽ ചെന്നാൽ അവിടെ വുളു എടുക്കുവാൻ ടാപ്പുകൾ കാണാം. വേണമെങ്കിൽ സോപ്പും, തോർത്തും, നമസ്കാര ക്കുപ്പായവും, മററും ഇവിടെ സൂക്ഷിക്കാവുന്നതാണ്. ഇവിടെ നിന്നു ഒരു കോറിഡോർ (ഇടനാഴി) വഴി പള്ളിയുടെ മുകളിലെ തട്ടിലേക്ക് പ്രവേശിക്കാം. ഈ ഹാളിൽ ആവശ്യമുള്ളത്ര ഭാഗം പാർട്ടീഷൻ കെട്ടിമറച്ചു കളയാവുന്നതാണ്. ഞങ്ങൾ തയ്യാറാക്കിയിട്ടുള്ള പ്ലാനിൽ ഇതെല്ലാം കാണിച്ചിട്ടുണ്ട്. ആവശ്യമുള്ളവർ നമ്മുടെ അച്ചടക്കത്തിനു വിധേയമായി ഉപയോഗിച്ചു കൊള്ളട്ടെയെന്നുവച്ചു. ഇത്രയും സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നതിന് എന്താണ് വിരോധമെന്ന് ഞാൻ എത്രതന്നെ ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല.

14. ഈ സനാനാ ഖാന ഉടനെ നിർമ്മിക്കണമെന്ന് ഞാൻ ബലമായി ശുപാർശ ചെയ്യുന്നു. അതിനു വേണ്ട പണം—പതിനായിരം രൂപ—പ്രത്യേകമായി സംഭാവനയായി വാങ്ങാം, പെട്ടെന്ന് സ്ത്രീകൾക്ക് പ്രവേശനം നൽകുന്നില്ലെങ്കിലും ഇത് ഉപയോഗപ്പെടുന്നതാണ്. പള്ളിയുടെ മുകൾ തട്ടിൽ ഖുർആൻ ക്ലാസ്സുകൾ ഏർപ്പെടുത്തി അതിനു പോകുന്ന കുട്ടികൾക്ക് ഈ പ്രവേശനം ഉപയോഗിക്കാം. തബ്ലീഗ് മുഹാജിറുകൾക്ക് അവരുടെ സാധനങ്ങൾ സൂക്ഷിക്കുവാനും, കുളിക്കുവാനും, മററും ഇത് ഉപയോഗിക്കാം.

15. സ്ത്രീകൾക്ക് പ്രവേശനം അനുവദിക്കുന്നതിനെ പററി ഏറെ അഭിപ്രായം ഞാൻ പറഞ്ഞിട്ടുണ്ട്. പക്ഷെ ചിലർക്ക് നാം മെല്ലെ പോകുന്നതാണ് ഉത്തമം എന്നു തോന്നും. അതിനും വിരോധമില്ല. ആദ്യമായി ജുംആക്കും, പെരുന്നാളിനും മാത്രം അനുവദിക്കാം. പിന്നീട് സുഹ്റിന്, പിന്നീട് 10 മണി മുതൽ 6 മണി വരെ എന്നിങ്ങനെ പോകാം, സാവധാനത്തിൽ. മതപ്രസംഗങ്ങൾ സംഘടിപ്പിക്കുമ്പോൾ സ്ത്രീകൾക്കു മുകളിൽ പ്രവേശനം നൽകാം. സനാനാ ഖാന വൃത്തിയാക്കി വെക്കുവാനും, സ്ത്രീകളുടെ സൗകര്യങ്ങൾ അന്വേഷിക്കുവാനും, കുഞ്ഞുങ്ങളുണ്ടെങ്കിൽ അവരെ നോക്കുവാനും ഒരു വയസ്സായ സ്ത്രീയെ നിശ്ചയിക്കാവുന്നതാണ്. ആവശ്യം സമ്മതിച്ചു കഴിഞ്ഞാൽ മറെറല്ലാം ക്ഷിപ്രസാദ്ധ്യമാണ്. നമ്മുടെ സ്ത്രീകൾ സന്ദർഭത്തിനനുസരിച്ച് ഉയരുമെന്നതിൽ എനിക്കു സംശയമില്ല. ഒരു പക്ഷെ വീടുകൾ തോറും ചെന്ന് അല്പം സ്കോഡ് വർക്ക് ചെയ്യേണ്ടി വരും. ഇസ്ലാമിക വിഷയങ്ങളിൽ പാണ്ഡിത്യമുള്ള സഹോദരികളെ ഇതിനായി നമുക്കു ലഭിക്കുന്നതാണ്.

16. എന്റെ അടുത്ത പദ്ധതി കുറെ സാമ്പത്തിക ബാദ്ധ്യതയുള്ള ഒന്നാണ്. പക്ഷെ അതിന്റെ ആകർഷകത്വത്തെ പററി ചിന്തിക്കുമ്പോൾ ഒന്നു ശ്രമിച്ചുനോക്കണമെന്ന് ബലമായ ആശ ഉദിക്കുന്നു. നിശ്ചയദാർഢ്യത, സത്യസന്ധത, ഐകമത്യം, നിരന്തര പരിശ്രമം ഇതെല്ലാമുണ്ടെങ്കിൽ ഇത് അപ്രാപ്യമോ, അപ്രായോഗികമോ അല്ല. നമ്മുടെ ഖബറിസ്ഥാനു തൊട്ടു തെക്കുവശത്ത് മരിക്കാർ വർക്ക്ഷോപ്പ് നില്ക്കുന്ന സ്ഥലം നാം സമ്പാദിക്കണമെന്നതാണ് പദ്ധതി. ഇത് മുഴുവൻ ലഭിക്കുകയില്ലെങ്കിൽ കിട്ടുന്നിടത്തോളം വിലക്കെടുക്കാം. ചുരുങ്ങിയത് ഖബറിസ്ഥാനു തൊട്ട് ഇരുപത് സെൻറ് എങ്കിലും കിട്ടുമോ എന്ന് നോക്കണം. ഉടമസ്ഥന്മാരുമായി സംസാരിച്ച് നമുക്ക് ലഭിക്കാവുന്ന നിലത്തിന്റെ വില നിശ്ചയിച്ചാൽ

പണം ഉണ്ടാക്കണം. അതിന് പ്രയാസമുണ്ടാവുകയില്ല. ഭാരിച്ച സംഖ്യയാണെങ്കിൽ കേരളത്തിന്റെ വെളിയിലും നാം സംഭാവനതേടി പോകേണ്ടിവരും. അതെല്ലാം നമുക്കു ചെയ്യാവുന്നതാണ്. അങ്ങനെ കിട്ടുന്ന നിലത്തിൽ ഇരുപത് സെൻറ് ഖബറിസ്ഥാനോടു ചേർത്ത് ഖബറിസ്ഥാന്റെ തെക്കുവശത്തുള്ള മതിൽ മാററി നിർമ്മിക്കേണ്ടതാണ്. ബാക്കി സ്ഥലം ഉണ്ടെങ്കിൽ സ്ഥല സൗകര്യമനുസരിച്ച് മദ്രസ്സ, ഇസ്ലാമിക നഴ്സറി സ്കൂൾ, ശാദിമഹൽ, ഓഡിറേറാറിയം, കുതുബ്ഖാന (ലൈബ്രറി), സ്ററഡി ക്ലാസ്സുകൾ, കരകൗശല പരിശീലന കേന്ദ്രം ഇങ്ങനെ പലതും. സൗകര്യപ്പെടുന്ന വിധം കെട്ടിടങ്ങൾ നിർമ്മിക്കാം. വാസ്തവത്തിൽ ഇതെല്ലാം ചേർന്ന ഒരു സ്കെച്ച് ഒമ്പത് വർഷങ്ങൾക്കു മുമ്പ് ഞാൻ ഹസ്സൻ മരിക്കാർ മർഹൂമിന് കാണിച്ചിരുന്നു. പടിപടിയായി ഇതെല്ലാം ചെയ്യാമെന്ന് ഞങ്ങൾ അന്ന് തീരുമാനിച്ചു. സ്ഥലം കിട്ടുമെങ്കിൽ ഇതെല്ലാം ചെയ്യാം. ഇല്ലെങ്കിൽ ഇതെല്ലാം വേറെ വല്ല സ്ഥലത്തും വരും. ഇന്നല്ലെങ്കിൽ നാളെ വരുമെന്നത് തീർച്ചയാണ്.

17. ഖബറിസ്ഥാനോട് 20 സെൻറ് ചേർത്തുകഴിഞ്ഞാൽ (ഇത് ചെയ്തുകഴിഞ്ഞാൽ മാത്രം) അതിന്റെ വടക്കുഭാഗം സ്റേറഡിയം റോഡിനു അഭിമുഖമായി 100 അടി നീളവും 10 അടി വീതിയുമുള്ള ഒരു വരി ഷോപ്പുകൾ നിർമ്മിക്കാം. ഇതിൽ 10 ഷോപ്പുകൾ കിട്ടും. ഇതിനു രണ്ടു തട്ട് മാളികകളും കെട്ടാം. ഇതിന് 50,000രൂപാ ചിലവു വരുന്നതും* മാസം തോറും 2000രൂയെങ്കിലും വാടക ലഭിക്കുന്നതുമാണ്. ഷോപ്പുകൾ നിർമ്മിക്കുവാനുള്ള പണം ലോണായിട്ട് എടുത്താൽ വെറും വാടക കൊണ്ടുതന്നെ മൂന്നു നാലുവർഷങ്ങൾക്കുള്ളിൽ ആ കടം വീട്ടാവുന്നതാണ്. മാസംതോറുമുള്ള ഈ വരുമാനം മഹല്ലിന്റെ ഉന്നമനത്തിനുവേണ്ടി ഏതെല്ലാം പ്രകാരത്തിൽ ഉപയോഗിക്കാമെന്ന് ആലോചിച്ചു നോക്കുക. ഈ പദ്ധതിക്കുള്ള ഒരേ ഒരു തടസം ഖബറിടം കുറഞ്ഞുപോകുമെന്നതാണല്ലോ. അതു വരരുതെന്നു വച്ചാണ് തെക്കുവശത്തു അത്രയും സ്ഥലം കൂട്ടിയിടുന്നത് ഒരു കണ്ടീഷനായി ഞാൻ ഊന്നി പറഞ്ഞത്. തെക്കുവശത്ത് 20/30 സെൻറ് വില കൊടുത്തു വാങ്ങി വടക്കുവശത്ത് ഷോപ്പുകൾ കെട്ടി, ഒരു ലോഡ്ജ് നടത്തുവാൻ അനുവദിക്കുന്ന പക്ഷം അതിന്റെ മുഴുവൻ സാമ്പത്തിക ബാദ്ധ്യതയും ഏറെറടുക്കുവാനും, പള്ളിയിലേക്കു ഒരു ദീർഘകാല കരാറിന്റെ അടിസ്ഥാനത്തിൽ മാസംതോറും ഒരു നിശ്ചിത സംഖ്യ ഒടുക്കുവാനും, തയ്യാറുള്ള ആളുകൾ ഉണ്ട്. പക്ഷെ നാം തന്നെ ചെയ്യുന്നതാണ് നല്ലത്.

18. നമുക്കു വളരെ അടിയന്തിരമായിട്ടു വേണ്ടതും ഞാൻ പലപ്പോഴും ഊന്നി പറഞ്ഞിട്ടുള്ളതും നമ്മുടെ കുട്ടികൾക്കായിട്ടുള്ള ഒരു പ്രാഥമിക മദ്രസയും മുതിർന്നവർക്കു വേണ്ടിയുള്ള സ്ററഡി സെൻററുമാണ്. ഇത് രണ്ടും ഇപ്പോൾ തന്നെ പള്ളിയുടെ മാളിക മുറിയിൽ ആരംഭിക്കാവുന്നതും, ആരംഭിക്കേണ്ടതുമാണ്. ഓരോ ഒഴികഴിവു പറഞ്ഞ് അത് നീട്ടികൊണ്ടുപോകുന്തോറും ഇസ്ലാമിക ബാലപാഠങ്ങൾപോലും ലഭിക്കാത്ത ഓരോ തലമുറ അങ്ങനെ കടന്നുപോകുകയാണ്. ഇതിന്റെ ഭവിഷ്യത്ത് ജമാഅത്ത് കമ്മിററി ഓർക്കുന്നില്ലെന്ന് കണ്ട് വളരെ സങ്കടപ്പെടേണ്ടിയിരിക്കുന്നു. സെക്രട്ടറി സാഹിബിനും, പ്രസിഡണ്ട് സാഹിബിനും ഇതിനെപ്പററി ഒന്നിലധികം തവണ ഞാൻ എഴുതിയിട്ടുണ്ട്. അവരോടും, കമ്മിററിയിലെ അംഗങ്ങളോടും പലപ്പോഴും സംസാരിച്ചിട്ടുണ്ട്. പക്ഷെ യാതൊരു ഫലവും ഉണ്ടായിട്ടില്ല. ഇനി ഒട്ടും തന്നെ താമസിയാതെ മദ്രസ്സ ആരംഭിക്കണമെന്ന് വിനയപൂർവ്വം അപേക്ഷിക്കുന്നു. മുകളിൽ സ്ത്രീകൾ പ്രവേശിക്കുന്നതു വരെ മദ്രസ്സക്കു വേറെ കെട്ടിടം ആവശ്യമില്ല. സ്ത്രീകൾക്കു വേണ്ടി പള്ളിയുടെ മുകൾ തട്ടു നീക്കിവെക്കുന്നതായാലും ഒരു ഭാഗം മദ്രസ്സക്കു വേണ്ടി ഉപയോഗിക്കാം. പക്ഷെ കാലക്രമേണ ഒരു പ്രത്യേക കെട്ടിടം പണിയേണ്ടി വരും. പതിനാറാം ഖണ്ഡികയിൽ വിവരിച്ച ഇസ്ലാമിക് സെൻറർ വരുന്നതാണെങ്കിൽ മദ്രസ്സയും അതോടു ചേർത്തു നിർമ്മിക്കാം. അപ്പോൾ പള്ളിയുടെയും, സനാനാ ഖാനയുടെയും തെക്കു പടിഞ്ഞാറു കിടക്കുന്ന ഒഴിവു സ്ഥലം മുററമായി നിലനിർത്തുകയും ചെയ്യാം. ഇനി ഇസ്ലാമിക് സെൻറർ വരികയില്ലെന്നും പള്ളി മാളിക സ്ത്രീകൾക്കു വേണ്ടി നീക്കിവെക്കണമെന്നും തീരുമാനിക്കുന്നതായാൽ ഈ മുററത്ത് ഒരു മദ്രസ്സ കെട്ടിടവും നിർമ്മിക്കാം. അതും രണ്ടു നില കെട്ടിടം ആകാവുന്നതാണ്, പ്ലാൻ ഞാൻ തയ്യാറാക്കിയിട്ടുണ്ട്. ആകെ തെക്ക്

(ശേഷം 77-ാംപേജിൽ)

* അന്നത്തെ എസ്ററിമേററ്

# മർഹൂം കുട്ടിയമ്മു സാഹിബ്
## —ഒരനുഭവക്കുറിപ്പ്

അഹമ്മദ്കുട്ടി മഞ്ചറ

ചേന്ദമംഗല്ലൂർ ഹൈസ്ക്കൂളിലും മദ്രസ്സയിലും പഠിക്കുന്ന കാലം. അന്നാണ് കോളേജ് വാർഷികത്തിനു വന്നപ്പോൾ കുട്ടിയമ്മുസാഹിബിനെ ആദ്യമായി കണ്ടതെന്നാണ് എന്റെ ഓർമ്മ. തുടർന്നു സുല്ലമുസ്സലാം അറബിക്കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ അവിടത്തെ വാർഷികപരിപാടികളിലും മുജാഹിദ്-ജമാഅത്ത് സമ്മേളനങ്ങളിലുമെല്ലാം അദ്ദേഹത്തെ സദസ്സിലിരുന്നു കാണാനും ആ പ്രസംഗങ്ങൾ കേൾക്കാനും സാധിച്ചിട്ടുണ്ട്,

വർഷങ്ങൾക്കുശേഷം കാരപറമ്പ് ഗവ. എൽ. പി. സ്ക്കൂളിൽ ജോലി കിട്ടിയപ്പോൾ ജ: പി. എം. മുഹമ്മദ്കോയ സാഹിബുമായി ബന്ധപ്പെടാനും അദ്ദേഹം മുഖേന സിവിൽ സ്റേറഷൻ ഇസ്ലാമിക് സെൻററുമായി ബന്ധപ്പെടാനും, അങ്ങനെ ഇസ്ലാമിക് സെൻറർ പ്രസിഡണ്ടായിരുന്ന മർഹൂം കുട്ടിയമ്മുസാഹിബുമായി നേരിൽ പരിചയപ്പെടാനും സാധിച്ചത് ഒരു മഹാഭാഗ്യമായി ഞാനിന്നും കരുതുന്നു.

കേരളക്കരയിലെ നിരവധി പള്ളികൾ, അറബിക്കോളേജുകൾ, അനാഥശാലകൾ സാമൂഹ്യ സാംസ്ക്കാരിക സ്ഥാപനങ്ങൾ ഇവക്കെല്ലാം പ്ലാനും എസ്ററിമേററും തയ്യാറാക്കി അവയുടെ പ്രവർത്തനങ്ങൾക്കു ഉപദേശനിർദ്ദേശങ്ങൾ നൽകിയിരുന്ന ആ സമുദായ സ്നേഹിയുടെ വിയോഗം മുസ്ലിം കേരളത്തിനു ഏൽപിച്ച കനത്ത നഷ്ടത്തിൽ നിന്നും മോചിതമാകാൻ ഇനിയും ഏത്ര കാലം കാത്തിരിക്കണം ഉന്നത വ്യക്തിത്വമുള്ള കുട്ടിയമ്മുസാഹിബിന്റെ വിനയപൂർണ്ണമായപെരുമാററം ആത്മാർത്ഥത, സത്യസന്ധത ഇവയായിരുന്നു അദ്ദേഹത്തെ കേരളമൊട്ടുക്കും ആദരണീയനാക്കിയത്.

പേരിനും പ്രശസ്തിക്കുമായി ഒന്നും അദ്ദേഹം ചെയ്തിരുന്നില്ല. ഞങ്ങളുടെ നാടായ കക്കാടിൽ പുതുതായി ഒരു പള്ളി നിർമ്മാണം തുടങ്ങാൻ തീരുമാനിച്ചപ്പോൾ ആദ്യമായി ഉപദേശ നിർദ്ദേശങ്ങൾക്കദ്ദേഹത്തെ സമീപിച്ചു. തുടർന്നു ആ പള്ളിയുടെ പ്ലാൻ, എസ്ററിമേററ് തുടങ്ങി എല്ലാ കാര്യങ്ങളും അദ്ദേഹമാണ് നിർവഹിച്ചു തന്നത്.

> **അഭിപ്രായ ഭിന്നതകൾ വെച്ചുകൊണ്ടു തന്നെ കേരളത്തിലെ സുന്നി, മുജാഹിദ്, ജമാഅത്ത് വിഭാഗങ്ങളെ തമ്മിൽ ബന്ധിപ്പിച്ചിരുന്ന ഒരു കണ്ണിയായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ അഭാവം മുസ്ലിം ഐക്യത്തിന് ഏററ ഒരു വലിയ നഷ്ടമാണ്. സമുദായത്തിലെ നല്ലവരായ എല്ലാ ജനവിഭാഗങ്ങളുടെ മനസ്സുകളിലും അദ്ദേഹം എന്നെന്നും മരിക്കാതെ ജീവിക്കും.**

പള്ളിപ്പണി ഏതാണ്ട് പൂർത്തിയായപ്പോൾ മുൻഭാഗത്തെ പോർട്ടിക്കോച്ചുമരിൽ ഒരു ചെറിയ വിള്ളൽ കണ്ടപ്പോൾ ഉടനെ അദ്ദേഹത്തോട് വിവരം പറഞ്ഞു. ശാരീരികാസുഖം കാരണം ദീർഘയാത്രക്കു പററാത്ത ഒരു സമയമായിരുന്നിട്ടും വളരെ സന്തോഷപൂർവ്വം നാട്ടിൽ വരികയും പള്ളി സന്ദർശിച്ച് വേണ്ട നിർദ്ദേശം നൽകുകയും ചെയ്തു. അന്ന് ഒരു വെള്ളിയാഴ്ചയായിരുന്നു. ഉച്ചക്കുശേഷം 3 മണിക്കു എരഞ്ഞിപ്പാലത്തുള്ള നഫീസത്തിൽ ചെല്ലാൻ പറഞ്ഞു. പറഞ്ഞ സമയത്ത് അവിടെ ചെന്നപ്പോൾ അദ്ദേഹവും മകൻ മഹ്മൂദ് എഞ്ചിനീയറും പുറപ്പെടാൻ തയ്യാറായി നിൽക്കുന്നു. പക്ഷെ

അദ്ദേഹത്തിന്റെ കാർ നല്ല കണ്ടീഷനിലല്ല. മറ്റൊരു വണ്ടി ഏർപ്പാടു ചെയ്യാൻ ഞാൻ പുറത്തേക്കിറങ്ങുമ്പോൾ എന്നെ തിരിച്ചു വിളിച്ചുകൊണ്ട് മകൻ മഹ്മൂദ് എഞ്ചിനീയർ പറഞ്ഞു, ''കാറിനു കൊടുക്കാനുള്ള കാശ് ഇതാ, അത് പള്ളിക്കമ്മറ്റിക്കാരെ കൊണ്ട് ചിലവാക്കിക്കുന്നത് ഉപ്പക്കിഷ്ടമില്ല, പള്ളിയുടെ കാര്യത്തിനല്ലേ പോകുന്നത്''. ഞാൻ കാശ് വാങ്ങാൻ മടിച്ചുനിന്നപ്പോൾ അദ്ദേഹം നിർബന്ധിച്ചു. അങ്ങനെയായിരുന്നു അന്നു നാട്ടിലേയ്ക്കദ്ദേഹം വന്നിരുന്നത്. സ്വന്തം കീശയിൽ നിന്നും പണമെടുത്തു നാട്ടിലെ പള്ളിയുടെ കാര്യത്തിന് ഉത്സാഹപൂർവ്വം വന്ന ആ മഹാനായ മനുഷ്യന്റെ നിഷ്കപടമായ ആത്മാർത്ഥതയും ദൈവഭക്തിയുമുള്ള വ്യക്തിത്വങ്ങളെ അപൂർവ്വമായി മാത്രമേ നമുക്ക് കാണാൻ കഴിയൂ.

അഭിപ്രായഭിന്നതകൾ വെച്ചുകൊണ്ടു തന്നെ കേരളത്തിലെ സുന്നി, മുജാഹിദ്, ജമാഅത്ത് വിഭാഗങ്ങളെ തമ്മിൽ ബന്ധിപ്പിച്ചിരുന്ന ഒരു കണ്ണിയായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ അഭാവം മുസ്ലിം ഐക്യത്തിന് ഏററ ഒരു വലിയ നഷ്ടമാണ്. സമുദായങ്ങളിലെ നല്ലവരായ എല്ലാ ജനവിഭാഗങ്ങളുടെ മനസ്സുകളിലും അദ്ദേഹം എന്നെന്നും മരിക്കാതെ ജീവിക്കും.

സർവ്വശക്തൻ അദ്ദേഹത്തിന് മഗ്ഫിറത്തും മർഹമത്തും നൽകുകയും പരലോകത്തിൽ നമ്മെയും അദ്ദേഹത്തെയും സ്വർഗ്ഗത്തിൽ ഒരുമിച്ചു കൂട്ടുകയും ചെയ്യട്ടെ. ആമീൻ ! ○

---

(75-ാം പേജിന്റെ തുടർച്ച)

വടക്ക് 40 അടി നീളവും കിഴക്ക് പടിഞ്ഞാറ് 16 അടി വീതിയും ഉണ്ടാകും. താഴെ 32×16-ൽ ഒരു ഹാൾ. 6×8-ൽ ഒരു അടുക്കള. 10×8-ൽ ഒരു വരാന്ത. മുകളിൽ 10×8-ൽ ഒരു മുറി. 8×6-ൽ മറ്റൊരു മുറി. 32×16-ൽ ഒരു ഹാൾ. ഇതെല്ലാം ഇതിൽപ്പെടും. ഹാളുകൾ മദ്രസ്സകൾക്കും, ഇസ്ലാമിക് നഴ്സറി ക്ലാസ്സുകൾക്കും മതപ്രസംഗങ്ങൾക്കും, മററു സ്ററഡിക്ലാസുകൾക്കും ഉപയോഗിക്കാം. മുറികൾ ഖത്തീബ്, മുഅദ്ദിൻ മുതലായവർക്കും അടുക്കളയും, വരാന്തയും, ഭക്ഷണം പാകം ചെയ്യുവാനും മയ്യത്ത് കഴുകുവാനും മററും പ്രയോജനപ്പെടും. മൊത്തം ചിലവ് 25,000 രൂപയോളം വരും. ഈ പണം പ്രത്യേകം പിരിച്ചുണ്ടാക്കേണ്ടതാണ്. ഈ കെട്ടിടത്തിന്റെ മുകൾഭാഗവുമായി ഒരു കോറിഡോർ വഴി ബന്ധിപ്പിച്ചാൽ സ്ററഡി ക്ലാസുകളിൽ സ്ത്രീകൾക്കും സൗകര്യപൂർവ്വം പങ്കെടുക്കാവുന്നതാണ്.

19. ശാസ്തമംഗലം, നന്തൻകോട്, പേരൂർക്കട, പട്ടം മുതലായ സബ്മഹല്ലുകളിൽ തക്യാവും മദ്രസയും ആവശ്യമാണ്. അതിൽ ജമാഅത്ത് അടിയന്തിരമായി ശ്രദ്ധ പതിക്കണം. പതിനേഴാം ഖണ്ഡികയിൽ പറഞ്ഞ വിധം ഒരു നല്ല വരുമാനമില്ലെങ്കിലും കഷ്ടപ്പെട്ടു നടത്തുക തന്നെ വേണം. ഒഴിച്ചു കൂടാത്ത ഇത്തരം ഉത്തരവാദിത്വങ്ങൾ അവഗണിക്കുവാൻ നമുക്ക് പാടില്ല.

20. തിരുവനന്തപുരത്തു എട്ടൊമ്പത് ജമാഅത്തുകളുണ്ടല്ലോ. ഇവരെല്ലാം കൂട്ടായി യോജിച്ച് ചെയ്യേണ്ട ചിലകാര്യങ്ങളുണ്ട്. മാസപ്പിറവി നിശ്ചയിക്കൽ അതിൽ ഏററവും പ്രധാനമത്രെ. റംസാൻ, ശവ്വാൽ എന്നീ മാസങ്ങളുടെ പിറവി വളരെ പെട്ടെന്നു നിശ്ചയിക്കേണ്ട ഒരു കാര്യമാണ്. നമ്മുടെ ജമാഅത്ത് പ്രസിഡൻറ് മുൻകൈയെടുത്ത് എല്ലാ ജമാഅത്ത് പ്രതിനിധികളുടേയും ഒരു യോഗം വിളിച്ചു കൂട്ടി ഇത്തരം കാര്യങ്ങൾ തീരുമാനിക്കുന്നതിനു പററിയ ഏർപ്പാടുകൾ ചെയ്യേണ്ടതാണ്. ഇത് ഇപ്പോൾ ചെയ്യുന്ന പക്ഷം സാവധാനത്തിൽ നമുക്കു ഒരു പൊതുവായ ഖാളിയോ ഖാളിയുൽ-ഖുളാത്തോ ഉണ്ടാകുവാനും സാദ്ധ്യതയുണ്ട്. അങ്ങനെയുണ്ടാകുന്നതിന്റെ ഉപകാരം ചില്ലറയൊന്നുമല്ല.

21. ഇപ്പറഞ്ഞ കാര്യമെല്ലാം ഗാഢമായി ചിന്തിച്ചു പരിശോധിച്ചു ഉചിതമായ തീരുമാനങ്ങൾ എടുക്കുവാൻ അപേക്ഷിച്ചു കൊള്ളുന്നു. അതിനുള്ള തൌഫീഖും, ഹിദായത്തും അല്ലാഹു പ്രദാനം ചെയ്യട്ടെ: ആമീൻ ! □

# സുബുലുസ്സലാം

### ഒരു കൈയെഴുത്തുമാസികയുടെ കഥ

**ടി. പി. കുട്ടിയമ്മു**

---

**മർഹൂം കുട്ടിയമ്മു സാഹിബിന്റെ വ്യക്തിത്വത്തിന്റെ വികാസപരിണാമങ്ങളുടെ വേരുകൾ നമുക്ക് ഈ ലേഖനത്തിൽ കാണാം.**

---

അമ്പത്തേഴ് വർഷങ്ങൾക്കു മുമ്പ്, അതായത്, ക്രിസ്ത്വബ്ദം 1926-ൽ ''സുബുലുസ്സലാം'' കൈയെഴുത്ത് മാസിക ആരംഭിക്കുകയുണ്ടായി. തുടർന്ന് അഞ്ചാറ് വർഷങ്ങളോളം പ്രവർത്തകന്മാരുടെ പരീക്ഷാസമയങ്ങളൊഴിച്ച് എല്ലാ മാസവും ഏതാണ്ട് കൃത്യമായി അത് പുറത്തു വന്നു കൊണ്ടിരുന്നു. തലശ്ശേരി തിരുവങ്ങാട് കാന്തിലാട്ട് പള്ളിയിലും, പിന്നീട് മദ്രസ്സത്തുൽ ഇസ്ലാമിയായിലും കിത്താബോതിക്കൊണ്ടിരുന്ന ഈ ലേഖകനും കൂട്ടുകാരും കൂടിയാണ് അത് മാസം തോറും തയ്യാറാക്കി ദേശത്തെ സഹൃദയൻമാർക്ക് വായിക്കുവാൻ നൽകിയത്. പള്ളിയെ കേന്ദ്രമാക്കിക്കൊണ്ട് സുബ്ഹിക്ക് (ഉദയം) മുമ്പ് വീടുകൾ തോറും ചുററിയുള്ള ദികൃജാഥ, എല്ലാ നേരവും പള്ളിയിൽ ചെന്നുള്ള നമസ്കാരം, പകൽ സ്കൂളിലെ അദ്ധ്യയനം, രാവിലെയും രാത്രിയും വീടുകളിലെ പഠനം, മഗ്‌രിബിന് (അസ്തമനം) ശേഷം കിത്താബോത്ത്, ജമാഅത്തുസ്സ്വിബിയാൻ സഭ, ഖിസാനത്തുൽ ഉലൂം വായനശാല, അജ്മൽ ക്രിക്കററ് ക്ലബ്, 'സുബുലുസ്സലാം' കയ്യെഴുത്ത് മാസിക - ഇതെല്ലാം ചേർന്ന അഭിമാനകരമായ സുകൃതശൃംഖലയിലെ മധുരമനോഹരമായ ഒരു കണ്ണിയായിരുന്നു ആ കൈയ്യെഴുത്ത് മാസിക. എല്ലാം ശ്രദ്ധിച്ച് അതിന്റെ കണക്കുപോലെ നിയന്ത്രിച്ചുപോന്ന പിതാവ്, സ്നേഹനിധിയായ മാതാവ്, അച്ചടക്കപാലകനായ കാരണവർ, സ്നേഹവും, ബഹുമാനവും നേടിയെടുത്ത ഉസ്താദ്, താല്പര്യമെടുത്ത് പഠിപ്പിച്ച നിഷ്കളങ്കരായ ഗുരുനാഥൻമാർ, സുകൃതങ്ങളിൽ പങ്കുചേർന്ന സഹപാഠികളും സ്നേഹിതൻമാരും— ഇതൊക്കെയായിരുന്നു എന്നെ സംബന്ധിച്ചിടത്തോളം ആ നിർണ്ണായക ഘട്ടത്തിലെ ശിക്ഷണശില്പികൾ.

2. സുബ്ഹിക്ക് മുമ്പുള്ള ദികൃജാഥയുടെ ഒരുദ്ദേശം ദേശവാസികളെ നമസ്കാരത്തിന് ക്ഷണിക്കുകയായിരുന്നു; മുദ്രാവാക്യം തസ്ബീഹും, തൗഹീദും, തക്ബീറും മററും അടങ്ങുന്ന ആദർശ പ്രഖ്യാപനവും. സഭ ആഴ്ച തോറും ചേർന്ന് പ്രസംഗപരിശീലനം, സ്വഭാവ സംസ്ക്കരണം, പൊതുവിജ്ഞാനസമ്പാദനം, സാമൂഹ്യസേവനം എന്നിവയിൽ ശ്രദ്ധ പതിപ്പിച്ചുപോന്നു. പള്ളിയിലെ അലമാരിയിൽ തന്നെയായിരുന്നു ആദ്യമായി ലൈബ്രറി പുസ്തകങ്ങൾ സൂക്ഷിച്ചത്. പിന്നീട് മർഹൂം സി. അബ്ദുൽ ഹക്കീം സാഹിബിൽ നിന്ന് പതിനഞ്ചുറുപ്പികയും, മർഹൂം എ. ജമാൽ മുഹമ്മദ് സാഹിബിൽ നിന്ന് പത്തുറുപ്പികയും, മർഹൂം പി. ബി. ഇമ്പിച്ചിഹാജി സാഹിബിൽ നിന്ന് അഞ്ചുറുപ്പികയും, ദേശവാസികളിൽ നിന്ന് ഇരുപതുറുപ്പികയും പിരിച്ചുണ്ടാക്കി ഒരലമാരി ഉണ്ടാക്കിച്ചു. ആ അലമാരി പിന്നീട് മദ്രസത്തുൽ ഇസ്ലാമിയാ സ്കൂളിൽ വെക്കുകയുണ്ടായി. അൽഅമീൻ, യുവലോകം, ഇസ്ലാം ഐക്യം, ലൈററ്, ഇസ്ലാമിക് റിവ്യൂ എന്നീ പത്രമാസികകളും, ഐക്യസംഘം സാഹിത്യവും മററുമായിരുന്നു ലൈബ്രറിയിലുണ്ടായിരുന്നത്. റെയിൽവേ ഓവർ ബ്രിഡ്ജിനും, രണ്ടാം ഗെയിററിനുമിടയിൽ ''ആയിരം കോണി''യുടെ അടുത്തുള്ള റെയിൽവെ ഒഴിവ് സ്ഥലമായിരുന്നു ക്രിക്കററ് ഗ്രൗണ്ട്. (രണ്ടു കോണികളിലും കൂടി 43 പടികൾ മാത്രമെയുള്ളുവെന്നത് വേറെ കാര്യം) സുബുലുസ്സലാം രചനയിൽ എന്നോടൊപ്പം പ്രവർത്തിച്ചുപോന്നത് മുഖ്യമായും മർഹൂം സി. സി. അഹമ്മദ്, മി. പി. മമ്മു (തലശ്ശേരി) മുതലായവരായിരുന്നു.

3. ഇങ്ങനെ പള്ളിക്കൂടങ്ങളിലും പുറത്തും സംഘടിപ്പിക്കപ്പെട്ട പരിശ്രമങ്ങൾ ആകെ കൂടി സുരക്ഷിതത്വം, സ്നേഹവായ്പ് ഉൻമേഷവാഞ്ഛ, സ്ഥിരോത്സാഹം എന്നിവ ജനിപ്പിക്കുന്നവയായിരുന്നു. നേരെ ചൊവ്വെയുള്ള വളർച്ചയ്ക്കാവശ്യമായ അന്തരീക്ഷം അങ്ങനെ സൃഷ്ടിക്കപ്പെട്ടു. പഠിച്ച് നല്ലവരായി മുന്നേറുക, അദ്ധ്വാനക്ലേശനിബിഢമായ ജീവിതത്തെ ക്ഷമയോടും, സ്ഥിരോത്സാഹത്തോടും, സത്യത്തോടുംകൂടി നേരിടുക, എല്ലാ തുറകളിലും

മദ്ധ്യനിലയും, മിതത്വവും പാലിക്കുക, നമുക്ക് ലഭ്യമായിട്ടുള്ള ഇസ്ലാം എത്ര മഹത്തായ ഒരനുഗ്രഹമാണെന്നും ബോധപൂർവ്വം മനസ്സിലാക്കുക, ജാതിമതവ്യത്യാസമെന്യേ സഹജീവികളുടെ സന്തുലിതമായ ഉയർച്ചയാണ് നമ്മുടെയും ഉയർച്ചയെന്ന് വിശ്വസിച്ച് അതിനുവേണ്ടി പരിശ്രമിക്കുക—ഇതെല്ലാമാണ് അന്ന് പഠിച്ചത്. അതെല്ലാം സ്വജീവിതത്തിൽ പകർത്തുവാനും ഓരോരുത്തരും ശ്രമിച്ചു പോന്നു. അക്കാര്യത്തിൽ ''സുബുലുസ്സലാം'' ഫലപ്രദമായ ഒരു പങ്ക് വഹിച്ചിരുന്നുവെന്നു തീർച്ച.

4. അൽഅമീൻ, യുവലോകം, മുസ്ലിംഐക്യം, ലൈററ് (ലാഹോർ,) ഇസ്ലാമിക് റിവ്യൂ (ലണ്ടൻ), ഗുഞ്ച (ലക്നൌ) മുതലായ കാലിക പ്രസിദ്ധീകരണങ്ങളിൽനിന്നു പ്രചോദനവും, മാതൃകയും ലഭിച്ചുകൊണ്ടാണ് "സുബുലുസ്സലാം" രചിച്ചത്. ഫുൾസ്കാപ്പ് സൈസിൽ (20 സെ. മീ x 32 സെ.മീ) പ്രബോധനം വാരിക, കൗമുദി പോലെയുള്ള രണ്ടോ അധികമോ ഷീററുകളായിരുന്നു ഈ മാസിക. പുറംചട്ടയുടെ മുകളിൽ അഞ്ചെട്ട് സെ. മീ സൈഡിൽ ലളിതമായോ, കലാരൂപങ്ങൾ നൽകിയോ ''സുബുലുസ്സലാം'' എന്നപേർ എഴുതിയിരിക്കും. താഴെ രചയിതാക്കളുടെ പേരുകൾ, ജമാഅത്തുസ്സിബ്യാൻ ആഭ്യമുഖ്യത്തിലാണെന്ന വസ്തുത, മാസവും തീയതിയും, പുസ്തകത്തിൻെറയും ലക്കത്തിൻെറയും നമ്പറുകൾ—ഇതെല്ലാം എഴുതിയിരുന്നു. പേജുകൾ രണ്ടായി ഭാഗിച്ച് നടുവിൽ കൂടി കുത്തനെ ഒരു വരയും നാലുഭാഗത്തും ബോർഡറുകളും ഉണ്ടായിരിക്കും. നടുവിലെ പേജിൽ എഡിറേറാറിയൽ ആണ്. അതിനു മുകളിലുംപത്രത്തിൻെറ പേരും മററും ഉണ്ടാകും. ഉദയസൂര്യൻ, ചന്ദ്രക്കല, പേനയും പുസ്തകവും, മഷികുപ്പിയുടെ ആകൃതിയിൽ നൂനുംഖലമും, കലാപരമായി എഴുതിയ ഖുർആൻ സൂക്തങ്ങൾ—ഇങ്ങനെ മാറിമാറിക്കൊണ്ടിരുന്നു പത്രികയുടെ ചിഹ്നം. അവസാനത്തെ പേജിൻെറ അടിയിൽ എച്ച്. ഡബ്ല്യൂ. പ്രസ്സിൽ അച്ചടിച്ചത് എന്നും എഴുതിത്തള്ളും. എച്ച്. ഡബ്ല്യൂ. എന്നാൽ ഹാൻറ്റൈററിംഗ് എന്നർത്ഥം. ഞങ്ങൾ നാലഞ്ചുപേർ മാറിമാറി എഴുതുകയായിരുന്നു പതിവ്. ഞാൻ എഴുത്തുന്നത് കണ്ടാൽ അനുജൻ മർഹൂം കുഞ്ഞിമൊയ്തു 'കള്ളി' ഉമ്മയോട് പറയുക പതിവായിരുന്നു—'ഇത് സ്കൂളിലെ പഠിത്തമല്ല, സഭയുടെ കാര്യമാണ്'' എന്ന്. അമിതമായി പോകുന്നുവെന്ന് കണ്ടാൽ ഉമ്മ ഉപ്പാവയോട് പറയും. ഉപ്പാവ അന്വേഷിച്ച് പ്രശ്നം പരിഹരിക്കും. പലപ്പോഴും കുഞ്ഞിമൊയ്തു വരുന്നതായിക്കാണുമ്പോൾ 'സുബുലുസ്സലാം' അച്ചടി വലിയ ആററ്ലസ്സിൻെറ കീഴിലേക്ക് മറയാറും ഉണ്ട്. വാസ്തവത്തിൽ ഈ പ്രവൃത്തി എൻെറ പഠനത്തിന് സഹായകമായിട്ടല്ലാതെ ഒരിക്കലും വിഘ്നം സൃഷ്ടിച്ചിരുന്നില്ല.

5. ഉള്ളടക്കത്തിൽ വൈവിദ്ധ്യം ഉണ്ടാക്കുവാൻ ഞങ്ങൾ പ്രത്യേകം ശ്രദ്ധിച്ചു. അതുകൊണ്ടു തന്നെ ഈ സംരംഭം ഒരു കൂട്ടായ പ്രവർത്തനവുമായി. ഏററവും പ്രധാനം വിജ്ഞാനപ്രദമായ ലേഖനങ്ങൾ തന്നെ. ഓരോ ആളും പുസ്തകങ്ങൾ വായിച്ചും മററും പഠിച്ചിട്ടാണ് ലേഖനങ്ങൾ തയ്യാറാക്കിയത്. ഇംഗ്ലീഷും, മലയാളവും നല്ലപോലെ അറിഞ്ഞിരുന്ന (മർഹൂം) സി. സി. അഹമ്മദിൻെറ ലേഖനങ്ങൾ കാര്യമാത്രവും, പഠനാർഹവും, പ്രസക്തവുമായിരുന്നു. ഉദാഹരണമായി ദൈവത്തിൽെറ ആസ്തികൃത്തെ പററി ലോജിക്ക് ക്ലാസ്സുകളിൽ പഠിപ്പിച്ച കാര്യകാരണ ശൃംഖലയിലെ ആദ്യകാരണം, സൃഷ്ടിമഹാത്മ്യവും, അതിൽ കാണുന്ന ഐക്യവും, സന്തുലിതത്വവും, ഇതെല്ലാം യാദൃശ്ചികമായുണ്ടായതാണെന്ന സങ്കല്പത്തിൻെറ അർത്ഥമില്ലായ്മ, ലോകത്ത് ന്യായാന്യായങ്ങൾക്കനുസൃതമായ രക്ഷാശിക്ഷകൾ ഉണ്ടാകേണ്ടതിൻെറ അനിവാര്യത, വ്യക്തികളുടെ മനസ്സിൽ നൈസർഗ്ഗികമായിത്തന്നെ കുടികൊള്ളുന്ന ദൈവവിശ്വാസം, അഭൗതിക സത്യങ്ങൾ മനുഷ്യബുദ്ധിക്കതീതമായാൽ അത്തരം കാര്യങ്ങൾ അറിയുന്നതിന് ദൈവിക വെളിപാടുകളുടെ സഹായം, വിശുദ്ധ ഖുർആൻെറ വിശ്വസനീയതയും അമാനുഷികതവും—ഇതെല്ലാം അന്ന് പഠിച്ചത് ഇന്നും പച്ചയായി മനസ്സിൽ തറച്ചു നിൽക്കുന്നു.

6. സർ സയ്യിദ് അഹമ്മദ്ഖാൻെറ 'തഹ്സീബുൽ അഖ്ലാഖ്'' (സ്വഭാവസംസ്കരണം) എന്ന പ്രബന്ധസമാഹാരം അന്ന് എൻെറ ഉർദു പാഠപുസ്തകങ്ങളിൽ ഒന്നായിരുന്നു. അതിലുള്ള ഓരോ ഉപന്യാസവും ഇന്നും പ്രൌഢഗംഭീരവും തികച്ചും പ്രസക്തവും തന്നെ. ആ പ്രബന്ധങ്ങളെ അനുകരിച്ച് പത്ത് പതിനഞ്ച് ലേഖനങ്ങളെഴുതുവാൻ എനിക്ക് സാധിച്ചു. എനിക്കാണെങ്കിൽ 'നെയ്യപ്പം തിന്നതുപോലെ'

ഉർദു പാഠങ്ങൾ ശരിക്കും മനസിലാക്കുവാനും, സുബുലുസ്സലാമിന് മുതൽ കൂട്ടുവാനും, വിജ്ഞാനവും, ഭാഷാജ്ഞാനവും വർദ്ധിപ്പിക്കുവാനും സൗകര്യമായി. സത്യം, സുപ്രതീക്ഷ, സ്ഥിരോത്സാഹം, സഹിഷ്ണുത മുതലായ ഗുണങ്ങളെപ്പററിയും അസൂയ, വിദ്വേഷം, പക്ഷപാതം, അലസത, അഹങ്കാരം, എന്നീ ദോഷങ്ങളെപ്പററിയും, മററുമായിരുന്നു. ഈ ലേഖനങ്ങൾ. മനുഷ്യന് വിശുദ്ധ ഖുർആനും, മുഹമ്മദ് (സ)യും നൽകുന്ന അത്യുന്നത പദവിയെപ്പററി 'ഇസ്ലാമിക് റിവ്യൂ'വിൽ ഒരൊന്നാംതരം ലേഖനമുണ്ടായിരുന്നു. അതിനെ അവലംബിച്ചുകൊണ്ട് ഞാനൊരു പ്രബന്ധം തയ്യാറാക്കി സുബുലുസ്സലാമിൽ പകർത്തി. മനുഷ്യൻ പാപരഹിതനായി, പരിശുദ്ധനായി ജനിക്കുന്നത്, ഇഹപരവിജയം അവൻെറ ജീവിതലക്ഷ്യമായി നിജപ്പെടുത്തിയത്, സർവ്വ സൃഷ്ടികളെയും അവന് അധീനപ്പെടുത്തി നിശ്ചയിച്ചിട്ടുള്ളത്, അവന് ദൈവത്തിൻെറ പ്രതിപുരുഷനെന്ന സ്ഥാനം നൽകപ്പെട്ടത്, ജീവിതവിജയത്തിന് ഖുർആൻ മാർഗ്ഗദർശനം നൽകുന്നത്, ഇക്കാര്യത്തിൽ നബി (സ) കാണിച്ചുതരുന്ന അനുപമമായ മാതൃക — ഇങ്ങനെ പോകുന്നു ആ ലേഖനത്തിൻെറ കാതൽ.

7. മുസ്ലിംലീഗിൻെറ 1930-ലെ വാർഷിക സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചുകൊണ്ട് അല്ലാമാ ഇക്ബാൽ "ഇന്ത്യയുടെ ഉള്ളിൽ ഒരു മുസ്ലിം ഇന്ത്യ'' എന്ന പദ്ധതിക്ക് രൂപം നൽകി. അക്ബർ ചക്രവർത്തിയുടെ ദീനെഇലാഹിയും, പിന്നീടുവന്ന യൂറോപ്യൻ കൊളോണിയലിസവും ഇസ്ലാമിൻെറ വേരറുക്കുന്ന സംരംഭങ്ങളായിരുന്നുവല്ലൊ. ഹൈന്ദവസംസ്കാരത്തിലേക്കുള്ള ലയനവും, നിർമ്മത-നിരീശ്വരവാദികളിലേക്കുള്ള പ്രയാണവും തടഞ്ഞ് മുസ്ലിംങ്ങളെ ഇസ്ലാമിൽ ഉറച്ചുനിർത്തി പുനരുദ്ധരിക്കുവാനുള്ള എല്ലാ പ്രസ്ഥാനങ്ങളെയും സമന്വയിപ്പിച്ച്, പ്രായോഗികമായ ഒരു ലക്ഷ്യം അവരുടെ മുമ്പാകെ വെക്കുകയായിരുന്നു അല്ലാമാ ഇക്ബാൽ. ഇന്ത്യയിൽ ജനാധിപത്യ വ്യവസ്ഥിതിയിൽ എന്നും ന്യൂനപക്ഷമായും, ഇന്ത്യൻ സമൂഹത്തിൽ സാമ്പത്തികതലത്തിൽ എന്നും പിന്നോക്കമായും, അങ്ങനെ സംരക്ഷണവും, സംവരണവും ആവശ്യപ്പെടുന്നവരായും കഴിയേണ്ടിവരുന്നതിനു പകരം, നമ്മുടെതായ രചനാത്മകമായ, അഭിമാനകരമായ ഒരു ലക്ഷ്യവും, ആദർശവും കൈവന്ന ധാരണയും ഉൻമേഷവും സമുദായമദ്ധ്യത്തിൽ ഉയർന്നുവന്നു. "ഇന്ത്യക്കുള്ളിൽ ഒരു മുസ്ലിം ഇന്ത്യ'' എന്ന ശീർകത്തിൽ ഞാൻ 'സുബുലുസ്സലാ'മിൽ ഒരു ലേഖനം എഴുതി. അന്ന് വിദ്യാർത്ഥിയായിരുന്ന എന്നിൽ രൂപംകൊണ്ട രാഷ്ട്രീയാദർശത്തിൻെറ ഒരു ബഹിർ പ്രകടനം കൂടിയായിരുന്നു പ്രസ്തുത ലേഖനം.

8. ചെറുകഥകൾ, രസക്കുടുക്കകൾ, ചോദ്യോത്തരങ്ങൾ, പദ്യശകലങ്ങൾ, ഇങ്ങനെ പലതും ഉണ്ടായിരുന്നു. ഡബ്ല്യു. ഡബ്ല്യു. ആർ. ബാൾ എഴുതിയ "മാത്തമാററിക്കൽ റിക്രിയേഷൻസ്'' എന്ന പുസ്തകത്തിൽ നിന്നും മററും രസകരമായ കണക്കുകൾ, മന്ത്രികചതുരങ്ങൾ, സംഖ്യാസൂത്രങ്ങൾ മുതലായവ പരിഭാഷപ്പെടുത്തി ലളിതഭാഷയിൽ കൊടുത്തത് പഠിക്കുവാനും, രസിക്കുവാനും ഉപകരിച്ചു. ചിത്രങ്ങളും, പെയിൻറിംഗുകളും, കാർട്ടൂണുകളും മറന്നില്ല. പത്രഷീററുകൾ തന്നെ കലാകാരൻമാർക്ക് കൊടുത്തു. അവരെക്കൊണ്ടുതന്നെ വരപ്പിച്ചും, പെയിൻറ് ചെയ്യിച്ചും വാങ്ങുകയായിരുന്നു പതിവ്. കൂടാരപ്പുരയിലെ ഒരു ഉർദു വിദ്യാർത്ഥി ഒരു പെയിൻറിംഗ് ചെയ്തു തന്നത് ഓർക്കുകയാണ്. ഒരു സുന്ദരിയായ പെൺകുട്ടി പൂച്ചെടിയിൽ നിന്നും പനിനീർ പുഷ്പം പറിച്ചെടുത്ത് അതിൻെറ സുഗന്ധം ആസ്വദിച്ച് മടങ്ങുമ്പോൾ ചെടിയുടെ മുള്ള് കുട്ടിയുടെ പാവാടയുടെ അററം പിടിച്ചു "പോകരുതെ''യെന്ന് കേഴുന്നു. "പുഷ്പത്തെക്കാൾ മുള്ളാണ്; അത് പാർശ്വം പിടിച്ചു കീറുന്നു.'' എന്ന അർത്ഥം വരുന്ന ഒരു ഈരടിയും താഴെ കൊടുത്തിരുന്നു. മററൊരു സന്ദർഭത്തിൽ ഒരു മാപ്പിളപ്പാട്ട് സുബുലുസലാമിൽ വന്നതിനെപ്പററി ചിലർക്ക് വിഷമം തോന്നുകയും പരാതിയുണ്ടാവുകയും ചെയ്തു. ഉടനെ തന്നെ പത്രം പിൻവലിച്ചു. ആ പാട്ട് ഉൾക്കൊള്ളുന്ന ഷീററ് മാററിയെഴുതി പ്രശ്നം പരിഹരിച്ചു. നമ്മുടെ പരിശ്രമങ്ങൾ ആർക്കും ഒരിക്കലും മനഃപ്രയാസം ഉണ്ടാക്കരുതല്ലൊ.

9. ഇങ്ങനെ വിവിധങ്ങളായ വിഭവങ്ങൾ വിളമ്പുന്നതിൽ എല്ലാ മെമ്പർമാരെയും പ്രേരിപ്പിക്കുകയും, പ്രോത്സാഹിപ്പിക്കുകയും ചെയ്തുപോന്നു. ചിലരുടെ ലേഖനങ്ങൾ മുഴുവനും മാററി എഴുതിയിട്ടു പോലും അവരെയെല്ലാം കൈപിടിച്ച് അകത്തുകയററി, സാവധാ

# മഊനത്തുൽ ഇസ്ലാം സഭ

## ശതാബ്ദിയോടടുക്കുന്ന ഒരു മഹൽ പ്രസ്ഥാനം

ടി. വി. അബ്ദുറഹിമാൻകുട്ടി

ഭാരതപ്പുഴയുടെയും അറബി കടലിൻെറയും കാഞ്ഞിരപ്പുഴയുടെയും കുളിർ കാററ് തലോടുന്ന പുരാതനമായ കൊച്ചു പട്ടണം—പൊന്നാനി. മുസ്ലിം നവോത്ഥാനത്തിൻെറയും വ്യവസായത്തിൻെറയും ഭൂപടത്തിൽ ഈ നാടിൻെറ സ്ഥാനം ഒരു കാലത്ത് സുപ്രശസ്തമായിരുന്നു. ശതകങ്ങളായി ഇവിടെ നിന്നലയടിച്ച സംസ്കാരവും പാണ്ഡിത്യവും മുസ്ലിം കേരളത്തെ ഹർഷപുളകിതമാക്കി. വർഷങ്ങളോളം ഈ നാട് മുസ്ലിംകളുടെ ആഭിജാത്യവും, അന്തസ്സും, പ്രൗഢിയും, യശസ്സും നിലനിർത്തി. അതിലവർ സാഭിമാനം സന്തോഷിച്ചു. 19-ാം ശതകത്തിൻെറ അന്ത്യം വരെ അതു നിലനിന്നു. ഭാരത മുസ്ലിംകൾക്ക് രോമഹർഷമായ ഒരു മഹൽ പ്രസ്ഥാനവുമായാണ് 20-ാം നൂററാണ്ട് ഈ നാടിനെ സ്വാഗതം ചെയ്തത്. അതത്രെ മഊനത്തുൽ ഇസ്ലാം സഭ.

പുരാതനകാലം മുതൽ തന്നെ പൊന്നാനി മുസ്ലിം പണ്ഡിതൻമാരുടെ അധിവാസകേന്ദ്രമായിരുന്നുവെന്ന് ചരിത്രം സാക്ഷ്യം വഹിക്കുന്നു. ശൈഖ് സൈനുദ്ദീൻ ഒന്നാമൻെറ പരിശ്രമഫലമായി ക്രിസ്തുവർഷം 1510-ൽ സ്ഥാപിതമായ വലിയ ജുമുഅത്ത് പള്ളി മുസ്ലിം പണ്ഡിതൻമാരുടെ ഒരു സർവ്വകലാശാലയായും ദക്ഷിണേന്ത്യൻ മുസ്ലിം സംസ്കാരത്തിൻെറ കേന്ദ്ര ബിന്ദുവായും വികസിച്ചു.

വെള്ളക്കാരുടെ ഭരണത്തെ സ്വരാജ്യത്തുനിന്ന് പിഴുതെറിയുന്നതിൽ ആദ്യമായി പോരാട്ടം നടത്തിയവർക്ക് ഉത്തേജനം നൽകുന്നതിൽ ശൈഖിൻെറ പുണ്യമേറിയ തൂലികയും നായകത്വവും വഹിച്ച പങ്ക് സ്തുത്യർഹമാണ്.

മുസ്ലിംകളുടെ കളങ്കരഹിതമായ ജീവിതരീതിയും പരിശുദ്ധമായ തത്വങ്ങളുമാണല്ലൊ ഇസ്ലാം പ്രചരിക്കാനുള്ള കാരണങ്ങളിൽ പ്രഥമമായത്. പതിനഞ്ചാം ശതകത്തിനുശേഷം കേരളക്കരയിൽ ഇതിനു പ്രചോദനം നൽകിയവരിൽ പൊന്നാനി മഖ്ദൂമീങ്ങളുടെ സ്ഥാനം അദ്വിതീയമാണ്. ഈ കാലഘട്ടങ്ങളിൽ പുതുതായി ഇസ്ലാം മതം സ്വീകരിക്കുന്നവരിൽ അധികവും പൊന്നാനിക്കര വന്നു. അവർക്ക് വേണ്ടുന്ന സൗകര്യങ്ങൾ അതതു കാലത്തെ മഖ്ദൂമീങ്ങൾ നൽകി. പുരാതനകാലം മുതൽ ഹൈന്ദവ സമുദായത്തിൻെറ ശാപമായിരുന്നു ചാർതുർവർണ്ണ്യവും ഐത്ത മനോഭാവവും പാണ്ഡവാചാരവും. അധഃകൃതവർഗ്ഗങ്ങൾ സവർണ്ണരിൽ നിന്ന് ഏററുവാങ്ങികൊണ്ടിരുന്ന പീഢനങ്ങൾ നിരവധിയാണ്. ജാതിയുടെയും, മതത്തിൻെറയും, വർഗ്ഗത്തിൻെറയും പേരിൽ മനുഷ്യനെ ആട്ടിയകററുന്ന അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഹിന്ദുക്കൾക്കിടയിൽ നടമാടിയിരുന്നു. പ്രശസ്തചരിത്രഗ്രന്ഥമായ തുഹ്ഫത്തുൽ മുജാഹിദീൻ ഈ കാര്യം വിവരിക്കുന്നുണ്ട്.

മലയാളക്കരയിൽ സ്ഥിരപ്രതിഷ്ഠ നേടിയ പ്രശസ്ത കവികളുമായി ബന്ധം പുലർത്തിപോന്ന ചില മുസ്ലിം പണ്ഡിതൻമാരും അക്കാലത്ത് ജീവിച്ചിരുന്നു. സംസ്കൃതത്തിലും

---

നത്തിൽ സ്വന്തമായി എഴുതുവാൻ കഴിവുള്ളവരാക്കിതീർത്തു. കുട്ടിക്കളികളിൽ എല്ലാം കുട്ടിക്കളിയല്ല. അവ ശരിയായ മാർഗ്ഗത്തിൽ കൂടി നയിക്കുന്ന പക്ഷം വളരെ നല്ല ഫലം നല്കുന്നതാണ്. ഇന്നത്തെ തിരക്കു പിടിച്ച ജീവിതത്തിൽ എങ്ങനെയും മാർക്ക് വാരിക്കൂട്ടുവാൻ വെമ്പൽക്കൊള്ളുന്ന കോളേജു വിദ്യാർത്ഥികൾക്കും മററു ചെറുപ്പക്കാർക്കും ഇത്തരം പ്രവർത്തനങ്ങൾക്ക് സമയം കിട്ടുമോ? വേണമെന്ന് വെച്ചാൽ കിട്ടും, കിട്ടണം. മുസ്ലിം അസോസിയേഷനിലെ ചെറുപ്പക്കാർ ഇത്തരം പരിശ്രമങ്ങൾ സംഘടിപ്പിക്കുന്നത് നന്നായിരിക്കും. □

ആയുർവ്വേദത്തിലും പാണ്ഡിത്യം നേടിയ മുസ്ലിം പ്രമുഖരും സഹോദരസമുദായാംഗങ്ങളുമായുള്ള ബന്ധവും അഭേദ്യമായിരുന്നു.

ഈ കാരണങ്ങളാലും മററും അന്യമതങ്ങളിൽ നിന്ന് നിരവധി പേരെ ഇസ്ലാമിലേക്ക് ആകർഷിച്ചു. ക്രമേണ ഇസ്ലാം മതം സ്വീകരിക്കുന്നവരുടെ സംഖ്യ അനുദിനം വർദ്ധിച്ചു. ഈ പ്രശ്നത്തെ സഗൗരവം കൈകാര്യം ചെയ്യുന്നതിന് പൊതുപ്രാധാന്യമുള്ള ഒരു സ്ഥാപനവും ഫണ്ടും അത്യാവശ്യമായി വന്നു. ഇങ്ങനെ ഒരു ആശയം നൂററാണ്ടുകൾക്കുമുമ്പ് തന്നെ മുസ്ലിംകൾക്കുണ്ടായിരുന്നുവെന്നും, മുസ്ലിം കച്ചവടക്കാർ ഇതിനൊരു ഫണ്ട് രൂപീകരിച്ചിരുന്നുവെന്നും 16-ാം നൂററാണ്ടിൽ ജീവിച്ച ശൈഖ് സൈനുദ്ദീൻ മഖ്ദൂം രണ്ടാമന്റെ തുഹ്ഫത്തുൽ മുജാഹിദീനിൽ നിന്ന് ഗ്രഹിക്കാം.

ഈ ആശയത്തിന് സുസംഘടിതവും വ്യവസ്ഥാപിതവും വികസിതവുമായ ഒരു രൂപം നൽകുന്നതിന് മുസ്ലിം പണ്ഡിതൻമാരും സമുദായനേതാക്കളും ഉൾപ്പെടെ 800-ഓളം പ്രമുഖർ കേരളീയരുടെ 'ചെറിയ മക്ക' എന്നറിയപ്പെടുന്ന പൊന്നാനിയിൽ സമ്മേളിച്ചു. പുതിയ മാളിയക്കൽ പൂക്കോയ തങ്ങൾ, വലിയ ജാറത്തിങ്കൽ കുഞ്ഞിക്കോയ വലിയ തങ്ങൾ, മഖ്ദൂം പുതിയകത്തു കുഞ്ഞൻ ബാവ മുസ്ല്യാർ, സി. സൈതാലികുട്ടി മാസ്ററർ, മണ്ടായപ്പുറത്ത് ബാവ മൂപ്പൻ തുടങ്ങിയവരുടെ ത്യാഗപൂർണ്ണമായ ശ്രമങ്ങൾ ഫലമായി 1900 സെപ്തംബർ 9-ന് പൊന്നാനിയിൽ മഊനത്തുൽ ഇസ്ലാം സഭ രൂപീകൃതമായി. ആരംഭകാലത്ത് കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇതിന് ശാഖകളുണ്ടായിരുന്നു.

നാട്ടുകാരും മറുനാട്ടുകാരും ദരിദ്രനും ധനികനും പണ്ഡിതനും പാമരനും തൊഴിലാളിയും മുതലാളിയും ഇതിന്റെ വളർച്ചയിൽ വഹിച്ച പങ്ക് നിസ്സീമമാണ്. ആടും ആനയും നുള്ളരിയും അരിച്ചാക്കും പാടവും പറമ്പും മററും ഇതിന് സംഭാവനകളായി അർപ്പിച്ചു. അക്കാലത്തെ ചുമുട്ടു തൊഴിലാളികൾ ഓരോ പൈസ വീതം ഇതിനു നൽകി. മഊനത്തിന് ധർമ്മം നൽകുകയെന്നത് ജാതി മത ഭേദമെന്യേ എല്ലാവരും ഏററവും വലിയ പുണ്യമായി വിശ്വസിച്ചു. സർവ്വരുടേയും നിസ്വാർത്ഥമായ പ്രവർത്തന ഫലമായി അന്നും ഇന്നും ഈ സ്ഥാപനം സമുദായത്തിന്റെ അന്തസ്സ് വർദ്ധിപ്പിക്കുന്നു.

മലപ്പുറം പുതിയ മാളിയക്കൽ പൂക്കോയ തങ്ങൾ പ്രസിഡൻറും പൊന്നാനി മഖ്ദൂം പുതികത്ത് കുഞ്ഞൻബാവ മുസ്ല്യാർ സെക്രട്ടറിയുമായി സഭ 1908-ൽ ഇന്ത്യൻ കമ്പനി നിയമമനുസരിച്ച് രജിസ്ട്രർ ചെയ്തു. അന്ന് തൊട്ടു ഇന്നുവരെ വർഷാന്ത കണക്കുകൾ സർക്കാർ അംഗീകൃത ഓഡിററർ പരിശോധിച്ച് കമ്പനി രജിസ്ട്രാരുടെ ഓഫീസിൽ ഫയൽ ചെയ്യുന്നു. വഖഫ് ബോർഡിന്റെ പരിശോധന വേറെയും.

നവ മുസ്ലിംകൾക്ക് താമസം, ഭക്ഷണം, വൈദ്യം, വിദ്യാഭ്യാസം തുടങ്ങി തൃപ്തികരമായ എല്ലാ സംരക്ഷണവും നൽകി വരുന്ന ആഗോളനാടിസ്ഥാനത്തിലുള്ള ഒരേയൊരു സ്ഥാപനം മഊനത്താണെന്ന് നിസ്സംശയം പറയാം. സ്വമനസ്സാലെ ഇസ്ലാം മതം സ്വീകരിക്കുന്നവർക്ക എല്ലാവിധ സൗകര്യങ്ങളും നൽകുകയെന്നതാണ് പ്രഥമവും പ്രധാനവുമായ ലക്ഷ്യം. ആ പരമോന്നത ലക്ഷ്യവുമായി മഊനത്ത് മുന്നേറിക്കൊണ്ടിരിക്കുന്നു.

യഥാർത്ഥ ഇസ്ലാമിക തത്വങ്ങൾ പ്രചരിപ്പിക്കുക, സമുദായത്തിന്റെ നീറുന്ന പ്രശ്നങ്ങൾ സർക്കാറിന്റെ ശ്രദ്ധയിൽ കൊണ്ടുവരിക, സമുദായത്തിലുണ്ടാകുന്ന ഭിന്നിപ്പുകൾക്ക് തീർപ്പുകാണുക, വിദ്യാഭ്യാസ സാമൂഹ്യപുരോഗതിക്കുവേണ്ടി പ്രവർത്തിക്കുക തുടങ്ങിയവയും സഭയുടെ ലക്ഷ്യങ്ങളിൽപ്പെടും.

പൊന്നാനിയുടെ പരാധീനതകൾ ഒരു പരിധിവരെ പരിഹരിക്കാനായി 1940-നുശേഷം മതഭൗതിക വിദ്യാഭ്യാസരംഗത്തും അനാഥ സംരക്ഷണത്തിലും ശ്രദ്ധ കേന്ദ്രീകരിക്കാൻ ആരംഭിച്ചു. തൽഫലമായി അറബി കോളേജ്, അനാഥശാല, പള്ളികൾ, മദ്രസ്സ, യു. പി. സ്ക്കൂൾ, ഹൈസ്ക്കൂൾ എന്നിവ സ്ഥാപിതമായി. കാലത്തിന്റെ വെല്ലുവിളികളെ അതിജീവിച്ച് കരുത്തുററ പണ്ഡിത സമൂഹത്തെ വാർത്തെടുക്കുന്നതിലും ഇതര വൈജ്ഞാനിക രംഗത്തും സഭ പ്രകടിപ്പിക്കുന്ന താല്പര്യം അഭിനന്ദനീയമാണ്.

പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ (പ്രസിഡൻറ്) എം. എം. കുഞ്ഞാലൻ ഹാജി (ജനറൽ സെക്രട്ടറി) സി. മുഹമ്മദ് ശരീഫ് (മാനേജർ) എ. വി. ഹംസ (ഖജാൻജി) എന്നിവരടങ്ങുന്ന കമ്മിററി ഭരണം നടത്തുന്നു. വിവിധ സബ് കമ്മിററികളും പ്രവർത്തിക്കുന്നു.

# ഇന്ത്യാ ഓഫീസ് ലൈബ്രറി

**എം. പി. സാഹിബ്**

**'മൈസൂർ കടുവ'** എന്ന അപരനാമത്താൽ അറിയപ്പെട്ടിരുന്ന ടിപ്പുസുൽത്താന്റെ പുലിക്കുട്ടി ബ്രിട്ടീഷുകാർ ഇന്ത്യയിൽ നിന്നു കടത്തിക്കൊണ്ടുപോയ അമൂല്യവസ്തുക്കളിലൊന്നാണ്. ഒരു പുള്ളിപ്പുലി വെള്ളക്കാരനുമായി മല്ലിടുന്ന കാഴ്ച യന്ത്രത്തിൽ പണിതീർന്നതാണ് ടിപ്പുവിന്റെ ഈ കളിപ്പാവ. പുലിയും യന്ത്രത്തിന്റെ ചക്രങ്ങളും കൊത്തു പണികൾ കൊണ്ട് ഭംഗിയായി ചിത്രണം ചെയ്യപ്പെട്ടിരിക്കുന്നു. ചക്രങ്ങളിലൊന്നിൽ പിടിച്ചു തിരിച്ചാൽ ഗർജ്ജിച്ചു കൊണ്ട് പുലി സായ്പിന്റെ മേൽ ചാടി വീഴും. അപ്പോൾ ശ്വാസം മുട്ടുന്ന സായ്പ് മോങ്ങുന്നതും ഞരങ്ങുന്നതും കേൾക്കാം. വിശ്രമസമയങ്ങളിൽ ഇത് പ്രവർത്തിപ്പിച്ച് രസിക്കുക എന്നത് ടിപ്പുവിന്റെ പതിവു വിനോദമായിരുന്നു. ടിപ്പു സ്വന്തം കയ്യക്ഷരത്തിൽ ബ്രിട്ടീഷുകാരെക്കുറിച്ച് എഴുതിയിട്ടുള്ള അഭിപ്രായങ്ങൾ അടങ്ങിയ ഡയറിയും ഇതോടൊപ്പമുണ്ട്. ഇവയൊക്കെ സംരക്ഷിക്കപ്പെട്ടിരിക്കുന്നത് ലണ്ടനിലെ ഇന്ത്യാ ഓഫീസ് ലൈബ്രറിയിലാണ്.

ഇന്ത്യയിൽ മേൽകോയ്മ നടത്തിയിരുന്ന ബ്രിട്ടീഷുകാർ വില മതിക്കാനാവാത്ത പല സാധനങ്ങളും ഇവിടെ നിന്നും അപഹരിച്ചു കൊണ്ടുപോയിട്ടുണ്ട്. പ്രസിദ്ധമായ കോഹിനൂർ രത്നം, മയൂരസിംഹാസനം തുടങ്ങിയ അമൂല്യനിധികളും അക്കൂട്ടത്തിൽ പെടുന്നു. ഷാജഹാന്റെ ആൽബം പ്രത്യേകം പ്രസ്താവ്യമാണ്. സുന്ദരമായ കലാസൃഷ്ടികൾ നിറഞ്ഞ ആൽബം പ്രത്യേകം പ്രസ്താവ്യമാണ്. അതിന്റെ തോൽ ബയന്റിന്റെ മനോഹാരിത വർണ്ണനാതീതമാണ്. സൗകുമാര്യം വഴിഞ്ഞൊഴുകുന്നു കലാകല്പനകൾ തങ്കക്കസവുകൊണ്ടു മോടിപിടിപ്പിച്ച അതിലെ ഓരോ പുറത്തിലും കാണാം. ഷാജഹാൻ ചക്രവർത്തി തന്റെ സ്നുഷയായ നാദിറാബീഗത്തിനു പിറന്നാൾ സമ്മാനമായിനല്കിയതാണത്രേ ഈ ആൽബം. ബ്രിട്ടീഷുകാർ ഒരു പുസ്തകവ്യാപാരിയുടെ പക്കൽ നിന്നു. ഇത് 25 പവൻ വില കൊടുത്തു വാങ്ങിക്കുക്കുകയുണ്ടായി ഇന്നതിനുള്ളവില മതിക്കാനാവില്ലല്ലോ.

ഇതു പോലെ അമൂല്യങ്ങളായ നമ്മുടെ അനേകം സാംസ്കാരിക സമ്പത്തുകളും അനർഘരത്നങ്ങളും ബ്രിട്ടീഷുകാർ കടത്തികൊണ്ടുപോയെങ്കിലും അവർ അവ നശിപ്പിക്കാതെ ഒരു ലൈബ്രറിയുണ്ടാക്കി അതിൽ സൂക്ഷിച്ചു. അതാണ് ലണ്ടനിൽ ചാറൽസ് സ്ട്രറീററിലുള്ള

---

കേരളത്തിലെ പ്രഗൽഭരായ പലരും ഇതിൽ അംഗങ്ങളാണ്.

ഖാൻ സാഹിബ് വി. ആററക്കോയ തങ്ങൾ, പാണക്കാട് പൂക്കോയ തങ്ങൾ, സയ്യിദ് അബ്ദുറഹിമാൻ ബാഫക്കി തങ്ങൾ, സി. എച്ച്. മുഹമ്മദു കോയ, അഹമ്മദു കുരിക്കൾ, രാജാ എം. അബ്ദുൽ ഖാദർ ഹാജി, വി. പി. സി. തങ്ങൾ, എം. എം. അബ്ദുൽ ഹയ്യ് ഹാജി, കെ. എം. കുഞ്ഞി മുഹമ്മദ് ഹാജി, അവുക്കാദർകുട്ടി നഹ, കോട്ടു ചെറുകോയ തങ്ങൾ തുടങ്ങി നിരവധി മൺമറഞ്ഞ പ്രശസ്തർ പല ഘട്ടങ്ങളിലായി ഈ സ്ഥാപനത്തെ സേവിച്ചവരാണ്.

വർഷത്തിൽ ഭീമമായ ചിലവുള്ള സഭ സാമ്പത്തിക വിഷമം നേരിടുന്നു. സമുദായ സ്നേഹികളുടെ നിർലോഭമായ സഹായസഹകരണം ഈ സ്ഥാപനം തീർച്ചയായും അർഹിക്കുന്നു.

സഹസ്രങ്ങളെ ഇസ്ലാമിക പ്രചരണരംഗത്തേക്ക് സൃഷ്ടിച്ചയച്ച ഭൂതകാലസ്മരണകളുമായി തലയുയർത്തി നിൽക്കുന്ന പള്ളിയും, പതിനായിരങ്ങളെ മുസ്ലിം സമുദായത്തിന് പുതുതായി നൽകി വർത്തമാനകാലത്തെ കടമകൾ സ്തുത്യർഹമായി നിർവഹിച്ചു ശോഭനമായഭാവിയിലേക്ക് ദീർഘദൃഷ്ടിയോടെ ഗമിക്കുന്ന മഊനത്തുൽ ഇസ്ലാം സഭയും, നിരവധി മസ്ജിദുകളും തലയുയർത്തി നിൽക്കുന്ന പൊന്നാനി നഗരം കേരള മുസ്ലിം പൈതൃകത്തിന്റെ സുവർണ്ണ ഭൂമിയാണ്. □

ഇന്ത്യാ ആഫീസ് ലൈബ്രറി. ഇന്ത്യയിലെ പുരാതനമായ ഗ്രന്ഥങ്ങളും പുരാവസ്തുക്കളും വിലമതിക്കാനാവാത്ത രത്നങ്ങളും ശില്പങ്ങളും ബ്രിട്ടീഷുകാർ കൈക്കലാക്കിയെങ്കിലും അവയുടെ മഹത്വമറിയാവുന്ന ബ്രിട്ടീഷുകാർ അവ നശിപ്പിച്ചു കളഞ്ഞില്ല. അതിനു അവരോട് നാം നന്ദിയുള്ളവരായിരിക്കുക.

വിശാലമായ ഹാളുകളും മുറികളും. ചുവരിൽ ഇംഗ്ലീഷ് ചരിത്രനായകൻമാരുടെ ചിത്രങ്ങൾ പതിച്ചിരിക്കുന്നു. അക്കൂട്ടത്തിൽ ഇന്ത്യയിലെ ഒന്നാമത്തെ ഗവർണർ ജനറലായിരുന്ന വാറൻ ഹേസ്റ്റിംഗ്സിന്റെ ചിത്രം തെളിഞ്ഞു കാണാം. ലൈബ്രറിക്കു പുറത്ത് തോക്കുധാരിയായ ഒരു പോലീസുകാരൻ കാവൽ നില്ക്കുന്നു. ഹാളിനുള്ളിൽ ആളുകൾ ഗ്രന്ഥങ്ങൾ മറിച്ചു നോക്കി എന്തൊക്കെയോ കുറിച്ചെടുക്കുന്നു. അവരെല്ലാം ചരിത്രാന്വേഷികളോ ഗവേഷകരോ ആണ്. മുറികളിൽ ഭദ്രമായി പൂട്ടിവച്ചിരിക്കുന്ന വലിയ അലമാരകളിൽ പൗരസ്ത്യഭാഷാഗ്രന്ഥങ്ങൾ സൂക്ഷിച്ചിരിക്കുന്നു. അകത്തു കാണുന്ന 'കൗൺസിൽ ചേംബറിൽ' വച്ചാണ് പ്രാധാന്യമേറിയ ഇന്ത്യൻ പ്രശ്നങ്ങൾ ചർച്ച ചെയ്യപ്പെട്ടിരുന്നത്. ബ്രിട്ടീഷുകാർ ഇന്ത്യൻ നാടുവാഴികളെയും സുൽത്താൻമാരെയും രാജാക്കൻമാരെയും വിളിച്ചു വരുത്തി അവിടെ വച്ച് സ്വീകരണം നല്കുകയും വട്ടമേശസമ്മേളനങ്ങൾ നടത്തുകയും ചെയ്തിരുന്നു.

ഇന്ത്യയിലെ ബ്രിട്ടീഷുദ്യോഗസ്ഥർ, പ്രത്യേകിച്ച് പുരാണ ഗ്രന്ഥശേഖരത്തിൽ താൽപര്യമുള്ളവർ, നാട്ടിലേക്ക് മടങ്ങുമ്പോൾ ഗ്രന്ഥങ്ങൾ ശേഖരിച്ചുകൊണ്ടു പോകുക പതിവായിരുന്നു. അമൂല്യങ്ങളായ ചരിത്ര രേഖകൾ ഇങ്ങനെ ചിന്നിച്ചിതറി നാനാവിധമായിപ്പോകുന്നതിനെപ്പററി അന്നത്തെ 'കോർട്ട് ആഫ് ഡയറക്റേഴ്സ്' കാര്യമായി ചിന്തിക്കുകയും അവ ശേഖരിച്ചു സൂക്ഷിക്കാൻ പ്ലാൻ ആസൂത്രണം ചെയ്യുകയുമുണ്ടായി. തൽഫലമായി ഗവർണർ ജനറലായിരുന്ന വാറൻ ഹേസ്റ്റിംഗ്സിന്റെ ആത്മാർത്ഥമായ ശ്രമഫലമായി സംസ്കൃത വിജ്ഞാനത്തിന്റെ പിതാവ് എന്ന് ഇംഗ്ലണ്ടിൽ അറിയപ്പെട്ടിരുന്ന ചാൾസ് വിക്കൻസ് 1801-ൽ ഇന്ത്യാ ആഫീസ് ലൈബ്രറി സ്ഥാപിച്ചു. ഗ്രന്ഥശാലക്കാരുടെ അഭ്യർത്ഥന മാനിച്ച് ഇന്ത്യയിൻ നിന്ന് കണ്ടെടുത്തിട്ടുള്ള ഗ്രന്ഥങ്ങൾ ഓരോന്നായി ഗ്രന്ഥശാലയിൽ വന്നു ചേർന്നു. അക്കൂട്ടത്തിൽ മഹത്തായ എത്രയെത്ര സാംസ്കാരിക സമ്പത്തുകൾ ചോർന്നു പോയിരിക്കയില്ല,

ഇന്ത്യയിൽ പ്രസിദ്ധപ്പെടുത്തുന്ന പുസ്തകങ്ങളുടെ ഓരോ പ്രതി ഈ ഗ്രന്ഥശാലയ്ക്ക് അയച്ചു കൊടുക്കണമെന്നായിരുന്നു നിയമം. ഈ നിയമം കുറേക്കാലം കണിശമായി പാലിക്കപ്പെട്ടു പോന്നു. സംസ്കൃതം, ചൈനീസ്, തമിഴ്, മലയാളം, തെലുങ്ക്, ഉറുദു, പേർഷ്യൻ, അറബി തുടങ്ങി വിവിധ ഭാഷകളിൽ ഉദ്ദേശം മൂന്നു ലക്ഷത്തോളം അച്ചടിച്ച ഗ്രന്ഥങ്ങളും അൻപതിനായിരം താളിയോല ഗ്രന്ഥങ്ങളും അവിടെ സൂക്ഷിക്കപ്പെട്ടു വരുന്നു. 1500-ലേറെ വർഷം പഴക്കമുള്ളവ ഇക്കൂട്ടത്തിൽപ്പെടുന്നു. മലയാള ഭാഷയിൽ എഴുതിയിട്ടുള്ള ഒരു ഉടമ്പടിയും ഇതിൽപെടും. ഡച്ചുകമ്പനിയും കോഴിക്കോട്ടു സാമൂതിരിയും തമ്മിൽ എഴുതിയ ഉടമ്പടി തങ്കത്തകിടിൽ രേഖപ്പെടുത്തിയിട്ടുള്ളതാണിത്. കൂടാതെ ശില, ആനക്കൊമ്പ്, മരപ്പലക, പലതരം ലോഹങ്ങൾ തുടങ്ങി നാനാതരം സാധനങ്ങളിൽ എഴുതിയിട്ടുള്ള അനവധി ലിഖിതങ്ങളും ഗ്രന്ഥങ്ങളും ഇവിടെയുണ്ട്. രാജാക്കൻമാരുടെയും മുഗൾ ചക്രവർത്തിമാരുടെയും ഛായാപടങ്ങളും ശിലയിൽ കൊത്തിയെടുത്തിട്ടുള്ള ശിൽപകലാശേഖരവും എടുത്തു പറയേണ്ടവയാണ്. ഇരുളടഞ്ഞ ചരിത്രാതീത കാലഘട്ടങ്ങളിൽ ഭാരതീയകല എത്രമാത്രം ഉന്നതനിലയിലായിരുന്നുവെന്ന് കാണാൻ മതിയായ തെളിവുകളാണിവ.

അങ്ങനെ വിലമതിക്കാനാവാത്ത നമ്മുടെ അനേകം അമൂല്ല്യ സാംസ്കാരിക സമ്പത്തുകളും അനർഘ രത്നങ്ങളും ബ്രിട്ടനിൽ ചെന്നടിഞ്ഞിരിക്കുകയാണ്. പൗരസ്ത്യ സംസ്കാരത്തിന്റെ ആഴവും പരപ്പും മനസ്സിലാക്കാൻ പര്യാപ്തമായ അവ നമുക്ക് ലഭിക്കേണ്ടത് നമ്മുടെ ആവശ്യമാണ്. നൂററാണ്ടുകാലം നീണ്ടുനിന്ന അടിമത്തത്തിലും ദാരിദ്ര്യത്തിലും നമ്മുടെ സാംസ്കാരിക സമ്പത്തുകൾ മൺമറഞ്ഞു പോയേനെ. അവയെ ചാണകക്കുണ്ടിൽ നിന്നും പെറുക്കിയെടുത്ത് മിനുക്കി ഭദ്രമായി സൂക്ഷിച്ചുവച്ചതിന് ഇംഗ്ലീഷുകാരോട് നാം കടപ്പെട്ടിരിക്കുന്നു. ഇന്ന് ഇന്ത്യയുടെ കരങ്ങൾ സുശക്തമാണ്. ഏതൊന്നിനെയും പേറാൻ തക്കവണ്ണം സുദൃഢവുമാണ്. നമ്മെപ്പററി നാം കൂടുതൽ മനസ്സിലാക്കേണ്ട ഈ സന്ദർഭത്തിൽ ഭാരതത്തിന്റെ ഭൂതകാല ചരിത്രത്തിലേക്ക് വെളിച്ചം വീശുന്ന പ്രസ്തുത സാംസ്കാരിക സമ്പത്ത് നമുക്ക് ഒഴിച്ചു

# എനിക്ക് മറക്കാൻ കഴിയാത്ത ഒരു മഹാൻ

എം. കുട്ടിഹസ്സൻ
സൂപ്രണ്ടിംഗ് എഞ്ചിനീയർ, കോഴിക്കോട്

ജനാബ് T. P. കുട്ടിയമ്മു സാഹിബിനെ പ്പററി ആദ്യമായി ഞാൻ കേൾക്കുന്നത് 1953—54 കാലഘട്ടത്തിലാണ്. ഞാൻ കോയമ്പത്തൂർ എഞ്ചിനീയറിംഗ് കോളേജിൽ പഠിച്ചിരുന്ന കാലം—''Tech Mag'' എന്ന ഞങ്ങളുടെ കോളേജ് മാസികയിൽ അന്ന് മദിരാശി സംസ്ഥാനത്തിൽ എക്സി. എഞ്ചിനീയർ ആയിരുന്ന ജ: കുട്ടിയമ്മു സാഹിബ് ഒരു ലേഖനം എഴുതിയിരുന്നു. ഏതോ ഒരു river valley project-നെ സംബന്ധിച്ച് അദ്ദേഹം എഴുതിയ ആ ലേഖനത്തിൽ കൂടിയാണ് അദ്ദേഹത്തെപ്പററി ആദ്യമായി ഞാൻ കേൾക്കാൻ ഇടയായത്.

കുട്ടിയമ്മു സാഹിബിനെ ഞാൻ ആദ്യമായി നേരിൽ കണ്ട രംഗം ഇന്നും എൻെറ ഓർമ്മയിൽ തെളിഞ്ഞു നില്ക്കുന്നു. 1956-ൽ കേരളപ്പിറവിയോടെ കുട്ടിയമ്മു സാഹിബ് കേരളത്തിലെ ഇറിഗേഷൻ ചീഫ് എഞ്ചിനീയറായി നിയമിതനായി. ഞാൻ അക്കാലത്ത് മലപ്പുറത്ത് ജൂനിയർ എഞ്ചിനീയറായി ജോലി ചെയ്തുവരികയായിരുന്നു. ചീഫ് എഞ്ചിനീയർ കുട്ടിയമ്മു സാഹിബ് കോഴിക്കോട്ടേക്കു പോകുന്ന വഴി മലപ്പുറം T. B. യിൽ അല്പനേരം തങ്ങുമെന്ന് ഞങ്ങൾക്ക് വിവരം കിട്ടി. അതനുസരിച്ച് ഞാനും മററു ചില എഞ്ചിനീയർമാരും ബംഗ്ലാവിൽ പോയി കാത്തിരിപ്പായി. അന്നേ വരെ കുട്ടിയമ്മു സാഹിബിനെ നേരിൽ കണ്ടിട്ടില്ലാത്ത ഞാൻ അദ്ദേഹത്തെപ്പററി എൻെറ ഭാവനയ്ക്കനുസരിച്ച് മനസ്സിൽ ഒരു രൂപം സൃഷ്ടിച്ചിരുന്നു. കേരളത്തിൻെറ ചീഫ് എഞ്ചിനീയർ അതീവ ഗൗരവക്കാരനായ ഒരാഫീസർ അല്ലാതിരിക്കാൻ വഴിയില്ലല്ലോ!

അല്പനേരം കഴിഞ്ഞപ്പോൾ അര ഡസനോളം കാറുകളും ജീപ്പുകളും മലപ്പുറം T. B. യിലേക്ക് കുതിച്ചുവന്നു. ഞങ്ങളെല്ലാം വളരെ ജാഗ്രതയോടെ നില്പായി. മുന്നിലെ കാറിൽ നിന്നും സാമാന്യം കുറിയ ഒരാൾ പുറത്തിറങ്ങി ബംഗ്ലാവിൻെറ വരാന്തയിലേക്ക് കയറി. പിന്നാലെ കൂടെ വന്നിരുന്ന എല്ലാവരും കയറി. പുഞ്ചിരിയോടു കൂടിയ മുഖവുമായി ആദ്യം കയറിയ ആൾ കുട്ടിയമ്മു സാഹിബായിരുന്നുവെന്ന് അനന്തര സംഭവങ്ങൾ തെളിയിച്ചു. ഞാൻ മനസ്സിൽ വരച്ചുവെച്ചിരുന്ന അദ്ദേഹത്തിൻെറ ചിത്രവും സാക്ഷാൽ കുട്ടിയമ്മു സാഹിബും തമ്മിൽ എന്തൊരന്തരം? ആ കുറിയ ''വലിയ മനുഷ്യൻെറ'' മുഖത്ത് ഗൌരവമില്ല; ഒരു ചീഫ് എഞ്ചിനീയരുടെ ഗമയുമില്ല!

''സ്ഥലത്തെ ജൂനിയർ എഞ്ചിനീയറായ എന്നെ പരിചയപ്പെട്ട ശേഷം അദ്ദേഹം ഒരു മന്ദഹാസത്തോടെ പറഞ്ഞു. ''I think, you are the tallest engineer in Kerala P. W. D. at present.'' വലുപ്പച്ചെറുപ്പ ഭാവമില്ലാതെ ആളുകളുമായി ഇണങ്ങിച്ചേരാനുള്ള അദ്ദേഹത്തിൻെറ സ്വതസിദ്ധമായ കഴിവ് അന്നാണ് എനിക്ക് അനുഭവബോദ്ധ്യമായത്. ഈ സംഭവത്തിനു ശേഷം തമ്മിൽ കാണുമ്പോൾ പലപ്പോഴും തമാശയായി കുട്ടിയമ്മു സാഹിബ് പറയുമായിരുന്നു—''the tallest man in the P. W. D.''.

---

കൂടാൻ വയ്യാത്തവയാണ്. ഇന്ത്യാ ആഫീസ് ലൈബ്രറിയിലെ ശേഖരങ്ങൾ നമുക്കു കൈമാറുന്ന കാര്യം പലപ്പോഴും ചർച്ച ചെയ്തിട്ടുണ്ട്. അവ നമുക്ക് ലഭിക്കുമെന്ന് പ്രതീക്ഷിക്കാം. പ്രസ്തുത ലൈബ്രറിയുടെ ഡയറക്ടറായിരുന്ന ഡോക്ടർ എച്ച്. എം. റാൻറൽ പറഞ്ഞതിപ്രകാരമാണ്.

''ആ ഗ്രന്ഥങ്ങൾ ആരെടുത്താലും എവിടെ സൂക്ഷിച്ചാലും അവയ്ക്ക് യാതൊരു കേടും പററാതെ ആവശ്യക്കാർക്ക് പരിശോധനാസൗകര്യത്തോടു കൂടി ഭദ്രമായി സൂക്ഷിക്കണം. ○

# മുസ്ലിം അസോസിയേഷൻ, തിരുവനന്തപുരം

## ഒരു സംക്ഷിപ്ത ചരിത്രം

### I അസോസിയേഷന്റെ ഉൽഭവം

മുൻനാട്ടുരാജ്യമായിരുന്ന തിരുവിതാംകൂറിന്റെയും പിന്നീട് തിരുവിതാംകൂർ കൊച്ചി ഐക്യ സംസ്ഥാനത്തിന്റെയും തലസ്ഥാന നഗരമായ തിരുവനന്തപുരം തന്നെ കേരള പിറവിയ്ക്കു ശേഷം കേരളത്തിന്റെയും തലസ്ഥാനമായിത്തീർന്നതുമൂലം കേരളത്തിലേയ്ക്ക് നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥൻമാരും അവരുടെ കുടുംബങ്ങളും തിരുവനന്തപുരത്ത് എത്തിച്ചേർന്നു. ഇതിൽ നല്ല ഒരു വിഭാഗം മുസ്ലിംകളായിരുന്നു. അവർ മദ്രാസിലായിരുന്നപ്പോൾ അവിടെ ഒരു മുസ്ലിം അസോസിയേഷന്റെ കീഴിൽ പ്രവർത്തിക്കുകയും സ്തുത്യർഹമായ നിലയിൽ ഒരു മുസ്ലിം ഹോസ്റ്റൽ നടത്തിവരികയും ചെയ്തിരുന്നു. പുതുതായി എത്തിച്ചേർന്ന തിരുവനന്തപുരത്തും ഒരു മുസ്ലിം അസോസിയേഷൻ സ്ഥാപിക്കുകയും ഒരു മുസ്ലിം ഹോസ്റ്റൽ ആരംഭിക്കുകയും ചെയ്യാനുള്ള അഭിലാഷം അവരിൽ ചിലർക്കുണ്ടായി. ജ: റിട്ട. പി. കുട്ടിയമ്മു സാഹിബിന്റെ സഹായത്തോടെ തിരുവനന്തപുരം നഗരത്തിൽ സ്ഥിരതാമസക്കാരായിരുന്ന മുസ്ലിംകളിൽ പലരുമായി ചർച്ച നടത്തുകയുണ്ടായി. ഈ ചർച്ചകളുടെ ഫലമായിട്ടാണ് 1957 നവമ്പർ 3-ാം തീയതി ഞായറാഴ്ച രാവിലെ 9.30 ന് തിരുവനന്തപുരത്ത് ചാലയിൽ മയ്യന്നാ ബിൽഡിംഗ്സിലെ മർച്ചന്റ് ചേമ്പർഹാളിൽ മുസ്ലിം പ്രതിനിധികളുടെ യോഗം ചേർന്നത്. യോഗത്തിൽ മരയ്ക്കാർ മോട്ടോർസ് കമ്പനിയുടെ മാനേജിംഗ് ഡയറക്ടറും തിരുവനന്തപുരം നഗരത്തിലെ, സാമൂഹ്യ സാംസ്കാരിക പ്രവർത്തനങ്ങളിലെല്ലാം തന്നെ ഗണ്യമായ പങ്കുവഹിച്ചിരുന്ന വ്യക്തിയുമായ മർഹൂം ഹസ്സൻ മരയ്ക്കാർ സാഹിബ് അദ്ധ്യക്ഷത വഹിച്ചു. ഈ യോഗം സംഘടിപ്പിക്കുന്നതിലും അതിന്റെ വിജയ

---

മറ്റൊരു സംഭവം കൂടി പറയാം—1961-ൽ ഞാൻ പാലക്കാട് ഡിവിഷനിൽ technical Assistant ആയി ജോലി ചെയ്തുകൊണ്ടിരിക്കെ കുട്ടിയമ്മു സാഹിബ് ഒരിക്കൽ കോഴിക്കോട്ടുവന്നു. ഞാൻ കോഴിക്കോട്ട് വച്ച് അദ്ദേഹത്തെ കണ്ടപ്പോൾ എനിക്ക് മലപ്പുറം ജില്ലയിലേക്ക് ഒരു മാററം കിട്ടിയാൽ കൊള്ളാമായിരുന്നു എന്ന കാര്യം പറയാനിടയായി. ഇതു പറയുമ്പോൾ അക്കാര്യം അടുത്തൊന്നും ശരിയാവുമെന്നുള്ള വിശ്വാസവും എനിക്കുണ്ടായിരുന്നില്ല. എന്നാൽ രണ്ടാഴ്ച കഴിഞ്ഞില്ല, മഞ്ചേരിയിൽ ഒരു ഒഴിവ് വന്നപ്പോൾ എന്നെ അങ്ങോട്ടേക്ക് സ്ഥലം മാററി`കൊണ്ടുള്ള കല്പനയിൽ ഒപ്പുവെച്ചിട്ടുണ്ട് എന്ന വിവരമാണ് എനിക്കു കിട്ടിയത്. ഈ സ്ഥലം മാററത്തിനുവേണ്ടി ഞാൻ തിരുവനന്തപുരത്ത് പോയില്ല; രാഷ്ട്രീയക്കാരെയോ മന്ത്രിമാരെയോ സമീപിച്ചില്ല; കുട്ടിയമ്മു സാഹിബിനോട് കോഴിക്കോട്ടുവച്ച് ഒന്ന് പറയുകമാത്രമേ ചെയ്തിട്ടുള്ളു. കീഴ് ജീവനക്കാരോടുള്ള സമീപനത്തിൽ എപ്പോഴും മാനുഷികപരിഗണനയ്ക്ക് മുൻതൂക്കം കൊടുത്തുകൊണ്ടേ അദ്ദേഹം പെരുമാറിയിട്ടുള്ളു. ഇത്തരം അനുഭവങ്ങൾ അദ്ദേഹത്തിൽ നിന്നും എത്രയോ പേർക്ക് ഉണ്ടായിട്ടുണ്ട്.

അന്ത്യസമയത്ത് രോഗശയ്യയിൽ കിടന്നിരുന്ന കാലത്ത് രാമനാട്ടുകരയിൽ മകൻ ഡോ. അബൂബക്കർ ഹാജിയുടെ വീട്ടിൽവച്ച് ഞാൻ അദ്ദേഹത്തെ കണ്ടു. അന്ന് അദ്ദേഹത്തിന് കാഴ്ച ശക്തിയും കുറവായിരുന്നു. സലാം ചൊല്ലി കുട്ടിഹസ്സനാണെന്ന് പറഞ്ഞു മനസിലാക്കിക്കൊടുത്തപ്പോൾ അദ്ദേഹത്തിന്റെ കണ്ണുകളിൽ കണ്ണുനീർ നിറഞ്ഞു. എന്റെയും! വികാരനിർഭരമായ ആ നിമിഷം ഇന്നും എന്റെ മനസിൽ നിറഞ്ഞു നില്ക്കുന്നു.

ഇങ്ങനെ എത്രയെത്ര സംഭവങ്ങൾ ആ മഹാമനുഷ്യനെപ്പററി എഴുതുവാനുണ്ട്! സർവ്വശക്തനായ അല്ലാഹു അദ്ദേഹത്തിന് പൊറുത്തുകൊടുക്കട്ടെ! □

കരമായ നടത്തിപ്പിലും ജ: ററി. പി. കുട്ടിയമ്മു സാഹിബ് സുപ്രധാനമായ പങ്ക് വഹിച്ചിരുന്നു. തിരുവനന്തപുരം മുസ്ലിം അസോസിയേഷൻ സ്ഥാപിക്കാനുള്ള തീരുമാനമെടുത്തത് ഈ യോഗത്തിൽവച്ചാണ്. ആ തിരുമാനത്തെ തുടർന്ന് അസോസിയേഷന് ഒരു ഭരണഘടന എഴുതിയുണ്ടാക്കുവാൻ വേണ്ടി മേത്തർ സ്റോർസ് ഉടമയും ഒരു സാമൂഹ്യ പ്രവർത്തകനുമായിരുന്ന മർഹൂം കെ. അബ്ദു റഹുമാൻ സാഹിബ് കൺവീനറും ജനാബുമാർ (1) ററി. പി. കുട്ടിയമ്മു (2) കെ. പി. അലിക്കുഞ്ഞ് (3) പി. അബ്ദുൽ മജീദ് (4) ററി. അസ്സൻ (5) സി. സി. അഹമ്മദ് (6) എം. കെ. മജീദ് എന്നിവർ അംഗങ്ങളും ആയി ഒരു സബ് കമ്മററിയെ നിയമിച്ചു. കൂടാതെ മുസ്ലിം ഹോസ്ററൽ ആരംഭിക്കുന്നതിനു തക്കതായ ഒരു കെട്ടിടം കണ്ടുപിടിക്കുന്നതിനും ഹോസ്ററൽ പ്രവർത്തനത്തിൽ കൊണ്ടുവരുന്നതിനും വേണ്ടി മറെറാരു സബ്കമ്മിററിയെ ചുമതലപ്പെടുത്തുകയും ചെയ്തു,

1957 നവമ്പർ 10-ാം തീയതി വൈകുന്നേരം 6.30 ന് ചാലയിൽ മയ്യന്നാബിൽഡിംഗ്സിലെ മർച്ചൻറ് ചേമ്പർ ഹാളിൽ മർഹൂം ഹസ്സൻ മരിയ്ക്കാർ സാഹിബിൻെറ അദ്ധ്യക്ഷതയിൽ ചേർന്ന പൊതുയോഗത്തിൽ ഭരണഘടനാ സബ് കമ്മിററി അവതരിപ്പിച്ച കരടു ഭരണഘടന ചില ഭേദഗതികളോടെ അംഗീകരിക്കുകയും ആദ്യത്തെ ഭരണസമിതിയെ തെരഞ്ഞെടുക്കുകയും ചെയ്തു. ഈ സമിതിയിൽ മർഹൂം ഹസ്സൻ മരിയ്ക്കാർ സാഹിബ് പ്രസിഡൻറും, ജ: ററി. പി. കുട്ടിയമ്മു സാഹിബ് ജ: പി. കെ. അബ്ദുല്ലാ സാഹിബ് എന്നിവർ വൈസ് പ്രസിഡൻറുമാരും. ജ: കെ. അബ്ദുറഹിമാൻ സാഹിബ് ജ: എസ്. എം. എം. ഏ. ഖാദർ സാഹിബ് എന്നിവർ യഥാക്രമം സെക്രട്ടറിയും ട്രഷററും അയിരുന്നു. ഇങ്ങനെ പ്രവർത്തനം ആരംഭിച്ച മുസ്ലിം അസോസിയേഷൻ 22-8-66-ൽ തിരു - കൊച്ചി സൊസൈററീസ് ആക്ട് (Travancore Cochin Literary Scientific and Charitable Societies Registration Act XII of 1955) പ്രകാരം 1966-ലെ 40-ാം നമ്പരായി രജിസ്ററർ ചെയ്യപ്പെട്ടു. മുസ്ലിം അസോസിയേഷൻെറ അംഗങ്ങൾ രക്ഷാധികാരി (പേട്രൺ) ആജീവനാന്തം അംഗം (ലൈഫ്) മെമ്പർ. സാധാരണയംഗം ഇങ്ങനെ മൂന്ന് ഇനങ്ങളിലായിട്ടാണ് അംഗത്വം വ്യവസ്ഥപ്പെടുത്തിയിരിക്കുന്നത്, 1968-ൽ ഭരണഘടനയിൽ വരുത്തിയ ഭേദഗതികളുടെ ഫലമായി രക്ഷാധികാരിയുടെ വരി സംഖ്യ 500 രൂപയിൽ നിന്നും 1000 രൂപ ആയും ആജീവനാന്ത അംഗത്തിൻേറത് 150 രൂപയിൽ നിന്നും 250 രൂപ ആയും ഉയർത്തി.

1968 ഡിസംബർ 31-ാം തീയതികൊണ്ടവസാനിക്കുന്ന വർഷത്തെ പ്രവർത്തനത്തെക്കുറിച്ച് പൊതുയോഗത്തിൽ അവതരിപ്പിച്ചിട്ടുള്ള പത്താമതു വാർഷിക റിപ്പോർട്ടിൽ അന്നത്തെ സെക്രട്ടറിയായിരുന്നു ജനാബ് ററി. പി. കുട്ടിയമ്മു സാഹിബ് അസോസിയേഷൻെറ അന്നുവരെയുള്ള പ്രവർത്തന വിവരങ്ങൾ ഭംഗിയായി സംഗ്രഹിച്ചു ചേർത്തിട്ടുണ്ട്. ആ റിപ്പോർട്ടിൻ പ്രകാരം 1968 ഡിസംബർ 31-ാം തീയതി അസോസിയേഷനിൽ 36 പേട്രൺ മെമ്പർമാരും 42 ലൈഫ് മെമ്പർമാരും 120 സാധാരണയംഗങ്ങളും ഉണ്ടായിരുന്നു. ഇപ്പോൾ അസോസിയേഷനിൽ നൂററിനാല് പേട്രൺ മെമ്പറൻമാരും നാനൂററിമുപ്പത്തിമൂന്ന് ലൈഫ് മെമ്പറൻമാരും ഉണ്ട്. സാധാരണ മെമ്പറൻമാരിൽ ചിലർ ലൈഫ് മെമ്പറൻമാരാകുകയും മററുള്ളവർ മെമ്പർഷിപ്പ് പുതുക്കാതിരിക്കുകയും ചെയ്തതുകൊണ്ട് ഇപ്പോൾ സാധാരണ മെമ്പറൻമാർ ആരുമില്ല.

### അസോസിയേഷൻെറ ഉദ്ദേശലക്ഷ്യങ്ങൾ

കേരളത്തിലേയും അയൽ സംസ്ഥാനങ്ങളിലേയും ജനങ്ങളുടെ, വിശിഷ്യ, സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന മുസ്ലിംകളുടെ വിദ്യാഭ്യാസം, സാമൂഹ്യം, സാംസ്കാരികം സാമ്പത്തികം എന്നീ രംഗങ്ങളിൽ പുരോഗതി നേടുന്നതിനുവേണ്ടി സാധ്യമായ എല്ലാവിധത്തിലും യത്നിക്കുകയെന്നുള്ളതാണ് അസോസിയേഷൻെറ ഉദ്ദേശലക്ഷ്യങ്ങൾ ഈ ലക്ഷ്യങ്ങൾ നേടുന്നതിനുള്ള പരിപാടികളെക്കുറിച്ചുള്ള വ്യക്തമായ മാർഗനിർദ്ദേശങ്ങളും ഭരണഘടനയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. സാമൂഹ്യജീവിതത്തിൻെറ എല്ലാവശങ്ങളേയും സ്പർശിക്കത്തക്ക തരത്തിൽ നാനാരംഗങ്ങളിലുള്ള പ്രവർക്കനങ്ങൾ ആണ് ഭരണഘടനവിഭാവനം ചെയ്യുന്നത്.

### പുരുഷ വിഭാഗം ഹോസ്ററൽ

അസോസിയേഷൻെറ അഭിലാഷങ്ങളിൽ ആദ്യത്തേത് ഹോസ്ററൽ, വായനശാല, ഗ്രന്ഥശാല, വിനോദസ്ഥലം, ഓഡിറേററിയം മുതലാ

യവ ഉൾക്കൊള്ളുന്ന ഒരു ഇസ്ലാമിക സാമൂഹ്യ കേന്ദ്രം തിരുവനന്തപുരത്തു സ്ഥാപിച്ചു അവിടെ മുസ്ലിംകൾക്കും മററുള്ളവർക്കും സമ്മേളിച്ച് അന്യോന്യം പരിചയപ്പെടുവാനും ആശയ വിനിമയം ചെയ്യുവാനും സൗകര്യങ്ങൾ ഏർപ്പെടുത്തുകയെന്നതായിരുന്നു. ഈ അഭിലാഷം മുന്നിൽ കണ്ടു കൊണ്ടു തന്നെ ഒരു മുസ്ലിം ഹോസ്ററൽ സ്ഥാപിക്കാനുള്ള നീക്കമാണ് ആദ്യമുണ്ടായത്. 1957 നവമ്പർ 3-ാം തീയതി കൂടിയ ആലോചനാ യോഗത്തിൽ വച്ചു തന്നെ ഒരു ഹോസ്ററൽ സ്ഥാപിക്കുന്നതിനു വേണ്ടി സൗകര്യമായ ഒരു കെട്ടിടം കണ്ടുപിടിക്കുന്നതിനും മററു പ്രാരംഭ പ്രവർത്തനങ്ങൾക്കുമായി ഒരു സബ് കമ്മിററിയെ നിയോഗിച്ചതായി സൂചിപ്പിച്ചിട്ടുണ്ടല്ലോ. ഈ കമ്മിററിയുടെ പ്രവർത്തന ഫലമായി ഏറെത്താമസിയാതെ ഒരു ഹോസ്ററൽ സ്ഥാപിതമായി. തമ്പാനൂരിൽ ഒരു വാടകകെട്ടിടത്തിൽ സ്ഥാപിതമായ ഈ ഹോസ്ററൽ പിന്നീടു പാളയത്തുള്ള ഒരു വാടകക്കെട്ടിടത്തിലേയ്ക്കു മാററുകയുണ്ടായി. ഈ വാടകകെട്ടിടം 1987-ൽ ഉടമസ്ഥർക്ക് വിട്ടുകൊടുക്കുകയും തിരുവനന്തപുരം സെക്രട്ടറിയേററിനും മററും അടുത്ത് വാൻറോസ് ജംഗ്ഷനിൽ ഒരു സ്ഥലവും കെട്ടിടവും ഉൾപ്പെടെ അസോസിയേഷൻ വിലയ്ക്കു വാങ്ങുകയും കെട്ടിടം പുനരുദ്ധരിപ്പിച്ച് ഇരുപത്തിയഞ്ചു പേർക്ക് താമസിക്കുവാനുള്ള സൗകര്യം ഉണ്ടാക്കുകയും അതിലേക്ക് പുരുഷവിഭാഗം ഹോസ്ററൽ മാററുകയും ചെയ്തു. ഉദ്യോഗാർത്ഥവും വിദ്യാഭ്യാസാർത്ഥവുമായി നഗരത്തിലെത്തുന്നവർക്ക് ജാതിഭേദമെന്യേ സുഖകരമായ താമസസൗകര്യവും ഹൃദ്യമായ ഭക്ഷണവും നൽകുന്നതിനുള്ള സജ്ജീകരണങ്ങൾ ഈ ഹോസ്ററലിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

## ആദ്യകാലപ്രവർത്തനങ്ങൾ

അനുമോദനങ്ങൾ പ്രകടിപ്പിക്കുവാനും അനുശോചനം രേഖപ്പെടുത്തുവാനും വിശേഷാൽ യോഗങ്ങൾ ചേർന്നിരുന്നു. പ്രതിവാരയോഗങ്ങളും സ്ററഡിക്ലാസുകളും നടത്തിവന്നതിനു പുറമേയാണ് മേൽപ്പറഞ്ഞ വിശേഷാൽ യോഗങ്ങൾ.

## നിർമ്മാണപ്രവർത്തനങ്ങൾ

അസോസിയേഷൻെറ ഭരണഘടനയിൽ വിഭാവനം ചെയ്യുന്ന നിർമ്മാണ പ്രവർത്തനങ്ങളിൽ വാടക കെട്ടിടത്തിൽ പുരുഷവിഭാഗം ഹോസ്ററൽ തുടങ്ങാൻ കഴിഞ്ഞതൊഴിച്ചാൽ മറെറതെങ്കിലും നിർമ്മാണ പ്രവർത്തനം ആരംഭിക്കാൻ ഏതാനും വർഷങ്ങൾ കാത്തിരിക്കേണ്ടിവന്നു.

## തമ്പാനൂർ സ്കീം

നിർമ്മാണ പ്രവർത്തനങ്ങളുടെ കൂട്ടത്തിൽ അസോസിയേഷൻെറ ആദ്യത്തെ ചുവടുവയ്പ് തമ്പാനൂർ പള്ളിയുടെ കാര്യത്തിലാണ്. തിരുവനന്തപുരം റെയിൽവെ സ്റേറഷനും ബസ്സ് സ്ററാൻഡും സ്ഥിതിചെയ്യുന്ന സ്ഥലമായതിനാൽ നഗരത്തിൻെറ ഹൃദയഭാഗമെന്നു തന്നെ വിശേഷിപ്പിക്കാവുന്ന തമ്പാനൂരിൽ യാത്രക്കാരായി വരുന്ന മുസ്ലിംകൾക്ക് പ്രാർത്ഥനക്കും താമസത്തിനും വേണ്ട സൗകര്യം നൽകത്തക്കവണ്ണം ഒരു പള്ളിയും ഒരു ലോഡ്ജും നിർമ്മിക്കുകയെന്നുള്ളതാണ് തമ്പാനൂർ സ്കീം. തക്കതായ ഒരു സ്ഥലം കിട്ടുകയെന്നുള്ളതായിരുന്നു ഏററവും പ്രയാസകരമായ കാര്യം. 1965 സെപ്ററംമ്പർ 15-ാം തീയതി അസോസിയേഷൻ വൈസ് പ്രസിഡൻറായിരുന്ന എസ്. എം. സെയ്തു മുഹമ്മദുസാഹിബിൻെറയും മററും ആത്മാർത്ഥവും നിരന്തരവുമായ പരിശ്രമത്തിൻെറ ഫലമായി ചെങ്ങഴശ്ശേരി വില്ലേജിൽ സർവ്വേ 2575/2-ൽ 14 സെൻറു സ്ഥലം വിലയ്ക്കു വാങ്ങാൻ സാധിച്ചു. ടി സ്ഥലത്തിനു തൊട്ടടുത്തുള്ള ഉദ്ദേശം 10 സെൻറു സ്ഥലത്തിനും കൂടി അഡ്വാൻസുകൊടുത്തു. സർവ്വേ 2569-ൽ 7½ സെൻറും ഉൾപ്പെടെ 8¼ സെൻറു സ്ഥലം 1971-മേയ്മാസം 28-ാം തീയതി തീറുവാങ്ങിയതോടെ അസോസിയേഷന് 22¼ സെൻറ് സ്ഥലം ലഭിച്ചു 9-5-73-ൽ പള്ളി കെട്ടിടത്തിൻെറ ശിലാസ്ഥാപനം നിർവ്വഹിക്കപ്പെട്ടു. 150 പുരുഷൻമാർക്കും 40 സ്ത്രീകൾക്കും ഒരേ സമയം നമസ്കരിക്കുന്നതിനുള്ള സ്ഥലവും പ്രത്യേകം പ്രത്യേകം വുസു ഖാനാ, കക്കൂസ്, കുളിമുറി മുതലായ സൗകര്യങ്ങളും ഉള്ള താഴത്തെ നില, 20.9.76/ഹിജ്ര 1396 റംസാൻ 25-ന് നമസ്കാരത്തിനായി തുറന്നുകൊടുക്കാൻ അല്ലാഹുവിൻെറ അനുഗ്രഹത്താൽ അസോസിയേഷനു സാധിച്ചു. തിരുവനന്തപുരം നഗരത്തിൽ സ്ത്രീകൾക്ക് നമസ്കാരത്തിന് പ്രത്യേകസജ്ജീകരണങ്ങൾ ചെയ്തിട്ടുള്ളതും ഒരു മഹല്ലിൻെറ വകയല്ലാത്തതും ആയ ഒരു പള്ളി എന്ന നിലയിൽ തമ്പാനൂർ പള്ളി പ്രത്യേക ശ്രദ്ധ

അർഹിക്കുന്നു. പള്ളിയിൽ ജുംആ നമസ്ക്കാരവും ആരംഭിച്ചു. ആദ്യം പള്ളിയുടെ മുകളിലത്തെ നില ഓലമേഞ്ഞുപയോഗിച്ചിട്ടും ക്രമേണ വെള്ളിയാഴ്ച നമസ്ക്കാരത്തിനു സ്ഥലം തികയാതെ വരികയാൽ പള്ളിയുടെ മുൻവശത്ത് താൽക്കാലികമായി ഒരു ഷെഡുണ്ടാക്കി വെള്ളിയാഴ്ച നമസ്കാരത്തിനു കഴിയുന്നത്ര സൗകര്യം ചെയ്തുകൊടുത്തിരുന്നു. കൂടാതെ പള്ളി കെട്ടിടം പണി ചെയ്തുകൊണ്ടിരുന്നപ്പോൾ ആഫീസായും മററും ഉപയോഗിച്ചു വന്നിരുന്ന കെട്ടിടം പള്ളിയിൽ നമസ്കരിക്കാൻ വരുന്ന യാത്രക്കാരായ മുസ്ലിംകൾക്ക് ആവശ്യം വന്നാൽ വിശ്രമിക്കാനും അവരുടെ സാധനങ്ങൾ സൂക്ഷിച്ചു വയ്ക്കാനും സഹായകമാം വണ്ണം ഏതാനും കിടക്കകളും 24 ലോക്കറുകളും സജ്ജീകരിച്ചു സൗകര്യപ്പെടുത്തി ഉപയോഗിച്ചുവരികയാണ്.

ജുംആ നമസ്കാരത്തിനു വരുന്നവരെ മുഴുവൻ ഉൾക്കൊള്ളുവാൻ പള്ളിയിൽ സ്ഥലമില്ലാതെ വന്നു തുടങ്ങിയപ്പോൾ പള്ളിയുടെ രണ്ടാം ഘട്ടം പണി തുടങ്ങുവാൻ തീരുമാനിക്കുകയും 1986 ജനുവരിയിൽ പണി ആരംഭിക്കുകയും ചെയ്തു. നാട്ടുകാരുടെയും വിദേശങ്ങളിലുള്ള സ്വദേശികളുടെയും സംഭാവനകൾ കൊണ്ടും പള്ളിപണി 30-1-1987-ൽ തീർത്തു നമസ്കാരത്തിനു തുറന്നുകൊടുക്കുവാൻ സാധിച്ചു. ഇപ്പോൾ 650 പേർക്ക് ഒരുമിച്ചു നമസ്കരിക്കുവാനുള്ള സൗകര്യം ഈ പള്ളിയിൽ ഉണ്ട്.

പള്ളിപ്പുരയിടത്തിനടുത്തുള്ള $7\frac{3}{4}$ സെൻറ് സ്ഥലം അസോസിയേഷൻ മെമ്പറൻമാരിൽ നിന്നും പണം കടമെടുത്തും മററും വിലയ്ക്കു വാങ്ങി. കടമെടുത്ത തുക അസോസിയേഷൻ ഫണ്ടിൽ നിന്നു തന്നെ മിക്കവാറും കൊടുത്തു തീർത്തു കഴിഞ്ഞു.

പുതുതായി വാങ്ങിയ സ്ഥലത്തു കൂടി പള്ളിയോടനുബന്ധിച്ച കെട്ടിടങ്ങൾ പണിയുവാൻ നടപടി എടുത്തിരിക്കുകയാണ്.

## മുസ്ലിം ക്ലബ് സംയോജനം

1948-ൽ ജനാബുമാർ പി. എ. കാസിം സാഹിബ്, ഹസ്സൻ മരിക്കാർ സാഹിബ്, എച്ച്.ഡി. യൂനുസ് സേട്ട് മുതലായവരുടെ പരിശ്രമഫലമായി സ്ഥാപിക്കപ്പെട്ട ഒരു മുസ്ലിം സാമൂഹ്യ സാംസ്കാരിക സംഘടനയായിരുന്നു തിരുവനന്തപുരം മുസ്ലിം ക്ലബ്. ആദ്യം സെക്രട്ടറിയേററിനു മുൻവശം ഒരു വാടകക്കെട്ടിടത്തിൽ ക്ലബ് ആരംഭിച്ചു. എന്നാൽ ക്ലബിൻെറ പ്രസിഡൻറായിരുന്ന കാസിം സാഹിബ് സ്ഥലം മാറിപ്പോവുകയും മററു പ്രധാന പ്രവർത്തകൻമാർക്കു തങ്ങളുടെ വ്യാപാരകാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതായി വരികയും ചെയ്തപ്പോൾ ക്ലബിൻെറ പ്രവർത്തനം സ്തംഭനാവസ്ഥയിലായി. പിന്നീട് ക്ലബ് നിർത്തലാക്കുകയും മൂലധനം ഉപയോഗിച്ച് മോഡൽ സ്കൂളിനു സമീപം ഒരു കെട്ടിടം വാങ്ങുകയും ഒരു ഹോസ്ററൽ ആരംഭിക്കുകയും ചെയ്തു. ഈ ഹോസ്ററലും കാര്യക്ഷമമായി നടത്തിക്കൊണ്ടുപോകാൻ പ്രയാസം നേരിട്ടപ്പോൾ ഹോസ്ററൽ പ്രവർത്തനം നിറുത്തിവച്ച് കെട്ടിടം വാടകക്കു കൊടുത്തു. അതിൽനിന്നും കിട്ടുന്ന വരുമാനം വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പായി നൽകിത്തുടങ്ങുകയും ചെയ്തു. ഏതാനും വർഷങ്ങൾക്കു ശേഷം ആ കെട്ടിടം വിററു കിട്ടിയ തുക മരിക്കാർ മോട്ടോർസ് കമ്പനിയിൽ നിക്ഷേപിച്ച് അതിൽ നിന്നുള്ള വാർഷികാദായം സ്കോളർഷിപ്പുകൾ നൽകുന്നതിനു വിനിയോഗിക്കാൻ തീരുമാനിച്ച പ്രകാരം സ്കോളർഷിപ്പുകൾ നൽകിവന്നു. സ്ഥാപക അംഗങ്ങളിൽ ഹസ്സൻ മരക്കാർ, ഹാജി യൂനൂസ് സേട്ട് എന്നിവർ മരണപ്പെട്ടതിനെ തുടർന്ന് അവർക്കുപകരം ജനാബ് ഹബീബ് മരിയ്ക്കാർ, ജനാബ് വൈ.എ. ലത്തീഫ് സേട്ട് എന്നിവർ ജ. പി. എ കാസിം സാഹിബോടൊപ്പം ക്ലബ് ഭാരവാഹികളായി തീർന്നു. ഇങ്ങനെയിരിക്കെയാണ് ലയനം നടന്നത്. മുസ്ലിം ക്ലബ് അസോസിയേഷനിൽ ലയിക്കുവാൻ എടുത്ത തീരുമാനം 1968 ഏപ്രിൽ 28-ാം തീയതിയിലെ വർക്കിംഗ് കമ്മിററി അംഗീകരിക്കുകയും മുസ്ലിം ക്ലബ് നൽകുന്ന മൂലധനത്തിൽ നിന്നുള്ള വരുമാനം അർഹരായ മുസ്ലിം വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പു നൽകുന്നതിനു ഉപയോഗിക്കാൻ സമ്മതിക്കുകയും ചെയ്തു. ഇങ്ങനെ സ്കോളർഷിപ്പു നൽകുമ്പോൾ അനുഷ്ഠിക്കേണ്ട ചില നിർദ്ദേശങ്ങളും വർക്കിംഗ് കമ്മിററി സ്വീകരിച്ചിരുന്നു. ഈ ലയനത്തിൻെറ ഫലമായി മുസ്ലിം ക്ലബ് മുപ്പതിനായിരത്തി ഇരുനൂററി അൻപതു രൂപ (Rs 30250) മുസ്ലിം അസോസിയേഷനു നൽകുകയും ചെയ്തു. മുസ്ലിം ക്ലബ് ഭാരവാഹികളായിരുന്നവരുടെ പേരിൽ അർഹരായ വിദ്യാർത്ഥികൾക്ക് ഈ സ്കോളർഷിപ്പ് നൽകിവരുന്നു.

## സീതി സാഹിബ് ബിൽഡിംഗ്

മർഹൂം കെ. എം. സീതി സാഹിബ് തിരുവനന്തപുരത്തു കോളേജ് വിദ്യാർത്ഥിയായിരുന്ന കാലത്ത് അദ്ദേഹവും സഹപാഠികളും ചേർന്ന് ഒരു മുസ്ലിം ഹോസ്ററൽ സ്ഥാപിച്ചു നടത്തിയിരുന്നു. അതായിരുന്നു തിരുവനന്തപുരത്തെ ആദ്യത്തെ മുസ്ലിം ഹോസ്ററൽ. അതിനു ശേഷം മുസ്ലിം ക്ലബും ഒരു മുസ്ലിം ഹോസ്ററൽ നടത്തി വന്നിരുന്നു. ഇവ രണ്ടും നിന്നു പോയി. പിന്നീട് മുസ്ലിം സമുദായത്തിന്റെ സാമൂഹ്യ സാംസ്കാരിക മണ്ഡലങ്ങളിൽ ഉണ്ടായ പുരോഗമനപരമായ എല്ലാ ചലനങ്ങളിലും നിർണ്ണായകമായ പങ്കുവഹിച്ചിരുന്ന സീതി സാഹിബിന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്താനായി കൂടിയ പൊതുയോഗത്തിൽ വച്ച് സീതി സാഹിബിന്റെ സ്മാരകമായി ഒരു ഹോസ്ററൽ നിർമ്മിക്കുവാൻ തീരുമാനിക്കുകയുണ്ടായി. ഹോസ്ററൽ നിർമ്മിക്കാൻ പററിയ ഒരു സ്ഥലം ഗവൺമെൻറിൽ നിന്നും ലഭിക്കുവാൻ ചെയ്ത ശ്രമങ്ങരം വിജയിച്ചില്ല മുസ്ലിം ക്ലബിന്റെ സംയോജനത്തിനുശേഷം തൈക്കാടു വിദ്യാഭ്യാസ ഡയറക്ടർ ആഫീസിനു സമീപം ചെങ്ങഴിശേരി വില്ലേജ് സർവ്വേ 801/1-ൽ 26 സെൻറും സർവ്വേ 790/2-ൽ 17 സെൻറും ഉരംപ്പെടെ 43 സെൻറു സ്ഥലവും അതിൽ സ്ഥിതി ചെയ്യുന്ന ഇരുനിലക്കെട്ടിടവും 1968 ജൂൺ 23-ന് വിലയ്ക്കു വാങ്ങാൻ കഴിഞ്ഞു. 1968 ആഗസ്ററ് 30-ാം തീയതി ഈ കെട്ടിടത്തിന്റെ അങ്കണത്തിൽ വച്ചു കൂടിയ ഒരു സൽക്കാര സമ്മേളനത്തിൽ വച്ചു അന്നത്തെ വിദ്യാഭ്യാസമന്ത്രി ഹാജി സി. എച്ച്. മുഹമ്മദു കോയാ സാഹിബ് ഈ കെട്ടിടത്തിനു 'സീതി സാഹിബ് ബിൽഡിംഗ്' എന്നു നാമകരണം ചെയ്തു. ഇവിടെ ഹോസ്ററൽ നടത്താനുള്ള ഉദ്ദേശം സാമ്പത്തിക പരിമിതികരം മൂലം തല്ക്കാലത്തേയ്ക്കു മാററി വയ്ക്കുകയും കെട്ടിടം വാടകയ്ക്കു കൊടുക്കുകയും ചെയ്തു.

## കൾചറൽ സെൻറർ

വായനശാല, ഗ്രന്ഥശാല, ഓഡിറേറാറിയം മുതലായ സൗകര്യങ്ങളുള്ള ഒരു സാംസ്ക്കാരിക കേന്ദ്രം സ്ഥാപിക്കുകയെന്നത് അസോസിയേഷന്റെ ഉദ്ദേശ ലക്ഷ്യങ്ങളിൽ പ്രഥമസ്ഥാനം അർഹിച്ചിരുന്നെങ്കിലും അതിന് സൗകര്യപ്രദമായ ഒരു സ്ഥലം കിട്ടാൻ കാലതാമസം നേരിട്ടതുകൊണ്ട് ആ സംരംഭം നീണ്ടുപോയി. അസോസിയേഷൻ ഭാരവാഹികളുടെ നിരന്തരമായ പരിശ്രമങ്ങളുടെയും നിവേദനങ്ങളുടെയും ഫലമായി പബ്ലിക് ഓഫീസ് കോമ്പൗണ്ടിനും യൂണിവേഴ്സിററി ഹോസ്ററലിനും ഇടയ്ക്കുള്ള 27 സെൻറ് സ്ഥലം കേരളാ ഗവൺമെൻറ് G O.M.S. 95/75/ RD dated 28-1-1975 പ്രകാരം കുത്തകപ്പെട്ട വ്യവസ്ഥയിൽ അസോസിയേഷനു അനുവദിച്ചു കിട്ടി. ഈ സ്ഥലത്ത് നിർമ്മിക്കുവാനുള്ള ബഹുനില സാംസ്ക്കാരിക കേന്ദ്രത്തിന്റെ ശിലാസ്ഥാപന കർമ്മം അന്നത്തെ രാഷ്ട്രപതിയായിരുന്ന ജനാബ് ഫഖ്റുദ്ദീൻ അലി അഹമ്മദ് സാഹിബ് കേരളാ ഗവർണ്ണർ ശ്രീ. എൻ. എൻ. വാഞ്ചുവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ 14-4-1976-ൽ നിർവഹിച്ചു.

സാമ്പത്തിക പരാധീനതകൊണ്ട് പണി ഉടനെ തുടങ്ങുവാൻ സാധിച്ചില്ല. ആദ്യമായി ഒരു സൈററ് ഓഫീസ് പണിയുകയും അവിടെവെച്ച് അസോസിയേഷന്റെ യോഗങ്ങരം കൂടുവാനും തുടങ്ങി. കരംച്ചറൽ സെൻറർ നാലു നിലയിൽ പണിയുന്നതിന് തീരുമാനിച്ചു രൂപരേഖ തയ്യാറാക്കി ഗവൺമെൻറിൽ നിന്നും അനുവാദം വാങ്ങി.

അസോസിയേഷന്റെ അന്നത്തെ ഭാരവാഹികരം പണി തുടങ്ങുന്നതിന് കടമായി പണം നൽകുകയും ഈ പണം ഉപയോഗിച്ച് പണി തുടങ്ങുന്നതിനു തീരുമാനിക്കുകയും 1978 ഡിസംബർ 20-ാം തീയതി ജുമാ നമസ്കാരത്തിനുശേഷം ഹാജി ററി. ററി. പി. അബ്ദുല്ലാ സാഹിബ് പണി തുടങ്ങിവെയ്ക്കുകയും ചെയ്തു. മെമ്പർഷിപ്പ് ഇനത്തിലും സംഭാവന ഇനത്തിലും ലഭിച്ച പണം മുടക്കി കെട്ടിടത്തിന്റെ പണി തുടർന്നു.

അസോസിയേഷന്റെ പ്രവർത്തനത്തിന്റെ രജതജൂബിലി വർഷം ഒരു സോവനീർ പ്രസിദ്ധീകരിക്കുകയും അതിൽ നിന്നു കിട്ടിയ വരവ് ഉപയോഗിച്ച് 1983-ൽ കരംച്ചറൽ സെൻററിന്റെ ഒന്നാം ഘട്ടമായ ആഡിറേറാറിയം, കിച്ചൻ, ഡൈനിംഗ് ഹാരം, പ്രേയർ ഹാരം മുതലായവയുടെ പണി തീർത്ത് ഉൽഘാടനം നടത്തി. ആഡിറേറാറിയത്തിൽ നിന്നുണ്ടായ വരുമാനവും മററും ഉപയോഗിച്ച് രണ്ടാം ഘട്ടമായ ഒന്നാം നിലയും പണി തീർത്തു.

രണ്ടാം നിലയിൽ ഒരു കംപ്യൂട്ടർ ട്രെയിനിംഗ് സെൻറർ നടത്തുന്നതിനുള്ള എസ്ററിമേററ് തയ്യാറാക്കി ജിദ്ദയിലുള്ള ഇസ്ലാമിക്

ഡെവലപ്പ്മെൻറ്ബാങ്കിൽ നിന്നും ഗ്രാൻറ് ലഭി ക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചിരിക്കുക യാണ്. ഇതിന് കുട്ടിയമ്മു സാഹിബ് ഇൻഡ സ്ട്രിയൽ ട്രെയിനിംഗ് സെൻറർ എന്നാണ് നാ മകരണം ചെയ്യാൻ ഉദ്ദേശിക്കുന്നത്.

### മുസ്ലീം അസോസിയേഷൻ മോഡൽസ്കൂൾ

ജനങ്ങളുടെ വിദ്യാഭ്യാസനിലവാരം ഉയർ ത്തുന്നതിനു വേണ്ടി പ്രവർത്തിക്കുക, വിശിഷ്യ ന്യൂനപക്ഷങ്ങളുടെയും പിന്നോക്കവിഭാഗങ്ങ ളുടെയും ഉന്നമനത്തിനു വേണ്ടി അർഹരായ വി ദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ, കടം വായ്പകൾ, പാരിതോഷികങ്ങൾ സൗജന്യമായ താമസസൗകര്യം, ആഹാരം ഇവ നൽകുക, നഴ്സ റിസ്കൂൾ, സാങ്കേതികവിദ്യാഭ്യാസ സ്ഥാപന ങ്ങൾ, കോളേജുകൾ മുതലായവ സ്ഥാപിക്കുക ഇങ്ങനെ രണ്ടു പ്രധാന ഇനങ്ങളാണ് അസോസി യേഷൻെറ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടു ളളത്. ഇതിൽ സ്കോളർഷിപ്പുകൾ അസോ സിയേഷൻ നേരത്തെ തന്നെ ഏർപ്പെടുത്തിക്കഴി ഞ്ഞിരുന്നു. അടുത്തപടി സീതി സാഹിബ് ബിൽഡിംഗിൽ ആധുനികമായ എല്ലാ സജ്ജീ കരണങ്ങളോടും കൂടി മാതൃകാപരമായ നഴ്സറി വിദ്യാഭ്യാസവും പ്രൈമറി വിദ്യാഭ്യാസവും നൽ കുക എന്ന ലക്ഷ്യത്തോടു കൂടി 1978-ൽ ആരം ഭിച്ച മോഡൽസ്കൂൾ 20-8-78-ൽ സ്കൂൾ അ ങ്കണത്തിൽ ചേർന്ന പൊതുയോഗത്തിൽ വച്ച് ബഹു: മന്ത്രി യു. എ. ബീരാൻ ഉത്ഘാടനം ചെയ്യുകയുണ്ടായി. ഈ സ്കൂളിൽ നഴ്സറി ക്ലാസുകളും പ്രൈമറി വിഭാഗത്തിൽ ഒന്നു മുതൽ നാലു വരെ ക്ലാസുകളും നല്ല നിലയിൽ നടന്നു വരുന്നുണ്ട്. മോഡൽസ്കൂൾ ഉത്ഘാടനം ചെ യ്ത സന്ദർഭത്തിൽ തന്നെ കാലക്രമേണ സൗ കര്യമായ ഒരു സ്ഥലത്ത് നല്ല നിലയിൽ ഒരു റസിഡൻഷ്യൽ സ്കൂളാക്കി അതിനെ ഉയർത്ത ണമെന്ന ആഗ്രഹം അസോസിയേഷൻ ഭാരവാഹി കൾക്കുണ്ടായിരുന്നു. പ്രധാനമായും സാമ്പത്തി കപരിമിതി മൂലവും കൂടാതെ മററു പരിപാടി കളിലും, വിശിഷ്യ സാംസ്കാരിക കേന്ദ്രത്തി ൻെറ നിർമ്മാണത്തിലും അസോസിയേഷനു സ ത്വര ശ്രദ്ധ ചെലുത്തേണ്ടി വന്നതുകൊണ്ടും റസിഡൻഷ്യൽ സ്കൂളിൻെറ കാര്യം മാററി വെ ക്കേണ്ടി വന്നിട്ടുണ്ട്.

### വനിതാ ഹോസ്ററൽ

1964-ൽ 65-ൽ സ്ഥാപിതമായ മുസ്ലീം വി മൻസ് അസോസിയേഷൻ 1966 ജൂൺ മാസ ത്തിൽ ഒരു മുസ്ലീം വനിതാ ഹോസ്ററൽ ആരം ഭിച്ചു. വഴുതയ്ക്കാട്ട് ആൾ ഇന്ത്യാ റേഡിയോ സ്റേറഷന് എതിർവശത്തുളള ഒരു കെട്ടിടത്തി ലാണ് സുമാർ 25 പേർക്ക് താമസിക്കുവാനുളള എല്ലാ സജ്ജീകരണങ്ങളും ഏർപ്പെടുത്തിയിരുന്ന ഈ ഹോസ്ററൽ തുടങ്ങിയത്. രണ്ടുമൂന്നു വർ ഷം ഈ ഹോസ്ററൽ ഭംഗിയായി നടന്നുവെങ്കി ലും അത് നിറുത്തലാക്കുവാൻ വിമൻസ് അസോ സിയേഷൻ നിർബന്ധിതരായി. കെട്ടിടവും ഫർ ണിച്ചർ മുതലായ സാധനങ്ങളും മുസ്ലീം അസോ സിയേഷനു വിട്ടുകൊടുത്തു ഈ സൗകര്യം ഉപ യോഗിച്ച് മുസ്ലീം അസോസിയേഷൻ നടത്തിവ ന്നിരുന്ന ഹോസ്ററലിൻെറ അനക്സായി 1976 വരെ ഹോസ്ററൽ പ്രവർത്തനം നടത്തിയിരു ന്നു. മുസ്ലീം അസോസിയേഷൻെറ അംഗീകൃത പരിപാടികളിൽപ്പെട്ടതാണ് പുരുഷൻമാർക്കും സ്ത്രീകൾക്കും ഹോസ്ററലുകൾ സ്ഥാപിക്കു കയെന്നത്. പുരുഷൻമാർക്കു വേണ്ടിയുളള ഹോ സ്ററൽ അസോസിയേഷൻെറ ആവിർഭാവ കാല ത്തു തന്നെ, സ്ഥാപിച്ചുകഴിഞ്ഞതായി മേൽ സൂചിപ്പിച്ചിട്ടുണ്ടല്ലോ. എന്നാൽ വനിതാ ഹോ സ്ററൽ നിർമ്മാണത്തിനു കാലതാമസം നേരിട്ടു. അംഗത്വ വരിസംഖ്യയും സംഭാവനകളും മാത്രം ആശ്രയിച്ചു പ്രവർത്തിക്കേണ്ടി വന്നതുകൊണ്ട് ഒരേ സമയത്ത് ഒന്നിലധികം പദ്ധതികൾ എടു ത്തു നടത്താനുളള സാമ്പത്തികശേഷിക്കുറവു മാ ത്രമായിരുന്നു കാരണം. കേന്ദ്രഗവൺമെൻറ് വനിതാ ഹോസ്ററൽ സഹായ പദ്ധതി ആരം ഭിച്ചപ്പോൾ മുസ്ലീം അസോസിയേഷൻ സഹായ ത്തിനപേക്ഷിക്കുകയും കേരള സർക്കാരിൻെറ ശുപാർശയിൻമേൽ കേന്ദ്ര ഗവൺമെൻറ് 2.49 ലക്ഷം രൂപാ സഹായധനമായി അനുവദിക്കുക യും ചെയ്തു. ഹോസ്ററൽ കെട്ടിടത്തിൻെറ ശി ലാസ്ഥാപനം 22-1-77-ൽ കേന്ദ്രമന്ത്രി ഡോ. വി. എ. സെയ്തു മുഹമ്മദ് നിർവഹിച്ചു. കേ ന്ദ്ര ഗവൺമെൻറ് സഹായവും അസോസിയേ ഷൻെറ വിഹിതവും ചേർത്ത് നാലു ലക്ഷ ത്തിൽപരം രൂപ ചെലവുചെയ്ത് 120 പേർ ക്ക് താമസസൗകര്യമുളള ഒരു മൂന്നുനിലക്കെട്ടി ടം ശ്ലാഘനീയമായ രീതിയിൽ ഒന്നരവർഷം കൊ ണ്ടു പണി തീർക്കുവാൻ കഴിഞ്ഞു. മുസ്ലീം അ സോസിയേഷൻ മോഡൽ സ്കൂൾ ഉൽഘാടനം ചെയ്ത ദിവസം (20-8-78) തന്നെ മുസ്ലീം അ സോസിയേഷൻ വർക്കിംഗ് വിമൻസ് ഹോസ്ററ ലിൻെറ ഉൽഘാടനം കേരളാ ഗവർണർ ശ്രീമതി ജ്യോതി വെങ്കിടചെല്ലം നിർവഹിക്കുകയുണ്ടായി.

1978 ഒക്ടോബർ അവസാനത്തോടെ ഹോസ്റ്റൽ പ്രവർത്തനം ആരംഭിച്ചു. തുടക്കത്തിൽ അന്തേവാസികളുടെ എണ്ണം വളരെ കുറവായിരുന്നെങ്കിലും 1979 ഡിസംബർ ആയപ്പോഴേക്കും താമസക്കാരുടെ എണ്ണം നൂറായി വർദ്ധിച്ചു. കുറവുണ്ടായിരുന്ന കട്ടിൽ, മേശ മുതലായ അ കസാമാനങ്ങൾ പണി തീർന്നതോടെ 1981 മുതൽ ഹോസ്റ്റലിലെ താമസസൗകര്യം പൂർണ്ണമായും ഉപയോഗിക്കപ്പെട്ടുവരുന്നു. ജാതിമതഭേദമെന്യേ തിരുവനന്തപുരം പട്ടണത്തിൽ ജോലിചെയ്യുന്ന വനിതകൾ പ്രവേശനം ലഭിക്കാനാഗ്രഹിക്കുന്ന ഒരു ഒന്നാം കിട വനിതാഹോസ്റ്റലായിട്ടു ഇന്ന് ഇത് അറിയപ്പെടുന്നു. മുസ്ലിം അസോസിയേഷന് അഭിമാനിക്കാവുന്ന ഒരു നേട്ടമാണിത്.

## ലൈബ്രറിയും വായനശാലയും

അസോസിയേഷൻ ഐ. സി. സി. മന്ദിരം പണി തുടങ്ങിയ കാലത്ത് സ്റ്റോർ ആയും ആഫീസായും ഉപയോഗിച്ചിരുന്ന കെട്ടിടം ഇപ്പോൾ പുനരുദ്ധരിച്ച് മോടി കൂട്ടിയിട്ടുണ്ട്. ഇതിലേക്കാവശ്യമായ ഫർണിച്ചറും സംഘടിപ്പിച്ചു. ലൈബ്രറിയുടെ റീഡിംഗ് റൂം ഈ കെട്ടിടത്തിൽ പ്രവർത്തിച്ചു തുടങ്ങിയിട്ടുണ്ട്.

## നോമ്പു തുറക്കൽ പരിപാടി

അംഗങ്ങളിൽ നിന്നും സംഭാവനകൾ സ്വീകരിച്ച് റംസാൻ മാസത്തിൽ ദിവസേനയുള്ള നോമ്പു തുറപ്പിക്കലും അസോസിയേഷൻ മന്ദിരത്തിൽ വച്ച് സമൂഹനോമ്പു തുറപ്പിക്കലും ആണ്ടുതോറും നടത്തി വരുന്നു.

## ബക്രീദ് ഡിന്നർ

മെമ്പറൻമാരെയും ഇതര സമുദായാംഗങ്ങളെയും ഉൾപ്പെടുത്തി സുഹൃൽ സമ്മേളനവും ബക്രീദ് ഡിന്നറും ആണ്ടുതോറും നടത്തി വരുന്നു.

## പ്രതിവാര ഡിസ്പൻസറി

മുസ്ലിം സമുദായാംഗങ്ങൾ തിങ്ങിപ്പാർക്കുന്ന തിരുവനന്തപുരം വള്ളക്കടവ് ഭാഗത്ത്, വള്ളക്കടവു ജമാഅത്ത് വക കെട്ടിടത്തിൽ അസോസിയേഷനിൽ നിന്നും ഒരു പ്രതിവാര ഡിസ്പൻസറി നടത്തിവരുന്നു. മരുന്നുകൾ സൗജന്യമായി നൽകുന്നുമുണ്ട്.

## അവാർഡുകളും സ്കോളർഷിപ്പുകളും

മെമ്പറൻമാരുടെ കുട്ടികളിൽ S. S. L. C, പ്രീഡിഗ്രി മുതലായ പരീക്ഷകൾക്ക് 60 ശതമാനത്തിൽ കൂടുതൽ മാർക്കു വാങ്ങിയവർക്ക് ഒരു പൊതുയോഗത്തിൽ വച്ച് ആണ്ടുതോറും സമ്മാനങ്ങൾ നൽകി വരുന്നു.

സമുദായത്തിൽ നിന്നും വിവിധ പരീക്ഷകൾക്ക് ഒന്നാം റാങ്ക് കിട്ടുന്ന വിദ്യാർത്ഥിനീ വിദ്യാർത്ഥികൾക്കും പരിതോഷികങ്ങൾ നൽകുന്നുണ്ട്.

നിർദ്ധനരും പ്രഗത്ഭരുമായ വിദ്യാർത്ഥികളെ തെരെഞ്ഞെടുത്ത് ലോൺ സ്കോളർഷിപ്പ് നൽകുന്ന പരിപാടിയും ആണ്ടുതോറും നടത്തിക്കൊണ്ടിരിക്കുന്നു.

## സ്വയം തൊഴിൽ കണ്ടെത്തൽ ധനസഹായ പദ്ധതി

അർഹരായ സമുദായാംഗങ്ങൾക്ക് സ്വയം തൊഴിൽ ചെയ്ത് ജീവിക്കുന്നതിനു വേണ്ട ധനസഹായം അസോസിയേഷൻ നൽകിത്തുടങ്ങിയിട്ടുണ്ട്. പ്രതിമാസ തവണകളായി തിരിച്ചടയ്ക്കാവുന്ന പലിശരഹിത വായ്പകളായാണ് സഹായം നൽകുന്നത്.

## ഹജ്ജാജികൾക്കു സ്വീകരണം

തിരുവനന്തപുരത്തു നിന്നും പരിസരപ്രദേശങ്ങളിൽ നിന്നും ആണ്ടുതോറും ഹജ്ജിനു പോകാൻ ഒരുങ്ങുന്നവർക്ക് അസോസിയേഷൻ സ്വീകരണം നൽകുകയും മതപണ്ഡിതൻമാർ വഴി ഹജ്ജ് കർമ്മം നിർവഹിക്കേണ്ട വിധങ്ങളെപ്പററി ഉപദേശങ്ങളും നിർദ്ദേശങ്ങളും നൽകി വരുന്നു.

## മണ്ഡൽ കമ്മീഷൻ റിപ്പോർട്ട്

മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിൽ വരുത്തിയാൽ മുസ്ലിം സമുദായാംഗങ്ങൾക്കും മററും ലഭ്യമാകുന്ന ഗുണങ്ങൾ എന്തെല്ലാമെന്ന് വിശദീകരിച്ചു കൊണ്ടുള്ള ഒരു ലഘുലേഖ അസോസിയേഷനിൽ നിന്നും ഈ അടുത്തകാലത്ത് പ്രസിദ്ധീകരിക്കുകയും കേരളത്തിലുടനീളം ഇതിൻെറ പകർപ്പുകൾ എത്തിച്ചുകൊടുത്ത് സമുദായാംഗങ്ങളെ ഈ വിഷയത്തിൽ ബോധവൻമാരാക്കുവാൻ ശ്രമിക്കയും ചെയ്തിട്ടുണ്ട്. ഈ റിപ്പോർട്ട് കേന്ദ്രഗവൺമെൻറിനെക്കൊണ്ട് ഇതിലുള്ള അപാകതകൾ മാററി നടപ്പിൽ വരുത്തിക്കുന്നതിനുവേണ്ടതു ചെയ്യുവാൻ അസോസിയേഷൻെറ ഒരു സബ്കമ്മിററി രൂപീകരിച്ച് പ്രവർത്തിച്ചു തുടങ്ങിയിട്ടുമുണ്ട്.

അസോസിയേഷൻെറ ആവിർഭാവം മുതൽ പ്രസിഡൻറ്, ജനറൽ സെക്രട്ടറി, ട്രഷറർ എന്നീ സ്ഥാനങ്ങൾ വഹിച്ചിരുന്നവരുടെ വിവരം താഴെ കുറിയ്ക്കുന്നു :

| PERIOD FROM | TO | PRESIDENTS | GENERAL SECRETARISS | TREASURES |
|---|---|---|---|---|
| 10-11-1957 | 10- 4-1962 | Jb. Hassan Marikar B.E.,A.M.I.E. | Jb. K. Abdul Rahiman B.A. | Jb. S. M. M. A. Khadar |
| 10- 4-1962 | 10- 7-1964 | Heji. T.P. Kuttiammu B.E.,A.M.I.E. | Jb. Hassan Marikar B.E.,A.M.I.E. | Jb. P. Zainudeen |
| 10- 7-1964 | 12-12-1965 | Jb. P.K. Abdulla M.A.L.L.B., IAS | Haji K.P. Alikunju M.A.L.L.B. | Do. |
| 12-12-1965 | 5- 1-1968 | Jb. M. Abdussalam M.A., IAS | Jb. Ismail Sherief | Jb. M. Mohamedali B.A.B.L. |
| 5- 1-1968 | 3- 8-1969 | Jb. P. A. Mohideen M.A.L.L.B. | Haji T.P. Kuttaimmu B.E.,A.M.I.E. | Jb. Habeeb Marikar |
| 3- 8-1969 | 30- 1-1972 | Haji S. M. Syed Mohamed (MSP) | Jb. Haji Syed Usman B.A.B.L. | Haji Abdul Sathar Sait |
| 30- 1-1972 | 3- 7-1977 | Do. | Haji K. Mohamedkutty B.E. | Jb. Ismail Sherief |
| 3- 7-1977 | 9- 9-1979 | Do. | Do. | Jb. H. A. Thar Mohamed Sait |
| 9- 9-1979 | 30-10-1979 | Do. | Haji K. B. A. Hameed IAS | Do. |
| 30-10-1979 | 27- 1-1980 | Do. | Jb. A. Shahul Hameed M.Sc. | Do. |
| 27- 1-1980 | 6-11-1980 | Do. | Jb. M. Ibrahimkutty B.Sc. | Haji. M.Mohamed Ibrahim M.A L.L.B |
| 7-11-1980 | 26- 2-1981 | VACANT | Do. | Do. |
| 27- 2-1981 | 27- 9-1981 | Jb. S. Syedkhan B.A.B.L. | Do. | Do. |
| 27- 9-1981 | 21- 1-1982 | Haji M. Mohamed Ibrahim M.A.L.L.B | Do. | Jb. A. K. Khalid |
| 21- 1-1982 | 21-11-1982 | Do. | Jb. P. Abdul Hasseese B.Sc. (Eng.) | Jb. A. A. Sait |
| 21-11-1982 | 6- 3-1983 | Do. | Do. | Jb. P. K. Shahul Hameed B.A.B.L. |
| 7- 3-1983 | 30- 9-1984 | Do. | Do. | VACANT |
| 30- 9-1984 | 29- 6-1985 | Do. | Jb. P. Mohamed B.A.B.T. | Jb. C. B. Abdul Khadar B.A. |
| 29- 6-1985 | 30- 6-1988 | Haji K. Mohamedkutty B.E. | Jh. P. Abdul Hasseese BS.c (Eng.) | Jb. P. Mohamed B.A.B.T. |
| 1- 7-1988 | | Do. | Do. | Jb. B.F. H. R. Bijili |

# OBSTACLES TO ENTREPRENEURSHIP IN KERALA

**T. Ramaswamy, Management Consultant**
BISCONS, TRIVANDRUM

Kerala is a beautiful state rich in natural resources and scenic beauty spread over an area of 38900 sq- kms. It has a population of 20.7 million. It grows a variety of cash crops including, cocounts, tapioca, rubber, cashew, pepper and arecanut. It is surprising that such a state has a stagnant economy. The number of working factories is 10647 with an employment of 2.9 lakhs. The per capital income is Rs. 2500 at current price. The total number of unemployed registered with the employment exchanges is 2.7 million which is more than 10% of all—Indian total. The state's most pressing problem is unemployment. Attempts at industrialisation have note made any dent on the problem. Why this is so? The answer is—lack of entrepreeurship. Why there is dearth of entreneurship? Because there are too many obstacles. This paper briefly deals with the main obstacles which are totally man-made.

**Entrepreneurship:** Creation of wealth is the main characteriatic of an entrepreneur. He is not an ordinary individual who is a job seeker or a man devoid of initiative. He is a job creator. Unlike others he seizes opportunities, takes risks, mobilises resources and creates wealth. In this process he creates jobs for others. This type of individual is rare and his contribution to society is much more than those whose only contridution is to the provident fund. In Kerala this critical resource of entrepreneurship is very scarce. While the process of creation of wealth itself is risky, more risks are added by agencies who ought to be concerned with industrial development.

**Low investment:** One symptom of dearth of entrepreneurship is the low investment. While all states outside Kerala have huge projects with outlays exceeding Rs. 500 crores we do not have even a handful of such large projects. This is true of private as well as public sectors. Other states provide the condition for massive investment. Kerala does not, except on paper and through exercising vocal chords Private enterprise along with capital goes public by to other states where it is welcomed. Thousands of Keralites have set up small, medium and large units in Karnataka, Tamil Nadu, Andhra and other remotely located states. Here the small scale sector has only a record of sick units and slowly we are moving to a position of having more and more dead units. This has resulted in massive idle capacity. Investment is too insignificant when compared to the needs and is generally unproductive.

**Poor Infrastructure:** The only advantage we boasted of till recently was power. This no longer exists since power shortage has been chronic. Power avaliability is poor and erratic. Essential maintenance services—electrical, clvil and mechanical—are inadequate and in some areas absent. Power intensive industries find power tariff too high and uneconomic. This renders many units non-viable.

**High cost economy:** Wage levels are high in Kerala compared to other states and they are not matched by rise in productivity. So we are not able to produce goods and offer services and compete effectively. This explains why goods from outside flood our markets. We have a large market but we canot produce and sell locally and survive in business.

**Lethagy of government departments:** Government decisions are haphazard and taken after series of cumbersome procedures. When a decision is announced the substance has vanished or is diluted. Decisions regarding industrial development have to be taken at jet speed but here they take place at snail's pace. In most cases it is like the story of the elephant and six blind men who identify everything except the elephant. In some cases decisions are taken quickly if speed money is paid and this is what every entrepreneur cannot do.

Proliferation of functions and departments concerned with industrial development has been another feafure. Too many agencies work without any coordination and at cross purposes without any common objective and in effect kill enterprise.

No policy has been evolved for industrial growth and employment generation. Resources have not been assessed and a programme of utilisation prepared. Growth and employment are related. However, the emphasis on unproductive employment out of anxiety to provide jobs has prevented growth with productive employment. Potential centres of growth, agencies, catalysts and conditions repuired for attaining rapid growth have not been indentified and acted upon. Otherwise inflow of over Rs. 6000 crores from Gulf countries over the last ten years from Non - Residents would have been channelised productively.

**Live example :** Take the case of an entrepreneur setting up a medium scale unit. He wants land. No speedy decision is taken for allotment by the government. He wants power. Contribution of over Rs. 2.20 lakhs is paid to the KSEB but even after six months power connection is not given. Nor is any interest given on the amount remitted. While a 'blade company' gives attractive interest, here no interest is earned. Here comes the pollution control agency. Even after certifying that there is no pollution and that the effluent discharge is within safe limits with a factor of safety of 100%, the agency wants a certificate from X and X only. Then comes the Corporation. They will not give the door no. which is required for filing excise duty documentation. Soon boiler inspection agency sets its foot for the eighth time. Only now they find it appropriate to point out defects/ lapses in installation. Registered notice is sent to stop production, seeking demolition of the structure on which the boiler is mounted. This escapes their attention during the previous seven visits. They are now vehement and want closure of the unit. The unit has been working satisfactorily and the boiler is supplied by a reputed agency/manufacturer.

Just realise the plight of the entrepreneur. He has borrowed several lakhs. He regrets his decision to set up a unit in Kerala. He is yet do get the promised subsidy. At this juncture he faces demands from headload workers who want enrolment irrespective of the needs of business. 'Rasta roko' follows and the management is not able to enter the unit and ultimately they succeed with police help. Locals want employment and tense situation occurs at intervals. Thus before the product leaves the unit the entrepreneur faces several problems and prefers to leave the unit.

**High risk environment :** The task of fhe entrepreneur is difficult. It is full of risks. Enterprise demands risk-taking and government servants will not take any risk. Thus governmental decisions stifle enterprise and prevents entrepreueurs from seizing opportunties. This aggravates the risks in the environment.

**Remedy :** If Kerala is to industrialise in a masssive way the following steps should be taken by the government :

1. Departments and agencies concerned with industrialisation should have the will to industrialise.
2. Clearcut plan of industrialisation based on resources should be formulated.
3. Factors critical to growth should be identified and conditions for facilitating such factors should be created.
4. Speedy decisions are necessary.
5. Clear polices to promote industrialisation should be evolved.
6. More of entrepreneurs with industrial experience should be inducted into government positions concerned with industrial growth.
7. Moratorium on strikes and lock out should be declared for five years and this should be reviewed and extended.
8. Involve talented individuals from all over the state.
9. Fix wages on par with neighbouring states.
10. Introduce productivity linked bonus.
11. Offer incentives to entrepreneurs based on employment generated.

# REMINISCENCE OF A COLLEAGUE

**K. Bharathan Retd. C. E. (P. W. D), Kerala**

I came to be associated officially with Sri. T. P. Kuttiammu in erstwhile Madras Presidency (pre-partition Andhra State) in P.W.D. He was my Executive Engineer in Krishna Pennar Project. Earlier he had served as Director, Poondi Research Station near Madras which, due to his pioneering effort, made it one of the leading Irrigation Research Stations of India. Krishna Pennar project was a mighty irrigation project linking river Krishna in Andhra Pradesh with Pennar in Tamil Nadu with a 300 mile long canal. As Executive Engineer, Sri. Kuttiammu was in charge of the investigation of this big project. As a young man then, I found Kuttiammu as an officer entirely different from the usual mould in the dept. He had a high technical grasp and a very genial nature, who could bring out the best out of any body working with him.

> **He was thorough in his technical knowledge and very good in understanding the field problems and finding solutions to them. He was always prepared to hear any grievance from anybody and everyone could approach him with these. He was good at heart, had an easy disposition and was liked by one and all in the dept.**

In 1956 when the all India State Reorganisation was effected Kuttiammu was offered the post of Chief Engineer Irrigation, of the newly formed Kerala State, It was then, a separate irrigation branch in the P. W. D. was formed here. Starting from scratch he organised the Irrigation Branch into a highly specialised technicai branch. Various Irrigation Schemes were started then. In less than 2 years, he prepared the 'Advance Report on water Resources of Kerala', a detailed study of the entire water resources of Kerala State, at a time when very few states had done a similar thing. Also the Peechi Irrigation Research Station was opened by Prime Minister of India Sri. Jawaharlal Nehru in this period. Apart from major irrigation schemes, minor irrigation, anti-sea - erosion, navigation, flood control, ports and harbours etc, received a tremendous boost in investigation and execution then. All this was a pioneering effort on the part of a small state like Kerala under the able guidance of Kuttiammu. By 1961 apart from the several irrigation projects already under execution major projects like Kallada, Pamba, Chitturpuzha, Kanhirapuzha, Kuttiadi and Pazhassi were started. Several projects were also investigated.

Kuttiammu gave a prominent place to Kerala State in the Irrigation map of India.

I had the good fortune to serve Kuttiammu both as Executive and Superintending Engineer in the dept. for a period of 12 years. He was thorough in his technical knowledge and good in understanding the field problems and finding solutions to them. He was always prepared to hear any grievance from anybody and everyone could approach him with these. He was good at heart, had an easy disposition and was liked by one and all in the dept. □

---

12. Develop tourism, electronics and plantations and concentrate on these.

13. Ensure eifficient management.

Kerala is s beautiful state rich in natural resources but poor in employment generation. If we are to industrialise fast the quality of leadership has to improve so that entrepreneurs are motivated. The entreprising politician should precede the enterprising industrialist there. Let us hope soon we can create conditions locally favourable to entrepreneurship development. □

# REFLECTIONS OF A SON

**Dr. M. P. ABUBACKER**

When Jb. Savankutty Sabib phoned up to me and asked me to write a few words about my father I was rather embrassed, not knowing what to write. Nobody can pinpoint the achievement, the change or the impact he has made to the community and Kerala as a whole. A village near Madras is named after him since 20 years. The village is "Kutti-ammu Nagaram". A village getting a man's name who is living far away from the village is a great thing in itself. But the fact is known to his own people only after his death (He knew it from the beginning) is the noblest trait in Kuttiammu Sabib. A Malayali was asked in the final P. G. Examination in Madras about a Canal's name in Nagarjuna Sagar Dam. He replied "I don't know". The examiner miner exploded, "You don't know? It is KUTTI-AMMU CANAL. You say you are from Kerala and even then you don't know this? "Kuttiammu Sahib is a humble man. He does not like publicity nor he ever boasted himself."—The student might have answered like this.

So we may sum up that he is a 'Catalyst" in all process of Muslim upliftment from polity to education. You could not find him any where but he was there in every thing. He never wanted to be seen in the fore front not out of fear but of humbleness.

### His Illness

He died of a secondary tumour in the visual area of brain. Because of this tumour his vision started deteriorating. He already had cataract in both eyes. In the hope of improving vision the cataract was operated. However the vision continued to deteriorate as the tumour spread to other parts of brain and finally he succumbed to the disease (Inna Lillah). He was bed-ridden only for 10—15 days.

### His respect for doctors

Relatives and friends blamed the doctor who did the cataract surgery for his deteriorating vision. We consulted Dr. Badrinath of Madras and also a Neurologist. They confirmed that the eye trouble was due to the tumour spread in the brain and had nothing to do with the catarat surgery. Father felt happy that the eye surgeon was not to be blamed and he insisted that I contact the surgeon and tell him the same. We were not very enthusaistic about it. However his persistence finally forced us to convey the information. Unlike many elderly patients he never questioned the methods of treatment prescribed by his doctors. He simply obeyed all instructions.

He was not afraid of death. He breathed his last at 7.25 am on 12-7-87. Even at 7.15 the told me that he was feeling better. A sense of death did not cast its shadow over him till his end.

Always there were several visitors to him. One day I felt that they were "troubling" him with all sorts of talk. I got irritated at this. But father called me and said "Look 'Avoukur, (he calls me like that) do not get angry with the visitors coming to see me. They are coming because they love me."

One day when we children, were discussing some topic about Islam in the adjoining room he called one of us and told him, "Please come to my room and discuss Islam so that I can also learn." Two days later he died. He never missed Friday sermons. Even during his illness he made it a point to hear the sermons. But when he could not do so he wanted me to tape-record the sermons for him.

### Attention to personal hygiene

During his last days he had lost the voluntary control of his bladder. Initially, inspite of his deteriorating vision and gait, he used to frequently visit the toilet. But once he could not control himself and the bed was wet. He was so much embarrassed that he changed the linen all on his own and then called my wife and me and said very apologetically, "You both please excuse me because I have spoiled your bed". We both wept for hours.

It seemed that he was making preparations for his eternal journey. Just two months prior to his death he entrusted me with his personal accounts. He was a man of few needs and he seldom asked for money from us. You will be surprised to note that at the time of his death his bank balance was only Rs. 280/-. □

# Mr. T. P. KUTTIAMMU

**V. R. KRISHNA IYER**
Former Judge, Supreme Court

When I became Minister—and one of my port folios was Irrigation—I came to know Sri T. P. Kuttiammu Sahib closely and intimately. He was the Chief Engineer (Irrigation) and as Minister, I treated him as a brother. Indeed, we behaved as if we were senior members of a family where the other members were Irrigation Engineers. He was a remarkable person with tremendous passion for making available the Water Resources of Kerala for purposes of irrigation. His grasp of local conditions, his familiarity with the needs of farmers and his great energy and technological equipment were a boon to Kerala in those formative years. We travelled together to many places, we discussed many irrigation projects, we held meetings of concerned officials and non-officials. In fact, Irrigation gained a democratic dimension and thrust during those days of 1957-'59.


As a man I found him committed to the cause of the people. His integrity was unimpeachable He loved the people, served them and derived satisfaction from their welfare. I found him cheerful of spirit and serious-minded, capable of managing his subordinates and satisfying the agricultural community by meeting them and mixing with them. He was a people's Engineer, a fine man with a religious dedication to serve Kerala.

I have met him later, after I ceased to be Minister and he ceased to be Chief Engineer, since we belong to the same place, Tellicherry. My memories, about Kuttiammu are too vivid to fade away, fertilizeds as they are by the waters that flow from the Western Ghats.

*With best compliments from :*

**LAVANYA, C.N. RAO BUILDINGS, TELLICHERY**

**Think TOSHIBA**
**Ask for**
**TELTRONIX**
TWO-YEAR GUARANTEE




**Teltronix**

DEALER LAVANYA; CN RAO BLDGS TELLICHERRY—FH2

# തെററിദ്ധരിക്കപ്പെട്ട ശരീഅത്ത്*

തട്ടാമല അബ്ദുൽ അസീസ്

ഇൻഡ്യയിലെ നിയമങ്ങളുടെ ഒരു പ്രധാന ഭാഗമാണ് ഇന്ന് ഇസ്ലാമിക നിയമം. ശരീഅത്ത് എന്ന് അറബി ഭാഷയിൽ പറയപ്പെടുന്ന ഈ നിയമം ലോകത്തിന്റെ പല ഭാഗങ്ങളിലായി വസിക്കുന്ന ഏകദേശം 100 കോടി ഇസ്ലാംമത വിശ്വാസികൾ അവരുടെ മതത്തിന്റെ ഭാഗമായി കരുതുന്നു. വ്യക്തി നിയമം എന്നു പറയുന്നത് ശരീഅത്തിന്റെ ഒരു ഭാഗം മാത്രമാണ്.

വളരെയധികം തെററിദ്ധരിക്കപ്പെട്ട ഒരു നിയമത്തിന്റെ ദയനീയകഥയാണ് ശരീഅത്തിനു പറയാനുള്ളത്. ഇസ്ലാമിന്റെ മറെറാരു വിജ്ഞാനശാഖയും ശരീഅത്ത് പോലെ ഇത്രയധികം തെററിദ്ധരിക്കപ്പെട്ടിട്ടില്ല. ദൗർഭാഗ്യവശാൽ, ഇൻഡ്യയിലെപ്പോലെ, ലോകത്തിൽ ഒരു ഭാഗത്തും ഇസ്ലാമിക വ്യക്തിനിയമം ഇത്ര കൂടുതൽ വികൃതമാക്കപ്പെട്ടിട്ടുമില്ല. ഇൻഡ്യയിലെ സാധാരണ മുസ്ലിംകൾ, ഭയാനകമാംവണ്ണം വികൃതമാക്കപ്പെട്ട ഈ ഇസ്ലാമിക നിയമമാണ് ഇന്ന് പല കാര്യങ്ങളിലും പിൻതുടർന്നു വരുന്നത്. സ്വന്തം നിയമങ്ങളുടെ കാർക്കശ്യം കൊണ്ട് ബുദ്ധിമുട്ടുന്നവരോ, നിയമ പരിപാലനവിഭാഗത്തിൽ നിന്നുണ്ടാകുന്ന അക്ഷന്തവ്യമായ കാലതാമസത്തിന്റെ ദുരിതങ്ങളിൽ നിന്നും രക്ഷപ്പെടുന്നതിനുള്ള ഒരഭയകേന്ദ്രം ആയോ ആണ് അമുസ്ലിംകൾ ഇസ്ലാമിക ശരീഅത്തിനെ കാണുന്നത്. തങ്ങളുടെ ആവശ്യത്തിനുവേണ്ടി ഇസ്ലാമിക നിയമങ്ങളെ അവർ തത്വദീക്ഷയില്ലാതെ മാററിമറിക്കുന്നു. തൽഫലമായി, മാനുഷികതയേറുന്ന മഹോന്നതമായ, ശരീഅത്തിന്റെ ഭയാനകമായ ഒരു രൂപം സൃഷ്ടിക്കപ്പെടുകയും, ഇൻഡ്യാക്കാരന്റെ തലച്ചോറിൽ അത് സ്ഥിരപ്രതിഷ്ഠ നേടുകയും ചെയ്തിരിക്കുന്നു. മുസ്ലിം പുരുഷൻമാർ നാലു ഭാര്യമാരുമായാണ് ശയിക്കുന്നത്. മുസ്ലിം ഭർത്താക്കൻമാർ യാതൊരു കാരണവും കൂടാതെ തോന്നിയപോലെ അവരുടെ ഭാര്യമാരെ വിവാഹ മോചനം ചെയ്യുകയും, പിന്നീട് 'ഹലാല' എന്ന ഒരു നടപടിയിലൂടെ തോന്നിയപോലെ അതേ സ്ത്രീകളെത്തന്നെ ഭാര്യമാരായി തിരിച്ചെടുക്കുകയും ചെയ്യുന്നു; മുസ്ലീം സ്ത്രീകൾക്ക് നിയമപരമായ യാതൊരവകാശങ്ങളും ഇല്ല; അടുക്കളകളിൽ എപ്പോഴും അടയ്ക്കപ്പെട്ടിരിക്കുന്ന അവർക്ക് കറുത്ത തുണിയിൽ പൊതിയപ്പെട്ട വ്യക്തികളായല്ലാതെ പുറത്തിറങ്ങുക സാദ്ധ്യമല്ല—ഇതെല്ലാമാണ് മുസ്ലിം വ്യക്തിനിയമത്തെ സംബദ്ധിച്ച് ഇൻഡ്യാക്കാരന്റെ മനസ്സുകളിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ള വികല ധാരണകൾ. ഇൻഡ്യയിലെ ഉന്നതൻമാർ ഇസ്ലാമിന്റെ അനുയായികളായ മുസ്ലിംകളെ, തെററായ രീതിയിൽ ''മുഹമ്മദീയർ'' എന്നാണ് വിളിക്കുന്നത്. തങ്ങളുടെ പ്രാകൃതമായ വ്യക്തി നിയമങ്ങൾ ആചരിച്ചുകൊണ്ട് മദ്ധ്യകാല യുഗങ്ങളിൽ ഇന്നും അധിവസിച്ചുവരുന്ന പ്രത്യേകതരം വേഷവിധാനമുള്ള ഒരു ജന വിഭാഗമായാണ് മുസ്ലിംകളെ അവർ ചിത്രീകരിക്കുന്നത്. നിയമജ്ഞൻമാരും, സാധാരണക്കാരും ഉൾപ്പെടെ ജീവിതത്തിന്റെ എല്ലാ തുറകളിലുമുള്ള ജനങ്ങൾ മുസ്ലിംകൾക്കും അവരുടെ വ്യക്തി നിയമത്തിനും നൽകിയിരിക്കുന്ന രൂപവും ഏറെക്കുറെ ഇതുതന്നെയാണ്.

## ചരിത്രപശ്ചാത്തലം

ഇൻഡ്യയിൽ മുസ്ലിം വ്യക്തി നിയമത്തിന് ഇത്രയും ഭയാനകമായ ഒരു ചിത്രം ഉണ്ടാകുന്നതിനുള്ള കാരണം ചരിത്രപരമാണ്. ബ്രിട്ടീഷ് ബിസിനസ്സുകാർ മുഗൾ ഇൻഡ്യയിൽ ഭരണം കൈക്കലാക്കിയതോടെ ഇവിടുത്തെ പൗരാണിക നിയമങ്ങൾ നശിപ്പിക്കുക എന്ന ഒരു നയം അവർ ആദ്യം സ്വീകരിക്കുകയുണ്ടായി. ഇവിടുത്തെ ശിക്ഷാനിയമം, വ്യാപാര നിയമങ്ങൾ, നടപടിക്രമങ്ങൾ സംബന്ധിച്ചുള്ള നിയമങ്ങൾ എന്നിവയ്ക്ക് പകരം അവരുടെ നിയമങ്ങൾ ഇവിടെ നടപ്പാക്കാൻ ശ്രമിക്കുകയും, ആ ശ്രമത്തിൽ അവർ വിജയിക്കുകയും ചെയ്തു. എന്നാൽ പരമ്പരാഗത ഹിന്ദു നിയമവും, ഇസ്ലാമിക നിയമവും ഇല്ലാതാക്കുക എന്നത് അവർക്ക് അത്ര എളുപ്പമാ

---

* ഡോ: താഹിർ മഹ്മൂദിന്റെ 'പേഴ്സനൽ ലാ ഇൻ ക്രൈസിസ്'' എന്ന ഗ്രന്ഥത്തെ ആസ്പദമാക്കി തയാറാക്കിയത്.

യിരുന്നില്ല. ഈ നിയമങ്ങൾ ഈ നാട്ടിലെ സംസ്ക്കാരങ്ങളുമായി അത്രകണ്ട് കെട്ടുപിണഞ്ഞ വയായിരുന്നതിനാൽ, അവയെ തുടച്ചുമാററാൻ ശ്രമം നടത്തിയാൽ അത് അവരുടെ കൊളോണിയൽ താല്പര്യങ്ങൾക്കുതന്നെ ഹാനികരമായേക്കുമെന്ന് അവർ മനസ്സിലാക്കിയിരുന്നു. അതിനാൽ, ആദ്യംമുതൽ തന്നെ ഈ നിയമങ്ങളെ ഒഴിച്ചു നിറുത്തിക്കൊണ്ടുള്ള ഒരു പരിഷ്കരണമാണ് അവർ നടത്തിയത്.

വാറൻ ഹേസ്ററിംഗ്സും കോൺവാലീസും അവരെത്തുടർന്നു വന്നവരും രേഖാമൂലവും നിയമങ്ങൾ മുഖേനയും ഇസ്ലാമിക നിയമവും, ഹിന്ദുനിയമവും ഇൻഡ്യയിൽ തുടർന്നും നിലനിറുത്തുമെന്ന് ഉറപ്പുകൊടുക്കുകയുണ്ടായി. അതേസമയം തന്നെ ബ്രിട്ടീഷ് ഭരണാധികാരികൾ രഹസ്യമായി ജനങ്ങളെ അവരുടെ പരമ്പരാഗത നിയമങ്ങളിൽ നിന്നും വ്യതിചലിപ്പിക്കുന്നതിനുള്ള തന്ത്രങ്ങളും നടപ്പാക്കിക്കൊണ്ടിരുന്നു. മനുഷ്യത്വത്തിനു യോജിക്കാത്തതും, അപരിഷ്കൃതവുമാണ് ഹൈന്ദവ-ഇസ്ലാമിക നിയമങ്ങൾ എന്ന് ആരോപിച്ചുകൊണ്ടാണ് ഈ നിയമങ്ങളിൽ ജനങ്ങൾക്കുണ്ടായിരുന്ന താല്പര്യം ഹനിക്കാൻ അവർ ശ്രമിച്ചത്. അതിനാൽ ഹൈന്ദവ-ഇസ്ലാമിക നിയമങ്ങളെ വികൃതമായി അവതരിപ്പിക്കാനും ദുർവ്യാഖ്യാനം ചെയ്യാനും അവർ ശ്രമിച്ചു. ഈ ലക്ഷ്യം നേടുന്നതിനുവേണ്ടി, പ്രത്യേകിച്ചും ഇസ്ലാമിക നിയമത്തെ വികൃതമാക്കി ചിത്രീകരിക്കുവാൻ വേണ്ടി അവർ രഹസ്യമായ പദ്ധതികൾ ആസൂത്രണം ചെയ്തു. ഈ പദ്ധതിയുടെ ഭാഗമായി തദ്ദേശീയ മദ്രസകളിലും, വേദപാഠശാലകളിലും നടത്തിവന്നിരുന്ന പരമ്പരാഗതമായ നിയമ വിദ്യാഭ്യാസത്തെ, ബ്രിട്ടീഷുകാർ, തങ്ങൾ നിയന്ത്രിച്ചിരുന്നതും തങ്ങളുടെ ആഭിമുഖ്യത്തിലുള്ളതുമായ സ്ഥാപനങ്ങളിലേക്ക് മാററി. കൽക്കട്ടയിലുണ്ടായിരുന്ന ഒരു മുസ്ലിം കോളേജിനെപ്പററി 1871-ൽ ഡബ്ലിയു. ഡബ്ലിയു. ഹണ്ടർ പറയുന്നു:

''ഇക്കാലത്ത് കൽക്കട്ടയിലെ കോളേജിൻെറ തലവൻ ഒരു ഇംഗ്ലീഷുകാരനായിരുന്നു. ഇദ്ദേഹത്തിന് അറബി ഭാഷയിലോ, പേർഷ്യൻ ഭാഷയിലോ ഉള്ള ഒററ വാക്കുപോലും അറിയില്ല. എന്നിരുന്നാലും, ഓരോ മുസ്ലിമും വെറുക്കുന്ന തരത്തിലുള്ള കാര്യങ്ങൾ പഠിപ്പിക്കുന്നതിൻെറ പേരിൽ, മുസ്ലിംകളുടെ ഒരു മതധർമ്മ സ്ഥാപനത്തിൽ നിന്നും പ്രതിവർഷം ഈയാൾ ആയിരം പൗണ്ട് ശമ്പളം പററുന്നുണ്ട്.''

### കേസ് നിയമങ്ങളുടെ ദുർവ്യാഖ്യാനവും ഇസ്ലാമിക നിയമപുസ്തകങ്ങളുടെ തെററായ വിവർത്തനങ്ങളും

ഇസ്ലാമിക നിയമങ്ങളെ ദുർവ്യാഖ്യാനം ചെയ്യാൻ വേണ്ടി, ഭരണാധികാരികൾക്ക് സൗകര്യം ചെയ്തുകൊടുക്കുന്നതിനു വളരെ തന്ത്രപൂർവം ആവിഷ്കരിക്കപ്പെട്ട ഒരു നീതിന്യായ പരിപാലന വ്യവസ്ഥയാണ് ഇവിടെ ബ്രിട്ടീഷുകാർ നടപ്പാക്കിയത്. 1864-ൽ ഖാസിമാരുടെ കോടതികൾ നിറുത്തലാക്കുകയും, അവർ വിനിയോഗിച്ചിരുന്ന അധികാരങ്ങൾ ഇംഗ്ലീഷ് വിദ്യാഭ്യാസം മാത്രം നേടിയ ബ്രിട്ടീഷ് ജഡ്ജിമാർ ഉള്ള കോടതികളിലേക്ക് മാററുകയും ചെയ്തു. ഇസ്ലാമിക നിയമങ്ങൾ സംബന്ധിച്ച് കോടതികൾക്ക് ഫത്വകൾ നൽകുവാൻ നിയമിക്കപ്പെട്ടിരുന്ന മുഫ്തിമാരുടെ മേൽ സ്വാധീനം ചെലുത്തി അവരെക്കൊണ്ട് ഇസ്ലാമിക നിയമതത്വങ്ങളെ ദുർവ്യാഖ്യാനം ചെയ്യിക്കുന്ന രീതി നിലവിൽ വന്നു. തത്വദീക്ഷയില്ലാത്ത മുഫ്തിമാർ അധികാരികളുടെ ആവശ്യങ്ങൾക്കനുസരിച്ച് ഫത്വകൾ കൊടുക്കുന്ന സ്വഭാവം ഇന്നത്തെപ്പോലെ അന്നും ഉണ്ടായിരുന്നു. ഇസ്ലാമിക നിയമങ്ങളെ ദുർവ്യാഖ്യാനം ചെയ്തു എന്ന കുററം തങ്ങളുടെ മേൽ ആരോപിക്കപ്പെടാൻ ഇടയില്ലാത്ത വിധം സൗകര്യപ്പെട്ട തരത്തിലുള്ള ഫത്വകൾ മുഫ്തിമാരിൽ നിന്നും ലഭിക്കുന്നതിനും പ്രയാസമുണ്ടായിരുന്നില്ല. ഈ സ്വതന്ത്രഭാരതത്തിൽ പോലും തനിക്ക് പ്രയോജനം ലഭിക്കുകയാണെങ്കിൽ, ഏതു തരത്തിലുള്ള ഫത്വകൾ നൽകുന്നതിനും തയ്യാറുള്ള മുസ്ലിം മതപണ്ഡിതൻമാരും, അഭിപ്രായപ്രകടനം നടത്താൻ തയ്യാറുള്ള മുസ്ലിം അഭിഭാഷകൻമാരും, മുസ്ലിം പൊതുജന നേതാക്കൻമാരും ഉള്ളപ്പോൾ, ബ്രിട്ടീഷിന്ത്യയിലെ കാര്യം പറയാനുണ്ടോ? കാലം കുറെ കൂടി കഴിഞ്ഞപ്പോൾ, സ്വദേശികളായ മുഫ്തികളുടെ സേവനം അവസാനിപ്പിക്കുകയും, നിയമവ്യാഖ്യാന ജോലി കൂടി ബ്രിട്ടീഷ് ജഡ്ജിമാർ ഏറെറടുക്കുകയും ചെയ്തു. ഇസ്ലാമിക നിയമങ്ങളെ സംബന്ധിച്ച അടിസ്ഥാന ഗ്രന്ഥങ്ങൾ വിവർത്തനം ചെയ്യുന്ന ജോലിയും പിൽക്കാലത്ത് ബ്രിട്ടീഷുകാർ ഏറെറടുത്തു. ഇത്തരത്തിലുള്ള പരിഭാഷകളിൽ അധികവും അബദ്ധങ്ങൾ

നിറഞ്ഞവയായിരുന്നു. ഹനഫീ നിയമഗ്രന്ഥമായ 'ഹിദായ'യുടെ, ഹാമിൽട്ടന്റെ ഇംഗ്ലീഷ് പരിഭാഷയിൽ കടന്നു കൂടിയ തെററുകൾ ബുർദ്വാനിലെ മൗലവി മുഹമ്മദ് റഷീദ് കണ്ടുപിടിക്കുകയും അന്നത്തെ ചീഫ് ജസ്ററിസായിരുന്ന ടി. എച്ച്. ഹാരിങ്ടനെ വിവരം അറിയിക്കുകയും ചെയ്തു. എന്നാൽ അദ്ദേഹം അതിൻമേൽ നടപടിയൊന്നും എടുത്തില്ല.

'ഹിദായ'യുടെ പരിഭാഷയിൽ വന്ന തെററുകൾ മൗലവി മുഹമ്മദു റഷീദ് സാഹിബ് ചൂണ്ടിക്കാട്ടിയതും ബ്രിട്ടീഷുകാരെ ചൊടിപ്പിക്കുകയും, അക്കാരണത്താൽ അവർ മററു ഗ്രന്ഥങ്ങളുടെ പരിഭാഷപ്പെടുത്തൽ നിറുത്തിവെയ്ക്കുകയും ചെയ്തു. ആധികാരികമായ മറെറാരു പരിഭാഷ തയ്യാറാക്കുവാൻ ഇന്നേവരെ മുസ്ലിംകൾക്ക് കഴിഞ്ഞിട്ടില്ലെന്നുള്ളത് ഏറെ ലജ്ജാകരമായ ഒരു കാര്യമാണ്. ഇക്കാലത്ത് 'ഫതാവാ ആലംഗീരി'യുടെ ഇംഗ്ലീഷ് പരിഭാഷയുടെ പ്രവർത്തനം നടന്നു കൊണ്ടിരിക്കയായിരുന്നു. അത് ഉടൻ തന്നെ നിറുത്തി വച്ചു. ഈ ഗ്രന്ഥങ്ങളുടെ ആധികാരികപരിഭാഷകൾ ഉണ്ടായിരുന്നുവെങ്കിൽ, ബ്രിട്ടീഷുകാരുടെ ലക്ഷ്യം ഒരു പക്ഷേ, നേടാൻ കഴിയുമായിരുന്നില്ല. മോശമായ പരിഭാഷകളെ ആത്മാർത്ഥതയുള്ള മതപണ്ഡിതൻമാർ നിർദ്ദാക്ഷിണ്യം വിമർശിച്ചിരുന്നു. ഇക്കാരണത്താൽ ബ്രിട്ടീഷു ജഡ്ജിമാർ സ്വയം നിയമങ്ങൾ വായിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്ന ഒരു രീതി സ്വീകരിക്കപ്പെട്ടു. അങ്ങനെ ചെയ്തപ്പോൾ ഇസ്ലാമിക നിയമത്തിലെ മഹത്തായ പല തത്വങ്ങളെയും ബ്രിട്ടീഷു ന്യായാധിപൻമാർ ദുർവ്യാഖ്യാനം ചെയ്തു പോയിട്ടുണ്ട്. ഡൗണിംഗ് സ്ട്രീററിലിരുന്നു കൊണ്ട് ഇന്ത്യാക്കാരനായ മനുവിനെയും, അറേബ്യാക്കാരനായ മുഹമ്മദിനെയും വ്യാഖ്യാനിക്കുമ്പോൾ ജൂഡിഷ്യൽ കമ്മിററിയ്ക്ക് തെററുകൾ സംഭവിച്ചു പോയിരിക്കാം എന്നു ജസ്ററിസ് വി. ആർ. കൃഷ്ണയ്യരും ഒരു വിധിന്യായത്തിൽ സമ്മതിച്ചിട്ടുണ്ട്. ബ്രിട്ടീഷ് ജഡ്ജിമാർ തെററുകൾ അനവധി വരുത്തിയിട്ടുണ്ടെന്നു പറയുന്നതാവും ശരി. ഇസ്ലാമിക നിയമങ്ങളുടെ അന്തഃസത്ത മനസ്സിലാക്കാതെയും, മനസ്സിലായാൽ തന്നെ, ഇസ്ലാമിക നിയമം, അവരുണ്ടാക്കിയ നിയമങ്ങളേക്കാൾ മോശമാണെന്നു വരുത്താൻ വേണ്ടിയും തോന്നിയ പോലെ ദുർവ്യാഖ്യാനം ചെയ്യുക അവരുടെ സ്വഭാവമായിരുന്നു.

## ഇസ്ലാമിനെതിരെ ബ്രിട്ടീഷുകാരുടെ പക

ഹിന്ദുനിയമത്തോടുള്ളതിനേക്കാൾ വലിയ വെറുപ്പും പകയുമാണ് ബ്രിട്ടീഷ് ഇന്ത്യൻ ഭരണാധികാരികൾക്ക് ഇസ്ലാമിക നിയമത്തോടുണ്ടായിരുന്നത്. ക്രിസ്തുമതവും, ഇസ്ലാമുമായി നൂററാണ്ടുകളായി നിലനിന്നു വന്ന വൈരമായിരുന്നു ഇതിനു കാരണം. എല്ലാ പ്രവാചകൻമാരും പ്രബോധനം ചെയ്തിരുന്നത് ഇസ്ലാമാണ് എന്ന ഖുർആനിക പ്രബോധനത്തിന്റെ വെളിച്ചത്തിൽ നോക്കുമ്പോൾ ഏഴാം നൂററാണ്ടിൽ ഇസ്ലാം വീണ്ടും പ്രബോധനം ചെയ്യപ്പെടുക മാത്രമായിരുന്നു. കൃസ്ത്യാനികളെ സംബന്ധിച്ചിടത്തോളം അതൊരു തീരാശല്യമായിത്തീർന്നു. ഇസ്ലാമെന്ന പുതുവിശ്വാസം കൃസ്തുമതത്തിനു ഒരു വലിയ വെല്ലുവിളിയായി മാറി. ലോകസ്രഷ്ടാവായ ഏക ദൈവത്തിൽ വിശ്വസിക്കുന്നതോടൊപ്പം ത്രികേയത്വത്തെ ഇസ്ലാം ശക്തിയായി നിഷേധിക്കുകയും ചെയ്യുന്നു. യേശുക്രിസ്തുവിനെ ഒരു പ്രവാചകനായും അദ്ദേഹത്തിനു ദൈവസന്ദേശം ലഭിച്ചിരുന്നതായും ഇസ്ലാം അംഗീകരിക്കുന്നതോടൊപ്പം, പരിശുദ്ധ ഖുർആൻ പരിപൂർണ്ണവും ഏററവും ഉന്നതവും അവസാനമായി അവതരിക്കപ്പെട്ട ദൈവസന്ദേശവുമായി മുസ്ലിംകൾ വിശ്വസിക്കയും ഉൽബോധിപ്പിക്കുകയും ചെയ്യുന്നു. മതപരമായ മേല്പറഞ്ഞ തരത്തിലുള്ള വിശ്വാസവ്യത്യാസങ്ങൾക്കു പുറമേ ഉത്തരോത്തരം വളർന്നുവരുന്ന മുസ്ലിംകളുടെ ശക്തി, ക്രൈസ്തവലോകത്തെ രാഷ്ട്രീയമായി ഭീഷണിപ്പെടുത്തുകയും ചെയ്തു വന്നു. ഏഷ്യ, ആഫ്രിക്കാ, യൂറോപ്പു എന്നീ വൻകരകളെ കിടിലം കൊള്ളിക്കുന്ന ഒരു ശക്തിയായായി ഇസ്ലാം വളരുന്നത് ഈ ക്രിസ്തീയ രാജ്യങ്ങൾക്കു സഹിക്കുവാൻ കഴിയുമായിരുന്നില്ല. പടിഞ്ഞാറു റോമാ സാമ്രാജ്യത്തെയും, കിഴക്ക് പേർഷ്യൻ സാമ്രാജ്യത്തെയും ഇസ്ലാം ഇടിച്ചു നിരത്തി. ഇക്കാര്യങ്ങളെല്ലാം, ഇസ്ലാമിന്റെ സാമൂഹ്യശാസ്ത്രത്തോടും ഇസ്ലാമിക നിയമത്തോടും ക്രൈസ്തവ വിരോധം വളർത്തുന്ന ഘടകങ്ങളായിരുന്നു.

പിൽക്കാലത്ത് ബ്രിട്ടൻ ക്രൈസ്തവ ലോകത്തിന്റെ നേതൃത്വം ഏറെറടുത്തപ്പോൾ, ശത്രുതാപരമായ ഈ മനോഭാവങ്ങൾ വളർത്തുകയും, അവ ഇന്ത്യയിൽ പരസ്യമായി പ്രദർശിപ്പിക്കാൻ തുടങ്ങുകയും ചെയ്തു. ഈ രാജ്യത്ത് ബ്രിട്ടീഷ്

മേൽക്കോയ്മ നിലനിന്ന കാലം മുഴുവൻ ഇസ്ലാമിനോടും, ഇസ്ലാമിക നിയമത്തോടും ക്രിസ്ത്യാനികൾക്കുണ്ടായിരുന്ന ശത്രുതാമനോഭാവം ശക്തമായി പ്രകടിപ്പിച്ചതിന് ചരിത്രം സാക്ഷിയാണ്. തദ്ദേശീയ നിയമങ്ങളിൽ തങ്ങൾ ഇടപെടുകയില്ല എന്ന പ്രഖ്യാപിതലക്ഷ്യം കാരണം, ബ്രിട്ടീഷുകാർക്ക് ഇന്ത്യയിൽ നിന്നും ശരീഅത്ത് നിയമങ്ങൾ തുടച്ചുനീക്കാൻ കഴിഞ്ഞില്ല. എന്നിരുന്നാലും, അന്താരാഷ്ട്രതലത്തിൽ ക്രൈസ്തവനിയമങ്ങളുമായി മത്സരിച്ചു മുന്നേറുന്ന ഇസ്ലാമികനിയമം, ക്രൈസ്തവനിയമങ്ങളെക്കാൾ എല്ലാ നിലയ്ക്കും പുരോഗമനാത്മകവും, ക്രൈസ്തവ നിയമങ്ങൾക്ക് നിത്യഭീഷണിയുമാണെന്ന കാര്യം അവർ മറന്നിരുന്നില്ല. അതിനാൽ, ഹൈന്ദവ നിയമങ്ങളെ അതിന്റെ അനുയായികൾ തന്നെ ദുർവ്യാഖ്യാനം ചെയ്തപ്പോൾ, അതിന് മൂകസാക്ഷികളായി കഴിഞ്ഞിരുന്ന ബ്രിട്ടീഷുകാർ, ഇസ്ലാമിക ശരീഅത്തിനെ വ്യവസ്ഥാപിതമായി ദുർവ്യാഖ്യാനം ചെയ്യുന്ന കാര്യത്തിൽ സജീവമായി പങ്കെടുക്കുകയാണ് ചെയ്തത്. ഇതിന്റെ ഫലം വളരെ ഭയാനകമായിരുന്നു.

## തെററുകൾ നിറഞ്ഞ നിയമ ഗ്രന്ഥങ്ങൾ

ഇസ്ലാമിക നിയമതത്വങ്ങൾ തെററായി പ്രതിപാദിക്കുന്ന നിയമഗ്രന്ഥങ്ങൾ രചിക്കുന്നതിന് ബ്രിട്ടീഷുകാർ പ്രോത്സാഹനം നൽകുകയുണ്ടായി. മാഗ്നാട്ടൺ, ബൈലി, ഫിററ്സ് ജെറാൾഡ്, വിൽസൺ എന്നിവരുടെ ഗ്രന്ഥങ്ങൾ ബ്രിട്ടീഷുകാർ പ്രോത്സാഹനം നൽകി എഴുതിച്ച ഗ്രന്ഥങ്ങളാണ്. ആ ഗ്രന്ഥങ്ങൾ പ്രസിദ്ധീകൃതമായതോടെ അവ ആധികാരിക നിയമ ഗ്രന്ഥങ്ങളായി അംഗീകരിക്കപ്പെട്ടു. 1906-ൽ ഫർദുൻജി മുള്ള എന്ന പാർസി നിയമജ്ഞൻ ബ്രിട്ടീഷിൻഡ്യൻ കോടതികളിലെ മുൻവിധിന്യായങ്ങൾ ക്രോഡീകരിച്ചുകൊണ്ട് തന്റെ ഗ്രന്ഥവും പുറത്തിറക്കി. ഇസ്ലാമിക നിയമങ്ങളെ സംബന്ധിച്ച അടിസ്ഥാനഗ്രന്ഥങ്ങൾ മുള്ള വായിച്ചിരിക്കാൻ ഇടയില്ല. അങ്ങനെ വായിച്ചിട്ടുണ്ടെന്ന് അദ്ദേഹം അവകാശപ്പെട്ടിട്ടുമില്ല. ഇസ്ലാമിക നിയമം ബ്രിട്ടീഷിൻഡ്യൻ ന്യായാധിപൻമാർ ദുർവ്യാഖ്യാനം ചെയ്തതൊക്കെ സത്യസന്ധമായി തന്റെ ഗ്രന്ഥത്തിൽ ക്രോഡീകരിക്കുക മാത്രമാണ് മുള്ള ചെയ്തത്.

1933 ആയപ്പോഴേയ്ക്കും മുള്ള തന്റെ ഗ്രന്ഥത്തിന്റെ പത്താമത്തെ പതിപ്പ് പ്രസിദ്ധീകരിച്ചു കഴിഞ്ഞു. ഓരോ പതിപ്പിലും ബ്രിട്ടീഷിൻഡ്യൻ കോടതികൾ പുറപ്പെടുവിച്ച നിരവധി കേസുകളിലെ തീരുമാനങ്ങൾ ചേർക്കുകയും ചെയ്തു. മുസ്ലിം വ്യക്തി നിയമതത്വങ്ങളുടെ അബദ്ധജഡിലവും വികലവുമായ ഭാഷ്യങ്ങൾ ഉൾക്കൊള്ളുന്നതാണ് ഈ ഗ്രന്ഥമെങ്കിലും, ഒരു വിരോധാഭാസമെന്നോണം ഈ ഗ്രന്ഥം ഒരു ആധികാരികഗ്രന്ഥമായി കോടതികൾ സ്വീകരിച്ചു കഴിഞ്ഞിരിക്കുകയാണ്. ഗ്രന്ഥകാരനായ മുള്ളയുടെ മരണശേഷം ജോർജ് റൻകിനും സജ്ബാ റംഗ്നേക്കറും ഈ ഗ്രന്ഥം എഡിററു ചെയ്തുവെങ്കിലും ഇതിലുൾക്കൊണ്ടിരിക്കുന്ന വൈകല്യങ്ങൾ തിരുത്തുന്നതിന് അവർ ഒരു ശ്രമവും നടത്തിയിട്ടില്ല. അവർക്കുശേഷം പ്രശസ്തരായ രണ്ട് മുസ്ലിം ജഡ്ജിമാർ, അതായത്, സർ സുൽത്താൻ അഹമ്മദും, മുഹമ്മദ് ഹിദായത്തുള്ളയും ഈ ഗ്രന്ഥം എഡിററു ചെയ്തിട്ടുണ്ടെങ്കിലും, അവരും അതിലെ വിവിധ ഭാഗങ്ങളിൽ ഇസ്ലാമിക നിയമവ്യവസ്ഥകളെ വികലമായി പ്രതിപാദിച്ചിട്ടുള്ളത് തിരുത്തുന്നതിനുള്ള യാതൊരു യത്നവും നടത്തിയിട്ടില്ല. ചിന്തയ്ക്ക് വക നൽകുന്ന കാര്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് നല്ല ഒരു മുഖവുര മി. ഹിദായത്തുള്ള ഈ ഗ്രന്ഥത്തിൽ ചേർത്തിട്ടുണ്ടെങ്കിലും, പുസ്തകത്തിന്റെ ''അസൽ പദ്ധതി''യിൽ ഒരു മാററവും അദ്ദേഹം വരുത്തിയിട്ടില്ല. ഒരു മാററവും ആവശ്യമില്ലെന്നും, മാററങ്ങൾ അനഭിലഷണിയമാണെന്നും അദ്ദേഹം കരുതുന്നു. മുസ്ലിംകൾക്കിടയിലെ 'മികച്ച മസ്തിഷ്കങ്ങൾ എന്ന് കരുതപ്പെടുന്ന സർ സുൽത്താൻ അഹമ്മദിന്റെയും, മുഹമ്മദ് ഹിദായത്തുള്ളയുടെയും നിലപാട് ഇതാണെങ്കിൽ, താരതമ്യേന മോശപ്പെട്ടവരെ എങ്ങനെ കുററപ്പെടുത്താൻ കഴിയും. ആധികാരിക മുസ്ലിം നിയമം എന്ന നിലയ്ക്കാണ് അവർ രണ്ടുപേരും ഈ ഗ്രന്ഥം എഡിററു ചെയ്തിരിക്കുന്നത്, മേൽ പറഞ്ഞ കാരണങ്ങളാൽ, ഇന്നും സ്വതന്ത്ര ഭാരതത്തിൽ മുള്ളയുടെ മുസ്ലിം നിയമം ആധികാരിക ഇസ്ലാമിക നിയമഗ്രന്ഥമായി പരിലസിക്കുന്നു. നിയമസഭ പാസ്സാക്കിയ ഒരു നിയമശകലം പോലെയാണ് നമ്മുടെ കോടതികൾ ഈ ഗ്രന്ഥത്തെ ഇന്നു കാണുന്നത്. അതിലെ ഓരോ വകുപ്പും വ്യാഖ്യാനിക്കുന്നതിന് മാക്സ് വെല്ലിന്റെ നിയമ വ്യാഖ്യാന ഗ്രന്ഥ

ത്തിൽ പറയുന്ന തത്വങ്ങൾ പോലും പ്രയോഗി ച്ചു കാണുന്നു.

## അല്പജ്ഞരായ മൗലവിമാരുടെ പങ്ക്

ബ്രിട്ടീഷ് ഭരണകാലത്ത് മാഗ്നാട്ടൺ, ഫിററ്സ് ജെറാൾഡ്, വിൽസൺ, ബെയിലി, മുള്ള തുടങ്ങിയ അമുസ്ലിംകൾ ഇസ്ലാമിക നിയമത്തെ എത്രത്തോളം വികലവും അബദ്ധജഡിലവുമായി വ്യാഖ്യാനിച്ചിട്ടുണ്ടോ അതിൽ ഒട്ടും കുറയാത്ത രീതിയിൽ അല്പജ്ഞരായ യാഥാസ്ഥിതിക മൗലവിമാർ ഇസ്ലാമിക നിയമത്തെ വികലമാക്കിയിട്ടുണ്ട്. പാമരൻമാർ ഈ മൗലവിമാരുടെ 'ഫത്വാകൾ' കേട്ട് പ്രശ്നങ്ങൾ തീരുമാനിച്ചിരുന്നു. ഖാസിമാരുടെ കോടതി വളപ്പിൽ ഒരു കാലത്ത് ശരീഅത്തിന്റെ യഥാർത്ഥ പണ്ഡിതൻമാരും വിദഗ്ദ്ധൻമാരും ആണ് ഉണ്ടായിരുന്നത്. 1864-ൽ ആ കോടതികൾ നിർത്തലാക്കി. 1880-ൽ ഈ ഖാസി കോടതികളെ സർ സയ്യിദ് അഹമ്മദ്ഖാന്റെ ശ്രമഫലമായി പുനരുജ്ജീവിപ്പിച്ചു. പക്ഷേ, പഴയ കാലത്തെ അഗാധജ്ഞാനികളായ ഖാസിമാർക്കു പകരം ആ കോടതികളിൽ കണ്ടത് ശരീഅത്തിനെപ്പററി ഉപരിപ്ലവമായ അറിവു മാത്രമുള്ള നാമമാത്ര ഖാസികളെയാണ്. ബ്രിട്ടീഷുകാരുടെ രക്ഷാധികാരത്തിൻ കീഴിൽ, അൽപജ്ഞാനികളായ ഈ മൗലവിമാർ അവർക്ക് ആവശ്യമായ തരത്തിൽ നിയമം വ്യാഖ്യാനിച്ചു കൊടുക്കുകയും, നിലവിലിരുന്ന വികലമായ നിയമവ്യവസ്ഥകൾക്ക് അവരുടെ അംഗീകാരം നൽകുകയും ചെയ്തു.

ബ്രിട്ടീഷുകാർ വിട്ടുപോയതിനു ശേഷം, മുസ്ലിം വ്യക്തിനിയമം നടപ്പിലാക്കുന്നതിനു അധികാരമുള്ള നാട്ടിലെ സിവിൽക്കോടതികൾക്കു പുറമേ, നാട്ടിലുടനീളമുള്ള മുസ്ലിം പള്ളികളിലെ ശുദ്ധാത്മാക്കളായ മൗലവിമാരും, വികലമാക്കപ്പെട്ടതും തെററിദ്ധരിക്കപ്പെട്ടതുമായ ഇസ്ലാമിക ശരീഅത്തിന്റെ പ്രധാന പ്രയോക്താക്കളാണ്. ഇസ്ലാമിക ഫിഖ്ഹിനെസംബന്ധിച്ചുള്ള പാണ്ഡിത്യത്തിന്റെ നിലവാരം വളരെ താണതായിത്തീർന്നു. സമകാലീന ഇന്ത്യയിലെ ഇത്തരം പണ്ഡിതൻമാർ ഇസ്ലാമിക ശരീഅത്തിന്റെ അന്ത:സത്തയെപ്പററിയും, അതിന്റെ പിന്നിലെ യുക്തികളെപ്പററിയും ഒട്ടും ബോധവാൻമാരല്ല. അല്ലാമാ ശിബ്ലി നുഅ്മാനി, മുഫ്ത്തി കിഫായത്തുള്ളാ, മൗലാനാ അഷ്റഫ് അലി ഥാനവി, ശൈഖുൽ ഇസ്ലാം മൗലാനാ ഹുസൈൻ അഹമ്മദ് മദനി തുടങ്ങിയ മഹാൻമാരായ ഇസ്ലാമിക പണ്ഡിതൻമാർക്ക് സമശീർഷരായ ആരും, ഈ അടുത്ത കാലത്ത് നമ്മുടെ ഉലമാക്കളിൽ നിന്നും ഉയർന്നു വന്നിട്ടില്ല. മേൽപറയപ്പെട്ടവരെല്ലാം തന്നെ നല്ല ചിന്തകൻമാരും ഇസ്ലാമിക ശരീഅത്തിൽ അഗാധമായ ജ്ഞാനമുള്ളവരുമായിരുന്നു. ഈ രാജ്യത്ത് ഇസ്ലാമിക ശരീഅത്ത് നിലനിർത്തുന്നതിനും പരിരക്ഷിക്കുന്നതിനും അവർ ചെയ്തിട്ടുള്ള യത്നങ്ങൾ ചിരസ്മരണീയമാണ്. ഈ നൂററാണ്ടിന്റെ ആരംഭത്തിൽ 'വഖ്ഫ് അലൽ ഔലാദി' (കുടുംബ വഖ്ഫ്) ന് നിയമ പ്രാബല്യം നിഷേധിച്ചു കൊണ്ട് പ്രിവി കൗൺസിൽ വിധി ന്യായം പുറപ്പെടുവിച്ചപ്പോൾ, പൂർവസ്ഥിതി പുന:സ്ഥാപിക്കാൻ വേണ്ടി അല്ലാമാ ശിബ്ലി നുഅ്മാനി എല്ലാ ശ്രമങ്ങളും നടത്തി. അദ്ദേഹത്തിന്റെ ശ്രമഫലമായാണ്, ഇന്ന് നിലവിലിരിക്കുന്ന 1954-ലെ വഖ്ഫ് ആക്ററിന്റെ മുന്നോടിയായ 1913-ലെ മുസൽമാൻ വഖ്ഫ് സാധൂകരണ ആക്ററ് ബ്രിട്ടീഷുകാരെക്കൊണ്ട് പാസ്സാക്കിച്ചെടുത്തത്. 1930-കൾ വരെ, പഞ്ചാബിലെയും മദ്ധ്യേന്ത്യയിലെയും മതപരിവർത്തനം ചെയ്തു വന്ന മുസ്ലിംകൾ, അനിസ്ലാമിക സ്വഭാവത്തിലുള്ള പ്രാദേശിക നിയമങ്ങളാണ് പിൻതുടർന്നിരുന്നത്. മൗലാനാ അശ്റഫ് അലി ഥാനവി തന്റെ ജീവിതത്തിലെ വിലപ്പെട്ട അനേക വർഷങ്ങൾ, അവരുടെ പ്രാകൃത നിയമങ്ങൾ എത്രത്തോളം അനിസ്ലാമികമാണെന്ന് അവരെ ബോധവാൻമാരാക്കുവാൻ ചെലവഴിക്കുകയും, ഇസ്ലാമിക ശരീഅത്ത് നിയമങ്ങൾ അവർ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത അവരെ ബോധ്യപ്പെടുത്തുകയും ചെയ്തു. ഈയാവശ്യത്തിനുവേണ്ടി മഹാനായ അദ്ദേഹം തുടങ്ങിയ പ്രസ്ഥാനമാണ് ഒടുവിൽ, ഇന്ന് നമുക്ക് ലഭ്യമായിരിക്കുന്ന 1937-ലെ മുസ്ലിം വ്യക്തി നിയമം (ശരീഅത്ത്) ബാധകമാക്കൽ ആക്ററിന്റെ നിർമ്മാണത്തിന് വഴിതെളിച്ചത്. ഈ നിയമം പാസ്സാക്കിയതിനു തൊട്ടു പിന്നാലെ, മുസ്ലിം സ്ത്രീകൾക്ക് അവരുടെ ഭർത്താക്കൻമാരിൽ നിന്നും മോചനം നേടുന്നതിനുള്ള അവകാശം ലഭ്യമാക്കുവാൻ വേണ്ടി, ''അൽഹീലത് അൽ നജീസാ ലിൽ ഹലീലത് അൽ അജ്സാ'' (അവശരായ മുസ്ലിം സ്ത്രീകൾക്കു വേണ്ടി നിയമാനുസൃതമായ ഒരു സൂത്രം) എന്ന പേരിലുള്ള തന്റെ ഗ്രന്ഥം അദ്ദേഹം പ്രസിദ്ധീകരിച്ചു. അദ്ദേഹത്തിന്റെ ഈ ഗ്രന്ഥത്തെ അടിസ്ഥാനമാക്കിയാണ്

ഇന്ന് നിലവിലിരിക്കുന്ന 1939-ലെ 'മുസ്ലിം വിവാഹ വിഘടന ആക്റ്റ്'' പാസാക്കിയത്. ബ്രിട്ടീഷ് ഇന്ത്യൻ കോടതികളും സ്വാർത്ഥ താല്പര്യം കൈമുതലാക്കി വച്ചിട്ടുള്ള മൗലവിമാരും കൂടി നശിപ്പിക്കുകയും വികലപ്പെടുത്തുകയും ചെയ്തു കൊണ്ടിരിക്കുന്ന ഇസ്ലാമിക ശരീഅത്തിനെ നാശത്തിൽ നിന്നും രക്ഷിക്കുന്നതിനും അതിന്റെ തനിമ വീണ്ടെടുക്കുന്നതിനും വേണ്ടി, നാട്ടിലുടനീളം 'ശരീഅത്ത്'' കോടതികൾ പുനരാരംഭിക്കണമെന്ന് അദ്ദേഹവും അദ്ദേഹത്തോടൊപ്പം പ്രവർത്തിച്ചിരുന്ന മുസ്ലിം മതനേതാക്കളും ഗവൺമെന്റിനോടാവശ്യപ്പെട്ടു. എന്നാൽ, അവരുടെ ശ്രമത്തിൽ അവർ ദയനീയമായി പരാജയപ്പെടുകയാണ് ചെയ്തത്. മുസ്ലിം സമുദായത്തിന്റെ ദൗർഭാഗ്യമെന്നു പറയട്ടെ, തങ്ങളുടെ നിയമങ്ങളെ സംബന്ധിച്ച് മുസ്ലിം സമൂഹത്തെ ബോധവൽക്കരിക്കുന്ന കാര്യത്തിൽ അവർ ഒന്നും തന്നെ ചെയ്തിട്ടില്ലയെന്നതാണ് വസ്തുത. അതിനാൽ ജനസമൂഹം, ശരീഅത്തിന്റെ അന്ത:സത്തയെയും സിദ്ധാന്തങ്ങളെയും കുറിച്ച് വേണ്ടത്ര പരിജ്ഞാനമില്ലാത്ത പണ്ഡിതൻമാരുടെ സ്വാധീനത്തിൽ പെട്ടു കഴിയുകയാണ് ഇന്നും. ഇത്തരം മൗലവിമാർ അവരുടെ ഫത്വാകളിലൂടെയും ഉപദേശങ്ങളിലൂടെയും തങ്ങളുടെ വികലമായ വിജ്ഞാനവും തെററായ ധാരണകളും സാമാന്യ ജനങ്ങളിലേയ്ക്ക് സംക്രമിപ്പിച്ചു കൊണ്ടിരിക്കുന്നു. വിവാഹ-വിവാഹമോചനരംഗങ്ങളിൽ ഇവർ ചെയ്തു കഴിഞ്ഞതും, ചെയ്തുകൊണ്ടിരിക്കുന്നതുമായ ദ്രോഹം അവർണ്ണനീയമാണ്. ആളും തരവും അനുസരിച്ച് ചാഞ്ഞും ചരിഞ്ഞും ഫത്വകൾ നൽകുന്ന ഈ പണ്ഡിതവിഭാഗം സമുദായത്തിന് അനുഗ്രഹത്തേക്കാൾ ഉപരി ഉപദ്രവകാരികളായിത്തീർന്നിരിക്കുന്നു.

## ശരീഅത്തിനെ വികലമായി ചിത്രീകരിക്കുന്ന ചലച്ചിത്ര ലോകം

വിവരദോഷികളായ ഇത്തരം ആളുകൾ നൽകുന്ന ഉപദേശങ്ങളുടെ അടിസ്ഥാനത്തിൽ ചലച്ചിത്ര കഥകൾക്ക് രൂപം നൽകുന്ന ഒരു പ്രവണത ഇക്കാലത്ത് സർവ്വസാധാരണമായിത്തീർന്നിരിക്കുകയാണ്. വിവാഹമോചന രംഗമാണ് ഏററവും പ്രിയപ്പെട്ട വിഷയം. ഇസ്ലാമിന്റെ വൈവാഹിക നിയമങ്ങളെ ബീഭത്സമായി വെള്ളിത്തിരയിൽ ചിത്രീകരിച്ച് നാടെങ്ങും പ്രദർശിപ്പിച്ചു വരുന്നു. ബോംബെ നഗരം ഇത്തരം ചിത്രനിർമ്മാണത്തിന്റെ കേന്ദ്രമാണ്. സ്വാതന്ത്ര്യസമ്പാദനത്തിനു ശേഷം, ഇസ്ലാമിന്റെ വിവാഹനിയമ തത്വങ്ങൾ വികൃതമായി ചിത്രീകരിക്കുന്ന അനേകം ചിത്രങ്ങൾ നിർമ്മിക്കുകയും പ്രദർശിപ്പിക്കുകയും ചെയ്തുകഴിഞ്ഞു. ഇസ്ലാമിക വ്യവസ്ഥിതികളെ വിരൂപമായി ചിത്രീകരിക്കുന്നതും ബോംബെയിൽ നിർമ്മിക്കുന്നതുമായ ഈ ചിത്രങ്ങൾ രാജ്യത്തിലെമ്പാടും വിതരണം ചെയ്തു പ്രദർശിപ്പിക്കുന്നതു കൂടാതെ, സർക്കാരുടമയിലുള്ള റേഡിയോയും, ദൂരദർശനും അവയ്ക്ക് പ്രചാരണവും പ്രദർശനവും നൽകുന്നു. മുത്തലാഖും, ഹലാലയും (മൂന്നു തലാഖും ഒരുമിച്ചുമൊഴിയലും, ആദ്യ ദമ്പതികൾക്കു വീണ്ടും പരസ്പരം വിവാഹിതരാകുന്നതിനു വേണ്ടി സ്ത്രീ മറെറാരാളെ വിവാഹം കഴിക്കുന്നതും അതിനു ശേഷം അയാൾ ഒഴിയുന്നതും) വിഷയമാക്കി, 'നിക്കാഹ്'' എന്ന പേരിൽ ബി. ആർ. ചോപ്ര നിർമ്മിച്ച ചിത്രം അമിതമായ പ്രചാരണം പിടിച്ചു പററി. മുത്തലാഖു സമ്പ്രദായത്തെ പരസ്യമായി പരിഹസിക്കുന്ന മറെറാരു ചിത്രമായ 'ലുബ്ന' ഈയിടെ ദൂരദർശൻ അതിന്റെ ദേശീയപരിപാടിയിൽ വളരെ പ്രാധാന്യം കൊടുത്തു പ്രക്ഷേപണം ചെയ്യുകയുണ്ടായി.

''നിക്കാഹ്'' എന്ന ചലച്ചിത്രത്തിൽ ഇസ്ലാമിക ശരീഅത്ത് തത്വങ്ങൾ തെററായി വിവരിക്കുന്നതിനെ ചോദ്യം ചെയ്തു കൊണ്ട്, ലക്നൗവിലെ ഒരു മാന്യമുസ്ലിം വനിത അലഹബാദ് ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തുവെങ്കിലും, കേസ് തള്ളിക്കൊണ്ട് വിധിക്കുകയാണ് ചെയ്തത്. വിവാഹമോചനത്തെ സംബന്ധിച്ച ഖുർആനികതത്വങ്ങൾ ശരിയായിട്ടല്ല ചിത്രത്തിൽ വിവരിക്കുന്നതെന്നു അവർ ബോധിപ്പിച്ചിട്ടും കോടതി അവരുടെ വാദം സ്വീകരിച്ചില്ല.

## ബുദ്ധിജീവികളെന്നവകാശപ്പെടുന്നവരുടെ പരാങ്മുഖത

ഇന്ത്യയിലെ ബുദ്ധിജീവികളെന്നും ധിഷണാശാലികളെന്നും മററും അവകാശപ്പെടുന്നവർക്ക്, അവർ മുസ്ലിംകളോ അമുസ്ലിംകളോ ആയിരുന്നാലും ശരി, പരമ്പരാഗതമായി ''പൗരോഹിത്യ''ച്ചുമട് വഹിച്ചു കൊണ്ടു നടക്കുന്ന അല്പജ്ഞാനികളായ മൗലവിമാരും, കീഴ്വഴക്കങ്ങൾ

മാത്രം നോക്കി വിധി തീർപ്പു കല്പിക്കുന്ന കോടതികളും ചേർന്ന് വികലമാക്കുകയും തെററിദ്ധാരണകൾ പരത്തുകയും ചെയ്തു കഴിഞ്ഞിട്ടുള്ള ശരീഅത്ത് നിയമങ്ങളുമായാണ് ബന്ധമുള്ളത്. ശരീഅത്തിന്റെ യഥാർത്ഥ സ്വഭാവവും തനിമയും കണ്ടുപിടിക്കുന്നതിന് ഈ ബുദ്ധിജീവികൾ മെനക്കെട്ടിട്ടില്ല. തന്മൂലം അവർ മനസ്സിലാക്കിയ ഇസ്ലാമികനിയമത്തോട് അവാച്യമായ ഒരു തരം പകയും നിന്ദയും വച്ചുപുലർത്തുകയാണ് അവർ. ഇസ്ലാമിക ശരീഅത്ത് ഈ കാലത്തേയ്ക്ക് പററാത്ത ഒരു പഴഞ്ചൻ നിയമവ്യവസ്ഥയാണ് എന്ന ധാരണ അവരിൽ രൂഢമൂലമായിരിക്കുന്നു. കഴിവതും വേഗം ഇസ്ലാമിക ശരീഅത്തിനെ ഈ നാട്ടിൽ നിന്നും തുരത്തി, പകരം ഒരു ഏകീകൃതസിവിൽക്കോഡ് നടപ്പാക്കണമെന്നാണ് അവർ ആഗ്രഹിക്കുന്നത്. ഇവരിൽ പലരും ഏകീകൃതസിവിൽക്കോഡിനു വേണ്ടി വാദിച്ചു തുടങ്ങിയിരിക്കുന്നു. ചിലരുടെ വാദങ്ങൾ വളരെ തരം താണതും ലജ്ജാകരവുമാണ്.

ഇപ്രകാരം തെററിദ്ധാരണകൾ നിറഞ്ഞ ഒരന്തരീക്ഷം നിലനില്ക്കവേയാണ്, കേരള ഹൈക്കോടതിയിലും പിന്നീട് സുപ്രീം കോടതിയിലും ജഡ്ജിയായിരുന്ന മി. ജസ്ററിസ് ഖാലിദ് ഇസ്ലാമിലെ വിവാഹമോചനനിയമം ഉൾപ്പെട്ട ഒരു കേസിൽ, ഇസ്ലാമിന്റെ വിവാഹമോചന നിയമത്തിന്റെ ''പൈശാചികത''യെ കുററപ്പെടുത്തിയത്. ഒരു മുൻ സുപ്രീം കോടതി ജഡ്ജിയായിരുന്ന കെ. ആർ. ഹെഗ്ഡേ, ഇസ്ലാമിക നിയമത്തെ സംബന്ധിച്ച് നടത്തിയ ഒരു സെമിനാറിൽ, ''നമ്മുടേതു പോലെയുള്ള ഒരു സമൂഹത്തിൽ ഇസ്ലാമിക നിയമത്തിന്റെ അപ്രസക്തിയേയും, അനൗചിത്യത്തേയും'' പററി ജനങ്ങളോടു വിശദീകരിച്ചു കൊടുക്കുവാൻ, പ്രസിദ്ധ ഓറിയൻറലിസ്ററായ ജെ. എൻ. ഡി. ആൻഡേഴ്സനോട് അഭ്യർത്ഥിക്കുകയുണ്ടായി. ''ഈ രാജ്യത്ത് താമസിക്കുന്നതിനുള്ള വില എന്ന നിലയിൽ ഇന്ത്യയിലെ മുസ്ലിംകൾ ഏകീകൃത സിവിൽ കോഡ് സ്വീകരിക്കണ 'മെന്ന്' റാം ജത്മലാനി മുസ്ലിംകളോട് ആവശ്യപ്പെടുക പോലും ചെയ്തു. ആധുനിക സാമൂഹ്യ ചുററുപാടിൽ ഇസ്ലാമിക നിയമത്തിന്റെയും, പരിശുദ്ധ ഖുർആന്റെയും അപ്രസക്തിയെപ്പററി അലിഗർ മുസ്ലിം സർവകലാശാലയിലെ വിദ്യാർത്ഥികളെ ബോദ്ധ്യപ്പെടുത്തുവാൻ സുപ്രീം കോടതി ചീഫ് ജസ്ററിസായിരുന്ന പി. ബി. ഗജേന്ദ്ര ഗാഡ്കർ പോലും ശ്രമം നടത്തുകയുണ്ടായി. ആധുനിക ഇന്ത്യയിലെ ചില കോടതി വിധികൾ ഇസ്ലാമിക നിയമത്തോട് ബദ്ധശത്രുത്വം പുലർത്തുന്നവയാണെന്ന് കാണുവാൻ കഴിയും. ഈ കോടതികൾ അനവസരങ്ങളിൽ പോലും ഇസ്ലാമിക നിയമത്തെ പരിഹസിക്കുന്നതിന് അവസരങ്ങളുണ്ടാക്കുന്ന ഉദാഹരണങ്ങൾ കാണുവാൻ കഴിയും.

## യഥാർത്ഥനിയമം അനാവരണം ചെയ്യേണ്ടതിന്റെ ആവശ്യകത

ന്യായാധിപൻമാർ, നിയമജ്ഞൻമാർ, പൊതുജനനേതാക്കൾ എന്നിവർ അറിഞ്ഞിരിക്കേണ്ട ചില കാര്യങ്ങളുണ്ട്. അതായത്, മാഗ്നാട്ടൺ, വിൽസൺ, മെയിൻ, മുള്ള എന്നിവരെ ഹിന്ദു നിയമത്തിന്റെയോ, ഇസ്ലാമിക നിയമത്തിന്റെയോ അതോറിട്ടികളായി സ്വീകരിക്കാൻ പാടില്ല. ആധികാരികമായ അസൽ സ്രോതസ്സുകളിൽ നിന്നും മഹത്തായ ഈ നിയമങ്ങളുടെ യഥാർത്ഥ തത്വങ്ങൾ കണ്ടുപിടിക്കുന്നതിനുള്ള ഒരു വ്യവസ്ഥയ്ക്ക് രൂപം നൽകേണ്ടതാണ്. കോടതി വിധികൾക്ക് നല്ല കീഴ്വഴക്കങ്ങൾ എന്ന നിലയിൽ നൽകിവരുന്ന ആധികാരിക സ്വഭാവത്തിൽ മാററം വരുത്തേണ്ടതാണ്. ഇസ്ലാമിനും, ഇന്ത്യയിലെ നിയമസംഹിതകൾക്കും അന്യമായ ഒരു കോമൺലാ തത്വമാണ് ജുഡീഷ്യൽ പ്രിസിഡൻസ് പിൻതുടരുക എന്നത്. ഈ തത്വം ഉപേക്ഷിയ്ക്കുക എന്ന വിപ്ലവാത്മകമായ രീതി നാം സ്വീകരിക്കേണ്ടിയിരിക്കുന്നു.

ദാറുൽ ഉലൂം ദയോബന്തിലെയും, നദ്വത്തുൽ ഉലമാ (ലക്നൗ)യിലേയും പണ്ഡിതൻമാർ അവരുടെ മയക്കം വിട്ടുണരുകയും, ഇസ്ലാമിക നിയമതത്വങ്ങൾ എത്ര വ്യാപകമായ രീതിയിലാണ് ഈ രാജ്യത്ത് തെററിദ്ധരിച്ചിരിക്കുന്നതെന്നും, ദുർവ്യാഖ്യാനം ചെയ്തിരിക്കുന്നതെന്നും, വികലമായി പ്രയോഗവൽക്കരിക്കപ്പെട്ടിരിക്കുന്നതെന്നും, ദുരുപയോഗപ്പെടുത്തിക്കൊണ്ടിരിക്കുന്നതെന്നും മനസ്സിലാക്കുകയും, അതേപ്പററി ജനങ്ങളെ ബോധവൽക്കരിക്കുകയും വേണം. ശരീഅത്ത് സംരക്ഷിക്കുന്നതിനുവേണ്ടി നിലകൊള്ളുന്ന അഖിലേന്ത്യാ മുസ്ലിം വ്യക്തി നിയമ ബോർഡും, ഇതര സംഘടനകളും അവരുടെ സ്വന്തം സംഘടനകൾക്കുള്ളിലുള്ള അഭിപ്രായ വ്യത്യാസങ്ങൾ ആദ്യം പറഞ്ഞൊതുക്കണം.

## കമ്മീററഡ് ജുഡീഷ്യറി

ഇസ്ലാമിക വ്യക്തിനിയമത്തിൽ വരുത്തി ത്തീർത്തിട്ടുളള വൈകല്യങ്ങളെപ്പററി സ്വതന്ത്ര ഭാരതത്തിലെ ജുഡീഷ്യറിയ്ക്ക് പൊതുവേ അറിവില്ല എന്നത് ഖേദകരമായ ഒരു വസ്തുത യാണ്. 1897-ലെ ആഗാമുഹമ്മദുകേസിൽ, ഇസ്ലാമിക നിയമത്തിൻെറ പ്രാഥമിക ഉറവിടമായ പരിശുദ്ധ ഖുർആനെ, കോടതികളുടെ പുനരാഖ്യാനാധികാരത്തിനപ്പുറം, പ്രിവി കൗൺസിൽ സ്ഥാപിക്കുകയുണ്ടായി. ബക്കാർ ആലി കേസിൽ ഹദീസിനെ സംബന്ധിച്ചും ഇതേ തരത്തിലുളള ഒരു നിലപാടാണ് പ്രിവി കൗൺസിൽ സ്വീകരിച്ചത്. നൂററാണ്ടുകളായി സുസ്ഥാപിതമായ അർത്ഥങ്ങൾക്ക് വിരുദ്ധമായ വ്യാഖ്യാനങ്ങൾ പരിശുദ്ധ ഖുർആനും, ഹദീസിനും നൽകാൻ പാടില്ലെന്നാണ് പരമോന്നത കോടതിയായ പ്രിവി കൗൺസിൽ വിധിച്ചത്. ദൗർഭാഗ്യകരമെന്നു പറയട്ടെ, ഈ വിധിന്യായസാരത്തെ നമ്മുടെ കോടതികൾ മനഃപൂർവം അവഗണിക്കുകയാണ് ചെയ്തിരിക്കുന്നത്. മാഗ്നാട്ടണും, ബെയിലിയും, ഫിററ്സ്ജെറാംഡും ദീൻഷാ മുളളയും കാശിപ്രസാദ് സാക്സേനയും, ബാബുലാൽ വർമ്മയും, പാറാസ് ദിവാനും അവരുടെ ഗ്രന്ഥങ്ങളിൽ പറയുന്നതാണ് ഖുർആൻെറയും, ഹദീസിൻെറയും വ്യാഖ്യാനമെന്നാണ് നമ്മുടെ കോടതികൾ മനസ്സിലാക്കിയിരിക്കുന്നത്. ആശ്രയിയ്ക്കാൻ കൊളളാത്ത ദ്വിതീയസ്രോതസ്സുകളായമേല്പറഞ്ഞ ഗ്രന്ഥങ്ങൾക്കപ്പുറം പോകാൻ നമ്മുടെ കോടതികൾ ശ്രമിക്കാറില്ല. കഴിവുമില്ല. നേരേ ചൊവ്വേ ചിന്തിയ്ക്കുന്ന ഒരു ന്യായാധിപൻ ഒരു ശ്രമം നടത്തിയാൽ തന്നെ അതുകൊണ്ട് വലിയ ഫലമൊന്നും ഉണ്ടാകാനും പോകുന്നില്ല.

ഉദാഹരണത്തിന്, ആസ്സാം ഹൈക്കോടതി ജഡ്ജിയായിരുന്ന കാലത്ത് ജസ്ററിസ് ബഹറുൽ ഇസ്ലാം, ഇസ്ലാമിലെ വിവാഹമോചന നിയിമങ്ങളെ സമഗ്രമായും ഭംഗിയായും വിശദീകരിച്ചുകൊണ്ടുളള രണ്ടു വിധി ന്യായങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. ഖുർആനും, ഹദീസും അനുസരിച്ചുളള വിവാഹ മോചനം എപ്പോൾ, എങ്ങനെ എന്നെല്ലാമാണ് ആ വിധി ന്യായങ്ങളിൽ ധിവരിക്കുന്നത്. ഇസ്ലാമിലെ വിവാഹമോചന നിയമങ്ങളെ സംബന്ധിച്ച് ബ്രിട്ടീഷ് ന്യായാധിപൻമാർ വരുത്തിക്കൂട്ടിയിട്ടുളള അബദ്ധങ്ങൾ അതിൽ എടുത്തുകാണിച്ചിട്ടും ഉണ്ട്. പക്ഷേ, വിശദീകരിക്കാൻ കഴിയാത്ത കാരണങ്ങളാൽ, ഈ രണ്ട്വിധിന്യായങ്ങളും ഇവിടുത്തെ ഒരു ലാ റിപ്പോർട്ടിംങ് ജേർണലുകളും റിപ്പോർട്ടു ചെയ്തില്ല എന്നതാണ് ആശ്ചര്യകരമായ വസ്തുത. ഇന്ത്യയിലെ കോടതികളും, അഭിഭാഷകരും ആ വിധിന്യായങ്ങളെ മന:പൂർവം അവഗണിച്ചുവെന്ന് സാരം. കേരള ഹൈക്കോടതിയിൽ ന്യായാധിപനായിരുന്ന കാലത്ത് വി. ആർ. കൃഷ്ണയ്യർ പുറപ്പെടുവിച്ച യൂസുഫ് റാവുത്തർ കേസിലെ - വിവാഹ മോചനകേസ് - വിധി ന്യായത്തിൻെറ സ്ഥിതിയും ഏതാണ്ടിതു തന്നെ. (തിരിച്ചും മറിച്ചും പറയുന്ന സ്വഭാവമാണ് ശ്രീകൃഷ്ണയ്യരുടേത്.)

ആസ്സാം ഹൈക്കോടതി ജഡ്ജിയായിരുന്ന കാലത്ത് ജസ്ററിസ് ബഹറുൽ ഇസ്ലാം, ഇസ്ലാമിലെ വിവാഹമോചന നിയമങ്ങളെ സമഗ്രമായും ഭംഗിയായും വീശദികരിച്ചുകൊണ്ടുളള രണ്ടു വിധി ന്യായങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. ഖുർആനും, ഹദീസും അനുസരിച്ചുളള വിവാഹമോചനം എപ്പോൾ, എങ്ങനെ എന്നെല്ലാമാണ് ആ വിധി ന്യായങ്ങളിൽ വിവരിക്കുന്നത്. ഇസ്ലാമിലെ വിവാഹമോചന നിയമങ്ങളെ സംബന്ധിച്ച് ബ്രിട്ടീഷ് ന്യായാധിപൻമാർ വരുത്തിക്കൂട്ടിയിട്ടുളള അബദ്ധങ്ങൾ അതിൽ എടുത്തുകാണിച്ചിട്ടും ഉണ്ട്. പക്ഷേ, വീശദികരിക്കാൻ കഴിയാത്ത കാരണങ്ങളാൽ, ഈ രണ്ട് വിധിന്യായങ്ങളും ഇവിടുത്തെ ഒരു ലാ റിപ്പോർട്ടിംങ് ജേർണലുകളും റിപ്പോർട്ട് ചെയ്തില്ല എന്നതാണ് ആശ്ചര്യകരമായ വസ്തുത.

സ്വാതന്ത്ര്യത്തിനു ശേഷവും, ബ്രിട്ടീഷുകാരെ വിശ്വസ്തമായി പിൻതുടരുക എന്ന നയമാണ് ഇന്ത്യൻ കോടതികൾക്കുള്ളത്. ഇന്ത്യൻ കോടതികളെ സംബന്ധിച്ചിടത്തോളം, മുസ്ലിം നിയമമെന്നത്, ബ്രിട്ടീഷുകാർ പണ്ടു പറഞ്ഞു വച്ചതെന്താണോ അതു മാത്രമാണ്—അവർ പറഞ്ഞ തത്വങ്ങൾ ഖുർആനിനും, ഹദീസിനും എത്ര തന്നെ വിരുദ്ധമായിരുന്നാലും ശരി.

## മുസ്ലിം നിയമത്തോടുള്ള തത്വദീക്ഷയില്ലാത്ത എതിർപ്പ്

നിയമപുസ്തകങ്ങളിലും മററുമായി ഇന്ന് ലഭിക്കുന്ന വികലമായ ഇസ്ലാമിക നിയമമാണ് യഥാർത്ഥ ഇസ്ലാമിക നിയമമെന്ന് മനസിലാക്കിയിട്ടുള്ള കുറേ ആളുകൾ ഇസ്ലാമിക നിയമത്തെ സ്വാഭാവികമായും വെറുക്കുന്നുണ്ട്. ഇവരെ കുററം പറയാൻ നിവൃത്തിയില്ല. അജ്ഞത കൊണ്ടാണ് അവർ എതിർക്കുന്നതും. യാഥാർത്ഥ്യം കണ്ടുപിടിക്കാനുള്ള ശ്രമവും, ആഗ്രഹവും അവർ പ്രകടിപ്പിക്കുന്നില്ല എന്ന് മാത്രമേ അവരെപ്പററി പറയാൻ കഴിയൂ. മററു കുറെ ആളുകളുണ്ട് ഈ രാജ്യത്ത്. ഇസ്ലാമിക നിയമം അങ്ങാടി മരുന്നോ, പച്ചമരുന്നോ എന്ന് അവർക്ക് അറിഞ്ഞേ കൂടാ. എന്നിരുന്നാലും, ഇസ്ലാമിക നിയമത്തെ എതിർക്കുന്ന കാര്യത്തിൽ അവർ മുൻ നിരയിൽ തന്നെ നിൽക്കുന്നതു കാണാം. അവരുടെ കൂട്ടത്തിൽ പല തരക്കാരേയും കാണാം. പൗരസ്ത്യ സംസ്കാരത്തിന്റെ എല്ലാ വശങ്ങളെയും എതിർക്കുന്നവരാണ് ഒരു കൂട്ടർ. എല്ലാ കാര്യത്തിലും വൈദേശികമായതിനോട് പ്രത്യേക പ്രേമമുള്ളവരാണ് മറെറാരു കൂട്ടർ. നിർമ്മതരും നിരീശ്വരവാദികളുമാണ് അടുത്ത കൂട്ടർ. എതിർപ്പിനു വേണ്ടി എല്ലാത്തരം മൂല്യങ്ങളെയും നിഷേധിക്കുന്നവരാണ് ഇനിയൊരു കൂട്ടർ. ഏററവും ഒടുവിലായി മറെറാരു കൂട്ടരാണെങ്കിൽ ഇസ്ലാമിനോടും, മുസ്ലിംകളോടും അന്ധമായ വിദ്വേഷവും പകയും വച്ചുപുലർത്തുന്നവരാണ്. ഈ ആളുകളുടെ ഇസ്ലാമിക നിയമവിരുദ്ധമനോഭാവം ബലപ്പെടുത്തിക്കൊടുക്കുന്നത് ശരീഅത്ത് നിയമങ്ങളെ സംബന്ധിച്ച് പ്രഗത്ഭരെന്ന് കരുതപ്പെടുന്ന ചില ശരീഅത്ത് വിരുദ്ധർ ഇടയ്ക്കിടെ പുറപ്പെടുവിക്കുന്ന അഭിപ്രായ പ്രകടനങ്ങളാണ്. ഈ പ്രഗത്ഭരിൽ ചിലർ പൊതുവേ നിയമം അറിയുന്നവരായിരിക്കുമെങ്കിലും ഇസ്ലാമിക നിയമത്തിൽ അവർക്കുള്ള അറിവ് തികച്ചും പരിമിതമായിരിക്കും. ചിലപ്പോൾ ഇവർ ഉന്നതസ്ഥാനീയർ ആയിരിക്കും. ഉന്നതസ്ഥാനീയർ പറഞ്ഞു കൂട്ടുന്ന അസംബന്ധങ്ങൾ പലപ്പോഴും ആധികാരിക തത്വമാകാറുണ്ടല്ലോ? ഒന്നുകിൽ ഇസ്ലാമിക നിയമത്തെ അടച്ച് അധിക്ഷേപിക്കുക അല്ലെങ്കിൽ അതിന്റെ ചില ഭാഗങ്ങൾ ഉടനടി പരിഷ്കരിക്കണമെന്ന് വാദിക്കുക—ഇക്കൂട്ടർക്ക് പ്രശ്നം എന്താണെന്ന് ഒരു ബോധവുമില്ലാതായിരിക്കും പലപ്പോഴും ഇതു പറയുക—എന്നത് ഒരു രാജ്യസ്നേഹിയുടേയോ, ഒരു ദേശീയവാദിയുടെയോ, ബുദ്ധിജീവിയുടെയോ, 'ദേശീയ മുഖ്യധാര' എന്ന് വിശേഷിപ്പിക്കപ്പെടുന്ന എന്തിലോ ലയിക്കുന്നതിന്റേയോ ഒക്കെ ലക്ഷണമായാണ് ഇന്നു കരുതപ്പെടുന്നത്. ശരീഅത്തിനോടുള്ള പരമ്പരാഗതവും കൊളോണിയൽ ഭൂതകാലത്തിന്റെ അവശിഷ്ടവുമായ ശത്രുത മതേതരത്വത്തിന്റെ മൂടുപടമണിഞ്ഞ് ഇവിടെ തഴച്ചു വളരുകയാണ്.

മുസ്ലിംകൾ അവരുടെ ശരീഅത്ത് ശരിയായ രീതിയിൽ അനുഷ്ഠിക്കുകയും, നിയമത്തിന്റെയും നീതിയുടെയും പരിപാലകർ, ബ്രിട്ടീഷ് ഇന്ത്യയിലെ അവരുടെ മുൻഗാമികളിൽ നിന്നും പൈതൃകമായി ലഭിച്ച ദുർവ്യാഖ്യാനങ്ങൾ ത്യജിച്ച്, പുതുതായി ശരീഅത്തിനെ അതിന്റെ ശരിയായ പരിപ്രേക്ഷ്യത്തിലൂടെ വീക്ഷിക്കാനുള്ള ആത്മാർത്ഥമായ ശ്രമങ്ങൾ നടത്തുകയും ചെയ്യുന്നില്ലെങ്കിൽ, സർവ വ്യാപിയായ സംശയങ്ങളുടെയും വിവേചനത്തിന്റെയും അന്തരീക്ഷത്തിനു മാററമുണ്ടാക്കുവാൻ കഴിയുകയില്ല. ഇത് ചെയ്യാതിരിക്കുന്നിടത്തോളം, ശരീഅത്തിനെ സംബന്ധിച്ചു വർദ്ധിച്ചു വന്നു കൊണ്ടിരിക്കുന്ന സംശയങ്ങൾ നിലനില്ക്കുകയും, ശാശ്വതീകരിക്കപ്പെടുകയും ചെയ്യും. □

# കേരളത്തിലെ ജനസംഖ്യ - മുഖ്യ മതവിഭാഗങ്ങൾ

( 1981 സെൻസസ് )

| ജില്ല | മൊത്തം ജനസംഖ്യ | മുഖ്യ മതവിഭാഗങ്ങൾ | | | | | |
|---|---|---|---|---|---|---|---|
| | | ഹിന്ദുക്കൾ | | മുസ്ലിംകൾ | | ക്രിസ്ത്യാനികൾ | |
| | | ആകെ | % | ആകെ | % | ആകെ | % |
| 1. തിരുവനന്തപുരം | 25.95 ലക്ഷം | 18.12 ലക്ഷം | 69.80 | 3.25 ലക്ഷം | 12.52 | 4.59 ലക്ഷം | 17.68 |
| 2. കൊല്ലം | 28.14 ,, | 17.81 ,, | 63.29 | 3.94 ,, | 14.00 | 6.38 ,, | 22.67 |
| 3. ആലപ്പുഴ | 23.50 ,, | 15.39 ,, | 65.49 | 1.75 ,, | 7.45 | 6.35 ,, | 27.02 |
| 4. കോട്ടയം | 16.97 ,, | 8.07 ,, | 47.55 | 0.84 ,, | 4.95 | 8.06 ,, | 47.50 |
| 5. ഇടുക്കി | 9.72 ,, | 4.89 ,, | 50.31 | 0.63 ,, | 6.48 | 4.19 ,, | 43.11 |
| 6. എറണാകുളം | 25.35 ,, | 11.74 ,, | 46.31 | 3.40 ,, | 13.41 | 10.19 ,, | 40.20 |
| 7. തൃശൂർ | 24.40 ,, | 14.64 ,, | 60.00 | 3.63 ,, | 14.88 | 6.12 ,, | 25.08 |
| 8. പാലക്കാട് | 20.45 ,, | 14.95 ,, | 73.14 | 4.73 ,, | 23.14 | 0.77 ,, | 3.77 |
| 9. മലപ്പുറം | 24.03 ,, | 7.71 ,, | 32.08 | 15.74 ,, | 65.50 | 0.57 ,, | 2.37 |
| 10. കോഴിക്കോട് | 22.45 ,, | 13.74 ,, | 61.20 | 7.62 ,, | 33.94 | 1.08 ,, | 4.81 |
| 11. വയനാട് | 5.54 ,, | 2.80 ,, | 50.54 | 1.36 ,, | 24.55 | 1.36 ,, | 24.55 |
| 12. കണ്ണൂർ | 28.04 ,, | 18.15 ,, | 64.73 | 7.20 ,, | 25.68 | 2.68 ,, | 9.56 |
| കേരളം | 254.54 ,, | 148.01 ,, | 58.15 | 54.09 ,, | 21.25 | 52.34 ,, | 20.56 |

കുറിപ്പ് : ജില്ലയിലെ / സംസ്ഥാനത്തെ മൊത്തം ജനസംഖ്യയുടെ ശതമാനമാണ് ഓരോ വിഭാഗത്തിനുമെതിരെ കൊടുത്തിട്ടുള്ളത്.

# ഇന്ത്യയിലെ ജനസംഖ്യ - മത വിഭാഗങ്ങൾ

(1981 സെൻസസ്)

(i) സ്റ്റേറ്റുകൾ (ദശലക്ഷത്തിൽ)

| ക്രമ നമ്പർ | സ്റ്റേറ്റ് | ഹിന്ദു | മുസ്ലിം | ക്രിസ്ത്യൻ | സിക്ക് | ബുദ്ധർ | ജൈനർ | മററുള്ളവർ | ആകെ |
|---|---|---|---|---|---|---|---|---|---|
| | ഇൻഡ്യ | 549.72 | 75.57 | 16.17 | 13.08 | 4.720 | 3.193 | 2.766 | 665.29 |
| 1 | ആന്ധ്രപ്രദേശ് | 47.53 | 4.53 | 1.43 | 0.02 | 0.013 | 0.019 | 0.001 | 53.55 |
| 2 | ബീഹാർ | 58.01 | 9.87 | 0.74 | 0.08 | 0.003 | 0.028 | 1.180 | 69.91 |
| 3 | ഗുജറാത്ത് | 30.52 | 2.91 | 0.13 | 0.02 | 0.008 | 0.468 | 0.016 | 34.09 |
| 4 | ഹരിയാന | 11.55 | 0.53 | 0.01 | 0.80 | 0.001 | 0.035 | 0.001 | 12.92 |
| 5 | ഹിമാചൽ പ്രദേശ് | 4.10 | 0.07 | 0.004 | 0.05 | 0.053 | 0 001 | 0.001 | 4.28 |
| 6 | ജമ്മുകാശ്മീർ | 1.93 | 3.84 | 0.008 | 0.13 | 0.070 | 0.002 | 0.000 | 5.99 |
| 7 | കർണ്ണാടക | 31.85 | 4.16 | 0.77 | 0.06 | 0.042 | 0.285 | 0.013 | 37.14 |
| 8 | കേരള | 14.80 | 5.41 | 5.23 | 0.01 | 0.000 | 0 004 | 0.000 | 25.45 |
| 9 | മദ്ധ്യപ്രദേശ് | 48.50 | 2.50 | 0.35 | 0.14 | 0.075 | 0.445 | 0.156 | 52.18 |
| 10 | മഹാരാഷ്ട്ര | 51.11 | 5.81 | 0.80 | 0.11 | 3.946 | 0.939 | 0.074 | 62.78 |
| 11 | മണിപ്പൂർ | 0.85 | 0.10 | 0.42 | 0.001 | 0.000 | 0.001 | 0.035 | 1.42 |
| 12 | മേഘാലയാ | 0.24 | 0.04 | 0.70 | 0.002 | 0.003 | 0.001 | 0.344 | 1.34 |
| 13 | നാഗാലാണ്ട് | 0.11 | 0.01 | 0.62 | 0.001 | 0.001 | 0.001 | 0.028 | 0.77 |
| 14 | ഒറീസാ | 25.16 | 0.42 | 0.48 | 0.014 | 0.080 | 0.007 | 0.274 | 26.37 |
| 15 | പഞ്ചാബ് | 6.20 | 0.17 | 0.18 | 10.20 | 0.001 | 0.027 | 0.008 | 16.79 |
| 16 | രാജസ്ഥാൻ | 30.60 | 2.49 | 0.04 | 0.49 | 0.004 | 0.624 | 0.004 | 34.26 |
| 17 | സിക്കിം | 0.21 | 0.003 | 0.007 | 0.0003 | 0.091 | 0.000 | 0.002 | 0.32 |
| 81 | തമിഴ്നാട് | 43.02 | 2.52 | 2.80 | 0.004 | 0.001 | 0.050 | 0.017 | 48.41 |
| 19 | ത്രിപുര | 1.83 | 0.14 | 0.02 | 0.0003 | 0.548 | 0.000 | 0.000 | 2.05 |
| 20 | ഉത്തർപ്രദേശ് | 92.37 | 17.66 | 0.16 | 0.46 | 0.545 | 0.142 | 0.020 | 110.86 |
| 21 | പ്രശ്ചിമബംഗാൾ | 42.01 | 11.74 | 0.32 | 0.05 | 0.156 | 0.039 | 0.263 | 54.58 |

(ii)യൂണിയൻ പ്രദേശങ്ങൾ (ലക്ഷത്തിൽ)

| | | ഹിന്ദു | മുസ്ലിം | ക്രിസ്ത്യൻ | സിക്ക് | ബുദ്ധർ | ജൈനർ | മററുള്ളവർ | ആകെ |
|---|---|---|---|---|---|---|---|---|---|
| 1 | ആൻഡമാൻ നിക്കോബർ | 1.22 | 0.16 | 0.48 | 0.01 | 0.001 | 0.000 | 0.002 | 1.89 |
| 2 | അരുണാചൽ പ്രദേശ് | 1.84 | 0.05 | 0.27 | 0.01 | 0.865 | 0.000 | 3.260 | 6,32 |
| 3 | ചാണ്ഡിഗഢ് | 3.40 | 0.09 | 0.04 | 0.95 | 0.004 | 0.009 | 0.003 | 4.52 |
| 4 | ദാദ്രാ-നാഗർഹവേലി | 0.99 | 0.02 | 0.02 | 0.000 | 0.002 | 0.004 | 0.000 | 1,04 |
| 5 | ഡെൽഹി | 52.00 | 4.82 | 0.62 | 3.94 | 0.071 | 0.739 | 0.011 | 62.20 |
| 6 | ഗോവാ, ഡാമൻ, ഡ്യൂ | 7.16 | 0.48 | 3.18 | 0.01 | 0.003 | 0.006 | 0 001 | 10.87 |
| 7 | ലക്ഷദ്വീപ് | 0.02 | 0.38 | 0.003 | — | — | — | — | 0.40 |
| 8 | മിസോറാം | 0.35 | 0,02 | 4.14 | 0.004 | 0.404 | 0.000 | 0.016 | 4.94 |
| 9 | പോണ്ടിച്ചേരി | 5.17 | 0.37 | 0.50 | 0.000 | 0,001 | 0.003 | 0.002 | 6.04 |

കുറിപ്പ് : കോളങ്ങൾ കൂട്ടിയാൽ മൊത്തം സംഖ്യ കൃത്യമായിരിക്കയില്ല.

# കേരളത്തിലെ മുസ്ലിം സാംസ്കാരിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സ്ഥിതിവിവരക്കണക്ക്

(ചോദ്യാവലി പൂരിപ്പിച്ച് കിട്ടിയവമാത്രം)

| ക്രമനമ്പർ | സംഘടനയുടെ/ സ്ഥാപനത്തിൻെറ പേര് | സ്ഥാപന വർഷം | അംഗ സംഖ്യ | നടത്തുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ: നഴ്സറി | ലോവർ അപ്പർ പ്രൈമറി | ഹൈസ്കൂൾ | ജൂനിയർ കോളേജ് | ഡിഗ്രി കോളേജ് | മററുള്ളവ: എണ്ണം | മററുള്ളവ: ഇനം | ആകെ വിദ്യാർത്ഥികൾ/ അന്തേവാസികൾ: ആൺ | പെൺ | അദ്ധ്യാപകർ/ സ്ററാഫ്: പു. | സ്ത്രീ | മാസ വരുമാനം ലക്ഷം (രൂപ) | മാസ ചിലവ് ലക്ഷം (രൂപ) | ആകെ ആസ്തി ലക്ഷം (രൂപ) |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) | (13) | (14) | (15) | (16) | (17) | (18) |
| 1a) | ഫാറൂഖ് കോളേജ് കോഴിക്കോട് | 1948 | 11 (മാ:കമ്മിററി) | | — | — | — | 1 | — | — | 1420 | 1015 | 117 | 26 | | | |
| b) | ഫാറൂഖ് ട്രെയിനിംഗ് കോളേജ് | 1961 | 12 | | — | — | — | 1 | — | — | 71 | 94 | 9 | 1 | | | |
| c) | റൗളത്തുൽ ഉലൂം അറബി കോളേജ് | 1942 | 11 | | — | — | — | 1 | — | — | 150 | 50 | 12 | — | 6.35 | 6.35 | 455 |
| d) | ഫാറൂഖ് ഹൈസ്കൂൾ | 1954 | 63 | | — | 1 | — | — | — | — | 621 | 503 | 23 | 14 | | | |
| e) | ,, UP & LP | 1954 | | | 1 | — | — | — | — | — | 416 | 322 | 8 | 9 | | | |
| 2) | എം.ഇ. എസ് കേരള (H.O. കോഴിക്കോട്) | 1964 | 2040 അംഗങ്ങൾ | | | | | | | | | | | | | | |
| a) | ,, ,, | | | | 21 | — | — | — | — | — | 1210 | | 42 | | | | |
| b) | ,, ,, | | | | — | 5 | — | — | — | — | 550<br>7581 | | 25<br>315 | | | | |
| c) | ,, ,, | | | | — | — | 2 | 4 | 3 | യത്തീംഖാനാ | 700 | | 36 | | | | |
| d) | ,, | | | | — | — | — | — | 1 | അറബികോളേജ് | (അന്തേവാസികൾ) | | (സൂപ്പർവൈസർമാർ) | | | | |
| e) | ,, ,, | | | | — | — | — | — | 4 | ആശുപത്രി | 14 | | | 4 | | | |
| f) | ,, ,, | | | | — | — | — | — | 3 | | | | | | | | |
| g) | | | | | | | | | | ഐ.ററി.സി. | 360 | | | 30 | 6.25 | 6.61 | 596 |
| h) | ,, ,, | | | | — | — | — | — | 8 | കോമേഴ്സ്യൽ സ്കൂൾ | 160 | | | 32 | | | |
| i) | ,, ,, | | | | — | — | — | — | 2 | അച്ചടിശാല | | | | | | | |
| j) | ,, ,, | | | | — | — | — | — | 1 | വനിതാ പാരലൽ കോളേജ് | 1200 | | | 23 | | | |
| k) | ,, ,, | | | | — | — | — | — | 2 | വനിതാ ഹോസ്ററൽ | ,, | | | ,, | | | |
| | | | | | | | | | 3 | മെൻസ് ഹോസ്ററൽ | ,, | | | ,, | | | |

P. T. O.

| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) | (13) | (14) | (15) | (16 | (17) | (18) |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 3 | എം.എസ്.എസ് കോഴിക്കോട്) | 1980 | 1650 | | | | | | | | | | | | | | |
| a) | ,, | — | — | — | — | — | — | — | 18 | മദ്രസാ | 1080 | 880 | 52 | – | | — | 48 |
| b) | ,, | — | — | — | 1 | — | — | — | — | — | 80 | 61 | 3 | 5 | | — | |
| c) | ,, | — | — | 46 | — | — | — | — | — | — | 2200 | 800 | - | 86 | | — | |
| 4 | മഊനത്തുൽ ഇസ്ലാം അസോസിയേഷൻ (പൊന്നാനി) | 1900 | 120 | | | | | | | | | | | | | | |
| a) | ,, | — | — | — | — | — | — | — | 1 | മദ്രസാ | 400 | — | 12 | — | | | |
| b) | ,, | — | — | — | 1 | — | — | — | — | { U.P.<br>L.P. | 490<br>357 | 534<br>314 } | 22 | 15 | | | |
| c) | ,, | — | — | — | — | 2 | — | — | — | | 1241 | 879 | 22 | 36 | 1 | 1.25 | 25 |
| d) | ,, | — | — | — | — | — | — | — | 1 | അറബി കോളേജ് | 60 | — | 3 | — | | | |
| e) | ,, | — | — | — | — | — | — | — | 1 | യത്തീം ഖാന | 130 | — | 4 | — | | | |
| 5) | ജെ. ഡി. ററി. ഇസ്ലാം (കോഴിക്കോട്) | 1922 | 36 | | | | | | | | | | | | | | |
| a) | ,, | — | — | — | — | — | — | — | 1 | മദ്രസാ | 770 | 404 | 12 | 8 | | | |
| b) | ,, | — | — | — | 1 (L.P.) | — | — | — | — | — | 219 | 177 | 5 | 6 | | | |
| c) | ,, | — | — | — | 1 (U.P.) | — | — | — | — | — | 419 | 296 | 13 | 6 | | | |
| d) | ,, | — | — | 1 | — | — | — | — | — | — | 15 | 10 | 1 | 1 | 2 | 2 | 300 |
| e) | ,, | — | — | — | — | 1 | — | — | — | — | 539 | 303 | 21 | 12 | | | |
| f) | ,, | — | — | — | — | — | — | — | 1 | അറബി കോളേജ് | 41 | 12 | 3 | 2 | | | |
| g) | ,, | — | — | — | — | — | — | — | 1 | യത്തീം ഖാന | 772 | 410 | 12 | 7 | | | |

| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) | (13) | (14) | (15) | (16) | (17) | (18) |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| h) | ,, (ജെ. ഡി.ററി. ഇസ്ലാം തുടർച്ച) | ... | ... | ... | ... | ... | ... | ... | 1 | ഐ.ററി. സി. | 266 | 16 | 30 | | | | |
| i) | ,, | ... | ... | ... | ... | ... | ... | ... | 1 | യൂനിസെഫ് വൊക്കേഷണൽ സെൻറർ | 32 | 16 | 6 | | | | |
| j) | ,, | ... | ... | ... | ... | ... | ... | ... | 1 | KGT ടെക്നിക്കൽ സ്ക്കൂൾ | 46 | 43 | 5 | 5 | | | |
| 6 | തിരൂരങ്ങാടി യത്തീംഖാന | 1943 | 100 | | | | | | | | | | | | | | |
| a) | ,, | ... | ... | ... | ... | ... | ... | ... | 1 | മദ്രസ | 441 | 455 | 20 | 8 | | | |
| b) | ,, | ... | ... | ... | 1 | ... | ... | ... | ... | ... | 240 | 228 | 7 | 4 | | | |
| c) | ,, | ... | ... | ... | ... | 1 | ... | ... | ... | ... | 809 | 856 | 33 | 15 | | | |
| d) | ,, | ... | ... | 1 | ... | ... | ... | ... | ... | ... | N. R. | | | | | | |
| e) | ,, | ... | ... | ... | ... | ... | ... | 1 | ... | ... | 1634 | 817 | 85 | 10 | | 1.05 | 65 |
| f) | ,, | ... | ... | ... | ... | ... | ... | ... | 1 | അറബി കോളേജ് | 38 | 78 | 6 | 1 | | | |
| g) | ,, | ... | ... | ... | ... | ... | ... | ... | 1 | യത്തീം ഖാന | 388 | 440 | | | | | |
| h) | ,, | ... | ... | ... | ... | — | ... | ... | 1 | ററി.ററി. സി. ഇൻസ്റ്റിറ്റ്യൂട്ട് | 38 | 42 | 2 | 2 | | | |
| 7 | മുസ്ലീം അസോസിയേഷൻ, തിരുവനന്തപുരം | 1957 | 533 (31.3.88) | | ... | ... | ... | ... | | | | | | | | | |
| a) | ,, | ... | ... | 1 | ... | ... | ... | ... | ... | ... | ... | N. R. | | | | | |
| b) | ,, | ... | ... | ... | 1 | ... | ... | ... | ... | ... | ... | N. R. | | | | | |
| c) | ,, | ... | ... | ... | ... | ... | ... | ... | 1 | വർക്കിംഗ് വിമൻസ് ഹോസ്റ്റൽ | | 110 | ... | ... | | 0.15 | 23 |
| d) | ,, | ... | ... | ... | ... | ... | ... | ... | 1 | മെൻസ് ഹോസ്റ്റൽ | 26 | ... | ... | ... | | | |

| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) | (13) | (14) | (15) | (16) | (17) | (18) |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| e) | ,, (തമ്പാനൂർ ജുമാ മസ്ജിദ്) | ... | ... | ... | ... | ... | ... | ... | 1 | മസ്ജിദ് | ... | ... | ... | ... | | | |
| f) | ,, (പ്രതിവാര ഡിസ്പൻസറി) | ... | ... | ... | ... | ... | ... | ... | 1 | ഡിസ്പൻ സറി | ... | ... | ... | ... | | | |
| g) | ,, (ആഡിറേറാറിയം) | ... | ... | ... | ... | ... | ... | ... | 1 | ഐ.സി. സി. ആഡിറേറാറിയം | ... | ... | ... | ... | | | |
| h) | ,, (ലൈബ്രറി ബുക്ക്സ്റ്റാൾ) | ... | ... | ... | ... | ... | ... | ... | 1 | ലൈബ്രറി ബുക്ക് സ്റ്റാൾ | ... | ... | ... | ... | | | |
| 8 | ഖാദിമുൽ ഇസ്ലാം ജമാഅത്ത് തലശ്ശേരി) | 1947 | 100 | | | | | | | | | | | | | | |
| a) | | ... | ... | ... | ... | ... | ... | ... | 1 | മദ്രസ | 115 | 140 | 2 | 6 | | 0.17 | 7 |
| b) | ,, (L.P.) | .... | ... | ... | 1 | ... | ... | ... | ... | ... | 84 | 36 | 3 | 2 | | | |
| c) | ,, (നഴ്സറി) | ... | ... | 1 | | ... | ... | ... | ... | ... | 262 | 391 | | 23 | | | |
| 9 | ദാറുസ്സലാം യത്തീം ഖാന (തലശ്ശേരി) | 1946 | .. | ... | ... | ... | ... | ... | 1 | യത്തീം ഖാന | 400 | | 13 | ... | | 1.00 | |
| 10 | മനാറുൽ ഇസ്ലാം സഭ (വടകര) | 1925 | 15 | | | | | | | | | | | | | | |
| a) | ,, (L.P.) | ... | ... | ... | 5 | ... | ... | ... | ... | ... | 534 | 520 | 13 | 22 | ,, | ,, | 75 |
| b) | ,, (ഹൈസ്ക്കൂൾ) | ... | ... | ... | ... | 1 | ... | ... | ... | ... | 819 | 698 | 29 | 16 | | | |
| 11 a) | ജംഇയ്യത്തു സല ഫിയ്യീൻ ചാരിററബിൾ സൊസൈററി | 1980 | 300 | ... | ... | ... | ... | ... | 1 | മദ്രസ | 65 | 37 | 6 | — | | | |
| b) | ,, | | ... | 1 | ... | ... | ... | ... | ... | ... | 10 | ... | ... | 2 | | | |
| | ,, (കരിങ്ങനാട്, വിള | ... | ... | | ... | ... | ... | ... | 1 | അറബി കോളേജ് | 50 | 40 | 10 | — | 0.18 | 0.18 | |
| c) | ,, യൂർ, പാലക്കാട് | | ... | ... | ... | ... | ... | | | | | | | | | | |
| d) | ,, ഡിസ്ട്രിക്ററ്) | | ... | ... | ... | ... | ... | ... | 1 | യത്തീം ഖാന | 45 | — | 2 (വാർഡൻ) | | | | |

| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) | (13) | (14) | (15) | (16) | (17) | (18) |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | 1 | മദ്രസാ | 75 | 50 | 3 | 2 | | | |
| 12) | അൽ-ഇസ്ലാം ചാരിററ | 1984 | 11 | — | — | — | — | — | | | | | | | | | |
| | ബിററ് ട്രസ്ററ് | | | | | | | | | — | 77 | 52 | 3 | 12 | | | |
| | (ദയാപുരം | — | — | — | 1 (LP) | — | — | — | — | — | 69 | 60 | — | 5 | | 0.25 | 40 |
| | കോഴിക്കോട് ജില്ല) | — | — | 1 | — | — | — | — | 1 | യത്തീംഖാന | 18 | 23 | — | — | | | |
| | | | | | | | | | 1 | ലൈബ്രറി | — | — | — | — | | | |
| | | | | | | | | | 1 | മസ്ജിദ് | — | — | — | — | | | |
| | | | | | | | | | 1 | യത്തീംഖാന | 110 | — | 4 | 2 | | | |
| 13) | കാലിക്കട്ട് ഇസ്ലാമിക് | 1977 | 30 | — | — | — | — | — | | | | | | | | | |
| | കൾചറൽ സൊസൈററി | | | | | | | | 1 | വികലാംഗ | | | | | | | |
| | (കൊളത്തറ, കോഴിക്കോട്) | — | — | — | — | — | — | — | | വിദ്യാലയം (അന്ധ-ബധിര-മൂക) | 142 | — | 9 | 3 | | | |
| | | | | | | | | | 1 | ഐ.ററി.ഐ. | 60 | — | 7 | — | | | |
| | | | | | 1 (LP) | | | | — | — | 233 | 194 | 8 | 2 | | | |
| | | | | | | — | — | — | 1 | മദ്രസ | 96 | 19 | 4 | — | | | |
| | | | | | | | | | 1 | റസിഡൻഷ്യൽ സ്ക്കൂൾ | 92 | — | 8 | 3 | | | |
| | | | | | | | | | — | — | 130 | 120 | 3 | 5 | 0.30 | 0.50 | 3 |
| 14) | ചേരമാൻ മാലിക് | 1952 | 15 | — | 1 (LP) | — | — | — | 1 | യത്തീംഖാന | 128 | 122 | 5 | 3 | | | |
| | മൻസിൽ ഓർഫനേജ്, കൊടുങ്ങല്ലൂർ | | | | | — | — | — | | | | | | | | | |
| | | | | | | | | | 1 | മദ്രസത്തുൽ ഇസ്ലാഹിയ്യ: | 262 | 249 | 11 | 5 | | | |
| 15) | നുസ്റത്തുൽ | 1981 | 21 | — | — | — | — | — | | | | | | | | | |
| | ഇസ്ലാം ട്രസ്റ്റ് | | | | | | | | 1 | മദ്രസതഹ്ഫീസുൽഖുർആൻ | 40 | — | 3 | — | | | |
| | (തിരൂർക്കാട്, | — | — | — | — | — | — | — | | | | | | | | | |
| | മലപ്പുറം ജില്ല) | | | | 1 (LP) (boarding) | — | — | — | — | — | 100 | 25 | 3 | — | 0.35 | 0.45 | 79 |
| | | | | | | — | — | — | 1 | ഇസ്ലാഹിയ ഇസ്ലാമിക് കോളേജ് | 130 | 210 | 22 | 4 | | | |
| | | | | | | | | | 1 | ഐ.ററി.സി. | 72 | — | 8 | — | | | |

P. T. O.

| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) | (13) | (14) | (15) | (16) | (17) | (18 |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 16) | ചാവക്കാട് താലൂക്ക് | 1975 | 600 | — | — | — | — | — | — | — | — | — | — | — | | | |
| | മുസ്ലിം ഓർഫനേജ്, | — | — | 1 | — | — | — | . | 1 | മദ്രസ | 125 | — | 6 | — | | | |
| | അസോസിയേഷൻ, | — | — | — | — | — | — | — | — | — | 10 | 13 | — | 2 | 0.50 | 0.50 | 100 |
| | തൊഴിയൂർ | — | — | — | — | — | — | — | 1 | അറബികോളേജ് | 130 | — | 2 | — | | | |
| | | | | | | | | | 1 | യത്തീംഖാന | 125 | — | — | — | | | |
| | | | | | | | | | 1 | മദ്രസ | 121 | 117 | 7 | — | | | |
| 17) | വാടാനപ്പള്ളി | 1976 | 31 | — | — | — | — | — | 1 | പാരലൽ കോളേജ് | 116 | 81 | 12 | — | 0.75 | 0.75 | 2 |
| | ഓർഫനേജ് കമ്മിററി | — | — | — | — | — | — | — | | | | | | | | | |
| | (വാടാനപ്പള്ളി | | | | | | | | | | | | | | | | |
| | തൃശൂർ ജില്ല) | — | — | — | — | — | — | — | 1 | യത്തീംഖാന | — | — | — | — | | | |
| | | | | | | | | | 1 | മദ്രസ | 81 | 64 | 3 | 2 | | | |
| 18) | ഹിദായത്തുൽ മുസ്ലി | 1970 | 37 | — | — | — | — | — | — | — | 611 | 408 | 19 | 10 | | | |
| | മീൻ യത്തീംഖാന സംഘം | — | — | — | 1 | — | — | — | — | — | 550 | 270 | 18 | 9 | 0.25 | 0.34 | 33 |
| | (മഞ്ചേരി മലപ്പുറംജില്ല) | — | — | — | (UP) | 1 | — | — | 1 | യത്തീംഖാന | 97 | 76 | 5 | 4 | | | |
| | | | | | | | | | 1 | ഐ.ററി.സി | 79 | 5 | 7 | — | | | |
| 19) | റഹ്മാനിയാ | 1969 | — | — | — | — | — | — | — | — | — | — | — | — | | | |
| | യത്തീംഖാന | — | 21 | — | 1(LP) | — | — | — | — | — | 220 | 156 | 3 | 7 | 0.19 | 0.20 | ,, |
| | (ഇരിക്കൂർ | | | | | | | | 1 | യത്തീംഖാന | 178 | — | 13 | — | | | |
| | കണ്ണൂർ ജില്ല) | — | — | — | — | — | — | — | | | | | | | | | |
| 20) | ദാറസ് യത്തീംഖാന പെരുങ്ങത്തൂർ | 1963 | 27 | — | — | — | — | — | 1 | യത്തീംഖാന | 64 | — | 5 | — | 0.05 | 0.05 | 3 |
| 21) | ബാഫഖിതങ്ങൾ മെമ്മോറിയൽ ഓർഫനേജ് കരുവൻതിരുത്തി | 1973 | 20 | — | — | — | — | — | 1 | യത്തീംഖാന | 40 | — | 2 | — | 0.08 | 0.08 | 1 |
| 22) | കാട്ടിലങ്ങാടി PMSA പൂക്കോയ തങ്ങൾ സ്മാരകകമ്മിററി യത്തീംഖാന (ആതവനാട് തിരുനാവായ മലപ്പുറംജില്ല) | 1984 | 100 | — | — | — | — | — | 1 | മദ്രസ യത്തീംഖാന | 95 | — | 5 | — | 0,02 | 0.02 | 2 |

| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) | (13) | (14) | (15) | (16) | (17) | (18) |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 23) | അൽഹുദാ ഇസ്ലാമിക് | 1985 | 21 | 1 | ... | ... | ... | ... | ... | ... | 30 | 15 | ... | 2 | 0.26 | 0.26 | |
| | കംച്ചറൽ എസ്റ്റാബ്ലി | ... | ... | ... | ... | ... | ... | ... | 1 | യത്തീംഖാന | 50 | 9 | 4 | ... | | | |
| | ഷ്മെൻറ് & ഐനുൽ | | | | | | | | | | | | | | | | |
| | ഹുദാ ഓർഫനേജ് | ... | ... | ... | ... | ... | ... | ... | 1 | PMSA പൂക്കോയ തങ്ങം സ്മാരക ക്ലീനിക് | ... | ... | ... | ... | | | |
| | (കാപ്പാട് ചേമഞ്ചേരി കോഴിക്കോട്) | | | | | | | | | | | | | | | | |
| 24) | ഹിദായത്തുസ്സിബ്യാൻ ഓർഫനേജ് (മൈത്ര, മലപ്പുറം) | 1977 | 21 | ... | ... | ... | ... | ... | 1 | യത്തീംഖാന | 84 | ... | 3 | ... | 0.15 | 0.15 | 2 |
| 25) | ഹിമായത്തുൽ മുസ്ലി മീൻ ഓർഫനേജ് (രണ്ടാർക്കര, മൂവാററുപ്പുഴ എറണാകുളം) | 1985 | 11 | ... | ... | ... | ... | ... | 1 | മദ്രസ & യത്തീംഖാന | 25 | ... | 1 | ... | 0.02 | 0.05 | 2.5 |
| 26) | PMSA തങ്ങം | 1979 | 111 | ... | ... | ... | ... | ... | 1 | മദ്രസ | 200 | ... | 10 | ... | | | |
| | യത്തീംഖാന (ചേമൂർ, | ... | ... | ... | ... | 1 | ... | ... | ... | ... | 458 | 242 | 14 | 14 | | | |
| | | | | | | | | | 1 | യത്തീംഖാന | 250 | ... | ... | ... | 0.25 | 0.25 | 50 |
| | വേങ്ങര മലപ്പുറം) | ... | ... | ... | ... | ... | ... | ... | 1 | ഐ.ററി.സി. | | | | | | | |
| | | | | | | | | | 1 | ടൈപ്പ്റൈറിംഗ് ഇൻസ്റ്റിററ്യൂട്ട്, | | | | | | | |
| | | | | | | | | | 1 | ടെയിലറിംഗ് ഇൻസ്റ്റിററ്യൂട്ട് | | | | | | | |
| | | | | | | | | | 1 | ലൈബ്രറി | | | | | | | |
| 27) | നിലമ്പൂർ യത്തീംഖാന (നിലമ്പൂർ മലപ്പുറം) | 1969 | 200 | ... | ... | ... | ... | ... | 2 | യത്തീംഖാന | 80 | 120 | 3 | 5 | 0.35 | 0.35 | 2 |
| 28) | ദാറുൽ ഉലൂം യത്തീംഖാന (തൂത മലപ്പുറം ജില്ല) | 1972 | 525 | ... | ... | ... | ... | ... | 1 | മദ്രസ യത്തീംഖാന | 84 | ... | 3 | | 0.14 | 0.14 | 11.5 |
| | (അസാസുൽ ഇസ്ലാം സംഘം നടത്തുന്നത്) | ... | ... | ... | ... | 1 | ... | ... | ... | ... | 815 | 715 | 18 | 34 | | | |
| 29) | വളവന്നൂർ ബാഫക്കി | 1974 | 60 | ... | ... | ... | ... | ... | 3 | മദ്രസ | 598 | ... | 24 | ... | | | |
| | യത്തീംഖാന | ... | ... | ... | ... | 1 | ... | ... | ... | ... | 537 | 236 | 22 | 11 | | | |
| | കല്പകഞ്ചേരി തിരൂർ | ... | ... | ... | ... | ... | ... | ... | 1 | യത്തീംഖാന | 298 | ... | 14 | ... | 0.75 | 0.75 | 65 |
| | | | | | | | | | 1 | ഐ. ററി. സി. | 78 | ... | 8 | ... | | | |
| | | | | | | | | | 1 | ഹിഫ്സുൽ ഖുർആൻ കോളേജ് | ... | ... | ... | ... | | | |

P.T.O.

| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) | (13) | (14) | (15) | (16) | (17) | (18) |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 29) | (വളവന്നൂർ യത്തീം ഖാന തുടർച്ച) | ... | ... | ... | ... | ... | ... | ... | 1 | പ്രിൻറിംഗ് പ്രസ്സ് | 5 | ... | 1 | ... | | | |
| | | | | | | | | | | | ... | ... | ... | ... | | | |
| | | ... | ... | ... | ... | ... | ... | ... | 1 | ടൈപ്പ് റൈററിംഗ് | 35 | ... | 1 | ... | | | |
| 30) | ഇസ്ലാമിക് കൾച്ചറൽ | 1977 | 1603 | ... | ... | ... | ... | ... | 1 | മദ്രസ | 662 | 299 | 8 | ... | | | |
| | അസോസിയേഷൻ | ... | ... | ... | 1 (LP) | ... | ... | ... | ... | ... | 279 | 185 | 8 | 7 | | | |
| | (വടക്കേക്കാട്) (പുന്നയൂർക്കുളം) | ... | ... | ... | 1 (UP) | ... | ... | ... | ... | ... | 187 | 74 | 4 | 7 | 0.12 | 0.12 | 41 |
| | | | | 1 | ... | ... | ... | ... | ... | ... | 86 | 44 | ... | 5 | | | |
| | | | | | | 1 | ... | ... | ... | ... | 112 | 29 | 6 | 5 | | | |
| 31) | കേരള ജംഇയ്യത്തുൽ ഉലമാ | 1924 | 200 | ... | ... | ... | ... | ... | 1 | മദ്രസ | ... | ... | ... | ... | | | |
| | | ... | ... | ... | ... | ... | ... | ... | 2 | അറബി കോളേജ് | 115 | 289 | 15 | 4 | | | 24 |
| | (പുളിക്കൽ, കോഴിക്കോട്) | ... | ... | ... | ... | ... | ... | ... | 1 | യത്തീം ഖാന | 62 | ... | ... | ... | | | |